# ദൈവവും മനുഷ്യരും ഇവർക്കു സ്വന്തം

(സി.എം.ഐ. സഭാചരിത്രം)

Dharmaram Publications
Serial No. 463



## മാണി പയസ്

കാലടി ശ്രീശങ്കര കോളജിൽ നിന്ന് ബി.എസ്സി. എറണാകുളം മഹാരാജാസ് കോളജിൽനിന്ന് എം.എ. തുടർന്ന് ദീപിക ദിനപത്രത്തിൽ പത്രാധിപസമിതിയംഗം. ദീപിക ന്യൂസ് എഡിറ്റർ, രാഷ്ട്രദീപിക എഡിറ്റർ ഇൻ-ചാർജ്, മാഗസിൻ എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. സൺഡേ ദീപികയിൽ തുടർച്ചയായി അഞ്ചു വർഷം സാഹിത്യ, സാംസ്കാരിക പംക്തി എഴുതിയിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഭാഷാപോഷിണി എന്നിവയിൽ ലേഖനവും മലയാളം വാരികയിൽ ലേഖനങ്ങളും കഥയും മാധ്യമം ദിനപ്പത്രത്തിൽ നർമരചനകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ജീവചരിത്രവും ചരിത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്പെഷലൈസ് ചെയ്ത് എഴുതുന്നു. സത്യദീപം, കോർപറേറ്റ് പവർ, കത്തോലിക്കാസഭ, നേർജ്വാല എന്നീ പ്രസിദ്ധീകരണങ്ങളിൽ പംക്തികളെഴുതുന്നു. തൃശൂർ ആകാശവാണിയിൽ സുഭാഷിതങ്ങൾ എഴുതി അവതരിപ്പിക്കാറുണ്ട്. മഞ്ഞളി മാണിയുടെയും റെയ്ചലിന്റെയും മകൻ. ഭാര്യ: റോസമ്മ ജോസ് ഇമ്മട്ടി. മകൾ: സ്നേഹപ്രിയ പയസ്. മരുമകൻ: ടോണി തോമസ് നരികുളം.

### കൃതികൾ, അവാർഡ്

ദൈവത്തിന്റെ കരങ്ങൾ (കറന്റ് ബുക്സ് തൃശൂർ), ബുദ്ധിമാന്ദ്യമുള്ളവരുടെ വളർത്തച്ഛൻ (കറന്റ് ബുക്സ്), ആദ്യകിരണങ്ങൾ, തണൽ, ഹൃദയഭാവങ്ങൾ, ഹൃദയം പാടുന്നു, മൃതസഞ്ജീവനി, ഹൈലൈറ്റ്സ്, ചിതലരിക്കുന്ന പൈതൃകം, വഴിയൊരുക്കിയ വിശുദ്ധശബ്ദം, ദൈവത്തിന്റെ സ്വന്തം മണ്ണ്, സ്മൃതിസുമം, ഇന്നലെകളുടെ അടയാളങ്ങൾ, വിശുദ്ധനാടിന്റെ ഹൃദയസ്പന്ദനങ്ങൾ, അനുഭവങ്ങളുടെ ഭൂഖണ്ഡങ്ങൾ, വചനവഴിയേ, അക്ഷരങ്ങൾ, സുമധുരമായ് ഒഴുകിയ പുഴ: മാർ ജോർജ് ആലപ്പാട്ടിന്റെ ജീവിതം, സഹനങ്ങളുടെ സങ്കീർത്തനങ്ങൾ: വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സഹനജീവിത മുഹൂർത്തങ്ങൾ, നിലാവിലൊരു വെൺപ്രാവ്: വി. ജോൺ 23-ാമൻ മാർപാപ്പയുടെ ജീവിത കഥ (കത്തോലിക്കാസഭ പബ്ലിക്കേഷൻസ്, തൃശൂർ), വിശുദ്ധനാടിന്റെ ഹൃദയസ്പന്ദനങ്ങൾ, ഫാ. ഫ്രാൻസിസ് സാലസ്: തലമുറയ്ക്ക് മാർഗദർശി, പാൽക്കടലിലെ തോണിക്കാരൻ, സഹനങ്ങളുടെ സൂര്യകാന്തി, രാജവീഥികളും നാട്ടുവഴികളും, വിശുദ്ധനാട് സന്ദർശനത്തിനൊരു ഗൈഡ് തുടങ്ങി അമ്പതോളം പുസ്തകങ്ങൾ എഴുതി. നിരവധി പുസ്തകങ്ങളുടെ ലിറ്ററി എഡിറ്ററായും പ്രവർത്തിച്ചു, പ്രവർത്തിക്കുന്നു. 1994-ൽ തിരുവനന്തപുരം പ്രസ്ക്ലബിന്റെ സ്വദേശാഭിമാനി അവാർഡ് നേടി. മാധ്യമ രംഗത്തെ സംഭാവനകൾക്കു 2019-ൽ തൃശൂർ അതിരൂപത ആദരിച്ചു.

വിലാസം: മഞ്ഞളി, പാമ്പൂർ, കുറ്റൂർ പി.ഒ., തൃശൂർ-680 013,
ഫോൺ: 0487-2389960, 85475 09960, E-mail: manipius59@gmail.com

# ദൈവവും മനുഷ്യരും ഇവർക്കു സ്വന്തം

## (സി.എം.ഐ. സഭാചരിത്രം)

**മാണി പയസ്**

**2020**
**Chavara Central Secretariat**
CMI Prior General's House
Chavara Hills, Kochi - 682 030, India

Malayalam
***Daivavum Manushyarum***
***Ivarkku Swantham***
(History of CMI Congregation)

**Mani Pius**
Manipius59@gmail.com

First Impression: January 2020
© Reserved

**DTP**: Inkriya
**Layout, Design**: Right Align Graphics, Thrissur
**Proof**: Rosepriya
**Cover Design**: David, Smriti Design, Thrissur

**ISBN**: 978-81-944061-9-8
**Price**: Rs. 200; $20

**Print**: Viani Printings, Ernakulam

**Publisher**
**Chavara Central Secretariat**
CMI Prior General's House
Chavara Hills, Kakkanad
Post Box 3105, Kochi 682 030 Kerala, India
Tel: +91 484 2881802/3
Email: info@chavaralibrary.com
Web: http://www.chavaralibrary.in/
&
**Dharmaram Publications**
Dharmaram College, Bangalore 560029, India
Tel: +91-8041116137; 6111
Email: dpinformation@yahoo.com; dpoffice3@gmail.com
Web: www.dharmarampublications.com

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | 07 |
| | ആമുഖം | 13 |
| 01 | പ്രവേശം | 17 |
| 02 | സന്ന്യാസത്തിന്റെ ആകാശങ്ങൾ | 25 |
| 03 | മലമുകളിലെ പൗരസ്ത്യ സന്ന്യാസ ജ്യോതി | 40 |
| 04 | കർമ്മലീത്ത പ്രവാഹം ദൈവനിയോഗം | 53 |
| 05 | നവസമൂഹ സൃഷ്ടിക്ക് ഊടും പാവും | 64 |
| 06 | കേരളീയതയും ഭാരതീയതയും | 78 |
| 07 | പരിശുദ്ധത്രിത്വം പോലെ അവർ ഏകമനസ്സായി | 91 |
| 08 | മുൻപേ പറന്ന ആശ്രമപക്ഷികൾ | 104 |
| 09 | താപസ ഭവനങ്ങളും സാഹിത്യ സംഭാവനകളും | 122 |

| | | |
|---|---|---|
| 10 | സുവർണകാലത്തിന്റെ<br>വിരലടയാളങ്ങൾ | 137 |
| 11 | സഹനങ്ങളുടെ<br>പെരുമഴക്കാലം | 148 |
| 12 | കൂട്ടായ്മയിൽ വിരിഞ്ഞ<br>സന്ന്യാസിനി മലരുകൾ | 164 |
| 13 | വൈദിക പരിശീലനം<br>രാജ്യാന്തരങ്ങളിൽ | 181 |
| 14 | ദേശീയോദ്ഗ്രഥനത്തിന്റെ<br>മുന്നണിപ്പാട്ടുകാർ | 198 |
| 15 | പുതിയ ആകാശങ്ങളും<br>പുതിയ ഭൂമികളും | 210 |
| 16 | മലയും കടലും കടന്ന്<br>വിദ്യാദാന ശുശ്രൂഷ | 230 |
| 17 | സാമൂഹിക സേവനം<br>സമഗ്രതയിൽ | 245 |
| 18 | ദീപികയും വിവിധ<br>മാധ്യമ സേവനങ്ങളും | 256 |
| 19 | പ്രമാണരേഖയും<br>നവീകരണവും | 265 |
| 20 | പാഥേയം | 279 |

# അവതാരിക

മാന്നാനം കുന്നിൽ 1831 മേയ് 11–നു ജന്മംകൊണ്ട കേരളക്കരയിലെ കൊവേന്തയുടെയും കൊവേന്തപട്ടക്കാരുടെയും ചരിത്രം രണ്ടു നൂറ്റാണ്ടുകൾ തികയാൻ ശേഷിക്കുന്നത് 10 വർഷം മാത്രം. പ്രതിസന്ധികളിൽ പതറാതെ അവയെ വളർച്ചയ്ക്കുള്ള ദൈവിക ഇടപെടലുകളായി തിരിച്ചറിഞ്ഞു മുന്നോട്ടുപോയ സ്ഥാപകപിതാക്കന്മാരുടെയും ആദ്യപിതാക്കന്മാരുടെയും പൈതൃകവും ചൈതന്യവുമാണ് ഇന്നും സി.എം.ഐ. സന്ന്യാസസഭയുടെ ഡി.എൻ.എ. ദൈവതിരുമനസ്സു നടക്കും, നടത്തും; സ്വയവിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും; പ്രാർത്ഥനയും പ്രവർത്തനവും; സഭയെ നവീകരിക്കുക പടുത്തുയർത്തുക; അറിവില്ലാത്തവർക്കു കണ്ടുപഠിത്തം കൊടുക്കുക; രാജ്യത്തിന്റെയും ലോകത്തിന്റെയും സുസ്ഥിതി; കണ്ണുകാട്ടപ്പെട്ട നന്മകളൊക്കെ ചെയ്യുക തുടങ്ങിയവ സി.എം.ഐ. സഭാപിതാക്കന്മാർ പ്രാധാന്യം കൊടുത്ത മലയാള ഭാഷാ പദങ്ങളാണ്. അനുദിനം ഉപയോഗിക്കുന്ന വാക്കുകളാണല്ലോ വ്യക്തിയുടെയും സമൂഹത്തിന്റെയും മൂല്യസ്ഥിതി മനസ്സിലാക്കാൻ സഹായിക്കുന്നത്. 190 തികയുന്ന ഈ സമയത്തു വി. ചാവറയുടെ വാക്കുകൾ വീണ്ടും കുറിക്കുന്നു:സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ, നമ്മുടെ ഈ വിനീത സമൂഹം മനുഷ്യർ സ്ഥാപിച്ചതല്ല. പിന്നെയോ തമ്പുരാൻ തന്നെ ഇതിനെ എത്ര അത്ഭുതകരമായ വിധത്തിൽ സ്ഥാപിക്കുകയും നടത്തുകയും വളർത്തുകയും ചെയ്തു എന്നതിന് നിങ്ങൾതന്നെ സാക്ഷികളാണല്ലോ. അതിനാൽ ഈ ദൈവിക പ്രവൃത്തിക്ക് മാറ്റം വരുത്താൻ മനുഷ്യരുടെ പീഡനങ്ങൾക്കോ തിരസ്കരണങ്ങൾക്കോ സൃഷ്ടികളുടെ എതിർപ്പുകൾക്കോ സാധിക്കയില്ല.

സഭയെയും ലോകത്തെയും ഉണർത്താൻ ദൈവം ചരിത്രത്തിൽ

നടത്തിയ ഒരു ഇടപെടലാണ് സന്ന്യാസം. രക്തസാക്ഷികളുടെ ചുടുനിണത്തിന്റെ ഗന്ധം നഷ്ടമായി അധികാര ആനുകൂല്യങ്ങൾ അനുഭവിക്കാൻ തുടങ്ങിയപ്പോൾ സഭയുടെ സത്ത നഷ്ടപ്പെടുന്നുവെന്ന അവബോധത്തോടെ ഏതാനും വ്യക്തികൾ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തോടെ ശിഷ്യത്വത്തിന്റെ ആന്തരിക ചൈതന്യം വീണ്ടെടുക്കാൻ നടത്തിയ സാഹസിക യാത്രയിലാണ് തിരുസഭയിലെ സന്ന്യാസത്തിന്റെ ആദ്യ വേരുകൾ. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും കണ്ണുനീരിനും ദൈവത്തിന്റെ ഉത്തരമായിരുന്നു സന്ന്യാസത്തിന്റെ വേറിട്ട ഭാവങ്ങൾ - വിവിധ കാലങ്ങളിലും ഇടങ്ങളിലും. സുവിശേഷത്തിലെ യേശുജീവിതം കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി പ്രവാചക നയനങ്ങളോടെ പുനർവായന നടത്തി മാംസം ധരിക്കുകയാണ് സന്ന്യസ്തജീവിതവിളിയിലൂടെ. ദൈവത്തിന്റെ കണ്ണുകളിലൂടെ മനുഷ്യന്റെയും ലോകത്തിന്റെയും പ്രകൃതിയുടെയും ആവശ്യങ്ങൾ തിരിച്ചറിഞ്ഞു ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ട ഉറയുള്ള ഉപ്പും പ്രകാശം പരത്തുന്ന ദീപങ്ങളുമാകുകയാണ് സന്ന്യസ്തർ. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ സന്ന്യസ്തരില്ലാത്ത ഒരു സഭയെക്കുറിച്ചു ചിന്തിക്കാൻപോലും സാധിക്കുന്നില്ല എന്നു പറഞ്ഞത്. ആരും പോകാനില്ലാത്ത ഇടങ്ങളിലേക്ക് യാത്ര ചെയ്യുന്നത് സന്ന്യസ്തരാണല്ലോ. അവർ സഭയോടൊപ്പവും സഭയ്ക്കുമുമ്പേയും വൈതരണികളെ അവഗണിച്ചു മുന്നേറിയതിന്റെ ചരിത്രമാണ് സഭയുടെ വളർച്ചയും മിഷന്റെ വ്യാപനവും. നിങ്ങളുടെ സഭ രോഗാതുരമാണെങ്കിൽ അതിനു മിഷനറി (പ്രേഷിത) ഭക്ഷണം (മരുന്ന്) കൊടുക്കുക. സന്ന്യാസസഭയുടെയും തിരുസഭയുടെയും വളർച്ചയും വികസനവും പ്രേഷിത മനോഭാവത്തിന്റെ അളവുപോലിരിക്കും. നാമോരോരുത്തരും ഓരോ മിഷൻ ആണ്, ഓരോ സന്ന്യാസസഭയും ഓരോ മിഷൻ ആണ്. പ്രഥമ അപ്പസ്തോലിക പ്രവർത്തനം പ്രാർത്ഥനയും സമൂഹജീവിതവും വഴി വ്യക്തിപരമായും സംഘാതമായും യേശുസുവിശേഷത്തിനും ക്രിസ്തുകേന്ദ്രീകൃതമായ ശിഷ്യത്വത്തിനും സാക്ഷിയാവുക എന്നുള്ളതാണ്.

അനുഗ്രഹീതമായ ദൈവത്തിന്റെ സ്വന്തം നാട്ടിൽ, മാർത്തോമാശ്ലീഹായുടെ വിശ്വാസ പൈതൃകം സ്വന്തമായ ഒരു സമൂഹം എന്തുകൊണ്ടാണ് തളർന്നു വരൾച്ചമുരടിച്ചു മച്ചിയായി വിശുദ്ധർക്ക് ജന്മം നൽകാതെ പോയത്? ഏറിയ നന്മകൾ കുറഞ്ഞുപോകാനും ഇല്ലാതെപോകാനും എന്തായിരിക്കും കാരണം? പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനും ദൈവാത്മാവ് നൽകിയ അരുളപ്പാട് ഒരു സന്ന്യാസ സഭയുടെ അഭാവം എന്നുള്ളതായിരുന്നു. പാലയ്ക്കൽ

തോമാ മല്പാനച്ചനും പോരൂക്കര തോമാ മല്പാനച്ചനും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസും കണിയാന്തറ യാക്കോബ് സഹോദരനും മൗറീലിയൂസ് സ്തബിലിനി മെത്രാന്റെ അനുവാദാശീർവാദങ്ങളോടെ ഒന്നുചേർന്ന് ദൈവനിവേശനം സാക്ഷാത്ക്കരിക്കാൻ പ്രവർത്തിച്ചപ്പോൾ ദൈവം ചെയ്യിച്ച വിസ്മയമാണ് സി. എം.ഐ. സന്ന്യാസസഭ. വനവാസത്തിനു പോകാൻ അനുവാദം ചോദിച്ചവരെ കൊവേന്തവയ്ക്കാൻ പ്രേരിപ്പിച്ചത് സ്തബിലിനി മെത്രാനാണ്. ദൈവം അവ്യക്തതയുടെ വഴികളിലൂടെ വ്യക്തികളുടെ ഇടപെടലുകളോടെ നടത്തിയ യാത്രയാണ് സി.എം.ഐ. സന്ന്യാസത്തിന്റെ രണ്ടു നൂറ്റാണ്ടുകൾ. എല്ലാം വിശദമായി പ്രൊജക്റ്റ് തയ്യാറാക്കി വരുംവരായ്കകൾ വിവേചിച്ചറിഞ്ഞല്ല, ദൈവ തിരുമനസ്സ് നടക്കും നടത്തും എന്ന ബോധ്യത്തോടെ ദൈവത്തിന്റെ മനുഷ്യർ നടത്തിയ യാത്രയാണ് സി.എം.ഐ. സഭ. അതുകൊണ്ടാണ് ചാവറപിതാവ് ഇടയ്ക്കിടെ സഭാംഗങ്ങളെ ഓർമിപ്പിക്കുന്നത്, ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ?

1829-നു അനുവാദം ലഭിച്ച്, 1831-ൽ കല്ലിട്ടു സ്ഥാപിതമായി സന്ന്യാസം തുടങ്ങിയ ആത്മീയ കൂട്ടായ്മ നീണ്ട 24 വർഷം കാത്തിരിക്കേണ്ടിവന്നു, അമലോത്ഭവ ദാസസംഘമായി 1855 ഡിസംബർ 8-ന് വ്രതസമർപ്പണം നടത്തി കാനോനികമായ സഭയിലെ സന്ന്യാസ കൂട്ടായ്മയായി അംഗീകരിക്കപ്പെടാൻ. ഈ നീണ്ട കാത്തിരിപ്പ് വേദനയുടെ, വിയോഗങ്ങളുടെ, കഠിന പരീഷകളുടെ സമയമായിരുന്നു. സ്ഥാപക പിതാക്കന്മാരിൽ മല്പാൻ പാലയ്ക്കലച്ചനും മല്പാൻ പോരൂക്കരയച്ചനും ചാവറയച്ചനെ ഒറ്റയാക്കി സ്വർഗത്തിലേക്ക് യാത്രയായി. സ്ഥലം കണ്ടെത്താനും മാന്നാനത്തു കൊവേന്ത പണിയാനും സഹസന്ന്യാസികൾക്കു പ്രതീക്ഷ പകരാനും ചാവറപിതാവ് അനുഭവിച്ച മനോവ്യഥ ഒരു ഗത്സമനി അനുഭവമായിരുന്നു, ദൈവതിരുമനസ്സു നടക്കും നടത്തും. അങ്ങനെ തീയിൽ കുരുത്ത ഒരു ചരിത്രം പിന്നീടുള്ള യാത്രയിൽ ഏഴു വ്യാകുലങ്ങളുടെയും വിദേശ മേധാവിത്തത്തിന്റെയും മറ്റിതര അവഗണനകളുടെയും ഇടയിൽ ദൈവതിരുമനസ്സിനും ദൈവപരിപാലനയ്ക്കും വിട്ടുകൊടുക്കാൻ പ്രാപ്തമാക്കി.

സഭയെ നവീകരിക്കുക, സഭയെ പടുത്തുയർത്തുക, അതിനാവശ്യമായ എന്തും ചെയ്യാൻ തയ്യാറായി, അതിൽ നിന്നും അപ്പസ്തോലിക പ്രവർത്തനങ്ങൾ പുഴപോലെ ശാന്തമായി തപസ്സിന്റെ സങ്കേതമായ മാന്നാനം കുന്നിൽ നിന്നും താഴ്വാരങ്ങളിലേക്കൊഴുകി. സെമിനാരിയും ഉത്തമ വൈദിക സന്ന്യാസ ശിക്ഷണവും ധ്യാന പ്രഭാഷണങ്ങളും ആത്മീയത ഊട്ടി വളർത്തുന്ന ദിവ്യകാ

രുണ്യ ഭക്തിയും മാതൃ ഭക്തിയും മറ്റു ഭക്താഭ്യാസങ്ങളും ആത്മീയ വിശപ്പനുഭവിച്ചിരുന്ന ജനതയ്ക്ക് മരുഭൂമിയിലെ മന്നയുടെ വിരുന്നനുഭവം പകർന്നു. വിദ്യാഭ്യാസവും ഉപവിശാലയും ഉച്ചക്കഞ്ഞിയും ഉടുതുണിയും തൊഴിലും ന്യായവേതനവും സ്ത്രീശാക്തീകരണവും തുല്യനീതിയും ഒരു പൊതുസമൂഹ പിറവിക്കു ഈണം കൊടുത്തു. പ്രസും പ്രസിദ്ധീകരണങ്ങളും എഴുത്തും വായനയും വിശാലമായ ലോകത്തിലേക്കുള്ള തുറവിയും ചിന്താശൈലിയിലെ പരിവർത്തനവും സാധ്യമാക്കി. കേരളം കേരളമായതു പരശുരാമന്റെ മഴുകൊണ്ടല്ല, ഏവരെയും ശാക്തീകരിക്കുന്ന നവോത്ഥാന ആയുധങ്ങളായ വിദ്യയും വായനയും സമത്വവും സാഹോദര്യവും കൊണ്ടാണ്.

പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കുകിടന്നു ചടച്ച് സടകൊഴിഞ്ഞ സീറോ മലബാർ സഭയ്ക്ക് ലോകത്തിന്റെ അതിർത്തികൾവരെ വളരാൻ പ്രേഷിതപാലം പണിതതും പുതിയ വഴി വെട്ടിയതും സി.എം.ഐ. സന്ന്യാസകൂട്ടായ്മയാണ്. കേരളത്തിലും ഭാരതത്തിലും ഇതരനാടുകളിലും പ്രഥമ കാൽവയ്പ് നടത്താൻ ദൈവം തെരഞ്ഞെടുത്തത് അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തരെ ആയിരുന്നു. ഇതുതന്നെ ആയിരുന്നു ലോകത്തിൽ എല്ലായിടങ്ങളിലും സഭയുടെ വളർച്ചയുടെ കഥ. മിഷൻ മുന്നേറ്റങ്ങളുടെ ചരിത്രം. അതുകൊണ്ടാണ് സന്ന്യാസസഭകൾക്കു മാർപാപ്പ പൊന്റിഫിക്കൽ പദവി നൽകി രൂപതകളുടെ കൊച്ചു ലോകത്തുനിന്നും ആഗോളമിഷനുവേണ്ടി അവരെ സ്വതന്ത്രരാക്കുന്നത്. അങ്ങനെയൊരു പ്രേഷിത മുന്നേറ്റമാണ് സി.എം.ഐ. സന്ന്യാസസഭയെ ഒരു ആഗോള മിഷനറി സമൂഹമാക്കി മാറ്റാൻ ശാക്തീകരിച്ചത്. 200-ാം വർഷത്തിനായി ഒരുങ്ങുമ്പോൾ സി.എം.ഐ. സന്ന്യാസ കൂട്ടായ്മ കൂപ്പുകരങ്ങളോടെ ദൈവം ചെയ്തതിനും ചെയ്യിച്ചതിനും നന്ദിപറയുന്നു. ചാവറയച്ചന്റെ വാക്കുകൾ കടമെടുത്താൽ, തമ്പുരാൻ തന്നെ ഇതിനെ എത്ര അത്ഭുതകരമായ വിധത്തിൽ നടത്തുകയും വളർത്തുകയും ചെയ്തു എന്നതിന് ഇന്നു ജീവിക്കുന്ന സി.എം.ഐ. കൂടപ്പിറപ്പുകൾ സാക്ഷികളാണല്ലോ. 200-നു ഒരുങ്ങുമ്പോൾ ദൈവം സമ്മാനിക്കുന്ന 10 വർഷങ്ങളാണ് സി.എം.ഐ. സഭ മുന്നിൽ കാണുന്നത്. 2020 പൊതുസംഘം അതിനുള്ള തയ്യാറെടുപ്പിലാണ്. ചാവറ പിതാവിന്റെ വിശുദ്ധനാമകരണം, ബ. കനീസിയൂസച്ചന്റെ ദൈവദാസ പദവി, ഫാ. ബ്രൂണോ കണിയാരകത്തിന്റെ നാമകരണത്തിനുള്ള തുടക്കം, ന്യായപ്രമാണ ധ്യാനം, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, ഏഷ്യൻ രാഷ്ട്രങ്ങളിലേക്കുള്ള നൂതന പ്രേഷിതാഭിമുഖ്യം, വചനപ്രഘോ

ഷണ മുന്നേറ്റങ്ങൾ തുടങ്ങിയവ സി.എം.ഐ. കൂടപ്പിറപ്പുകൾക്കു പുതുചൈതന്യം നൽകുന്നു. പാർശവത്കരിക്കപ്പെട്ടവരായ ദരിദ്രർ, ഭിന്നശേഷിക്കാർ, ഭവനരഹിതർ, രോഗികൾ എന്നിവരോടുള്ള കരുതലും ശുശ്രൂഷയും അവരുടെ ശാക്തീകരണവും പരിസ്ഥിതി അവബോധവും ആനുകാലിക ചിന്തകളും സഭയെ ആദിമ ചൈതന്യത്തിലേക്കു ഒരുക്കുന്നു. കുടുംബങ്ങളെയും കുട്ടികളെയും യുവജനതയെയും സങ്കീർണമായ ആധുനിക ലോകത്തിൽ പിടിച്ചു നിൽക്കാനും വളർന്നു വികസിക്കാനും പ്രാപ്തമാക്കുക സഭയുടെ ആഗോള പ്രേഷിത മേഖലയിലെ വെല്ലുവിളികളാണ്. എല്ലാറ്റിനും സി.എം.ഐ. സമൂഹം കണ്ടെത്തുന്ന ഉത്തരം: ദൈവ തിരുമനസ്സ് നടക്കും, നടത്തും എന്നതു മാത്രമാണ്.

മനോഹരമായ ഈ ഗ്രന്ഥം തയ്യാറാക്കിയ ശ്രീ. മാണി പയസ് അഭിനന്ദനം അർഹിക്കുന്നു. സി.എം.ഐ. സഭാസമൂഹത്തിന്റെ സഹയാത്രികനായി ദീപികയിൽ പ്രവർത്തിച്ചു കഴിവ് തെളിയിച്ച പത്രാധിപരാണ് അദ്ദേഹം. സി.എം.ഐ. സഭയെ സ്നേഹിച്ച് അതിന്റെ ചരിത്രം പഠിക്കാൻ മാണി പയസ് കാണിച്ച മഹാമനസ്കതയ്ക്കും കഠിനാധ്വാനത്തിനും സഭയുടെ നാമത്തിൽ നന്ദിയും അനുമോദനങ്ങളും നേരുന്നു. സി.എം.ഐ. സന്ന്യാസത്തെക്കുറിച്ചു ഒരു സമഗ്ര കാഴ്ചപ്പാട് പൊതുസമൂഹത്തിനു നൽകാൻ ഈ പുസ്തകം ഉപകരിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഗ്രന്ഥകാരനോടൊത്തു പ്രവർത്തിച്ച എല്ലാ സഹപ്രവർത്തകർക്കും അനുമോദനങ്ങൾ. സി.എം.ഐ. സന്ന്യാസ കൂട്ടായ്മയുടെ ചരിത്രം വിവരിക്കുന്ന ഈ ഗ്രന്ഥം ഏവർക്കും പ്രചോദനം പകരട്ടെ.

**ഫാ. പോൾ ആച്ചാണ്ടി സി.എം.ഐ.**
പ്രിയോർ ജനറാൾ

# ആമുഖം

**വി**ശുദ്ധയായ വേറോനിക്കയുടെ ശിരോവസ്ത്രത്തിൽ യേശുവിന്റെ തിരുമുഖം പതിഞ്ഞപ്പോൾ പീഡാനുഭവത്തിന്റെ അതിതീക്ഷ്ണമായ ചരിത്രമാണ് രേഖീയമായത്. പതിനായിരം വാക്കുകളേക്കാൾ ശക്തമായിരുന്നു അത്. ഓരോ ചരിത്രകാരനും ആഗ്രഹിക്കുന്നത് ചരിത്രത്തെ ഇങ്ങനെ തീവ്രതയോടെ എന്നന്നേക്കുമായി പകർത്തിവയ്ക്കാനാണ്.

വേറോനിക്ക പീഡാനുഭവ വഴിത്താരയിൽ അവളുടെ ശിരോവസ്ത്രം യേശുവിന്റെ നേർക്കു നീട്ടി. യേശു അതു വാങ്ങി രക്തം വാർന്നുവരുന്ന മുഖം തുടച്ചശേഷം വേറോനിക്കയ്ക്കു തിരികെ നൽകി. അദ്ഭുതത്തോടെ അവൾ കണ്ടു, അതിൽ യേശുവിന്റെ മുഖച്ഛായ പതിഞ്ഞിരിക്കുന്നു! വേറോനിക്ക എന്ന പേരിന്റെ വേരുകൾ ചികഞ്ഞു ചെന്നാൽ യഥാർത്ഥ പ്രതിച്ഛായ എന്ന അർത്ഥത്തിലെത്തും. സംഭവങ്ങളുടെ ശരിയായ പ്രതിച്ഛായ അന്വേഷിച്ച് അവതരിപ്പിക്കുകയാണ് ചരിത്രകാരന്റെ ചുമതല.

കേരളത്തിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസസമൂഹമായ സി.എം.ഐ. സഭ ജന്മംകൊണ്ടിട്ട് 200 വർഷം തികയാൻ ഇനി 10 വർഷമേയുള്ളൂ. മഹത്തായ ഈ സഭയുടെ ചരിത്രമെഴുതാൻ നിയോഗിക്കപ്പെട്ടപ്പോൾ എന്റെ മനസ്സിൽ കടന്നുവന്ന ചിത്രമാണ് വേറോനിക്കയുടേത്. എവിടെനിന്നാണ്, എങ്ങനെയാണ് വേറോനിക്ക യേശുവിന്റെ പീഡാനുഭവങ്ങളുടെ വഴിത്താരയിൽ എത്തിയതെന്ന് അറിഞ്ഞുകൂടാ. വിശ്വാസ പാരമ്പര്യത്തിലാണ് വേറോനിക്കയുടെ അസ്തിത്വം കുടികൊള്ളുന്നത്. അവളുടെ ജീവിതത്തിനൊരു നിയോഗമുണ്ടായിരുന്നു. യേശുവിന്റെ മുഖത്തെ രക്തത്തുള്ളികൾ ആർദ്രങ്ങളായ ആ കണ്ണുകളിലേക്കു വീഴാതെ തുടച്ചുമാറ്റാൻ നിമിത്തമാവുക എന്ന നിയോഗം. യേശുവിനോടൊപ്പം

പീഡാനുഭവ യാത്രയിൽ പങ്കുചേരുക എന്ന നിയോഗം. അവൾ കാഴ്ചക്കാരിയായിരുന്നില്ല, യേശുവിനുവേണ്ടി സഹതാപത്തോടെ സ്പന്ദിക്കുന്ന ഹൃദയത്തിന്റെ ഉടമയായിരുന്നു.

വേറോനിക്കയെയും മറ്റു മനുഷ്യരെയും പോലെ എന്റെ ജീവിതത്തിലും നിയോഗങ്ങൾ ഉണ്ടെന്നു ഞാനറിയുന്നു. അതിൽ പ്രധാനപ്പെട്ടതാണ് സി.എം.ഐ. സഭയുടെ ചരിത്രമെഴുതുക എന്ന നിയോഗം. സി.എം.ഐ. സഭയുമായുള്ള അടുപ്പവും സഭയുമായി ബന്ധപ്പെട്ട് ഇതുവരെ എഴുതിയ പുസ്തകങ്ങളും സഭയുടെ അതിവിശാലമായ ചരിത്രരചനയിലേക്കുള്ള ചെറിയ നടപ്പാതകൾ മാത്രമായിരുന്നുവെന്നു മനസ്സിലാക്കുന്നു.

ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ദൈവം ഇടപെടുന്നത് മറ്റു വ്യക്തികളിലൂടെയാണ്. നമ്മുടേതല്ലാതെ അവിടുത്തേക്കു കരങ്ങളും കാലുകളുമില്ല എന്ന വചനം പരമസത്യമാണ്. ബഹുമാനപ്പെട്ട സി.എം.ഐ. പ്രിയോർ ജനറാൾ ഫാ. പോൾ ആച്ചാണ്ടിയച്ചൻ എന്റെ ജീവിതത്തിൽ പല ഘട്ടങ്ങളിലായി കരങ്ങൾ നീട്ടിത്തന്നു. ഇപ്പോൾ സി.എം.ഐ. സഭയുടെ രണ്ടു നൂറ്റാണ്ടിന്റെ ചരിത്രമെഴുതാൻ കാരണവും അദ്ദേഹമാണ്.

ചരിത്രമെഴുതാൻ ചുമതലപ്പെടുത്തുക മാത്രമല്ല ബഹു. ജനറാളച്ചൻ ചെയ്തത്. വിവിധ സന്ദർഭങ്ങളിലായി ആത്മീയവും ബൗദ്ധികവുമായ ഉൾക്കാഴ്ചകൾ പകർന്നു. തികഞ്ഞ സന്ന്യാസിയായ അദ്ദേഹത്തിന്റെ ജീവിതം പോലെതന്നെ പറയുന്ന കാര്യങ്ങൾക്കും ലാളിത്യവും കൃത്യതയുമുണ്ട്. സി.എം.ഐ. സഭയിലെ വിശിഷ്ടരായ വൈദികർക്കു പൊതുവായുള്ള നർമവും ചിരിയും വിനയവും അകമ്പടി സേവിക്കുന്നതിനാൽ ബഹു. പോൾ ആച്ചാണ്ടിയച്ചന്റെ ആശയങ്ങൾ മനസ്സിൽനിന്നു മായില്ല.

ഞാൻ എഴുതിയതു വായിച്ച് അഭിപ്രായങ്ങൾ പറയുകയും തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചരിത്ര വിവരങ്ങൾ വെളിപ്പെടുത്തുകയും ചെയ്ത ബഹുമാനപ്പെട്ട മറ്റു സി.എം.ഐ. സന്ന്യാസ വൈദികരെയും സ്നേഹത്തോടെ സ്മരിക്കുന്നു. ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത്. ഫാ. സാജു ചക്കാലയ്ക്കൽ, ഫാ. ഫ്രാൻസിസ് തോണിപ്പാറ, ഫാ. തോമസ് കൊച്ചുമുട്ടം, ഫാ. ജെയിംസ് മഠത്തിക്കണ്ടം എന്നിവർ തങ്ങളുടെ വിജ്ഞാനവും വിശകലന പാടവവും ഭാഷാജ്ഞാനവും ഈ രചനയ്ക്കായി പകർന്നു തന്നതിനു ഏറെ നന്ദിയുണ്ട്. ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ് ഡയറക്ടറും സുവിശേഷവത്ക്കരണ-അജപാലന വകുപ്പിന്റെ ചുമതലയുള്ള ജനറൽ കൗൺസിലറുമായ സാജു ചക്കാലയ്ക്കലച്ചൻ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ കാണിച്ച താത്പര്യം മറക്കാനാവില്ല.

സി.എം.ഐ. സഭയുടെ വിവിധ പ്രവിശ്യകളുമായും ബഹുമാനപ്പെട്ട വൈദികരുമായും ബന്ധപ്പെട്ട ഒരു ഡസനോളം പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിക്കാനുള്ള അവസരം ദൈവം എനിക്കു തന്നു. അതുവഴി വിശിഷ്ടരായ നിരവധി വൈദികരോട് അടുത്തിടപഴകാനും സ്നേഹം അനുഭവിക്കാനും അവസരം കിട്ടി. സി.എം.ഐ. സഭയോടുള്ള എന്റെ ആഭിമുഖ്യത്തിനും സ്നേഹത്തിനും കാരണം അവരാണ്. 'ദീപിക'യിൽ ജോലി ചെയ്യുമ്പോൾ മുതൽ ആരംഭിച്ച സി.എം.ഐ. സഭയോടുള്ള അടുപ്പത്തിന്റെ നീർച്ചാലുകൾ അങ്ങനെ പ്രവാഹമായി മാറുകയായിരുന്നു.

ജാതിമതഭേദമെന്യേ സർവജനത്തിനുംവേണ്ടി തുറന്നിട്ടിരിക്കുന്ന വാതിലുകളാണു സി.എം.ഐ. സഭയുടേത്. ചാവറയച്ചൻ തുറന്നിട്ട വാതിലുകളാണത്. 190 വർഷങ്ങൾകൊണ്ട് ആ വാതിലുകൾ അതിവിശാലമായിരിക്കുന്നു. ആ വാതിലുകളിലൂടെ പുറംലോകത്തെയും അകംലോകത്തെയും നോക്കിക്കാണുകയാണു ഞാൻ ചെയ്തത്. എന്റെ പരിമിതികളെപ്പറ്റി എനിക്കു ബോധ്യമുണ്ട്. അതിനാൽ ഈ ചരിത്രപുസ്തകത്തെപ്പറ്റി അതിരുകവിഞ്ഞ അവകാശവാദങ്ങളൊന്നുമില്ല. സീറോ മലബാർ സഭയുടെ ചരിത്രത്തോടും കേരളീയ പൊതുസമൂഹത്തിന്റെ വികാസത്തോടും ചേർത്തുനിർത്തി വി. ചാവറയച്ചനെയും സി.എം.ഐ. സഭയെയും വീക്ഷിക്കുവാൻ ഭാവിയിലെ ചരിത്രകാരന്മാർക്കു ഈ പുസ്തകം പ്രേരണയാകുമെന്നു വിശ്വസിക്കുന്നു. നന്ദി, സർവശക്തനായ ദൈവത്തിനും ബഹു. പ്രിയോർ ജനറാൾ പോൾ ആച്ചാണ്ടിയച്ചനും പ്രിയപ്പെട്ട സി.എം.ഐ. സന്ന്യാസ വൈദികർക്കും ഈ പുസ്തകം യാഥാർഥ്യമാക്കുന്നതിനു വേണ്ടി സഹകരിച്ച എല്ലാവർക്കും.

**മാണി പയസ്**

01

# പ്രവേശം

നവംബർ 24, 2014. പതിവുപോലെയാണ് അന്നും സൂര്യനുദിച്ചതെങ്കിലും വത്തിക്കാൻ ചത്വരത്തിൽ പതിഞ്ഞ പ്രകാശകിരണങ്ങൾക്കു തിളക്കം കൂടുതൽ ഉള്ളതുപോലെ. ചാവറയച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കുന്ന അന്നത്തെ ചടങ്ങിനു സാക്ഷ്യം വഹിക്കാൻ എത്തിയിരുന്ന പതിനായിരക്കണക്കിനു മുഖങ്ങളിലെ സന്തോഷം ഏറ്റുവാങ്ങിയതാവാം കാരണം. ഇന്ത്യക്കാരായ പതിനയ്യായിരത്തോളം പേരുടെ ചിരിക്കുന്ന മുഖങ്ങളും അതിലുണ്ടായിരുന്നു. രാവിലെ ഒൻപതിനു ചടങ്ങ് ആരംഭിക്കുന്നതിനു ഏറെ മുമ്പുതന്നെ വത്തിക്കാൻ ചത്വരം നിറഞ്ഞു കവിഞ്ഞു. ഇറ്റലിക്കാരായ നാലു വിശിഷ്ട ജീവിതങ്ങളും അന്നു വിശുദ്ധരായി പ്രഖ്യാപിക്കുന്നവരിൽ ഉൾപ്പെട്ടിരുന്നു. ഈ ധന്യനിമിഷങ്ങളുടെ ഊർജം ഏറ്റുവാങ്ങി ചത്വരത്തിലെ ഇന്ത്യൻ ദേശീയപതാക ചൈതന്യത്തോടെ തലയട്ടി.

1871 ജനുവരി നാലിനു ചാവറയച്ചന്റെ സംസ്കാരചടങ്ങിൽ പ്രസംഗിച്ച ഫാ.മത്തായി മറിയം കാപ്പിൽ ദുഃഖഭാരത്തോടെ ലോകത്തോടു പറഞ്ഞു: “ഇന്നു മലയാളത്തിന്റെ കൊടി വീണു.” അന്നു മലയാളത്തിന്റെ കൊടിവീണത് ഇന്ന് വത്തിക്കാനിൽ ഉയരാനായിരുന്നു. മലയാളത്തിനു ഭാഷ എന്നതിനേക്കാൾ നാട് എന്ന അർത്ഥം അക്കാലത്തുണ്ടായിരുന്നു. യുദ്ധക്കളത്തിൽ രാജാവിന്റെ കൊടി വീണാൽ പരാജയപ്പെട്ടു എന്നാണർത്ഥം. അതോടെ അദ്ദേഹത്തിന്റെ സൈനികർ ജീവൻ രക്ഷിക്കാൻ പരക്കംപായും. ചാവറയച്ചന്റെ ഇഹലോക ജീവിതത്തിലെ കൊടി വീണപ്പോൾ അദ്ദേഹം ലക്ഷ്യംവച്ച സ്വർഗത്തിൽ സൗഭാഗ്യക്കൊടി ഉയരുകയായിരുന്നു. അക്കാര്യം ലോകത്തോട് വിളംബരം ചെയ്യുകയായിരുന്നു വിശുദ്ധപദ പ്രഖ്യാപനത്തിലൂടെ മാർപാപ്പ.

മഹനീയമായ ആ ചടങ്ങിനു സാക്ഷ്യം വഹിക്കാനെത്തിയ ഭാരതീയർ, പ്രത്യേകിച്ച്, അവരിൽ ഭൂരിപക്ഷം വരുന്ന കേരളീയർ, ചാവറയച്ചൻ ജീവിതകാലത്തു അനുഷ്ഠിച്ച കർമങ്ങളുടെ ഗുണഫലങ്ങൾ ഇന്നും നേരിട്ട് അനുഭവിക്കുന്ന ജനസമൂഹത്തിന്റെ പ്രതിനിധികളാണ്. ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസ സഭ സ്ഥാപിച്ച മൂന്നു വൈദിക ശ്രേഷ്ഠന്മാരിൽ ഒരാളായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ആധ്യാത്മിക രംഗത്തും കേരളീയ സാമൂഹിക മണ്ഡലത്തിലും മാറ്റങ്ങൾക്കു തുടക്കം കുറിച്ച മഹായോഗിയാണ്.

ചാവറയച്ചന്റെ സംഭാവനകൾ ആരെയും അതിശയിപ്പിക്കുന്നതാണ്. സി.എം.ഐ. സന്ന്യാസ സഭയുടെയും സി.എം.സി. സന്ന്യാസിനി സഭയുടെയും സ്ഥാപകൻ. കേരളത്തിൽ സാമൂഹിക മാറ്റത്തിനു ശക്തിപകർന്ന വിദ്യാലയങ്ങളുടെ ആരംഭകനും പ്രചോദകനും. പ്രിന്റിംഗ് പ്രസ് സ്ഥാപിച്ച് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രസാധനത്തിനു തുടക്കമിട്ട ഭാവനാസമ്പന്നൻ. കവിതയിലും നാടകത്തിലും ഉപന്യാസത്തിലും മറ്റും തിളങ്ങിയ സാഹിത്യപ്രതിഭ. സഭയിൽ ഐക്യം നിലനിർത്തുവാൻ നിശ്ചയദാർഢ്യത്തോടെ കഠിനയത്നം നടത്തിയ ദീർഘദർശി. കേരളീയനും ഭാരതീയനും ആയിരിക്കെത്തന്നെ സാർവദേശീയ സഭയോട് പൂർണ വിധേയത്വം പുലർത്തിയ സ്ഥിതപ്രജ്ഞൻ. ആരാധനക്രമത്തിൽ വരുത്തിയ നവോത്ഥാനത്തിലൂടെയും ധ്യാനങ്ങളിലൂടെയും വിശ്വാസികളെ ദൈവത്തോടു ചേർത്തുനിർത്തിയ ആത്മീയവര്യൻ, കുടുംബജീവിതത്തിനു വിശുദ്ധി പ്രദാനം ചെയ്ത നല്ല നടപ്പുകളുടെ പ്രചാരകൻ. ചാവറയച്ചനു വിശേഷണങ്ങൾ ഏറെയാണ്. എല്ലാം ഒന്നിനൊന്നു പ്രധാനപ്പെട്ടവ.

ഇറ്റലിക്കുള്ളിൽ ഒരു സ്വതന്ത്രരാജ്യമെന്ന സ്ഥാനം കത്തോലിക്കാസഭയുടെ ആസ്ഥാനമായ വത്തിക്കാനു ലഭിച്ചത് 1929-ൽ ഇറ്റലിയുടെ പ്രധാനമന്ത്രിയായിരുന്ന മുസോലിനിയും പിയൂസ് പതിനൊന്നാമൻ മാർപാപ്പയും ഒപ്പുവച്ച ഉടമ്പടിയിലൂടെയാണെങ്കിലും വത്തിക്കാന്റെ ചരിത്രം വളരെ പൗരാണികമാണ്. ടൈബർ നദിയുടെ വലത്തേ തീരത്തു സ്ഥിതി ചെയ്യുന്ന ഈ ചെറിയ രാജ്യത്തിനു 44 ഹെക്ടർ വിസ്തൃതിയേയുള്ളൂ. ആഗോള ആധ്യാത്മിക പുരുഷന്റെ ഇരിപ്പിടം എന്ന നിലയിൽ വത്തിക്കാന്റെ വിസ്തൃതിയല്ല അതിന്റെ സ്വാധീനമാണ് ലോകം വിലമതിക്കുന്നത്. അതിനാൽ വത്തിക്കാനിൽ നടക്കുന്ന ഓരോ ചടങ്ങുകൾക്കും ലോകമെമ്പാടും വലിയ പ്രാധാന്യം കിട്ടുന്നു.

2014 നവംബറിലെ ആ പ്രഭാതത്തിൽ മാർപാപ്പയുടെ വരവി

നായി ക്ഷമാപൂർവം കാത്തിരിക്കുകയാണു ചത്വരത്തിൽ കൂടിയിരിക്കുന്ന വിശ്വാസികൾ. മാർപാപ്പ പങ്കെടുക്കുന്ന പൊതു പരിപാടികളെല്ലാം ഇവിടെയാണു നടക്കാറ്. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ നേരേ മുന്നിലാണ് സെന്റ് പീറ്റേഴ്സ് ചത്വരം. അതിന്റെ ഒത്ത മധ്യത്തിൽ ഒരു ഓബ്ലിസ്ക് (Obelisk) നിലകൊള്ളുന്നു. ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ സ്മരണയ്ക്കായി സ്ഥാപിതമായത്.

വിശുദ്ധപദ പ്രഖ്യാപന ചടങ്ങിനായി ബസിലിക്കയുടെ പ്രധാനവാതിലിന്റെ മുന്നിലായി താത്ക്കാലിക അൾത്താര സജ്ജമാക്കിയിട്ടുണ്ട്. അതിനു മുകളിൽ ബസിലിക്കയോടു ചേർന്ന് ആറ് വിശുദ്ധരുടെയും ഛായാചിത്രങ്ങൾ സ്ഥാപിച്ചിരുന്നു. പരിമളം പേറുന്ന ഇളംകാറ്റുപോലെ ഫ്രാൻസിസ് മാർപാപ്പ ആഗതനായ ശേഷം വിശുദ്ധപദ പ്രഖ്യാപനത്തിന്റെ സവിശേഷമായ ചടങ്ങുകൾ ആരംഭിച്ചു. ആഗോള കത്തോലിക്കാസഭയിലെ പ്രമുഖരായ വൈദിക മേലധ്യക്ഷ്യന്മാർ സാന്നിദ്ധ്യംകൊണ്ട് അലങ്കരിച്ചിരുന്നു. അവരോടൊപ്പം ഇന്ത്യയിൽ നിന്ന് മേജർ ആർച്ച്ബിഷപ്പുമാരായ മാർ ജോർജ് ആലഞ്ചേരി, മാർ ക്ലീമിസ്, കർദിനാൾ മാർ ഓസ്വാൾഡ് ഗ്രേഷ്യസ്, ആർച്ച്ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പെരുന്തോട്ടം, ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ തുടങ്ങിയവരും അനേകം ബിഷപ്പുമാരും എത്തിയിരുന്നു. വൈദികരും കന്യാസ്ത്രീകളും അല്മായരുമായ പതിനായിരക്കണക്കിനാളുകൾ വേറെയും.

ചാവറയച്ചനെ വിശുദ്ധ പദവിയിലേക്കുയർത്തിയ പ്രധാന അത്ഭുതം വിശുദ്ധന്റെ മധ്യസ്ഥതയിൽ പാലാ കത്തീഡ്രൽ ഇടവകാംഗങ്ങളായ കൊട്ടാരത്തിൽ ജോസ്, മേരിക്കുട്ടി എന്നിവരുടെ മകൾ മരിയയുടെ കോങ്കണ്ണ് മാറിയതാണ്. എവുപ്രാസ്യമ്മയെ വിശുദ്ധയാക്കിയ പ്രധാന അദ്ഭുതം വിശുദ്ധയുടെ മധ്യസ്ഥതയിൽ ജുവൽ ജിൻസന്റെ Thyroglossal Cyst മാറിയതാണ്. ഇരുവരുടെയും കുടുംബാംഗങ്ങൾ ചടങ്ങിന് എത്തിയിരുന്നു. കേന്ദ്ര, കേരള സർക്കാരുകളെ പ്രതിനിധീകരിച്ച് പ്രമുഖ വ്യക്തികളടങ്ങിയ പ്രത്യേക പ്രതിനിധി സംഘവും വന്നു.

ഈ മഹനീയ സന്ദർഭം മനുഷ്യസമൂഹത്തിന്റെ ശ്രദ്ധ യേശുവിൽ കേന്ദ്രീകരിക്കുവാൻ ക്ഷണിക്കുന്നുവെന്ന് വചനസന്ദേശത്തിൽ മാർപാപ്പ പറഞ്ഞു. യേശു മുഴുവൻ പ്രപഞ്ചത്തിന്റെയും രാജാവാണ്. അവിടുത്തെ രാജ്യം സത്യത്തിന്റെയും ജീവന്റെയുമാണ്. വിശുദ്ധിയുടെയും മഹത്വത്തിന്റെയുമാണ്. നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയുമാണ്.

യേശു തന്റെ രാജ്യം സ്ഥാപിച്ചത് മനുഷ്യരോട് അടുപ്പവും സ്നേഹവും കാണിച്ചുകൊണ്ടാണ്. അവിടുന്നാണ് ഇടയൻ. ആട്ടിൻപറ്റത്തോട് കരുതലും സ്നേഹവുമുള്ള ഇടയൻ. അവരെ സംരക്ഷിക്കുന്നതിലും, കൂട്ടംതെറ്റുന്നവയെ തിരിച്ചുകൊണ്ടുവരുന്നതിലും, പച്ചപ്പുകളിലേക്കു നയിക്കുന്നതിലും, വിശ്രമിക്കാൻ വിടുന്നതിലും, കാണാതെ പോയതിനെ അന്വേഷിക്കുന്നതിലും, ദിക്കറിയാതെ പകച്ചു നില്ക്കുന്നവയെ നേർവഴിക്കു നയിക്കുന്നതിലും, മുറിവുകൾ വച്ചുകെട്ടുന്നതിലും, രോഗികളായവയെ സുഖപ്പെടുത്തുന്നതിലും സദാശ്രദ്ധാലുവായ ഇടയൻ. സഭയുടെ ഇടയന്മാരാവാൻ വിളിക്കപ്പെട്ടവർക്ക് ഈ മാതൃകയിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. യേശുവിന്റെ മാതൃക ജീവിതത്തിൽ പകർത്തിയ ഇടയനായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിന്റെ മഹനീയ കർമങ്ങളുടെ ഗുണഫലങ്ങൾ കേരള സഭയും കേരളീയ സമൂഹവും അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം ഈ കാലഘട്ടത്തിലും പ്രസക്തനായ വിശുദ്ധനായത്.

വി. ചാവറയച്ചൻ കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ വൈദികപഠനരംഗത്തിനു നൽകിയ സംഭാവനകളിലൂടെ പ്രഗത്ഭരായ വൈദികരുടെ പരമ്പരകൾക്കു കാരണക്കാരനായി. സന്ന്യാസിനി സഭയിലൂടെ സേവന സന്നദ്ധരായ കന്യാസ്ത്രീകളുടെ തുടർച്ച ഉറപ്പാക്കി. വിദ്യാലയങ്ങളിലൂടെ ഉച്ചനീചത്വങ്ങളെ എതിർക്കാൻ ശേഷിയുള്ള പൊതുസമൂഹത്തിനു വിത്തുപാകി. പ്രിന്റിംഗ് പ്രസിലൂടെയും പുസ്തകങ്ങളിലൂടെയും ആത്മീയകാര്യങ്ങൾ സംബന്ധിച്ച അറിവ് സാധാരണക്കാരനും പ്രാപ്യമാക്കി. സാഹിത്യരചനകളിലൂടെ പ്രതിബദ്ധത നിറഞ്ഞ സാഹിത്യ പ്രവർത്തനത്തിനു മാതൃകയായി. ശീശ്മയ്ക്കെതിരേയും വിഭാഗീയ നിലപാടുകൾക്കെതിരേയും അഹോരാത്രം പോരാടി സഭയുടെ ഐക്യം സംരക്ഷിച്ചത് ആ പാതയിൽ മുന്നേറാൻ പിന്നാലെ വന്ന വൈദികർക്കു പ്രേരണയായി. ധ്യാനങ്ങളിലൂടെ വ്യക്തികളിൽ വിശ്വാസദീപ്തി ജ്വലിപ്പിച്ച് സഭയോടും വൈദികരോടും വിധേയത്വവും മനസ്സിൽ നന്മയും നിറഞ്ഞ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കി. വിശ്വാസികളുടെ കുടുംബങ്ങൾ ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും അഗ്നി ജ്വലിക്കുന്ന ഇടങ്ങളായി. ഈ കുടുംബങ്ങളിൽ നിന്ന് ദൈവവിളി വർധിച്ചുവന്നു. കത്തോലിക്കാസഭയിൽ ദൈവവിളിയിൽ മുന്നിൽനില്ക്കുന്നുവെന്ന അംഗീകാരം സീറോ മലബർ സഭയ്ക്കു കൈവന്നത് അങ്ങനെയാണ്. ഈ വളർച്ചയെ ഒരു പണ്ഡിതൻ ഇങ്ങനെ

അവതരിപ്പിച്ചിട്ടുണ്ട്: "... ചാവറപ്പിതാവ് രൂപപ്പെടുത്തിയ സന്ന്യാസ മാതൃകയാണു പടർന്നുപന്തലിച്ച് സായിപ്പ് ഇങ്ങോട്ടു തന്നതിനെ അതിശയിക്കുന്ന മട്ടിൽ ഇന്ത്യയ്ക്കു പുറത്തോട്ടു വളരുന്നതായി ഇന്നു നാം കാണുന്ന അവസ്ഥ" (ഡോ.ഡി. ബാബുപോൾ, *Footprints of Holiness, page 98*).

ചാവറയച്ചൻ ഒരിക്കലും സ്വന്തംകാര്യം പറഞ്ഞിട്ടില്ല. നേട്ടങ്ങളെപ്പറ്റിയോ, കഷ്ടപ്പാടുകളെപ്പറ്റിയോ, അഭിമുഖീകരിച്ച വെല്ലുവിളികളെപ്പറ്റിയോ മിണ്ടിയിട്ടില്ല. ഞാൻ ദൈവത്തിന്റെ ദാസൻ, അവിടുന്ന് എനിക്കു വെളിച്ചവും അറിവും തരുന്നു; ഇതായിരുന്നു മനോഭാവം. വിശുദ്ധ ജീവിതങ്ങളുടെയെല്ലാം അടിസ്ഥാന മനോഭാവമാണിത്. അച്ചൻ നേട്ടങ്ങളെയും കോട്ടങ്ങളെയും ഒരുപോലെ കണ്ടു. സത്യത്തിനു കീഴടങ്ങുന്ന സന്ന്യാസിയുടെ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ദൈവത്തിൽ ഉറച്ചുവിശ്വസിച്ചു. ദൈവിക വെളിപാടുകൾക്കായി കാതോർത്തു. ദൈവത്തിൽ നിന്നു തനിക്കു കിട്ടിയ ദാനങ്ങളെല്ലാം സഭയ്ക്കും സമൂഹത്തിനും ഗുണകരമായി പരിവർത്തിപ്പിച്ചു. അപരന്റെ മുഖം അദ്ദേഹത്തിന് പ്രഥമവേദമായിരുന്നു. സ്നേഹത്തിന്റെ അനുപമ സങ്കീർത്തനമായിരുന്നു. അദ്ദേഹം എപ്പോഴും ദൈവ തിരുമുഖത്തിന്റെ പ്രതിച്ഛായ അപരനിൽ ദർശിച്ചു. ആ പ്രതിച്ഛായ തന്നിലും പടരുവാൻ ആഗ്രഹിച്ചു. അതിനായി പ്രയത്നിച്ചു.

ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നത് ജീവിച്ചിരിക്കുമ്പോൾ നയിച്ച ജീവിതവും മരണശേഷം ഈ ലോകത്തിലുള്ളവർക്കു മാധ്യസ്ഥം വഹിച്ച് യാഥാർഥ്യമാക്കുന്ന അത്ഭുതങ്ങളും കർശനമായ വിലയിരുത്തലുകൾക്കു വിധേയമാക്കിയശേഷമാണ്. 1871 ജനുവരി മൂന്നിനു കൂനമ്മാവ് ആശ്രമത്തിൽ അന്തരിച്ച ചാവറയച്ചന്റെ ഭൗതികദേഹം പിറ്റേദിവസം ആശ്രമ ചാപ്പലിൽ സംസ്കരിച്ചു. 1889 മെയ് 24-നു ഭൗതികാവശിഷ്ടങ്ങൾ മാന്നാനം ആശ്രമത്തിലേക്കു കൊണ്ടുവന്നു ചാപ്പലിൽ സൂക്ഷിച്ചു. 1936 ഡിസംബർ 12-നു ചേർന്ന ജനറൽ ചാപ്റ്റർ വിശുദ്ധപദ പ്രാപ്തിക്കായുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചു. 1939-ൽ പ്രിയോർ ജനറാളിന്റെ നിർദേശപ്രകാരം ഫാ.വലേറിയൻ പ്ലാത്തോട്ടം ചാവറയച്ചന്റെ ഔദ്യോഗികവും പൂർണവുമായ ആദ്യത്തെ ജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചു.

1953-ൽ ഇന്ത്യ സന്ദർശിച്ച പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷനായ കർദിനാൾ ടിസറാങ്ങ് ചാവറയച്ചന്റെ വിശുദ്ധപദ പ്രാപ്തിക്കായുള്ള നടപടികൾ തുടങ്ങാൻ പ്രിയോർ ജനറാൾ ഫാ. മാവുരൂസ് വലിയപറമ്പിലിനോട് നിർദേശിച്ചു. 1955 ഡിസംബർ

12-നു റോമിൽ നിന്നുള്ള നിർദേശപ്രകാരം ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് രൂപതാതല നടപടിക്രമങ്ങൾ തുടങ്ങി. പൗരസ്ത്യ തിരുസംഘത്തിന്റെ കൺസൾട്ടേറ്ററായ ഫാ. പ്ലാസിഡ് പൊടിപാറ സി.എം.ഐ. 1956-ൽ പോസ്റ്റുലേറ്ററായി നിയമിതനായി. റോമിൽ നാമകരണ നടപടികൾക്കായുള്ള തിരുസംഘവുമായി ഔദ്യോഗികമായി ബന്ധപ്പെടുന്നത് പോസ്റ്റുലേറ്ററാണ്.

ഔദ്യോഗിക നടപടികൾ ആരംഭിച്ച ശേഷം 1958 ജനുവരി മൂന്നിനു ചാവറയച്ചൻ ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടു. 1962 ജൂണിൽ അച്ചന്റെ രചനകളും കത്തുകളും പരിശോധിക്കാനുള്ള രൂപതാ ട്രിബ്യൂണൽ സ്ഥാപിതമായി. ചാവറയച്ചന്റെ വിശുദ്ധിയും വീരോചിത നന്മകളും വിലയിരുത്തുകയായിരുന്നു ട്രിബ്യൂണലിന്റെ ചുമതല. ഇക്കാര്യങ്ങൾ സംബന്ധിച്ച് എ ന്തെങ്കിലും വിവരങ്ങൾ ഉള്ളവർ അവ വെളിപ്പെടുത്താൻ ബാധ്യസ്ഥരാണെന്നു ആർച്ച് ബിഷപ്പ് മാർ കാവുകാട്ട് ഒരു ഇടയലേഖനത്തിലൂടെ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. മറ്റു ബിഷപ്പുമാരും തങ്ങളുടെ രൂപതകളിൽ ഇതേ രീതിയിലുള്ള ഇടയലേഖനങ്ങൾ പ്രകാശിപ്പിച്ചു. വിശുദ്ധി സംബന്ധിച്ച പഠനങ്ങളിൽ ചരിത്യാന്വേഷണവും ദൈവശാസ്ത്ര പഠനവും ഉൾക്കൊള്ളുന്നു. ഇതിനായി കമ്മിഷനുകൾ രൂപവത്കൃതമായി.

1970-ൽ കോടതികളും കമ്മീഷനുകളും നടപടിക്രമങ്ങൾ പൂർത്തിയാക്കി. അവയെല്ലാം ഭദ്രമായി സീൽ ചെയ്ത് റോമിൽ റീത്തുകളുടെ തിരുസംഘത്തിന് അയച്ചുകൊടുത്തു. തുടർന്ന് ആർച്ച്ബിഷപ്പ് മാർ ആന്റണി പടിയറ, മറ്റു ബിഷപ്പുമാർ, സന്ന്യസ്ത സഭകളുടെ സുപ്പീരിയർ ജനറൽമാർ, പ്രമുഖ വൈദികർ, അല്മായ നേതാക്കൾ തുടങ്ങിയവർ നടപടികൾ ത്വരിതപ്പെടുത്തുവാൻ അഭ്യർത്ഥിച്ച് മാർപാപ്പയ്ക്ക് എഴുതി. എല്ലാ രേഖകളും പരിശോധിച്ച് റോമിലെ പണ്ഡിതസംഘം, ചാവറയച്ചൻ വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവീക പുണ്യങ്ങളും വിവേകം, ധൈര്യം, നീതി എന്നീ സാന്മാർഗിക പുണ്യങ്ങളും ദാരിദ്ര്യം, അനുസരണം, വിശുദ്ധി, വിനയം എന്നീ സുവിഷേഷാനുസൃതമായ പുണ്യങ്ങളും വിരേചിതമാംവിധം അനുഷ്ഠിച്ചാണു ജീവിച്ചിരുന്നതെന്ന തീരുമാനത്തിലെത്തി. 1978 ലായിരുന്നു സുപ്രധാനമായ ഈ തീരുമാനം ഉണ്ടായത്.

1984 ഏപ്രിലിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ ചാവറയച്ചനെ ധന്യൻ എന്ന പദവിയിലേക്ക് ഉയർത്തി. പിന്നീട് ചങ്ങനാശ്ശേരി ആർച്ച്ബിഷപ്പ് മാർ ആന്റണി പടിയറയുടെ സാന്നിധ്യത്തിൽ

ചാവറയച്ചന്റെ കല്ലറ തുറന്ന് നടപടിക്രമങ്ങളുടെ ഭാഗമായ പരിശോധനകൾ നടത്തി.

1985 മെയ് മാസത്തിൽ ഇന്ത്യയിലെയും റോമിലെയും ഡോക്ടർമാരുടെ പഠനത്തിനുശേഷം ചാവറയച്ചന്റെ മധ്യസ്ഥതയിൽ നടന്ന ആദ്യ അത്ഭുതം സ്ഥിരീകരിച്ചു. കൂടരഞ്ഞി സ്വദേശിയായ പെണ്ണംപറമ്പിൽ ജോസഫ് മാത്യുവിന്റെ കാലിനു ജന്മനായുണ്ടായിരുന്ന വൈകല്യമാണ് അത്ഭുതകരമായ വിധത്തിൽ സുഖപ്പെട്ടത്.

1986 ഫെബ്രുവരി എട്ടിനു ഇന്ത്യാസന്ദർശനത്തിന്റെ ഭാഗമായി കോട്ടയത്തു നടന്ന ചടങ്ങിൽ പങ്കെടുത്ത ജോൺ പോൾ രണ്ടാമൻ മാർപാപ്പ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായും ജനുവരി മൂന്ന് തിരുനാൾ ദിനമായും പ്രഖ്യാപിച്ചു. 2009-ൽ പാലാ കത്തീഡ്രൽ ഇടവകയിലെ കൊട്ടാരത്തിൽ ജോസ്, മേരിക്കുട്ടി ജോസ് എന്നിവരുടെ മകൾ മരിയയുടെ കോങ്കണ്ണ് ചാവറയച്ചന്റെ മധ്യസ്ഥതയാൽ മാറിയെന്ന അത്ഭുതം പുറത്തുവന്നു.

ഇതുസംബന്ധിച്ച് അന്വേഷിക്കുവാനും പഠിക്കുവാനും പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് 2010 ഏപ്രിൽ 18-നു ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ വർഷം ജൂലൈ 16-നു വിശുദ്ധപദ പ്രഖ്യാപനത്തിനുള്ള നടപടികളുടെ അവസാനഘട്ടത്തിലേക്കു കടക്കുന്നതിന്റെ ഭാഗമായ കാര്യങ്ങൾ പാലാ ബിഷപ്പ് ഹൗസിൽ ഉദ്ഘാടനം ചെയ്തു. ട്രൈബ്യൂണൽ അംഗങ്ങൾ ഒട്ടും വൈകാതെ പ്രവർത്തനങ്ങൾ തുടങ്ങി. അവർ തയ്യാറാക്കിയ റിപ്പോർട്ട്, രേഖകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോസിയർ 2011 ഓഗസ്റ്റ് 19-നു ന്യൂഡൽഹിയിൽ അപ്പസ്തോലിക്ക് ന്യുൺസിയേച്ചറിൽ എത്തിച്ചു. അവിടെനിന്നു ഡോസിയർ റോമിൽ നാമകരണ നടപടികളുടെ ചുമതലയുള്ള തിരുസംഘത്തിനു സമർപ്പിച്ചു.

2013 ഡിസംബർ 10-നു തിയോളജിക്കൽ കമ്മീഷൻ അത്ഭുതം ശരിവച്ചുകൊണ്ടുള്ള റിപ്പോർട്ട് തിരുസംഘത്തിനു നൽകി. മെഡിക്കൽ ബോർഡിന്റെയും തിയോളജിക്കൽ കമ്മീഷന്റെയും റിപ്പോർട്ടുകളുടെ ചുരുക്കവും തിരുസംഘത്തിനു കൈമാറി. കർദിനാൾമാർക്ക് വിതരണം ചെയ്യാനായിരുന്നു. 2014 മാർച്ച് 18-നു ചേർന്ന കർദിനാൾമാരുടെ പ്ലീനറി സമ്മേളനം ചാവറയച്ചന്റെ മധ്യസ്ഥതയിൽ മരിയയുടെ കോങ്കണ്ണ് മാറിയ അത്ഭുതം ഔദ്യോഗികമായി അംഗീകരിച്ചു. ഇതു സംബന്ധിച്ച ഡിക്രിയിൽ ഏപ്രിൽ മൂന്നിനു ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ചു. 2014 ജൂൺ 12-നു കർദിനാൾമാരുടെ യോഗത്തിൽ ചാവറയച്ചന്റെ വിശുദ്ധപദ പ്രഖ്യാപനം 2014 നവംബർ 23-നു നടക്കുമെന്നു മാർപാപ്പ അറിയിച്ചു.

നവംബർ 22-നു റോമിലുള്ള സാന്റ മരിയ ബസിലിക്കയിൽ

വിശുദ്ധപദ പ്രഖ്യാപന ചടങ്ങിനു മുന്നോടിയായി ജാഗരണ പ്രാർത്ഥന നടത്തിയിരുന്നു. ബിഷപ്പുമാർ, വൈദികർ, സന്യസ്തർ, അല്മായർ എന്നിവരുൾപ്പെട്ട ആയിരക്കണക്കിനാളുകൾ പങ്കെടുത്തു. പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷൻ കർദിനാൾ ലിയോണാർഡോ സാന്ദ്രിയും സംബന്ധിച്ചിരുന്നു. ദേശീയമായ കൃതജ്ഞതാഘോഷം 2014 നവംബർ 29-നു കൊച്ചി രാജഗിരി താഴ്‌വരയിൽ നടന്നു. അപ്പസ്തോലിക്ക് നൂൺഷ്യോ Salvatore Peenacchio യും അമ്പതിലേറെ വൈദിക മേലധ്യക്ഷന്മാരും ആയിത്തഞ്ഞൂറോളം വൈദികരും അയ്യായിരത്തിലേറെ കന്യാസ്ത്രീകളും അറുപതിനായിരത്തോളം വിശ്വാസികളും പങ്കെടുത്ത ആത്മീയ ചടങ്ങുകൾ ഹൃദയവർജകമായിരുന്നു. 150 ഗായകർ ഉൾപ്പെട്ട റെക്സ് സാൻഡ് ചടങ്ങുകൾ സംഗീത സാന്ദ്രമാക്കി. പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാർ, ജഡ്ജിമാർ, എം.എൽ.എ. മാർ, സാമൂഹിക സാംസ്കാരിക നായകന്മാർ തുടങ്ങിയവർ പങ്കെടുത്തു. ആത്മീയ കേരളത്തിനു ഒരിക്കലും മറക്കാനാവാത്തതായി രാജഗിരി താഴ് വരയിലെ ചടങ്ങുകൾ.

സി.എം.ഐ. സഭയുടെ ചരിത്രവും വലിയപരിധിവരെ സീറോ മലബാർ സഭയുടെ ചരിത്രവും വി. ചാവറയച്ചന്റെ ജീവചരിത്രത്തോടു ഇഴചേർന്നാണു കിടക്കുന്നത്. ആ ചരിത്രവീഥികളിലേക്ക് ആദരപൂർവം പ്രവേശിക്കട്ടെ. ചരിത്രത്തിന്റെ കൽപ്പടവുകളിൽ ദൈവാനുഗ്രഹം സൂര്യവെളിച്ചം പോലെ വീണുകിടപ്പുണ്ട്.

02

# സന്ന്യാസത്തിന്റെ ആകാശങ്ങൾ

**ദൈ**വത്തെക്കുറിച്ചും അവനവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അറിയുവാൻ ലൗകികബന്ധം ഉപേക്ഷിച്ച് സന്ന്യാസത്തിലേക്കു തിരിഞ്ഞ് ഈശ്വരധ്യാനനിരതരാകുന്ന ഒരു ന്യൂനപക്ഷം ലോകത്തിലെ എല്ലാ സംസ്കാരങ്ങളിലുമുണ്ട്. വിവിധ മതങ്ങളുടെ അനുഷ്ഠാന വിധികൾ നടപ്പാക്കുന്ന പൂജാരിമാർ അഥവാ പുരോഹിതന്മാരേക്കാൾ ഉന്നതമായ സ്ഥാനമാണ് ലോകജനത ഈ സന്ന്യാസിമാർക്കു നൽകിയിട്ടുള്ളത്.

ഹിന്ദു സന്ന്യാസിമാർ ജന്മലക്ഷ്യമായി കാണുന്നത് പരമാത്മാവുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നതിനെയാണ്. താനാകുന്ന ജീവാത്മാവിനു ഈശ്വരചൈതന്യമാകുന്ന പരമാത്മാവുമായി ബന്ധം സ്ഥാപിക്കാൻ കഴിയുമ്പോഴേ ജന്മം സഫലമാകൂവെന്ന് സന്ന്യാസി വിശ്വസിക്കുന്നു. ലൗകികമായ ആഗ്രഹങ്ങളെയും ചിന്തകളെയും ഭയാശങ്കകളെയും അർത്ഥരഹിതങ്ങളായാണ് അവർ വീക്ഷിക്കുന്നത്. ആകാശങ്ങളിലെ ഈശ്വരനെ ആത്മാവിൽ ആവാഹിക്കാൻ ശ്രമിക്കുന്ന സന്ന്യാസിക്ക് മറ്റൊന്നും സാരമായ കാര്യങ്ങളാകുന്നില്ല.

ദു:ഖത്തെയും ഭയത്തെയും അടിസ്ഥാനമില്ലാത്തവയായി കരുതി മാറ്റി നിർത്താൻ ശ്രമിക്കുമ്പോഴും മനുഷ്യനു ദു:ഖവും ഭയവുമുണ്ട് എന്ന സത്യം നിലനിൽക്കുന്നു. ഇതിനെ മറികടക്കാനുള്ള മാർഗമാണ് കപിലവാസ്തുവിലെ രാജകുമാരൻ തേടിയത്. അദ്ദേഹം ചുറ്റും നോക്കിയപ്പോൾ കണ്ടത് പുരുഷന്മാരും സ്ത്രീകളും വൃദ്ധജനങ്ങളും കുട്ടികളും ഒരുപോലെ കഷ്ടതകൾ അനുഭവിക്കുന്നതാണ്. യുദ്ധങ്ങളും പകർച്ചവ്യാധികളും മറ്റു രോഗങ്ങളും മാത്രമല്ല ഉത്കണ്ഠയും നിരാശയും അസംതൃപ്തിയും മനുഷ്യരെ കഷ്ടപ്പെടുത്തുന്നു. മരണംവരെ ഇവയെല്ലാം മനുഷ്യാ

വസ്ഥയുടെ അവിഭാജ്യഘടകങ്ങളായി നിലനിൽക്കുന്നു. ധനവും അധികാരവും അറിവും മറ്റുനേട്ടങ്ങളും കരതലാമലകമായാലും മനുഷ്യർ തൃപ്തരാകുന്നില്ല. ദാരിദ്ര്യത്തിൽ കഴിയുന്നവർ ധനവാന്മാരാകുന്നതു സ്വപ്നം കാണുന്നു. ധനവാൻ തന്റെ ധനം അഞ്ചിരട്ടിയും പത്തിരട്ടിയുമാകുന്നത് സങ്കല്പിക്കുന്നു. രോഗി അരോഗദൃഢഗാത്രനാവാൻ അഭിലഷിക്കുന്നു. ആരോഗ്യവാന്മാർ വാർധക്യത്തെ ഭയപ്പെടുന്നു. വിവിധ കഴിവുകളുള്ളവർ അവ ഒരിക്കലും നഷ്ടമാകരുതേയെന്നു പ്രാർത്ഥിക്കുന്നു. സുന്ദരി തൊലിയിലെ ചുളിവുകളെ പറ്റി ഭയത്തോടെ ചിന്തിക്കുന്നു.ഒഴിവാക്കാനാഗ്രഹിക്കുന്നവ സംഭവിക്കുമ്പോഴും ആഗ്രഹിക്കുന്നത് നടക്കാതിരിക്കുമ്പോഴും മനുഷ്യർ ഹതാശരാകുന്നു. മനുഷ്യരെല്ലാവരും അവസാനിക്കാത്ത ദു:ഖങ്ങളാലും ആശങ്കകളാലും ആശകളാലും വേട്ടയാടപ്പെടുന്നു. വേട്ടനായ്ക്കളുടെ മുന്നിൽ അന്തംവിട്ടോടുന്ന മുയലുകളെപ്പോലെയാണവർ. ഒടുവിൽ രോഗവും വാർധക്യവും മരണത്തിലേക്കു വലിച്ചിടുമ്പോൾ എല്ലാം മണ്ണിലാവുന്നു. അതുവരെ നേടിയതെല്ലാം അനാവശ്യങ്ങളാവുന്നു. എല്ലാം നിഷ്പ്രയോജനങ്ങളാവുന്നു. കൂടെക്കൊണ്ടുപോകാൻ കഴിയുന്നില്ല. ഈ അവസ്ഥയ്ക്കുള്ള പരിഹാരമാണ് സിദ്ധാർത്ഥൻ തേടിയത്. ഒടുവിൽ അദ്ദേഹം കണ്ടെത്തി, മനുഷ്യമനസ്സാണ് അവന്റെ കഷ്ടപ്പാടുകൾക്കു പ്രധാന കാരണമെന്ന്. അതായിരുന്നു ബോധോദയം.

മനുഷ്യർ സന്തോഷം അനുഭവിക്കുമ്പോൾ തന്നെ ആ സന്തോഷം എന്നും നിലനിൽക്കുമോയെന്ന് ആകുലപ്പെടുന്നു. ദു:ഖം അനുഭവിക്കുമ്പോൾ അതെങ്ങനെ ഒഴിവാക്കാമെന്നു ചിന്തിച്ചു കൂടുതൽ കഷ്ടപ്പെടുന്നു. ദു:ഖത്തിലെന്നപോലെ സന്തോഷത്തിലും മനസ്സ് സമാധാനമില്ലായ്മ അനുഭവിക്കുന്നു.

സന്ന്യാസത്തിലേക്കു തിരിയുന്ന മനുഷ്യൻ ആത്യന്തികമായി തേടുന്നത് സമാധാനമാണ്. നിനക്കുള്ളതെല്ലാം ഉപേക്ഷിച്ച് എന്റെ പിന്നാലെ വരികയെന്ന യേശുവിന്റെ ആഹ്വാനം സന്ന്യാസത്തിലേക്കും സമാധാനത്തിലേക്കുമുള്ള വിളിയാണ്. ദൈവം അനശ്വരമായ സമാധാനത്തിന്റെ നിത്യ സങ്കേതമാണ്.

ക്രിസ്തീയ സന്ന്യാസത്തിന്റെ ഏറ്റവും ആദ്യത്തെ മാതൃക സ്നാപക യോഹന്നാനാണ്. മരുഭൂമിയിൽ വിളിച്ചുപറഞ്ഞ ശബ്ദമായ ആ മനുഷ്യൻ വളരെ പരുക്കനായ ജീവിതമാണ് നയിച്ചത്. ഒട്ടകരോമം കൊണ്ടുള്ള വസ്ത്രം ധരിച്ചും വെട്ടുക്കിളികളും കാട്ടുതേനും ഭക്ഷിച്ചും ജീവിച്ചു. ലോകസുഖങ്ങൾ അദ്ദേഹത്തെ സ്പർശിച്ചതേയില്ല. സ്ഥലവും കാലവും അദ്ദേഹത്തെ ബാധിച്ചതേയില്ല. രാജ്യത്തെയും രാജാവിനെയും പരിഗണിച്ചില്ല. സ്വയം

ശൂന്യനാക്കുന്ന ഒരാൾ എന്തിനെയാണ് ഭയപ്പെടേണ്ടത്. മരണത്തിന്റെ നിത്യശൂന്യതപോലും അദ്ദേഹത്തിനു നിസാരമാണ്. താലത്തിൽ പ്രദർശിപ്പിച്ച യോഹന്നാന്റെ ശിരസ് സലോമിക്കുള്ള സമ്മാനമല്ല, മരണത്തോടുള്ള പരിഹാസമാണ്.

തന്നെത്തന്നെ പരിപൂർണമായി നിഷേധിച്ചുകൊണ്ടുള്ള ജീവിതം നയിക്കാനാണ് സന്ന്യാസി പരിശ്രമിക്കുന്നത്. സന്ന്യാസത്തിന്റെ വാച്യാർത്ഥം സമ്പൂർണമായ ഉപേക്ഷ എന്നാണ്. ആത്മീയതയുടെ ഉയർന്ന തലത്തിൽ ദൈവവുമായി ഗാഢബന്ധം സ്ഥാപിക്കുവാനുള്ള ശ്രമമാണ്. 'അഹം ബ്രഹ്മാസ്മി' എന്നു കണ്ടെത്താൻ കഴിയണമേ എന്നാണ് പ്രാർത്ഥന. ഞാനും ബ്രഹ്മം തന്നെയാണ് എന്നു മനസ്സിലാക്കുകയാണു ജീവിതലക്ഷ്യം. ആശ്രമജീവിതത്തിൽ സന്ന്യാസത്തിന്റെ സത്ത ഉള്ളടങ്ങിയിട്ടുണ്ട്. പക്ഷേ ആശ്രമവാസി സഭാപരമായ നിയമങ്ങൾ പാലിക്കാൻ ബാധ്യസ്ഥനാണ്. ആശ്രമവാസികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒട്ടേറെ ഘടകങ്ങളുമുണ്ടാവും. ഈ കൂട്ടായ്മയുടെ സ്വഭാവം നിർണയിക്കുന്നതിൽ കാരിസം വലിയ പങ്ക് വഹിക്കുന്നു. ഭൂരിപക്ഷം ആശ്രമവാസികളും സന്ന്യാസികളാവും. എന്നാൽ സന്ന്യാസികൾ ആശ്രമവാസികൾ ആവണമെന്നില്ല. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം തുടങ്ങിയവയിലെല്ലാം ക്രിസ്തുമതത്തിലെ പോലെ സന്ന്യാസ ജീവിതപന്ഥാവും സന്ന്യസ്തരുമുണ്ട്.

ക്രിസ്ത്യൻ ആശ്രമ ജീവിതം യഹൂദരുടെ ഇടയിലെ എസീനികളിൽ നിന്നാണ് പ്രചോദനം നേടിയത്. എസീനികൾ ഗുഹകളിലും മരുഭൂമികളിലും വസിച്ചിരുന്ന രഹസ്യാത്മക സ്വഭാവമുള്ള വിഭാഗമായിരുന്നു. സ്നാപക യോഹന്നാൻ എസീനി ആയിരുന്നുവെന്നാണ് പണ്ഡിതമതം. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് ക്രിസ്തുമതം രാജാധികാരത്തിന്റെ പ്രോത്സാഹനവും സ്വാതന്ത്ര്യവും അവകാശങ്ങളുമുള്ള മതമായപ്പോഴാണ് ക്രിസ്തുമതത്തിൽ സന്ന്യാസ ജീവിതത്തിനു സ്വീകാര്യത വർധിച്ചത്. മതം 'രാജകീയ'മായപ്പോൾ ദൈവത്തോട് അടുത്തുള്ള ജീവിതം നയിക്കുക എളുപ്പമല്ലെന്നു ചിന്തിച്ചവരാണ് സന്ന്യാസ ജീവിതത്തിന്റെ വഴികൾ തേടിയത്. അവർ ചക്രവർത്തിയുടെ സംരക്ഷണമുള്ള ക്രിസ്തുമതത്തിനു നേർക്കു പുറംതിരിച്ചുകൊണ്ട് മരുഭൂമിയിലേക്കു പോയി. അവർക്കു മുമ്പേ മരുഭൂമിയിലെ ഏകാന്തത തേടിപ്പോയവരുണ്ട്. അവിടത്തെ ഇല്ലായ്മകളിലും വല്ലായ്മകളിലും പരുക്കൻ ജീവിതത്തിലും യേശുവിനെ പിൻചെല്ലാനും അനുകരിക്കാനും എളുപ്പമാണെന്ന് അവർ കരുതി.

ഭിക്ഷാടനവും ഉപവാസവുമൊക്കെ സന്ന്യാസിയുടെ സാർവ

ദേശീയമായ അടയാളങ്ങളാണ്. പ്രാർത്ഥനാനിരതനായ സന്ന്യാസി വിനയവും കാരുണ്യവും ക്ഷമയും ജീവിതത്തോട് ചേർത്തു പിടിച്ചിരിക്കും. ദൈവത്തിന്റെ ആത്മീയ ഭക്ഷണമേശയിലെ അപ്പം ഭക്ഷിക്കുന്നതാണ് പ്രാർത്ഥന. ആ അപ്പം ഭക്ഷിക്കുന്നവർ ഇന്ദ്രിയസുഖങ്ങളിൽ നിന്ന് പരമാവധി അകലം പാലിക്കും. ഭൗതിക സമ്പാദ്യങ്ങളെ തൃണവൽഗണിക്കും. ഉള്ളിൽ അനുഭവിക്കുന്ന ബ്രഹ്മാനന്ദതുല്യമായ ആനന്ദത്തോടെ സന്ന്യാസി ലോകത്തെ നോക്കി ചിരിക്കും. ചക്രവാളത്തിലെ മഴവില്ല് ഭൂമിയെ നോക്കി ചിരിക്കുന്നതുപോലെയാണത്. വിശുദ്ധന്മാരായ ഓരിജൻ, ജറോം, ജോൺ ക്രിസോസ്റ്റം, അഗസ്റ്റിൻ എന്നിവർ സുവിശേഷങ്ങൾ വ്യാഖ്യാനിച്ചിട്ടുള്ളത് ഉന്നതമായ സന്ന്യാസാത്മീയതയുടെ പശ്ചാത്തലത്തിലാണ്. ആദിമ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം വിചാരിച്ചിരുന്നത് നിത്യരക്ഷയ്ക്കുള്ള ഏക മാർഗം സന്ന്യാസമാണെന്നാണ്. ക്രിസ്തുമതത്തിൽ വിഖ്യാതരായ സന്ന്യാസികൾ ഏറെയുണ്ട്. ആവിലായിലെ വിശുദ്ധ തെരേസ, വിശുദ്ധ ഫ്രാൻസിസ് അസീസി, അസീസിയിലെ വിശുദ്ധ ക്ലാര തുടങ്ങിയ അനേകർ. ആ നിരയിലാണ് വിശുദ്ധ ചാവറയച്ചന്റെ സ്ഥാനവും. ജ്ഞാനസ്നാനത്തിലൂടെ കുര്യാക്കോസായ അദ്ദേഹം സന്ന്യാസത്തിലൂടെ ഏലിയാസായി (ഏലിയ). സ്നാപക യോഹന്നാനിലും യേശുവിലും യഹൂദ ജനത ഏലിയായെ കണ്ടു. പ്രാർത്ഥനയിലൂടെ ദൈവസ്വരം കേൾക്കുകയും അതു രാജ്യത്തിൽ പ്രകാശിപ്പിക്കുകയും ചെയ്ത ഏലിയാ പ്രവാചകനെപ്പോലെയാണ് ചാവറയച്ചനും.[1] കുര്യാക്കോസ് എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'ഞാൻ കർത്താവിന്റേതാണ്' എന്നത്രെ.

ക്രിസ്തുമതത്തിൽ ഇന്നു സന്ന്യാസ ജീവിതം വിവിധ ഭാവങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നത് മുഖ്യമായും ആശ്രമജീവിതത്തിലാണ്. ആ നിരയിലാണ് ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസ സഭയായ സി.എം.ഐ. സഭയുടെ സ്ഥാനം. കേരളത്തിൽ ഉദയംകൊണ്ട ഈ സന്ന്യാസ സഭ ഇന്നു ലോകവ്യാപകമായി മുന്നേറുന്നു. കേരളത്തിൽ നിന്നു മറ്റു സംസ്ഥാനങ്ങളിലേക്കു കടന്നതോടെ ദേശീയ തലത്തിലേക്കും, ഇന്ത്യയ്ക്കു വെളിയിൽ മറ്റു രാജ്യങ്ങളിൽ വ്യാപിച്ചതോടെ അന്തർദേശീയ തലത്തിലേക്കും ഈ സന്ന്യാസ സഭ പടർന്നു കയറിയിരിക്കുന്നു.

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ഏ.ഡി. 30 മുതൽ 100 വരെയുള്ള കാലഘട്ടത്തെ അപ്പസ്തോലന്മാരുടെ കാലമെന്നാണു വിളിക്കുന്നത്. ഏ.ഡി. 100 നുശേഷം 300 വരെയുള്ള കാലഘട്ടം രക്തസാക്ഷികളുടെ കാലം എന്നാണറിയപ്പെടുന്നത്. ഏ.ഡി. 300

മുതൽ 500 വരെയുള്ള കാലത്തെ വിശേഷിപ്പിക്കുന്നത് വനവാസികളുടെ കാലമെന്നാണ്. ഏ.ഡി. 259- 356 കാലഘട്ടത്തിൽ ഈജിപ്തിൽ ജീവിച്ചിരുന്ന വനവാസിയായ അന്തോണിയാണ് ക്രിസ്തീയ സന്ന്യാസത്തിന് തുടക്കം കുറിച്ചതെന്നു കരുതുന്നു. ഈജിപ്തിൽ നിന്നു ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിലേക്കും ഏഷ്യയിലേക്കും സന്ന്യാസ ജീവിതത്തിന്റെ അലയൊലികൾ കടന്നു ചെന്നു. വിശുദ്ധ ബസേലിയോസിന്റെ കാലത്ത് സന്ന്യാസികൾ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ അനുഷ്ഠിക്കാൻ നിയമംമൂലം ബാധ്യസ്ഥരായി. പൗരസ്ത്യ രാജ്യങ്ങളിൽ വളർന്ന സന്ന്യാസം പാശ്ചാത്യ നാടുകളിലേക്കു വ്യാപിക്കുകയായിരുന്നു.

സന്ന്യാസ സമൂഹ ജീവിതത്തിനു പ്രാധാന്യം കിട്ടിയ കാലഘട്ടമാണ് ഏ.ഡി. 500 മുതൽ 1200 വരെ. ക്രിസ്തുവിനെ അനുകരിക്കാൻ കാനനവാസിയാകേണ്ട എന്ന ചിന്ത ശക്തമായി. വിശുദ്ധ അംബ്രോസും വിശുദ്ധ എവുസേബിയൂസും വിശുദ്ധ അഗസ്റ്റിനും പാശ്ചാത്യ സന്ന്യാസ ജീവിത പ്രവാഹത്തിനു പുതിയ കൈവഴികൾ വെട്ടിത്തുറന്നു. ഏ.ഡി. 480 മുതൽ 547 വരെ ജീവിച്ചിരുന്ന വിശുദ്ധ ബെനഡിക്ട് പാശ്ചാത്യ സന്ന്യാസത്തിന്റെ പിതാവായി അറിയപ്പെടുന്നു.

ഏ.ഡി. 500 മുതൽ 1200 വരെയുള്ള കാലം മൊണാസ്റ്റിക് പീരിയഡ് എന്നാണറിയപ്പെടുന്നത്. 1200-നു ശേഷം വിവിധ സന്ന്യാസ സമൂഹങ്ങൾ വളർന്നു വന്നു. സഭയുടെ സന്നിഗ്ധ ഘട്ടങ്ങളിൽ സവിശേഷ സിദ്ധികളും പ്രവർത്തന ശൈലികളുമുള്ള സന്ന്യാസ സമൂഹങ്ങൾ ജന്മംകൊണ്ടു.

ഫ്രാൻസിസ്കൻസ്, ജെസ്യൂട്ട്സ്, ബെനഡിക്ടൈൻസ്, സലേഷ്യൻസ്, ഡൊമിനിക്കൻസ്, കാർമലൈറ്റ്സ് തുടങ്ങിയ പ്രമുഖ സന്ന്യാസ സഭകളുടെ നിരയിലാണ് ഇന്നു സി.എം.ഐ. സഭയുടെ സ്ഥാനം. പ്രവർത്തന വ്യാപ്തിയും വൈവിധ്യവും കൊണ്ട് ഇന്ത്യയിലെ ജെസ്യൂട്ട്സ് എന്ന് ഈ സന്ന്യാസ സഭയെ വിശേഷിപ്പിക്കാറുണ്ട്.

1209 ഫെബ്രുവരി 24-നു വിശുദ്ധ ഫ്രാൻസിസ് അസീസിയാണ് ഫ്രാൻസിസ്കൻ സഭ (Order of Friars Minor- OFM) സ്ഥാപിച്ചത്. പരിവ്രാജകരെപ്പോലെ പരമാവധി ദാരിദ്ര്യം പാലിച്ചു ജീവിക്കുകയാണ് ഈ സന്ന്യാസ സഭയിലെ അംഗങ്ങൾ ചെയ്യുന്നത്. യേശുവിന്റെ ദാരിദ്ര്യത്തിൽ പങ്കുപറ്റുകയാണ് ലക്ഷ്യം. സുവിശേഷത്തിനു ജീവിതസാക്ഷ്യം നൽകുക, യേശുവിനെ പിന്തുടരുക, വിശ്വാസ സാഹോദര്യത്തിൽ വ്യാപരിക്കുക എന്നിവയാണ് മറ്റു

ലക്ഷ്യങ്ങൾ. വിശുദ്ധ ഫ്രാൻസിസ് അസീസിയെ കൂടാതെ വിശുദ്ധരുടെ നിര തന്നെയുണ്ട് ഈ സഭയിൽ. പാദുവായിലെ വിശുദ്ധ അന്തോണി, വിശുദ്ധ ബൊനവെന്തൂരെ, വിശുദ്ധ ക്ലാര, വിശുദ്ധ പിയോ, വിശുദ്ധ മാക്സിമിലിയൻ കോൾബെ തുടങ്ങിയവർ. There are three orders of Franciscans that include sub divisions as well as specific affiliations. The First Order includes three branches: the earliest branch, dating back to Francis himself, and are known as "Franciscans' or " Observans'' who are religious Order of Men; the Order of Friars minor Capuchin simply "Capuchins', and the Order of Friars Minor - Conventual or simply "Conventuals'. The second order is the order of St. Clare, or the poor clares, which is a group of religious women. The third order includes two branches: the secular Franciscans and the third Order Franciscans. Secular Franciscans live out the Fransciscan charisms within their vocations, and these people are not consecrated as religious brothers or sisters or ordained as priests. Third Order Franciscans live in religious communities and live under traditional religious vows.

വിശുദ്ധ ഇഗ്നേഷ്യസ് ലയോള എന്ന പുരോഹിതനായി മാറിയ പട്ടാളക്കാരൻ 1534-ൽ സ്ഥാപിച്ചതാണ് സൊസൈറ്റി ഓഫ് ജീസസ് എന്ന സന്ന്യാസസഭ. ഇതിലെ അംഗങ്ങൾ ജെസ്യൂട്ട്സ് എന്നറിയപ്പെടുന്നു. സുവിശേഷവത്ക്കരണ മണ്ഡലത്തിലും വിദ്യാഭ്യാസ മേഖലയിലും അജപാലന രംഗത്തും ജെസ്യൂട്ടുകൾ പ്രവർത്തിക്കുന്നു. ഇവരിൽ സന്ന്യാസ വൈദികരും സന്ന്യാസ സഹോദരന്മാരും (ബ്രദേഴ്സ്) ഉൾപ്പെടുന്നു. 1540 സെപ്റ്റംബറിൽ പോൾ മൂന്നാമൻ മാർപാപ്പ ഈ സന്ന്യാസ സമൂഹത്തെ അംഗീകരിച്ചു. എല്ലാ വസ്തുക്കളിലും ദൈവത്തെ കാണുക എന്നതാണ് സഭയുടെ പ്രഖ്യാപിത ലക്ഷ്യം.

വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ ആകർഷകമായ നേതൃത്വത്തിൽ സഭ അതിവേഗം വളർന്നു. പ്രൊട്ടസ്റ്റന്റ് നവീകരണത്തിനു ബദൽ ഒരുക്കുന്നതിൽ ഇവർ വിജയിച്ചു. അങ്ങനെ ഒട്ടേറെപ്പേരെ മാതൃസഭയിലേക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. ലോകത്ത് പല രാജ്യങ്ങളിലും ജെസ്യൂട്ടുകൾക്കു പീഡനങ്ങൾ സഹിക്കേണ്ടി വന്നെങ്കിലും ഇന്ത്യയിലും ചൈനയിലും അവർ സ്വാഗതം ചെയ്യപ്പെട്ടു. 1773-ൽ ക്ലമന്റ് പതിനാലാമൻ മാർപാപ്പ ഈ സഭയെ പിരിച്ചുവിട്ടെങ്കിലും 1814-ൽ പീയൂസ് ഏഴാമൻ മാർപാപ്പ അംഗീകാരം പുനഃസ്ഥാപിച്ചു. 1622-ൽ ഇഗ്നേഷ്യസ്

ലയോളയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിങ്ങനെ സന്ന്യാസ സഭകൾക്കു പൊതുവായ മൂന്നു വ്രതങ്ങളോടൊപ്പം ജെസ്യൂട്ടുകൾ തങ്ങളുടെ പ്രത്യേകതയായ നാലാമതൊരു വ്രതത്തെക്കുറിച്ച് പറയുന്നു: " ... a fourth vow of obedience specifically in regard to worldwide mission. In other words, Jesuits must be ready to accept whatever mission the Pope requires, a vow that is reflective of broader dedication to the Universal Church, and to the greater good of all people from all faiths and cultures." ആഗോളസഭയുടെ ആവശ്യങ്ങൾക്കനുസരിച്ചു പ്രത്യുത്തരിക്കുക എന്നത് സി.എം.ഐ. സഭയും ദൗത്യമായി ഏറ്റെടുത്തിട്ടുണ്ട്.

വിശുദ്ധ ബെനഡിക്ടാണ് ബെനഡിക്ടൈൻ സന്ന്യാസ സഭയുടെ സ്ഥാപകൻ. ഇറ്റലിയിലെ സുബിയാക്കോയിൽ ഏ.ഡി. 529-ലാണ് സഭ സ്ഥാപിതമായതെന്നു പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു. സുബിയാക്കോയിൽ തുടങ്ങിയ ഏകാന്ത ജീവിതം മോണ്ടേകാസിനോയിൽ ആശ്രമം സ്ഥാപിച്ചതോടെ വ്യവസ്ഥാപിതമായി. ഏ.ഡി. 547-ൽ വിശുദ്ധൻ അന്തരിച്ചപ്പോൾ സംസ്കരിച്ചത് ഇവിടെയാണ്. ആശ്രമജീവിതം സംബന്ധിച്ച് വിശുദ്ധൻ ആവിഷ്കരിച്ച നിയമങ്ങളെയും വിശുദ്ധനെയും 594-ൽ ഗ്രിഗറി മാർപാപ്പ പ്രശംസിച്ചപ്പോൾ ലോകം ശ്രദ്ധിച്ചു. എട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇംഗ്ലണ്ടിലെ സന്ന്യാസിമാർ തങ്ങൾ പിന്തുടരുന്നത് വിശുദ്ധ ബെനഡിക്ടിന്റെ നിയമങ്ങളാണെന്നു അഭിമാനത്തോടെ പറഞ്ഞു. അവരാണ് ആദ്യത്തെ യഥാർഥ ബെനഡിക്ടൈൻ സന്ന്യാസിമാർ. തങ്ങളുടെ മിഷൻ പ്രവർത്തനങ്ങളിലൂടെ അവർ ഈ നിയമങ്ങൾ യൂറോപ്പിനു പരിചിതമാക്കി. ഏ.ഡി. 816-817 ൽ നടന്ന സിനഡ് വിശുദ്ധ ബെനഡിക്ടിന്റെ നിയമങ്ങൾ സന്ന്യാസിമാർക്കു ബാധകമാണെന്നു പ്രഖ്യാപിച്ചു. അങ്ങനെ ഫ്രാൻസ്, ബെൽജിയം, ഹോളണ്ട്. സ്വിറ്റ്സർലൻഡ്, ജർമനി, ഇറ്റലിയുടെയും ഓസ്ട്രിയയുടെയും ചില ഭാഗങ്ങൾ എന്നിവിടങ്ങളിലുള്ള ആശ്രമങ്ങളിലെ സന്ന്യാസിമാരും സന്ന്യാസിനിമാരും വിശുദ്ധ ബെനഡിക്ടിന്റെ നിയമങ്ങളുടെ കീഴിലായി. പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം സന്ന്യാസ ആശ്രമജീവിതത്തെ ശക്തമായി എതിർത്തതിന്റെ ഫലമായി ഇംഗ്ലണ്ട്, വടക്കൻ അയർലൻഡ്, ഹോളണ്ട്, സ്കാൻഡിനേവിയ എന്നീ രാജ്യങ്ങളിൽ ആശ്രമജീവിതം ഒട്ടൊക്കെ അപ്രത്യക്ഷമായി. എന്നാൽ കത്തോലിക്കാ രാജ്യങ്ങളിൽ ബെനഡിക്ടൈൻ ആശ്രമജീവിതം വളർന്നു പന്തലിച്ചു. വിവിധ സന്ന്യാസ ആശ്രമങ്ങൾ പാണ്ഡിത്യത്തിന്റെയും സംസ്കാരത്തിന്റെയും വിദ്യാഭ്യാ

സത്തിന്റെയും കേന്ദ്രങ്ങളായി അറിയപ്പെട്ടു. അവർ ജനങ്ങളെ ശാസ്ത്രീയമായി കൃഷി ചെയ്യാനും തോട്ടങ്ങളുണ്ടാക്കാനും പഠിപ്പിച്ചു. ബാക്ടീരിയോളജിയുടെ അടിസ്ഥാനമിട്ടത് ജെസ്യൂട്ട് സന്ന്യാസിയായ ഫാ.അത്തനാസിയൂസ് ക്രിഷ്ചർ (1671) ആണ്. അണുജീവികൾ രക്തത്തിൽ കടക്കുകയും ജീവിക്കുകയും ചെയ്യുന്നുണ്ടെന്ന് ആദ്യമായി പറഞ്ഞത് ഇദ്ദേഹമാണ്. പാരമ്പര്യവുമായി ബന്ധപ്പെട്ട ജീൻസ് (Genes) എന്ന വാക്ക് രൂപപ്പെടുത്തുകയും അതേക്കുറിച്ച് വിശദീകരിക്കുകയും ചെയ്ത ഗ്രിഗർ മെൻഡൽ അഗസ്റ്റീനിയൻ സന്ന്യാസ സഭാംഗമാണ്. ജെനിറ്റിക്സിന്റെ പിതാവ് എന്നാണ് അറിയപ്പെടുന്നത്.

ജെസ്യൂട്ട് സഭാംഗങ്ങൾ ശാസ്ത്രത്തിന്റെ വളർച്ചയ്ക്കു ഗണ്യമായ സംഭാവനകൾ ചെയ്തവരാണ്. ഭൂകമ്പം സംബന്ധിച്ച പഠനങ്ങളിൽ അവരുടെ സംഭാവനകൾ വലുതായതിനാൽ ഒരുകാലത്ത് അതു സംബന്ധിച്ച ശാസ്ത്രത്തെ 'ജെസ്യൂട്ട് സയൻസ്' എന്നു വിളിച്ചിരുന്നു. പെൻഡുലം ക്ലോക്ക്, പാന്റോഗ്രാഫ് (Pantograph), ബാരോമീറ്റർ, റിഫ്ളെക്ടിംഗ് ടെലസ്കോപ്പ്, മൈക്രോസ്കോപ്പ് എന്നിവ വികസിപ്പിച്ചെടുക്കുന്നതിലും ജെസ്യൂട്ടുകളുടെ സംഭാവന വലുതാണ്.  പറക്കാനുള്ള സാധ്യതയെപ്പറ്റി അഥവാ വിമാനത്തെ സംബന്ധിച്ച തിയറി ആദ്യമായി അവതരിപ്പിച്ചത് അവരാണ്. കടലിലെ വേലിയേറ്റത്തെയും വേലിയിറക്കത്തെയും ചന്ദ്രൻ സ്വാധീനിക്കുന്നുവെന്ന് ആദ്യമായി പറഞ്ഞതും ജെസ്യൂട്ടുകളാണ്. വെളിച്ചത്തിന്റെ തരംഗസ്വഭാവത്തെക്കുറിച്ച് ഏറ്റവും ആദ്യം സൂചിപ്പിച്ചതും ജെസ്യൂട്ട് പുരോഹിതന്മാരാണ്. ക്രൈസ്തവ സന്ന്യാസിമാരുടെ ശാസ്ത്ര സംഭാവനകൾ വേറെയുമുണ്ട്.

ലോകത്തിലെ പ്രമുഖ സർവകലാശാലകളിൽ പഠിച്ച് പിഎച്ച്.ഡി. ബിരുദം നേടിയ നിരവധി വൈദികർ സി.എം.ഐ.സഭയിലുണ്ട്. ശാസ്ത്രജ്ഞന്മാരും എൻജിനിയർമാരും വിദ്യാഭ്യാസ വിചക്ഷണരും മാനേജ്മെന്റ് വിദഗ്ധരും മികവുറ്റ അധ്യാപകരുമുണ്ട്. അവർ തങ്ങളുടെ അറിവുകൾ പൊതുസമൂഹത്തിന്റെ ഉന്നമനത്തിനായി പങ്കുവയ്ക്കുന്നു.

പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഉരുത്തിരിഞ്ഞുവന്ന തത്വചിന്താപരവും രാഷ്ട്രീയവുമായ നവദർശനങ്ങൾ സന്ന്യാസിമാർക്കും ആശ്രമങ്ങൾക്കും അനുകൂലമായിരുന്നില്ല. ദൈവവിശ്വാസം വിമർശന വിധേയമായി. ആശ്രമങ്ങൾ അന്ധവിശ്വാസങ്ങളുടെയും പിന്തിരിപ്പൻ ചിന്തകളുടെയും ഉറവിടങ്ങളെന്നു ആക്ഷേപിക്കപ്പെട്ടു. 1760-നു ശേഷമുള്ള ദശാബ്ദങ്ങളിൽ യൂറോപ്പിലെ ആശ്രമങ്ങളിൽ 95 ശതമാനവും സർക്കാരിന്റെ അടിച്ചമർത്ത

ലിനും യുദ്ധക്കെടുതികൾക്കും വിപ്ലവങ്ങൾക്കും കീഴ്പ്പെട്ടു നശി ച്ചു. പള്ളികളെ ഫാക്ടറികളാക്കി. ആശ്രമ മന്ദിരങ്ങളെ പാറമടക ളാക്കി. ആശ്രമങ്ങളുടെ സ്ഥലങ്ങൾ കണ്ടുകെട്ടി. വിലപിടിപ്പുള്ള വയെല്ലാം പിടിച്ചെടുത്ത് സർക്കാർ ഖജനാവിലേക്കു മുതൽക്കൂ ട്ടി. വിലപിടിച്ച ആത്മീയ പുസ്തകങ്ങൾ നശിപ്പിച്ചു. നശിപ്പിക്കാ ത്തവയെ ദേശീയ ലൈബ്രറികളിലേക്ക് മാറ്റി.

ഈ പ്രതികൂല സാഹചര്യങ്ങളിലും യൂറോപ്പിൽ സന്ന്യാസവും ആശ്രമജീവിതവും പാടേ അപ്രത്യക്ഷമായില്ല. പത്തൊൻപതാം നൂറ്റാണ്ടായപ്പോൾ അവിടെ സന്ന്യാസത്തിനും ആശ്രമജീവിത ത്തിനും പുനർജീവൻ ലഭിച്ചു. പല യൂറോപ്യൻ രാജ്യങ്ങളിലും പുതുമഴയിൽ സസ്യജാലങ്ങൾ എന്നപോലെ പഴയ ആശ്രമ ങ്ങൾക്ക് പുതുജന്മം കിട്ടി. പുതിയ സന്ന്യാസ സമൂഹങ്ങൾക്ക് തുടക്കമിട്ടു. ഇവയിൽ ഭൂരിപക്ഷവും മിഷനറി സഭകളായിരുന്നു. ആശ്രമജീവിതത്തിനു കാലാനുസൃതമായ മാറ്റം വന്നു. ധനാഢ്യ രുടെ സംഭാവനകൾകൊണ്ട് ജീവിക്കുകയെന്ന അവസ്ഥ മാറി. സന്ന്യാസികൾ തങ്ങളുടെ നിത്യവൃത്തിക്കായി അധ്വാനിക്കാൻ തുടങ്ങി. ആശ്രമാധിപന്മാരുടെ പരമാധികാരത്തിനു കുറവു വന്നു. സഹസന്ന്യാസിമാരോട് അവർ അടുത്തിടപഴകാൻ തുടങ്ങി. ആശ്ര മങ്ങൾ സെമിനാരികളും സ്കൂളുകളും നടത്താൻ തുടങ്ങി. ചില ഇടവകകൾ അവരുടെ മേൽനോട്ടത്തിലായി. വിദേശത്തു മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തുടങ്ങി. യൂറോപ്യൻ കോളനി കൾ വികസിതമാവുന്ന കാലമായിരുന്നു അത്. ഇക്കാലത്തും ബെനഡിക്ടൈൻ സന്ന്യാസ സഭയ്ക്ക് ഒരു കേന്ദ്രീകൃത നേതൃത്വം ഉണ്ടായിരുന്നില്ല. അതിനാൽ ലെയോ പതിമൂന്നാമൻ മാർപാപ്പ അവർക്കായി റോമിൽ ഒരു സ്റ്റഡി ഹൗസ് തുറന്നു. 1893-ൽ ബെനഡിക്ടൈൻ കോൺഫെഡറേഷനു തുടക്കം കുറി ച്ചു. ആബട്ട് പ്രൈമേറ്റ് (Abbot Primate) അതിന്റെ തലവനായി. സന്ന്യാസികളെപ്പോലെ സന്ന്യാസിനികളും ഈ സമൂഹത്തിലു ണ്ട്. While both Nuns and Sisters are addressed as ‘sister’, there is a distinction made in the Catholic Church which is generally not made by the public. Nuns take solemn vows and are cloistered, that is, they reside, pray and work within the confines of a monastery.

വിശുദ്ധ ജോൺ ബോസ്കോ സ്ഥാപിച്ചതാണ് സലേഷ്യൻ സഭ. വടക്കൻ ഇറ്റലിയിലെ ഒരു കർഷക കുടുംബത്തിൽ ഫ്രാൻ സിസ്-മാർഗരറ്റ് ദമ്പതികളുടെ മകനായി 1815 ഓഗസ്റ്റ് 16-നാണ് ഫാ. ജോൺ ബോസ്കോ ജനിച്ചത്. 1841-ൽ പുരോഹിതനായി.

യുവജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നതിൽ പ്രത്യേക നൈപുണ്യം അച്ചനുണ്ടായിരുന്നു. തന്റെ യൂത്ത് സെന്ററിൽ നിത്യേന വന്നുകൊണ്ടിരുന്ന യുവാക്കളെ തന്റെ സേവന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ എളിയ തുടക്കത്തിൽ നിന്നാണ് സലേഷ്യൻ സഭ വളർന്നു പടർന്നത്. വ്യവസായ വിപ്ലവത്തിന്റെ കാലത്ത് ദാരിദ്ര്യത്തിൽ ഞെരിപിരികൊണ്ട കുട്ടികളെ സഹായിച്ചുകൊണ്ടായിരുന്നു തുടക്കം. സന്ന്യാസ വൈദികരും അൽമായരും ഈ സഭയിൽ അംഗങ്ങളാണ്. സൊസൈറ്റി ഓഫ് സെന്റ് ഫ്രാൻസിസ് സാലസ് എന്നായിരുന്നു ആദ്യനാമം. ഇപ്പോൾ സലേഷ്യൻസ് ഓഫ് ഡോൺ ബോസ് കോ (എസ്.ഡി.ബി.) എന്നറിയപ്പെടുന്നു.

1845-ൽ ഫാ. ജോൺ ബോസ്കോ ആൺകുട്ടികൾക്കായി ഒരു നിശാപാഠശാല ഇറ്റലിയിലെ ടൂറിനിലുള്ള വോൾഡോക്കോയിൽ തുടങ്ങി. തുടർന്നുള്ള വർഷങ്ങളിൽ മറ്റു സ്ഥലങ്ങളിലും സ്കൂളുകൾ ആരംഭിച്ചു. വിദേശ രാജ്യങ്ങളിലേക്കും മറ്റു ഭൂഖണ്ഡങ്ങളിലേക്കും സലേഷ്യൻ സമൂഹം അതിവേഗത്തിൽ വളർന്നു. 1857-ലാണ് ഫാ. ജോൺ ബോസ്കോ തന്റെ സമൂഹത്തിനു നിയമാവലി നൽകിയത്. 1873-ൽ ഒൻപതാം പീയൂസ് മാർപാപ്പ ഇതിനംഗീകാരം നൽകി.

ഡൊമിനിക്കൻ സന്ന്യാസ സമൂഹം സുവിശേഷ പ്രസംഗകരുടെ സഭ എന്നറിയപ്പെടുന്നു. സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാർ മനസ്സിൽ കണ്ടിരുന്ന മാതൃക ഡൊമിനിക്കൻ സഭയുടേതാണ്. വിശുദ്ധ ഡൊമിനിക് 1214-ൽ ഫ്രാൻസിൽ ഈ സന്ന്യാസ സഭയ്ക്ക് ആരംഭം കുറിച്ചു. ഹൊണോരിയസ് മാർപാപ്പ ഔദ്യോഗിക അംഗീകാരം നൽകി. സുവിശേഷം പ്രസംഗിക്കുക, മതനിന്ദയെയും വേദവിരുദ്ധതയെയും നാസ്തികത്വത്തെയും നേരിടുക എന്നിവയാണ് പ്രധാന സ്ഥാപക ലക്ഷ്യങ്ങൾ. ബൗദ്ധികതയ്ക്കു ഊന്നൽ നൽകുന്ന ഈ സമൂഹത്തിൽ നിന്നു പ്രമുഖരായ ദൈവശാസ്ത്രജ്ഞന്മാരും തത്വശാസ്ത്രജ്ഞന്മാരും ഉയർന്നു വന്നിട്ടുണ്ട്. വിശുദ്ധ ഡൊമിനിക്കിനെ കൂടാതെ ശ്രദ്ധേയനായ സഭാംഗമാണു വിശുദ്ധ തോമസ് അക്വീനാസ്.

ഡൊമിനിക്കൻ സന്ന്യാസ സമൂഹത്തിന്റെ മാതൃകയിലും അമലോത്ഭവ മറിയത്തിന്റെ സംരക്ഷണയിൽ വളരാൻ ആഗ്രഹിച്ച സന്ന്യാസ സമൂഹം വരാപ്പുഴ മെത്രാപ്പോലീത്തയായ ബെർണർഡിൻ ബച്ചിനെല്ലിയുടെ ഇടപെടൽ വഴി കർമ്മലമാതാവിന്റെ സംരക്ഷണയിലുള്ളതായി. കർമ്മലീത്താസഭയുടെ നിയമങ്ങളാണ് ചെറിയ ഭേദഗതികളോടെ മെത്രാൻ 1855-ൽ പുതിയ

സന്ന്യാസ സമൂഹത്തിനു നൽകിയത്. തുടർന്ന് കർമ്മലീത്താസ ഭയുടെ മൂന്നാം സഭയാക്കി. അതിന്റെ കീഴിലുമാക്കി. ചാവറയച്ച നിലും ആദ്യപിതാക്കന്മാരിലും സംഘർഷമുണ്ടാക്കിയ തീരുമാ നമായിരുന്നു ഇത്. എന്നാൽ അവർ ദൈവപരിപാലനയിൽ വിശ്വ സിച്ചുകൊണ്ട് മെത്രാന്റെ തീരുമാനം ഉൾക്കൊണ്ടു.

ഇതു സംബന്ധിച്ച് ചാവറയച്ചൻ സഭാംഗങ്ങൾക്കു മുന്നിൽ തന്റെ മനസ്സ് തുറന്നതിങ്ങനെയാണ്: "പ്രിയമുള്ള കുഞ്ഞുങ്ങളേ, നാം സർവേശ്വരന്റെ വിശേഷ കൃപയാൽ ദേവമാതാവിനു എത്ര യും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു ദൈവാലോചനയിൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്നു ഇതു കടലാസ് എന്നു കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ, ഇതിന്റെ അടിസ്ഥാ നക്കാരായ പെ. ബ. പാലയ്ക്കൽ, പോരൂക്കര എന്ന തോമാച്ച ന്മാർ അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും ശുദ്ധ ദൊമ്മനീക്കോ സിന്റെ സഭക്കാരാകണമെന്നത്രെ. എന്നാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് പരിശുദ്ധ അമ്മ തന്റെ സവിശേഷ സ്നേഹത്തിൽ നമ്മെ ചേർത്തു." അങ്ങനെയാണ് ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസസഭ കർമ്മലീത്തക്കാരായി മാറിയത്. ചാവറയച്ചൻ ജീവി തത്തിൽ എന്നും പിന്തുടർന്നത് ദൈവത്തിൽ ആശ്രയിച്ചുകൊ ണ്ടുള്ള സഹകരണത്തിന്റെ പാതയാണ്. വിശുദ്ധ കത്തോലിക്കാ സഭയുടെ വിശാലതയുടെ ഭാഗമായി നിലനിൽക്കാനാണ് എന്നും ആഗ്രഹിച്ചിട്ടുള്ളത്.

ഫ്രാൻസിസ്കൻ പാരമ്പര്യമുള്ള സഭകളുടെ കാരിസമാണ് ദാരി ദ്ര്യം, ഈശോസഭയുടെ കാരിസമാണ്  വിദ്യാഭ്യാസവും ആഗോള സുവിശേഷവത്ക്കരണവും, സലേഷ്യൻ സഭയുടെ കാരിസമാണ് യുവാക്കൾക്കു വേണ്ടിയുള്ള ശുശ്രൂഷകൾ എന്നിങ്ങനെ പറയാ റുണ്ട്. അതുപോലെ സി.എം.ഐ. സഭയുടെ കാരിസമെന്താണെ ന്ന അന്വേഷണം പ്രസക്തമാണ്.

ചുറ്റിലുമുള്ള ലൗകിക ആരവങ്ങളിൽ നിന്നൊഴിഞ്ഞ് ശുദ്ധസ ന്ന്യാസത്തിന്റെ ചുവടുപിടിച്ചുള്ള ജീവിതമാണ് പോരൂക്കര മല്പാൻ ആഗ്രഹിച്ചത്. 'വനവാസ'ത്തിനു പോകാമെന്ന അദ്ദേഹ ത്തിന്റെ വാക്കുകൾ നൽകുന്ന സൂചനയതാണ്. സ്വന്തം ആത്മര ക്ഷയുടെ മാർഗമാണ് കാനനവാസിയായ സന്ന്യാസി അന്വേഷി ക്കുന്നത്. വ്യക്തിപരമായ ആത്മീയോന്നമനം സന്ന്യാസത്തോട് ചേർന്നു നിൽക്കുന്നതാണെങ്കിലും പാലയ്ക്കൽ മല്പാനും ചാവ റയച്ചനും ക്രൈസ്തവ സമൂഹത്തെ സമുദ്ധരിക്കുക എന്ന ലക്ഷ്യം കൂടി തങ്ങളുടെ സന്ന്യാസത്തിന്റെ ഭാഗമായി കണ്ടു. പ്രബുദ്ധ

മായ ഒരു ക്രൈസ്തവ സമൂഹത്തെ പരിശീലിപ്പിച്ചെടുക്കാൻ ഉതകുന്ന പണ്ഡിതരും പ്രഗത്ഭരും പ്രതിബദ്ധത നിറഞ്ഞവരുമായ വൈദിക സമൂഹത്തെ വാർത്തെടുക്കേണ്ടതിന്റെ അനിവാര്യത അവർക്കു ബോധ്യപ്പെട്ടിരുന്നു. ഡൊമിനിക്കൻ സഭയുടെ മാതൃക അവരെ ആകർഷിക്കാൻ കാരണമതാണ്.

പോരൂക്കര, പാലയ്ക്കൽ മല്പാന്മാരുടെയും ചാവറയച്ചന്റെയും ചിന്തകൾ സമന്വയിപ്പിച്ചപ്പോഴാണു ധ്യാനത്തിലും തപസ്സിലും ജീവിച്ച് ആത്മീയ ശക്തി നേടുക. അതു നവീകരണ ധ്യാനങ്ങൾ, വൈദിക പരിശീലനം, അധ്യാപനം, സുവിശേഷവത്ക്കരണം, മറ്റ് അജപാലന ശുശ്രൂഷകൾ തുടങ്ങിയ കൈത്തോടുകളിലൂടെ ഒഴുക്കിവിടുക. അങ്ങനെ സഭാനവീകരണത്തിന്റെ താലുകളായി തീരീൻ ഇടയാക്കുന്ന ജീവിതശൈലി പിന്തുടരുക. അത് അവർ ഒരുമിച്ച് അംഗീകരിച്ചു.[2]

കാലക്രമത്തിൽ അത് ഒരു വശത്തു പ്രാർത്ഥനയും തപസ്സും, മറുവശത്തു വൈദിക പരിശീലനം, അജപാലനം, ധ്യാനപ്രസംഗം, അധ്യാപനം മുതലായവയ്ക്കു നേതൃത്വം കൊടുക്കു ന്ന ശുശ്രൂഷാ ശൈലിയും ഒന്നു ചേർന്ന ആശ്രമ (കൊവേന്ത) ജീവിതമായി മാറി. 1831 മുതൽ ഇന്നുവരെ ഈ ജീവിതത്തിന്റെ തുടർച്ച എങ്ങനെ സാധ്യമായി അഥവാ എങ്ങനെ നിലനിർത്തി, അതു പുതിയ രൂപഭാവങ്ങൾ ആർജിച്ചുവോ; ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുവോ; ദേശീയവും അന്തർദേശീയവുമായ പുതിയ പ്രദേശങ്ങളിലൂടെ ഒഴുകി പരന്നപ്പോൾ സംഭവിച്ചവ എന്താണ് എന്നതെല്ലാം ചരിത്രാന്വേഷകന്റെ വിഷയങ്ങളാണ്.

കാലത്തിന് അനുസരിച്ചുള്ള മാറ്റങ്ങൾ അനിവാര്യമാണ്. വിശുദ്ധ ഫ്രാൻസിസ് അസീസി പിന്തുടർന്ന രീതിയിൽ ഒരു പരിവ്രാജക (ഭിക്ഷാടക) സന്ന്യാസ സമൂഹം ഇന്നും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നത് മാറ്റത്തിനെതിരായ സമീപനമാണ്. മാറാത്തത് ഒന്നേയുള്ളൂ, അതു മാറ്റമാണെന്നത് ഒരു രസത്തിനു ആവർത്തിക്കാൻ മാത്രമുള്ള കാര്യമല്ല, കാലം കരുതിവച്ചിരിക്കുന്ന സത്യമാണ്. സമുദ്രനിരപ്പിൽ നിന്നും 1800 അടി ഉയരത്തിലുള്ള കർമ്മല മലയിൽ കർമ്മലീത്ത സന്ന്യാസ സഭയുടെ സ്ഥാപകനായി വിശ്വസിക്കപ്പെടുന്ന ഏലിയ പ്രവാചകൻ പ്രാർത്ഥിച്ചിരുന്ന ഒരു ഗുഹയുണ്ട്. ഏലീശാ പ്രവാചകനും കർമ്മല മലയെ തന്റെ പ്രാർത്ഥനാ സങ്കേതമാക്കിയിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കുരിശുയുദ്ധക്കാരും തീർത്ഥാടകരും പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും അധിഷ്ഠിതമായ ഏകാന്ത ജീവിതം നയിക്കാൻ കർമ്മല മലയിൽ തങ്ങി. കർമ്മലീത്തരുടെ തുടക്കം അവിടെ

നിന്നാണ്. ഈ സന്ന്യാസ ജീവിതക്കാർ 1209–ൽ ജറുസലേം പാത്രിയർക്കീസിനെ സമീപിച്ച് സന്ന്യാസ ജീവിതത്തിനു യോജിച്ച ഒരു ഭരണഘടന തരുവാൻ അഭ്യർഥിച്ചു. അവർക്ക് ഒരു സ്ഥാപകൻ ഇല്ലായിരുന്നു എന്നതും അവർ വൈദികർ ആയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. കർമ്മല മലയിലെ സന്ന്യാസിമാർ പരിശുദ്ധ കന്യകാമാതാവിനോടുള്ള ഭക്തി യൂറോപ്പിലെങ്ങും പടർത്തി. 1238 മുതൽ കർമ്മല മലയിലെ ജീവിതം അപകടകരമായതിനാൽ അവർ കൂടുതലായി യൂറോപ്പിലേക്കു ചേക്കേറാൻ തുടങ്ങി.

യൂറോപ്പിൽ കുടിയേറിയ ഈ സന്ന്യാസിമാർക്ക് ജറുസലേം പാത്രിയർക്കീസ് കൊടുത്ത നിയമാവലി പൂർണമായ രീതിയിൽ പിന്തുടരാൻ വിഷമം അനുഭവപ്പെട്ടു. ഇന്നസെന്റ് നാലാമൻ മാർപാപ്പ നിയമങ്ങൾ കുറെക്കൂടി ലളിതമാക്കി.

സന്ന്യാസ ജീവിതം നയിക്കാനുള്ള ആഗ്രഹവുമായി പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും സ്തബെലിനി മെത്രാനെ സമീപിച്ചപ്പോൾ അദ്ദേഹം അവരോടു പറഞ്ഞത് കണിയാന്തറ യാക്കോബ് സഹോദരൻ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്:[3] "അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നു രണ്ടു പേരുള്ളത് മിണ്ടടക്കമായി വല്ലയിടത്തും ഒതുങ്ങിപ്പാർത്താൽ ലോകരെ പഠിപ്പിക്കുവാൻ ആരാണുള്ളത്? അതിനാൽ ഒരു കൊവേന്ത (സന്ന്യാസാശ്രമം) വെപ്പിൻ. അപ്പോൾ എല്ലാവർക്കും ഉപകാരമുണ്ടാകുമല്ലോ." കുറച്ചെങ്കിലും ജ്ഞാനമുള്ള മല്പാൻമാർ ആത്മരക്ഷ മാത്രം നോക്കി ഒതുങ്ങി ജീവിക്കാൻ ശ്രമിക്കാതെ ക്രിസ്തീയ സമൂഹത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കാനാണ് മെത്രാൻ ഉപദേശിച്ചത്. ആ ഉപദേശം വിവിധ തലങ്ങളിൽ പ്രാവർത്തികമാക്കിയതാണ് സി.എം.ഐ. സഭയുടെ ചരിത്രം. അതിന് അനുഭവിച്ച കഷ്ടപ്പാടുകൾ, അഭിമുഖീകരിച്ച പ്രതിസന്ധികൾ, അവയിലൂടെ വഴി നടത്തിയ ദൈവീക പദ്ധതി, അതിനോടു ചേർന്നു നിന്നു പ്രാർത്ഥന പ്രവൃത്തിയും പ്രവൃത്തി പ്രാർത്ഥനയുമാക്കിയ ആത്മീയാചാര്യന്മാർ, സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള അവരുടെ ശ്രമങ്ങൾ, അതിന്റെ വിജയപരാജയങ്ങൾ, കണ്ണീരണിഞ്ഞ അനുഭവങ്ങൾ, വൈദിക പരിശീലന രംഗത്തു കൈവരിച്ച വൻ വിജയങ്ങൾ, അജപാലന മികവ്, മിഷൻ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റങ്ങൾ തുടങ്ങിയ അനേകം ഘടകങ്ങൾ ഈ ചരിത്രത്തിന്റെ ഭാഗമാണ്.

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ സന്ന്യാസിമാരായിരുന്നു വ്യാപകമായി സഞ്ചരിച്ചുകൊണ്ടിരുന്നത്. അവരിലൂടെയാണ് ആശയങ്ങൾ വിടർന്നു വ്യാപിച്ചത്. പണ്ഡിതരായ അവരെ വിജ്ഞാ

നത്തിന്റെ കാവൽക്കാരായി പരിഗണിച്ചിരുന്നു. ആ കാലഘട്ടത്തിലാണ് യൂറോപ്പിൽ ആദ്യമായി ഉന്നത പഠനകേന്ദ്രങ്ങൾ സ്ഥാപിതമായത്. അധ്യാപകരായ സന്ന്യാസിമാർ അവിടെ ദൈവശാസ്ത്രം മാത്രമല്ല പഠിപ്പിച്ചിരുന്നത്. പ്രഭാഷണകല, അറബിക്, തത്വശാസ്ത്രം, നിയമം, ലോജിക് തുടങ്ങിയവ അവർ സമർത്ഥമായി കൈകാര്യം ചെയ്തു.

ഭാരതത്തിനു പരിചയമുള്ള സന്ന്യാസവും പാശ്ചാത്യ നാടുകളിൽ ഉരുത്തിരുഞ്ഞുവന്ന സന്ന്യാസവും തമ്മിൽ വലിയ അന്തരമുണ്ട്. ഭാരതീയ സന്ന്യാസം സമൂഹത്തിൽ നിന്നു മാറിനിന്ന മുനിമാരെ സൃഷ്ടിച്ചപ്പോൾ പാശ്ചാത്യ സന്ന്യാസം, "യൂറോപ്പിൽ സമൂഹ ജീവിതത്തിന്റെ ഊടും പാവും മായിച്ചെഴുതിയ വൈയാകരണരെ സൃഷ്ടിച്ചു."[4] ഇവരുടെ കേരളീയ മാതൃകയാണ് വിശുദ്ധ ചാവറയച്ചൻ. അദ്ദേഹം പണ്ഡിതനായ വൈദികനും, ഭാവനാശാലിയായ കവിയും, ഊർജസ്വലനായ സംഘാടകനും, കാലത്തിനപ്പുറം കണ്ട വിദ്യാഭ്യാസ പ്രവർത്തകനും, സമഗ്രദർശനമുള്ള സാമൂഹിക പ്രവർത്തകനും, രംഗബോധമുള്ള നാടകകൃത്തുമായിരുന്നു. പുറമെനിന്നു നോക്കുമ്പോൾ ചാവറയച്ചൻ ആത്മീയ ഗുരു മാത്രമാണെന്നു തോന്നാം. എന്നാൽ അദ്ദേഹം ഇരുപതാം നൂറ്റാണ്ടിൽ പരിവർത്തനത്തിനു വിധേയമായ കേരളീയ സമൂഹത്തെ പത്തൊൻപതാം നൂറ്റാണ്ടിൽ പരുവപ്പെടുത്തിയ നിശബ്ദനായ സാമൂഹിക പരിഷ്കർത്താവും ആയിരുന്നുവെന്ന് പ്രമു ഖ ചരിത്രകാരന്മാർ ഇപ്പോൾ വായിച്ചെടുക്കുന്നുണ്ട്. കേരളീയ നവോത്ഥാന നായകന്മാരിൽ ഒരാളായി അദ്ദേഹം അംഗീകരിക്കപ്പെട്ടിരിക്കുന്നത് അതുകൊണ്ടാണ്.

ആത്മീയതയിൽ ദൃഢമായി ഊന്നിനിന്നുകൊണ്ടുള്ളതായിരുന്നു ചാവറയച്ചന്റെ പരിശ്രമങ്ങളെല്ലാം. ധ്യാനാത്മകത അദ്ദേഹം ജീവിതത്തിൽ ഉടനീളം വളർത്തിയെടുത്തു. അതിന്റെ തെളിവുകളായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ. ചാവറയച്ചന്റെ ധ്യാനാത്മകതയെയും ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായ ഏകാന്ത തപസിനെയും പിന്തുടരുന്നതാണ് കക്കാടംപൊയിലിലെ സി.എം.ഐ. ആശ്രമം. കോഴിക്കോടിനും മലപ്പുറത്തിനും ഇടയിലെ വനമേഖലയിലാണ് കക്കാടംപൊയിൽ ആശ്രമം സ്ഥിതിചെയ്യുന്നത്. ആശ്രമത്തിന് അര കിലോമീറ്റർ ഇപ്പുറം വരെ മാത്രമേ നല്ല റോഡുള്ളൂ. പിന്നെ കാനനപാത. ഏഴര ഏക്കർ വരുന്ന കാട്ടിനുള്ളിലാണ് ആശ്രമം. ആശ്രമത്തെ ചുററി മൂന്നു വശവും മലകളാണ്. മലകളുടെ താഴ്‌വരയിൽ ഒളിച്ചുവച്ചിരിക്കുന്ന നിധി പോലെ ആശ്രമം.

കാറ്റിന്റെയും കിളികളുടെയും കാടിന്റെയും ശബ്ദങ്ങൾ മാത്രം.

അടുത്തെങ്ങും മനുഷ്യവാസമില്ല. അതിനാൽ മനുഷ്യശബ്ദമുഖ രിതമല്ല. മഴക്കാലത്ത് മഴയും കാടും സൃഷ്ടിക്കുന്ന പ്രത്യേകമാ യൊരു ജൈവസംഗീതമുണ്ടാവും.

ഇവിടുത്തെ സന്ന്യാസികൾ പ്രാർത്ഥനയിലും ധ്യാനത്തിലു മാണ് കൂടുതൽ സമയം ചെലവഴിക്കുന്നത്. ഏകാന്തതയുടെ രാഗവും താളവും ലയവുമാണ് അവർക്കു കൂടുതൽ പരിചിതം. പ്രകൃതിയോടു ലയിച്ചു ചേർന്ന് ദൈവഭാവങ്ങൾ ആവാഹിച്ചെടു ക്കുകയാണവർ. ദൈവത്തിന്റെ ഭാഷ മനസ്സിലാക്കാൻ ശ്രമിക്കുക യാണവർ. സ്വയം കൃഷി ചെയ്തുണ്ടാക്കുന്നവയാണ് അവർക്കു ഭക്ഷണമാകുന്നത്.

ഋഷികേശിലെ ജയ്ഹരിഖാലിലുള്ള ജീവൻധാര സി.എം.ഐ. ആശ്രമവും ബാംഗ്ലൂർ ബന്നാർഘട്ടയിലെ വിദ്യാവനം സി.എം.ഐ. ആശ്രമവും Narsihpur-ലെ സച്ചിദാനന്ദ ആശ്രമവും ഭാരതീയമായ സന്ന്യാസ ആഭിമുഖ്യങ്ങളുടെ ചുവടുപിടിച്ചുള്ളതാണ്. സന്ന്യാ സ പാരമ്പര്യങ്ങളെയും കർമ്മലീത്താ അനുഭൂതികളെയും ഭാര തീയമായ സവിശേഷതകളെയും സീറോ മലബാർ തനിമയെയും സമന്വയിക്കാനുള്ള ശ്രദ്ധ ഇവിടെ പ്രകടമാണ്. ഈ സമന്വയ സമീ പനം സി.എം.ഐ. സഭയ്ക്കു പണ്ടുമുതലേയുണ്ട്. നക്ഷത്ര ങ്ങൾക്കും ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങൾക്കും അവയുടേതായ ഇടമുള്ള ആകാശം പോലെയാണ് സഭ.

**സൂചിത രേഖകൾ**


1. പോൾ തേലക്കാട്ട്,
   *സുകൃതംസ്മര* - മൂന്നാംഭാഗം, പേജ് 99.
2. ജോസ് കുറിയേടത്ത് സി.എം.ഐ.,
   *CMI Constitution Retreat*, Page 50.
3. ഉറവിടങ്ങൾ, പേജ് 6.
4. പോൾ തേലക്കാട്ട്,
   *സുകൃതംസ്മര*- മൂന്നാംഭാഗം, പേജ് 99.

## 03

# മലമുകളിലെ പൗരസ്ത്യ സന്ന്യാസ ജ്യോതി

സി.എം.ഐ. സന്ന്യാസ സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഒരാളായ മല്പാൻ തോമസ് പോരൂക്കര ഡീക്കൻ ആയിരുന്ന അവസരത്തിൽ 1822-ൽ അവധിക്കാലത്ത് ചമ്പക്കുളത്തെ വീട്ടിൽ വന്നു താമസിച്ചു. അപ്പോൾ ബാല്യകാല സുഹൃത്തും ഇടവകാംഗവുമായ കണിയാന്തറ യാക്കോബിനെ കണ്ടു. പല കാര്യങ്ങളും സംസാരിച്ച കൂട്ടത്തിൽ ഡീക്കൻ സുഹൃത്തിനോടു പറഞ്ഞു: "ഞാൻ കുർബാനപട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടു പേർക്കും കൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം."[1]

ഈ വാക്കുകൾ പോരൂക്കര മല്പാനിൽ ചെറുപ്പം മുതലേ ഉണ്ടായിരുന്ന സന്ന്യാസാഭിമുഖ്യവും ധ്യാനാത്മകതയും വെളിപ്പെടുത്തുന്നുണ്ട്. മല്പാന്റെ ലോകം മുഖ്യമായും സഭ ആയതിനാൽ സഭയിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ കാഠിന്യവും വ്യക്തമാക്കുന്നുണ്ട്. കേരള സഭയുടെ അന്നത്തെ അവസ്ഥ ആത്മീയമായി അത്ര ഉന്നതിയിലായിരുന്നില്ല.

മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ച ഉദയംപേരൂർ സൂനഹദോസ് നടന്നത് 1599 ജൂൺ 20 മുതൽ 26 വരെയാണ്. അതിനു ശേഷം 200 വർഷങ്ങൾ കഴിഞ്ഞ് 1799 ഡിസംബർ 27-നാണ് മല്പാൻ തോമസ് പോരൂക്കര ജനിച്ചത്. ഇരുനൂറ് വർഷങ്ങൾ കൊണ്ട് സഭയിൽ പ്രശ്നങ്ങൾ അവസാനിക്കുകയല്ല സങ്കീർണമായ തലങ്ങളിലേക്കു പടരുകയാണു ചെയ്തത്.

1786 സെപ്റ്റംബർ 19-ന് മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്ത ഗോവയിൽ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞപ്പോൾ

സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഏറ്റവും മുതിർന്നയാളായ പാലയ്ക്കൽ തോമസ് മല്പാന് 11 വയസായിരുന്നു. 1775-ലാണ് അദ്ദേഹം ജനിച്ചത്. പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും മാർത്തോമ്മാ ക്രിസ്ത്യാനികൾ പിന്നിട്ട അവഗണനയുടെയും പീഡനങ്ങളുടെയും ചരിത്രം അറിയാമായിരുന്നു. അവരുടെ സംഭാഷണങ്ങളിൽ കേരള സുറിയാനി സഭയുടെയും വരാപ്പുഴ വികാരിയാത്തിന്റെയും ഗതിവിഗതികൾ ഗൗരവത്തോടെ ചർച്ചചെയ്യപ്പെട്ടിരുന്നു.

വിശുദ്ധ തോമാശ്ലീഹയാണ് ക്രിസ്തുവിന്റെ സുവിശേഷം കേരളത്തിൽ (മലബാറിൽ) എത്തിച്ചത്. പണ്ട് മലബാർ എന്നാണ് കേരളം പുറംനാടുകളിൽ അറിയപ്പെട്ടിരുന്നത്. എ.ഡി. 52-ൽ ശ്ലീഹ കൊടുങ്ങല്ലൂരിൽ എത്തി എന്നാണ് വിശ്വാസം.

ശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയപ്പോൾ സുറിയാനി ഭാഷ സംസാരിക്കുന്ന യഹൂദ സമൂഹത്തെ കണ്ടു. അവരുടെ ഇടയിലായിരുന്നു ആദ്യത്തെ പ്രേഷിത പ്രവർത്തനം. ആ യഹൂദരും കൊടുങ്ങല്ലൂർ ആസ്ഥാനമായി ഭരണം നടത്തുന്ന ചേരമാൻ പെരുമാളിന്റെ കുടുംബാംഗങ്ങളായ ചിലരും ക്രിസ്തുമതം സ്വീകരിച്ചുവത്രെ. കൊടുങ്ങല്ലൂരിൽ നിന്ന് ശ്ലീഹാ പാലയൂരിൽ എത്തി. അവിടെയും യഹൂദരുടെ കേന്ദ്രമുണ്ടായിരുന്നു. പാലയൂരിൽ നിന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് ശ്ലീഹാ പ്രേഷിത പ്രവർത്തനവുമായി മുന്നേറി. കോട്ടക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ എന്നിവിടങ്ങളിലേക്ക്.

തോമാശ്ലീഹായുടെ ഭാരത പ്രവേശനം മുതൽ 1498 മേയ് 21-നു പോർച്ചുഗീസ് നാവികർ വാസ്കോ ദ ഗാമയുടെ നേതൃത്വത്തിൽ കോഴിക്കോട്ടെ കാപ്പാട് കപ്പലിറങ്ങുന്നതുവരെയുള്ള അതിദീർഘമായ കാലഘട്ടത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രത്തെപ്പറ്റി ഏറെയൊന്നും വിവരങ്ങൾ കിട്ടിയിട്ടില്ല. ഇതിനു പല കാരണങ്ങളുണ്ട്. ചരിത്രം എഴുതി സൂക്ഷിക്കുന്നതിൽ സുറിയാനി ക്രിസ്ത്യാനികൾക്കു താൽപര്യമില്ലായിരുന്നുവെന്നത് ഒരു കാരണം. മലബാർ സഭയിൽ ഉണ്ടായിരുന്ന അനേകം സുറിയാനി ഗ്രന്ഥങ്ങളും താളിയോലകളും മറ്റു കൈയെഴുത്തു പ്രതികളും ഉദയംപേരൂർ സൂനഹദോസിനു ശേഷം പോർട്ടുഗീസ് മിഷണറിമാരും അവരെ പിന്തുണച്ച നാട്ടുകാരായ സഭാംഗങ്ങളും ചേർന്നു കത്തിച്ചു കളഞ്ഞത് മറ്റൊരു കാരണം.

കത്തിച്ചു കളഞ്ഞാലും പൂർണമായി ഇല്ലാതാകുന്നതല്ല ചരിത്രസത്യങ്ങൾ. ഏതു കുറ്റകൃത്യങ്ങളുടെ സ്ഥലത്തും തെളിവിന്റെ അംശങ്ങൾ അവശേഷിക്കുന്നതുപോലെയാണത്. ഇന്ത്യയിൽ

വന്ന വിദേശ സഞ്ചാരികളും ചില ചരിത്രകാരന്മാരും ഇന്ത്യയിലെ ആദിമ ക്രൈസ്തവരെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി. 190-ൽ കേരളത്തിലെത്തിയ അലക്സാഡ്രിയക്കാരനായ പന്തേനൂസ്, അലക്സാഡ്രിയയിൽ നിന്നു തന്നെ എ.ഡി. 522-ൽ തെക്കേ ഇന്ത്യയിൽ എത്തിയ വ്യാപാരിയായ കോസ്മോസ് എന്നിവർ കേരളത്തിലെ നസ്രാണികളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളുടെ സമൂഹത്തിനു സീറോ മലബാർ സഭ എന്നു പേരു വന്നത് വളരെ കാലത്തിനു ശേഷമാണ്. 1784 മുതൽ 1802 വരെ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന മോൺ. അലോഷ്യസ് മേരി OCD യാണ് 1793 ഏപ്രിലിലും 1801 ഓഗസ്റ്റിലും പ്രൊപ്പഗാന്ത ഫിദെക്ക് അയച്ച കത്തുകളിൽ ഈ പേര് ആദ്യമായി ഉപയോഗിച്ചത്. ഉദയംപേരൂർ, ഗോവ സിനഡുകളിലൂടെ ലത്തീൻവത്കരിക്കപ്പെട്ട കാൽദിയൻ റീത്തിനെ സൂചിപ്പിക്കാൻ പൗളിനോസ് മിഷനറിയും ഈ പേര് ഉപയോഗിച്ചിട്ടുണ്ട്. 1844 മുതൽ 1852 വരെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ലുഡ്വികസ് മർട്ടീനിയും ഇതേ അർത്ഥത്തിൽ ഈ പേര് പ്രയോഗിച്ചിട്ടുണ്ട്. ലിയോ പതിമ്മൂന്നാമൻ മാർപാപ്പയും പത്താം പിയൂസ് മാർപാപ്പയും തിരുവെഴുത്തുകളിൽ സീറോ മലബാർ എന്ന നാമം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പേരുമാറ്റം കേരളത്തിലെ സഭയ്ക്ക് കൽദായ സഭയുമായി ഉണ്ടായിരുന്ന ചരിത്ര ബന്ധങ്ങളെ വിസ്മൃതിയിൽ തള്ളിയെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ പേര് ഭാഷാപരവും സ്ഥലപരവുമായ പരിമിതികൾ എടുത്തു കാട്ടുന്നതാണെന്ന അഭിപ്രായം ഉള്ളവരുമുണ്ട്.

1534 നവംബർ മൂന്നാംതീയതി ഗോവയിൽ ഇന്ത്യയിലെ പ്രഥമ ലത്തീൻ രൂപത സ്ഥാപിതമാവുകയും 1557 ഫെബ്രുവരി നാലാം തീയതി ഗോവയെ അതിരൂപതാ പദവിയിലേക്ക് ഉയർത്തുകയും ചെയ്തതിനു ശേഷമാണ് കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകാൻ തുടങ്ങിയത്. ഗോവയ്ക്ക് അതിരൂപതാ സ്ഥാനം സിദ്ധിച്ചതോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഭരണകേന്ദ്രമായ അങ്കമാലി അതിമെത്രാസനം ഗോവയുടെ കീഴിലായി. അതോടെ പ്രശ്നങ്ങൾ മൂർച്ഛിച്ചു.

അങ്കമാലി മെത്രാപ്പോലീത്ത മാർ അബ്രഹാം 1597-ൽ അന്തരിച്ചു. ഈ വിവരം ലഭിച്ചപ്പോൾ ഗോവയിലെ മെനേസിസ് മെത്രാപ്പോലീത്ത ഈശോസഭാംഗമായ ഫാ. റോസിനെ അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. അതിനുമുമ്പ് മാർ

ത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യമനുസരിച്ച് ഗീവർഗീസ് അർക്കദിയാക്കോൻ അങ്കമാലി അതിരൂപതയുടെ ഭരണം ഏറ്റെടുത്തിരുന്നു. മെനേസിസ് മെത്രാപ്പോലീത്ത ഫാ. റോസിനെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചതു പിൻവലിച്ചശേഷം അദ്ദേഹത്തെയും ഫാ. സ്റ്റീഫൻ ബ്രിട്ടോയെയും അർക്കദിയാക്കോന്റെ ഉപദേഷ്ടാക്കളായി നിയമിച്ചു. അർക്കദിയാക്കോൻ ഈ നിയമനങ്ങളും അംഗീകരിച്ചില്ല.

സ്ഥാനം ഏറ്റെടുത്ത ശേഷം അർക്കദിയാക്കോൻ അങ്കമാലിയിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യോഗം വിളിച്ച് പിന്തുണ ഉറപ്പിച്ചു. ആ യോഗത്തിൽ മലബാർ സഭയുടെ ആരാധനക്രമവും ആചാരങ്ങളും അഭംഗരം കാത്തു സൂക്ഷിക്കണമെന്നും കൽദായ പാത്രിയർക്കീസ് അംഗീകരിക്കാത്ത മെത്രാന്മാരെ സ്വീകരിക്കേണ്ടെന്നും തീരുമാനിച്ചു.[2]

അർക്കദിയാക്കോന്റെ നടപടികൾ അറിഞ്ഞതോടെ കേരളസഭയുടെ കാര്യങ്ങളിൽ നേരിട്ട് ഇടപെടുവാൻ മെനേസിസ് മെത്രാപ്പോലീത്ത നിശ്ചയിച്ചു. മതവിശ്വാസത്തെയും രാഷ്ട്രീയാധികാരത്തെയും കൂട്ടിക്കുഴയ്ക്കാൻ മടിയില്ലാത്ത ആളായിരുന്നു അദ്ദേഹം. ബ്രഗയിലെ ആർച്ച്ബിഷപ്പ് അഗോസ്റ്റിനോ ദി കാസ്ട്രക്ക് എഴുതിയ കത്തിൽ ആർച്ച്ബിഷപ്പ് മെനേസിസ് ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "ഈ മലബാറുകാർ ഒന്നാന്തരം പടയാളികളും തങ്ങളുടെ ബിഷപ്പിനോട് വളരെ വിധേയത്തം ഉള്ളവരുമാണ്. അവർ ഒരു ലാറ്റിൻ ബിഷപ്പിനെ അംഗീകരിക്കുകയാണെങ്കിൽ നമുക്ക് അമ്പതിനായിരം പടയാളികൾ കൂടിയാകും."[3] രാഷ്ട്രീയക്കളികളിൽ മിടുക്കനായിരുന്നു മെത്രാപ്പോലീത്ത.

ആർച്ച്ബിഷപ്പ് മെനേസിസിന് പല ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. അങ്കമാലിയിൽ ലത്തീൻ ബിഷപ്പിനെ പ്രതിഷ്ഠിക്കുക. എല്ലാം ലത്തീൻ രീതിയിലാക്കുക. സുറിയാനി ഭാഷയുടെ സ്ഥാനത്ത് ലത്തീൻ ഭാഷയെ അവരോധിക്കുക. അങ്കമാലിയെ ഗോവ അതിരൂപതയുടെ കീഴിൽ കൊണ്ടുവരിക എന്നിങ്ങനെ.

ഈ ലക്ഷ്യങ്ങളോടെയാണ് 1599-ൽ ആർച്ച്ബിഷപ്പ് മെനേസിസ് കേരളത്തിൽ വന്നത്. പ്രാദേശിക രാജാക്കന്മാർ ആർച്ച്ബിഷപ്പിനെ സന്തോഷത്തോടെ സ്വീകരിച്ചു. ശത്രുക്കളായ നാട്ടുരാജാക്കന്മാർക്കെതിരേ പോർച്ചുഗീസുകാരുടെ പിന്തുണ ലഭിക്കാനായിരുന്നു അവരുടെ ശ്രമം. മെനേസിസ് വിവിധ പള്ളികളിൽ കാനോനിക സന്ദർശനങ്ങൾ നടത്തി. വിശ്വാസികൾക്കു താൽപര്യം ഇല്ലാതിരുന്നതിനാൽ ചില പള്ളികൾ ബലം പ്രയോഗിച്ചു തുറന്നു സന്ദർശിക്കേണ്ടി വന്നു. കാറ്റിന്റെ ഗതി തന്റെ പായ്ക്കപ്പ

ലിനു എതിരാണെന്നു മനസ്സിലാക്കിയ അദ്ദേഹം തന്ത്രങ്ങൾ പുറത്തെടുത്തു. നാലു മാസം കൊണ്ട് നൂറിലേറെ യുവാക്കളെ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തി. ആവശ്യമായ വൈദിക പഠനത്തിലൂടെ കടന്നുപോന്നവരായിരുന്നില്ല അവർ. വൈദികർക്കിടയിൽ തന്നെ പിന്തുണയ്ക്കുന്ന വിഭാഗത്തിനു ഭൂരിപക്ഷം ഉണ്ടാക്കാനുള്ള 'രാഷ്ട്രീയക്കളി'യായിരുന്നു ആർച്ച്ബിഷപ്പിന്റേത്.

മെനേസിസ് മെത്രാപ്പോലീത്ത അർക്കദിയാക്കോനെ ഭീഷണിപ്പെടുത്തി സൂനഹദോസ് വിളിച്ചു കൂട്ടാനുള്ള സമ്മതം വാങ്ങി. നിലവിൽ മെത്രോപ്പോലീത്ത ഇല്ലാത്ത സാഹചര്യത്തിൽ ഇങ്ങനെയൊന്നു വിളിച്ചു കൂട്ടുന്നതിനു സാധുത ഇല്ലായിരുന്നു. സുറിയാനി കത്തോലിക്കരുടെ സിനഡ് വിളിച്ചു കൂട്ടാൻ ലത്തീൻ മെത്രോപ്പോലീത്തയ്ക്കു അധികാരമില്ലെന്ന കാര്യവും മെനേസിസ് പരിഗണിച്ചില്ല.

1599 ജൂൺ 20 മുതൽ 26 വരെ നടന്ന ഉദയംപേരൂർ സൂനഹദോസിൽ 153 വൈദികരും പള്ളികളുടെ പ്രതിനിധികളായ 660 പേരും പങ്കെടുത്തു. 153 വൈദികരിൽ നൂറിൽപ്പരം പേർ ആർച്ച്ബിഷപ്പ് മെനേസിസ് അടുത്തകാലത്ത് വൈദിക പദവിയിലേക്ക് ഉയർത്തിയവരായിരുന്നു. ഒൻപതു സെഷനുകളിലായി നടന്ന സിനഡ് പുറപ്പെടുവിച്ച സൈദ്ധാന്തികവും കാനോനികവുമായ ഡിക്രികൾ സുറിയാനി ക്രിസ്ത്യാനികളെ ലത്തീൻ റീത്തിനനുസരിച്ചും പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനത്തിലും രൂപാന്തരപ്പെടുത്തുന്നതിനു ലക്ഷ്യമിട്ടുള്ളവയായിരുന്നു. സൂനഹദോസിന്റെ തീരുമാനങ്ങൾ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ വലിയ അസ്വസ്ഥതകൾക്കു വഴിതെളിച്ചു. ക്ലമന്റ് എട്ടാമൻ മാർപാപ്പ 1599 ഡിസംബർ 20-ന് അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായി ഫാ. ഫ്രാൻസിസ് റോസ് എസ്.ജെ.യെ നിയമിച്ചതു മുതൽ സുറിയാനി ക്രിസ്ത്യാനികളുടെ മേൽ ലത്തീൻ അധികാരം വ്യക്തമായി സ്ഥാപിക്കപ്പെടുകയും അസ്വസ്ഥതകൾ വർധിക്കുകയും ചെയ്തു. 1896 ജൂലൈ 28-നു മൂന്നു വികാരിയാത്തുകൾ സ്ഥാപിച്ച് നാട്ടുകാരായ വൈദികരെ അപ്പസ്തോലിക് വികാരിമാരായി നിയമിക്കുന്നതുവരെ ഈ ലത്തീൻ ഭരണാധിപത്യം തുടർന്നു. നീണ്ട 297 വർഷം കത്തോലിക്കരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ ആധിപത്യം സഹിക്കേണ്ടിവന്നു. അതേസമയം ഉദയംപേരൂർ സൂനഹദോസ് സൽഫലങ്ങളും പ്രദാനം ചെയ്തുവെന്ന് ആധുനിക ചരിത്രകാരന്മാർ നിരീക്ഷിക്കുന്നുണ്ട് (അനുബന്ധം-ഒന്ന് കാണുക).

മെനേസിസ് മെത്രാപ്പോലീത്തയുടെ പരിധിവിട്ട ഏകാധിപത്യ

മാണ് സൂനഹദോസ് എന്ന പേരിൽ അരങ്ങേറിയതെന്നു ഫാ. റോസ് എസ്.ജെ., ഫാ. കാംപേരി എസ്.ജെ. എന്നിവർ പോർച്ചുഗലിലെ ഈശോസഭാ സുപ്പീരിയർക്കും അസിസ്റ്റന്റ് സുപ്പീരിയർക്കും അയച്ച കത്തുകളിൽ വ്യക്തമാക്കിയിരുന്നു. പോർച്ചുഗീസ് സ്വദേശിയായ ഫാ. റോസിന് സുറിയാനി ഭാഷ നന്നായി അറിയാമായിരുന്നു. അദ്ദേഹം സൂനഹദോസിൽ ആദ്യവസാനം പങ്കെടുത്തിരുന്നു.[4] 1599 ഡിസംബർ 20-നു ഫാ. റോസ് എസ്.ജെ. അങ്കമാലി രൂപതയുടെ മെത്രാനായി നിമിതനായി.

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു സംഭവിച്ച മറ്റൊരു ആഘാതമായിരുന്നു 1600 ഓഗസ്റ്റ് നാലിനു അങ്കമാലി അതിമെത്രാസനത്തെ പോർച്ചുഗീസ് രാജാവിന്റെ പദ്രുവാദോ അധികാരത്തിൽ കീഴിലാക്കിയത്. പോൾ അഞ്ചാമൻ മാർപാപ്പ 1608 ഡിസംബർ 22-നു അങ്കമാലിയെ ഗോവ ആർച്ച്ബിഷപ്പിന്റെ കീഴിലുള്ള സാമന്തരൂപത എന്ന പദവിയിൽ നിന്നു വിമുക്തമാക്കി അതിരൂപതയാക്കിയെങ്കിലും പദ്രുവാദോ അധികാരത്തിൻ കീഴിൽ നിന്നും വിടുതൽ നൽകിയില്ല. 1609-ൽ അങ്കമാലി അതിരൂപതയുടെ ആസ്ഥാനം കൊടുങ്ങല്ലൂർക്കു മാറ്റി. താമസിയാതെ കൊച്ചി, അങ്കമാലി, മൈലാപ്പൂർ, ഗോവ രൂപതകളുടെ അതിർത്തികൾ പുനർനിർണയിച്ചപ്പോൾ അങ്കമാലി അതിരൂപതയുടെ വിസ്തൃതി കുറഞ്ഞു. എന്നു മാത്രമല്ല, അഖിലേന്ത്യാ സ്വഭാവവും നഷ്ടമായി. ഇത് മാർത്തോമ്മാ ക്രിസ്ത്യാനികളെ ദുഃഖിതരും ക്ഷുഭിതരുമാക്കി.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പിന്തുണ നേടിയെടുക്കാൻ റോസ് മെത്രാൻ ശ്രമിച്ചെങ്കിലും അർക്കദിയാക്കോന്റെ അധികാരാവകാശങ്ങൾക്കു കുറവുവരുത്തിയതിനാൽ ഇരുവരും തമ്മിലുള്ള ബന്ധം വഷളായി. 1624 ഫെബ്രുവരി 18-നു റോസ് മെത്രാൻ അന്തരിച്ചു. 1624 സെപ്റ്റംബർ 29-ന് ഫാ. സ്റ്റീഫൻ ബ്രിട്ടോ എസ്.ജെ. പുതിയ മെത്രാനായി നിയമിതനായി. അദ്ദേഹത്തിനു സുറിയാനിഭാഷ അറിയില്ലായിരുന്നു. അദ്ദേഹത്തിനു ശേഷം ഫാ. ഫ്രാൻസിസ് ഗാർസ്യാ മെത്രാനായി. ഇതിനിടയിൽ പോർച്ചുഗീസ് ആധിപത്യത്തിൽ നിന്നു രക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് മാർത്തോമ്മാ ക്രിസ്ത്യാനികൾ കൽദായ പാത്രിയർക്കീസിന് അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു. അവ പരിഗണിച്ച പാത്രിയർക്കീസ് സിറിൽ അത്തള്ള എന്ന മെത്രാനെ കെയ്റോയിൽ നിന്ന് കേരളത്തിലേക്ക് അയച്ചു. 1652 ഓഗസ്റ്റിൽ മൈലാപ്പൂരിൽ എത്തിയ അദ്ദേഹം ജെസ്യൂട്ട് ആശ്രമത്തിൽ താമസിച്ചു. ഗോവ മെത്രാപ്പോലീത്തയുടെ ഉത്തരവു പ്രകാരം ജെസ്യൂട്ട് കോളജിൽ

തടഞ്ഞുവെച്ചുവെന്നു പറയുന്നു. താൻ മദ്രാസിൽ എത്തിയ വിവരം അത്തള്ള മൈലാപ്പൂർ തീർത്ഥാടകർ വഴി അർക്കദി യാർക്കിനെ അറിയിച്ചു. റോമിന്റെ അറിവോടെ പാത്രിയർക്കീസ് നിയോഗിച്ച മെത്രാനാണ് അത്തള്ളയെന്നു മനസ്സിലാക്കിയ അർക്ക ദിയാക്കോൻ ഇക്കാര്യം കൊടുങ്ങല്ലൂർ (അങ്കമാലി) അതിരൂപതാ ധ്യക്ഷനും ഈശോസഭാംഗവുമായ ഫ്രാൻസിസ് ഗാർസ്യാ മെത്രാ പ്പോലീത്തയെ അറിയിച്ചു. സുറിയാനിക്കാർ അദ്ദേഹത്തെ കേരള ത്തിലേക്കു കൊണ്ടുവരുന്നതിനുള്ള സഹായം അഭ്യർഥിച്ചു. കൊച്ചിയിലെത്തിയ അദ്ദേഹത്തിനു ഗാർസ്യ മെത്രാപ്പോലീത്ത സഹായം നിഷേധിച്ചുവെന്നു മാത്രമല്ല മെത്രോപ്പോലീത്തയുടെ നിർദേശപ്രകാരം പോർച്ചുഗീസുകാർ അത്തള്ളയെ ഗോവയി ലേക്കു കൊണ്ടുപോയി. മൂന്നു ദിവസത്തോളം കപ്പൽ കൊച്ചിയുടെ പുറംകടലിൽ നങ്കൂരമടിച്ചു കിടന്നിട്ടും അത്തള്ളയ്ക്ക് കരയ്ക്കി റങ്ങാൻ അനുവാദം കിട്ടിയില്ല. അത്തള്ളയെ സ്വീകരിക്കാൻ മട്ടാ ഞ്ചേരിയിൽ എത്തിയിരുന്ന അർക്കദിയാക്കോനും 6000 മാർത്തോമ്മാ ക്രിസ്ത്യാനികളും അടങ്ങുന്ന സംഘം നിരാശരും ക്ഷുഭിതരുമായി മട്ടാഞ്ചേരി പള്ളിയിലെത്തി. ഈ സന്ദർഭം മത്തി യാസ് മുണ്ടാടൻ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു: "ജനരോഷം ഉജ്ജ്വലിക്കുകയും നസ്രാണികൾ കൂനൻ കുരിശ് എന്നറിയപ്പെ ടുന്ന ഒരു കുരിശിനു സമീപം വന്നുകൂടി തങ്ങൾ ഒരിക്കലും ഈശോസഭക്കാരുടെ നിയന്ത്രണത്തിലാകുകയോ ആർച്ച്ബിഷപ്പ് ഗാർസിയയെ അനുസരിക്കുകയോ ഇല്ലെന്നു പ്രതിജ്ഞ ചെയ്തു."

1653 ഫെബ്രുവരി അഞ്ചിനു ഇടപ്പള്ളിയിൽ ചേർന്ന യോഗ ത്തിലും മെയ് 22-നു ആലങ്ങാട്ടു പള്ളിയിൽ നടന്ന പൊതു യോഗ ത്തിലും അർക്കദിയാക്കോന് മെത്രാന്റെ അധികാരാവകാശങ്ങൾ ലഭിക്കാൻ ഉപദേഷ്ടാക്കളുടെയും അവർ ഹാജരാക്കിയ വ്യാജ രേഖകളുടെയും സഹായത്തോടെ ശ്രമം നടന്നു. അതിൽ അവർ വിജയിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ 26 പള്ളികൾ മാർത്തോമ്മാ ഒന്നാമനായി മാറിയ അർക്കദിയാക്കോനെ അംഗീ കരിച്ചു. അദ്ദേഹം അന്തോക്യയിൽ നിന്ന് യാക്കോബായ മെത്രാനായ മാർ ഗ്രിഗോറിയോസിനെ കേരളത്തിലേക്കു ക്ഷണി ച്ചു. 1665-ൽ മാർ ഗ്രിഗോറിയോസ് കേരളത്തിലെത്തി. അദ്ദേഹം യാക്കോബായ വിശ്വാസവും ആചാരങ്ങളും പ്രചരിപ്പിക്കാനാണ് ശ്രമിച്ചത്. പഴയ സുറിയാനി പാരമ്പര്യങ്ങളിൽ നിന്ന് വ്യത്യസ്ത മായ കാര്യങ്ങൾ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തതി നാൽ അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ചവർക്ക് പുത്തൻകൂ റ്റുകാർ എന്ന പേരു ലഭിച്ചു.

1663 ജനുവരിയിൽ ഡച്ചുകാർ കൊച്ചി പിടിച്ചടക്കി. അവർ ഡച്ചുകാരല്ലാത്ത യൂറോപ്യന്മാർ ഉടൻ സ്ഥലം വിടണമെന്ന് ആജ്ഞാപിച്ചു. ഇതേത്തുടർന്ന് ജോസഫ് സെബസ്ത്യാനി മെത്രാപ്പോലീത്ത നാടുവിടാൻ നിർബന്ധിതനായി. ഒരു മെത്രാനെ നിയമിക്കാൻ റോമിൽ നിന്നു തനിക്കു ലഭിച്ചിരുന്ന അധികാരം ഉപയോഗിച്ച് ബിഷപ്പ് സെബസ്ത്യാനി നസ്രാണികളുടെ പ്രതിനിധി യോഗം നിർദേശിച്ച കുറവിലങ്ങാട്ടു പള്ളി വികാരി പറമ്പിൽ ചാണ്ടിക്കത്തനാരെ മലബാറിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. ഇദ്ദേഹം 1663 ഫെബ്രുവരി ഒന്നിനു കടുത്തുരുത്തി പള്ളിയിൽ വച്ച് സ്ഥാനമേറ്റു. പറമ്പിൽ ചാണ്ടി മെത്രാനെ 64 പള്ളികൾ പൂർണമായും 20 പള്ളികൾ ഭാഗികമായും പിന്തുണച്ചു. പുരാതന വിശ്വാസവും  ആരാധന ക്രമങ്ങളും പാലിച്ച് ചാണ്ടി മെത്രാന്റെ കീഴിൽ തുടർന്നവർ പഴയകൂറ്റുകാർ എന്നറിയപ്പെട്ടു.

പ്രൊപ്പഗാന്ത ഫിദെയുടെ നിർദേശങ്ങൾപാലിച്ചാണ് ചാണ്ടി മെത്രാൻ ഭരണം നിർവഹിച്ചിരുന്നത്. കത്തോലിക്കരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ ഭരണത്തിൽ തൃപ്തരായിരുന്നു. എന്നാൽ കർമ്മലീത്താ മിഷനറിമാർ തങ്ങളുടെ മെത്രാൻസ്ഥാനം നഷ്ടപ്പെട്ടതിൽ അതൃപ്തരും അസ്വസ്ഥരുമായി. അവർക്കു കിട്ടിയ അവസരമായി സഹായമെത്രാനെ ആവശ്യപ്പെട്ടുകൊണ്ട് ചാണ്ടി മെത്രാൻ റോമിനു നൽകിയ നിവേദനം. ഇന്ത്യക്കാരനായ വൈദികനെ സഹായ മെത്രാനായി തിരഞ്ഞെടുക്കുവാൻ അധികാരപ്പെടുത്തിക്കൊണ്ട് 1676-ൽ പ്രൊപ്പഗാന്ത തിരുസംഘം കർമ്മലീത്താ മിഷനറിമാരെ കേരളത്തിലേക്ക് അയച്ചു. അവരാകട്ടെ, റാഫേൽ എന്ന ആംഗ്ലോ ഇന്ത്യൻ വംശജനെയാണ് സഹായ മെത്രാനായി തിരഞ്ഞെടുത്തത്. ഈ തിരഞ്ഞെടുപ്പ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു കടുത്ത മനോവേദനയ്ക്കിടയാക്കി. 1687 ജനുവരി രണ്ടിനു ചാണ്ടി മെത്രാൻ മരണമടഞ്ഞശേഷം അധികാരമേറ്റ റാഫേൽ മെത്രാൻ വിവാദ പുരുഷനായിരുന്നു. “Bishop Raffael acted independently of Bishop Alexander and he caused grief ever to the Carmelites who elected him by his impudent, non-canonical, scandalous and criminal actions. Although Rome had ordered his dismissal after proper inquiry, he died on October 12, 1695, before the order of propaganda reached him.”[5]

പോൾ അഞ്ചാമൻ മാർപാപ്പ അങ്കമാലി അതിമെത്രാസനത്തിന്റെ ആസ്ഥാനം കൊടുങ്ങല്ലൂർക്കു മാറ്റി നിശ്ചയിച്ചത് ഫ്രാൻസിസ്കൻ സഭാംഗമായ കൊച്ചി ബിഷപ്പിന് ഇഷ്ടമായില്ല.

കടുത്ത പ്രതിഷേധമാണ് ബിഷപ്പ് പ്രകടിപ്പിച്ചത്. കൊച്ചി മെത്രാസനത്തിന്റെ അധികാരപരിധിയിൽ വരുന്ന സ്ഥലമായിരുന്നു കൊടുങ്ങല്ലൂർ. ജെസ്യൂട്ട് സന്ന്യാസസഭാംഗമായ അങ്കമാലി ബിഷപ്പ് റോസും വിട്ടുകൊടുത്തില്ല. കൊച്ചിയിലും മട്ടാഞ്ചേരിയിലും പള്ളുരുത്തിയിലുമുണ്ടായിരുന്ന സുറിയാനി പള്ളികൾ കൊച്ചി മെത്രാൻ ബലം പ്രയോഗിച്ചു തന്റെ അധികാരത്തിൽ കീഴിലാക്കി. ഇവരുടെ അധികാരത്തർക്കം എല്ലാ പരിധികളും അതിലംഘിച്ചുവെന്ന് തെളിയിക്കുന്നതായിരുന്നു പോൾ അഞ്ചാമൻ മാർപാപ്പ കൊച്ചി ബിഷപ്പിന് അയച്ച എഴുത്തിലെ പരാമർശങ്ങൾ: "ഒരാളുടെ മെത്രാസനത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നതു നല്ലതു തന്നെ. എന്നാൽ സഹോദര തുല്യനായ മറ്റൊരു ബിഷപ്പിനെതിരേ ബലപ്രയോഗത്തിനും ആയുധ പ്രയോഗത്തിനും തുനിയുന്നത് ലജ്ജാകരമാണ്. ക്രിസ്തീയമായ കാരുണ്യത്തിനു കടകവിരുദ്ധമാണിത്. എല്ലാറ്റിനും ഉപരിയായി നമ്മൾ സംരക്ഷിക്കേണ്ട നന്മയാണ് കാരുണ്യം. അങ്ങനെ ചെയ്താലേ നമ്മൾ പഠിപ്പിക്കുന്ന ക്രിസ്തുവിന്റെ പാഠങ്ങൾ നമ്മുടെ ജീവിതത്തിൽ വിശ്വാസികൾ തിരിച്ചറിയൂ."[6]

1628-ൽ ഡൊമിനിക്കൻ സഭാംഗങ്ങൾക്ക് കടുത്തുരുത്തിയിൽ സെമിനാരി നടത്തുവാൻ അർക്കദിയാക്കോൻ അനുവാദം കൊടുത്തു. സുറിയാനി ഭാഷ അറിയാവുന്നവരായിരുന്നു ഈ സന്ന്യാസികൾ. എന്നാൽ സെമിനാരി ആരംഭിച്ച് ഏറെ കഴിയുംമുമ്പ് ഈശോസഭക്കാർ ഡൊമിനിക്കൻ സന്ന്യാസികളെ കടുത്തുരുത്തിയിൽ നിന്ന് പുറത്താക്കി. അഗസ്റ്റീനിയൻ സന്ന്യാസികൾ 1579-ൽ ഇന്ത്യയിലെത്തി. 1500-ൽ കോഴിക്കോട് വന്നിറങ്ങിയ പോർച്ചുഗീസുകാരോടൊപ്പം ഫ്രാൻസിസ്കൻ മിഷനറിമാർ ഉണ്ടായിരുന്നു. അവരെ പിന്തുടർന്ന് 1542-ൽ ജെസ്യൂട്ട് സന്ന്യാസിമാർ എത്തി. അക്ബർ ചക്രവർത്തിയുടെ കാലത്ത് ഇവർ ആഗ്ര, ഡൽഹി, ലാഹോർ, പാറ്റ്ന എന്നിവിടങ്ങളിൽ പള്ളികൾ പണിതു. പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പാദം ആയപ്പോഴേക്കും നിഷ്പാദുക കർമ്മലീത്തർ, കപ്പൂച്ചിൻ, തുടങ്ങിയ സന്ന്യാസ സമൂഹങ്ങൾ കൂടി ഇന്ത്യയിൽ എത്തി.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിന്റെ ഗതി നിർണയിച്ച രണ്ട് ഭരണസംവിധാനങ്ങളാണ് പോർച്ചുഗീസ് പദ്രുവാദോയും പ്രൊപ്പഗാന്താ ഫിദെയും. ഇവ തമ്മിലുള്ള അധികാരത്തർക്കം മാർത്തോമ്മാ ക്രിസ്ത്യാനികളെ കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിച്ചിട്ടുള്ളത്. കാറ്റ് മാറിമാറി വിപരീത ദിശകളിൽ വീശിയാൽ പായ്ക്കപ്പൽ മുന്നോട്ടു നീങ്ങില്ല. മലബാർ വികാരിയാത്ത് സ്ഥാപി

തമായപ്പോഴും കൊടുങ്ങല്ലൂർ രൂപത നിർത്തലാക്കപ്പെട്ടിരുന്നില്ല എന്നതിനാൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരേസമയം ഈ രണ്ടു വിഭാഗക്കാരുടെയും ഭരണത്തിൻ കീഴിലായി. പ്രൊപ്പഗാന്ത ഫിദെയുടെ കീഴിലായിരുന്നു കൊടുങ്ങല്ലൂർ രൂപത. 1622 ജൂൺ 22-നു ഗ്രിഗറി പതിനഞ്ചാമൻ മാർപാപ്പ വിശ്വാസ തിരുസംഘത്തിനു (Congregation for the Propagation of Faith ) രൂപം കൊടുക്കുന്നതുവരെ ഇന്ത്യയിലെ സുവിശേഷവത്ക്കരണം പോർച്ചുഗീസ് രാജാവിന്റെ (പദ്രുവാദോ) കുത്തകയായിരുന്നു.

ഡച്ചുകാർ കേരളത്തിലുണ്ടായിരുന്ന കാലം മുഴുവൻ ഒരു പോർച്ചുഗീസുകാരനെയും തങ്ങളുടെ ശക്തികേന്ദ്രങ്ങളിലേക്കു കടക്കുവാൻ അനുവദിച്ചിരുന്നില്ല. തന്മൂലം കൊടുങ്ങല്ലൂർ, കൊച്ചി രൂപതകളിലെ പോർച്ചുഗീസ് മെത്രാന്മാർക്ക് തങ്ങളുടെ രൂപതാ ആസ്ഥാനങ്ങളിൽ താമസിച്ചു ഭരിക്കുന്നതിനു സാധിച്ചിരുന്നില്ല. എന്നാൽ, ചില വ്യവസ്ഥകളോടെ കർമ്മലീത്താ സന്യാസികൾക്കു ഡച്ചുകാർ അനുവാദം കൊടുത്തു. ആ സാഹചര്യത്തിലാണ് ഇറ്റലിക്കാരനായ കർമ്മലീത്താ സന്ന്യാസി ആൻജലൂസ് ഫ്രാൻസിസിനെ മലബാറിന്റെ വികാരി അപ്പസ്തോലിക്കയായി പ്രൊപ്പഗാന്ത തിരുസംഘം നിശ്ചയിച്ചത്. അതുവരെ ദക്ഷിണേന്ത്യയിലെ പാദ്രുവാദോയുടെ കീഴിലായിരുന്നു ഗോവ, കൊച്ചി, മൈലാപ്പൂർ, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കൊടുങ്ങല്ലൂർ-അങ്കമാലി രൂപത എന്നിവ. ആൻജലൂസ് ഫ്രാൻസിസിനു മെത്രാൻപട്ടം കൊടുക്കുവാൻ ഇന്ത്യയിലുണ്ടായിരുന്ന പദ്രുവാദോക്കാരായ പോർച്ചുഗീസ് മെത്രാന്മാർ ആരും തയ്യാറായില്ല. ആ സമയം സൂറത്തിൽ ഉണ്ടായിരുന്ന പൗരസ്ത്യ കൽദായ മെത്രാനായ മാർ ശിമയോനെ ആലങ്ങാട്ടു കൊണ്ടുവന്ന് അദ്ദേഹത്തിൽ നിന്നു മെത്രാൻ പട്ടം സ്വീകരിച്ചു. അതിനു ശേഷം കർമ്മലീത്തക്കാർ അദ്ദേഹത്തെ നിർബന്ധപൂർവം പോണ്ടിച്ചേരിയിലേക്ക് അയച്ചു. അവിടെ 19 വർഷത്തെ രഹസ്യ ജീവിതത്തിനു ശേഷം 1720 ഓഗസ്റ്റ് 16-ന് ഒരു കിണറ്റിൽ മരിച്ചു കിടക്കുന്നതായി കണ്ടു. ഇതോടെ ഈശോസഭക്കാരെ പോലെ കർമ്മലീത്തക്കാരും മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അസ്വീകാര്യരായി.[8]

ഡച്ചുകാരുടെ എതിർപ്പുമൂലം കൊച്ചിയിലെയും കൊടുങ്ങല്ലൂരിലെയും മെത്രാന്മാർക്ക് പ്രവേശനം ലഭിക്കാതിരുന്ന പ്രദേശങ്ങളുടെ ഭരണം പ്രൊപ്പഗാന്ത തിരുസംഘം മലബാർ വികാരി അപ്പസ്തോലിക്കയെ ഏൽപിച്ചു. പദ്രുവാദോ രൂപതയായ കൊച്ചിയിലെ മാർത്തോമ്മാ പള്ളികൾ അങ്ങനെ കർമ്മലീത്താ ഭരണത്തിലായി. ഡച്ച് ഭരണമില്ലാതിരുന്ന പ്രദേശങ്ങളിലെ മാർത്തോമ്മാ പള്ളി

കൾ മാറി മാറി പദ്രുവാദോ, പ്രൊപ്പഗാന്ത ഭരണങ്ങളുടെ കീഴിൽ വന്നു. 1838 ഏപ്രിൽ 24-നു ഗ്രിഗറി പതിനാറാമൻ മാർപാപ്പ പദ്രുവാദോ ഭരണം നിർത്തലാക്കുന്നതുവരെ ഈ സമ്പ്രദായം തുടർന്നു. പദ്രുവാദോ ഭരണം നിർത്തലാക്കിയതോടെ കൊച്ചി, കൊടുങ്ങല്ലൂർ രൂപതകൾ നിലവിലില്ലാതായി. സുറിയാനി, ലത്തീൻ റീത്തുകളിൽപ്പെട്ട എല്ലാവരും മലബാർ വികാരി അപ്പസ്തോലിക്കയുടെ കീഴിലായി. ഇക്കാലമായപ്പോഴേക്കും മലബാർ വികാരിയാത്ത് വരാപ്പുഴ വികാരിയാത്ത് എന്നറിയപ്പെടാൻ തുടങ്ങിയിരുന്നു. 1827-ൽ ഇറ്റലിക്കാരനായ കർമ്മലീത്താ സന്ന്യാസി മൗറേലിയസ് സ്തബിലീനി വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി നിയമിതനായി. ഇദ്ദേഹത്തിന്റെ കാലത്താണ് ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസ സഭയായ സി.എം.ഐ. സഭയുടെ ആരംഭം. ഈ സന്ന്യാസസമൂഹത്തിൽ അന്തർഹിതമായ പല ഘടകങ്ങളിൽ ഒന്നാണ് സുറിയാനി തനിമ. കൽദായ സുറിയാനി പാരമ്പര്യത്തിൽ നിന്ന് സീറോ മലബാർ സഭയിൽ എത്തി നിൽക്കുന്ന തുടർച്ചയും തനിമയുമാണത്. ഈ തനിമയിൽ പൗരസ്ത്യ ആരാധനക്രമം അടങ്ങിയിരിക്കുന്നു. ഇന്നത്തെ സീറോ മലബാർ സഭാംഗങ്ങളുടെ മുൻ തലമുറകൾ തങ്ങളുടെ തനിമ നിലനിർത്താൻ നടത്തിയ പോരാട്ടങ്ങളുടെയും ത്യാഗങ്ങളുടെയും ചരിത്രം മനസ്സിലാക്കിയാലേ സി. എം.ഐ. സന്ന്യാസ സഭയെ ആഴത്തിൽ ഉൾക്കൊള്ളാനാകൂ. കാരണം സീറോ മലബാർ സഭയിലാണ് സി. എം.ഐ. സഭ നിലകൊള്ളുന്നത്. സി.എം.ഐ. സഭ സീറോ മലബാർ സഭയിലാണ് ജനിച്ചതും വളർന്നതും. സന്ന്യാസ സഭകളെല്ലാം സത്താപരമായി സഭാത്മകമാണല്ലോ. സി.എം.ഐ. സഭ അടിസ്ഥാനപരമായി സീറോ മലബാർ സഭാത്മകമാണ്.[9] സി. എം. ഐ. സഭയുടെ പ്രമാണ രേഖയിൽ ഇക്കാര്യം സുവ്യക്തമാക്കിയിട്ടുണ്ട്.

1822-ലാണ് പോരൂക്കര മല്പാൻ സുഹൃത്ത് കണിയാന്തറ യാക്കോബിനോട് "നമുക്ക് രണ്ടു പേർക്കും കൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം" എന്നു പറഞ്ഞത്. മലബാർ സഭ പിന്നിട്ട സംഘർഷങ്ങളുടെ ചരിത്രം മനസ്സിലാക്കുമ്പോഴേ ആ വാക്കുകൾ പറയാനെന്താണു കാരണമെന്ന കൃത്യമായ ധാരണയുണ്ടാകൂ.

ഭാരതീയർക്ക് വനവാസത്തിന്റെ അഥവാ സന്ന്യാസത്തിന്റെ പാരമ്പര്യമുണ്ടായിരുന്നു എന്ന വാസ്തവത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ് പോരൂക്കര മല്പാന്റെ വാക്കുകൾ. ബി.സി. 500-നും 200-നും ഇടയിൽ മനുഷ്യ ജീവിതത്തെ നാല് ആശ്രമങ്ങളായി തിരിച്ചുകൊണ്ടുള്ള ധർമശാസ്ത്രം ഭാരതത്തിൽ രൂപം കൊണ്ടു.

ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിവയാണ് നാല് ആശ്രമങ്ങൾ. പഠനകാലമാണ് ബ്രഹ്മചര്യം. ബ്രഹ്മചാരിയായി പഠനത്തിൽ മാത്രം ശ്രദ്ധിച്ച് ഭാവി ജീവിതത്തിനു അടിത്തറയിടുന്നു. കുടുംബത്തോടും ലോകത്തോടുമുള്ള കടമകൾ നിറവേറ്റുന്നതാണ് ഗാർഹസ്ഥ്യം. വിവാഹിതനായി സന്താനങ്ങൾക്കു ജന്മം നൽകി അവരെ സംരക്ഷിച്ച് മുന്നേറുന്ന ഏറ്റവും ചലനാത്മകമായ കാലം. ലോക കർമങ്ങൾ പൂർത്തിയാക്കിയ ശേഷം ഈശ്വര വിചാരത്തിൽ ചെലവഴിക്കുന്ന കാലയളവാണു വാനപ്രസ്ഥം. അങ്ങനെ മനസ്സ് സജ്ജമാക്കിയ വ്യക്തി ലോകബന്ധങ്ങൾ ഉപേക്ഷിച്ചു തപസ്സിൽ മുഴുകി മോക്ഷം സമ്പാദിക്കുന്നതിനായി സന്ന്യാസം വരിക്കുന്നു. എല്ലാം ത്യജിച്ചവനാണു സന്ന്യാസി. ഏതൊരു വ്യക്തിയും പിന്തുടരേണ്ടതാണു സന്ന്യാസമെന്നാണ് ഭാരതീയ സംസ്കാരം അനുശാസിക്കുന്നതെന്നു ചുരുക്കം. ഇന്ദ്രിയങ്ങളെ കീഴടക്കിയവരും കാമം, ക്രോധം തുടങ്ങിയ അധമ വികാരങ്ങളെ ജയിച്ചവരുമായ മഹർഷിമാരെക്കുറിച്ച് പുരാണങ്ങളിൽ വിവരങ്ങളുണ്ട്.

ഭാരതത്തിലെ ക്രിസ്ത്യാനികൾ സന്ന്യാസ ജീവിതത്തോട് എത്രമാത്രം ആഭിമുഖ്യം കാണിച്ചുവെന്നതിനു കൃത്യമായ തെളിവുകളില്ല. ഏ.ഡി. 594-ൽ മരണമടഞ്ഞ ടൂർസിലെ മെത്രാനായിരുന്ന ഗ്രിഗറി ഇന്ത്യയിൽ തോമാശ്ലീഹായെ സംസ്കരിച്ചിരുന്ന സ്ഥലത്ത് ഒരു സന്ന്യാസാശ്രമവും വലിയ ഒരു ദൈവാലയവും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ സ്ഥലം സന്ദർശിച്ച തെയോഡോറാണ് ഇക്കാര്യം അറിയിച്ചതെന്നും ഗ്രിഗറി വ്യക്തമാക്കിയിട്ടുണ്ട്. Joseph the Indian എന്നറിയപ്പെടുന്ന മലബാറുകാരനായ വൈദികൻ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ ഇന്ത്യയിലുണ്ടായിരുന്ന ക്രിസ്തീയ സന്ന്യാസിമാരെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ട്. 1504-ൽ ഇന്ത്യ സന്ദർശിച്ച പേർഷ്യൻ സഭാംഗങ്ങളായ മാർ യബ് ആലാഹ, മാർ തോമ്മാ, മാർ യാക്കോബ്, മാർ നേഹാ എന്നീ നാലു മെത്രാന്മാർ പാത്രിയർക്കീസിന് സുറിയാനി ഭാഷയിലെഴുതിയ കത്തിൽ മൈലാപ്പൂരിലെ ക്രിസ്തീയ ആശ്രമത്തെക്കുറിച്ചു വ്യക്തമാക്കിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വന്ന ബർത്തലോമ്യോ പൗളിനൂസ് എന്ന വിദേശിയായ വൈദികൻ ഇടപ്പള്ളി, അങ്കമാലി, മൈലാപ്പൂർ എന്നിവിടങ്ങളിൽ ക്രിസ്തീയ ആശ്രമങ്ങൾ ഉണ്ടായിരുന്നതായി പ്രസ്താവിച്ചിട്ടുണ്ട്.[10]. എന്തായാലും ഇന്ത്യയിൽ 1620-നു ശേഷം പുരുഷന്മാർക്കോ സ്ത്രീകൾക്കോ വേണ്ടി ക്രിസ്തീയ സന്ന്യാസ സമൂഹങ്ങളൊന്നും നിലവിലുണ്ടായിരുന്നില്ല. ആ മഹാശൂന്യതയിലാണ്

സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാർ മാന്നാനം പൊൻമലമേട്ടിൽ സന്ന്യാസ ജ്യോതി തെളിയിച്ചത്.

**സൂചിത രേഖകൾ**


1. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., *മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 29.
2. കുര്യൻ മാതോത്ത്, ഫാ.സെബാസ്റ്റ്യൻ നടയ്ക്കൽ, *മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ നൂറ്റാണ്ടുകളിലൂടെ,* പേജ് 71.
3. *Herald of the New Age*: History of the Growth and Activities of CMI Congregation, Page 20.
4. *മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ നൂറ്റാണ്ടുകളിലൂടെ,* പേജ് 77.
5. *Herald of the New Age*: History of the Growth and Activities of CMI Congregation, Page 26.
6. *Herald of the New Age*: History of the Growth and Activities of CMI Congregation, Page 22.
7. എം.ഒ. ജോസഫ് നെടുങ്കുന്നം, *കേരള ക്രിസ്ത്യാനികൾ,* പേജ് 258.
8. *Herald of the New Age*: History of the Growth and Activities of CMI Congregation, Page 36.
9. തോമസ് ഐക്കര, *ഞാൻ കണ്ട സി.എം.ഐ. സഭ,* പേജ് 191.
10. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., *ഇതാ ഞാൻ അവിടത്തെ ദാസൻ,* പേജ് 1.

04

# കർമ്മലീത്ത പ്രവാഹം ദൈവനിയോഗം

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ കർമ്മലീത്താ മിഷനറിമാരുടെ സഭാസംബന്ധമായ ഭരണം ആരംഭിക്കുന്നത് പ്രൊപ്പഗാന്ത ഫിദെ നടത്തിയ തന്ത്രപരമായ നീക്കത്തിലൂടെയാണ്. ഫ്രാൻസിസ് ഗാർസ്യ മെത്രാപ്പോലീത്തയോടുള്ള എതിർപ്പുമൂലം സഭയുമായി തെറ്റിപ്പിരിഞ്ഞ അർക്കദിയാക്കോനെയും പിന്തുണക്കാരെയും മാതൃസഭയിലേക്കു തിരികെ കൊണ്ടുവരാൻ അലക്സാണ്ടർ ഏഴാമൻ മാർപാപ്പ നിയോഗിച്ച കർമ്മലീത്ത നിഷ്പാദുക സന്ന്യാസികളുടെ ഒരു സംഘത്തിന്റെ നേതൃത്വം ഫാ.ജോസഫ് സെബസ്ത്യാനിക്ക് ആയിരുന്നു. ഈ സംഘം 1657 ഫെബ്രുവരിയിൽ കേരളത്തിൽ വന്ന് അർക്കദിയാക്കോനെയും കൂട്ടരെയും കണ്ടു സംസാരിച്ചെങ്കിലും ഒത്തുതീർപ്പ് സാധ്യമായില്ല. ഫാ.സെബസ്ത്യാനിയുടെ ശ്രമഫലമായി നിരവധി പള്ളികളും പുരോഹിതന്മാരും വിശ്വാസികളും മാതൃസഭയിലേക്കു തിരിച്ചുവന്നെങ്കിലും അവർ ആർച്ച്ബിഷപ്പ് ഗാർസ്യയെ അംഗീകരിക്കുവാൻ വിസമ്മതിച്ചു. 1658 ജനുവരിയിൽ റോമിൽ തിരിച്ചെത്തിയ ഫാ. സെബസ്ത്യാനി വിശ്വാസതിരുസംഘത്തിനു റിപ്പോർട്ട് സമ്മർപ്പിച്ചു. തുടർന്നു മാർപാപ്പ ആർച്ച്ബിഷപ്പ് ഫ്രാൻസിസ് ഗാർസ്യയുടെ സ്ഥാനത്തു ഫാ. സെബസ്ത്യാനിയെ സുറിയാനി ക്രിസ്ത്യാനികളുടെ അപ്പസ്തോലിക്ക് കമ്മിസാറിയും അഡ്മിനിസ്ട്രേറ്ററും ആയി നിയമിക്കുവാൻ നിശ്ചയിച്ചു. സ്ഥാനാരോഹണം റോമിൽ മാർപാപ്പയുടെ സ്വകാര്യ ചാപ്പലിൽ രഹസ്യമായാണു നടത്തിയത്. പദ്രുവാദോ ഭരണം നിലനിൽക്കുന്ന സ്ഥലത്തേക്ക് മെത്രാനെ നിയമിക്കുവാനുള്ള അധികാരം പോർച്ചുഗൽ രാജാവിൽ നിക്ഷിപ്തമായിരുന്നതാണു കാരണം. 1661-ൽ ഫാ. സെബസ്ത്യാനി കേരളത്തിൽ വരുന്നതിന് രണ്ടുവർഷം മുമ്പ് 1659–ൽ ആർച്ച് ബിഷപ്പ്

ഗാർസ്യ അന്തരിച്ചതിനാൽ അധികാര വടംവലി ഒഴിവായി. സുറിയാനി ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള തിരുവെഴുത്ത് മാർപാപ്പ സെബസ്ത്യാനിയുടെ കൈയിൽ കൊടുത്തുവിട്ടിരുന്നു. അത്തള്ള ശീശ്മ ബിഷപ്പാണെന്നും മാർപാപ്പ അയച്ചതല്ലെന്നും അതിൽ വെളിപ്പെടുത്തിയിരുന്നു. അതോടെ അർക്കദിയാക്കോന്റെ പക്ഷം ചേർന്ന സുറിയാനി ക്രിസ്ത്യാനികളിൽ വലിയ പങ്ക് മാതൃസഭയിലേക്കു തിരിച്ചുവന്നു.

രണ്ടുവർഷമേ ആർച്ച്ബിഷപ്പ് ജോസഫ് സെബസ്ത്യാനിക്ക് മലബാർ സഭയുടെ ഭരണം നിർവഹിക്കാനായുള്ളൂ. ഡച്ചുകാർ കൊച്ചി പിടിച്ചടക്കിയശേഷം ഡച്ചുകാരല്ലാത്ത യൂറോപ്യന്മാരെല്ലാം ഉടൻ നാടുവിട്ടു പോകണമെന്നു നിർദേശിച്ചതിനെ തുടർന്ന് കൊടുങ്ങല്ലൂരിൽ നിന്നു പോകുന്നതിനു മുമ്പ് ആർച്ച്ബിഷപ്പ് സെബസ്ത്യാനി പറമ്പിൽ ചാണ്ടി കത്തനാരെ മലബാറിന്റെ വികാരി അപ്പസ്തോലിക്കയായി വാഴിച്ച കാര്യം മുൻ അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാദേശിക വൈദികനെ ബിഷപ്പ് സ്ഥാനത്തേക്ക് ഉയർത്തിയത് കർമ്മലീത്താ മിഷനറിമാർക്ക് ദഹിച്ചില്ല. അതിനുതക്ക യോഗ്യത നാട്ടുകാരായ വൈദികർക്ക് ഉണ്ടെന്നു അംഗീകരിക്കാൻ അവർ തയ്യാറായിരുന്നില്ല. അതിനാൽ അവസരം കിട്ടുമ്പോഴെല്ലാം യൂറോപ്യൻ ബിഷപ്പുമാരെ അയച്ചു കിട്ടാൻ കർമ്മലീത്താ മിഷനറിമാർ റോമിൽ സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. ഈ പശ്ചാത്തലമാണ് പറമ്പിൽ ചാണ്ടി മെത്രാന്റെ പിൻഗാമിയായി ആംഗ്ലോ ഇന്ത്യൻ വംശജനായ ഫാ. റാഫേൽ ഫിഗുവേരോ നിയമിതനാവാൻ കാരണം. ആ നിയമനം സഭയ്ക്കുസംഭവിച്ച വലിയ ദുരന്തമായിരുന്നു.

1700-ൽ ഇന്നസെന്റ് പന്ത്രണ്ടാമൻ മാർപാപ്പ ഫാ. ആഞ്ചലൂസ് ഫ്രാൻസിസിനെ മലബാറിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. ഫാ. റാഫേൽ ഫിഗുവേരോയെ ബിഷപ്പായി തെരഞ്ഞെടുത്ത കർമ്മലീത്താ സന്യാസിമാരിൽ ഒരാളായിരുന്നു ഫാ. ആഞ്ചലൂസ് ഫ്രാൻസിസ്. 1701 മെയ് 22-നു മെത്രാഭിഷേകത്തിനു ശേഷം ബിഷപ്പ് ആഞ്ചലൂസ് ഫ്രാൻസിസ് വരാപ്പുഴ ആസ്ഥാനമായി ഭരണം തുടങ്ങി.

ബിഷപ്പ് ആഞ്ചലൂസിന്റെ നിയമനം തന്റെ പദ്രുവാദോ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായി പോർച്ചുഗീസ് രാജാവു കണ്ടു. രാജാവ് അമ്പഴക്കാട് സെമിനാരിയിലെ റെക്ടറായിരുന്ന ജസ്യൂട്ട് വൈദികൻ ജോൺ റിബെയ്റോയെ കൊടുങ്ങല്ലൂരിലെ ആർച്ച്ബിഷപ്പായി നിയമിച്ചു. ക്ലമന്റ് പതിനൊന്നാമൻ മാർപാപ്പ ഇതംഗീകരിക്കുകയും ചെയ്തു. 1704-ൽ റിബെയ്റോ സ്ഥാനമേ

റ്റെങ്കിലും ആ വർഷം തന്നെ അദ്ദേഹത്തെയും കൊച്ചി ബിഷപ്പിനെയും അവരുടെ അധികാര സ്ഥലങ്ങളിൽ നിന്ന് ഡച്ചുകാർ പുറത്താക്കി.

ബിഷപ്പ് ആഞ്ചലൂസ് ഫ്രാൻസിസ് വിവിധ ഭാഷകളിൽ പണ്ഡിതനായിരുന്നു. കേരളത്തിലെ സാമാന്യജനങ്ങളുടെ സംസാരഭാഷയുടെ വ്യാകരണ നിയമങ്ങൾ ലീലാതിലകത്തിനുശേഷം ആദ്യമായി ചിട്ടപ്പെടുത്തിയത് ഇദ്ദേഹമാണ്. ആ രചന ലത്തീൻ ഭാഷയിലായിരുന്നു. മലയാളികളെ മലയാളം പഠിപ്പിക്കുകയായിരുന്നില്ല, മലയാളക്കരയിലെത്തുന്ന വിദേശികളെ മലയാളം പഠിക്കാൻ സഹായിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.[1] മലയാളത്തിലെ വ്യാകരണ നിയമങ്ങൾ ചിട്ടപ്പെടുത്താൻ കാണിച്ച വിശാല മനസ്സ് പറമ്പിൽ ചാണ്ടി മെത്രാന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിൽ ബിഷപ്പ് ആഞ്ചലൂസ് ഫ്രാൻസിസ് കാണിച്ചില്ല. ചാണ്ടി മെത്രാന്റെ പിൻഗാമിയായി അർക്കദിയാക്കോനെയോ അദ്ദേഹത്തിനു താത്പര്യമില്ലെങ്കിൽ മുട്ടം ഇടവക വികാരി ഫാ. ജോർജിനെയോ ബിഷപ്പ് സ്ഥാനത്തേക്കു തെരഞ്ഞെടുക്കാനാണ് റോം നൽകിയിരുന്ന നിർദേശം. കർമ്മലീത്ത വൈദികർ ഇതു പാലിച്ചില്ല. ചാണ്ടിമെത്രാൻ നിർദേശിച്ച ബന്ധുവായ വൈദികനെയും തള്ളിക്കളഞ്ഞു. എന്നിട്ടാണ് ആംഗ്ലോ ഇന്ത്യനായ ഫാ.റാഫേൽ ഫിഗുവേരോയെ ബിഷപ്പായി തിരഞ്ഞെടുത്തത്. ഭാഷയുടെ വ്യാകരണം തെറ്റാതെ നോക്കാനുള്ള ഔത്സുക്യം സഭയുടെ വ്യാകരണം തെറ്റാതെ നോക്കുന്നതിൽ ബിഷപ്പ് ആഞ്ചലൂസ് ഫ്രാൻസിസ് കാണിച്ചില്ല.

ബിഷപ്പ് ആഞ്ചലൂസ് ഫ്രാൻസിസിന്റെ മരണശേഷം(1712) പ്രൊപ്പഗാന്ത ഫിദെയുടെ അധികാരത്തിൻ കീഴിൽ മലബാർ ഭരിച്ച വികാരി അപ്പസ്തോലിക്കമാരാണ് John Baptist Moltedi (1714-1750) , Florence of Jesus (1750-1773), ഫ്രാൻസിസ് സാലസ് (1775-1779), Aloysius Mary (1784-1802), Peter Alcantra (1818-1821), Melesius Prendergast (1821-1827), Maurelius Stabilini (1827-1831), Francis Xavier of St. Anna (1831-1844), Ludovicus of St. Theresa (1844-1853), Bernardine of St. Therese (1859-1868), Leonardo Mellano of St. Luis (1868-1886) എന്നിവർ. Leonardo Mellano ആണ് മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിച്ച അവസാനത്തെ ലത്തീൻ കർമ്മലീത്താ ആർച്ച്ബിഷപ്പ്.[2]

ഇവരിൽ മൗറേലിയസ് സ്തബിലിനി വികാരി അപ്പസ്തോലിക്കആയിരുന്നപ്പോഴാണ് മല്പാന്മാരായ തോമസ് പാലയ്ക്കലും, തോമസ് പോരൂക്കരയും ഒരു സന്ന്യാസ സഭ സ്ഥാപിക്കണമെന്ന

തങ്ങളുടെ ആഗ്രഹം അറിയിച്ചത്. 1829-ൽ ആയിരുന്നു ആ ആഗ്രഹപ്രകാശനം. മെത്രാൻ സന്തോഷത്തോടെ പിന്തുണച്ചു. അക്കാലം മുതൽ സി.എം.ഐ. സഭയുടെ ഭാഗധേയങ്ങളിൽ കർമ്മലീത്ത വികാരി അപ്പസ്തോലിക്കമാർ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ആ ചരിത്രം പ്രതിപാദിക്കുന്നതിനുമുമ്പ് ഈ വികാരി അപ്പസ്തോലിക്കമാരുടെ പ്രവർത്തന രീതികളും സംഭാവനകളും മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

തന്റെ പ്രവിശ്യയിലെ സെമിനാരിയിൽ തത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പ്രൊഫസറായിരുന്നു ഫാ. മൗറീലിയസ് സ്തബിലിനി. ലത്തീൻ, ഫ്രഞ്ച്, പോർച്ചുഗീസ്, ഇംഗ്ലീഷ്, അറബി ഭാഷകൾ അറിയാമായിരുന്നു. 1824 ഓഗസ്റ്റിൽ ബോംബെ വികാരി അപ്പസ്തോലിക്കയുടെ സഹായ മെത്രാനായി നിയമിക്കപ്പെട്ടു. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ മിലെസ് പ്രെന്റർഗാസ്റ്റി (Milesius Prendergast) നെ കുറിച്ചുള്ള ആരോപണങ്ങൾ അന്വേഷിക്കുവാൻ പ്രൊപ്പഗാന്ത ഫിദെ ബിഷപ്പ് സ്തബിലിനിയെ ചുമതലപ്പെടുത്തി. ബിഷപ്പ് മിലെസിനെ സ്ഥാനത്തു നിന്നു നീക്കിയപ്പോൾ 1827 ഡിസംബറിൽ ഫാ. സ്തബിലിനി വരാപ്പുഴയുടെ ഇടക്കാല വികാരി അപ്പസ്തോലിക്കയായി ചുമതലയേറ്റു. ഇങ്ങനെ അധികാരിക്കെതിരായ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനാകുന്നയാൾ അധികാരിയാകുന്നത് കേരള സഭയുടെ ചരിത്രത്തിൽ ആവർത്തിക്കുന്നുണ്ട്.

ലത്തീൻ വിഭാഗക്കാരുടെ ഇടയിലുള്ള വലിയ വിവാദത്തിന്റെ വള്ളത്തിലേക്കാണ് പുതിയ വികാരി അപ്പസ്തോലിക്ക കാലെടുത്തു വച്ചത്. 1814-ൽ ഫാ. പ്രോസ്പർ വരാപ്പുഴയിലെ സെമിനാരിയിൽ ലത്തീൻ വിഭാഗത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നുള്ള (അഞ്ഞൂറ്റിക്കാർ) രണ്ടു പേർക്ക് പ്രവേശനം നൽകിയതു മുതൽ പുകഞ്ഞു തുടങ്ങിയ പ്രശ്നമാണിത്. ലത്തീൻ സമൂഹത്തിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗവും എഴുന്നൂറ്റിക്കാരും ഇതിനെ എതിർത്തു. അക്കാലത്ത് ഇടക്കാല വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. അൽകാൻട്ര (Alcantra), അഞ്ഞൂറ്റിക്കാരായ ആരെയും ഇനി വൈദിക വിദ്യാർഥികളായി സ്വീകരിക്കയില്ലെന്നു വാക്കുകൊടുത്ത് പ്രശ്നം പരിഹരിച്ചു.

പിന്നീട് ബിഷപ്പ് മിലെസ് വൈദിക വിദ്യാർഥികളായി എടുത്ത രണ്ടുപേരെയും വൈദികപഠനത്തിനായി ബോംബെയിലേക്ക് അയച്ചു. അങ്ങനെ വൈദികരായവരിൽ ഒരാളാണ് ബിഷപ്പ് സ്തബിലിനിയെ ബോംബെയിൽ നിന്ന് കേരളത്തിലേക്കു അനുഗമിച്ച ഫാ. പാസ്കൽ. ബിഷപ്പ് മത്സ്യത്തൊഴിലാളി സമൂഹത്തിൽ

നിന്നു വൈദിക വിദ്യാർഥികളെ പുതുതായി എടുക്കുവാൻ തീരുമാനിച്ചപ്പോൾ പണ്ടത്തെ എതിർപ്പുകാർ വീണ്ടുമെത്തി. ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായ നിലപാട് കൈക്കൊണ്ട ബിഷപ്പ് സ്തബിലിനി വഴങ്ങിയില്ല. അഭിപ്രായ വ്യത്യാസം വർധിച്ച് വരാപ്പുഴയിലെ താമസം പ്രശ്നമായപ്പോൾ വികാരി അപ്പസ്തോലിക്ക അർത്തുങ്കൽ പള്ളിയിലേക്ക് താമസം മാറ്റി.

സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കൻമാരായ പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും ബിഷപ്പ് സ്തബിലിനിയുമായി നല്ല ബന്ധത്തിലായിരുന്നു. ബിഷപ്പ് സ്തബിലിനി മലബാർ മിഷനെ നശിപ്പിച്ചു എന്നഭിപ്രായക്കാരായിരുന്നു കർമ്മലീത്താ വൈദികരായ ഫാ. ഫ്രാൻസിസ് സേവ്യറും ഫാ. നിക്കോളാസും. ഫാ. നിക്കോളാസ് രൂക്ഷമായ ഭാഷയിൽ ബിഷപ്പ് സ്തബിലിനിയെ വിമർശിച്ചുകൊണ്ട് കത്തെഴുതി: “അദ്ദേഹം (ബിഷപ്പ് മൗറേലിയസ് സ്തബിലിനി) പഠിപ്പുള്ളയാളാണ്, പക്ഷെ ബുദ്ധിയില്ല. വിവേകമില്ല, ഭരണം നടത്താൻ അറിയില്ല. പുറമേക്കു കാണുന്ന വിശുദ്ധിയേയുള്ളൂ. അദ്ദേഹം എല്ലാവരെയും കബളിപ്പിക്കുകയാണെന്നു ഭയപ്പെടുന്നു.”

ഫാ. ഫ്രാൻസിസ് സേവ്യറെ 1815 സെപ്റ്റംബർ അഞ്ചിനു വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി നിയമിച്ചതാണ്. അന്ന് അദ്ദേഹം ആ നിയമനം സ്വീകരിച്ചില്ല. എന്നാൽ ബിഷപ്പ് സ്തബിലിനി സ്ഥാനം ഒഴിഞ്ഞപ്പോൾ ഫാ. ഫ്രാൻസിസ് സേവ്യർ ബിഷപ്പായി നിയമിതനായി. 1832 ജനുവരി 9-ന് അദ്ദേഹം സ്ഥാനം ഏറ്റെടുത്തു. ആ സമയത്ത് ബിഷപ്പിനെ കൂടാതെ ഒരേയൊരു വിദേശ മിഷനറി മാത്രമേ വരാപ്പുഴയിൽ ഉണ്ടായിരുന്നുള്ളൂ, ഫാ. നിക്കോളാസ്. മലബാർ സഭയുടെ ഭരണം പ്രശ്നങ്ങൾ നിറഞ്ഞതാണെന്നു ബിഷപ്പ് ഫ്രാൻസിസ് സേവ്യർക്ക് നേരത്തെതന്നെ അറിയാമായിരുന്നു. പ്രായാധിക്യം, രോഗം, മിഷനറിമാരുടെ കുറവ്, സാമ്പത്തിക ബുദ്ധിമുട്ട്, പദ്രുവാദോ, പ്രൊപ്പഗാന്ത എന്നീ രണ്ട് അധികാര കേന്ദ്രങ്ങൾ സഭയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നിവയെല്ലാം ബിഷപ്പ് ഫ്രാൻസിസ് സേവ്യറെ പിറകോട്ടു വലിച്ചിരുന്ന ഘടകങ്ങളാണ്. ഫാ. നിക്കോളാസുമായി യോജിച്ചുപോകാൻ പുതിയ ബിഷപ്പിനും കഴിഞ്ഞില്ല. അദ്ദേഹം കർമ്മലീത്താ സഭയുടെ അധികാരിക്ക് (Propositor General) എഴുതി: “വരാപ്പുഴ വികാരിയാത്തിനു ഫാ. നിക്കോളാസിന്റെ നിരുത്തരവാദപരമായ പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. അദ്ദേഹം പണം ചെലവാക്കുന്നത് ധാരാളിത്തത്തോടെയാണ്. ഈ സാഹചര്യത്തിൽ അദ്ദേഹത്തെ ബോംബെയ്ക്ക് അയയ്ക്കുന്ന

താണു നല്ലത്". വൈകാതെ ഫാ.നിക്കോളാസിനു ബോംബെയ്ക്കു മാറ്റമായി.

ഫാ. നിക്കോളാസ് പോയതിനുശേഷം 1834 മുതൽ 1836 വരെയുള്ള കാലയളവിൽ മൂന്നു മിഷനറിമാർ വരാപ്പുഴയിൽ എത്തി. Fr. Bernardino il Romano, Bernardino il Napolitano, Gregorius Ludivicus എന്നിവർ. വരാപ്പുഴയിൽ ആർച്ച്ബിഷപ്പ്സ് ഹൗസ് പണിതതും പുതിയ സെമിനാരിക്കു രൂപം കൊടുത്തതും ബിഷപ്പ് ഫ്രാൻസിസ് സേവ്യറാണ്. മലബാർ സഭയ്ക്കു വേണ്ടി അദ്ദേഹം ചെയ്ത കാര്യങ്ങളിൽ പ്രധാനപ്പെട്ടതാണ് മാന്നാനത്ത് ആരംഭിച്ച സന്യാസ സമൂഹത്തിനു നൽകിയ പിന്തുണ.

ഫ്രാൻസിസ് സേവ്യർ ബിഷപ്പിന്റെ കാലത്ത് 1838-ൽ ഗ്രിഗറി പതിനാറാമൻ മാർപാപ്പ പദ്രുവാദോ അധികാരം അവസാനിപ്പിച്ച് കൊടുങ്ങല്ലൂർ, കൊച്ചി രൂപതകളെ ഉൾപ്പെടുത്തി മലബാർ വികാരിയാത്തിനു രൂപംകൊടുത്തു. വരാപ്പുഴ വികാരിയാത്ത് എന്നറിയപ്പെട്ട ഈ പുതിയ സംവിധാനത്തെ അംഗീകരിക്കാൻ പദ്രുവാദൊ പക്ഷക്കാരായ സുറിയാനി കത്തോലിക്കാ വൈദികർ തയ്യാറായില്ല. മാത്രമല്ല പോർച്ചുഗീസ് പദ്രുവാദൊ അധികാരികൾ കൊടുങ്ങല്ലൂരിനും കൊച്ചിക്കും വേണ്ടി അഡ്മിനിസ്ട്രേറ്റർമാരെ തുടർന്നും നിയമിച്ചുകൊണ്ടിരുന്നു. ഈ അവസ്ഥ സന്യാസ സമൂഹത്തിന്റെ സ്ഥാപക പിതാക്കന്മാർക്കു ബുദ്ധിമുട്ടായി. അവർ പ്രൊപ്പഗാന്ത ഫിദെയിൽ ഉൾപ്പെട്ട കർമ്മലീത്താ ബിഷപ്പിനോട് അടുപ്പവും വിധേയത്വവും ഉള്ളവരായിരുന്നതിനാൽ പദ്രുവാദൊ പക്ഷക്കാരായ വൈദികർ അവരോട് നിസഹകരണ മനോഭാവത്തോടെ പെരുമാറി.

വരാപ്പുഴ വികാരിയാത്ത് കാലക്രമത്തിൽ ലത്തീൻ സഭയുടെ വികാരിയാത്തായി. ഭരണപരമായ സൗകര്യത്തിനായി സുറിയാനി ക്രിസ്ത്യാനികളെയും ലത്തീൻ ക്രിസ്ത്യാനികളെയും ഈ ലത്തീൻ വികാരിയാത്തിനു കീഴിലാക്കി.

1840-ൽ ബിഷപ്പ് ഫ്രാൻസിസ് സേവ്യറെ സാർദിയയുടെ സ്ഥാനിക മെത്രാപ്പോലീത്തയായി നിയമിച്ചു. 1845-ൽ ഒമ്പതാം പീയൂസ് മാർപാപ്പ വരാപ്പുഴ വികാരിയാത്തിനെ മൂന്നായി വിഭജിച്ച് വാരാപ്പുഴ, കൊല്ലം, മംഗലാപുരം വികാരിയാത്തുകളാക്കി. ഭാരതപ്പുഴ മുതൽ പമ്പാനദിവരെയുള്ള മധ്യഭാഗങ്ങൾ ഉൾപ്പെട്ടതായിരുന്നു വരാപ്പുഴ വികാരിയാത്ത്. വരാപ്പുഴയ്ക്കു പുറത്തുള്ള മാർത്തോമ്മ ക്രിസ്ത്യാനികളും ഈ വികാരിയാത്തിന്റെ അധികാരത്തിൻ കീഴിലായി.

ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്ത 1844-ൽ അന്തരിച്ചു.

തുടർന്ന് ലുഡ്വികസ് മർട്ടീനി മെത്രാപ്പോലീത്ത സ്ഥാനമേറ്റു. 1851-ൽ അദ്ദേഹം റോമിലേക്കു തിരിച്ചുപോയി. ലുഡ്വികസ് മെത്രാപ്പോലീത്തയുടെ അഭാവത്തിൽ കുറച്ചുക്കാലം Bernadine of St. Agnes അഡ്മിനിസ്ട്രേറ്ററായി ഭരണം നിർവഹിച്ചു. 1853-ൽ Bernardine of St. Therese (ബച്ചിനെല്ലി) ലുഡ്വികസ് മെത്രാപ്പോലീത്തയുടെ കോ-അഡ്ജൂട്ടറും അഡ്മിനിസ്ട്രേറ്ററുമായി നിയമിതനായി. 1855-ൽ ലുഡ്വികസ് മെത്രാപ്പോലീത്ത രാജിവച്ചശേഷം 1859-ൽ ബെർണർഡിൽ ബച്ചിനെല്ലി മെത്രാപ്പോലീത്തയായി നിയമിതനായി.

ബിഷപ്പ് സ്തബിലിനിയുടെ കാലത്താണ് 1831 മെയ് 11-നു മാന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ആശ്രമത്തിന്റെ ശിലാസ്ഥാപനം നടന്നത്. അത് ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസ സഭയുടെ തുടക്കമായിരുന്നു. 1840-ൽ ഈ ആശ്രമത്തിൽ അലിഖിത നിയമങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടുകൂടി സന്ന്യാസ സമൂഹ ജീവിതം ആരംഭിച്ചപ്പോൾ ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്തയുടെ പിന്തുണയുണ്ടായിരുന്നു. 1841 ജനുവരി 16-ന് പാലയ്ക്കൽ മല്പാനും 1846 ജനുവരി എട്ടാംതീയതി പോരൂക്കര മല്പാനും അന്തരിച്ചപ്പോൾ ഈ സമൂഹത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ചാവറയച്ചനിൽ നിക്ഷിപ്തമായി. 1855 ഡിസംബർ എട്ടിനു ചാവറയച്ചനോടു ചേർന്നു പത്തുപേർ സന്യാസ വ്ര തം സ്വീകരിച്ചു. അക്കാലത്ത് ഈ സമൂഹം അമലോത്ഭവ മറിയത്തിന്റെ ദാസസംഘം എന്നാണറിയപ്പെട്ടത്.

1858 മുതൽ അമലോത്ഭവ കർമ്മല മാതാവിന്റെ ദാസർ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1859 മുതൽ വെള്ള ളോവയ്ക്കും തുകൽ ബെൽറ്റിനും പുറമെ വെള്ള സ്കാപ്പുലറും ധരിക്കുവാൻ ആരംഭിച്ചു. 1861-ൽ കർമ്മലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ എന്നു പേർ സിദ്ധിച്ചു. ഇക്കാലത്തെല്ലാം ബെർണർഡിൻ മെത്രാപ്പോലീത്തയായിരുന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്ക. 1868 സെപ്റ്റംബർ അഞ്ചിനു ബെർണർഡിൻ മെത്രാപ്പോലീത്ത അന്തരിച്ചപ്പോൾ ലെയോണാർഡ് വികാരി അപ്പസ്തോലിക്കയായി. ഇദ്ദേഹം 1868 മുതൽ 1886 വരെ ഭരണം നിർവഹിച്ചു.

പ്രൊപ്പഗാന്ത ഫിദെ നിയോഗിച്ച രഹസ്യ സന്ദർശകനും രഹസ്യാന്വേഷകനുമായ ഫാ. ഇഗ്നേഷ്യസ് പേർസിക്കോ (Ignatius Persico) ലെയോണാർഡ് മെത്രാപ്പോലീത്തയെയും അദ്ദേഹത്തിന്റെ കാലത്ത് വരാപ്പുഴയിൽ ജോലി ചെയ്തിരുന്ന ഏഴ് കർമ്മലീത്താ മിഷനറിമാരെയും കുറിച്ച് പ്രൊപ്പഗാന്ത ഫിദെയ്ക്ക് നൽകിയ

റിപ്പോർട്ട് നിരാശാജനകമായിരുന്നു. നല്ല കാര്യങ്ങൾ ചെയ്യണമെന്ന ആഗ്രഹവും വിശ്വാസതീക്ഷണതയുമുള്ള വ്യക്തിയായിരുന്നു മെത്രാപ്പോലീത്തയെങ്കിലും ആ സ്ഥാനത്തിന് അദ്ദേഹം അർഹനല്ലെന്നാണ് പേർസിക്കോ രേഖപ്പെടുത്തിയത്. അലസൻ, പരിമിതമായ കാഴ്ചപ്പാടും വിദ്യാഭ്യാസവും മാത്രമുള്ളയാൾ, തന്നെ ചുറ്റിപ്പറ്റി നില്ക്കുന്നവരോട് സ്ഥാനത്തിനു നിരക്കാത്ത വിധത്തിൽ ഇടപെടുന്നയാൾ. എന്നാൽ കർമ്മലീത്താക്കാരോട് എതിരാണെന്നു താൻ കരുതുന്നവരോട് പരുഷമായും മർക്കടമുഷ്ടിയോടെയും ഒട്ടും അയവില്ലാതെയുമാണ് പെരുമാറുന്നത്. മെത്രാപ്പൊലീത്തയും കർമ്മലീത്താ മിഷനറിമാരും സുറിയാനി വൈദികരെ സേവകന്മാർ എന്ന പോലെയാണ് സമീപിക്കുന്നത്. ഏഴ് കർമ്മലീത്ത മിഷനറിമാരെക്കുറിച്ച് അപ്പസ്തോലിക്ക് വിസിറ്റർ നൽകിയ റിപ്പോർട്ടിലെ പരാമർശങ്ങൾ പരമദയനീയമാണ്. ഏഴ് മിഷനറിമാരിൽ രണ്ടുപേർക്കേ പ്രാദേശിക ഭാഷയായ മലയാളം അറിയൂ. ഒരാൾക്കു മാത്രമേ സുറിയാനി അല്പമെങ്കിലും അറിയൂ. ഈ മിഷനറിമാർ പ്രവർത്തനങ്ങളിൽ പൊതുവെ താത് പര്യം ഇല്ലാത്തവരാണ്. അലസരും വിദ്യാഭ്യാസം വളരെ കുറഞ്ഞവരും അപരിഷ്കൃതരും മര്യാദയില്ലാതെ പെരുമാറുന്നവരുമാണ്.[3]

ഇങ്ങനെ നിർമമവും രൂക്ഷവുമായ റിപ്പോർട്ട് നൽകിയ അപ്പസ്തോലിക്ക് വിസിറ്റർ കർമ്മലീത്താ മിഷനറിയായ ഫാ. മെർസലൈനെ പിന്തുടർച്ചാവകാശമുള്ള കോ-അഡ്ജൂട്ടറായി (ബിഷപ്പിന്റെ സഹായി) നിയമിക്കാൻ ശുപാർശ ചെയ്തുവെന്ന കാര്യം അത്ഭുതം ജനിപ്പിക്കുന്നു. കർമ്മലീത്ത മിഷനറിമാർ രണ്ടു നൂറ്റാണ്ടുകളായി മറക്കാനാവാത്ത സേവനങ്ങൾ ചെയ്തിട്ടുണ്ടെന്നതാണ് അപ്പസ്തോലിക്ക് വിസിറ്റർ തന്റെ നിലപാടിനെ ന്യായീകരിക്കാൻ ചൂണ്ടിക്കാണിച്ച കാര്യം. 1887 ജനുവരി 25-നു അയച്ച കത്തിൽ അപ്പസ്തോലിക്ക് ഡെലിഗേറ്റും ഭാവിയിൽ വികാരി അപ്പസ്തോലിക്കയാക്കാൻ ചൂണ്ടിക്കാണിച്ചത് കോ-അഡ്ജൂട്ടറെയാണ്.

പിണങ്ങിപ്പോയവരെ മാതൃസഭയിലേക്കു തിരിച്ചുകൊണ്ടുവരികയെന്ന പുനരൈക്യ ശുശ്രൂഷ യാഥാർഥ്യമാക്കുന്നതിനാണ് പ്രൊപ്പഗാന്ത ഫിദെ കർമ്മലീത്താ സന്യാസിമാരെ മലബാറിലേക്ക് നിയോഗിച്ചത്. എന്നാൽ വികാരി അപ്പസ്തോലിക്കമാരായിരുന്ന കർമ്മലീത്താക്കാർക്ക് ഈ ലക്ഷ്യം നേടാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല പലരും വിവാദപുരുഷന്മാരുമായി. മുൻഗാമികളായ ജെസ്യൂട്ടുകളെപ്പോലെ ഇവർക്കും കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞില്ല. അതിനാൽ കർമ്മലീത്താ വികാരി അപ്പസ്തോലിക്കമാർ ഭരിച്ചിരുന്ന

വരാപ്പുഴ വികാരിയാത്തിൽ ജന്മം കൊണ്ട സി.എം.ഐ. സഭാംഗ ങ്ങൾ ക്ക് പദ്രുവാദോയുടെ കീഴിലുള്ള കത്തോലിക്കാ സുറിയാനി ക്രിസ് ത്യാനികളിൽ നിന്ന് പ്രതീക്ഷിച്ച അത്രയും സജീവമായ സഹകരണം തുടക്കത്തിൽ ലഭിച്ചില്ല.

സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരും ആദ്യകാല പിതാക്കന്മാരും ദൈവത്തിൽ ആശ്രയിച്ച് പ്രതിസന്ധികൾ തരണം ചെയ്തു. എല്ലാറ്റിലും അവർ ദൈവ പരിപാലന കണ്ടു. അതി നാൽ സി.എം.ഐ. സന്ന്യാസ പൗരോഹിത്യ സമർപ്പണ ജീവിത ത്തിന്റെ മറ്റൊരു അവിഭാജ്യഘടകമായി അഥവാ സ്രോതസായി കർമ്മലീത്താ ആധ്യാത്മികത നിലകൊണ്ടു. അനേകം വിശുദ്ധാ ത്മാക്കളുടെ ധ്യാനാനുഭവങ്ങളിലും ആഴമുള്ള പ്രാർത്ഥനാനുഭവ ങ്ങളിലും രൂപം കൊണ്ടതാണ് കർമ്മലീത്താ ആധ്യാത്മികത. തുടക്കം മുതലേ സി.എം.ഐ. സഭാംഗങ്ങൾ ഉദാത്തമായ കർമ്മ ലീത്താ ആധ്യാത്മികതയുടെ തുടർച്ചക്കാരും സംവാഹകരും ആയി.

മൗറേലിയസ് സ്തബിലിനി വികാരി അപ്പസ്തോലിക്ക ആയി രുന്നപ്പോഴാണ് സന്ന്യാസസഭ സ്ഥാപിക്കുന്നതിനു അനുമതി ലഭി ച്ചതെന്നു ഈ അധ്യായത്തിന്റെ തുടക്കത്തിൽ വ്യക്തമാക്കിയിട്ടു ണ്ട്. 1829 ഡിസംബർ ഒന്നിനു പുറപ്പെടുവിച്ച അനുവാദ പത്രിക യിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ഉദ്ധരിക്കുന്നു. അന്നത്തെ മലയാള ഭാഷയുടെ പ്രത്യേകതകൾ ഈ ഉദ്ധരണിയിൽ വ്യക്ത മാണ്:

“തംപുരാന്റെ ഏറ്റിക്കപ്പെട്ട സ്തുതിക്കും പള്ളി ഒക്കെയുടെയും നിലയ്ക്കും, നമസ്ക്കാരത്തിലും അരൂപിക്കടുത്ത വേലയിലും എട വിടാതെ അവരായി എന്നവരെപ്പോലെയുള്ള മുട്ടിപ്പിനും, ഇതിൽ പിന്നെ ശുദ്ധമാകപ്പെട്ട വേദം കൈക്കൊള്ളപ്പെട്ട എടങ്ങളിൽ ചുരു ങ്ങപ്പെട്ട സ്ഥലങ്ങളിലും പല ആശ്രമങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടായിരിക്കും വണ്ണം പൂർവ്വമായി വിശ്വസിക്ക പ്പെട്ട നിങ്ങൾക്കും ഇതു വേണമെന്നു ശുദ്ധമാനപള്ളിയോടു അപേ ക്ഷിച്ചതെന്ന്യേ ഇതുവരെയും നടന്നു വരായ്കയാൽ ഇക്കണ്ട പഠി ത്തവും വേലയും കൊണ്ടുള്ള ഫലം...

ഇങ്ങനെയുള്ള കൊടുപ്പ് ഇത്ര ഏറ്റിക്കപ്പെട്ട നന്മകൾ ഇതിൽ അടങ്ങപ്പെട്ടിരിക്കുകകൊണ്ടും... ഈ ഭാഗ്യത്തിന്റെ വഴി തെളിക്ക ണമെന്നും അതിനുവേണ്ടത്ര സഹായം ചെയ്യുന്നവർക്ക് അവരാൽ അനുഭവിപ്പാനുള്ള ഭാഗ്യങ്ങൾ പ്രത്യേകം ഈ മുതൽ കൊടുക്കു ന്നവർക്കും ആകമാനമായിട്ട് എല്ലാവർക്കും അറിവില്ലാത്തവർക്കും കണ്ടുപഠിത്തം കൊടുപ്പാനും മനസ്സാകപ്പെട്ടവരെ ചേർപ്പാനും

ചെതറപ്പെട്ടവരെ കൂട്ടുവാനും പള്ളിയുടെ തെളിവിനും രാജിതങ്ങളുടെയും ലേകമാക്കെയുടെയും നിരപ്പിനും എന്നന്നേക്കും അടുത്ത ആകാശ രാജിതത്തിനു വിളിക്കപ്പെട്ട ഇക്കൂട്ടത്താൽ ഒക്കെയത് ലോകകാര്യം ഒക്കെയിൽ നിന്നു അടങ്ങപ്പെട്ട ഇവരുടെ വേലയാൽ കണ്ണു കാട്ടപ്പെട്ട നന്മകളൊക്കെ വരുന്നതിനെക്കൊണ്ടു...''[4]

ഈ അനുവാദപത്രികയിലെ പഴയ മലയാളത്തിന്റെ ആശയം സംഗ്രഹിച്ച് ഇന്നത്തെ മലയാളത്തിലേക്കു മാറ്റിയാൽ ഇപ്രകാരമായിരിക്കും: "അറിവില്ലാത്തവർക്കു സന്മാതൃക കാണിച്ചുകൊടുക്കുക (പഠിപ്പിക്കുക). സന്മനസുള്ളവരെ മാനസാന്തരപ്പെടുത്തുക. ഭിന്നിച്ചുനിൽക്കുന്ന സഹോദരങ്ങളെ പുനരൈക്യപ്പെടുത്തുക. സഭയുടെ തന്നെ നവോത്ഥാനത്തിനു വേണ്ടി യത്നിക്കുക. രാജ്യങ്ങളുടെയും ലോകം മുഴുവന്റെയും സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രയത്നിക്കുക. സ്വർഗരാജ്യത്തിനായി പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ സമർപ്പണ ജീവിതത്തിനും പരിപൂർണതയ്ക്കും വേണ്ടി പരിശ്രമിക്കുക. ലോകത്തിൽ നിന്നും ആധ്യാത്മികതയിലേക്കു തെരഞ്ഞെടുക്കപ്പെട്ടവരുടെ വേലവഴി കണ്ണിനു കാണാവുന്ന നന്മകൾ നേടിയെടുക്കുക. മൊത്തത്തിൽ ജനങ്ങളുടെ ഏറ്റവും വലിയ നന്മയ്ക്കുവേണ്ടി പരിശ്രമിക്കുക...''[5]

വിശുദ്ധ ചാവറയച്ചനും ആദ്യപിതാക്കന്മാരും പിന്നീടു വന്ന തലമുറയുമെല്ലാം അനുവാദപത്രികയിലെ ഈ പ്രഖ്യാപനങ്ങൾ തങ്ങളുടെ സന്ന്യാസ ജീവിതത്തിന്റെ പ്രകടനപത്രികയായി പരിഗണിച്ചു ജീവിച്ചവരും ജീവിക്കാൻ പരിശ്രമിക്കുന്നവരുമാണ്.ഓരോ കാലത്തും ചില പ്രത്യേക മേഖലകൾക്ക് കൂടുതൽ ആക്കവും തൂക്കവും കൈവന്നിട്ടുണ്ടാകാമെങ്കിലും ലക്ഷ്യങ്ങൾ മേൽ പ്രസ്താവിച്ചവ തന്നെയാണ്. അവർ കയറിയ സി.എം.ഐ. സഭയെന്ന വണ്ടി ഒരിക്കലും പാളം തെറ്റിയിട്ടില്ല. എന്നുമാത്രമല്ല അർഹരായവരെ കൂടുതൽ കയറ്റി ലക്ഷ്യത്തിലേക്കുള്ള നിരന്തര പ്രയാണത്തിലാണ്. ആദ്യകാലത്ത് കൽക്കരി ട്രെയിൻ പോലെ പരിമിതകളുള്ളതും വേഗം കുറവുമായിരുന്നു. ഇപ്പോൾ ഇലക്ട്രിക്ക് ട്രെയിൻപോലെ ആധുനികത നിറഞ്ഞും കൂടിയ വേഗത്തിലുമാണ് പ്രയാണം. ഈ യാത്രയിൽ പുതിയ കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ നിരന്തരമായ നവീകരണത്തിൽ സഭ ശ്രദ്ധിക്കുന്നു. വ്യക്തിതലത്തിലും സമൂഹതലത്തിലും ശാക്തീകരണം നടത്തുന്നു.

**സൂചിത രേഖകൾ**

1. *അർണോസുപാതിരിയുടെ കാവ്യങ്ങൾ*, പേജ് 2.

2,3. *Herald of the New Age*: History of the Growth and Activities of the CMI Congregation, Page 48.

4,5. എം.ഒ.ജോസഫ് നെടുങ്കുന്നം, *മാനവികതയുടെ മാനിഫെസ്റ്റോ*, പേജ് 145.

## 05

# നവസമൂഹ സൃഷ്ടിക്ക് ഊടും പാവും

**ജാ**തിസംബന്ധമായ ശുദ്ധാശുദ്ധിയുടെ കാര്യത്തിൽ കടുത്ത മനോരോഗം ബാധിച്ച സമൂഹമായിരുന്നു കേരളത്തിലേത്. ചർച്ച് മിഷൻ സൊസൈറ്റിയിലെ ഒരു വൈദികന്റെ ഭാര്യ 1860-ൽ ഇങ്ങനെ എഴുതി: "ഒരു നായർക്ക് ഒരു നമ്പൂതിരിയെ സമീപിക്കാം, പക്ഷെ, തൊട്ടുകൂടാ. ഒരു ഈഴവൻ 30 അടി ദൂരെ നില്ക്കണം. ഒരു ചോവൻ ഒരു നായർക്ക് 12 അടി മാറി നിൽക്കണം. ഒരു പുലയൻ 60 ചുവട്ടടി മാറി നിൽക്കണം. പറയൻ കുറച്ചുകൂടി അകന്നു നിൽക്കണം. ഒരു സുറിയാനി ക്രിസ്ത്യാനിക്ക് ഒരു നായരെ തൊടാം (ചിലയിടങ്ങളിൽ ഇത് അനുവദിക്കപ്പെട്ടിരുന്നില്ല). എന്നാൽ സഹഭക്ഷണം സാധ്യമല്ലായിരുന്നു. ഏറ്റവും താണനിലയിലുള്ള പുലയർക്കും പറയർക്കും അടുത്തു ചെല്ലാം. പക്ഷെ, തൊടാൻ വയ്യ. പിന്നല്ലേ അവർക്ക് സഹഭക്ഷണം. ഇത് ഒരു ദൂരത്തിന്റെ മാത്രം വിവരണമല്ല. മറ്റു ചിലതിന് ഒന്നോ രണ്ടോ വാരയുടെ വ്യത്യാസമുണ്ടാകും. എന്നാൽ മുഖ്യമായത് ദൂരത്തുനിന്നും അശുദ്ധമാക്കാനാവുന്നു എന്നതാണ്."[1]

ഇന്നത്തെ സി.എം.ഐ. സഭ 1861 മുതൽ കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭ എന്നറിയപ്പെടാൻ തുടങ്ങിയ കാലത്ത് കേരളത്തിന്റെ സാമൂഹികാവസ്ഥ ഇതായിരുന്നു. തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ എന്ന ഭീകരമായ അവസ്ഥ. സഭാസംബന്ധമായ കാര്യങ്ങളിൽ വിദേശ മിഷനറിമാരോട് കലഹിക്കാൻ തയാറായിരുന്ന സുറിയാനി ക്രിസ്ത്യാനികളും കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളും ജാതിവ്യവ്യസ്ഥകളിലെ അനീതികളുടെ പേരിൽ പ്രതിഷേധിക്കാൻ ശ്രമിച്ചിട്ടില്ല. അങ്ങനെ പ്രതിഷേധിക്കേണ്ട സാഹചര്യം അവർക്കുണ്ടായിരുന്നില്ല. മറ്റുള്ളവർക്കുവേണ്ടി പ്രതിഷേധിക്കണ

മെന്ന് അവർക്കു തോന്നിയിട്ടുമില്ല.

1847-ൽ തിരുവിതാംകൂറിൽ നായന്മാർക്കു ഏതാണ്ട് തുല്യമായി സംഖ്യയും പദവിയും ഉണ്ടായിരുന്ന ഒരേയൊരു ജനവിഭാഗം സുറിയാനി ക്രിസ്ത്യാനികളായിരുന്നു. ജനങ്ങളുടെ 12 ശതമാനം. 1854-ൽ അവർ ഏറെക്കുറെ 150000 ത്തോളം ഉണ്ടായിരുന്നു. ലത്തീൻ കത്തോലിക്കർ ജനസംഖ്യയിൽ 6 ശതമാനമായിരുന്നു.[2]

രൂക്ഷമായ ജാതിവിവേചനം നിലനിന്നിരുന്ന മലയാളി സമൂഹത്തിൽ സുറിയാനിക്കാർക്ക് ശക്തവും ആദരണീയവുമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. നായന്മാരെപ്പോലെ സുറിയാനികളും അവരുടെ പുരുഷന്മാരെ ആയുധാഭ്യാസം ചെയ്യിച്ചിരുന്നു. പണ്ട് ഒരു നാട്ടുരാജാവ് അയാളുടെ അധികാരപരിധിയിൽ എത്ര സുറിയാനി ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതിനെ ആശ്രയിച്ച് ആദരിക്കപ്പെടുകയും മറ്റുള്ളവരാൽ ഭയപ്പെടുകയും ചെയ്തിരുന്നു.[3]

നായന്മാർക്കു തുല്യമായ ഒരു സ്ഥാനം മേൽജാതിക്കാരും കീഴ്ജാതിക്കാരും സുറിയാനിക്കാർക്കു കല്പിച്ചിരുന്നു. സുറിയാനിക്കാർക്ക് ഇഷ്ടമുള്ളിടത്തെല്ലാം സഞ്ചരിക്കാമായിരുന്നു. താണവരുമായി ചങ്ങാത്തം കൂടി ഉയർന്ന ജാതിക്കാർക്ക് 'കളങ്കം' വരുത്താതിരിക്കാൻ സുറിയാനി ക്രിസ്ത്യാനികൾ ഏറെ നിഷ്കർഷിച്ചിരുന്നു.

ലത്തീൻ വിഭാഗത്തിലെ അഞ്ഞൂറ്റിക്കാരിൽ നിന്നുള്ളവർക്ക് പുരോഹിത പദവി കൊടുക്കുന്നതിനെ ലത്തീൻ വിഭാഗത്തിൽ നിന്നുതന്നെയുള്ള എഴുന്നൂറ്റിക്കാർ എതിർത്തിരുന്നുവെന്നും. ഇവർ രണ്ടു കൂട്ടർക്കും പൗരോഹിത്യപദവി കൊടുക്കരുതെന്ന അഭിപ്രായമായിരുന്നു കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികൾക്കെന്നും. ഇവർക്ക് പൗരോഹിത്യ പദവി കൊടുക്കുന്നത് കത്തോലിക്ക പൗരോഹിത്യത്തെപ്പറ്റി ഹിന്ദുക്കളുടെ ഇടയിൽ മതിപ്പു കുറയാൻ ഇടയാക്കുമെന്നു സുറിയാനി ക്രിസ്ത്യാനികൾക്ക് അഭിപ്രായം ഉണ്ടായിരുന്നുവെന്നും ഒരു ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.[4] ഹിന്ദുക്കളുടെ ഇടയിൽ മതിപ്പു കുറയുന്നത് സാമൂഹികമായി തങ്ങൾ അനുഭവിക്കുന്ന ഉയർന്ന സ്ഥാനത്തിനു മങ്ങലേൽപിക്കുമെന്ന് അവർ ഭയപ്പെട്ടുവത്രെ.

ശക്തൻ തമ്പുരാന്റെ കാലത്ത് കൊച്ചി രാജ്യത്ത് കച്ചവടകാര്യങ്ങൾക്കു വലിയ പ്രോത്സാഹനം ലഭിച്ചത് സുറിയാനി ക്രിസ്ത്യാനികൾക്കു സാമൂഹികമായി ഉണ്ടായിരുന്ന അംഗീകാരത്തിനു തെളിവാണ്. തൃശ്ശൂർ ടൗൺ, തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, ചാലക്കുടി, കുന്നംകുളം തുടങ്ങിയ സ്ഥലങ്ങളിൽ ക്രിസ്ത്യൻ കുടുംബങ്ങളെ ക്ഷണിച്ചു വരുത്തി പാർപ്പിക്കുകയും കച്ചവടരംഗത്ത്

വേണ്ട പ്രോത്സാഹനങ്ങൾ നൽക്കുകയും ചെയ്തു.[5] 'കച്ചവടക്കാരൻ രാജാവ്' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ശക്തൻ തമ്പുരാൻ സ്വന്തം രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കായി സുറിയാനി ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിച്ചതാണ് എന്നു വ്യാഖ്യാനിച്ചാലും ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന കച്ചവടസാമർഥ്യവും സാമൂഹികാംഗീകാരവും അതു വെളിപ്പെടുത്തുന്നുണ്ട്. ശക്തൻ തമ്പുരാനു ലത്തീൻ കത്തോലിക്കരെയും കൊങ്കിണികളെയും ഇഷ്ടമില്ലായിരുന്നു. കച്ചവടത്തിലും കൃഷിയിലും സുറിയാനി ക്രിസ്ത്യാനികൾ മുന്നിലായിരുന്നെങ്കിലും വലിയ ഉദ്യോഗങ്ങളിലും രാഷ്ട്രീയാധികാരത്തിലും അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. തിരുവിതാംകൂറിൽ മേജർ മൺറോ റെസിഡന്റ് ആയിരുന്നപ്പോൾ 1800-ന്റെ ആദ്യ ദശകങ്ങളിൽ പ്രധാനപ്പെട്ട ഉദ്യോഗങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾക്കു നിയമനം നൽകി. മൺറോ ആരംഭിച്ച അരഡസൻ പുതിയ കോടതികളിൽ ഓരോന്നിലും ഓരോ ക്രിസ്ത്യാനി ജഡ്ജിമാരെ നിയമിച്ചു. ഇരുനൂറിലേറെ സുറിയാനി ക്രിസ്ത്യാനികളെ സർക്കാർ സർവീസിലെടുത്തു. എന്നാൽ മൺറോ മടങ്ങിപ്പോയശേഷം ഈ നിലയ്ക്കു മാറ്റം വന്നു.[6]

ക്രിസ്തുശിഷ്യനായ തോമാശ്ലീഹായിൽ നിന്ന് നേരിട്ടു ക്രിസ്തുമതം സ്വീകരിച്ച നമ്പൂതിരിമാരാണ് തങ്ങളുടെ പിതാമഹൻമാരെന്നു ഉറച്ചു വിശ്വസിക്കുകയും നമ്പൂതിരിമാരുടെ പല ആചാരങ്ങളും തങ്ങളുടെ ജീവിതത്തിലേക്ക് പരിവർത്തിപ്പിക്കുകയും ചെയ്തിരുന്നെങ്കിലും രാഷ്ട്രീയാധികാരം ഇല്ലാത്തതിന്റെയും ബ്രാഹ്മണർക്കും നായന്മാർക്കും ലഭിച്ചിരുന്നതുപോലെ അധികാരമുള്ള ജോലികൾ ഇല്ലാത്തതിന്റെയും വിഷമം സുറിയാനി ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്നു. അതുകൊണ്ടാണ് 1502-ൽ വാസ്കോ ദ ഗാമ കൊച്ചിയിൽ വന്നപ്പോൾ കൊടുങ്ങല്ലൂരിലെ സുറിയാനി ക്രിസ്ത്യാനികളുടെ പ്രതിനിധികൾ അദ്ദേഹത്തെ ചെന്നു കണ്ടത്. പോർച്ചുഗീസ് രാജാവിന്റെ സംരക്ഷണം തങ്ങൾക്കു ലഭ്യമാക്കണമെന്നാണ് ഈ പ്രതിനിധിസംഘം ഗാമയോട് ആവശ്യപ്പെട്ടത്.[7] മൂന്നു വെള്ളിമണികളും വെള്ളിപൊതിഞ്ഞ ഒരു ചുവന്ന ദണ്ഡും അവർ ഗാമയ്ക്കു സമ്മാനിച്ചു. തങ്ങൾ ക്രിസ്ത്യാനികളാണെന്ന വിവരവും തങ്ങളുടെ ജീവിതരീതികളും അവർ ഗാമയെ ധരിപ്പിച്ചു. 1503-ൽ കൊല്ലത്തെ സുറിയാനി ക്രിസ്ത്യാനികളുടെ അഭ്യർഥന പ്രകാരം അൽഫോൻസോ ഡി ആൽബുക്കർക്ക് പ്രാദേശിക ഹൈന്ദവ ഭരണാധികാരിയിൽ നിന്ന് സുറിയാനി ക്രിസ്ത്യാനികൾ പണ്ട് അനുഭവിച്ചിരുന്ന അവ

കാശങ്ങൾ പു:നസ്ഥാപിച്ചു കൊടുത്തു. അദ്ദേഹം സുറിയാനി ക്രിസ്ത്യാനി സംഘത്തിനു മതപരമായ പ്രാധാന്യമുള്ള പല സമ്മാനങ്ങളും നൽകി. അവരാകട്ടെ ഒരു കുരിശ് തിരിച്ചു സമ്മാനിച്ചു. സുറിയാനി ക്രിസ്ത്യാനികളെ ആത്മീയ ചൈതന്യത്തിൽ നിലനിർത്താനും മാമ്മോദീസ കൊടുക്കാനുമായി ഒരു ഡൊമിനിക്കൻ വൈദികനെ കൊല്ലത്തു നിർത്തിക്കൊണ്ടാണ് ആൽബുക്കർക്ക് മടങ്ങിപ്പോയത്.[8]

സമൂഹത്തിൽ നായന്മാർക്കു തുല്യമായ സ്ഥാനമുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ നമ്പൂതിരിമാരുടെ പല ആചാരങ്ങളും പിന്തുടർന്നിരുന്നു. തങ്ങളുടെ കരബലത്തിനു ശക്തി പകർന്നിരുന്ന സുറിയാനി ക്രിസ്ത്യാനികളെ ഇങ്ങനെ ചെയ്യുന്നതിൽ നിന്ന് രാജാക്കന്മാർ തടഞ്ഞിരുന്നില്ല. സുറിയാനി ക്രിസ്ത്യാനികൾ ഹിന്ദുക്കളുടെ പല രീതികളും പിന്തുടരുകയും അതേ സമയം, ക്രിസ്തീയത വെളിപ്പെടുത്തുകയും ചെയ്യാൻ ബോധപൂർവം ശ്രമിച്ചിരുന്നു. പുരുഷന്മാർ തലയിൽ കുടുമ വയ്ക്കുകയും അതിൽ ഒരു ലോഹക്കുരിശ് ചേർത്തു വയ്ക്കുകയും ചെയ്തിരുന്നത് ഈ അനുരൂപണ ശ്രമത്തിന് ഉദാഹരണമാണ്.

താഴ്ന്ന ജാതിക്കാർ തൊട്ടശുദ്ധമാക്കിയ വസ്തുക്കൾ ക്രിസ്ത്യാനികൾ തൊട്ടാൽ ശുദ്ധമാകുമെന്ന വിശ്വാസം ഉയർന്ന ജാതി ഹിന്ദുക്കൾക്ക് ഉണ്ടായിരുന്നു. ഇതിനായി ഹിന്ദു രാജാക്കന്മാർ തങ്ങളുടെ കൊട്ടാരങ്ങൾക്കടുത്ത് മാർത്തോമ്മാ ക്രിസ്ത്യാനി കുടുംബങ്ങളെ പാർപ്പിച്ചിരുന്നു.[9]

സുറിയാനി ക്രിസ്ത്യാനികൾ മുഖ്യമായും കൃഷിയിലും കച്ചവടത്തിലും സൈനിക സേവനത്തിലുമാണ് വ്യാപരിച്ചിരുന്നത്.[10] പുരുഷന്മാർ ആയുധധാരികളായാണു സഞ്ചരിച്ചിരുന്നത്. തങ്ങളുടെ രാജാവിന് ആവശ്യം വന്നാൽ അവർ സർവസജ്ജമായി യുദ്ധത്തിന് ഇറങ്ങുമായിരുന്നു. ഇതിനാൽ രാജാക്കന്മാർ ക്രിസ്ത്യാനികൾക്കു പള്ളി പണിതുകൊടുക്കുകയും കരമൊഴിവായി സ്ഥലങ്ങൾ ദാനം കൊടുക്കുകയും ചെയ്തിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ രാജാക്കന്മാരുടെ മന്ത്രിമാരായും ഉപദേശകരായും സേവനം ചെയ്തിരുന്നു.

വളരെ പഴയകാലത്തു തന്നെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അനുഭവിച്ചിരുന്ന രാജകീയ പിന്തുണ ശാസനങ്ങളെയും പട്ടയങ്ങളെയും ആധാരമാക്കി ഒരു ചരിത്രകാരൻ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു."The economic life and activities of the Christian groups in Kerala are reflected in almost all the grants to Christian institutions and personalities. In addition to the production of

commodities and their trade, the Church authorities were entrusted with the right to collect revenue and profession tax from occupational groups. They had decisive role in the commercial activities in the market economy as is clear from the grant to Tarasappalli. The monopoly of some articles of primary importance enabled them to exercise considerable control in the trade activities."[11]

1498-ൽ വാസ്കോ ദ ഗാമയുടെ നേതൃത്വത്തിൽ പോർച്ചുഗീസ് നാവികസംഘം കോഴിക്കോട് എത്തിയപ്പോൾ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ സാമൂഹികമായും സാമ്പത്തികമായും ഉന്നതിയിലായിരുന്നു. അന്നത്തെ കേരളീയ സാമൂഹിക സാഹചര്യങ്ങളുമായി ചേർന്നു പോകുന്നതായിരുന്നു അവരുടെ ക്രൈസ്തവ തനിമ. പോർച്ചുഗീസുകാർ വന്നശേഷം ആദ്യത്തെ 15 വർഷത്തോളം അവരും മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം കച്ചവടപരം മാത്രമായിരുന്നു. പിന്നീടാണ് പദ്രുവാദോ വികാരവും അധികാരവും പോർച്ചുഗീസുകാരുടെ പ്രവർത്തനങ്ങളെ സ്വാധീനിച്ചത്. തുടർന്ന് സഭാപരമായ സംഘർഷങ്ങൾക്കു തുടക്കമായി.

പ്രാദേശിക ഹൈന്ദവ സംസ്കാരം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളെ സ്വാധീനിച്ചിട്ടുണ്ടന്നു വ്യക്തമാണ്. പൗരോഹിത്യം ചില തിരഞ്ഞെടുക്കപ്പെട്ട കുടുംബക്കാരിൽ ഒതുങ്ങി നിന്നിരുന്നത് ഒരുദാഹരണമാണ്. തോമാശ്ലീഹായുടെ അനുഗ്രഹം ലഭിച്ചവരാണ് ഈ കുടുംബക്കാർ എന്നാണ് വിശ്വസിച്ചിരുന്നത്. ഒരേ കുടുംബക്കാരിൽ നിന്ന് പുരോഹിതന്മാർ ഉണ്ടാകുന്ന ഹൈന്ദവ പാരമ്പര്യം ഇക്കാര്യത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ സ്വാധീനിച്ചിട്ടുണ്ടാവും.[12]

സി.എം.ഐ. സഭ ജനിച്ചു വളർന്നത് കേരളത്തിൽ പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കുള്ള പ്രദേശത്താണ്. തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളുടെ കീഴിലുള്ളതായിരുന്നു ഈ പ്രദേശം. 1831 മേയ് 11-നു തിരുവിതാംകൂറിൽ ഉൾപ്പെട്ട മാന്നാനത്ത് സി.എം.ഐ. സഭയുടെ പ്രഥമ ആശ്രമത്തിനു ശിലാസ്ഥാപനം നടന്നപ്പോൾ തിരുവിതാംകൂറിൽ സ്വാതി തിരുനാൾ മഹാരാജാവിന്റെ ഭരണമായിരുന്നു. 1847 വരെയായിരുന്നു ഈ മഹാരാജാവിന്റെ ഭരണകാലം.

സ്വാതി തിരുനാൾ മഹാരാജാവിന്റെ മാതാവായ മഹാറാണി ഗൗരി ലക്ഷ്മീബായിയുടെ ഭരണകാലത്തും (1810-1815), റീജന്റ് മഹാറാണിയായ ഗൗരി പാർവതീബായിയുടെ ഭരണകാലത്തും

(1815- 1829) തിരുവിതാംകൂർ ഭരണപരവും സാമൂഹികവുമായ ഒട്ടേറെ മാറ്റങ്ങളിലൂടെ കടന്നുപോകാൻ നിർബന്ധിതമായി. ബ്രിട്ടീഷ് റെസിഡന്റും തിരുവിതാംകൂർ ദിവാനുമായിരുന്ന മേജർ മൺറോയുടെ സ്വാധീനം ഇവയുടെ പിറകിലുണ്ടായിരുന്നു. സാമൂഹിക പരിഷ്കാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മനുഷ്യരെ അടിമകളാക്കി കച്ചവടം ചെയ്യുന്നത് നിർത്തലാക്കിക്കൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചതാണ്, 1812 ഡിസംബർ അഞ്ചാംതീയതി. അതുകൊണ്ടൊന്നും പെട്ടെന്ന് ഈ പൈശാചിക പ്രവർത്തി നിലച്ചില്ലെന്നതു സങ്കടകരമായ യാഥാർഥ്യമാണ്. തിരുവിതാംകൂർ നാട്ടുരാജ്യത്തിൽ സമൂഹത്തിൽ താഴ്ന്നവരെന്നു പരിഗണിച്ചിരുന്നവരെ എന്നും ആ നിലയിൽ നിർത്തണമെന്ന ഉദ്ദേശ്യത്തോടെ വിചിത്രങ്ങളായ പല നികുതികളും ഏർപ്പെടുത്തിയിരുന്നു. സ്ഥലത്തിനും വിളകൾക്കുമുള്ള കനത്ത നികുതികൾക്കു പുറമെ സ്ത്രീകളുടെ മാറിടത്തിനും പുരുഷന്മാരുടെ മീശയ്ക്കും ആഭരണം ധരിക്കുന്നതിനും നികുതി ഉണ്ടായിരുന്നു! ചേർത്തലയിലെ നങ്ങേലി എന്ന സ്ത്രീ കരം പിരിക്കാനെത്തിയ ഉദ്യോഗസ്ഥർക്കുമുന്നിൽ സ്വന്തം മാറിടങ്ങൾ അരിഞ്ഞെടുത്തു സമർപ്പിച്ചു മരിച്ചതിനുശേഷമാണ് മാറിട നികുതി നിർത്തലാക്കിയത്. റീജന്റ് മഹാറാണി 1813-ൽ തിരുവനന്തപുരത്ത് ഒരു വാക്സിനേഷൻ വകുപ്പ് സ്ഥാപിച്ചു. പലവിധ ഭയാശങ്കകളും യാഥാസ്ഥിതിക മനോഭാവവും മൂലം ജനങ്ങൾ വാക്സിനേഷനു തയ്യാറാകാതെയിരുന്നതിനാൽ ലക്ഷ്മി ബായി മുന്നോട്ടു വന്നു വാക്സിനേഷനു വിധേയയായി. രാജകീയ കുടുംബാംഗങ്ങളും മഹാറാണിയെ പിന്തുടർന്നു വാക്സിനേഷൻ നടത്തി.

1817-ൽ മഹാറാണി പാർവതീബായി വിദ്യാഭ്യാസ സംബന്ധമായി നടത്തിയ രാജകീയ പ്രഖ്യാപനം ‘തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട’ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. ഇതു തിരുവിതാംകൂറിൽ ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറപാകി.

ക്രിസ്ത്യാനികൾക്കും മിഷനറിമാർക്കും പ്രോത്സാഹനം ലഭിച്ച ഭരണകാലമായിരുന്നു മഹാറാണി പാർവതീബായിയുടേത്. പള്ളികൾ പണിയാനുള്ള സ്ഥലം സൗജന്യമായി അനുവദിക്കുകയും നിർമാണത്തിന് സബ്സിഡി നൽകുകയും ചെയ്തിരുന്നു. ഇക്കാലത്ത് ലണ്ടൻ മിഷനറി സൊസൈറ്റി (എൽ.എം.എസ്.), ചർച്ച് മിഷനറി സൊസൈറ്റി (സി.എം.എസ്.) തുടങ്ങിയവയുടെ മിഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വിദ്യാഭ്യാസവളർച്ചയ്ക്കായി കൊല്ലം കല്ലടയിൽ ഒരു

ഭൂഭാഗം (മൺറോ തുരുത്ത്) സി.എം.എസ്. കാർക്കു കൊടുത്തു.

പതിനാറാം വയസിൽ തിരുവിതാംകൂർ മഹാരാജാവായ സ്വാതി തിരുനാൾ കർണാടക സംഗീതജ്ഞനായിരുന്നു. അനേകം കീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. സംഗീതവിദ്വാന്മാരെ രാജസദസിൽ നിയമിക്കുകയും കൈയയച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജ്യോതിശാസ്ത്രത്തിൽ താൽപര്യമുണ്ടായിരുന്ന അദ്ദേഹമാണ് തിരുവനന്തപുരത്തെ ഒബ്സർവേറ്ററി സ്ഥാപിച്ചത്.1834–ൽ തിരുവനന്തപുരത്ത് ഇംഗ്ലിഷ് സ്കൂൾ ആരംഭിച്ചു. 1860–ഓടുകൂടി തിരുവിതാംകൂറിൽ ഇംഗ്ലിഷ് വിദ്യാഭ്യാസം ലഭ്യമായി. ഇംഗ്ലിഷ് സ്കൂൾ പിന്നിട് മഹാരാജാസ് ഗവൺമെന്റ് ഫ്രീ സ്കൂൾ എന്നറിയപ്പെട്ടു. തുടർന്ന് മഹാരാജാസ് ഹൈസ്ക്കൂൾ എന്നും മഹാരാജാസ് കോളജ് എന്നും ഖ്യാതി നേടി. ഇപ്പോൾ ഇതു യൂണിവേഴ് സിറ്റി കോളജ് എന്നറിയപ്പെടുന്നു. ഭൂനിയമങ്ങളിലും മഹാരാജാവ് പരിഷ്കാരങ്ങൾ വരുത്തി. മലബാറിൽ നിന്നുള്ള കണ്ടൻ മേനോനാണ് ഇക്കാര്യത്തിൽ സഹായിച്ചത്. രാജാവ് മേനോനെ ഹുസൂർ ദിവാൻ പേഷ്കാറായി നിയമിച്ചു. സ്വാതിതിരുനാളിന്റെ കാലത്ത് 1836–ൽ തിരുവിതാംകൂറിൽ സെൻസസ് നടന്നു. ഈ നാട്ടു രാജ്യ ത്ത് ആധുനിക വൈദ്യശാസ്ത്ര രംഗത്തിന് അടിത്തറ പാകിയതും ഈ മഹാരാജാവാണ്.

റെസിഡന്റ് കല്ലനും അദ്ദേഹത്തിന്റെ വിശ്വസ്തനായ ദിവാൻ കൃഷ്ണറാവുവുമായി അകൽച്ചയിലായത് സ്വാതിതിരുനാളിനു ഭരണപരമായ കാര്യങ്ങളിലുള്ള ശക്തി കുറച്ചു. കല്ലന് കേൾവി ശക്തി വളരെ കുറവായിരുന്നു. മദ്രാസ് പീരങ്കിപ്പട്ടാളത്തിലെ സേവനമാണ് അതിനു കാരണമായതെന്നു കരുതുന്നു. കല്ലനോട് സംസാരിക്കണമെങ്കിൽ വലിയ ശബ്ദത്തിൽ വേണമായിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന് അതിഷ്ടമായിരുന്നില്ല. സംഗീതജ്ഞനായ അദ്ദേഹം തന്റെ സ്വനപേടകവും സ്വനതന്ത്രികളും തകരാറിലാക്കുന്ന പ്രവർത്തിയായയാണ് റെസിഡന്റിനോടുള്ള സംസാരത്തെ കണ്ടത്. അതിനാൽ റെസിഡന്റിനെ കാണുന്നത് കഴിയുന്നത്ര ഒഴിവാക്കാൻ രാജാവു ശ്രദ്ധിച്ചു. ഇതു റെസിഡന്റിൽ തെറ്റിദ്ധാരണ വളർത്തി. അങ്ങനെ ഇരുവരും തമ്മിലുള്ള ബന്ധം വഷളായിരുന്നില്ലെങ്കിൽ കൂടുതൽ ഭരണപരിഷ്കാരങ്ങൾ സംഭവിച്ചേനെ.

1800–ന്റെ ആദ്യപകുതിയിൽ തിരുവിതാംകൂറിൽ സാമൂഹിക പ്രശ്നങ്ങളെ ആധാരമാക്കി നിരന്തരം പ്രക്ഷോഭങ്ങൾ അരങ്ങേറുന്നുണ്ടായിരുന്നു. ഊഴിയവേല അഥവാ നിർബന്ധിത വേലയ്ക്കെതിരായ സമരം അതിലൊന്നാണ്. ക്ഷേത്രങ്ങളിൽ 'ഊഴിയവേല'

ചെയ്യുന്നതിൽ നിന്നും സുറിയാനി ക്രിസ്ത്യാനികളെയും മറ്റു ക്രിസ്ത്യാനികളെയും ഒഴിവാക്കുന്നതിനു 1815 കാലത്തു തന്നെ റെസിഡന്റ് ജോൺ മൺറോ ഏർപ്പാടു ചെയ്തിരുന്നു. 1821-ൽ ഞായറാഴ്ചകളിൽ 'ഊഴിയവേല' ചെയ്യാതിരിക്കുന്നതിനുള്ള അവകാശം മതപരിവർത്തനം ചെയ്ത ചാന്നാന്മാർക്കു വേണ്ടി ചാറൽസ് മീഡ് നേടിയെടുത്തു. താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ മാറു മറയ്ക്കാൻ പാടില്ലായിരുന്നു. ഇതിനെതിരെ നടന്ന വലിയ കലാപം 'മേൽമുണ്ടു കലാപം' എന്നാണ് അറിയപ്പെടുന്നത്.

1800-ന്റെ തുടക്കത്തിൽ കൊച്ചി രാജ്യത്തിന്റെ ഭരണം നിർവഹിച്ചിരുന്നത് ശക്തൻ തമ്പുരാനാണ് (1790-1805). അതിനു മുമ്പ് 1776 മുതൽ ഇളമുറ രാജാവെന്ന നിലയിൽ ശക്തൻ തമ്പുരാൻ ഭരണത്തിൽ ഇടപെട്ടിരുന്നു. ശക്തൻ തമ്പുരാന്റെ ഭരണകാലത്ത് ടിപ്പുവിന്റെ ആക്രമണം ഉണ്ടായപ്പോൾ കൊച്ചി രാജ്യത്തിനു കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചു. ടിപ്പു തിരുവിതാംകൂർ രാജ്യം ആക്രമിക്കുന്നതിനു ശക്തൻ തമ്പുരാന്റെ സഹകരണം ആവശ്യപ്പെട്ടു. ശക്തൻ വഴങ്ങിയില്ലെന്നു മാത്രമല്ല, തിരുവിതാംകൂറിന്റെ പക്ഷം ചേരുകയുമുണ്ടായി. ഇതിൽ ക്ഷുഭിതനായ ടിപ്പു സുൽത്താൻ കൊച്ചിയിൽ നാശങ്ങൾ വിതയ്ക്കുകയായിരുന്നു. നാശം വിതച്ചുകൊണ്ട് മുന്നേറിയെങ്കിലും നെടുങ്കോട്ടയ്ക്കലുണ്ടായ യുദ്ധത്തിൽ കിടങ്ങിൽ വീണു ടിപ്പുവിന്റെ കാലൊടിഞ്ഞു. ആ മുടന്ത് പിന്നെ മാറിയില്ല. അപമാനവും അമർഷവും അപകടവും ടിപ്പുവിന്റെ കോപം വർധിപ്പിച്ചു. തന്റെ സൈന്യത്തിന്റെ വലിയ പങ്കിനെ നാട്ടിൽ നിന്നും വരുത്തി അതിഭീകരമായ യുദ്ധത്തിനു കോപ്പുകൂട്ടി. കൊച്ചിയെയും തിരുവിതാംകൂറിനെയും നശിപ്പിച്ചിട്ടെ ഇനി ബാക്കി കാര്യമുള്ളൂവെന്ന് നിശ്ചയിച്ചായിരുന്നു പടനീക്കം. പ്രളയജലവും ഇംഗ്ലിഷുകാരുടെ മൈസൂരാക്രമണവും ടിപ്പുവിന്റെ മോഹങ്ങൾ ഒഴുക്കികളഞ്ഞു. മൈസൂർ യുദ്ധത്തിൽ ടിപ്പു തോൽക്കുകയും തന്റെ മേൽക്കോയ്മയ്ക്കു കീഴിൽ കേരളത്തിലുണ്ടായിരുന്ന രാജ്യങ്ങൾ ഇംഗ്ലിഷുകാർക്ക് വിട്ടുകൊടുക്കുകയും ചെയ്തു. 1814 മുതൽ 1947 വരെ കൊച്ചി ഇംഗ്ലിഷുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മദ്രാസ് പ്രസിഡൻസിയുടെ കീഴിലായിരുന്നു. ബ്രിട്ടീഷ് മലബാർ 1800 മുതൽ മദ്രാസ് പ്രസിഡൻസിയുടെ കീഴിൽ വന്നിരുന്നു.

ഭാരതത്തിലെ പ്രഥമ തദ്ദേശീയ സന്ന്യാസ സഭയുടെ തുടക്കം കുറിച്ച പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിലെ സാമൂഹികാവസ്ഥ ഇരുണ്ടതായിരുന്നു. അക്കാലത്തു തിരുവിതാംകൂറിൽ

ഉണ്ടായിരുന്ന അവർണരെയും അധ:കൃതരെയും കുറിച്ച് പഠിക്കുമ്പോൾ അവരുടെ അവസ്ഥ നരകതുല്യമായിരുന്നുവെന്നു കാണാം. അതിനു മാറ്റം വരുത്താൻ മുന്നിൽനിന്നു പ്രവർത്തിച്ചത് കേണൽ ജോൺ മൺറോ എന്ന സ്കോട്ട്ലൻഡുകാരനായിരുന്നു. തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും ബ്രിട്ടീഷ് റെസിഡന്റും രണ്ടിടത്തെയും ദിവാനുമായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1810 ഒക്ടോബറിൽ റെസിഡന്റായി കേരളത്തിൽ വന്നു, 1819-ൽ ജോലിയിൽ നിന്നും വിരമിച്ചു. ഇതിനിടയിൽ 1811 ജൂൺ മുതൽ 1814 ഡിസംബർ വരെ തിരുവിതാംകൂറിന്റെ ദിവാൻ ജോലിയും 1812 ജൂൺ മുതൽ 1818 വരെ കൊച്ചി രാജ്യത്തിന്റെ ദിവാൻ സ്ഥാനവും വഹിച്ചു. ഈ നാട്ടുരാജ്യങ്ങളുടെ സാമൂഹിക നവോത്ഥാനത്തിനു ആരംഭം കുറിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

അക്കാലത്ത് കേരളത്തിൽ ഹീനമായ അടിമവ്യാപാരം നിലനിന്നിരുന്നു. മനുഷ്യരെ കന്നുകാലികളെപ്പോലെ കച്ചവടം ചെയ്യുകയായിരുന്നു. ഇതിനു പ്രത്യേകമായ ചന്തകളുണ്ടായിരുന്നു. പുലയർ, പറയർ, കുറവർ, വേട്ടുവർ, മലയരയർ തുടങ്ങിയവരായിരുന്നു അടിമകൾ. അടിമവ്യാപാരത്തിൽ മൂന്നു രീതികളുണ്ടായിരുന്നു; ജന്മം, കാണം, പാട്ടം എന്നിവ. ഒരു അടിമയെ വിലകൊടുത്ത് പൂർണമായി വാങ്ങുന്നത് ജന്മം. വിലയുടെ രണ്ടു ഭാഗം കൊടുത്ത് വാങ്ങിക്കുകയും ആ വില തിരിച്ചു തരുമ്പോൾ അടിമയെ വിട്ടുകൊടുക്കുകയും ചെയ്യുന്നത് കാണം. അടിമയുടെ സേവനം ഒരു നിശ്ചിതകാലത്തേക്ക് പണം കൊടുത്ത് വാങ്ങുന്നത് പാട്ടം.1812 ഡിസംബർ അഞ്ചിനു അടിമവ്യാപാരം നിരോധിച്ചെങ്കിലും യഥാർഥത്തിൽ അവസാനിച്ചത് പിന്നെയും പല ദശാബ്ദങ്ങൾ കഴിഞ്ഞ് 1856-ലാണ്. 1847-ൽ തിരുവിതാംകൂറിൽ ഒരുലക്ഷത്തി അറുപത്തയ്യായിരം അടിമകളുണ്ടായിരുന്നു. അടിമ ഒന്നിനു ഒരു പണം വീതം ഓരോ വർഷവും ഒരുലക്ഷത്തി അറുപത്തയ്യായിരം പണം സർക്കാരിനു ലഭിച്ചിരുന്നു. സർക്കാർ വക അടിമകൾ വേറെയും ഉണ്ടായിരുന്നു. ഇവരെ പാട്ടത്തിനു കൊടുക്കുന്നതിലൂടെയും സർക്കാർ വരുമാനം ഉണ്ടാക്കിയിരുന്നു. അന്നു സർക്കാരിന് അടിമകളെ പാട്ടത്തിനു കൊടുക്കുകയല്ലാതെ വേറെ ഉപയോഗം ഉണ്ടായിരുന്നില്ല. സർക്കാരിനാവശ്യമായ പ്രവർത്തികളെല്ലാം 'ഊഴിയവേല' പ്രകാരം കൂലിയില്ലാതെ ചെയ്യേണ്ടത് അടിമകളല്ലാത്ത അവർണരുടെ ഉത്തരവാദിത്വമായിരുന്നു.

കേണൽ മൺറോ പരിഷ്കരിക്കുന്നതിനുമുമ്പ് തിരുവിതാംകൂറിലെ നീതിന്യായവ്യവസ്ഥകളും ശിക്ഷരീതികളും വളരെ പ്രാകൃതമായിരുന്നു. ഒരേ കുറ്റം ബ്രാഹ്മണരും, മറ്റ് സവർണരും,

അവർണരും ചെയ്താൽ മൂന്നു തരത്തിലുള്ള ശിക്ഷയാണു നൽകിയിരുന്നത്. അധ:കൃതന്റെ കാര്യം പറയാനേയില്ല. കുറ്റം ചെയ്തു എന്നു സംശയിക്കുന്നവരെ വിസ്തരിച്ചു തെളിവു കണ്ടാൽ മാത്രം ശിക്ഷിക്കുന്ന രീതി അന്നു നിലവിലുണ്ടായിരുന്നില്ല. കുറ്റക്കാരെ കണ്ടുപിടിക്കാൻ പ്രശ്നം വയ്ക്കുക, തിളച്ച നെയ്യിൽ കൈ മുക്കുക, പാമ്പിൻ കുടത്തിൽ കൈയിടുക തുടങ്ങിയ രീതികളാണ് അവലംബിച്ചിരുന്നത്. ശിക്ഷയിലുള്ള വിവേചനം കുറ്റം തെളിയിക്കുന്നതിലും നിലനിന്നിരുന്നു. ബ്രാഹ്മണനാണെങ്കിൽ ആദ്യം അയാളുടെ തൂക്കം എടുക്കും. പിന്നീട് അയാൾ ചെയ്തു എന്നാരോപിക്കപ്പെടുന്ന കുറ്റം ഒരു ഓലയിൽ കുറിച്ച് അതുകൂടി വച്ച് അയാളെ തൂക്കി നോക്കും. ആദ്യത്തേതിൽ നിന്നും തൂക്കം കൂടുതലാണെങ്കിൽ അയാൾ കുറ്റക്കാരനാണ്. കുറ്റം ആരോപിക്കപ്പെട്ടിരിക്കുന്നയാൾ ക്ഷത്രിയനാണെങ്കിൽ അഗ്നിപരീക്ഷയ്ക്കു വിധേയനാകണം. തീ കൊണ്ട് പൊള്ളലേറ്റാൽ അയാളുടെ കുറ്റം തെളിയിക്കപ്പെട്ടതായി കണക്കാക്കും. കുറ്റം ചുമത്തപ്പെട്ടിരിക്കുന്ന വ്യക്തി വൈശ്യനാണെങ്കിൽ അയാളെ മുതലകൾ ഉള്ള തോട്ടിൽ ഇറക്കും. മുതല ആക്രമിച്ചുവെങ്കിൽ അയാളുടെ കുറ്റം തെളിയിക്കപ്പെട്ടതായി വിധിക്കും. കുറ്റാരോപിതൻ ശൂദ്രനാണെങ്കിൽ വിഷമുള്ള പാമ്പുകളെ ഇട്ട് വച്ചിരിക്കുന്ന കുടത്തിലോ വിഷപാമ്പുകളുടെ മാളത്തിലോ കൈ ഇടുവിക്കും. പാമ്പിന്റെ കടിയേറ്റാൽ അയാൾ കുറ്റം ചെയ്ത കാര്യം സ്ഥിരീകരിക്കപ്പെട്ടതായി വിധിക്കും. കുറ്റം തെളിഞ്ഞാലുള്ള ശിക്ഷയും വ്യത്യസ്തങ്ങളായിരുന്നു. കുറ്റം തെളിയിക്കപ്പെട്ടാൽ വൈശ്യനെയും ശൂദ്രനെയും പിന്നെ ശിക്ഷിക്കേണ്ടി വരാറില്ല. കാരണം മുതലയുടെ വായിൽ നിന്നു ജീവനോടെയും വിഷപാമ്പിന്റെ കടിയേറ്റാൽ മരിക്കാതെയും രക്ഷപ്പെടുക അസാധ്യമാണല്ലോ. കുറ്റാരോപിതൻ അവർണനാണെങ്കിൽ മേൽ വിവരിച്ചിരിക്കുന്ന പ്രാകൃതമായ രീതിയിൽ പോലും കുറ്റം തെളിയിക്കേണ്ട ആവശ്യമില്ല. അധ:കൃതരുടെ കാര്യം വിസ്തരിക്കേണ്ടതില്ലല്ലോ.[13]

1599 ജൂൺ 20 മുതൽ 26 വരെ നടന്ന ഉദയംപേരൂർ സൂനഹദോസ്, സത്യം തെളിയിക്കുന്നതിനുവേണ്ടി ചീങ്കണ്ണിയുള്ള തോട്ടിൽ ചാടുക, തിളച്ച എണ്ണയിൽ കൈമുക്കുക, ചുട്ടുപഴുത്ത ഇരുമ്പ് കയ്യിൽ എടുക്കുക  എന്നീ പരീക്ഷകൾ ക്രൈസ്തവർ ചെയ്യരുതെന്ന് വിലക്കിയിരുന്നു. കേരളീയരെ മനുഷ്യരാക്കുന്നതിനുള്ള ആദ്യശ്രമം ഉദയംപേരൂർ സൂനഹദോസിലൂടെ അരങ്ങേറിയെന്നു നിരീക്ഷിച്ചാൽ ചരിത്രപരമായ സത്യമാകും.

ജാതിപരമായ ഉച്ചനീചത്വങ്ങൾക്കെതിരേ നേരിട്ടൊരു ബലപ

രീക്ഷണത്തിനു തുനിയാതെ ദുർബലരെ വിദ്യാഭ്യാസത്തിലൂടെ ശക്തമാക്കുകയാണു ചാവറയച്ചൻ ചെയ്തത്. അതിനായി താൻ സ്ഥാപിച്ച സ്കൂളുകളിൽ പിന്നാക്ക വിഭാഗക്കാർക്കും അധഃകൃതർക്കും പ്രവേശനം നൽകി.

ഇക്കാര്യത്തിൽ പാലയ്ക്കൽ, പോരൂക്കര മല്പാന്മാരുടെ ചിന്തകളും വിദേശ മിഷനറിമാരുടെ സഹവാസവും ചാവറയച്ചനു പ്രേരണയായിട്ടുണ്ട്. സമത്വാധിഷ്ഠിതമായ സാമൂഹിക സാഹചര്യം കൈവരുത്താനും നിലനിർത്താനും ക്രൈസ്തവർ തയ്യാറാകണമെന്ന ഉദയംപേരൂർ സൂനഹദോസിന്റെ ഉദ്ബോധനം അദ്ദേഹത്തിനു അജ്ഞാതമായിരിക്കാൻ വഴിയില്ല. അങ്ങനെയാണ് കേരളത്തിൽ വിദ്യാസമ്പന്നമായ പൊതു സമൂഹം രൂപപ്പെട്ടത്. അത് ചാവറയച്ചന്റെ ജീവിത കാലത്ത് സംഭവിച്ചതല്ല. അദ്ദേഹം ആരംഭിച്ച പ്രവർത്തനങ്ങൾ പിൻഗാമികളായ സന്ന്യാസികളും മറ്റു വൈദികരും സന്ന്യാസിനികളും തുടർന്നതുകൊണ്ട് സംഭവിച്ചതാണ്. ഇങ്ങനെ രൂപം കൊണ്ട കേരളീയ പൊതുസമൂഹം ചാവറയച്ചനെ യഥാർഥ സത്തയിൽ കണ്ടെത്തിയില്ല എന്നതാണ് യാഥാർഥ്യം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ അദ്ദേഹത്തെ കണ്ടെത്തിയ കേരളീയരായ സാമൂഹിക ചിന്തകരും എഴുത്തുകാരും അവരുടെ ബൗദ്ധികവും സർഗാത്മകവുമായ രചനകളിലൂടെ കേരളത്തിന്റെ പൊതുചരിത്രത്തിൽ വിശുദ്ധ ചാവറയച്ചനെ അർഹമായ ഇരിപ്പിടത്തിൽ പ്രതിഷ്ഠിച്ചു. ഇക്കാര്യത്തിൽ പുതുതലമുറ എഴുത്തുകാരും ശ്രദ്ധിക്കുന്നുണ്ട്.

വൈകിയാണെങ്കിലും കേരളീയ ചരിത്രകാരന്മാർ ഊർജസ്വലതയോടെ ചാവറയച്ചനെ പുതിയ പരിപ്രേക്ഷ്യങ്ങളിൽ കാണാൻ പരിശ്രമിക്കുന്നുണ്ട്. "ചാവറയച്ചന്റെ പ്രവർത്തനങ്ങൾ ഒരു തരത്തിൽ ഹൈന്ദവ സമൂഹത്തിനും നവോത്ഥാനത്തിനു മാതൃകയായി തീരുകയായിരുന്നു. ആ അർത്ഥത്തിൽ നോക്കുമ്പോൾ വിശാലമായ ഭാരതീയ സാംസ്കാരിക പുനരുദ്ധാരണത്തിനു വലിയ സംഭാവനകൾ നൽകിയ ആളുകളുടെ കൂട്ടത്തിൽ നന്ദിപൂർവം ചാവറയച്ചനെയും സ്മരിക്കേണ്ടതാണ്"[14] എന്നാണ് പ്രമുഖ ചരിത്രകാരനായ എം.ജി.എസ്. നാരായണൻ രേഖപ്പെടുത്തിയിട്ടുള്ളത്.

ചാവറയച്ചൻ വളരെ കഷ്ടപ്പെട്ട് പ്രസ് സ്ഥാപിക്കുകയും പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്ത കാലത്ത് അച്ചടിച്ച പുസ്തകങ്ങളോടുള്ള യാഥാസ്ഥിതിക ഹിന്ദുക്കളുടെ മനോഭാവം വളരെ വിചിത്രമായിരുന്നു. ഈ വസ്തുത എം. തോമസ് മാത്യു വ്യക്തമാക്കിയിട്ടുണ്ട്. "ചാവറയച്ചൻ പുസ്തകങ്ങൾ അച്ചടിക്കാൻ പ്രസ് സ്ഥാപിച്ച കാലത്ത് കേരളത്തിലെ സവർണ

ഹിന്ദുക്കൾ, അച്ചടിച്ച പുസ്തകങ്ങൾ വായിക്കുന്നത് മോശപ്പെട്ട കാര്യമാണെന്നാണ് കരുതിയിരുന്നത്. ഒരു കാലത്ത് യൂറോപ്പിലും അങ്ങനെയായിരുന്നു. ചന്തുമേനോന്റെ നോവലിലെ നായികയായ ഇന്ദുലേഖയെപ്പറ്റി യാഥാസ്ഥിതികരായ മുതിർന്നവർക്കുണ്ടായിരുന്ന പരാതി, ഇന്ദുലേഖ തറവാട്ടിലെ ഗ്രന്ഥപ്പുരയിലുള്ള വിശുദ്ധമായ ഗ്രന്ഥങ്ങൾ (ഓലക്കെട്ടുകൾ) ക്കു പുറമെ അച്ചടിച്ച പുസ്തകങ്ങളും വായിക്കാറുണ്ടായിരുന്നുവെന്നാണ്. അച്ചടിച്ച പുസ്കങ്ങൾ വായിച്ചാൽ ചീത്തയാകുമത്രെ."[15]

വിജ്ഞാനം ജനകീയമാകുന്നതിനെതിരെ ചിന്തിച്ചിരുന്ന ഒരു സമൂഹത്തെ വിദ്യാവത്ക്കരിക്കേണ്ടത് എങ്ങനെയെന്നു ചാവറയച്ചൻ കാണിച്ചു. സ്കൂളുകൾ സ്ഥാപിച്ചു. സ്കൂളിലേക്ക് വരാൻ പാവങ്ങൾക്കു വസ്ത്രമില്ല എന്നറിഞ്ഞപ്പോൾ വസ്ത്രം നൽകി. സ്കൂളിൽ എത്തുന്ന കുട്ടികൾക്ക് ഉച്ചയ്ക്ക് കഴിക്കാൻ ഭക്ഷണമില്ല എന്നറിഞ്ഞപ്പോൾ ഭക്ഷണം കൊടുത്തു. മാത്രമല്ല അവർക്കു സ്ഥിരമായി ഭക്ഷണം കൊടുക്കുന്നതിനു നെല്ലു വിളയിക്കാൻ പാടം വാങ്ങി കൃഷി ചെയ്തു. ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണം സംബന്ധിച്ച് സമഗ്രദർശനമുള്ള ഒരാൾക്കേ ഇതെല്ലാം കഴിയൂ. ചാവറയച്ചന്റേതുപോലെയുള്ള സമഗ്രദർശനം ഇല്ലാത്തവരെ നവോത്ഥാന നായകന്മാരാക്കി പ്രതിഷ്ഠിച്ചു എന്ന അപരാധം മലയാളികൾ ചെയ്തിട്ടുണ്ട്. മുദ്രാവാക്യം ഇട്ടിളക്കിയാൽ കലത്തിൽ ചോറ് ഉണ്ടാവില്ല. അതിനു അരിയും വെള്ളവും അടുപ്പിൽ കനലും വേണം സാമൂഹികമാറ്റത്തിന്റെ അടുപ്പിൽ കനലും പാത്രത്തിൽ ആവശ്യത്തിനു അരിയും വെള്ളവും പകർന്നതാണ് ചാവറയച്ചന്റെ പ്രവർത്തനങ്ങൾ.

മാന്നാനത്ത് സംസ്കൃത വിദ്യാലയം തുടങ്ങിയ ചാവറയച്ചൻ പള്ളികൾക്കൊപ്പം പള്ളിക്കൂടങ്ങൾ വേണമെന്ന സർക്കുലർ പുറപ്പെടുവിക്കാൻ വികാരി അപ്പസ്തോലിക്കയുടെ പിന്തുണനേടുകയും സ്വയം ആ നിർദേശം നടപ്പിലാക്കുകയും ചെയ്തു. ആ പള്ളിക്കൂടങ്ങളിൽ ജാതിമത വ്യത്യാസമില്ലാതെ എല്ലാവർക്കും പ്രവേശനം നൽകി. ഈ നീക്കം കേരളീയ സമൂഹത്തിൽ വരുത്തിയ പരിവർത്തനത്തെക്കുറിച്ച് സംസ്കൃത സർവകലാശാല വൈസ് ചാൻസലറും, കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനുമായിരുന്ന ഡോ. കെ. എസ്. രാധാകൃഷ്ണൻ വെളിപ്പെടുത്തിയിട്ടുണ്ട്: "ആ പള്ളിക്കൂടങ്ങളാണു കേരളത്തിലെ പൊതുസമൂഹ സൃഷ്ടികളുടെ കളരികളായി പരിണമിച്ചത്. ജാതിമത വ്യത്യാസമില്ലാതെ സർവർക്കും വിദ്യാലയ പ്രവേശനം ലഭിച്ച ആ ദിവസമാണ് കേരളത്തിലെ പൊതുസമൂഹ സൃഷ്ടിയുടെ ഹരിശ്രീ

കുറിക്കപ്പെട്ടത്. മാധവനും മത്തായിയും മുഹമ്മദും ചാത്തനും ഒരേ വിദ്യാലയത്തിൽ ഒരുമിച്ചു ചേരുകയും ഒരേ ക്ലാസ്മുറിയിൽ ഒരേ അധ്യാപകനിൽ നിന്ന് ഒരേ പാഠം പഠിച്ചു തുടങ്ങുകയും ചെയ്തതോടെയാണ് തങ്ങൾക്കിടയിൽ പൊതുവിൽ പലതും ഉണ്ടെന്നും തങ്ങൾക്കും ഒത്തുകൂടി പ്രവർത്തിക്കാൻ കഴിയുമെന്നും അവരെല്ലാം തിരിച്ചറിഞ്ഞത്. പുലയൻ തൊട്ടാൽ നമ്പൂതിരി വെൺചാരമായി തീരില്ലെന്നു അവൻ പ്രായോഗികമായി തിരിച്ചറിഞ്ഞതും അങ്ങനെയാണ്."[16]

മലയാളിയുടെ ചരിത്രമെഴുത്തിൽ അനേകം ആശയക്കുഴപ്പങ്ങളും തെറ്റുകളും സംഭവിച്ചിട്ടുണ്ട്. സാമൂഹിക വിഷയങ്ങളോടുള്ള സമീപനങ്ങളിൽ ആശയവൈരുധ്യങ്ങൾ കാണിച്ചവരെ പോലും നവോത്ഥാന നായകന്മാരായി വാഴ്ത്തുന്നത് അതുകൊണ്ടാണ്. പത്രപ്രവർത്തന സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ട സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പൊതുവിദ്യാഭ്യാസത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തയാളാണ്. അദ്ദേഹത്തിന്റെ വാക്കുകൾ കുപ്രസിദ്ധമാണ്. "ബുദ്ധിയിൽ കൃഷിചെയ്യുന്ന സവർണനെയും മണ്ണിൽ കൃഷി ചെയ്യുന്ന പുലയനെയും ഒരേ ക്ലാസിലിരുത്തി പഠിപ്പിക്കുന്നത് കുതിരയെയും പോത്തിനെയും ഒരേ നുകത്തിൽ കെട്ടുന്നതിനു തുല്യമായിരിക്കും" എന്നാണു രാമകൃഷ്ണപിള്ള വിമർശിച്ചത്. ദിവാൻ പി. രാജഗോപാലാചാരി 1910 ജനുവരിയിൽ പുതിയ വിദ്യാഭ്യാസ നിയമം കർശനമായി നടപ്പിലാക്കാൻ നിശ്ചയിച്ചു പ്രവർത്തിച്ചപ്പോൾ രാമകൃഷ്ണപിള്ള പ്രതികരിച്ചത്, "വിദ്യാഭ്യാസം ലഭിച്ചാലും സവർണനെപ്പോലെ കർമ്മമഹിമ നേടാൻ അവർണനു കഴിയില്ല" എന്നാണ്. പിൽക്കാലത്ത് കേരളീയ ചരിത്രകാരന്മാർ ഈ വാക്കുകൾ തമസ്കരിച്ച് രാമകൃഷ്ണപിള്ളയെ വാഴ്ത്തി. വാഴ്ത്തപ്പെട്ടവൻ ആകേണ്ടിയിരുന്ന ചാവറയച്ചനെ കണ്ടില്ലെന്നു നടിച്ചു. എന്നാൽ സത്യം ഏറെക്കാലം മൂടിവയ്ക്കാൻ കഴിയില്ലെന്നു ഒരിക്കൽ കൂടി വ്യക്തമാക്കിക്കൊണ്ട് ഇരുപത്തിയൊന്നാം നൂറ്റാണ്ട് വിശുദ്ധ ചാവറയച്ചനെ തിരികെ പ്രതിഷ്ഠിക്കാൻ തയ്യാറായി.

### സൂചിത രേഖകൾ

1. റോബിൻ ജെഫ്രി, നായർ
   *മേധാവിത്വത്തിന്റെ പതനം,* പേജ് 34.
2. റോബിൻ ജെഫ്രി, നായർ
   *മേധാവിത്വത്തിന്റെ പതനം,* പേജ് 41.
3. റോബിൻ ജെഫ്രി, നായർ

*മേധാവിത്വത്തിന്റെ പതനം,* പേജ് 42.
4. Dr.Jacob Abraham Komattu, *Christians of Kerala -vol 3,* പേജ് 769.
5. പുത്തേഴത്ത് രാമമേനോൻ, *ശക്തൻ തമ്പുരാൻ,* പേജ് 333.
6. റോബിൻ ജെഫ്രി, *നായർ മേധാവിത്വത്തിന്റെ പതനം,* പേജ് 31.
7.8. P. J. Podipara CMI,The Thomas Christians, page 121.
9.10. P. J. Podipara CMI,The Thomas Christians, page 83.
11. M.R.Raghava Varier, *Christianity from Kerala Inscriptions,* Christian Heritage of Kerala, page 54.
12. Jose Kuriedath, *Christianity and Indian Society,* page 168.
13. എൻ.കെ.ജോസ്, *ദിവാൻ മൺറോ,* പേജ് 70.
14. എം.ജി.എസ്. നാരായണൻ, *സുകൃതംസ്മര,* മൂന്നാംഭാഗം, പേജ് 45.
15. എം.തോമസ് മാത്യു, *സുകൃതംസ്മര,* മൂന്നാംഭാഗം, പേജ് 95.
16. കെ.എസ്.രാധാകൃഷ്ണൻ, *സുകൃതംസ്മര,* മൂന്നാംഭാഗം, പേജ് 82,83.

## 06

# കേരളീയതയും ഭാരതീയതയും

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ വൈദിക ശിക്ഷണം മല്പാൻമാരെ കേന്ദ്രീകരിച്ചാണ് നടന്നിരുന്നത്. വൈദികനാകാൻ ആഗ്രഹിക്കുന്നയാൾ പ്രാപ്തനായ ഒരു വൈദികന്റെ കൂടെ താമസിച്ചു പരിശീലനം നേടുന്ന രീതിയാണ്. പണ്ഡിതന്മാരായ ഈ വൈദികരെയാണ് മല്പാന്മാർ എന്നു വിളിച്ചിരുന്നത്. മല്പാൻ എന്ന സുറിയാനി വാക്കിന് അധ്യാപകൻ, പ്രഫസർ എന്നിങ്ങനെയാണ് അർത്ഥം. നിരവധി വൈദിക വിദ്യാർഥികളെ പ്രവേശിപ്പിച്ച് വൈദിക ശിക്ഷണം നൽകിയിരുന്ന മല്പാൻ ഭവനങ്ങളെ മല്പാനേറ്റ് എന്നു വിളിച്ചിരുന്നു. ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായ ഗുരുകുല വിദ്യാഭ്യാസ രീതി തന്നെയായിരുന്നു ഇത്. ഉയർന്ന പീഠത്തിലിരിക്കുന്ന ഗുരുവിന്റെ അടുത്തായി ഇരുന്നു പഠിക്കുന്ന ശിഷ്യന്മാരുടെ ചിത്രം ഇതിനോടു നന്നായി ചേരും. ഭാരതീയ സംസ്കാരത്തിന്റെ അടിസ്ഥാന ശിലകളിൽ ഉൾപ്പെട്ടതാണ് ഉപനിഷത്തുകൾ. ഉപനിഷത്ത് എന്ന പദത്തിന്റെ വാച്യാർത്ഥം 'അടുത്ത് ചുവടെ ഇരിക്കുക' എന്നാണ്. പള്ളിപ്പുറം, പൂഞ്ഞാർ, പാലാ, ഒല്ലൂർ, കാരക്കുന്നം, കുത്തിയതോട്, ചാത്തനാട്, വടയാർ, ഭരണങ്ങാനം, ചങ്ങനാശേരി, മൈലക്കൊമ്പ്, നാഗപ്പുഴ മുതലായ സ്ഥലങ്ങളിൽ മല്പാൻ ഭവനങ്ങൾ ഉണ്ടായിരുന്നു. മല്പാന്റെ കീഴിൽ ഏതാനും കൊല്ലം താമസിച്ചു പഠിച്ച് ആവശ്യമായ അറിവും വേണ്ടത്ര പരിശീലനവും നേടിയവർക്ക് മല്പാന്റെ ശിപാർശയനുസരിച്ച് മെത്രാൻ പട്ടം നൽകിയിരുന്നു.[1] കുറ്റമറ്റതായിരുന്നില്ല ഇവിടത്തെ അധ്യയനം. മല്പാന്മാർക്ക് താൽപര്യമുള്ളവരെ മനസ്സുവച്ച് പഠിപ്പിക്കും. ശേഷമുള്ളവരെ കുർബാന, കാനോന നമസ്കാരം എന്നിവ നടത്തിപ്പോകാൻ തക്കവിധം പഠിപ്പിക്കും.

മനുഷ്യന്റെ ജീവനും സ്വത്തിനും വിശ്വാസത്തിനും നാശം

വിതച്ച ടിപ്പുവിന്റെ പടയോട്ടക്കാലത്ത് 1790-ൽ കുത്തിയതോട്ടെ തച്ചിൽ അബ്രഹാം മല്പാൻ ശിഷ്യന്മാരോടൊപ്പം തെക്കൻ പള്ളിപ്പുറത്തേക്കു താമസം മാറ്റി. ഇദ്ദേഹത്തിന് മലയാളത്തിന്റെ മല്പാൻ എന്ന സ്ഥാനപ്പേരും സ്ഥാനമോതിരവും ലഭിച്ചിരുന്നു. പോർച്ചുഗൽ രാജാവിൽ നിന്ന് ശമ്പളവും കിട്ടിയിരുന്നു. സ്ഥാന വസ്ത്രം പോലെ ളോഹയ്ക്കു മീതെ കാപ്പ ധരിച്ചിരുന്നു. അബ്രാഹം മല്പാൻ തെക്കൻ പള്ളിപ്പുറത്ത് സഹോദരൻ മാത്തുത്തരകൻ പണിയിച്ചുകൊടുത്ത കെട്ടിടത്തിൽ മല്പാനേറ്റ് തുടർന്നു. വാർധക്യമായപ്പോൾ മല്പാൻ കൽപറമ്പിലേക്കു മടങ്ങി. മല്പാനേറ്റും കൽപറമ്പിലേക്കു മാറ്റി. പിന്നീട് 1818-ൽ ആണ് മല്പാൻ  തോമസ് പാലയ്ക്കൽ പള്ളിപ്പുറത്തെ മല്പാനേറ്റിനു പുനർജീവൻ നൽകിയത്. അപ്പോഴേക്കും കൽപറമ്പിലെ മല്പാനേറ്റിന്റെ പ്രവർത്തനം നിലച്ചിരുന്നതും വടയാറ്റ് സെമിനാരിയിലുള്ള പ്രൊപ്പഗാന്തക്കാരായ നാലു വൈദിക വിദ്യാർഥികളെ പഠിപ്പിക്കണമെന്നു വരാപ്പുഴ മെത്രാൻ റെയ്മണ്ട് നിർദേശിച്ചതും പാലയ്ക്കൽ മല്പാൻ മല്പാനേറ്റ് പുനർജീവിപ്പിക്കാൻ വഴിയൊരുക്കി.

അബ്രാഹം മല്പാന്റെ ശിഷ്യനായ പാലയ്ക്കൽ തോമസ് മല്പാനാണ് സി.എം.ഐ. സഭയുടെ സ്ഥാപകരിൽ പ്രായം കൂടിയ ആൾ. തെക്കൻ പള്ളിപ്പുറത്തെ പുരാതനമായ പാലയ്ക്കൽ തറവാട്ടിൽ വർക്കി-മറിയം ദമ്പതികളുടെ മകനായി 1775-ലാണ് തോമസ് മല്പാൻ ജനിച്ചത്. ജ്യേഷ്ഠനും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. 1780-ന്റെ ആദ്യപാദത്തിൽ പള്ളിപ്പുറത്തും പരിസരങ്ങളിലും പടർന്നു പിടിച്ച വസൂരിയിൽ തോമസ് മല്പാന്റെ പിതാവ് ഉൾപ്പെടെ പാലയ്ക്കൽ തറവാട്ടിലെ ഒട്ടേറെ അംഗങ്ങളുടെ ജീവൻ ഹോമിക്കപ്പെട്ടു. താമസിയാതെ തറവാട് സാമ്പത്തികമായി ക്ഷയിച്ചു.

പാലയ്ക്കൽ മല്പാന് തന്നേക്കാൾ 24 വയസ് കുറവുള്ള മല്പാൻ തോമസ് പോരൂക്കരയുമായി അടുത്ത സൗഹൃദമുണ്ടായിരുന്നു. സന്യാസത്തോട് ജന്മനാ എന്നു പറയാവുന്ന ആഭിമുഖ്യം ഉള്ളവരായിരുന്നു ഇരുവരും. പാലയ്ക്കൽ മല്പാൻ  വൈദിക പഠനകാലം മുതൽ തപസിന്റെയും പ്രാർഥനയുടെയും നിറവാർന്ന ഭാരതീയ ചൈതന്യമുള്ള സന്ന്യാസ തുല്യമായ ജീവിതമാണ് നയിച്ചിരുന്നത്. മല്പാനായി പ്രവർത്തിക്കുമ്പോഴും വളരെ കുറച്ചു മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. വായനയും പ്രാർഥനയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന 'ഭക്ഷണം'.

പോരൂക്കര തോമസ് മല്പാന്റെ പിതാവ് പോരൂക്കര ഇട്ടിക്കുരുവിള തരകൻ തന്റെ കുമ്പസാരക്കാരനായി തിരഞ്ഞെടുത്തിരു

ന്നത് പാലയ്ക്കൽ തോമസ് മല്പാനെയായിരുന്നു. ആത്മീയ ജീവിതത്തിൽ മുന്നേറണമെന്ന ഉത്ക്കടമായ അഭിലാഷമുള്ള ആളായിരുന്നു ഇട്ടിക്കുരുവിള തരകൻ. വൈദികനാവണമെന്ന ആഗ്രഹം പ്രകടിപ്പിച്ച മകൻ തോമസിനെ അദ്ദേഹം സുറിയാനിക്കാരുടെ പതിവു രീതി വിട്ട് വരാപ്പുഴ സെമിനാരിയിലേക്ക് അയച്ചത് ദൈവ നിയോഗമായിരുന്നു. അവിടെ കർമ്മലീത്താ സന്ന്യാസ വൈദികരോടൊത്ത് സഹവസിക്കാൻ ഇടവന്നത് തോമസിനു സന്ന്യാസ ജീവിതം അടുത്തറിയാൻ അവസരം നൽകി.[2] പാലയ്ക്കൽ തോമസ് മല്പാനും പോരൂക്കര തോമസ് മല്പാനും വരാപ്പുഴയിലും അർത്തുങ്കലും പള്ളിപ്പുറത്തും വച്ച് പലപ്പോഴും കണ്ടുമുട്ടിയിരുന്നു. സമാന ചിന്താഗതിക്കാരായ അവർ സന്ന്യാസ ജീവിതത്തെക്കുറിച്ചുള്ള ആശകളും ആശയങ്ങളും പങ്കുവയ്ക്കുകയും ചെയ്തിരുന്നു. കേരളസഭയിൽ വൈദികർക്കു പോലും ഒരു താപസ ഭവനമില്ലാത്ത കാര്യത്തെപ്പറ്റി അവർ ഖേദത്തോടെ പറയുമായിരുന്നു. പിൽക്കാലത്ത് ഇവരുടെ ആശയംകൂടി ഉൾക്കൊണ്ട് ചാവറയച്ചൻ എഴുതി: "ഏറിയനാൾ മുമ്പിനാലെ സത്യവേദം നടന്നു വരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയില്ലാതെ ഒരു നല്ല പുണ്യകണ്ടുപഠിത്വവും കൂടാതെയും പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനമില്ലാത്തതിനാൽ ഏറിയ നന്മകൾക്കു വീഴ്ച വന്നിരിക്കുന്നു."

ആർഷ സംസ്കാരമെന്നു പ്രസിദ്ധി നേടിയ ഭാരതീയ പാരമ്പര്യത്തിൽ സന്യാസികൾക്കും ഋഷിമാർക്കും സവിശേഷ സ്ഥാനമാണു കൽപിച്ചിട്ടുള്ളത്. ഭൗതിക ലോകത്തിലെ വസ്തുവകകളെയും കുടുംബത്തെയും സ്ഥാനമാനങ്ങളെയും ത്യജിച്ചുകൊണ്ടു ജീവിക്കുന്നയാളാണ് സന്ന്യാസി. സദാസമയവും ഈശ്വരനു വേണ്ടി ദാഹിക്കുന്ന മനസ്സായിരിക്കും സന്ന്യാസിയുടേത്. അദ്ദേഹം ഒരു ഗുരുവിന്റെ കീഴിൽ സന്ന്യാസ പരിശീലനം നിർവഹിക്കുന്ന ക്രമ സന്ന്യാസക്കാരനാണെങ്കിൽ ഗുരു അദ്ദേഹത്തെ വിലയിരുത്തി സന്ന്യാസത്തിന്റെ ഉയർന്ന പടവുകളിലേക്കു മെല്ലെ പ്രവേശിപ്പിക്കും. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം എന്നിവ പിന്നിട്ട് മോക്ഷമാർഗമായി സന്ന്യാസത്തിലേക്കു പ്രവേശിക്കുന്നതാണ് ക്രമ സന്ന്യാസം അത്യുദാത്തമായ തലത്തിൽ ആത്മീയ നിർവൃതി അനുഭവിക്കുന്ന വ്യക്തികളാണ് വിദ്വത് സന്ന്യാസികൾ. ഈ ഋഷിമാർ അഥവാ മുനിമാർ കഠിനമായ ധ്യാനം അഥവാ തപസ് പിന്തുടരുന്നവരാകും. ഋഷി ആത്മീയ ജ്ഞാനത്തിലൂടെ ഈ ഭൗതിക പ്രപഞ്ചത്തെ അതിലംഘിക്കുന്നു. തങ്ങൾ ആർജിക്കുന്ന ആത്മ

ജ്ഞാന വെളിപാടുകൾ അക്ഷരരൂപത്തിൽ ആവിഷ്കരിക്കാൻ കഴിവുള്ളവരായിരിക്കും ഋഷിമാർ. വേദങ്ങളും ഉപനിഷത്തുക്കളും രചിച്ചത് ആത്മസാക്ഷാത്ക്കാരം സിദ്ധിച്ച ഋഷിമാരാണെന്നാണ് പണ്ഡിത മതം. ചാവറയച്ചനും സി.എം.ഐ.സഭയുടെ സ്ഥാപക പിതാക്കന്മാരും വിദ്വത് സന്ന്യാസികളുടെ വിഭാഗത്തിലുള്ളവരാണ്. കവിയായ ചാവറയച്ചൻ ഉപനിഷത്തുക്കൾ രചിച്ച ഋഷിമാരുടെ കുലത്തിലെ കണ്ണിയാണ്.

വേദങ്ങളും ഉപനിഷത്തുക്കളും പുരാണങ്ങളും ഇതിഹാസങ്ങളും എക്കാലവും ഭാരതീയ മനസ്സുകളെ സ്വാധീനിച്ചിട്ടുണ്ട്. ശൂദ്രന്മാർ തൊട്ടു താഴോട്ടുള്ളവർക്ക് വേദം പഠിക്കാൻ അവകാശമുണ്ടായിരുന്നില്ലെങ്കിലും നാടോടിക്കലകളിലും വിവിധ ആവിഷ്ക്കാര രൂപങ്ങളിലുമായി ഗ്രാമീണ ജനങ്ങൾ ഇതിഹാസങ്ങളെപ്പറ്റി കുറച്ചെങ്കിലും അറിയാൻ ഇട വന്നിട്ടുണ്ട്. ആ അറിവുകളിൽ നിന്ന് ഒഴിവായി നിന്നിട്ടുള്ളവർ ആദിവാസികൾ മാത്രമാണ്.

ഒരു മനുഷ്യൻ വളർന്നു വരുമ്പോൾ ചിന്തകൾ സ്വാധീനിക്കുന്നു. അപ്പോൾ അവന് ബാഹ്യപ്രപഞ്ചത്തിൽ മാത്രം സന്തോഷം അനുഭവിക്കാൻ കഴിയുകയില്ല. ഈ ജീവിതത്തിന് ഇതല്ലാതെയൊരു അർത്ഥമുണ്ടോ എന്ന ചിന്ത അലട്ടുന്നു. ദൈവാസ്തിത്വത്തെക്കുറിച്ചുള്ള ചിന്തകൾ മനസ്സിൽ പടരുന്നു. കാലക്രമത്തിൽ പല കാരണങ്ങളാൽ ഭൂരിപക്ഷം ആളുകളും ഈ ചിന്തകൾ കയ്യൊഴിയുമ്പോൾ വളരെ ചെറിയ പങ്ക് സന്ന്യാസത്തിലേക്ക് പദമൂന്നുന്നു. ജീവിതത്തിന്റെ ഭൗതിക സന്തോഷങ്ങളെ ചവിട്ടിക്കടന്ന് സന്ന്യാസത്തിലേക്കു കടക്കുന്നതിനെ ജീവിത നിരാസമെന്നു കാണാനാവില്ല. ബുദ്ധമതവും ജൈനമതവും സന്ന്യാസത്തിനു പ്രാധാന്യം നൽകിയ മതങ്ങളാണ്. ഭാരതസംസ്കാരത്തെപ്പറ്റി ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ളവർ രേഖപ്പെടുത്തിയിട്ടുള്ളത് ജീവിത കർമങ്ങളിൽ അനാസക്തമായ ആസക്തിയോടെ മുന്നേറുക എന്നതാണ് ഈ സംസ്കാരം ആഹ്വാനം ചെയ്യുന്ന ചിന്താപദ്ധതി എന്നാണ്. കർമം ചെയ്യുക, അതിന്റെ ഫലത്തെപ്പറ്റി ഇച്ഛിക്കാതിരിക്കുക, അതു കർമ്മനിരാസമല്ല. ദൈവം ഫലം തരുമെന്ന വിശ്വാസ ബോധ്യമാണ്.

സന്ന്യാസ ജീവിതത്തെപ്പറ്റിയും ആശ്രമ ജീവിതത്തെയും ഗൗരവത്തോടെ ചിന്തിക്കുമ്പോഴും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ പൂർണമായി മുഴുകിയാണു മല്പാൻ തോമസ് പാലയ്ക്കലും മല്പാൻ തോമസ് പോരൂക്കരയും ജീവിതം നയിച്ചത്. സന്ന്യാസത്തോട് ആഭിമുഖ്യമുള്ള ക്രൈസ്തവർ ഈജിപ്തിലും സിറിയയിലുമാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. അവർ തീവ്ര

മായ ഏകാന്തത അഭിലഷിച്ചു. അതിനായി ചിലർ ശവക്കല്ലറ കൾക്കരികിൽ താമസിച്ചു. മറ്റു ചിലർ മനുഷ്യർ ഉപേക്ഷിച്ചു പോയതും ജീർണിച്ചതുമായ കെട്ടിടങ്ങളിൽ തങ്ങി. വേറെ ചിലർ ഗുഹകളിൽ ഒതുങ്ങി. ചിലരാകട്ടെ മരുഭൂമിയുടെ അപാരതയ്ക്കു സ്വയം സമർപ്പിച്ചു. ശരീരത്തിന്റെ ദുരാശകളോടും പിശാചിന്റെ പ്രലോഭനങ്ങളോടും അവർ പടവെട്ടിക്കൊണ്ടിരുന്നു. ക്രമേണ ദൈവത്തെ തേടി മരുഭൂമിയിൽ അഭയം തേടുന്നവരുടെ എണ്ണം വർധിച്ചു വന്നു. സ്വയം ത്യജിച്ചുള്ള ഈ ജീവിതങ്ങൾക്ക് ഒട്ടേറെ അനുകർത്താക്കളുണ്ടായി. നാലാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയ യിലെ ബിഷപ്പായിരുന്ന അത്തനാസിയൂസ്, സിറിയൻ സന്ന്യാസി യായ മാർ അവുജിൻ, വിശുദ്ധ ജെറോം എന്നിവർ ആശ്രമത്തെ കേന്ദ്രീകരിച്ചുള്ള സന്ന്യാസ ജീവിതം പ്രോത്സാഹിപ്പിച്ചു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാനായ ബേസിൽ (Basil the Great) ആശ്രമജീവിതത്തിനു രൂപഭാവങ്ങൾ നൽകിയവരിൽ പ്രധാനി യാണ്.

ക്രിസ്തീയ സന്ന്യാസജീവിതത്തിന്റെ തുടക്കത്തിൽ സന്ന്യാ സിമാർ പുരോഹിതന്മാർ ആയിരുന്നില്ല. പക്കോമിയസ് സന്ന്യാസി മാർ പുരോഹിതന്മാരാകുന്നതിനെ ശക്തിയായി എതിർത്തിരുന്നു. പുരോഹിതന്മാർക്കുള്ള അധികാരവും പ്രശസ്തിയും മോഹിക്കു ന്നത് സന്ന്യാസജീവിതത്തിനു നന്മ ചെയ്യില്ല എന്ന അഭിപ്രായ ക്കാരനായിരുന്നു അദ്ദേഹം.

സന്ന്യാസ ജീവിതത്തിലുള്ള ആഭിമുഖ്യം മനസ്സിൽ വളരുമ്പോ ഴും മല്പാൻ എന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ തോമസ് പാലയ്ക്കൽ മുഴുകിയിരുന്നു. പൗരോഹിത്യ ജീവിതം വളരെ ചിട്ട യുള്ളതും ത്യാഗപൂർണവും അറിവു സമ്പാദിക്കാൻ ഉതകുന്നതു മായിരിക്കണം. ലാളിത്യവും പരസ്നേഹവും ആത്മീയതയും നിറ ഞ്ഞതാവണം. ഈ ഗുണങ്ങൾ ഗുരുവിൽ തിളങ്ങണം. അപ്പോൾ ശിഷ്യന്മാരിൽ ജ്വലിക്കും. ആ ബോധ്യത്തിൽ മുന്നേറുന്നതായി രുന്നു പാലയ്ക്കൽ മല്പാന്റെ ജീവിതം. പലതവണ പുതുക്കി പണിത പള്ളിപ്പുറം പള്ളി പോർച്ചുഗീസുകാരുടെ കാലത്തും നവീ കരണത്തിനു വിധേയമായി. അതിന്റെ ഭാഗമായി വൈദികമന്ദിരവും മുറിത്തട്ടും പരിഷ്കരിക്കപ്പെട്ടു. ആ പള്ളിമേടയിലായിരുന്നു മല്പാ നേറ്റ് പ്രവർത്തിച്ചിരുന്നത്. ശിഷ്യന്മാർക്കു വേണ്ടി 12 നിർദേശങ്ങ ളുള്ള ഒരു നിയമാവലി ഗുരു എഴുതിയുണ്ടാക്കി. ഉറങ്ങുവാനും ഉണരുവാനുമുള്ള സമയം, പഠനസമയത്തെ പെരുമാറ്റച്ചട്ടങ്ങൾ, പ്രാർത്ഥനയ്ക്കുള്ള സമയങ്ങൾ, പുറത്തിറങ്ങി നടക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ, ജ്ഞാനവായന, ജ്ഞാനഭാഷണം,

കൂദാശകളുടെ സ്വീകരണം എന്നിവയുമായി ബന്ധപ്പെട്ടവയായിരുന്നു നിർദേശങ്ങൾ.

പഠനം മുന്നേറിയപ്പോൾ ചാവറ കുര്യാക്കോസ് ഉൾപ്പെടെയുള്ള ശിഷ്യരെ കൂടുതൽ അറിവുള്ളവരാക്കാൻ ഗുരു പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചു. തമിഴ്നാട്ടിൽ ഈശോസഭക്കാരുടെ സ്ഥാപനത്തിലുള്ള ക്രിസ്തീയ തമിഴ് പുസ്തകങ്ങൾ ശേഖരിച്ച് അവ മലയാളത്തിലേക്കു മൊഴിമാറ്റുവാൻ മല്പാൻ നേതൃത്വം കൊടുത്തു. ചില പുസ്തകങ്ങൾ അദ്ദേഹം തന്നെ മൊഴിമാറ്റി. കേരളത്തിലുള്ള പണ്ഡിതന്മാരായ വൈദികരുടെ കൈവശമുള്ള പുസ്തകങ്ങൾ ശിഷ്യന്മാരെകൊണ്ട് പകർത്തി എഴുതിച്ചു. ഇങ്ങനെ മല്പാനേറ്റിന്റെ ഗ്രന്ഥശേഖരം വിപുലമാക്കി.

കത്തോലിക്കാസഭയുടെ ഔദ്യോഗിക ഭാഷയായ ലത്തീൻ ശിഷ്യന്മാർ പഠിച്ചിരിക്കണമെന്നു പാലയ്ക്കൽ മല്പാന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് ചാവറയച്ചനെയും മറ്റും ലത്തീൻ പഠിപ്പിക്കാൻ വിട്ടെങ്കിലും ലത്തീൻകാരുടെ സെമിനാരിയിൽ പ്രവേശനം ലഭിച്ചില്ല. തുടർന്ന് ലത്തീൻ അറിയാവുന്ന ഒരു പാതിരിയുടെ അടുത്തേക്ക് അയച്ചു പഠിപ്പിച്ചു.

സുറിയാനിക്കാരായ ശെമ്മാശ്ശന്മാരും വൈദികരും പുതിയ രീതിയിലുള്ള വെള്ള ളോഹ ധരിച്ചു തുടങ്ങാൻ നിമിത്തമായതും പാലയ്ക്കൽ മല്പാനാണ്. സുറിയാനിക്കാർ ധരിച്ചിരുന്ന വസ്ത്രത്തെപ്പറ്റി ചാവറയച്ചൻ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്:[3] "സുറിയാനിക്കാർ പൂർവകാലം മുതൽ വെളുത്ത തുണി കൊണ്ട് അധികം വീതിയായിട്ടുള്ള കാക്കുപ്പായം ധരിക്കുന്നു. അതിനു മുട്ടുകഴിഞ്ഞ് താഴേക്ക് ഏകദേശം എട്ടുവിരൽ നീളവും കൈകൾക്ക് കാക്കുപ്പായത്തിന്റേതുപോലെ വീതിയും മണിക്കെട്ടുവരെ നീളവും ഉണ്ടാകും. കഴുത്താരം എട്ടുവിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടിരിക്കുന്ന ഒരു കമ്മീസും, തോളിൽ നല്ല ഒരു നാടൻ മുണ്ടും ഇടും."

യൂറോപ്പിൽ നിന്നുവന്ന ഒരു മുതിർന്ന വൈദികനെ സ്വീകരിക്കാൻ പള്ളിപ്പുറം മല്പാനേറ്റിലെ സുറിയാനി ശെമ്മാശ്ശന്മാർ ഈ വേഷം ധരിച്ച് കടവിൽ ചെന്നു. ളോഹയിട്ടു നിൽക്കുന്ന ലത്തീൻ ശെമ്മാശ്ശന്മാരും സ്വീകരിക്കാനെത്തിയിരുന്നു. വിദേശ വൈദികൻ ലത്തീൻ ശെമ്മാശ്ശന്മാരുടെ നേർക്ക് ആചാരം കാട്ടി. അല്മായരായിരിക്കും എന്നു കരുതി സുറിയാനി ശെമ്മാശ്ശന്മാരെ പരിഗണിച്ചില്ല. ആദരിക്കാൻ ചെന്നിട്ട് അവഗണന നേരിടേണ്ടി വന്ന സുറിയാനി ശെമ്മാശ്ശന്മാർ പാലയ്ക്കൽ മല്പാനോട് സങ്കടം പറഞ്ഞു. തുടർന്ന് അദ്ദേഹം നടത്തിയ നീക്കങ്ങളുടെ ഒടുവിലാണ് സുറി

യാനിക്കാർക്ക് വെള്ള ളോഹ ധരിക്കാനുള്ള അനുവാദം കിട്ടിയത്. സന്ന്യാസത്തിനു അഭിമുഖമായി മുന്നേറുന്ന മനസ്സാണെങ്കിലും ലൗകിക പ്രശ്നങ്ങളിൽ ന്യായമായ രീതിയിൽ ഇടപെടാൻ അദ്ദേഹം തയ്യാറായിരുന്നു. സന്ന്യാസി ലോകകാര്യങ്ങളിൽ നിന്ന് പാടേ മുഖം തിരിച്ചു ജീവിക്കേണ്ടവനല്ലെന്നു അദ്ദേഹം വിശ്വസിച്ചു.

പാലയ്ക്കൽ മല്പാന് പരിശുദ്ധ മാതാവിനോട് പ്രത്യേകമായ ഭക്തിയുണ്ടായിരുന്നു. അദ്ദേഹമാണ് സുറിയാനി പള്ളികളിൽ കർമ്മലമാതാവിന്റെ കോൺഗ്രിഗേഷൻ എന്ന ദർശന പെരുന്നാൾ തുടങ്ങിയത്. പള്ളിപ്പുറം പള്ളിയിലായിരുന്നു ആദ്യം. അക്കാലത്ത് സുറിയാനിക്കാർക്കിടയിൽ സർവസാധാരണമല്ലാത്ത വെന്തീങ്ങ ഭക്തി പ്രചരിപ്പിക്കാനും അദ്ദേഹം ഉത്സാഹിച്ചു. ആത്മാവിനു ഗുണകരമാകുന്ന പുതിയ കാര്യങ്ങൾ വിശ്വാസി സമൂഹത്തിന്റെ ഇടയിൽ പ്രചരിപ്പിച്ച് അവർക്ക് ആത്മീയോത്കർഷം പകരുവാൻ നിരന്തരം ശ്രദ്ധിച്ചിരുന്നു. സന്ന്യാസി സ്വന്തം ആത്മീയോന്നമനം മാത്രം കാംഷിച്ചാൽ പോരാ, സമൂഹാംഗങ്ങളുടെ ആത്മീയ ഉണർവും സ്വന്തം ചുമതലയായി കരുതണം.

ഡൊമിനിക്കൻ സന്ന്യാസ സഭയോട് പാലയ്ക്കൽ മല്പാനു പ്രത്യേക മതിപ്പും താത്പര്യവും ഉണ്ടായിരുന്നു. സന്യാസസഭാ സ്ഥാപനത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ ഡൊമിനിക്കൻ സഭയുടെ ചൈതന്യത്തിൽ രൂപപ്പെടുത്തണമെന്നായിരുന്നു ആഗ്രഹം. വിശുദ്ധ ഡൊമിനിക്കിന്റെ തിരുസ്വരൂപം മല്പാന്റെ മുറിയിൽ പ്രത്യേകം സൂക്ഷിച്ചിരുന്നു. പള്ളിപ്പുറം സെമിനാരിയിലുള്ളവർ മാന്നാനത്തെ വിശേഷപ്പെട്ട തിരുനാളുകളിൽ പങ്കെടുക്കാൻ പോകുമ്പോൾ മല്പാൻ ഈ രൂപവും കൊടുത്തുവിടുമായിരുന്നു. തിരുനാളുകൾ കഴിയുമ്പോൾ അവർ രൂപം തിരിച്ചുകൊണ്ടുവന്നു ഭക്ത്യാദരപൂർവം മല്പാനെ ഏൽപിക്കും.

വൈദികർ പ്രസംഗങ്ങളിലൂടെയും ജീവിത മാതൃകകളിലൂടെയും പ്രചോദിപ്പിക്കേണ്ട അവസ്ഥയിലായിരുന്നു അന്നു കേരളത്തിലെ സുറിയാനി സമൂഹം. ഫലം പുറപ്പെവിക്കാൻ കഴിവില്ലാത്ത വൃക്ഷത്തിന്റെ അവസ്ഥ. വിദ്യാഭ്യാസക്കുറവും അനൈക്യവും സഭാവഴക്കുകളും ജാതിചിന്തയും മറ്റും ഇതിനുള്ള പ്രത്യക്ഷ കാരണങ്ങളായിരുന്നു. മികച്ച ഭാവിയിലേക്ക് ഈ സമൂഹത്തെ നയിക്കാൻ കഴിവും ആർജവവുമുള്ള നേതൃത്വമില്ല. അന്നത്തെ സാഹചര്യത്തിൽ സഭാംഗങ്ങൾക്കു നേതൃത്വം കൊടുക്കാൻ സംഘടിതമായും വേഗത്തിലും കഴിയുന്നതു വൈദികർക്കാണ്. രാഷ്ട്രീയനേതൃത്വം, സാമുദായിക നേതൃത്വം, സാംസ്കാരികനേതൃത്വം,

സാമ്പത്തികനേതൃത്വം എന്നിങ്ങനെയുള്ള വ്യത്യസ്ത നേതൃത്വ ങ്ങൾ അന്നു വികസിച്ചിട്ടില്ലായിരുന്നു. വൈദികരായിരുന്നു ക്രിസ്ത്യൻ സമൂഹത്തിന്റെ പൊതുനേതാക്കൾ. അതിനാൽ പ്രബു ദ്ധരായ വൈദികർ ഉണ്ടാകണമെന്നു പാലയ്ക്കൽ മല്പാൻ കരു തി. വൈദികർക്ക് എത്രത്തോളം അറിവും, വായനയും, പ്രവർത്തന പരിചയവും, ധർമ്മനിഷ്ഠയും, വിശ്വാസപൂർണതയും ഉണ്ടാവു ന്നോ, അത്രയും നല്ലത്. സന്ന്യാസത്തോട് ആഭിമുഖ്യം ഉണ്ടായി രിക്കെതന്നെ താൻ ഏർപ്പെടുന്ന ഏതു മണ്ഡലത്തിലും വ്യക്തിക്കു മാത്രമല്ല സഭയ്ക്കും നന്മയുണ്ടാവണമെന്ന വ്യക്തമായ കാഴ്ച പ്പാട് പാലയ്ക്കൽ മല്പാനുണ്ടായിരുന്നതിനാൽ വിശ്രമരഹിതമായ ജീവിതമാണ് അദ്ദേഹം നയിച്ചത്. പ്രാർത്ഥനയും പ്രവർത്തിയും ഇടകലർന്നുള്ള ജീവിതം.

മല്പാൻ തോമസ് പോരൂക്കരയുടെ പിതാവായ ഇട്ടിക്കുരുവിള തരകൻ സർക്കാർ ജീവനക്കാരനായിരുന്നു. അറിവും ലോകപരി ചയവും ഈശ്വരഭക്തിയും ഉണ്ടായിരുന്ന അദ്ദേഹം തന്റെ കാല ഘട്ടത്തെ മറികടന്നുള്ള തീരുമാനങ്ങൾ എടുത്തിരുന്നു. തന്റെ ആത്മീയ ഗുരുവായ പാലയ്ക്കൽ മല്പാന്റെ മാതൃക പിന്തു ടർന്നാവാം ഇട്ടിക്കുരുവിള തരകൻ തമിഴ് ഭാഷയിലുള്ള വിവിധ ആത്മീയ പുസ്തകങ്ങൾ സംഘടിപ്പിച്ച് പകർത്തിയെടുത്തിരുന്നു. അദ്ദേഹം തന്നെയും മക്കളെയും ഇംഗ്ലിഷ്, പോർച്ചുഗീസ് ഭാഷ കൾ പഠിപ്പിക്കുന്നതിനു ഒരധ്യാപകനെ ശമ്പളം കൊടുത്ത് വീട്ടിൽ വരുത്തിയിരുന്നു. മകൻ തോമസ് വൈദികനാകാൻ ആഗ്രഹം പ്രക ടിപ്പിച്ചപ്പോൾ വരാപ്പുഴയിലെ അപ്പസ്തോലിക് സെമിനാരിയിലേ ക്കാണ് അയച്ചത്. റീത്തിനപ്പുറം ജ്ഞാനസമ്പാദനത്തിനുള്ള അവ സരം മകനു തുറന്നു കൊടുക്കാനാണ് ആ പിതാവ് തയാറായത്. ഈ തീരുമാനമെടുക്കുംമുമ്പ് തന്റെ ആത്മീയ ഗുരുവായ പാല യ്ക്കൽ മല്പാന്റെ ഉപദേശം തേടിയിരിക്കാൻ സാധ്യതയുണ്ട്. സെമിനാരിയിൽ പഠനത്തിലും പുണ്യജീവിതത്തിലും പോരൂക്കര തോമസ് മുന്നിലായിരുന്നു. 1822 ഒക്ടോബർ 19-ന് ഡീക്കൻ പട്ടവും 1823 സെപ്റ്റംബർ 22-നു കുർബാന പട്ടവും സ്വീകരിച്ചു. ഒക്ടോ ബർ 26-ന് കല്ലൂർക്കാട് പള്ളിയിൽ പുത്തൻ കുർബാന ചൊല്ലി, തുടർന്ന് അവിടെ വികാരിയായി നിയമിതനായി.

വൈദികന്റെ കർമജീവിതം എന്തായിരിക്കണമെന്ന കാര്യത്തിൽ ആഴത്തിലുള്ള ബോധ്യങ്ങൾ പോരൂക്കര തോമസ് മല്പാനുണ്ടാ യിരുന്നു. സ്വർഗത്തിൽ മാലാഖമാർ നിരന്തരം സംഗീതം പൊഴിച്ച് ദൈവത്തെ ആരാധിക്കുന്നതുപോലെ സംഗീതസാന്ദ്രമാവണം പള്ളിയിലെ ദൈവാരാധനയും ബലിയർപ്പണവുമെന്ന് അദ്ദേഹം

നിശ്ചയിച്ചു. അതിനായി ഒരു സംഗീതജ്ഞനെ കൊണ്ടുവന്ന് സ്വന്തം സഹോദരങ്ങളെയും ഇടവകക്കാരെയും സംഗീതോപക രണങ്ങൾ വായിക്കാനും പാടാനും പഠിപ്പിച്ചു. അങ്ങനെ കല്ലൂർക്കാട് ദൈവാലയത്തിൽ സംഗീതോപകരണങ്ങളുടെ അക മ്പടിയോടെ തിരുക്കർമ്മങ്ങൾ നടത്തുന്ന പതിവ് ആരംഭിച്ചു. വൈകാതെ ഈ രീതി പള്ളിപ്പുറം പള്ളിയിലും ആരംഭിച്ചു. കാലത്തെ മറികടന്നുള്ള മുന്നേറ്റമായിരുന്നു ഇത്. കല്ലൂർക്കാട് പള്ളിയിൽ ഞായറാഴ്ച വചനപ്രഘോഷണം നടത്തുന്ന പതിവും പോരൂക്കര മല്പാൻ തുടങ്ങി.

1827 ഓഗസ്റ്റ് 15-നു പോരൂക്കര മല്പാന് കൊല്ലത്തെ തങ്കശ്ശേരി ലത്തീൻ പള്ളിയിലേക്കു സ്ഥലംമാറ്റമായി. ലത്തീൻ ഭാഷ നന്നായി അറിയാവുന്നത് ഗുണം ചെയ്തു. ഇടവക സമൂഹത്തോട് സ്നേഹ ത്തോടെ ഇടപെട്ടു. വിശ്വാസികളുടെ വീടുകൾ സന്ദർശിച്ച് വഴ ക്കുകളും മറ്റും പറഞ്ഞു തീർത്ത് നല്ല ഇടയനായി നയിച്ചു. കുടും ബങ്ങളുടെ ആധ്യാത്മിക വളർച്ചയ്ക്ക് പ്രാധാന്യം നൽകി. ഇട യ്ക്കിടയ്ക്ക് കുമ്പസാരിച്ച് ദിവ്യകാരുണ്യം കൈക്കൊള്ളാൻ ഇട വക ജനങ്ങളെ പരിശീലിപ്പിച്ചു. ഈ ഇടവകയിലും സംഗീതോപ കരണങ്ങളും പാട്ടും ഉപയോഗപ്പെടുത്തി കുർബാനയും മറ്റു കർമ ങ്ങളും ഭക്തിസംവർധകമാക്കി. നിലവിലുള്ള അവസ്ഥകളെ ഗുണ പരമായി മാറികടന്ന് ഉയർന്ന ആത്മീയ തലം സൃഷ്ടിക്കാൻ പോരൂ ക്കര മല്പാന് എന്നും ആവേശമായിരുന്നു. യഥാർഥ സന്ന്യാസി നിരന്തരം നടത്തുന്ന ആത്മീയാന്വേഷണത്തിന്റെ തനിമ അതിനു ണ്ടായിരുന്നു.

തങ്കശ്ശേരി പള്ളിയിൽ ജോലി ചെയുന്ന കാലത്താണ് 1828 മാർച്ച് 16-നു മല്പാൻ തോമസ് പോരൂക്കര മൗറേലിയസ് സ്തബിലിനി മെത്രാന്റെ സെക്രട്ടറിയായി നിയമിതനായത്. പുതിയ മെത്രാൻ തന്റെ സെക്രട്ടറിയായി പ്രവർത്തിക്കാമോയെന്ന് മല്പാൻ തോമസ് പാലയ്ക്കലിനോടു ചോദിച്ചു. അദ്ദേഹമാണ് മല്പാൻ തോമസ് പോരൂക്കരയുടെ പേര് നിർദേശിച്ചത്. വരാപ്പുഴയിൽ ചാർജെടു ക്കാൻ വരുന്ന വഴി കല്ലൂർക്കാട്ടിലെ വീട്ടിൽ കയറി. അവിടെ അവി ചാരിതമായി സുഹൃത്ത് കണിയാന്തറ യാക്കോബിനെ കാണാനി ടയായി. അവർ തമ്മിലുള്ള സംഭാഷണങ്ങളുടെ ഒടുവിൽ യാക്കോബും പോരൂക്കര മല്പാനോടൊപ്പം വരാപ്പുഴയ്ക്കു പോന്നു.

പോരൂക്കര മല്പാൻ വരാപ്പുഴയിൽ ബിഷപ്പ് മൗറേലിയസ് സ്തബലിനിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുമ്പോൾ പാല യ്ക്കൽ മല്പാനും പോരൂക്കര മല്പാനും ഇടയ്ക്കിടയ്ക്ക് കണ്ടു

മുട്ടുന്നതിനും പരസ്പരം മനസ്സ് തുറക്കുന്നതിനുമുള്ള സാഹചര്യങ്ങൾ ലഭിച്ചിരുന്നുവെന്നും കേരളസഭ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ അവരുടെ സംഭാഷണ വിഷയങ്ങളായിരുന്നുവെന്നും മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. സഭയിലെ പ്രശ്നങ്ങൾ ഗുരുതരമാകുന്നതല്ലാതെ പരിഹൃതമാകുന്ന സാഹചര്യം സംജാതമാകുന്നില്ല. ഈ മുൾപ്പടർപ്പിനിടയിൽ ആത്മരക്ഷ സാധ്യമാകുക എളുപ്പമല്ല. എന്നാൽ സ്വന്തം ആത്മരക്ഷ മാത്രം മുൻനിർത്തി വൈദികരുടേതായ ചുമതലകളിൽ നിന്ന് ഒളിച്ചോടാനുമാകില്ല. ഇതിനൊരു പരിഹാരം കണ്ടെത്താൻ എളിയവരായ തങ്ങൾക്കു തമ്പുരാനോട് ചേർന്നു നിന്നുകൊണ്ട് പ്രവർത്തിക്കാൻ കഴിയില്ലേ? ഈ ചിന്തയും പ്രാർഥന, ഉപവാസം, പരിഹാര പ്രവൃത്തികൾ എന്നിവയോടൊപ്പം മുന്നേറി.

മല്പാന്മാരുടെ ആലോചനകൾ പള്ളിപ്പുറം സെമിനാരിയിൽ പാലയ്ക്കൽ മല്പാന്റെ ആത്മീയ പുത്രനായ ചാവറ കുര്യാക്കോസച്ചനും അറിയുന്നുണ്ടായിരുന്നു. പാലയ്ക്കലച്ചൻ പറഞ്ഞുതന്നെയായിരുന്നു ആലോചനകൾ പിന്നിടുന്ന വഴിത്താരകൾ ചാവറയച്ചനു പരിചിതമായത്. ദീർഘകാലത്തെ ആലോചനകളുടെ ഒടുവിൽ ഒരു സന്ന്യാസക്കൂട്ടായ്മ ആരംഭിക്കണമെന്നു മല്പാന്മാരായ തോമസ് പാലയ്ക്കലും തോമസ് പോരൂക്കരയും തീരുമാനിച്ചു. ദൈവം തങ്ങളുടെ മുന്നിൽ തുറന്നു വച്ചിട്ടുള്ള വഴിയിതാണ്. ഇതിലൂടെ മുന്നേറണം. പുതിയ സന്ന്യാസസഭ സ്ഥാപിക്കുന്ന കാര്യം ബിഷപ്പ് മൗറേലിയസ് സ്തബലിനിയെ അറിയിച്ചപ്പോൾ അദ്ദേഹം പിന്തുണച്ചു. തിരുസഭയുടെ അംഗീകാരത്തിന്റെ ആദ്യപടിയായിരുന്നു മെത്രാന്റെ അനുവാദം. അനശ്വരമായ ആത്മീയ പൈതൃകവും അക്ഷയമായ തത്വശാസ്ത്ര ചിന്തകളും ഭാരതീയ സംസ്കാരത്തിൽ ഉൾച്ചേർത്ത് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രൂപം പ്രാപിച്ച കേരളത്തിലെയും ഭാരതത്തിലെയും ആദ്യ ഏതദ്ദേശീയ സന്ന്യാസ സമൂഹമായ സി.എം.ഐ. സഭയുടെ തുടക്കം ഇങ്ങനെയായിരുന്നു. ഭാരതീയ സന്ന്യാസ ജീവിതശൈലി ലാളിത്യത്തിന്റെയും അഗാധമായ ധ്യാനത്തിന്റെയുമാണ്. ആന്തരികതയിൽ മറഞ്ഞിരിക്കുന്ന ദൈവത്തെ തേടിയുള്ള യാത്രയാണ്. സി. എം.ഐ. സഭാംഗങ്ങൾ ആ യാത്രയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നവരാണ്.

ഭാരതീയ സംസ്കാരത്തിന്റെ ഏറ്റവും വലിയ ശക്തി എല്ലാറ്റിനെയും ഉൾച്ചേർക്കാനുള്ള കഴിവാണ്. വളരെയേറെ വൈദേശിക ആക്രമണങ്ങൾ നടന്നിട്ടും ഭാരതീയത നഷ്ടപ്പെടാതിരുന്നതിന്റെ കാരണമതാണ്. വിശ്വാസത്തിൽ ക്രിസ്ത്യാനികൾ, സംസ്കാര

ത്തിൽ ഭാരതീയർ, ജീവിതശൈലിയിൽ കേരളീയർ എന്ന അവസ്ഥ. സി.എം. ഐ. സഭയുടെ സ്ഥാപക പിതാക്കന്മാർ ക്രിസ്ത്യാനികളും ഭാരതീയരും കേരളീയരും ആയിരിക്കെത്തന്നെ ലത്തീൻ രീതികളിലെ നല്ല വശങ്ങൾ അനുകരിച്ചവരാണ്. പാലയ്ക്കൽ മല്പാന്റെ ഉറച്ച ബോധ്യങ്ങളെ പിന്തുടർന്നു പ്രവർത്തിക്കുകയാണ് ലത്തീൻ ബിഷപ്പുമാരോടു ചേർന്നു നിന്നുകൊണ്ട് ശിഷ്യനായ ചാവറയച്ചൻ ചെയ്തത്. പോരൂക്കര മല്പാൻ ലത്തീൻ സെമിനാരിയിൽ പഠിച്ച് അതിലെ നല്ല വശങ്ങൾ സ്വായത്തമാക്കിയ ആളാണ്. അവർക്ക് അന്ധമായ വിരോധങ്ങളില്ലായിരുന്നു. നന്മയെ തങ്ങളിലേക്ക് വിളക്കി ചേർക്കാനുള്ള കഴിവുണ്ടായിരുന്നു. ഇപ്പോൾ സി.എം.ഐ. സഭയിൽ സീറോ മലബാർ റീത്തുകാർക്കുപുറമെ ലത്തീൻകാരും മലങ്കരക്കാരും വൈദികരായുണ്ട്. റീത്തുകളുടെ വൃത്തങ്ങൾക്കപ്പുറത്തേക്ക് യേശുനാഥൻ വിഭാവനം ചെയ്ത വിശാലതയിലേക്കു സഭ വളർന്നിരിക്കുന്നു.

ചാവറയച്ചന്റെ ഭാരതീയതയെയും കേരളീയതയെയുംപറ്റി പ്രസിദ്ധ ചരിത്രകാരനായ എ. ശ്രീധരമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്: "കേരളസമൂഹത്തിന്റെ മുഖ്യധാരയിലേക്കു കത്തോലിക്കാസമൂഹത്തെ കൊണ്ടുവരുവാൻ അദ്ദേഹത്തിനായി. ഭാരതത്തിന്റെ ആദ്ധ്യാത്മിക സമ്പത്ത് സ്വാംശീകരിക്കുവാനാണ് അദ്ദേഹം തന്റെ അനുയായികളെ ഉപദേശിച്ചത്. സംസ്കൃത പഠനത്തിനു വളരെ പ്രാധാന്യം നൽകിയ അദ്ദേഹം അതിനായി സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഹൈന്ദവ ഭവനങ്ങളിൽ സാധാരണമായിരുന്ന സന്ധ്യാനാമ കീർത്തനത്തെ അനുകരിച്ച് ക്രിസ്തുവിന്റെ ജീവിത കഥകളെ ആധാരമാക്കിയുള്ള പ്രാർത്ഥനാഗാനങ്ങൾ ആലപിക്കുന്നതിനു അദ്ദേഹം നേതൃത്വവും പ്രേരണയും നൽകി. പള്ളിയിൽ കടലാസുകൊണ്ടും തുണികൊണ്ടും ഉള്ള കൃത്രിമ പൂക്കൾക്കു പകരം പച്ചപൂക്കൾ വേണമെന്നു നിഷ്കർഷിച്ചതും ശുദ്ധസംഗീതം പാടണമെന്നു വ്യവസ്ഥ ചെയ്തതുമെല്ലാം ഭാരതീയ ആചാരങ്ങൾ അനുകരിച്ചതിന്റെ ഉദാഹരണങ്ങളാണ്. വിശ്വാസികൾക്കുവേണ്ടി ഖണ്ഡകാവ്യങ്ങളടക്കം പലതരം ഭക്തിഗ്രന്ഥങ്ങൾ ഉണ്ടാക്കി. എഴുത്തച്ഛന്റെ കിളിപ്പാട്ടിന്റെ ശൈലിയിൽ യേശുവിന്റെ ജീവിതത്തെ ആധാരമാക്കി പ്രാർത്ഥനാ ഗീതങ്ങൾ രചിച്ചു."[4]

ചാവറയച്ചൻ സംസ്കൃത പണ്ഡിതനായിരുന്നില്ല. പക്ഷേ, സംസ്കൃതത്തോട് ഇഷ്ടമായിരുന്നു. സംസ്കൃതത്തോടുള്ള താൽപര്യമാണ് മലയാള കാവ്യാസ്വാദകർക്കു പരിചിതമായ മണിപ്രവാള ഭാഷയിൽ സംസ്കൃതവും മലയാളവും ഇടകലർന്ന രീതി

യിൽ കവിതകളെഴുതുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ചാവറയച്ചന്റെ 'ആത്മാനുതാപ'ത്തിലെ വരികൾ ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ'യിലെ സരള ഈരടികളെ ഓർമിപ്പിക്കുന്നതാണെന്നു ഡോ. എം.ജി.എസ്. നാരായണൻ രേഖപ്പെടുത്തിയിട്ടുണ്ട്.[5] 'കൃഷ്ണഗാഥ' കേരളീയത പാൽ ചുരത്തി നിൽക്കുന്ന കാവ്യമാണ്, അതുപോലെയുള്ള ഒരു കാവ്യം എഴുതാൻ കേരളീയതയുടെ സൗകുമാര്യം മനസ്സിൽ നിറഞ്ഞു നിൽക്കുന്ന കവിക്കേ കഴിയൂ.

"ചാവറയച്ചൻ കിളിപ്പാട്ട്, പാന, തരംഗിണി, കേക, വഞ്ചിപ്പാട്ട് തുടങ്ങിയ നാടൻ ശീലുകളിലാണ് കവിത കോർത്തെടുത്ത" തെന്നു സി.പി. ശ്രീധരൻ വ്യക്തമാക്കുന്നു.[6] ഇതും അച്ചന്റെ കാവ്യസപര്യയുടെ കേരളീയതയ്ക്കു തെളിവാണ്. "ഭാഷാപോ ഷണത്തിനു അദ്ദേഹം (ചാവറയച്ചൻ) ചെയ്ത സേവനങ്ങളും വിദ്യാപ്രചാരണത്തിനും സംസ്കൃതപഠനത്തിനും അദ്ദേഹം കാണിച്ച താൽപര്യവും അതേ തീവ്രതയോടെ കത്തോലിക്കർ തുടർന്നിരുന്നെങ്കിൽ കത്തോലിക്കർക്ക് ഇന്നു സംസ്കാര നായകത്വം ലഭിച്ചനെ" എന്ന് സി. പി. ശ്രീധരൻ വിമർശനാത്മകമായി എഴുതിയിട്ടുണ്ട്.[7] ഈ വിമർശനം സി.എം.ഐ. സഭാംഗങ്ങൾക്കു നേരെയും നീളുന്നതാണ്. മികച്ച സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിനിടയിൽ കലാ, സാഹിത്യ, സാംസ്കാരിക രംഗങ്ങളിൽ കഴിവിനനുസരിച്ചുള്ള സംഭാവനകൾ നൽകാൻ വേണ്ടത്ര ശ്രദ്ധിച്ചില്ല. ഒറ്റപ്പെട്ട മികച്ച പരിശ്രങ്ങളും സംഭാവനകളും സംഗീതത്തിലും ചിത്രകലയിലും ഉണ്ടായിട്ടുണ്ട്. എങ്കിലും കൂട്ടായ, ലക്ഷ്യോന്മുഖമായ, തുടർച്ചയായ പരിശ്രമങ്ങൾ നടത്തിയിരുന്നെങ്കിൽ സ്ഥിതി മാറുമായിരുന്നു. പുതുതലമുറ ഈ രംഗങ്ങളിൽ പ്രവർത്തിക്കാൻ ആവേശത്തോടെ മുന്നോട്ടുവന്നിരിക്കുന്നതു ശുഭോദർക്കമാണ്. നാളത്തെ സാംസ്കാരിക സഭയിൽ അവരുടെ സംഭാവനകൾ വ്യത്യസ്ത വർണങ്ങളിലും ആകൃതികളിലുമുള്ള പട്ടങ്ങളെപ്പോലെ പാറിപ്പറക്കുമെന്നു പ്രത്യാശിക്കാം.

## സൂചിത രേഖകൾ

1. എം.ഒ. ജോസഫ് നെടുങ്കുന്നം,
   *കേരള ക്രിസ്ത്യാനികൾ,* പേജ് 405.
2. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,
   *മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 29.
3. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,

*മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 14.

4. എ. ശ്രീധരമേനോൻ,
*സുകൃതംസ്മര,* പേജ് 39.

5. എം.ജി.എസ്. നാരായണൻ,
*സുകൃതംസ്മര,* പേജ് 42.

6,7. സി.പി. ശ്രീധരൻ,
*സുകൃതംസ്മര,* പേജ് 171.

07

# പരിശുദ്ധത്രിത്വം പോലെ അവർ ഏകമനസ്സായി

പാലക്കൽ തോമസ് മല്പാന്റെ ഗുരുവായ തച്ചിൽ അബ്രാഹം മല്പാൻ വാർധക്യമായപ്പോൾ പള്ളിപ്പുറത്തു നിന്നു കല്പറമ്പിലേക്കു താമസം മാറ്റി. കല്പറമ്പിൽ എടക്കളത്തൂരച്ചന്റെ സഹായത്തോടെ മല്പാനേറ്റ് തുടർന്നും നടത്തി. അവിടെ വർഷംതോറും ആഘോഷിക്കുന്ന പെരുന്നാളിൽ പങ്കെടുക്കുന്നതിനും ഗുരുവിനെ സന്ദർശിക്കുന്നതിനുമായി പാലയ്ക്കൽ മല്പാൻ യാത്രയായി. ശിഷ്യന്മാരായ ചാവറ കുര്യാക്കോസിനെയും മംഗലത്തു ചാണ്ടിയെയും കടവിൽ യൗസേപ്പിനെയും കൂടെ കൂട്ടി. അബ്രാഹം മല്പാനു കൊടുക്കാനായി അവർ ഓരോരുത്തരും സമ്മാനങ്ങൾ കരുതിയിരുന്നു. പലതരം വിലപിടിച്ച പലഹാരങ്ങളായിരുന്നു പാലയ്ക്കൽ മല്പാന്റെ സമ്മാനം. ശാരീരികക്ഷീണം പ്രകടമായിരുന്ന അബ്രാഹം മല്പാന്റെ അടുത്തുചെന്ന് ആദരസൂചകങ്ങളായ ആചാരങ്ങൾ ചെയ്തശേഷം പാലയ്ക്കൽ മല്പാൻ ദൂരെ മാറി നിന്നു. തങ്ങളേക്കാൾ ഭയത്തോടും ബഹുമാനത്തോടും കൂടിയാണ് പാലയ്ക്കൽ മല്പാൻ പെരുമാറിയതെന്നു വിശുദ്ധ ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാം അബ്രാഹം മല്പാനെ സന്തുഷ്ടനാക്കി.

പാലയ്ക്കൽ മല്പാന് അബ്രാഹം മല്പാനോട് ഉണ്ടായിരുന്നതുപോലുള്ള ഭക്ത്യാദരങ്ങളാണ് വിശുദ്ധ ചാവറയച്ചന് പാലയ്ക്കൽ മല്പാനോട് ഉണ്ടായിരുന്നത്. ഗുരുവിന്റെയും ശിഷ്യന്റെയും ജീവിതത്തിലെ പല സംഭവവികാസങ്ങൾക്കും സാമ്യങ്ങളുണ്ടായിരുന്നു. ഭേദപ്പെട്ട സാമ്പത്തികസ്ഥിതി ഉണ്ടായിരുന്നവരാണ് പള്ളിപ്പുറത്തെ പാലയ്ക്കൽ കുടുംബക്കാർ. നിർഭാഗ്യവശാൽ മല്പാന്റെ ചെറുപ്പത്തിൽ നാട്ടിൽ പടർന്നുപിടിച്ച വസൂരി മൂലം അപ്പൻ മരിച്ചു. തറവാട്ടിലെ കഴിവും ശേഷിയുമുള്ള കാര

ണവന്മാരും മരണമടഞ്ഞു. ഈ ദുരന്തം പാലയ്ക്കൽ തറവാടിനെ സാമ്പത്തികമായി തകർത്തു. പിന്നീട് അമ്മ വളരെ കഷ്ടപ്പെട്ടാണ് രണ്ട് ആൺമക്കളെയും രണ്ട് പെൺമക്കളെയും വളർത്തിയത്. മല്പാന്റെ സഹോദരൻ കാര്യശേഷി കുറഞ്ഞയാളായിരുന്നു. വിശുദ്ധ ചാവറയച്ചന്റെ ജീവിതത്തിലും ഇതേരീതിയിലുള്ള ദുരന്തം സംഭവിച്ചിട്ടുണ്ട്. അദ്ദേഹം പാലയ്ക്കൽ മല്പാന്റെ കീഴിൽ വൈദിക പഠനം ആരംഭിച്ച് അധികം താമസിയാതെ കൈനകരി പ്രദേശത്തുണ്ടായ പകർച്ചവ്യാധിമൂലം അപ്പനും അമ്മയും ഏക സഹോദരനും മരണമടഞ്ഞു. കുടുംബം അനാഥമാകുന്ന അവസ്ഥ സംജാതമാകുന്നതുകണ്ട്, സെമിനാരി ജീവിതം ഉപേക്ഷിച്ച് വീട്ടിലേക്കു വരുവാൻ ബന്ധുമിത്രാദികൾ നിർബന്ധിച്ചു.

എന്നാൽ ദൈവപരിപാലന വഴിനടത്തിയത് മറ്റൊരു രീതിയിലാണ്. മൂത്ത സഹോദരിയെയും ഭർത്താവിനെയും കുടുംബകാര്യങ്ങൾ അന്വേഷിക്കാനും, ജ്യേഷ്ഠന്റെ പുത്രിയെയും പത്നിയെയും സംരക്ഷിക്കാനും ചുമതലപ്പെടുത്തി. ഈ കുട്ടി വളർന്നു വിവാഹിതയാകുമ്പോൾ അവളിലൂടെ ചാവറകുടുംബപാരമ്പര്യം തുടരത്തക്കവിധം കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തു. വിശുദ്ധൻ തന്റെ പിതൃസ്വത്ത് ഇരുകൂട്ടർക്കുമായി വിഭജിച്ചു നൽകി. സഹോദരപുത്രിയായ മറിയത്തെ പിൽക്കാലത്ത് പാലയ്ക്കൽ മല്പാന്റെ സഹോദരിയുടെ മകന്റെ മകനായ ആന്റണി തോട്ടാമറ്റമാണ് വിവാഹം ചെയ്തത്. ഈ ദമ്പതിമാർക്ക് അഞ്ച് ആൺമക്കളും ഒരു മകളുമായിരുന്നു. ആൺമക്കളിൽ മൂത്തയാൾ ജോസഫ് സി.എം.ഐ. സഭാംഗമായ വൈദികനും ഏറ്റവും ഇളയ മകൻ കുഞ്ചെറിയ രൂപതാ വൈദികനുമായി.[1]

പോരൂക്കര തോമസ് മല്പാന്റെ പിതാവ് മരിച്ചത് 1818-ൽ നാൽപത്തിയൊന്നാം വയസിലാണ്. അപ്പോൾ തോമാച്ചന്റെ ആസ്തപ്പാടുപട്ടം കഴിഞ്ഞതേയുള്ളൂ. അപ്പൻ മരിച്ചതിനാൽ അമ്മയെയും ഇളയ സഹോദരങ്ങളെയും സംരക്ഷിക്കേണ്ട ചുമതല മൂത്തമകനായ തോമസിൽ നിക്ഷിപ്തമായി. പിതാവ് സർക്കാർ ജോലിക്കാരൻ ആയിരുന്നുവെന്ന പശ്ചാത്തലമുള്ളതിനാലും റെസിഡൻസിയിലെ ഒന്നും രണ്ടും റൈട്ടർമാരായിരുന്ന ദോനോയുടെയും ലേവീസിന്റെയും പിന്തുണകൊണ്ടും അനുജൻ അന്തോനിക്ക് റെസിഡന്റ് ഓഫീസിൽ ക്ലർക്കിന്റെ ജോലി വാങ്ങികൊടുക്കാൻ കഴിഞ്ഞു. അങ്ങനെ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടിനു പരിഹാരം കണ്ടു.

പാലയ്ക്കൽ തോമസ് മല്പാൻ, പോരൂക്കര തോമസ് മല്പാൻ, വിശുദ്ധ ചാവറയച്ചൻ എന്നിവരുടെ ജീവിതങ്ങൾ സൂക്ഷ്മനിരീ

ക്ഷണത്തിനു വിധേയമാക്കുമ്പോൾ ഒട്ടേറെ സാമ്യങ്ങൾ തെളി ഞ്ഞുവരുന്നതു കാണാം. അവരുടെ കൂടിച്ചേരലും സി.എം.ഐ. സഭയുടെ ഉത്ഭവവും യാദൃശ്ചിക സംഭവമല്ലെന്നാണ് ആ സാമ്യ ങ്ങൾ തെളിയിക്കുന്നത്. ഒരേ മനസ്സോടെ മുന്നേറാൻ അവരെ സഹായിച്ചത് ദൈവാശ്രയവും വിശ്വാസതീക്ഷ്ണതയും അനുഭ വങ്ങളുടെ സമാനതകളുമാണ്.

പാലയ്ക്കൽ മല്പാൻ തന്റെ ശിഷ്യന്മാരോടൊപ്പം എല്ലാ ഭക്താ നുഷ്ഠാനങ്ങളിലും പങ്കുചേർന്നിരുന്നതിനു പുറമെ പകലും രാത്രിയും അനേകം മണിക്കൂർ വായനയ്ക്കും പഠനത്തിനുമായി ചെലവഴിച്ചിരുന്നു. ഏകനായി പ്രാർത്ഥിക്കാനുള്ള സമയം വേറെയും കണ്ടെത്തിയിരുന്നു. അദ്ദേഹം അക്കാലത്ത് മികച്ച സുവിശേഷ പ്രസംഗകൻ എന്നു പേരെടുത്തിരുന്നു. ലത്തീൻ പള്ളികളിലെ ഔദ്യോഗിക പ്രസംഗകനുമായിരുന്നു. പിൽക്കാ ലത്ത് വിശുദ്ധ ചാവറയച്ചനും മികച്ച പ്രസംഗകനായി ഖ്യാതി നേടി. പുളിങ്കുന്നിൽ നടത്തിയ ഒറ്റ ധ്യാനത്തിനുശേഷം അവിടെ ആശ്രമം സ്ഥാപിച്ച് ആത്മീയനേതൃത്വം നൽകണമെന്ന് വിശ്വാ സികൾ അഭ്യർത്ഥിച്ചു.

വിശുദ്ധ ചാവറയച്ചൻ ദീർഘസമയം പ്രാർത്ഥനയിലും വായ നയിലും മുഴുകുമായിരുന്നു. സാഹിത്യരചനയിലും ഏർപ്പെട്ടിരുന്നു. വിശുദ്ധൻ മാന്നാനത്തെ സ്വന്തം പ്രസിൽ ആദ്യമായി അച്ചടിച്ചത് തമിഴിൽ നിന്ന് മലയാളത്തിലേക്കു മൊഴിമാറ്റിയ ജ്ഞാനപീയൂഷം എന്ന പുസ്തകമാണ്. പാലയ്ക്കൽ മല്പാൻ ചാവറയച്ചൻ ഉൾപ്പ ടെയുള്ള ശിഷ്യന്മാരെക്കൊണ്ട് തമിഴിലുള്ള ആത്മീയ പുസ്തക ങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിരുന്നകാര്യം ഈ സന്ദർഭത്തിൽ ഓർമിക്കാം.

വിശുദ്ധനു ദൈവപരിപാലനയിൽ അപാരമായ വിശ്വാസമുണ്ടാ യിരുന്നു. ദൈവത്തെ സ്നേഹസമ്പന്നനായ പിതാവായാണു കണ്ടി രുന്നത്. ദൈവത്തിന്റെ സ്നേഹം അദ്ദേഹം യേശുവിന്റെ പീഡാ നുഭവത്തിലൂടെ വ്യക്തമായി കണ്ടു. യേശുവിനോട് നമുക്കുള്ള സ്നേഹബന്ധം നിലനിർത്താൻ സഹായിക്കുന്ന ഏറ്റവും പ്രധാന മാർഗം ധ്യാനമാണെന്നു ചാവറയച്ചൻ പഠിപ്പിച്ചു.

പാലയ്ക്കൽ മല്പാനെപ്പോലെ വിശുദ്ധ ചാവറയച്ചനും പരി ശുദ്ധ മാതാവിനോട് പ്രത്യേക ഭക്തിയുണ്ടായിരുന്നു. വിശുദ്ധൻ ജനിച്ചിട്ട് ഏഴുമാസമായപ്പോൾ അമ്മ അദ്ദേഹത്തെ പ്രസിദ്ധ മരി യൻ തീർത്ഥാടന കേന്ദ്രമായ വെച്ചൂർ പള്ളിയിൽ മേരിദാസനായി അടിമവയ്ക്കുകയുണ്ടായി.

പുതിയ ഭക്തിമാർഗങ്ങൾ വിശ്വാസികളുടെ ഇടയിൽ പ്രചരി

പ്പിക്കുവാൻ വിശുദ്ധൻ ഉത്സാഹിച്ചിരുന്നു. വെന്തിങ്ങ ഭക്തി പ്രചരിപ്പിക്കുവാൻ പാലയ്ക്കൽ മല്പാൻ ശ്രമിച്ചിരുന്നത് സ്മരണീയമാണ്. പാലയ്ക്കൽ മല്പാൻ ജീവിച്ചിരിക്കെ തന്നെ 1833-ൽ മാന്നാനത്ത് ചാവറയച്ചൻ കുരിശിന്റെ വഴി ആരംഭിച്ചു. പരിശുദ്ധ അമ്മയോടുള്ള പ്രത്യേക മെയ്മാസ വണക്കം 1864-ൽ ബിഷപ്പ് ബർണർഡീനോടു ചേർന്നു വിശ്വാസികൾക്കു പ്രിയങ്കരമാക്കി. 1866-ൽ സി.എം.ഐ. ആശ്രമപള്ളികളിൽ നാൽപതു മണിക്കൂർ ദിവ്യകാരുണ്യാരാധനയ്ക്കു തുടക്കം കുറിച്ചു. ജപമാല ഭക്തി പ്രചരിപ്പിക്കുന്നതിൽ മുന്നിൽനിന്നു പ്രയത്നിച്ചു. 1868-ൽ കൂനമ്മാവ് മഠത്തിലെ സന്യാസിനികളെയും അന്തേവാസികളെയും ജപമാല കോർത്തെടുക്കുന്നതു പഠിപ്പിച്ചു. കാലക്രമത്തിൽ കൂനമ്മാവ് ഗ്രാമത്തിലെ കുടിൽ വ്യവസായമായി ജപമാല നിർമാണം വളർന്നു. സി.എം.ഐ. സഭയുടെ ഈ മൂന്നു സ്ഥാപകപിതാക്കന്മാരും പ്രാർത്ഥനയുടെ കാര്യത്തിൽ ഒരുപോലെ തീക്ഷ്ണത പ്രകടിപ്പിച്ചു. വിശുദ്ധ ചാവറയച്ചൻ ദിവ്യകാരുണ്യ സന്നിധിയിൽ മണിക്കൂറുകളോളം ചെലവഴിക്കുമായിരുന്നു. യേശുനാഥനെ വിശുദ്ധൻ 'എന്റെ നല്ല അപ്പാ' എന്നാണു സംബോധന ചെയ്തിരുന്നത്. യേശുനാഥൻ പഠിപ്പിച്ച 'ആബാനുഭവവും' അതിൽ ഊന്നിയുള്ള ധ്യാനാനുഭവവും ഇവ രണ്ടും ചേർന്നു പകരുന്ന ദൈവാനുഭവും ആഴത്തിലുള്ളതും അതിശക്തവുമായിരുന്നു. അദ്ദേഹം കുമ്പസാരിച്ചിരുന്നത് തന്റെ മല്പാന്റെ മുന്നിലായിരുന്നു. ശിഷ്യൻ മല്പാന്റെ മുന്നിൽ കുമ്പസാരിക്കുന്നത് സാധാരണ പതിവുള്ള കാര്യമായിരുന്നില്ല.

ഡൊമിനിക്കൻ സന്ന്യാസ ആത്മീയത സ്വന്തം ഹൃദയത്തോടു ചേർന്നു നിൽക്കുന്നതായി പാലയ്ക്കൽ മല്പാൻ മനസ്സിലാക്കിയിരുന്നു. വിശുദ്ധവും നിരന്തര വായനയുടെ പരിണിതഫലവുമായ അറിവും ബോധ്യങ്ങളും ദീർഘമായ മനനങ്ങൾക്കു വിധേയമാക്കി ഉദ്ഘോഷിക്കുന്ന രീതി അദ്ദേഹത്തിനു വളരെ പ്രിയപ്പെട്ടതായിരുന്നു. പഠനം, പ്രാർത്ഥന, പഠിപ്പിക്കൽ എന്നിവയെ സ്വന്തം ജീവിതത്തെ ലക്ഷ്യസാക്ഷാത്ക്കാരത്തിലേക്കു നയിക്കുന്ന ഉപകരണങ്ങളായാണ് അദ്ദേഹം കണ്ടത്. പ്രാർത്ഥനയും ധ്യാനവും ഏകാന്ത ജീവിതവും പോരൂക്കര മല്പാനും പ്രിയപ്പെട്ടതായിരുന്നു.

1841 ജനുവരി 15-ാം തീയതി 66-ാം വയസിൽ പാലയ്ക്കൽ മല്പാൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വാതസംബന്ധമായ രോഗം അദ്ദേഹത്തെ നിരവധി വർഷങ്ങളായി വിഷമിപ്പിച്ചിരുന്നു. വിശുദ്ധ ചാവറയച്ചനു മരണകാരണമായത് വാതപ്പനിയാണ്. ചെറുപ്പത്തിൽ തന്നെ കൂടെക്കൂടിയ രോഗം. 1871 ജനുവരി

മൂന്നിനാണ് വിശുദ്ധൻ 65-ാം വയസിൽ സ്വർഗീയ പിതാവിന്റെ സന്നിധിയിലേക്കു വിളിക്കപ്പെട്ടത്. ഗുരുവിനും ശിഷ്യനും മരണ കാരണമായത് വാതസംബന്ധമായ രോഗമാണ്.

1846 ജനുവരി എട്ടിനാണ് മല്പാൻ തോമസ് പോരൂക്കര 47-ാം വയസിൽ നിത്യപിതാവിന്റെ സന്നിധി തേടി യാത്രയായത്. ദീർഘ കാലമായി പ്രമേഹരോഗം അദ്ദേഹത്തെ ശല്യപ്പെടുത്തുന്നുണ്ടാ യിരുന്നു. സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരായ ഈ മൂന്നു പേരും ജനുവരി മാസത്തിലാണ് നിത്യസമ്മാനത്തിനു അർഹരായതെന്ന വസ്തുതയെ യാദൃശ്ചിക സംഭവം മാത്രമായി തള്ളിക്കളയണ്ട.

പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും കാലയവനിക യ്ക്കുള്ളിൽ മറഞ്ഞതോടെ പുതിയ സന്യാസസഭയെ നയിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം വിശുദ്ധ ചാവറയച്ചനിൽ നിക്ഷിപ്തമാ യി.

1805 ഫെബ്രുവരി 10-ാം തീയതി കുട്ടനാട്ടിലെ കൈനകരി ഗ്രാമ ത്തിൽ കുര്യാക്കോ-മറിയം ദമ്പതിമാരുടെ മകനായി കുര്യാക്കോസ് ജനിച്ചു. പതിനൊന്നാം വയസിൽ വൈദികനാകണമെന്ന ആഗ്ര ഹമുദിച്ചു. രണ്ടു വർഷം കഴിഞ്ഞ് 1818-ൽ പള്ളിപ്പുറം മല്പാനേ റ്റിൽ പ്രവേശിച്ചു. പതിനൊന്നാം വയസിൽ പാലയ്ക്കൽ മല്പാൻ കൊച്ചു കുര്യാക്കോസിനെ കാണുകയും വൈദിക പഠനത്തിനു ക്ഷണിക്കുകയും ചെയ്തിരുന്നു. മല്പാൻ കൈനകരിയിലുള്ള ഇള യമ്മയുടെ ഭവനത്തിൽ സന്ദർശനം നടത്തിയ അവസരത്തിലാ യിരുന്നു കൊച്ചുകുര്യാക്കോസിനെ കണ്ടത്. ഇളയമ്മയുടെ കാളാ ശ്ശേരി ഭവനത്തിനടുത്താണ് ചാവറവീട്. ആദ്യനോട്ടത്തിൽ തന്നെ ശിഷ്യന്റെ വിശുദ്ധി ഗുരു കണ്ടെത്തി.

ശിഷ്യന്മാരെ ആത്മീയതയിലെന്നപോലെ അറിവിലും മികച്ച വരാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ബുദ്ധിശക്തി കൂടിയ കുര്യാക്കോസ് ചാവറ, മത്തായി കടവിൽ, ചാണ്ടി മംഗലത്ത് എന്നി വരെ പാലയ്ക്കൽ മല്പാൻ വരാപ്പുഴ സെമിനാരിയിൽ ലത്തീൻ ഭാഷ പഠിക്കാനയച്ചു. മല്പാൻ നേരിട്ടുചെന്നു സുഹൃത്തായ കർമ്മ ലീത്താ വൈദികൻ നിക്കോളാസുമായി സംസാരിച്ച ശേഷമാണ് ലത്തീൻ പഠനത്തിനുള്ള ഏർപ്പാടു ചെയ്തത്. അവർ സെമിനാ രിയിൽ ചെന്നപ്പോൾ ലത്തീൻ റീത്തുകാരായ വൈദിക വിദ്യാർഥി കൾ അകത്തു പ്രവേശിപ്പിക്കാനോ അവരോടൊപ്പം ഇരുന്നു പഠി ക്കാനോ തയാറായില്ല. പിന്നീട് കുര്യാക്കോസിനെങ്കിലും ലത്തീൻ ഭാഷയിൽ അറിവുണ്ടാക്കുവാൻ പാലയ്ക്കൽ മല്പാൻ തങ്കി പള്ളി യിലെ വികാരിയുടെ അടുത്തേക്ക് അയച്ചു. അദ്ദേഹത്തിൽ നിന്ന്

ലത്തീനും പോർച്ചുഗീസ് ഭാഷയും പഠിച്ചു.[2]

ഇരുപത്തിനാലാം വയസിലാണ് ചാവറ ശെമ്മാശ്ശൻ തിരുപ്പട്ടം സ്വീകരിച്ചത്. മൗറേലിയസ് സ്തബിലിനി മെത്രാനിൽ നിന്ന്, അർത്തുങ്കലിലുള്ള വിശുദ്ധ അന്ത്രയോസിന്റെ ദൈവാലയത്തിൽ വച്ച്. പ്രഥമദിവ്യബലിയിൽ മാന്നാനത്ത് ആശ്രമം സ്ഥാപിക്കുന്നത് യാഥാർഥ്യമാക്കാൻ അനുഗ്രഹിക്കണമെന്ന പ്രാർത്ഥനയാണ് ദൈവതിരുമുമ്പിൽ സമർപ്പിച്ചത്. മലപ്ന്മാരായ പാലയ്ക്കലിനോടും പോരൂക്കരയോടും ആലോചിച്ചശേഷമാണ് ചാവറയച്ചൻ ഈ പ്രാർത്ഥന നടത്തിയത്. വിശുദ്ധൻ സ്വയം വെളിപ്പെടുത്തിയ ഈ വസ്തുത സ്ഥാപക പിതാക്കന്മാരുടെ ആത്മീയ ഐക്യത്തിന്റെ പ്രകാശനമാണ്.

അവരുടെ ഐക്യം യാന്ത്രികമായിരുന്നില്ല. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളിലും യോജിച്ച തീരുമാനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിരുന്നത് ഉന്നതമായ ആത്മീയതയുടെ ആവിഷ്കാരങ്ങളായി. മാന്നാനം കുന്നിലെ ആശ്രമത്തിനു വിശുദ്ധ ഡൊമിനിക്കിന്റെ പേര് നൽകണമെന്നായിരുന്നു പാലയ്ക്കൽ മല്പാന്റെ ആഗ്രഹം. 'യോഹന്നാൻ മാംദാന' എന്നാണ് ബിഷപ്പ് നിർദേശിച്ച പേര്. വിശുദ്ധ യൗസേപ്പിതാവിന്റെ പേരാണ് നൽകപ്പെട്ടത്. പോരൂക്കര മല്പാൻ യൗസേപ്പിതാവിന്റെ വലിയ ഭക്തനായിരുന്നു. എല്ലാവർക്കും സമ്മതമായ പേരും യൗസേപ്പിതാവിന്റേത് ആയിരുന്നു. 1831-ൽ പ്രഥമ ആശ്രമത്തിനു കല്ലിടാനും അതിനുമുമ്പ് കുന്നിൻമുകളിൽ കുരിശു നാട്ടാനുമുള്ള നിയോഗങ്ങൾ പോരൂക്കര മല്പാനിലാണു വന്നുചേർന്നത്.

1833-ൽ മാന്നാനം ആശ്രമത്തോട് അനുബന്ധിച്ച് സെമിനാരി ആരംഭിച്ചു. ഇക്കാര്യത്തിൽ പാലയ്ക്കൽ മല്പാനാണ് പ്രത്യേകം താൽപര്യമെടുത്തത്.[3] ആശ്രമത്തോടു ചേർന്നു സെമിനാരി ഉണ്ടായാലുള്ള മേന്മകളെക്കുറിച്ച് അദ്ദേഹത്തിനു വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ പോരൂക്കര മല്പാനു വിരുദ്ധാഭിപ്രായമായിരുന്നു. ആശ്രമത്തിലെ ശാന്തവും ധ്യാനാത്മകവും ദൈവോന്മുഖവുമായ ജീവിതത്തിനു സെമിനാരി തടസമാകുമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. സെമിനാരി നടത്തിയിരുന്ന പലസ്ഥലങ്ങളും കാലഗതിയിൽ നശിച്ചുപോയി എന്ന ചരിത്രമുണ്ടെന്ന ചിന്തയും പോരൂക്കരയച്ചനുണ്ടായിരുന്നു. കഴിയുന്നത്ര ഈ ലോകത്തിന്റെ സ്പർശനം ഏല്ക്കാതെയുള്ള ജീവിതമായിരുന്നു അദ്ദേഹം കാംഷിച്ചിരുന്നത്. എങ്കിലും പാലയ്ക്കൽ മല്പാന്റെ അഭിപ്രായത്തിനു അദ്ദേഹം കീഴ്വഴങ്ങി. സെമിനാരി സ്ഥാപിതമായപ്പോൾ പൂർണമായി പിന്തുണച്ചു. അധ്യാപകൻ

എന്ന നിലയിൽ പ്രവർത്തിച്ചു. പരിശീലനത്തിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും ദൈവ സന്നിധിയിലേക്കു വിളിക്കപ്പെട്ടശേഷം അവരുടെ ദർശനങ്ങൾ സ്വാംശീകരിച്ചുള്ള ആത്മീയ ദർശനവും ജീവിതശൈലിയും രൂപപ്പെടുത്തുക എന്നതായിരുന്നു വിശുദ്ധ ചാവറയച്ചൻ നേരിട്ട പ്രധാന വെല്ലുവിളി. അഗാധവും ധ്യാനാത്മകവുമായ പ്രാർത്ഥന, പ്രായശ്ചിത്തം, പഠനം, അധ്യാപനം, സുവിശേഷ പ്രഘോഷണം, ധ്യാനപ്രസംഗം, ദിവ്യകാരുണ്യാരാധന, വിവിധ കൂദാശകൾ, നിരവധി സാമൂഹിക അജപാലന കർമങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്നതായിരുന്നു ചാവറയച്ചൻ രൂപപ്പെടുത്തിയ ദർശനവും ജീവിത ശൈലിയും.[4] ഈ ആത്മീയപാതയിലൂടെ സഭയിലെ പുതുതലമുറയെ നയിക്കുക ലളിതമായ കാര്യമല്ല. അതിനുവേണ്ടി സൂക്ഷ്മതയോടെ പ്രവർത്തിച്ചു.

ഇക്കാര്യത്തിൽ ചാവറയച്ചൻ അനുഭവിച്ച മാനസിക സംഘർഷത്തെക്കുറിച്ച് പ്രമുഖനായ ഒരു ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്: "Now it was left to Chavara to assimilate the vision and life orientation of the deceased predecessors with his own life vision and bring up a new generation filled with that spirit. This was the spiritual aspect of the burden that he was to carry on. It was, indeed, a very exacting task. That must have created a great struggle in him. His personal assimilation may have attained a measure of maturity and he must have experienced the ectasy derived from that. But the agony was always there: how to incarnate that spirit into the life-style of the growing community; how it was to take flesh in the ever growing variety of activities; how to express it in terms of rules and constitutions. It is this process, which must have caused the greatest pain and struggle in his mind.''[5] ഈ വേദനയും കഷ്ടപ്പാടും വിശുദ്ധനു പിന്നാലെ വന്ന സഭാപിതാക്കന്മാരും ഓരോകാലത്ത് അനുഭവിച്ചിട്ടുള്ളതാണ്. ഇപ്പോൾ അനുഭവിക്കുന്നതും നാളെ അനുഭവിക്കാനിടയുള്ളതുമാണ്. പടർന്നു വളരുന്ന ഒരു സഭയെ സംബന്ധിച്ചിടത്തോളം ഇതു സ്വാഭാവികമാണ്.

പോർച്ചുഗീസ് മിഷനറിമാരും, ആർച്ച്ബിഷപ്പ് മെനേസിസും, ജെസ്യൂട്ട് വൈദികരും കേരള സഭാപാരമ്പര്യങ്ങളിൽ വരുത്തിയ വ്യതിയാനങ്ങളെക്കുറിച്ച് ചാവറയച്ചൻ ബോധവാനായിരുന്നു. കർമ്മലീത്താ മിഷനറിമാരുടെ പരിമിതികൾ സംബന്ധിച്ചും അറി

യാമായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഇവരോടുണ്ടായിരുന്ന എതിർപ്പിനുള്ള കാരണം നിസാരമായി തള്ളിക്കളയാൻ കഴിയുന്നതല്ലെന്ന ബോധ്യവും ഉണ്ടായിരുന്നു. എന്നാൽ വിശുദ്ധൻ ഈ നിഷേധാത്മക വസ്തുതകളല്ല പരിഗണിച്ചത്. ഈ മിഷനറിമാരിലുള്ള നല്ല ഗുണങ്ങളും അവരുടെ പ്രതിബദ്ധത നിറഞ്ഞ പ്രവർത്തനങ്ങളിലൂടെ കേരളസഭയ്ക്കു കൈവന്ന നേട്ടങ്ങളുമാണ് അദ്ദേഹം പരിഗണിച്ചത്.[6] ഉദയംപേരൂർ സൂനഹദോസിനുശേഷം മാർത്തോമ്മ ക്രിസ്ത്യാനികളുടെ ജീവിതത്തിലുണ്ടായ നവീകരണങ്ങൾ സമുദായത്തിലും പൊതുസമൂഹത്തിലും ചലനങ്ങൾ ഉളവാക്കിയെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ, കാരുണ്യം നിറഞ്ഞ സമീപനങ്ങളിലൂടെ കേരള സഭാംഗങ്ങളെ ചേർത്തു പിടിക്കുന്നതിൽ ഈ മിഷനറിമാർ പരാജയപ്പെട്ടു. അത് അവരുടെ മാത്രം കുറ്റമാണോ? നമ്മുടെയും കുറ്റമില്ലേ, അതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.[7]

വിശുദ്ധ ചാവറയച്ചന്റെ ഗുരുവായ മല്പാൻ തോമസ് പാലയ്ക്കൽ സഭയിലെ ചരിത്ര സംഭവങ്ങളെക്കുറിച്ച് പഠിച്ചിരുന്നു. തന്റേതായ രീതിയിൽ അവയെ വിശകലനം ചെയ്ത് കൃത്യമായ നിലപാടുകളിൽ എത്തിയിരുന്നു. അക്കാര്യങ്ങളും മല്പാന് കൽദായക്കാരോടും; മിഷനറിമാരോട് പ്രത്യേകിച്ച്, കർമ്മലീത്താക്കാരോടുമുള്ള സമീപനവും ചാവറയച്ചന് അറിയാമായിരുന്നു. അവ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. ആ സ്വാധീനത്തിൽ അദ്ദേഹം എത്തിച്ചേർന്ന നിഗമനങ്ങൾ ശരിവയ്ക്കുന്നതായിരുന്നു റോക്കോസ് ശീശ്മ. ഈ ശീശ്മയുടെ പശ്ചാത്തലത്തിൽ ചാവറയച്ചൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: “എന്റെ കൺമുന്നിൽ സംഭവങ്ങൾ അരങ്ങേറുന്നത് പാലയ്ക്കൽ മല്പാൻ ഭയപ്പെട്ടിരുന്നതുപോലെ തന്നെയാണ്. മല്പാൻ എനിക്കു മുന്നറിയിപ്പു തന്നില്ലായിരുന്നെങ്കിൽ റോക്കോസ് ശീശ്മയിൽ ചേർന്ന് എനിക്ക് ആത്മീയനാശം സംഭവിച്ചേനെയെന്ന് തോന്നിപ്പോകുന്നു.”[8] സി.എം. ഐ. സഭയുടെ പിതാക്കന്മാരായ മല്പാൻ തോമസ് പാലയ്ക്കൽ, മല്പാൻ തോമസ് പോരൂക്കര എന്നിവരുടെ ദർശന സ്വാധീനം അവർ നിത്യപിതാവിന്റെ സന്നിധിയിലേക്കു മടങ്ങിപ്പോയ ശേഷവും മറ്റൊരു സ്ഥാപകപിതാവായ വിശുദ്ധ ചാവറയച്ചനിൽ സജീവമായി നിലനിന്നു എന്നതിന്റെ തെളിവുകൂടിയാണ് ഈ വാക്കുകൾ.

പ്രാർത്ഥനയുടെ സമയമൊഴിച്ച് എപ്പോഴും പ്രവർത്തന നിരതനായിരുന്നു ചാവറയച്ചൻ. അതുകൊണ്ട് അദ്ദേഹം ചെയ്ത കാര്യങ്ങളുടെ വലിപ്പം മറ്റുള്ളവർക്ക് അതിശയം ജനിപ്പിക്കുന്നതായി.

1833-ൽ മാന്നാനത്തു തുടങ്ങിയ സെമിനാരി സീറോ മലബാർ സഭയുടെ ആദ്യ പൊതു സെമിനാരിയായി വളർന്നു. 40 വർഷത്തോളം അദ്ദേഹം വൈദിക പരിശീലന രംഗത്തു പ്രവർത്തിച്ചു. 1844-ൽ വികാരി അപ്പസ്തോലിക്ക ഫ്രാൻസിസ് സേവ്യർ ചാവറയച്ചനെ സീറോ മലബാർ സഭയിലെ വൈദിക പരിശീലനത്തിനുള്ള മല്പാനും പട്ടം കൊടുക്കാനുള്ള പരീക്ഷകനും പ്രസംഗം പറയുന്നതിനും കുമ്പസാരിപ്പിക്കുന്നതിനും അനുവാദം കൊടുക്കുന്ന അധികാരിയുമായി നിയമിച്ചു.

സുശിക്ഷിതരും വിശുദ്ധിയുള്ളവരുമായ വൈദികരെ സൃഷ്ടിക്കുവാൻ ചാവറയച്ചൻ വാർഷിക ധ്യാനം നിർബന്ധമാക്കി. വൈദികരിലൂടെ കേരളസഭയുടെ നവീകരണം സാധ്യമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ആരാധനക്രമങ്ങളിൽ ഐക്യരൂപവും നിശ്ചിത ക്രമങ്ങളും ഏർപ്പെടുത്തി. വൈദികരുടെ കാനോന നമസ്കാരം സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ചു ക്രോഡീകരിച്ചു. ഇടവകകളിൽ പതിവില്ലാതിരുന്ന വാർഷിക ധ്യാനങ്ങൾ നടപ്പിലാക്കി. നാല്പതുമണി ആരാധനയ്ക്കു തുടക്കം കുറിച്ചു. ഞായറാഴ്ച പ്രസംഗം പതിവാക്കാൻ പ്രേരണ നൽകി.

ചാവറയച്ചൻ 1846 മുതൽ സംസ്കൃത സ്കൂളും ഇതര സ്കൂളുകളും ആരംഭിച്ച് അവയിൽ അധഃകൃതർക്കും പ്രവേശനം നൽകി. അതുവരെ അധഃകൃത വിഭാഗത്തിൽപെട്ടവർക്ക് സ്കൂളിൽ പ്രവേശനം ലഭിച്ചിരുന്നില്ല.കേരളത്തിലെ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ തുടക്കം ഈ നടപടിയിൽ കാണുന്ന ചരിത്രകാരന്മാർ നിരവധിയാണ്. പിൽക്കാലത്ത് ജനകീയ സർക്കാരുകൾ പിന്തുർന്നത് ഈ വഴിയാണ്.

കത്തോലിക്കാ വിശ്വാസം വളർത്താനും സഭാവാർത്തകൾ പ്രചരിപ്പിക്കാനുമായി ഒരു പ്രസിന്റെ ആവശ്യകത ചാവറയച്ചന് ബോധ്യപ്പെട്ടു. വലിയ ത്യാഗങ്ങൾ സഹിച്ച് 1846-ൽ മാന്നാനത്തു സ്ഥാപിച്ച പ്രസിനു കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ പ്രസ് എന്ന സ്ഥാനം കിട്ടി. മാന്നാനത്തു നിന്നാണ് മലയാളത്തിലെ ആദ്യത്തെ ദിനപ്പത്രമായ ദീപിക പ്രസിദ്ധീകരിച്ചത്.

കേരളത്തിൽ ആദ്യമായി കന്യകാമഠം സ്ഥാപിച്ചതിന്റെ പ്രേരകശക്തി വിശുദ്ധ ചാവറയച്ചനാണ്. അദ്ദേഹം ലിയോപോൾദ് ബെക്കാറോ എന്ന വിദേശി മിഷനറിയോടു ചേർന്ന് 1866 ഫെബ്രുവരി 13-ന് കൂനമ്മാവിൽ കർമ്മലീത്താ മഠം ആരംഭിച്ചു. നാല് അംഗങ്ങളോടുകൂടി ആരംഭിച്ച ഈ സന്ന്യാസ സഭ വലിയ വളർച്ച നേടി ഇന്ന് സി.എം.സി., സി.റ്റി.സി. എന്നീ പേരുകളിൽ രണ്ടായി മുന്നേറുന്നു.

റോക്കോസ് ശീശ്മയുടെ കാലത്ത് 1861-ൽ അതിനെ ഫലപ്രദമായി നേരിടുവാൻ ചാവറയച്ചനെ വികാരി ജനറാളായി നിയമിച്ചു. ശീശ്മക്കെതിരേ അദ്ദേഹം നിരന്തരമായും കഠിനമായും അധ്വാനിച്ചു. അതിന്റെ ഫലമായി ശീശ്മ മെത്രാൻ റോക്കോസിനു താമസിയാതെ കേരളം വിട്ടു പോകേണ്ടി വന്നു. ശീശ്മയിൽ വീണുപോയ 116-ലേറെ ഇടവകകളെ സത്പ്രേരണയും അനുരഞ്ജന മനോഭാവവും വഴി തിരികെ കൊണ്ടു വരുവാൻ സാധിച്ചു. ചാവറയച്ചന്റെ സമയോചിതമായ ഇടപെടലുകളെ പുകഴ്ത്തിക്കൊണ്ട് പരിശുദ്ധ ഒൻപതാം പീയൂസ് മാർപാപ്പ അനുഗ്രഹ സന്ദേശമയച്ചു. കേരളസഭയെ ഐക്യത്തിൽ നിലനിർത്തുകയെന്നത് വിശുദ്ധന്റെ ജീവിതസ്വപ്നമായിരുന്നു. മറ്റൊരു സ്വപ്നമായിരുന്നു കത്തോലിക്കാസഭയിൽ നിന്നു വേർപെട്ടുപോയവരെ മാതൃസഭയിൽ തിരിച്ചെത്തിക്കുക എന്നത്.

കേരള കത്തോലിക്കരുടെ ഇടയിൽ ആത്മീയ സാഹിത്യത്തിന്റെ സാധ്യതകൾ കണ്ടറിഞ്ഞ് പ്രവർത്തിച്ച പ്രതിഭാധനനാണ് വിശുദ്ധൻ. ആത്മാനുതാപം, മരണവീട്ടിൽ പാടുവാനുള്ള പാന, അനസ്താസ്യായുടെ രക്തസാക്ഷ്യം എന്നീ കവിതാ സമാഹാരങ്ങൾ ആത്മീയതയിൽ മാത്രമല്ല സാഹിത്യ ഗുണത്തിലും മികച്ചു നിൽക്കുന്നു. മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യം 'അനസ്താസ്യായുടെ രക്തസാക്ഷ്യം' ആണെന്നു സെഡ്. എം. മൂഴൂർ സമർത്ഥിച്ചിട്ടുണ്ട്. നല്ല അപ്പന്റെ ചാവരുൾ, ധ്യാന സല്ലാപങ്ങൾ എന്നിവയും ശ്രദ്ധേയങ്ങളായ കൃതികളാണ്. അദ്ദേഹം എഴുതിയ നാളാഗമം പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസഭയുടെ ചരിത്രം കൂടിയാണ്. മലയാളത്തിനു പുറമെ, തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് ഭാഷകളും അദ്ദേഹം കൈകാര്യം ചെയ്തിരുന്നു.

വിശുദ്ധ കുർബാനയുടെയും തിരുകുടുംബത്തിന്റെയും വലിയ ഭക്തനായിരുന്നു ചാവറയച്ചൻ. ദിവസവും അനേകം മണിക്കൂറുകൾ ദിവ്യസക്രാരിയുടെ മുന്നിൽ ചിലവഴിക്കുമായിരുന്നു. ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന വിശുദ്ധൻ രാത്രിയിൽ സെമിത്തേരിയിൽ പോയി ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നു.

വാതപ്പനിക്കു പുറമെ കാലിലെ രോഗവും ഇടയ്ക്കിടയ്ക്ക് സഹനമുള്ളുകളായി. ഒരിക്കൽ വസൂരിയും പിടിപെട്ടുവെങ്കിലും പതിനാലാം ദിവസം രക്ഷപ്രാപിച്ചുവെന്ന് ബർണാർദച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട് (സി.എം.ഐ. സഭ ആദ്യദശകങ്ങളിൽ, പേജ് 33). യാത്രകൾക്കിടയിൽ പല പ്രാവശ്യം രോഗിയായിട്ടുണ്ട്. ജീവിതാ

ന്ത്യത്തിൽ മൂന്നുമാസം പൂർണമായും അന്ധനായിരുന്നു. എന്നാൽ, അദ്ദേഹം അനുഭവിച്ച മാനസിക സഹനങ്ങൾ ഈ ശാരീരിക സഹനങ്ങളെ വെല്ലുന്നതായിരുന്നു.

പ്രിയോരച്ചന്റെ മരണം അടുത്തു എന്നറിഞ്ഞു ദുഃഖാർത്തരായ സഭാംഗങ്ങളെ ആശ്വസിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു."നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരു തന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. തിരുക്കുടുംബത്തിന്റെ സംരക്ഷണം എപ്പോഴും എന്നോടുകൂടിയുണ്ടായിരുന്നതുകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയെയും അംഗങ്ങളായ നിങ്ങളെല്ലാവരെയും തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ" എന്നു പ്രാർത്ഥിച്ചുകൊണ്ട് വിശുദ്ധൻ അവരെ അനുഗ്രഹിച്ചു. ഈ പ്രാർത്ഥനയ്ക്കു ശേഷം രോഗീലേപനം ചോദിച്ചുവാങ്ങി. 1871 ജനുവരി മൂന്നാം തീയതി രാവിലെ 7.30 ന് ചാവറയച്ചൻ ദൈവസന്നിധിയിലേക്കു യാത്രയായി. അപ്പോൾ 65 വയസായിരുന്നു.

സ്ഥാപക പിതാക്കന്മാരോടു സഹകരിച്ചു പ്രവർത്തിച്ച യാക്കോബ് കണിയാന്തറ സി.എം.ഐ. സന്ന്യാസസഭ രൂപപ്പെടുന്നതിന്റെ ആദ്യനാളുകൾ മുതൽ അംഗമല്ലാതെ എന്നാൽ അംഗത്തെപോലെ, പ്രവർത്തിച്ചത് മുപ്പത്തഞ്ചുവർഷത്തിലേറെയാണ്! അതിനു ശേഷമാണ് സന്ന്യാസി എന്ന അംഗീകാരം ലഭിച്ചത്. കുട്ടനാട് ചമ്പക്കുളം കല്ലൂർക്കാട് ഇടവകക്കാരനായിരുന്നു യാക്കോബ്. പോരൂക്കര മല്പാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ സെക്രട്ടറിയായി ചുമതലയേറ്റെടുക്കാൻ പോകുംവഴി യാക്കോബിനെയും കൂടെക്കൂട്ടി. സ്ഥാപക പിതാക്കന്മാരുടെ കർമ്മരംഗങ്ങളിൽ അവരുടെ സഹായിയായി പ്രവർത്തിക്കുക എന്നല്ലാതെ മറ്റൊരു രീതി യാക്കോബിനുണ്ടായിരുന്നില്ല. കുടുംബത്തിൽ നിന്നും വിട്ടുവന്ന് വൈദികരോടൊത്തു പ്രവർത്തിക്കുന്നതാവാം പോരൂക്കര മല്പാൻ മുമ്പു സൂചിപ്പിച്ച വനവാസമെന്നു യാക്കോബ് ധരിച്ചിട്ടുണ്ടാകും.

മെത്രാന്റെ അനുവാദം കിട്ടിയ ശേഷം ആശ്രമത്തിനു പറ്റിയ സ്ഥലം അന്വേഷിച്ചു നടന്നപ്പോൾ യാക്കോബ് സജീവ പ്രവർത്തകനായി. മാന്നാനത്ത് ആശ്രമത്തിന്റെ പണി ആരംഭിച്ചപ്പോൾ അവിടെ സ്ഥിരമായി ഉണ്ടായിരുന്നത് യാക്കോബ് ആയിരുന്നു. ആശ്രമത്തിന്റെ പണികൾ നടത്തിക്കുക, സ്ഥലങ്ങളുടെയും കൃഷി

യുടെയും ചുമതല വഹിക്കുക എന്നിവ യാക്കോബിന്റെ കർമങ്ങളിൽ ഉൾപ്പെട്ടിരുന്നു.

1861–ൽ അമലോത്ഭവ കർമ്മലമാതാവിന്റെ ദാസസംഘത്തെ കർമ്മലീത്താ നിഷ്പാദുക സഭയുടെ മൂന്നാം സഭയാക്കി മാറ്റി. അതോടുകൂടി കർമ്മലീത്താ സഭയിലേതുപോലെ അല്മേനി ദർശനക്കാരെ സഭയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നിർദേശം ഉയർന്നു. തൽഫലമായി 1861 സെപ്റ്റംബർ 5–ന് യാക്കോബിന് ദർശനക്കാർക്കായി നിശ്ചയിക്കപ്പെട്ട വസ്ത്രം കൊടുത്തു. 1865 ഫെബ്രുവരി രണ്ടിന് അവൈദികനായ കണിയാന്തറ യാക്കോബ് സന്ന്യാസ വ്രതാർപ്പണം നടത്തി 'ശുദ്ധീകരണ മാതാവിന്റെ യാക്കോബായി'. അങ്ങനെയൊരു കാര്യം യാക്കോബ് സ്വപ്നം കണ്ടിരുന്നില്ല. എന്നാൽ കാലത്തിന്റെ പൂർണതയിൽ ദൈവം തിരുവുള്ളമായി, യാക്കോബ് വ്രതാർപ്പണം നടത്തി സന്ന്യാസിയായി. തുടർന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നത് ആഹാ യാക്കോബ് (യാക്കോബ് സഹോദരൻ) എന്നാണ്. മാന്നാനത്തിനു പുറമെ കൂനമ്മാവിലും എൽത്തുരുത്തിലും അമ്പഴക്കാട്ടും വാഴക്കുളത്തും യാക്കോബ് സഹോദരൻ സേവന ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് അധികാരികൾ അദ്ദേഹത്തെ വിവിധ സ്ഥലങ്ങളിലേക്ക് നിയോഗിക്കുകയായിരുന്നു. ആഹാ യാക്കോബ് അധ്വാനത്തിന്റെയും അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും മനുഷ്യനായിരുന്നു. സ്ഥാപക പിതാക്കളോടും മറ്റധികാരികളോടും നൂറു ശതമാനം സഹകരിച്ചും കീഴ്വഴങ്ങിയും പ്രവർത്തിച്ചു. 1898 ജൂലൈ 13–ന് യാക്കോബ് സഹോദരൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മേഘങ്ങൾക്കിടയിൽ നിന്ന് പൂർണ ചന്ദ്രൻ പ്രത്യക്ഷപ്പെടുന്നതുപോലെ വിനയമുള്ളവരുടെ ജീവിതത്തിൽ ദൈവാനുഗ്രഹം ഉണ്ടാകുമെന്ന് ആഹാ യാക്കോബിന്റെ ജീവിതം തെളിയിച്ചു.

**സൂചിത രേഖകൾ**


1. *Herald of the New Age:* History of the Growth and Activities of C.M.I. Congregation,Page 61.
2. A. M. Mundadan C.M.I., *Blessed Kuriakose Elias Chavara,* Page 59.
3. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., *മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 19.
4. A. M. Mundadan C.M.I., *Blessed Kuriakose Elias Chavara,* Page 59.

5. A. M. Mundadan C.M.I.,
*Blessed Kuriakose Elias Chavara,* Page 114.
6. A. M. Mundadan C.M.I.,
*Blessed Kuriakose Elias Chavara,* Page 456.
7. A. M. Mundadan C.M.I.,
*Blessed Kuriakose Elias Chavara,* 457.
8. A. M. Mundadan C.M.I.,
*Blessed Kuriakose Elias Chavara*, 436.
9. ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,
*മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 45.

08

# മുൻപേ പറന്ന ആശ്രമപക്ഷികൾ

മല്പാന്മാരായ തോമസ് പാലയ്ക്കലും തോമസ് പോരൂക്കരയും ദീർഘകാലമായി ധ്യാനിച്ചും പ്രാർത്ഥിച്ചും പരസ്പരം ചർച്ച ചെയ്തും ഉള്ളിൽ കൊണ്ടു നടക്കുന്ന സന്ന്യാസസഭാ സ്ഥാപനമെന്ന ആഗ്രഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ മൗറേലിയസ് സ്തബിലിനി മെത്രാനെ അറിയിച്ചു[1]. മല്പാൻ തോമസ് പോരൂക്കര ബിഷപ്പിന്റെ സെക്രട്ടറിയാണ്. മല്പാൻ തോമസ് പാലയ്ക്കൽ വരാപ്പുഴ ഭരിച്ച വിവിധ വികാരി അപ്പസ്തോലിക്കമാരുടെ ഉപദേശകന്റെ റോൾ കൈയാളിയിരുന്നയാളും. സ്തബിലിനി മെത്രാനുമായും അദ്ദേഹത്തിന് അടുപ്പമുണ്ടായിരുന്നു. ആ പരിചയവും സ്വാതന്ത്ര്യവും അവരുടെ ആഗ്രഹം അറിയിക്കുന്നതിൽ അടങ്ങിയിരുന്നു. ആഗ്രഹം പറഞ്ഞതിനൊപ്പം അവർ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. വേഗത്തിൽ അനുവാദം കിട്ടിയെന്നു മാത്രമല്ല സന്ന്യാസഭവനം (ആശ്രമം) പണിയുന്നതിനു വേണ്ടി ബിഷപ്പ് 200 രൂപ സംഭാവനയും നൽകി. ആശ്രമം നിർമിക്കുന്നതിന് എല്ലാ പള്ളികളിലെയും വൈദികരും വിശ്വാസികളും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കണമെന്നു നിർദേശിക്കുന്ന അനുവാദപത്രവും നൽകി. ഈ കത്ത് മലയാളത്തിലാണ് എഴുതിയിരുന്നത്. സെക്രട്ടറിയായ പോരൂക്കര മല്പാൻ ഇക്കാര്യത്തിൽ മെത്രാനെ സഹായിച്ചിട്ടുണ്ടാവും. 1829 നവംബർ ഒന്നിനാണ് ഈ സംഭവം. സ്തബിലിനി മെത്രാന്റെ ഈ കത്താണ് സി.എം.ഐ. സന്യാസസഭയെ സംബന്ധിച്ച ഏറ്റവും ആദ്യത്തെ അടിസ്ഥാന രേഖ. സംഭാവന നൽകിയവരുടെ പേരുവിവരങ്ങൾ പരിശോധിക്കുമ്പോൾ ആശ്രമത്തിന്റെ തുടക്കത്തിനു സുറിയാനി ക്രിസ്ത്യാനി സമൂഹത്തിന്റെ പിന്തുണ ഉണ്ടായിരുന്നുവെന്നു മനസിലാക്കാം.

ആശ്രമവും പള്ളിയും സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തുക

എന്നതായി പിന്നീട് ഏറ്റവും പ്രധാനപ്പെട്ട കാര്യം. യോഗ്യമായ സ്ഥലം കണ്ടെത്താൻ പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും ചാവറയച്ചനും മറ്റുള്ളവരോടൊപ്പം കഷ്ടപ്പെട്ടു യാത്ര ചെയ്തിരുന്നു. കണിയാന്തറ യാക്കോബും അന്വേഷണ സംഘത്തിൽ അംഗമായിരുന്നു. അന്വേഷണം പുരോഗമിക്കുന്നതിനിടയിൽ തയ്യിൽ (പെരുമാലിൽ) കുര്യൻ തരകനും അനുജൻ കൊച്ചു പോത്തൻ മാപ്പിളയും മാന്നാനത്തു തങ്ങളുടെ പേരിൽ 993-ലെ കണ്ടെഴുത്തിൽ പതിഞ്ഞു കിടക്കുന്ന ഓലൻകണ്ണാല എന്ന കുന്ന് പള്ളിയും ആശ്രമവും പണിയുന്നതിനു വിട്ടുതരാമെന്നു പോരൂക്കര മല്പാനോടു പറയുകയും അച്ചൻ സമ്മതിക്കുകയും ചെയ്തു. മറ്റുള്ളവർക്കും അഭിപ്രായവ്യത്യാസമുണ്ടായില്ല.

പള്ളിയും ആശ്രമവും (ദർശനവീട്) പണിയിക്കുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവ് കിട്ടിയപ്പോൾ മെത്രാന്റെ നിർദേശപ്രകാരം ഓലൻകണ്ണാല കുന്നിൽ ആശ്രമത്തിനു നിശ്ചയിച്ച സ്ഥലത്ത് 1831 ഏപ്രിൽ 28-ന് ഒരു കുരിശ് പാലയ്ക്കൽ മല്പാൻ, ചാവറയച്ചൻ, നിരവധി വൈദികർ, അല്മായർ എന്നിവരുടെ സാന്നിധ്യത്തിൽ പോരൂക്കര മല്പാൻ സ്ഥാപിച്ചു. എല്ലാവരും മുട്ടുകുത്തി പ്രാർത്ഥിച്ചു. സകല വിശുദ്ധരുടെയും ലുത്തീനിയ ചൊല്ലി. അപ്പോൾ സന്നിഹിതരായിരുന്ന ആളുകളിൽ പാലാ ഉള്ളാട്ടുതറ ശെമ്മാശ്ശനും അദ്ദേഹത്തിന്റെ അനുജനും ഉണ്ടായിരുന്നു. അനുജനെ അവിടെവച്ച് ഒരു വിഷപാമ്പ് കടിച്ചു. പരിഭ്രമിക്കേണ്ടെന്നു പറഞ്ഞുകൊണ്ട് പോരൂക്കര മല്പാൻ കുട്ടിയുടെ ദേഹത്ത് ഹന്നാൻ വെള്ളം തളിച്ചു. ശേഷം എല്ലാവരോടും പ്രാർത്ഥിക്കാൻ പറഞ്ഞു. പിറ്റേദിവസം കുട്ടി സുഖപ്പെട്ടു. സർപ്പം പ്രതിനിധീകരിക്കുന്ന പൈശാചിക ശക്തിയുടെ മേൽ കർത്താവിന്റെ ശക്തിയുടെ വെളിപ്പെടലായിരുന്നു ആ സംഭവം. 1831-ൽ മാതാവിനു പ്രത്യേകമായി സമർപ്പിച്ചിട്ടുള്ള മെയ് മാസത്തിലെ 11-ാം തീയതി പോരൂക്കര തോമസ് മല്പാൻ തന്നെ ആശ്രമത്തിന്റെ ശിലാസ്ഥാപന കർമവും നിർവഹിച്ചു. അടിസ്ഥാനശിലയിടുന്നതു മെത്രാനാവണമെന്നാണ് നിശ്ചയിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ അനാരോഗ്യം തടസമായി. തുടർന്നു പാലയ്ക്കൽ മല്പാന്റെ നിർദേശപ്രകാരം പോരൂക്കര മല്പാൻ ശിലാസ്ഥാപന കർമം നിർവഹിക്കുകയായിരുന്നു.

മാന്നാനത്ത് ആശ്രമത്തിന്റെയും പള്ളിയുടെയും പണികൾ പുരോഗമിച്ചുകൊണ്ടിരുന്നു. പോരൂക്കര മല്പാൻ പള്ളികൾ തോറും വചന പ്രഘോഷണവും ധനശേഖരണവും നടത്തി. ചാവറയച്ചൻ പാലയ്ക്കൽ മല്പാന്റെ അഭാവത്തിൽ പള്ളിപ്പുറം സെമി

നാരിയിൽ പഠിപ്പിക്കുകയും ബാക്കിയുള്ള സമയം കണിയാന്തറ യാക്കോബിനോടുകൂടെ മാന്നാനത്തെ പണികൾ ശ്രദ്ധിക്കുകയും ചെയ്തു. പാലയ്ക്കൽ മല്പാന് രോഗത്തിന്റെ അസ്വസ്ഥതകൾ ഉണ്ടായിരുന്നതിനാൽ വല്ലപ്പോഴുമേ മാന്നാനത്തു വരാൻ കഴിഞ്ഞിരുന്നുള്ളൂ. അദ്ദേഹം പള്ളിപ്പുറത്തു താമസിച്ചുകൊണ്ട് ആവശ്യമായ നിർദേശങ്ങൾ നൽകി.

മാന്നാനത്തു പണികൾ പുരോഗമിക്കുന്നതിനിടയിൽ മൗറേലിയസ് സ്തബിലിനി മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കാസ്ഥാനത്തുനിന്നു മാറി റോമിലേക്കു പോയി. പകരം ഫ്രാൻസിസ് സേവ്യർ മെത്രാൻ വികാരി അപ്പസ്തോലിക്കയായി. മൗറേലിയസ് സ്തബിലിനി മെത്രാനോട് വിരോധമുണ്ടായിരുന്നവർക്ക് മെത്രാന്റെ അടുപ്പക്കാരായിരുന്ന പാലയ്ക്കൽ, പോരൂക്കര മല്പാന്മാരോടും ഇഷ്ടക്കുറവുണ്ടായിരുന്നു. അവർ പുതിയ മെത്രാനോട് പലതും പറഞ്ഞുകൊടുത്തതിന്റെ ഫലമായി പോരുക്കര മല്പാനെ കായംകുളം, പിള്ളതോപ്പ് എന്നീ പള്ളികളുടെ വികാരിയായും ചാവറയച്ചനെ തെക്കൻ പള്ളിപ്പുറം പള്ളിയുടെ വികാരിയായും നിയമിച്ചു. ഈ സാഹചര്യത്തിൽ മാന്നാനത്തെ പ്രവർത്തനങ്ങൾ മന്ദഗതിയിലായി, മനോവിഷമം അടക്കിക്കൊണ്ട് അവർ പുതിയ ജോലികളിൽ പൂർണമായി മുഴുകി. പള്ളിപ്പുറത്തെ വികാരി ജോലിയിൽനിന്ന് ഒഴിവാക്കാൻ ചാവറയച്ചൻ മെത്രാനോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. മനസ്സുമാറിയ മെത്രാൻ പള്ളിപ്പുറത്തെ ചുമതല ഒഴിവാക്കി കൊടുത്തശേഷം 1833 മുതൽ ചാവറയച്ചൻ മാന്നാനത്തു വന്നു താമസിച്ചു കാര്യങ്ങൾ അന്വേഷിച്ചു തുടങ്ങി. രണ്ടു പള്ളികളുടെ വികാരിയെന്ന നിലയിലുള്ള പോരൂക്കര മല്പാന്റെ ജോലികളും മെത്രാൻ ഒഴിവാക്കിയതിനാൽ അദ്ദേഹവും മാന്നാനത്തു വന്നു താമസിച്ചു സന്ന്യാസ സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകി. തുടർന്ന് 1834-ൽ പള്ളിക്കും പള്ളിയുടെ വടക്കോട്ടുള്ള മുറികൾക്കും അടിസ്ഥാനമിട്ടു പണി തുടങ്ങി.

ആശ്രമത്തോട് അനുബന്ധിച്ച് സെമിനാരി ഉണ്ടാകുന്നതു നല്ലതാണെന്നു പാലയ്ക്കൽ അച്ചനു അഭിപ്രായമുണ്ടായി. ഗുരുവിന്റെ അഭിപ്രായമായിരുന്നു ചാവറയച്ചനും. അവിടെ സെമിനാരി വന്നാൽ കാലാന്തരത്തിൽ കൊവേന്തയ്ക്കു ദോഷകരമാകുമെന്നായിരുന്നു പോരൂക്കര മല്പാന്റെ അഭിപ്രായം. എങ്കിലും പാലയ്ക്കൽ മല്പാന്റെ അഭിപ്രായത്തിനു പോരൂക്കര മല്പാൻ സമ്മതം മൂളി. അങ്ങനെ 1833- ൽ മാന്നാനത്തു സെമിനാരി ആരംഭിച്ചു. പാലയ്ക്കൽ മല്പാന്റെ അഭിപ്രായത്തിനു പോരൂക്കര മല്പാൻ സമ്മതം മൂളി എന്നതിനേക്കാൾ സ്നേഹപൂർണമായ അഭിപ്രായ സമന്വയം

ഉണ്ടാവുകയായിരുന്നു.

ഈ ലോകത്തിന് അഭിമുഖമായുള്ള ജീവിതത്തേക്കാൾ ആത്മ രക്ഷയ്ക്കു നല്ലത് വനവാസമോ എവിടെയെങ്കിലും ഒതുങ്ങി പ്പാർക്കുന്നതോ ആണെന്നു ചെറുപ്പം മുതലേ വിശ്വസിച്ചയാളാണ് പോരൂക്കര മല്പാൻ. അദ്ദേഹത്തിന്റെ സ്വാധീനത്തിൽ കണിയാ ന്തറ യാക്കോബും ആ സങ്കല്പത്തിലാണു ജീവിതം നയിച്ചത്. സ്വന്തം ആത്മരക്ഷ ഉറപ്പാക്കുന്നതിനു മുഖ്യസ്ഥാനം നൽകുന്ന ആത്മീയ ജീവിതമാണ് തുടക്കത്തിലെങ്കിലും അവരുടെ മനസ്സി ലുണ്ടായിരുന്നത്. പ്രാർത്ഥനയിലും തപസിലും അടിസ്ഥാനമുള്ള തങ്ങളുടെ സന്ന്യാസ ആത്മീയത കേരളസഭാസമൂഹത്തെ വിശു ദ്ധീകരിക്കാൻ പര്യാപ്തമാകുമെന്ന് അവർ വഴിയേ മനസ്സിലാക്കി, അതനുഗ്രഹമായി.

പാലയ്ക്കൽ മല്പാനും ചാവറയച്ചനും തങ്ങളുടെ സന്ന്യാസ ആത്മീയതയുടെ സർഗാത്മക പ്രകാശനത്തിനുള്ള മുഖ്യ വേദി യായി കണ്ടത് വൈദിക പരിശീലനത്തെയാണ്. ദൈവശാസ്ത്ര ത്തിലും ആത്മീയതയിലും പ്രബുദ്ധരായ മികച്ച വൈദികരെ സൃഷ്ടിക്കുന്നതിലൂടെ സഭാസമൂഹത്തിന്റെ പുനർസൃഷ്ടി നട ക്കുമെന്ന് അവർ വിശ്വസിച്ചു. അതുകൊണ്ട് ആശ്രമത്തോടു ചേർന്ന് സെമിനാരി ആരംഭിക്കുന്നത് ഗുണകരമാകുമെന്ന് അവർ വിലയിരുത്തി. സുവിശേഷ പ്രഘോഷണത്തിനും ദൈവശാസ്ത്ര അധ്യാപത്തിനും പേരുകേട്ട ഡൊമിനിക്കൻ സഭയെപ്പോലെ ആയി രിക്കണം തങ്ങളുടെ സന്ന്യാസ സഭയെന്നാണ് പാലയ്ക്കൽ മല് പാൻ തുടക്കം മുതൽ ചിന്തിച്ചിരുന്നത്.

ഈ ചിന്തകൾ തമ്മിലുള്ള സമന്വയം സാധ്യമാക്കിയതിലാണ് സ്ഥാപക പിതാക്കന്മാരുടെ മഹത്വം കുടി കൊള്ളുന്നത്. “ധ്യാന ത്തിലും തപസ്സിലും ജീവിച്ച് ആത്മീയ ശക്തി നേടുകയും, അതു നവീകരണ ധ്യാനങ്ങൾ, അധ്യാപനം, സുവിശേഷവത്ക്കരണം, സവിശേഷമായ വിവിധ അജപാലക ശുശ്രൂഷകൾ തുടങ്ങിയവ വഴി കേരളസഭയിലേക്കൊഴുകി സഭാനവീകരണത്തിന്റെ ചാലു കളായിത്തീരാൻ ഇടയാക്കുകയും ചെയ്യുന്ന ജീവിത ശൈലി അവർ ഒരുമിച്ചു വിഭാവനം ചെയ്തു.”[2]

“ഇങ്ങനെ അവർ കൂട്ടായി വിഭാവനം ചെയ്ത ജീവിത ശൈലിയെ വിവിധ പേരുകൾ കൊണ്ടാണ് വിശേഷിപ്പിച്ചത്. തപസു ഭവനം, പുണ്യവീട്, ബേസ് റൗമ, ഉയർന്ന ഭവനം, ദർശന വീട് എന്നിവയായിരുന്നു പേരുകളിൽ പ്രധാനം. യേശു കാണിച്ച തപസിന്റെ മാതൃകയെ ഭാരതീയ സംസ്കാര പശ്ചാത്തലത്തിൽ സ്വന്തമാക്കാനുള്ള ശ്രമമാണ് ‘തപസുഭവന’ മെന്ന പേരിൽ കാണാ

നാകുന്നത്. പോരൂക്കര മല്പാന്റെ ദർശനത്തിനു മുൻതൂക്കം കൊടുക്കുന്ന പേരുകളാണ് ഇവയെങ്കിലും, ഇവ ദ്യോതിപ്പിക്കുന്ന ജീവിതം ആരംഭിച്ചപ്പോൾ അത് ഒരു വശത്തു പ്രാർത്ഥനയും തപസും; മറുവശത്തു സെമിനാരി പരിശീലനം, അജപാലക പ്രവർത്തനം, ധ്യാന പ്രസംഗം, അധ്യാപനം മുതലായവയ്ക്കു നേതൃത്വം കൊടുക്കുന്ന ശുശ്രൂഷാ ശൈലിയും ഒന്നു ചേർന്ന 'കൊവേന്ത' ജീവിതമായി മാറി."[3] സഭാ ചരിത്രകാരനായ ഫാ. ബർണാർദ് ഇതിനു ധ്യാനനിഷ്ഠ ജീവിതം, പ്രോത്സാഹ ജീവിതം എന്നിങ്ങനെയാണ് പേരിട്ടത്.

1844 മുതൽ മാന്നാനത്ത് അച്ചടി തുടങ്ങാനുള്ള ശ്രമം ആരംഭിച്ചു. ഭക്തിസംവർധകങ്ങളായ പുസ്തകങ്ങളും ബൈബിൾ ആധാരമാക്കിയുള്ള പുസ്തകങ്ങളും അച്ചടിച്ചു വിശ്വാസികൾക്കു ലഭ്യമാക്കുക എന്നതായിരുന്നു ഉദ്ദേശ്യം. അക്കാലത്ത് കോട്ടയത്ത് ഒരു പ്രസ് ഉണ്ടായിരുന്നു. മാന്നാനത്തെ അച്ചന്മാരെ ഈ പ്രസിന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്താൻ അതിന്റെ നടത്തിപ്പുകാർ തയാറായില്ല. തുടർന്നു ചാവറയച്ചൻ മുട്ടുചിറെപറമ്പിൽ പൗലോസ് കത്തനാരോടൊപ്പം തിരുവനന്തപുരത്തെ സർക്കാർ പ്രസിൽ പോയി എല്ലാ പണികളും കണ്ടു മനസ്സിലാക്കി. തുടർന്നു മാന്നാനത്തു വന്നശേഷം വാഴപ്പിണ്ടികൊണ്ട് ഒരു പ്രസിന്റെ മാതൃക ഉണ്ടാക്കുകയും മിടുക്കനായ ഒരാശാരിയെക്കൊണ്ട് അതിനൊപ്പിച്ച് ഒരു മരപ്രസ് പണിയിക്കുകയും അതിന്റെ അടിത്തട്ട്(മേശ) കരിങ്കല്ലുകൊണ്ടു പണിതു ചേർത്തു ക്രമപ്പെടുത്തുകയും ചെയ്തു.

ശിവരാമൻ എന്ന പരിചയ സമ്പന്നനായ പണിക്കാരനെ മാന്നാനത്തു കൊണ്ടുവന്ന് അക്ഷരങ്ങൾ കൊത്തി ഉണ്ടാക്കിച്ചു. തിരുവനന്തപുരത്തെ സർക്കാർ പ്രസിൽ ജോലി ചെയ്തിട്ടുള്ള കുര്യന്റെ സേവനവും കിട്ടി. ഇയാൾ മാന്നാനത്തുകാരായ ചിലർക്ക് അച്ചടി ജോലിയിൽ പരിശീലനം നൽകി. പുസ്തകം കെട്ടുന്ന ജോലിക്ക് കൊച്ചിയിൽ നിന്ന് ഒരാളെ വരുത്തി. ഇയാൾ മുഖേന മാന്നാനത്തുണ്ടായിരുന്ന മറ്റു ചിലരും ആ തൊഴിൽ ചെയ്യാൻ കഴിവുള്ളവരായി. അങ്ങനെ അച്ചടി അഭംഗുരം നടക്കുമെന്ന് ഉറപ്പായപ്പോൾ 1846 ജൂലൈയിൽ അച്ചടി നടത്താനുള്ള അനുവാദം തിരുവിതാംകൂർ മഹാരാജാവിൽ നിന്നും നേടി. അനുവാദം ലഭ്യമാക്കുന്നതിനു ലുഡ്‌വിക്കോസ് മെത്രാപ്പോലീത്തയും ബ്രിട്ടീഷ് റെസിഡന്റ് കല്ലനും പ്രത്യേകം താൽപര്യമെടുത്തു. തമിഴിൽ നിന്ന് മലയാളത്തിലേക്കു മൊഴിമാറ്റിയ 'ജ്ഞാനപീയൂഷ'മാണ് 1846-ൽ ഈ പ്രസിൽ ആദ്യമായി പ്രിന്റ് ചെയ്തത്. രണ്ടാമത് അച്ചടിച്ച 'പ്രജാഗര'വും തമിഴിൽ നിന്ന് ഭാഷാന്തരം ചെയ്തതായിരുന്നു.

മാന്നാനത്തെ സന്ന്യാസ സമൂഹ ജീവിതവും വിവിധ ശുശ്രൂഷകളും മുന്നോട്ടു പോവുന്നതിനിടയിൽ 1846 ജനുവരിയിൽ പോരൂക്കര തോമസ് മല്പാൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണശേഷം കൊവേന്തയിലെ അംഗങ്ങൾ എല്ലാ കാര്യങ്ങളിലും ചാവറയച്ചന്റെ വാക്കുകൾ അനുസരിച്ചു. മൗറേലിയസ് സ്തബിലിനി മെത്രാന്റെ കാലത്ത് ആരംഭിക്കുകയും ഫ്രാൻസിസ് സേവ്യർ, ലുഡ്വിക്കോസ് മെത്രാന്മാരുടെ ഭരണകാലത്ത് തുർന്നുപോരുകയും ചെയ്ത ജീവിതമുറയാണ് കൊവേന്തക്കാർ പാലിച്ചു പോന്നത്. പ്രാർത്ഥന, ധ്യാനം തുടങ്ങിയവയിലൂടെ ആത്മശക്തി ആർജിക്കുകയും തുടർന്നു സേവനശുശ്രൂഷയിൽ വ്യാപരിക്കുകയും ചെയ്യുന്ന ജീവിതശൈലി. "ജപധ്യാനങ്ങൾ കൊണ്ടും, ഏകാന്ത ജീവിതം കൊണ്ടും മഠത്തിൽ ജീവിച്ചു തങ്ങളെ നന്നാക്കയും ദൈവത്തോടു തങ്ങളെ ചേർത്തടുപ്പിക്കുകയും ചെയ്യുന്ന ധ്യാനനിഷ്ഠ ജീവിതവും (contemplative life)ജനങ്ങളുടെ ആത്മരക്ഷയ്ക്കു വേണ്ടി വേദപഠനങ്ങൾ അവരെ പഠിപ്പിക്കയും ജ്ഞാനധ്യാനങ്ങൾ അവർക്കു ചെയ്തു കൊടുക്കുകയും സെമിനാരിക്കാരെ നല്ല ജീവിതമുറയിൽ തഴക്കി പഠിപ്പിക്കയും കുമ്പസാരം കൊണ്ടും പ്രസംഗങ്ങൾ കൊണ്ടും ജനങ്ങളുടെ വ്യാപാരങ്ങളെ ഗുണീകരിക്കയും ചെയ്യുന്ന പ്രോത്സാഹ ജീവിതവും (active life) എന്നിങ്ങനെ ഇരുവക ജീവിതമാണ് അവർ നടത്തിപ്പോന്നിരുന്നത്."[5] പ്രോത്സാഹ ജീവിതമെന്നതു സാമൂഹികമായ സജീവ ജീവിതമാണ്.

ലുഡ്വിക്കോസ് മെത്രാന്റെ പിൻഗാമിയായ ബെർണർഡിൻ ബച്ചിനെല്ലി ആദ്യം അഡ്മിനിസ്ട്രേറ്ററും പിന്നെ സ്ഥിരം വികാരി അപ്പസ്തോലിക്കയുമായി നിയമിതനായി. മാന്നാനത്ത് സന്ന്യാസ സമൂഹ ജീവിതം ആരംഭിച്ചപ്പോൾ മുതൽ സഭാംഗങ്ങൾ കാനോനിക അംഗീകാരത്തിനായി ശ്രമിച്ചിരുന്നു. മൗറേലിയസ് സ്തബിലിനിക്കു ശേഷം വന്ന വികാരി അപ്പസ്തോലിക്കമാരായ ഫ്രാൻസിസ് സേവ്യർ, ലുഡ്വിക്കോസ് എന്നിവർ ഇക്കാര്യത്തിനു വേണ്ട പരിഗണന കൊടുത്തില്ല. എന്നാൽ പുതിയ മെത്രാൻ മാന്നാനത്തെ സന്ന്യാസ സമൂഹത്തിനു കാനോനിക അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 1853-ൽ അതിനായി കർമ്മലീത്താ സഭയുടെ സുപ്പീരിയർമാരുടെ അനുവാദം എഴുതിചോദിച്ചു. ഈ പ്രാദേശിക സന്ന്യാസ സമൂഹത്തെ കർമ്മലസഭയുടെ മൂന്നാം സഭയാക്കി അംഗീകരിച്ചു കിട്ടുകയായിരുന്നു ലക്ഷ്യം.

മറുപടിയൊന്നും ലഭിക്കാതെ വന്നപ്പോൾ ബെർണർഡിൻ മെത്രാൻ സ്വന്തം നിലയ്ക്കു മുന്നോട്ടുപോകുവാൻ തീരുമാനിച്ചു.

അങ്ങനെ അദ്ദേഹം കർമ്മലസഭയുടെ നിയമങ്ങളും ഭരണഘടനയും അതുവരെ അമലോത്ഭവ മറിയത്തിന്റെ ദാസസംഘം എന്നറിയപ്പെട്ടിരുന്ന മാന്നാനം സമൂഹത്തിനു കൊടുത്തു. തുടർന്ന് 1860–ൽ ഈ സമൂഹം കർമ്മലീത്താ നിഷ്പാദുക സഭയോടു കൂട്ടിച്ചേർക്കപ്പെട്ടു. അപ്പോൾ മുതൽ കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭയെന്ന് അറിയപ്പെട്ടു. ഏകദേശം ഒരു നൂറ്റാണ്ട് (98 വർഷം) കഴിഞ്ഞ് 1958 മുതലാണ് ഈ സഭ അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തർ (Carmelites of Mary Immaculate - C.M.I.) എന്നറിയപ്പെടാൻ തുടങ്ങിയത്.

1855 ഡിസംബർ എട്ടാംതീയതി ബെർണർഡിൻ മെത്രാന്റെ നിർദേശപ്രകാരം പത്തു വൈദികർ ചാവറയച്ചനോടൊപ്പം സന്ന്യാസവ്രതം അനുഷ്ഠിച്ചു. വൈദികർക്കായുള്ള സന്ന്യാസസഭയായാണ് തുടക്കത്തിൽ വിഭാവനം ചെയ്യപ്പെട്ടിരുന്നത്. രോഗിയായിരുന്ന ഫാ. തോമസ് നെല്ലിശ്ശേരി മറ്റൊരു ദിവസമാണ് വ്രതം അനുഷ്ഠിച്ചത്. മെത്രാൻ നിയോഗിച്ച മർസലിനോസ് മിഷനറി മാന്നാനത്തു വന്ന് സന്ന്യാസ വ്രതങ്ങൾ അനുഷ്ഠിക്കാനുള്ളവർക്കായി 10 ദിവസത്തെ ധ്യാനം നടത്തി. ധ്യാനത്തിനു ശേഷം രണ്ട് വൈദികരും എട്ട് ശെമ്മാശന്മാരും ഒരു യോഗാർത്ഥിയും നോമ്പ്, മൗനം ഏകാന്തത തുടങ്ങിയവയുമായി ബന്ധപ്പെട്ട പുതിയ ക്രമചട്ടങ്ങൾ പാലിച്ചു ജീവിക്കുന്നത് ക്ലേശകരമാണെന്നു കണ്ട് സഭയിൽ നിന്ന് ഒഴിഞ്ഞുപോയി. അവരുടെ കാര്യം മെത്രാന്റെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും ഫലമുണ്ടായില്ല. നിയമങ്ങളുടെ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കു മെത്രാൻ തയാറായില്ല. ചാവറയച്ചന്റെ സന്ന്യാസവ്രതം സ്വീകരിച്ചത് മർസലിനോസ് മിഷനറിയാണ്. തുടർന്ന് 10പേരുടെ വ്രതങ്ങൾ പ്രിയോരായ ചാവറയച്ചൻ സ്വീകരിച്ചു. അവർ ഓരോരുത്തരായി ചാവറയച്ചന്റെ മുന്നിൽ മുട്ടുകുത്തി തങ്ങളുടെ സന്ന്യാസവ്രതം സമർപ്പിച്ചു. അവർ 1. ഫാ. കുര്യാക്കോസ് ഏലീശാ പോരൂക്കര, ചമ്പക്കുളം കല്ലൂർക്കാട് ഇടവക. 2. ഫാ. ഗീവർഗീസ് തോപ്പിൽ, പുളിങ്കുന്ന് ഇടവക. 3. ഫാ. കുര്യാക്കോസ് കൊച്ചുപുരയ്ക്കൽ, അതിരമ്പുഴ ഇടവക. 4. ഫാ. മത്തായി മുഞ്ഞനാട്ട്, പാലാ ഇടവക. 5. ഫാ. കുര്യാക്കോസ് പാലയ്ക്കൽ, പള്ളിപ്പുറം ഇടവക 6. ഫാ. ചാണ്ടി കട്ടക്കയം, പാലാ ഇടവക, 7. ഫാ. സ്കറിയാ അപ്രേം കളത്തിൽ, പുളിങ്കുന്ന് ഇടവക. 8. ഫാ. മത്തായി കളപ്പുരയ്ക്കൽ, പാലാ ഇടവക 9. ഫാ. ജേക്കബ് വല്യാറ, ചേന്നങ്കരി ഇടവക 10. ഫാ. മാണി കണിയാരകത്ത്, ഭരണങ്ങാനം ഇടവക എന്നിവരായിരുന്നു. പതിനൊന്നാമനായ ഫാ. തോമസ് നെല്ലിശേരി (വലപ്പാട് ഇടവക)

രോഗബാധിതനായതിനാൽ ഏതാനും ദിവസം കഴിഞ്ഞാണ് വ്രതം ചെയ്തത്.

ഈ പതിനൊന്നുപേരും സന്യാസ ജീവിതത്തിൽ ആകൃഷ്ടരായി വന്ന വൈദികരായിരുന്നു. 48 വയസുള്ള ഫാ. തോമസ് നെല്ലിശേരിയായിരുന്നു പ്രായത്തിൽ രണ്ടാമൻ. ചാവറയച്ചനേക്കാൾ രണ്ടു വയസിന്റെ ഇളപ്പമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ഫാ. സ്കറിയ അപ്രേം കളത്തിലായിരുന്നു പ്രായം കുറഞ്ഞയാൾ. അദ്ദേഹത്തിനു 27 വയസായിരുന്നു. പതിനൊന്നു പേരിൽ നാലുപേർ ബന്ധുക്കളായിരുന്നു. മൂന്നുപേർ പാലയ്ക്കൽ മല്പാന്റെയും ചാവറയച്ചന്റെയും കീഴിൽ വൈദിക പരിശീലനം നേടിയവരും. പതിനൊന്നുപേരും വ്രതത്തിനു മുമ്പേ തന്നെ മാന്നാനം സമൂഹത്തിന്റെ അജപാലന ശുശ്രൂഷകളിൽ ഭാഗഭാക്കുകളായിരുന്നു. ഇവർ വ്രതം ചെയ്യുമ്പോൾ നിയമാവലിയിലെ കാഠിന്യം മൂലം സന്ന്യാസ ജീവിതം വേണ്ടെന്നു വച്ചവർ ഭക്ത്യാദരങ്ങളോടെ സന്നിഹിതരായിരുന്നു.

ഫാ. കുര്യാക്കോസ് ഏലീശാ പോരൂക്കര, പോരൂക്കര തോമസ് മല്പാന്റെ അനുജനാണ്. ഫാ. ഗീവർഗീസ് തോപ്പിൽ ചാവറയച്ചന്റെ അമ്മാവന്റെ മകനാണ്. ഇവരെക്കൂടാതെ ഫാ. ജേക്കബ് വല്യാറയ്ക്കും ഫാ. കുര്യാക്കോസ് കൊച്ചുപുരയ്ക്കലിനും മല്പാനായ തോമസ് പാലയ്ക്കൽ, തോമസ് പോരൂക്കര എന്നിവരോടൊപ്പം മാന്നാനത്തു ജീവിക്കാനുള്ള ഭാഗ്യം കിട്ടിയിട്ടുണ്ട്. പോരൂക്കര മല്പാന്റെയും ചാവറയച്ചന്റെയും ശിഷ്യന്മാരായി മാന്നാനം സെമിനാരിയിൽ പഠിച്ചു പട്ടമേറ്റവരാണ് ഫാ. കുര്യാക്കോസ് ഏലീശാ പോരൂക്കര, ഫാ. കുര്യാക്കോസ് കൊച്ചുപുരയ്ക്കൽ, ഫാ. ജേക്കബ് വല്യാറ എന്നിവർ. പതിനൊന്നു പേരും വ്രതത്തിനു ശേഷം ഒരു വർഷത്തോളം നൊവിഷ്യേറ്റിൽ എന്ന പോലെ പ്രാർത്ഥനയും പഠനവുമായി മാന്നാനത്തു ചെലവഴിച്ചു. അതിനു ശേഷമാണ് ധ്യാനപരിപാടികളുമായി ഇടവകകളിലേക്ക് ഇറങ്ങിയത്.

സ്ഥാപക പിതാക്കന്മാരെപോലെ തന്നെ സി.എം.ഐ. സഭയുടെ തനിമയ്ക്കും വ്യതിരിക്തതയ്ക്കും ഈ ആദ്യപിതാക്കളുടെ സംഭാവനകളും വലുതാണ്. ഇവരും കൂടി നേതൃത്വമെടുത്താണ് സ്ഥാപനങ്ങൾ കെട്ടിപ്പടുത്തത്. റോക്കോസ്, മേലൂസ് ശീശ്മകളെ പരാജയപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ഇവരും നേതൃത്വം നൽകി. ചാവറയച്ചനുശേഷം സി.എം.ഐ. സഭയുടെ 1905 വരെയുള്ള നിയമാവലി പരിഷ്കരണങ്ങളിൽ സഭയുടെ സ്ഥാപക ചൈതന്യം ഉൾക്കൊണ്ട് അവയിലേക്കു തിരിച്ചുകൊണ്ടു വരുവാൻ അനുഭവസാക്ഷികളായി വർത്തിച്ചവരും ഇവരാണ്.[6]

ഇവയ്ക്കെല്ലാമപ്പുറം സമൂഹത്തിലേക്കിറങ്ങി നടത്തിയ നിരന്തരമായ ശുശ്രൂഷകൾ ഇവരെ രോഗികളാക്കി. വസൂരിയും മലമ്പനിയും പോലുള്ള മാരകരോഗങ്ങൾക്കിരയായി അകാലചരമം അടഞ്ഞവരും വരാപ്പുഴ കേന്ദ്രമായി ഭരിച്ച വികാരി അപ്പസ്തോലിക്കമാരിൽ ചിലരുടെ നീതിരഹിതമായ നടപടികൾ മൂലം മാനസിക പീഡനം അനുഭവിച്ചവരും ആദ്യപിതാക്കന്മാരുടെ ഇടയിലുണ്ട്. എന്നിട്ടും അവർ അധികാരികളെ തള്ളിപ്പറഞ്ഞില്ല, സഭയെ വിസ്മരിച്ചില്ല. കത്തോലിക്കാ സുറിയാനി സമൂഹത്തെ ദൈവോന്മുഖമായി ഉറപ്പിച്ചു നിർത്തുവാൻ അവർ പള്ളികൾ തോറും ധ്യാനങ്ങൾ നടത്തി. അക്കാലത്ത് ഏറ്റവും കൂടുതൽ ഡിമാന്റുള്ള ധ്യാനഗുരുക്കന്മാർ ഇവരായിരുന്നു. പ്രസംഗങ്ങൾ കൊണ്ടു മാത്രമല്ല നല്ല ജീവിത മാതൃകകൾ കൊണ്ടുമാണ് ഇവർ വിശ്വാസികളെ ആകർഷിച്ചതും ആത്മീയ ഉണർവ് ഉണ്ടാക്കിയതും.

ഏറെ സ്വാധീനമുള്ള ധ്യാനഗുരുവായിരുന്ന ഫാ. ഗീവർഗീസ് തോപ്പിൽ പൊതു ആവശ്യങ്ങൾക്കായി പിരിവിനിറങ്ങിയാൽ വേണ്ടത്ര പണം ലഭിക്കുമായിരുന്നു. 1866-ൽ കൂനമ്മാവ് മഠത്തിന്റെ പണികൾ നടക്കുമ്പോൾ പണത്തിനു വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. സഭയുടെ ഡെലിഗേറ്റായിരുന്ന ലിയോപോൾദ് മിഷനറി 200 രൂപ പിരിച്ചുകൊണ്ടുവരുവാൻ തോപ്പിലച്ചനെ നിയോഗിച്ചു. അദ്ദേഹം പിരിവു കഴിഞ്ഞ് മടങ്ങി വന്ന് എണ്ണിനോക്കിയപ്പോൾ 400 രൂപയോളമുണ്ട്. അധികം കിട്ടിയ 200 രൂപ പിരിവു തന്ന ആളുകൾക്കു തിരിച്ചു കൊടുത്തു. മേലധികാരി അനുവാദം തന്നത് 200 രൂപ പിരിക്കാനാണ്, അതിനാൽ അധികം തന്ന തുക തിരിച്ചുവാങ്ങണം. എന്നാണ് തോപ്പിലച്ചൻ പണം തിരിച്ചു കൊടുക്കുമ്പോൾ പറഞ്ഞത്!

സമൂഹത്തിൽ ഇറങ്ങിയുള്ള പ്രവർത്തനങ്ങളുടെ ഫലമായി മാരക രോഗങ്ങൾ പിടിപെട്ടു മരിച്ച ആദ്യപിതാക്കന്മാരാണ് ഫാ. യാക്കോബ് വല്യാറ, ഫാ. മത്തായി കളപ്പുരയ്ക്കൽ, ഫാ. മത്തായി മുഞ്ഞനാട്ട് എന്നിവർ. സെമിനാരി ജീവിതകാലത്തു തന്നെ ഫാ. ഗീവർഗീസ് തോപ്പിൽ രോഗിയായിരുന്നു. പ്രത്യേക നേർച്ചയുടെ ഫലമായി രോഗം മാറുകയും പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തെങ്കിലും ഒരിക്കലും പൂർണ ആരോഗ്യവാനായിരുന്നില്ല. എൽത്തുരുത്ത്, പുളിങ്കുന്ന് ആശ്രമങ്ങൾ കെട്ടിപ്പടുക്കുന്നതിനായി കഠിനാധ്വാനം ചെയ്തു. മികച്ച ധ്യാനപ്രസംഗകൻ ആയിരുന്നതിനാൽ നിരന്തരം യാത്രയും പ്രസംഗങ്ങളും നടത്തി. റോക്കോസ് ശീശ്മയ്ക്കെതിരായ നിരന്തരമായ അധ്വാനം വീണ്ടും രോഗിയാക്കി. പ്രമേഹ രോഗിയുമായിരുന്നതിനാൽ കാര്യങ്ങൾ ഗുരുതര

മായി മരണത്തിൽ പര്യവസാനിച്ചു.

ഫാ. അലക്സാണ്ടർ കട്ടക്കയം (വലിയ ചാണ്ടിയച്ചൻ) 81 വയസുള്ളപ്പോൾ വിളക്കുമാടം പള്ളിയിൽ ധ്യാനിപ്പിക്കാൻ ചെന്നു. അവിടെ ധ്യാനം നടത്തുമ്പോൾ ക്ഷീണം അനുഭവപ്പെട്ടെങ്കിലും പരിഗണിക്കാതെ തിടനാട് പള്ളിയിൽ ധ്യാനം നടത്തുവാൻ പോയി. അവിടെ വച്ച് അസുഖം കൂടി. അതു മരണത്തിലേക്കുള്ള വാതിൽ തുറന്നു. സ്വയംമറന്ന് ആത്മാക്കളെ രക്ഷിക്കാൻ അലഞ്ഞവരാണ് ഈ ആദ്യപിതാക്കന്മാർ. അതിനേറ്റവും വലിയ തെളിവാണ് ഫാ. ജേക്കബ് വല്യാറയുടെ അന്ത്യം. മാന്നാനം കൊവേന്തയിൽ പാചക ജോലി ചെയ്തിരുന്ന ഒരാൾക്ക് അർശസിന്റെ ഫലമായി കുടൽ പുറത്തിറങ്ങി കൃമികൾ പെരുകി. അസഹ്യമായ ദുർഗന്ധത്തോടെ നെൽപുരയിൽ കിടന്നിരുന്ന ഇയാളെ വല്യാറയച്ചൻ പരിചരിച്ച് നന്മരണം പ്രാപിക്കാൻ ഇടയാക്കി. ഈ തീക്ഷ്ണത ധ്യാനകാര്യങ്ങളിലും അച്ചൻ പ്രദർശിപ്പിച്ചു. നിരവധി പള്ളികളിൽ ധ്യാനം നടത്തി. അങ്ങനെ ധ്യാനം നടത്തിയ മുട്ടുചിറ പള്ളിയിലെ കപ്യാർ അച്ചനെ കാണണമെന്നാവശ്യപ്പെട്ട് മാന്നാനം ആശ്രമത്തിലേക്ക് ആളെ വിട്ടു. കപ്യാർ വസൂരി ബാധിച്ച് കിടപ്പിലാണ്. വസൂരി രോഗമുള്ളയാളെ കാണാൻ പോകുന്നത് രോഗം പകരാനിടയാക്കുമെന്നു പലരും പറഞ്ഞെങ്കിലും മരണാസന്നനായ ഒരു വ്യക്തിയുടെ അവസാന അപേക്ഷ തള്ളിക്കളയാൻ അച്ചനു മനസ്സു വന്നില്ല. രോഗിയെ ചെന്നു കണ്ട് കുമ്പസാരിപ്പിക്കുകയും ദിവ്യകാരുണ്യം കൊടുക്കുകയും ചെയ്തു. തിരികെവന്ന് അച്ചൻ വസൂരി രോഗം ബാധിച്ച് കിടപ്പിലായി. 1855 ഡിസംബർ 24-നു അന്തരിച്ചു.

എൽത്തുരുത്ത് ആശ്രമത്തിന്റെ ആരംഭത്തിൽ ഫാ. മത്തായി കളപ്പുരയ്ക്കൽ കുറച്ചുകാലം ജോലി ചെയ്തു. മലമ്പനി പിടിച്ചതിനാൽ മടങ്ങിപ്പോരുകയായിരുന്നു. മലമ്പനി രൗദ്രഭാവം കാണിക്കാതിരുന്നതിനാൽ ജീവഹാനി സംഭവിച്ചില്ല. എന്നാൽ പത്തു പതിനൊന്നു വർഷങ്ങൾക്കു ശേഷം മലമ്പനി തന്നെ കളപ്പുരയ്ക്കലച്ചന്റെ ജീവിതത്തിൽ വില്ലനായി. വിവാദ പുരുഷനായ കൂടക്കച്ചിറ അന്തോണിയച്ചൻ പ്ലാശനാലിൽ തുടങ്ങിയ ആശ്രമം 1858-ൽ സി.എം.ഐ. സഭ ഏറ്റെടുത്തപ്പോൾ കളപ്പുരയ്ക്കലച്ചനെ അവിടേക്കു നിയോഗിച്ചു. കാടിനോടു ചേർന്ന സ്ഥലം, ഉഗ്രമായ തണുപ്പ്, കാറ്റ് ഇവയെല്ലാമായപ്പോൾ കളപ്പുരയ്ക്കലച്ചനു വീണ്ടും മലമ്പനി പിടിപ്പെട്ടു. അദ്ദേഹം ഒറ്റയ്ക്കായിരുന്നു താമസം. അതിനാൽ മാന്നാനത്തു വിവരങ്ങൾ അറിയാൻ വൈകി. മാന്നാനം ആശ്രമത്തിൽ എത്തിച്ചു ചികിൽസിച്ചുവെങ്കിലും 1860 ജൂൺ 22-ന്

അദ്ദേഹം തന്റെ ആത്മാവിനെ നിത്യപിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചു. എൽത്തുരുത്ത്, പ്ലാശനാൽ എന്നീ ആശ്രമങ്ങൾക്കു പുറമെ വാഴക്കുളത്തും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

വസൂരി രോഗം പിടിപെട്ടെങ്കിലും അതിൽ നിന്നു രക്ഷപ്പെട്ട ചരിത്രമാണ് വിശുദ്ധ ചാവറയച്ചനു ശേഷം സഭയുടെ രണ്ടാമത്തെ പ്രിയോരായി തിരഞ്ഞെടുക്കപ്പെട്ട ഫാ. കുര്യാക്കോസ് ഏലീശ പോരൂക്കരയുടേത്. പോരൂക്കര തോമസ് മല്പാന്റെ സഹോദര നാണിദ്ദേഹം. വ്രതം ചെയ്തപ്പോൾ ചാവറയച്ചൻ ഏലിയാ എന്ന രണ്ടാം പേര് സ്വന്തം പേരിനോട് കൂട്ടിച്ചേർത്തപ്പോൾ ഫാ. കുര്യാക്കോസ് പോരൂക്കര ഏലീശാ എന്ന രണ്ടാം പേര് സ്വീകരിച്ചു. പദ്രുവാദൊ ശീശ്മയ്ക്കെതിരായി പാവുക്കര കപ്പേളയിൽ പ്രവർത്തിക്കുമ്പോഴാണ് വസൂരി രോഗം പിടികൂടിയത്. ദൈവകാരുണ്യത്താൽ രക്ഷപ്പെട്ടു. ഇത്തരം ശാരീരിക പീഡകളോടൊപ്പം അതികഠിനമായ മാനസിക പീഡകളും ഏറ്റുവാങ്ങേണ്ടി വന്ന ജീവിതമാണ് പോരൂക്കര കുര്യാക്കോസച്ചന്റേത്.

അധികാര സ്ഥാനത്തോട് എന്നും വിരക്തി കാണിച്ചിരുന്ന കുര്യാക്കോസച്ചനെത്തേടി വന്ന സ്ഥാനങ്ങൾ അദ്ദേഹത്തിനു പലപ്പോഴും കഠിനമായ മനോവേദനയ്ക്കു കാരണമായി. 1871-ൽ വിശുദ്ധ ചാവറയച്ചന്റെ മരണശേഷം കുര്യാക്കോസച്ചൻ രണ്ടാം പ്രിയോരായി തിരഞ്ഞെടുക്കപ്പെട്ടു. ലെയോണാർഡ് മെത്രാപ്പോലീത്ത അദ്ദേഹത്തെ സുറിയാനി സഭയുടെ തെക്കൻ പ്രദേശങ്ങളുടെ വികാരി ജനറാളായും നിയമിച്ചു. ഈ ചുമതലകൾ ഏറ്റെടുത്തതിനു ശേഷമുള്ള ആദ്യനാളുകൾ പ്രശ്നങ്ങളില്ലാതെ കടന്നുപോയി. എന്നാൽ മേലൂസ് ശീശ്മയ്ക്കെതിരേ അതികഠിനമായി പോരാടേണ്ടിവന്നു. ശീശ്മകൾ ഒന്നൊന്നായി വരുന്ന പശ്ചാത്തലത്തിൽ സ്വന്തം റീത്തിൽ ഉൾപ്പെട്ട മെത്രാന്മാർ ഉണ്ടായാൽ ശീശ്മകളുടെ ആവിർഭാവം ഇല്ലാതാകുമെന്നു സി.എം. ഐ. സഭാംഗങ്ങളായ ചിലർക്കു തോന്നി. ഇക്കാര്യം ചൂണ്ടിക്കാട്ടി അവർ റോമിലേക്കു നിവേദനങ്ങൾ അയച്ചു. ഇതിനു നേതൃത്വം കൊടുത്ത ഏഴ് സി.എം.ഐ. സഭാംഗങ്ങളെ സന്ന്യാസ സഭയിൽ നിന്നു പുറത്താക്കണമെന്ന് വരാപ്പുഴ മെത്രാൻ നിശ്ചയിച്ചു. പനിയായിരുന്നിട്ടും ഫാ. കുര്യാക്കോസ് ഏലീശായെ മഞ്ഞുമ്മലേക്കു വിളിപ്പിച്ച്, സി.എം.ഐ. സഭയിലെ അംഗങ്ങൾക്കെതിരേ ഗുരുതരമായ ആരോപണങ്ങളുമായി മെത്രാൻ റോമിലേക്ക് എഴുതുന്ന കത്തിൽ ഒപ്പുവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സമ്മർദമായി. കത്തിൽ ഒപ്പ് വയ്ക്കുന്നില്ലെങ്കിൽ മെത്രാനെതിരേ ഒന്നും പറയുകയില്ലെന്നു സത്യം ചെയ്യണം. രണ്ടിനും കുര്യാക്കോസച്ചൻ സമ്മതിച്ചില്ല.

എന്നാൽ, ഏഴ് അച്ചന്മാരെ സി.എം.ഐ. സഭയിൽ നിന്ന് പുറത്താക്കിയതു കൂടാതെ സഭയിലേക്കു പുതിയ അംഗങ്ങളെ എടുക്കരുതെ ന്ന മുടക്കും ലെയോണാർഡ് മെത്രാൻ ഏർപ്പെടുത്തി. പിന്നീട് 1882 മുതലാണ് പുതിയ അംഗങ്ങളെ പ്രവേശിപ്പിച്ചു തുടങ്ങിയത്. 1885-ഓടെ പൊതു പ്രിയോർ സ്ഥാനം നിർത്തലാക്കി സകല അധികാരങ്ങളും ഡെലിഗേറ്റിൽ കേന്ദ്രീകരിച്ചു. കർമ്മലീത്താ അധികാരികൾ 1877-നു ശേഷം സഭയുടെ നിയമാവലി പല മാറ്റങ്ങൾക്കും വിധേയമാക്കി. ഇങ്ങനെ ഒന്നിനു പുറകെ ഒന്നായി മാനസിക പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന കുര്യാക്കോസ് ഏലീശാച്ചൻ ദൈവകാരുണ്യത്തിൽ ആശ്രയിച്ചാണു പിടിച്ചുനിന്നത്. ഏകാന്തതയിൽ ധ്യാനാത്മക ജീവിതം ആഗ്രഹിച്ച അദ്ദേഹം 1885-ൽ സഭയുടെ ഡെലിഗേറ്റായി നിയമിതനായപ്പോൾ നിരന്തരം അപേക്ഷിച്ച് ആ പദവിയിൽ നിന്ന് ഒഴിവായി. അദ്ദേഹം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. നിത്യാരാധന എന്ന പ്രാർത്ഥനാ പുസ്തകവും തമിഴിൽ എഴുതിയ രക്ഷാകര ചരിത്രവും ശ്രദ്ധേയമാണ്. 1890 ജനുവരി ഏഴാംതീയതി ു ദൈവസന്നിധിയിലേക്കു യാത്രയായി.

1868 മുതൽ 1886 വരെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി ഭരണം നിർവഹിച്ച ലെയോണാർഡ് മെത്രാനിൽ നിന്ന് ചാവറയച്ചനും കടുത്ത തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സുറിയാനി, ലത്തീൻ റീത്തുകളിൽ വേറെ വേറെ മെത്രാന്മാർ ഉണ്ടായാൽ സംജാതമാകുന്ന മേന്മകൾ വ്യക്തമാക്കിയും സഭയുടെ ഐക്യത്തിനു വഴിതെളിക്കുമെന്നു ചൂണ്ടിക്കാട്ടിയും ചാവറയച്ചൻ റോമിലേക്ക് എഴുതിയതിന്റെ പ്രത്യാഘാതങ്ങൾ വലുതായിരുന്നു. ചാവറയച്ചന്റെ ഉത്തമസുഹൃത്തായ ലിയോപോൾദ് മിഷനറിയെ ഇറ്റലിയിലേക്കു തിരിച്ചു വിളിപ്പിച്ചു. ചാവറയച്ചന്റെ സംസ്കാര ശുശ്രൂഷയിൽ മെത്രാൻ പങ്കെടുത്തുമില്ല.

ദാരുണമായ ഈ സംഭവവികാസങ്ങൾക്കു മുമ്പ് 1858-1859 കാലഘട്ടത്തിൽ ആദ്യപിതാക്കന്മാരായ പതിനൊന്നു പേരിൽ ഒരാളായ ഫാ. മാണി കണിയാരകത്തിനെ ബെർണർഡിൻ മെത്രാൻ സി.എം.ഐ. സന്ന്യാസ സഭയിൽനിന്ന് പുറത്താക്കുകയുണ്ടായി. അങ്കമാലി പള്ളിയിലെ ഒരു തർക്ക വിഷയത്തിൽ മെത്രാന്റെ കല്പന നടപ്പാക്കിയില്ല എന്നതാണ് മാണിയച്ചന്റെ മേൽ ചുമത്തപ്പെട്ട കുറ്റം. ശരിയുടെ പക്ഷത്ത് നിലയുറപ്പിച്ചുകൊണ്ടുള്ളതല്ല മെത്രാന്റെ കല്പന എന്നതിനാലാണ് മാണിയച്ചൻ നടപ്പാക്കാതിരുന്നത്. ഗുരുതരമായ രോഗത്തിന് ആശ്രമത്തിൽ നിന്നു ദൂരെ എറണാകുളത്തു പോയി ചികിൽസ തേടിയതിനാൽ ഫാ.കുര്യൻ

കൊച്ചുപുരയ്ക്കൽ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ മൃതദേഹം ആശ്രമത്തിൽ കൊണ്ടുവന്ന് അടക്കേണ്ടെന്നു ബെർണർഡിൻ മെത്രാൻ കല്പിച്ചു. കുര്യനച്ചന്റെ മൃതദേഹം എറണാകുളം സെന്റ് മേരീസ് പള്ളിയിലാണ് അടക്കം ചെയ്തത്.

ഇപ്രകാരമുള്ള ഏറെ തിക്താനുഭവങ്ങളിലൂടെ കടന്നുപോന്നിട്ടും ഈ ആദ്യപിതാക്കന്മാർ തങ്ങളുടെ സിദ്ധികളും പ്രാർത്ഥനകളും സി.എം.ഐ. സന്ന്യാസ സമൂഹത്തിന്റെയും കേരള സഭയുടെയും ആത്മരക്ഷയ്ക്കായി സമർപ്പിച്ചു. അവർ എല്ലാറ്റിലും ദൈവഹിതം കണ്ടു. ശാരീരികവും മാനസികവുമായ പീഡനങ്ങൾ അനുഭവിക്കുമ്പോഴും അവർ ഓരോരുത്തരും ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്.

കൈനകരി വല്യാറ തൊമ്മി ചാക്കോ, ഏലീശാ ദമ്പതികളുടെ പത്തുമക്കളിൽ പുത്രന്മാരിൽ മൂന്നാമനാണ് ഫാ. യാക്കോബ് വല്യാറ (1823-1855).1838-ൽ മാന്നാനം സെമിനാരിയിൽ ചേർന്നു. സന്ന്യാസ വൈദികനാവാനാണ് പഠിച്ചത്. 1848-ൽ ലുഡ്‌വിക്കോസ് മെത്രാനിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. 1855-ൽ വ്രതവാഗ്ദാനം ചെയ്തു വൈദികനായ ശേഷം ഇടവകകളിൽ ധ്യാനിപ്പിക്കാൻ തുടങ്ങി. പാലാ, ഭരണങ്ങാനം, രാമപുരം, പ്രവിത്താനം, കടനാട്, കുറവിലങ്ങാട്, മുട്ടുചിറ, കടുത്തുരുത്തി, ആരക്കുഴ, തൃപ്പൂണിത്തുറ, മനക്കോടം, ആലപ്പുഴ പള്ളികളിൽ ധ്യാനം നടത്തിയിട്ടുണ്ട്. കുടുംബവഴക്കുകളിൽ ഇടപെട്ട് ദമ്പതിമാരെ 'തിരുക്കുടുംബ ജീവിതത്തിലേക്കു' കൊണ്ടുവരുവാൻ പ്രത്യേകം കഴിവുണ്ടായിരുന്നു.

ഫാ. മത്തായി കളപ്പുരയ്ക്കൽ (1823-1860) പാലാ ഇടവകാംഗമായിരുന്നു. 1823-ൽ ജനിച്ചു. 1847-ൽ പുരോഹിതനായശേഷം ധ്യാനഗുരുവായി ഖ്യാതി നേടി. എൽത്തുരുത്ത് ആശ്രമത്തിന്റെ തുടക്കത്തിൽ ബന്ധപ്പെട്ടു പ്രവർത്തിച്ചത് സി.എം.ഐ. സഭയിലെ പ്രവർത്തനങ്ങളുടെ ആരംഭമായിരുന്നു. കൂനമ്മാവ് ആശ്രമം ഏറ്റെടുക്കാൻ പോയ ആദ്യ ബാച്ചിൽ കളപ്പുരയ്ക്കൽ അച്ചനുമുണ്ടായിരുന്നു. 1859 മേയ് 19-ന് വാഴക്കുളം കാർമ്മൽ ആശ്രമത്തിനു തറക്കല്ലിട്ടപ്പോൾ അവിടേക്ക് നിയോഗിക്കപ്പെട്ട ആദ്യാംഗങ്ങളിൽ ഉൾപ്പെട്ടിരുന്നു. പ്രഗത്ഭ ധ്യാനഗുരുവായ കട്ടക്കയത്തിലച്ചന്റെ ടീമംഗമായി ഇടവകകളിൽ ധ്യാനം നടത്തിയിരുന്നു.

പാലാ ളാലം ഇടവകാംഗമായിരുന്ന ഫാ. മത്തായി മുഞ്ഞനാട്ട് (1820-1861) 1853-ൽ മാന്നാനം ആശ്രമാംഗമായി. സി.എം.ഐ. സഭയുടെ രണ്ടാമത്തെ ആശ്രമമെന്ന സ്ഥാനമുള്ള കൂനമ്മാവ് ആശ്രമത്തിലെ ആദ്യത്തെ സുപ്പീരിയറാണ്. 1859 അവസാനം തോപ്പിൽ

അച്ചന്റെ സഹായിയായി എൽത്തുരുത്ത് ആശ്രമത്തിലേക്ക് നിയോഗിക്കപ്പെട്ടു. അവിടെവച്ച് 1861-ന്റെ തുടക്കത്തിൽ പനി ബാധിച്ച് കിടപ്പിലായി. ജനുവരിയിൽ തൃശൂരിന്റെ പ്രത്യേകതയായ കാറ്റിന്റെ പ്രശ്നമാകാമെന്നു വിചാരിച്ചെങ്കിലും രോഗം വർധിച്ചു. ചിറമ്മൽ വാവുതരകന്റെ ചികിൽസയിലായിരുന്നെങ്കിലും 1861 ജനുവരി 16-ന് കർത്താവിന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

ഫാ. കുര്യൻ (ആൽബർത്തോസ്) കൊച്ചുപുരയ്ക്കൽ (1823-1866) അതിരമ്പുഴ ഇടവകയിൽ ജോസഫ്-മറിയം ദമ്പതികളുടെ മകനാണ്. അതിരമ്പുഴയും മാന്നാനവും തമ്മിൽ അധികം അകലമില്ലാത്ത സ്ഥലങ്ങളാണ്. മാന്നാനം സെമിനാരിയിൽ ചേർന്നു പഠിച്ച് 1847-ൽ വൈദികനായി. പിന്നീട് പതിനൊന്നു പേരോടൊപ്പം സന്ന്യാസവ്രതം സ്വീകരിച്ചു. താമസിയാതെ ചാവറയച്ചൻ അദ്ദേഹത്തെ മാന്നാനം സെമിനാരിയുടെ റെക്ടറായി നിയമിച്ചു. പത്തു വർഷം ആ പദവി വഹിച്ചു. അവസരം കിട്ടുമ്പോഴെല്ലാം ധ്യാനിപ്പിക്കുവാൻ പോകുമായിരുന്നു. ശീശ്മയുടെ കാലത്ത് ശാരീരികമായും മാനസികമായും ഏറെ സഹിക്കാനിടവന്നു.

സി.എം.ഐ. സഭയുടെ ആദ്യത്തെ സഹനപുഷ്പമാണ് ഫാ. തോമസ് നെല്ലിശേരി (1807-1867). വലപ്പാട് ഇടവകക്കാരനായിരുന്ന അച്ചൻ 1807-ൽ ജനിച്ചു. 1835-ൽ പൗരോഹിത്യം സ്വീകരിച്ചു. സഭാംഗമായി മാന്നാനത്തു വന്നത് 1853-ൽ എന്ന് ലിയോ പോൾഡ് മിഷനറിയും 1855-ൽ എന്ന് ഫാ. ബർണാർഡും രേഖപ്പെടുത്തിയിരിക്കുന്നു. ചാവറയച്ചൻ ഉൾപ്പെടെയുള്ള മറ്റു പതിനൊന്നു പേരോടുകൂടി വ്രതം ചെയ്യുവാൻ നെല്ലിശേരി തോമാച്ചനും നിശ്ചയിച്ചു. വ്രതം സ്വീകരിക്കുന്നവർക്കു വേണ്ടിയുള്ള പത്തു ദിവസത്തെ ധ്യാനത്തിന്റെ ആദ്യ ഞായറാഴ്ച വിശുദ്ധ കുർബാന അർപ്പിക്കുമ്പോഴാണ് രോഗിയായത്. മറ്റുള്ളവർ വ്രതം സ്വീകരിച്ചതിന്റെ അടുത്ത ദിവസം മർസലിനോസ് മിഷനറിയുടെ സാന്നിധ്യത്തിൽ നെല്ലിശേരിയച്ചൻ വ്രതവാഗ്ദാനം നടത്തി. 1867 സെപ്റ്റംബർ 17-ന് അദ്ദേഹം മോക്ഷമാർഗത്തിലൂടെ യാത്രയായി. ഒരു വ്യാഴവട്ടക്കാലമാണ് സഹനജീവിതം നയിച്ചത്.

പാലയ്ക്കൽ മല്പാൻ, പോരുക്കര മല്പാൻ, ചാവറയച്ചൻ, ആഹാ യാക്കോബ് എന്നിവർക്കു ശേഷം മാന്നാനം ആശ്രമത്തിലെത്തിയ അന്തേവാസിയാണ് ഫാ. ഗീവർഗീസ് തോപ്പിൽ (1813-1873). വിശുദ്ധ ചാവറയച്ചന്റെ അമ്മയുടെ സഹോദരനായ തോപ്പിൽ കുര്യന്റെയും ചേച്ചയുടെയും ആറു മക്കളിൽ ഒരാൾ. ജനനം 1813-ൽ. വടയാറ്റ് സെമിനാരിയിൽ പഠിച്ച് 24-ാം വയസിൽ വൈദിക പട്ടം സ്വീകരിച്ചു. 1838-ൽ മാന്നാനം ആശ്രമത്തിൽ അംഗ

മായി. അക്കാലം മുതൽ ധ്യാനഗുരുവായി പേരെടുത്തു. 1855-ൽ സന്ന്യാസവ്രതം സ്വീകരിച്ചു. ധ്യാനഗുരുവെന്ന നിലയിൽ വടക്കൻ പ്രദേശങ്ങളിലായിരുന്നു അദ്ദേഹത്തിനു പ്രശസ്തി കൂടുതൽ. അതിനാൽ ആദ്യം എൽത്തുരുത്ത് ആശ്രമത്തിലേക്ക് നിയോഗിക്കപ്പെട്ടു. ശീശ്മകൾക്കെതിരേ കഠിന പ്രയത്നം നടത്തിയതിനാൽ ആരോഗ്യം മോശമായി. 1873 ഒക്ടോബർ 13-നു നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

സി.എം.ഐ. സഭയിൽ 47 വർഷത്തോളം ജീവിച്ചയാളാണ് ഫാ. കുര്യൻ ബ്രൊക്കാർദ് പാലയ്ക്കൽ (1826-1898). ആശ്രമത്തിലെ പ്രവർത്തനങ്ങളിലാണ് അദ്ദേഹം തിളങ്ങിയത്. പാലയ്ക്കൽ തോമസ് മല്പാന്റെ ജ്യേഷ്ഠന്റെ പുത്രനാണ്. 1826 ജൂൺ എട്ടിനു ജനിച്ചു. 1838-ൽ പള്ളിപ്പുറം സെമിനാരിയിൽ വൈദിക പഠനത്തിനു ചേർന്നു. 1850-ൽ വരാപ്പുഴ മെത്രാനിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. സന്ന്യാസവ്രത വാഗ്ദാനത്തിനു ശേഷം വാഴക്കുളത്തു ആശ്രമം തുടങ്ങിയപ്പോൾ അവിടേക്കു നിയോഗിക്കപ്പെട്ടെങ്കിലും അധികകാലം  അവിടെ ഉണ്ടായിരുന്നില്ല. മാന്നാനത്തു പ്രൊക്കുറേറ്ററായി നിയമിക്കപ്പെട്ടതിനാൽ തിരിച്ചുപോന്നു. 1886 വരെ ആ ചുമതല ഭംഗിയായി നിർവഹിച്ചു. 1885-ൽ നടത്തിയ സഭയുടെ പ്രത്യേക പൊതു സംഘത്തിലും സഭയുടെ നിയമാവലി രൂപവത്കരണ കമ്മിറ്റിയിലും തുടക്കം മുതലുള്ള നാല് അംഗങ്ങളിൽ ഒരാളാണ് കുര്യച്ചൻ. 1855 മുതൽ സഭയിൽ സംഭവിച്ച കാര്യങ്ങൾക്കെല്ലാം ദൃക്സാക്ഷിയായതിനാൽ  സഭയുടെ തനിമ കാത്തുസൂക്ഷിക്കുന്നതിലും സ്ഥാപക പിതാക്കന്മാരുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച് സഭാനിയമങ്ങൾ ക്രോഡീകരിക്കുന്നതിലും ശ്രദ്ധിച്ചു.

1855-ൽ സന്ന്യാസ വ്രതം ചെയ്തശേഷം നീണ്ട 53 വർഷം സഭയ്ക്കു വേണ്ട സേവനം ചെയ്യാൻ ഭാഗ്യം സിദ്ധിച്ച സന്ന്യാസ വൈദികനാണ് ഫാ. സ്കറിയ അപ്രേം കളത്തിൽ (1828-1908). പുളിങ്കുന്ന് കളത്തിൽ വല്യതോമ്മാച്ചന്റെയും അന്നമ്മയുടെയും ഇളയമകൻ. ജനനം 1828 ഫെബ്രുവരി 25-ന്. വ്രതം ചെയ്തശേഷം ടീമംഗമായും തനിച്ചും പല പള്ളികളിലും പോയി ധ്യാനങ്ങൾ നടത്തി. ഫാ. കുര്യൻ കൊച്ചുപുരയ്ക്കലിനു ശേഷം കളത്തിലച്ചനായിരുന്നു മാന്നാനം സെമിനാരിയുടെ റെക്ടർ. 1867-ൽ മാന്നാനത്തെ സുപ്പീരിയറായി. തന്റെ കഴിവിനപ്പുറത്താണ് ഈ ജോലിയുടെ ഉത്തരവാദിത്വങ്ങളെന്ന് അദ്ദേഹം ഭയപ്പെട്ടു. മറ്റുള്ളവർ ധൈര്യപ്പെടുത്തിയപ്പോൾ ഈശോയിൽ ആശ്രയിച്ച് ചുമതല ഏറ്റെടുത്തു. 'ഏഴ് വ്യാകുലങ്ങളോ'ടൊപ്പം സഹകരിച്ചു പ്രവർത്തിച്ച

വരാണ് കളത്തിലച്ചനും പാലയ്ക്കൽ കുര്യനച്ചനും. ആദ്യപിതാക്കന്മാരിൽ ഉൾപ്പെട്ടവരായതുകൊണ്ടും സഭയിൽ പ്രധാനപ്പെട്ട ചുമതലകൾ വഹിച്ചിരുന്നതുകൊണ്ടുമാകാം ഇവർ മെത്രാന്റെ അച്ചടക്ക നടപടികൾക്ക് ഇരയാകാതിരുന്നത്. കളത്തിലച്ചൻ വലിയ തിരുഹൃദയ ഭക്തനായിരുന്നു. 1877-ൽ വാഴക്കുളത്തെ പ്രിയോരായി. 1889 മുതൽ 1894 വരെ മാന്നാനത്തു പ്രിയോരായി പ്രവർത്തിച്ചു. പുളിങ്കുന്ന് ആശ്രമത്തിൽ വച്ച് 1908 ജൂൺ 28-നു ദൈവസന്നിധിയിലേക്കു വിളിക്കപ്പെട്ടു.

പാലാ മീനച്ചിൽ പാണ്ടികശാല മുതൽപിടിക്കാരനായ ചെറിയാൻ മാപ്പിള-ബ്രിജിത്താ ദമ്പതിമാരുടെ രണ്ടാമത്തെ പുത്രനാണ് ഫാ. അലക്സാണ്ടർ കട്ടക്കയം (വലിയ ചാണ്ടിയച്ചൻ 1828-1909). 1845-ൽ ലുഡ്വിക്കസ് മെത്രാനിൽ നിന്ന് ആസ്തപ്പാടുപട്ടം സ്വീകരിച്ചു. 1851-ൽ മാന്നാനം സെമിനാരിയിൽ പ്രവേശിച്ചു. 1853 മാർച്ച് 12-നായിരുന്നു പൗരോഹിത്യ സ്വീകരണം. 1855 ഡിസംബർ എട്ടാംതീയതി സന്ന്യാസ വ്രതം സ്വീകരിച്ചു. മികച്ച വചനപ്രഘോഷകനായി ഖ്യാതി നേടി. തോപ്പിലച്ചനോടൊപ്പം റോക്കോസ് ശീശ്മയ്ക്കെതിരേയും പിൽക്കാലത്ത് മേലൂസ് ശീശ്മക്കെതിരേയും വിജയകരമായി പോരാടി. ഇക്കാലഘട്ടങ്ങളിൽ എതിർപക്ഷത്തിന്റെ പീഡനങ്ങൾ സഹിക്കേണ്ടി വന്നു. സഭയുടെ പ്രധാന ധ്യാനഗുരുക്കന്മാരിൽ ഒരാളായി ഖ്യാതി നേടി. അമ്പഴക്കാട് ആശ്രമം തുടങ്ങുന്നതിനു ചാവറയച്ചനോടൊപ്പം പ്രവർത്തിച്ചു. മുത്തോലി ആശ്രമത്തിന്റെ ആരംഭകാലത്ത് പോരൂക്കര ഏലീശാച്ചനോടൊപ്പവും പ്രവർത്തിച്ചിട്ടുണ്ട്. മുത്തോലിയിൽ സി.എം.സി. മഠം സ്ഥാപിക്കുന്നതിനു ഫണ്ട് ഉണ്ടാക്കുവാൻ സഹകരിച്ചു. 1877 കാലഘട്ടത്തിൽ നിയമാവലി രൂപവത്ക്കരണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചു. 1902-ൽ വലിയ ചാണ്ടിയച്ചൻ സി.എം.ഐ. സഭയുടെ ആദ്യത്തെ ഏതദ്ദേശീയ ജനറാളായി. 1905-ൽ വീണ്ടും ജനറാളായി.

അച്ചൻ തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രായം ചെന്നവർക്കു മാത്രമല്ല കുട്ടികൾക്കു വേണ്ടിയും ധ്യാനങ്ങൾ നടത്തിയിട്ടുണ്ട്. മക്കളെ വളർത്തുന്ന കാര്യത്തിൽ മാതാപിതാക്കൾക്കു നിർദേശങ്ങൾ നൽകുന്നതിൽ തത്പരനായിരുന്നു. ഉജ്വല സംഘാടകനായിരുന്നു. ദീപിക ദിനപത്രത്തിന്റെ ഉത്ഭവത്തിലും പങ്കുവഹിച്ചു. ലെയോ പതിമൂന്നാമൻ മാർപാപ്പ 1892-ൽ മിഷനറി അപ്പസ്തോലിക് എന്ന ബഹുമതി നൽകി ആദരിച്ചു. 1903-ൽ പൗരോഹിത്യ സുവർണജൂബിലി ആഘോഷിക്കാൻ അവസരം കിട്ടി. ആ അവസരത്തിൽ മാർപാപ്പ

യിൽ നിന്ന്  കീർത്തിമുദ്ര ലഭിച്ചു. 1909 ഒക്ടോബർ ഏഴിനു കർത്താവിൽ നിദ്ര പ്രാപിച്ചു.

രാമപുരം കണിയാരകത്ത് കർഷകനായ ചാക്കോയുടെ മകനാണ് മാണി കണിയാരകത്ത്. 1823 ഫെബ്രുവരി 15-നു ജനിച്ചു. ബുദ്ധിമാനും മതാനുഷ്ഠാനങ്ങളിൽ തത്പരനുമായ കൊച്ചുമാണിയുടെ കഴിവുകൾ മനസ്സിലാക്കി പാലാ പുത്തൻപള്ളി വികാരിയും പള്ളി കമ്മിറ്റിക്കാരും വൈദികനാകാൻ തിരഞ്ഞെടുത്തു. പുരോഹിതനായിക്കഴിഞ്ഞ് 1845-നു ശേഷം മാന്നാനത്ത് എത്തിയെന്നാണ് കരുതുന്നത്. 1855 ഡിസംബർ എട്ടിനു സന്ന്യാസ വ്രതം സ്വീകരിച്ചു. അങ്കമാലി പള്ളിയിൽ സേവനം ചെയ്തപ്പോഴുണ്ടായ പ്രശ്നങ്ങളും മെത്രാൻ സന്ന്യാസ സഭയിൽ നിന്ന് മാണിയച്ചനെ പുറത്താക്കിയതും മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. റോക്കോസ് ശീശ്മയുടെ കാലത്ത് ശീശ്മയെ പിന്തുണച്ചെങ്കിലും പിന്നീട് മാതൃ സഭയിലേക്കു തിരിച്ചുവന്നു. തുടർന്നു പാല ളാലം പള്ളിയിലും രാമപുരം പള്ളിയിലും വികാരിയായി സേവനം ചെയ്തു. 1911 മാർച്ച് 11-ന് ദിവംഗതനായി. സി.എം.ഐ. സഭയുടെ ഏഴ് വ്യാകുലങ്ങളുടെ നിരയിലെ എട്ടാമത്തെ വ്യാകുലമായി കണിയാരകത്തച്ചനെ കാണുന്ന സഭാചരിത്രകാരന്മാരുണ്ട്.

സി.എം.ഐ. സഭയുടെ ഈ ആദ്യ പിതാക്കന്മാർക്കു സമൂഹത്തിൽ ഉന്നതമായ സ്ഥാനം കല്പിക്കപ്പെട്ടിരുന്നു. തിരുവിതാംകൂറിലെ ശ്രീമൂലം തിരുനാൾ മഹാരാജാവിനെ വലിയചാണ്ടിയച്ചൻ ഇടയ്ക്കിടയ്ക്ക് സന്ദർശിച്ചിരുന്നു. യാത്ര പറയുന്ന അവസരത്തിൽ 'മുനിയെ താമസിയാതെ കാണാൻ ആഗ്രഹമുണ്ട്' എന്നു മഹാരാജാവ് പറയുക പതിവായിരുന്നു.[7] ഭാരത സംസ്കാരത്തിൽ മഹർഷിമാർക്കുള്ള സ്ഥാനമാണ് മഹാരാജാവ് വലിയ ചാണ്ടിയച്ചനു നൽകിയിരുന്നത്. മഹാരാജാവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നതുപോലെ സന്ന്യാസ ജീവിതത്തെ ഋഷിതുല്യമായ ജീവിതമാക്കി മാറ്റാൻ പരിശ്രമിച്ചവരാണ് സി.എം.ഐ. സഭയിലെ ആദ്യ പിതാക്കന്മാർ.

### സൂചിത രേഖകൾ


1. ബർണാർദ് T.O.C.D.,
   *സി.എം.ഐ. സഭ ആദ്യ ദശകങ്ങളിൽ,* പേജ് 8.

2,3. ജോസ് കുറിയേടത്ത് സി.എം.ഐ.,
   *സി.എം.ഐ. കാരിസം: ഉത്ഭവവും വളർച്ചയും,* C.M.I. Constitution Retreat, പേജ് 50,51.

4. ബർണാർദ് T.O.C.D.,
*സി.എം.ഐ. സഭ ആദ്യ ദശകങ്ങളിൽ,* പേജ് 27.
5. ഫാ. ബർണാർദ് T.O.C.D.,
*സി.എം.ഐ. സഭ ആദ്യ ദശകങ്ങളിൽ* പേജ് 37.
6. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,
*മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 75.
7. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.,
*മലയിൽ വിരിഞ്ഞ പൂക്കൾ,* പേജ് 163.

09

# താപസ ഭവനങ്ങളും സാഹിത്യ സംഭാവനകളും

**കേ**രള ചരിത്രത്തിൽ സാമൂഹിക നവോത്ഥാനത്തിനു തുടക്കം കുറിച്ച കാലഘട്ടമാണ് പത്തൊൻപതാം നൂറ്റാണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ സംഭാവനകളായി ചൂണ്ടിക്കാണിക്കാവുന്ന പല പുരോഗമന ചിന്താധാരകളും ഉറവയെടുത്തതു പത്തൊൻപതാം നൂറ്റാണ്ടിലാണ്. അവയോടു ചേർത്തു വായിക്കുമ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സി.എം.ഐ. സഭ ജന്മം കൊണ്ടതിനു ശേഷം സുറിയാനി കത്തോലിക്കരുടെ ഇടയിൽ നവോത്ഥാനത്തിനു തുടക്കമായി എന്നു നിസംശയം പറയാം. ആധ്യാത്മിക രംഗത്തും വിദ്യാഭ്യാസ മണ്ഡലത്തിലും അച്ചടിയിലും പത്രപ്രവർത്തനത്തിലും നേതൃത്വ പരിശീലനത്തിലും (വൈദിക പരിശീലനം) സമത്വാധിഷ്ഠിതമായ സാമൂഹിക സമീപനത്തിലും സ്ത്രീശാക്തീകരണത്തിലും മറ്റും സി.എം.ഐ. സ്ഥാപക പിതാക്കന്മാരും ആദ്യപിതാക്കന്മാരും പിൻതലമുറയും വളരെ പ്രസക്തങ്ങളായ ഇടപെടലുകൾ നടത്തിയ കാലഘട്ടമാണ് പത്തൊൻപതാം നൂറ്റാണ്ട്. സന്ന്യാസ സമൂഹത്തിന്റെ ചട്ടക്കൂടുകളുടെ പരിമിതികൾ ഉണ്ടായിരുന്നതിനാൽ പൊതുസമൂഹത്തിലെ അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരേ നേരിട്ട് ഇടപെടുന്നതിന് അവർ ശ്രമിച്ചിരുന്നില്ല.പക്ഷേ അവരുടെ ഓരോ പരിശ്രമങ്ങളും കേരള സമൂഹത്തിന്റെ നവോത്ഥാനത്തെ സഹായിച്ചിട്ടുണ്ട്.

ഇന്ത്യയിൽ നവോത്ഥാനം പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ബംഗാളിൽ ആരംഭിച്ച് മഹാരാഷ്ട്രയിലേക്കും പഞ്ചാബിലേക്കും മറ്റും വ്യാപിച്ചശേഷം 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ് കേരളത്തിലെത്തിയത്.[1] ഇതിനു പശ്ചാത്തലം ഒരുക്കിയതിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പങ്ക് വലുതായിരുന്നു. ചാവറയച്ചനിലൂടെ സി.എം.ഐ. സഭ വഹിച്ച പങ്കും ചെറുതായി

രുന്നില്ല. 1846-ൽ മാന്നാനത്ത് കത്തോലിക്കാസഭയുടെ ആദ്യ പ്രസും സംസ്കൃത സ്കൂളും ഇതര സ്കൂളും ആരംഭിച്ചത് വിസ്മരിക്കാനാവില്ല. 1855 ഡിസംബർ എട്ടിനാണ് ചാവറയച്ചൻ ഉൾപ്പെടെയുള്ള പതിനൊന്നു പിതാക്കന്മാർ സന്ന്യാസവ്രതം സ്വീകരിച്ചത്. ഇതിന് ഒരു വർഷം മുമ്പാണ് ചട്ടമ്പി സ്വാമി ജനിച്ചത് (1854-1924). ഒരു വർഷം കഴിഞ്ഞായിരുന്നു ശ്രീനാരായണഗുരുവിന്റെ ജനനം (1856-1928). ഇവർ രണ്ടുപേരുടെയും യോഗശാസ്ത്രഗുരുവായിരുന്നു അയ്യാവു സ്വാമി. വേദാധികാര നിരൂപണം എന്ന കൃതിയിലൂടെ ബ്രാഹ്മണ മേധാവിത്വത്തിനു പ്രഹരമേല്പിച്ച ധിഷണശാലിയാണു ചട്ടമ്പിസ്വാമി. ജാതിരഹിതമായ ഒരു സമൂഹം സൃഷ്ടിക്കുകയായിരുന്നു ശ്രീനാരായണഗുരുവിന്റെ ലക്ഷ്യം. സി.എം.ഐ. സഭയിലെ പിതാക്കന്മാർക്കും അയ്യാവു സ്വാമി, ചട്ടമ്പി സ്വാമി, ശ്രീനാരായണഗുരു എന്നിവർക്കും പൊതുവായുള്ള കാര്യം അവർ സന്ന്യാസിമാരായിരുന്നു എന്നതാണ്. ഈ സന്ന്യാസിമാരാണ് കേരളീയ സമൂഹത്തിൽ നവോത്ഥാനം സംജാതമാക്കാൻ വലിയ സംഭാവനകൾ നൽകിയത്.

കാതലായ മാറ്റത്തിന്റെ കാര്യങ്ങൾ ആത്മീയ പരിവേഷത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ സ്വീകാര്യമാകുന്ന രാജ്യമാണ് ഭാരതം. സ്വാതന്ത്ര്യ സമരത്തിൽ മഹാത്മജി അറിഞ്ഞു പ്രയോഗിച്ചിട്ടുള്ള തത്വമാണിത്. സന്ന്യാസിതുല്യമായ മഹാത്മജിയുടെ ജീവിതവും രാമരാജ്യം പോലുള്ള പുരാണോത്പന്നങ്ങളായ സമീപനങ്ങളും സ്വാതന്ത്ര്യസമരത്തിനു ആത്മീയ മാനം നൽകി. അതിനാൽ സർവതും ത്യജിച്ച് ജീവത്യാഗം ചെയ്യാനും സന്നദ്ധരായി ഭാരതീയർ ഗാന്ധിജിയെ പിൻചെന്നു. 1855-നെ നാഴികക്കല്ലായി പരിഗണിച്ചുകൊണ്ട് പത്തൊൻപതാം നൂറ്റാണ്ടിലെ പ്രധാന സംഭവങ്ങളെ വിലയിരുത്തുകയും സി.എം.ഐ. സഭയുടെ വിവിധ ആശ്രമങ്ങളുടെ തുടക്കം അവയോടു ചേർന്ന് പരിശോധിക്കുകയുമാണ് ഈ അധ്യായത്തിൽ.

1857-ൽ വികാരി അപ്പസ്തോലിക്ക ബെർണർഡിൻ ബച്ചിനെല്ലി കൂനമ്മാവിൽ ലത്തീൻ കത്തോലിക്കർക്കായി ഒരു സന്ന്യാസാശ്രമം സ്ഥാപിച്ചു. തിരുവിതാംകൂറിലെ ചാന്നാർ കലാപങ്ങളിൽ ഏറ്റവും രൂക്ഷമായതിനു തുടക്കം കുറിച്ച വർഷം കൂടിയാണിത്. സവർണ ജാതിയിൽ പെട്ടവരെപ്പോലെ മാറ് മറയ്ക്കാനോ, അന്തസായി വസ്ത്രം ധരിക്കാനോ, ആഭരണങ്ങൾ അണിയാനോ, കീഴ്ജാതിക്കാരായ സ്ത്രീകൾക്ക് അവകാശമില്ലായിരുന്നു. ക്രിസ്തുമതം സ്വീകരിച്ച തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ വിഭാഗക്കാർ ഇതിനെതിരേ ആദ്യമൊക്കെ നിവേദനങ്ങൾ കൊടുക്കുകയും

പിന്നീട് കലാപം ആരംഭിക്കുകയും ചെയ്തു. 1814-ലും 1829-ലും കലാപങ്ങളുണ്ടായി. തിരുവിതാംകൂർ മഹാരാജാവ് 1868-ൽ നടത്തിയ വിളംബരത്തിനു ശേഷമാണ് ചാന്നാർ വിഭാഗം പോലുള്ള ജനങ്ങൾക്കു വസ്ത്രധാരണ കാര്യത്തിൽ പൂർണമായ അവകാശം ലഭിച്ചത്. കേരളസമൂഹം ഇങ്ങനെ മെല്ലെ മാറ്റത്തിനു വിധേയമാകുമ്പോൾ അച്ചടി, പത്രപ്രവർത്തനം, കാരുണ്യ കർമങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങിയവയിലൂടെ പ്രത്യക്ഷ സംഭാവനകൾ നൽകിക്കൊണ്ടും പരോക്ഷ സ്വാധീനം പകർന്നുകൊണ്ടും സി. എം.ഐ. സഭയും വളരുകയായിരുന്നു.

കൂനമ്മാവ് കൊവേന്തയ്ക്കു ശേഷം 1858-ൽ എൽത്തുരുത്ത് ആശ്രമം സ്ഥാപിതമായി. പ്ലാശനാൽ ആശ്രമം ഏറ്റെടുത്തതും അതേ വർഷമാണ്. 1859-ൽ വാഴക്കുളം ആശ്രമത്തിന്റെ ശിലാസ്ഥാപനം നടന്നു. പുളിങ്കുന്നിലെ ആശ്രമം ആരംഭിച്ചത് 1862-ലാണ്. 1868-ൽ കോട്ടയ്ക്കൽ (അമ്പഴക്കാട്) ആശ്രമത്തിനു തുടക്കം കുറിച്ചു. 1870-ൽ മുത്തോലി ആശ്രമം തുടങ്ങി. 1883-ൽ ചെത്തിപ്പുഴ ആശ്രമത്തിനു ശിലയിട്ടു. മുത്തോലി ആശ്രമം ഉൾപ്പെടെയുള്ള ഏഴ് ആശ്രമങ്ങൾ ചാവറയച്ചൻ ജീവിച്ചിരിക്കുമ്പോൾ യാഥാർഥ്യമായി. ഈ താപസ ഭവനങ്ങളുടെ സ്ഥാപനങ്ങളിൽ ചാവറയച്ചന്റെ വിശുദ്ധമായ കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്.

ലെയോ പതിമൂന്നാമൻ മാർപാപ്പ 1887 മേയ് 20-നു സുറിയാനി കത്തോലിക്കർക്കു വേണ്ടി തൃശൂർ വികാരിയാത്തും കോട്ടയം വികാരിയാത്തും സ്ഥാപിച്ചു. മോൺ. അഡോൾഫ് മെഡലിക്കോട്ട് തൃശൂരിലെയും മോൺ. ചാൾസ് ലെവീഞ്ഞ് കോട്ടയത്തെയും വികാരി അപ്പസ്തോലിക്കമാരായി. സീറോ മലബാർ സഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ കാലഘട്ടം കേരളത്തിന്റെ പൊതു ചരിത്രത്തിലും പ്രധാനപ്പെട്ടതാണ്. ഏതാനും മാസങ്ങൾ കഴിഞ്ഞ് 1888-ൽ ശ്രീനാരായണഗുരു അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി. പള്ളികളിലൂടെയും അവയോടു ചേർന്നുള്ള പള്ളിക്കൂടങ്ങളിലൂടെയും പുരോഗതി പ്രാപിച്ചുകൊണ്ടിരുന്ന ക്രൈസ്തവ സമുദായം ഗുരുവിനെ പ്രചോദിപ്പിച്ചിട്ടുണ്ട്. 'സംഘടന കൊണ്ട് ശക്തരാവുക', 'വിദ്യകൊണ്ട് സ്വതന്ത്രരാകുക' എന്നീ ആഹ്വാനങ്ങൾ അദ്ദേഹം ഉയർത്തിയത് ഈ പ്രചോദനത്തിലാണ്[2].

വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ബർണർഡിൻ ബച്ചിനെല്ലി മാന്നാനത്തുള്ളതുപോലെ ഒരു സന്ന്യാസാശ്രമം ലത്തീൻകാർക്കും ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടെ 1857-ൽ കൂനമ്മാവിൽ ഒരു ആശ്രമം സ്ഥാപിച്ചുവെന്ന് മുമ്പു സൂചിപ്പിച്ചു. മൂന്നു സ്വദേശി വൈദികരെയും അവരുടെ സുപ്പീരിയറായി ഒരു വിദേശി

വൈദികനെയും സന്ന്യാസ ജീവിതം തുടങ്ങാനായി അവിടേക്കു നിയോഗിച്ചു. അവർക്കു നിർദിഷ്ട രീതിയിലുള്ള സന്ന്യാസ ജീവിതം നയിക്കാൻ കഴിയാതെ വന്നപ്പോൾ മറ്റു മിഷനറിമാരോട് ആലോചിച്ചശേഷം ബിഷപ്പ് ചാവറയച്ചനോട് ഈ ആശ്രമം ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചു. അവിടേക്ക് അയയ്ക്കേണ്ടവരുടെ പേരുകളും അദ്ദേഹം നിർദേശിച്ചിരുന്നു. അതിൽ ഫാ. മത്തായി കളപ്പുരയ്ക്കലിനു പകരം അയയ്ക്കപ്പെട്ടത് കാനാട്ടു പൗലോസ് ശെമ്മാശ്ശനായിരുന്നു. മുഞ്ഞനാട്ട് മത്തായിയച്ചൻ, പാറപ്പുറത്തു വർക്കി ശെമ്മാശ്ശൻ, തോപ്പിൽ ചാണ്ടിപ്പിള്ള ശെമ്മാശ്ശൻ എന്നിവരായിരുന്നു കാനാട്ടു ശെമ്മാശ്ശനു പുറമെ നിയോഗിക്കപ്പെട്ടവർ. മുഞ്ഞനാട്ടച്ചനെ ആശ്രമത്തിന്റെ സുപ്പീരിയറായി ചാവറയച്ചൻ നിയമിച്ചു. താമസിയാതെ കുത്തിയതോടുനിന്ന് ഫാ. പൗലോസും കോന്തുരുത്തിയിൽ നിന്ന് ഫാ. ജേക്കബ് കാനാട്ടും ഈ ആശ്രമത്തിൽ അംഗങ്ങളായെത്തി. അങ്ങനെ മൊത്തം ആറുപേരുമായി സന്ന്യാസ ജീവിതം മുന്നേറി.

സി.എം.ഐ. സഭയുടെ ചരിത്രത്തിൽ കൂനമ്മാവ് ആശ്രമത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. വിശുദ്ധ ചാവറയച്ചൻ ഈ ലോക ജീവിതത്തിന്റെ അവസാന ഏഴു വർഷങ്ങൾ ചെലവഴിച്ചതും സ്വർഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടതും ഇവിടെയാണ്. ഈ ആശ്രമം നൊവിഷ്യേറ്റ് ഭവനവുമായിരുന്നു. ലിയോപോൾദ് മിഷനറിയായിരുന്നു നൊവിസ് മാസ്റ്റർ. സീറോ മലബാർ സഭാംഗങ്ങളെ വരാപ്പുഴ വികാരിയത്തിനു കീഴിൽ നിന്നു സ്വതന്ത്രമാക്കിയപ്പോൾ റോമിൽ നിന്നുള്ള തീരുമാനപ്രകാരം 1889–ൽ വിശുദ്ധ ഫിലോമിനയുടെ നാമത്തിലുള്ള പള്ളിയും ആശ്രമവും വരാപ്പുഴ ലത്തീൻ വികാരിയാത്തിനു വിട്ടുകൊടുത്തുകൊണ്ട് സി.എം.ഐ. സഭാംഗങ്ങൾ കോട്ടയ്ക്കൽ (അമ്പഴക്കാട്) ആശ്രമത്തിലേക്കു പോന്നു. 1889 മാർച്ച് ഒമ്പതിനായിരുന്നു ഈ ഒഴിഞ്ഞുപോക്ക്. പിന്നീട് തൃശൂർ വികാരി അപ്പസ്തോലിക്കയായ അഡോൾഫ് മെഡ്ലിക്കോട്ടിന്റെ പിന്തുണയോടെ രണ്ടു വൈദികരും ഒരു തുണ സഹോദരനും കൂനമ്മാവിലേക്കു തിരിച്ചുവന്ന് അവിടെ മുമ്പു വാങ്ങിയിരുന്ന സ്ഥലത്തു താമസമാരംഭിച്ചു. സി.എം.സി. കന്യാസ്ത്രീകളുടെ ആത്മീയാവശ്യങ്ങൾ നിർവഹിച്ചു കൊടുത്തും വസ്തുവകകൾ നോക്കി നടത്തിയും അവർ ആശ്രമജീവിതം നയിച്ചു.

1858 ഫെബ്രുവരി രണ്ടാംതീയതി ചാവറയച്ചൻ തൃശൂരിലെ എലവത്തുരുത്തിൽ സെന്റ് മേരീസ് ആശ്രമത്തിനും പള്ളിക്കും അടിസ്ഥാനമിട്ടു. എലവുമരങ്ങൾ നിറഞ്ഞ തുരുത്തിനെ ഏൽ തുരുത്ത് (ദൈവത്തിന്റെ തുരുത്ത്) ആക്കി ജ്ഞാനസ്നാനപ്പെടു

ത്തിയത് ചാവറയച്ചനാണ്. ഏൽ തുരുത്ത് കാലക്രമത്തിൽ എൽത്തുരുത്തായി. ഇവിടെ ആശ്രമജീവിതം ആരംഭിച്ചതോടെ കണ്ടശ്ശാങ്കടവ് വടക്കേത്തല തോട്ടുങ്കൽ അന്തോണിയച്ചൻ കണ്ട സ്വപ്നമാണ് സഫലമായത്. 1839-ൽ അദ്ദേഹം മാന്നാനം ആശ്രമത്തിൽ ചെന്ന് വാർഷിക ധ്യാനം നടത്തുകയും മൂന്നുമാസം താമസിക്കുകയും ചെയ്തു. തൃശൂർ ഭാഗത്തും ഇതുപോലെ ഒരു ആശ്രമം ഉണ്ടാവണമെന്ന ആഗ്രഹത്തോടെയാണ് അദ്ദേഹം തിരിച്ചു വന്നത്. അതിനായി നടത്തിയ നീക്കങ്ങൾക്കിടയിൽ 1852 ഏപ്രിലിൽ അന്തോണിയച്ചൻ അന്തരിച്ചു.

ശിലാസ്ഥാപനത്തിനുശേഷം പണി പുരോഗമിച്ചെങ്കിലും റോക്കോസ് ശീശ്മയുടെ കാലത്ത് മുടങ്ങി. അതിനാൽ എൽത്തുരുത്തിൽ മുറപ്രകാരമുള്ള ആശ്രമജീവിതം തുടങ്ങാനായത് 1864-ൽ ആണ്. ഫാ. ഗീവർഗീസ് തോപ്പിൽ, ഫാ. അഗസ്റ്റിൻ കടവിൽ, രണ്ട് യോഗാർത്ഥികൾ എന്നിവരാണ് ആദ്യത്തെ അന്തേവാസികൾ. 1866-ൽ സെമിനാരി തുടങ്ങി. റോക്കോസ് ശീശ്മയുടെ കാലത്ത് ചാവറയച്ചന്റെ ആധ്യാത്മിക നേതൃത്വത്തിൽ തോപ്പിൽ ഗീവർഗീസച്ചൻ, കട്ടക്കയം വലിയചാണ്ടിയച്ചൻ എന്നിവർ കഠിനമായി അധ്വാനിച്ച് ശീശ്മയ്ക്കെതിരേ വിജയം നേടി. ശീശ്മക്കാരായ വൈദികർ എൽത്തുരുത്ത് ആശ്രമത്തിലെ സന്യാസ വൈദികരെ പല രീതിയിൽ ബുദ്ധിമുട്ടിച്ചുവെന്നത് ഖേദകരമായ സത്യമാണ്.

1874-ൽ കേരള സഭയെ പിടിച്ചു കുലുക്കിയ മേലൂസ് ശീശ്മയ്ക്കെതിരേ പോരാടുന്നതിനും എൽത്തുരുത്ത് ആശ്രമാംഗങ്ങൾ മുന്നിട്ടു നിന്നു. മേലൂസ് ശീശ്മയുടെ കാലമായപ്പോഴേക്കും ചാവറയച്ചൻ ദിവംഗതനായിരുന്നു. എൽത്തുരുത്ത് ആശ്രമാംഗങ്ങളായ കാപ്പിൽ മറിയം മത്തായി അച്ചൻ, കട്ടക്കയം വലിയചാണ്ടിയച്ചൻ, പാലാക്കുന്നേൽ ചാക്കോച്ചൻ തുടങ്ങിയവരാണ് മേലൂസിനെതിരെ പട നയിച്ചത്.

മേലൂസ് ശീശ്മ സൃഷ്ടിച്ച കുഴപ്പങ്ങൾ കെട്ടടങ്ങിയശേഷം സ്വദേശി മെത്രാന്മാരെ ലഭിക്കുവാനുള്ള സുറിയാനിക്കാരുടെ ശ്രമങ്ങൾ ശക്തമായി. അവർ അയച്ചിരുന്ന അപേക്ഷകളുടെ ഗൗരവം ബോധ്യപ്പെട്ട മാർപാപ്പ കാര്യങ്ങൾ നേരിട്ടന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ ബോംബെ വികാരി അപ്പസ്തോലിക്കയായ ലെയോ മെവുറിൻ മെത്രാനെ വിസിറ്ററായി നിയമിച്ചു. 16 മാസത്തോളം കേരളത്തിലുണ്ടായിരുന്ന മെത്രാൻ അധികവും എൽത്തുരുത്ത് ആശ്രമത്തിലാണു ചെലവഴിച്ചത്. മെവുറിൻ മെത്രാന്റെ ദ്വിഭാഷിയായി പ്രമുഖനായ നിധീരിക്കൽ മാണിക്കത്തനാർ എൽത്തുരുത്ത് ആശ്രമത്തിൽ താമസിച്ചിരുന്നു. ഇടവക വൈദികനായ അദ്ദേഹം

1876 ജനുവരി രണ്ടിനു മാന്നാനം ആശ്രമ ദൈവാലയത്തിലാണ് പ്രഥമ ദിവ്യബലി അർപ്പിച്ചത്.

തൃശൂർ വികാരിയാത്ത് സ്ഥാപിക്കാനുള്ള ബൂള വത്തിക്കാനിൽ നിന്ന് അയച്ചുകൊടുത്തത് എൽത്തുരുത്ത് ആശ്രമാധിപനാണ് എന്ന വസ്തുത ഈ ആശ്രമത്തിന്റെ ചരിത്രപരമായ പ്രാധാന്യം വ്യക്തമാക്കുന്നു. തൃശൂർ വികാരിയാത്തിന്റെ പ്രഥമ സാരഥിയായ അഡോൾഫ് മെഡ്ലിക്കോട്ടിന് ആദ്യ ഔദ്യോഗിക സ്വീകരണം ഒരുക്കിയതും ഇവിടെയാണ്.

രണ്ടു വർഷം മാത്രം (1858–'60) നിലനിന്ന പ്ലാശനാൽ ആശ്രമം നാടകീയത നിറഞ്ഞ സംഭവങ്ങളുടെ മൂകസാക്ഷിയായിരുന്നു. മാന്നാനത്തെ ഭക്താനുഷ്ഠാനങ്ങളിൽ പ്രത്യേകിച്ച്, വെള്ളിയാഴ്ച കളിൽ മൂന്നു മണിക്ക് നടത്തിയിരുന്ന 'കുരിശിന്റെ വഴി പ്രാർത്ഥന' യിൽ പങ്കെടുക്കാൻ പാലായിൽ നിന്നു വന്നിരുന്ന യുവാവാണ് കുടക്കച്ചിറ അന്തോണി. സന്ന്യാസ ജീവിതത്തോട് ആഭിമുഖ്യം തോന്നിയ അന്തോണി മാന്നാനത്തു വൈദിക വിദ്യാർഥികളോ ടൊപ്പം താമസിക്കാൻ തുടങ്ങി. ചാവറയച്ചൻ രേഖപ്പെടുത്തിയി ട്ടുള്ളതുപോലെ അന്തോണി ഉപവാസത്തിലും പാട്ടിലും ചിത്രര ചനയിലും സാഹിത്യത്തിലും സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും മാത്രമല്ല വഴക്കു കൂടുന്നതിലും സമർത്ഥനായിരുന്നു. ഈ കഴിവിന്റെ കയ്പ് സ്ഥാപക പിതാക്ക ന്മാരും രുചിക്കേണ്ടി വന്നു.

ഒരു ധ്യാനത്തിനു ശേഷം പോരൂക്കര മല്പാൻ സന്ന്യാസ വൈദിക ജീവിതം തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നവർക്കും വൈദിക ജീവിതം തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നവർക്കും അതിനുള്ള ഒരവസരം കൂടി കൊടുത്തു. സന്ന്യാസ വൈദിക ജീവിതം തിരഞ്ഞെടുത്തവരെ ഒരുമിച്ച് ഒന്നാം നിലയിലും വൈദിക ജീവിതം തിരഞ്ഞെടുത്തവരെ താഴത്തെ നിലയിൽ തന്നെ തുടർന്നും താമസിപ്പിച്ചു. താഴത്തെ നിലയിൽ താമസിച്ചി രുന്നവർക്ക് ഇതൊരവഗണനയായി തോന്നി. കുടക്കച്ചിറ അന്തോ ണി ഈ തോന്നൽ മെല്ലെയൂതി വൈദിക വിദ്യാർഥികളുടെ മനസ്സുകളിൽ ജ്വാലയാക്കി. വൈദിക വിദ്യാർഥികൾ പാലയ്ക്കൽ മല്പാനോട് പരാതിപ്പെട്ടു. ആ വിഭജനം വേണ്ടിയിരുന്നില്ലെന്നാണ് പാലയ്ക്കൽ മല്പാന്റെ മനോഗതമെന്നു ചാവറയച്ചനു മനസ്സിലാ യി. പക്ഷേ, പരാതി താൻ കാര്യമായി പരിഗണിക്കുന്നില്ലെന്നാണ് മല്പാൻ പറഞ്ഞത്. അതിനാൽ പോരൂക്കരയച്ചന്റെ തീരുമാനപ്ര കാരം തന്നെ കാര്യങ്ങൾ തുടർന്നു. പിന്നീട് തനിക്കു സന്ന്യാസ വൈദികനാകാൻ അവസരം നൽകണമെന്നു കൂടക്കച്ചിറ

അന്തോണി അഭ്യർഥിച്ചെങ്കിലും പോരൂക്കരയച്ചൻ അനുകൂലമായി പ്രതികരിച്ചില്ല. അതിനാൽ അന്തോണി മാന്നാനം വിട്ടുപോയി. താൻ ഒരു ആശ്രമം ആരംഭിക്കുമെന്നു വെല്ലുവിളിയുടെ സ്വരത്തിൽ പറഞ്ഞിട്ടാണ് പോയത്. അദ്ദേഹം പാലായിൽ കട്ടക്കയം യൗസേപ്പ് മല്പാന്റെ കീഴിൽ പഠിച്ച് ലുഡ്‌വിക്കസ് മെത്രാനിൽ നിന്ന് പട്ട മേറ്റ് വൈദികനായി. തുടർന്ന് അരുവിത്തുറ പള്ളി വികാരിയായി മെത്രാൻ നിയമിച്ചു.

കുടക്കച്ചിറ അച്ചൻ അരുവിത്തുറ പള്ളി പ്ലാശനാലിൽ നൽകിയ സ്ഥലത്ത് ചെറിയ ഭവനം പണിത് ആശ്രമത്തിനു തുട ക്കമിട്ടു. ഏതാനും വൈദികരും ശെമ്മാശ്ശന്മാരും ഒപ്പം ചേർന്നു. ഈജിപ്റ്റിലെ വിശുദ്ധ അന്തോണിയുടെ മാതൃക പിന്തുടർന്നു ള്ളതായിരുന്നു സന്ന്യാസ ജീവിതം. കേരളത്തിലേക്ക് ഒരു സുറി യാനി മെത്രാനെ കിട്ടുന്നതിനു വേണ്ടി ബാഗ്ദാദിലേക്കു നടത്തിയ യാത്രയെ തുടർന്നു കുടക്കച്ചിറ അന്തോണിയച്ചനും ഇല്ലിക്കല ച്ചനും ശെമ്മാശ്ശന്മാരിൽ പലരും മരണമടഞ്ഞു. പ്ലാശനാലിൽ ഫാ. തോമസ് മുണ്ടമറ്റം മാത്രമായി. ഈ ഭവനം മാന്നാനം സമൂഹ ത്തിന്റെ ഒരു ആശ്രമമാക്കി മാറ്റുവാൻ വികാരി അപ്പസ്തോലിക്ക ബെർണർഡിൻ ബച്ചിനെല്ലി ആഗ്രഹിച്ചു.

ചാവറയച്ചൻ പ്ലാശനാലിൽ സന്ദർശനം നടത്തി കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കിയശേഷം അവിടെയുണ്ടായിരുന്ന മുണ്ടമറ്റം അച്ചനെ മാന്നാനം സമൂഹത്തിലേക്കു സ്വീകരിച്ചു. മലമ്പനിയുടെ വിഹാരരംഗമായിരുന്ന ഈ പ്രദേശത്ത് ആശ്രമം സ്ഥാപിക്കുന്ന തിൽ ചാവറയച്ചന് താൽപര്യമില്ലായിരുന്നു. എന്നാൽ മെത്രാന്റെ സമ്മർദത്തിനു വഴങ്ങി 1858-ൽ കുര്യാക്കോസ് കൊച്ചുപുരയ്ക്ക ലച്ചനെ രണ്ടു ശെമ്മാശ്ശന്മാരോടൊപ്പം ഇവിടേക്കയച്ചു. കൊച്ചു പുരയ്ക്കലച്ചനെ പിന്തുടർന്ന് ഫാ. മത്തായി കളപ്പുര നിയോഗി ക്കപ്പെട്ടു. നിർഭാഗ്യവശാൽ അദ്ദേഹം മലമ്പനി ബാധിച്ച് മാന്നാനം ആശ്രമത്തിൽ അന്തരിച്ചു. പിന്നീട് പള്ളിയും വസ്തുവകകളും അരുവിത്തുറ പള്ളിക്കു തിരിച്ചു കൊടുത്ത് പ്ലാശനാലിലെ ആശ്ര മസംരംഭം അവസാനിപ്പിച്ചു.

1859-ൽ ആരക്കുഴ, മൈലക്കൊമ്പ് തുടങ്ങിയ പള്ളികളിൽ ധ്യാനം നടത്തുന്നതിനായി സി.എം.ഐ. സന്ന്യാസ സഭാംഗങ്ങ ളായ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, കട്ടക്കയം ചാണ്ടിയച്ചൻ, കാനാട്ട് യാക്കോബ് മറിയം അച്ചൻ, മടത്തുഞ്ചാലിൽ മത്തായിയ ച്ചൻ എന്നിവർ പോയി. മൈലക്കൊമ്പിൽ ധ്യാനം കഴിഞ്ഞ് ആര ക്കുഴയ്ക്ക് പോകുമ്പോൾ അവർ വാഴക്കുളത്തു നമ്പ്യാപറമ്പിൽ അച്ചന്റെ വകയായ പള്ളിയോടു ചേർന്നുള്ള ഭവനത്തിൽ രാത്രി

തങ്ങി. ഈ സ്ഥലം ആശ്രമം സ്ഥാപിക്കാൻ യോഗ്യമാണെന്നു യാക്കോബ് മറിയം അച്ചൻ അഭിപ്രായപ്പെട്ടപ്പോൾ അനുകൂലമായി നമ്പ്യാപറമ്പിൽ അച്ചൻ പ്രതികരിച്ചു. മൈലക്കൊമ്പു പള്ളിയിലെ കാനോനിക സന്ദർശനം കഴിഞ്ഞ് ആരക്കുഴയ്ക്കു പോകുമ്പോൾ ബിഷപ്പ് ബെർണർഡിൻ ബച്ചിനെല്ലിയും ഈ സ്ഥലം കണ്ടു. ഇതു ആശ്രമത്തിനു നല്ലതാണെന്ന അഭിപ്രായം ബിഷപ്പിനുമുണ്ടായി. അദ്ദേഹം ഇക്കാര്യം പ്രിയോരായ ചാവറയച്ചനെ അറിയിക്കുകയും നമ്പ്യാപറമ്പിൽ അച്ചന്റെ ദാനം സ്വീകരിക്കണമെന്നു നിർദേശിക്കുകയും ചെയ്തു. മാന്നാനത്തു നിന്നും കൂനമ്മാവിൽ നിന്നുമുള്ള വൈദികരും രണ്ട് സഹായ സഹോദരന്മാരും ഇവിടേക്കു നിയോഗിക്കപ്പെട്ടു. 1859 മേയ് 21-ന് മുറപ്രകാരം ആശ്രമജീവിതം തുടങ്ങി. കാർമ്മൽ ആശ്രമമെന്നു പേരിട്ട ബിഷപ്പ് കർമ്മലമാതാവിന്റെ മനോഹരമായ പ്രതിമ സമ്മാനിക്കുകയും ചെയ്തു.

പുതിയ പള്ളിയും ആശ്രമവും പണിയുന്നതിനുള്ള മുഴുവൻ ചെലവും വഹിക്കാമെന്നു തൈയ്ക്കാട്ടുശേരി അയ്യനാട്ടു പാറായിൽ അവിരാത്തരകൻ മെത്രാനോട് വാഗ്ദാനം ചെയ്തു. പല തവണകളായി 750 രൂപ ലഭ്യമാക്കിയശേഷം 1861-ൽ റോക്കോസ് ശീശ്മയെ ശക്തമായി പിന്തുണച്ച തരകന്റെ സഹായം നിലച്ചു. ശീശ്മയുടെ കാലത്ത്  പണി മുന്നോട്ടു പോകുന്നതിനു മറ്റു തടസങ്ങളും ഉണ്ടായെങ്കിലും ശീശ്മ ഒഴിഞ്ഞപ്പോൾ പണി പുരോഗമിച്ചു. യഥാവിധി പൂർത്തിയാവുകയും ചെയ്തു. മെത്രാനും മാന്നാനം ആശ്രമവും ധനസഹായം ചെയ്തിരുന്നു.

വിശുദ്ധ ചാവറയച്ചന്റെ ജന്മനാടായ കൈനകരിക്കടുത്തുള്ള പുളിങ്കുന്നിലെ ആശ്രമം 1862-ലാണ് സ്ഥാപിതമായത്. മുൻ വർഷം മാന്നാനം ആശ്രമാംഗങ്ങളായ വൈദികർ ഇവിടെ ധ്യാനം നടത്തിയതിനു ശേഷം ആശ്രമം വരണമെന്ന് ജനങ്ങൾ ആഗ്രഹിച്ചു. 1829ൽ വൈദികപട്ടം ഏറ്റശേഷം ചാവറയച്ചൻ ആദ്യമായി ധ്യാനം നടത്തിയത് ഇവിടെയാണ്. 1861-ലെ ധ്യാനത്തിനു ശേഷം ബെർണർഡിൻ മെത്രാന്റെ കാനോനിക സന്ദർശനത്തിന്റെ അവസരത്തിൽ ആശ്രമം സ്ഥാപിക്കപ്പെടുന്ന കാര്യത്തിലുള്ള താൽപര്യം വിശ്വാസികൾ അദ്ദേഹത്തെ ധരിപ്പിച്ചു. വിശുദ്ധ സെബസ്ത്യാനോസിന്റെ പേരിലുള്ള ചാപ്പലും ചുറ്റുമുള്ള സ്ഥലവും സൗജന്യമായി വിട്ടുകൊടുക്കാനുള്ള സന്നദ്ധതയും അവർ അറിയിച്ചു. ഇടവക ജനങ്ങളുടെ അപേക്ഷ സ്വീകാര്യമായി കരുതിയ മെത്രാൻ ആശ്രമം തുടങ്ങാനുള്ള അനുവാദം നൽകി.

ആശ്രമത്തിന് ആവശ്യമായ നിർമാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഫാ. സ്കറിയ യൗസേപ്പ് തട്ടാച്ചേരിൽ, ഫാ. യൗസേപ്പ്

മറിയം മണക്കുന്നേൽ, മിഷനറി വൈദികനായ ജോസഫ് ഏലിയാസ് എന്നിവർ നിയോഗിക്കപ്പെട്ടു. ഇവർ നിർമാണ പ്രവർത്തനങ്ങൾക്കായി സംഭാവന പിരിക്കുകയും വൈദിക കർമങ്ങൾ നടത്തുകയും ചെയ്തിരുന്നു.

ഇവിടത്തെ വൈദികർ കിഴക്കൻ പ്രദേശങ്ങളിൽ ധ്യാനത്തിനു നിയുക്തരായപ്പോൾ എൽത്തുരുത്തിൽ നിന്ന് ഫാ. ഗീവർഗീസ് തോപ്പിൽ 1864 -ൽ ഇവിടേക്ക് നിയോഗിക്കപ്പെട്ടു. 1866-ൽ ആശ്രമത്തിന്റെ പണി പൂർത്തിയായി.[3] മാന്നാനത്തിനു ശേഷം സി.എം.ഐ. സഭയിൽ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചത് പുളിങ്കുന്ന് ആശ്രമത്തിന്റെ കീഴിലാണ്. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ ഇടയിൽ നിന്ന് ബിഷപ്പുമാർ ഉണ്ടാകുന്നതിനായുള്ള പ്രവർത്തനങ്ങൾക്കു മുന്നിൽ നിന്ന ആശ്രമമെന്ന സ്ഥാനവും പുളിങ്കുന്നിനുണ്ട്.

മാളയ്ക്കടുത്ത് കോട്ടയ്ക്കലിൽ സി.എം. ഐ. ആശ്രമം സ്ഥാപിതമാകുന്നതിനു വളരെമുമ്പ് അതിനടുത്ത് ഇന്നു സമ്പാളൂർ എന്നറിയപ്പെടുന്ന പ്രദേശത്ത് ഈശോസഭാ വൈദികർ ആശ്രമവും സെമിനാരിയും സ്ഥാപിക്കുകയുണ്ടായി. 1663-ൽ ഡച്ചുകാർ, ഡച്ചുകാരല്ലാത്ത എല്ലാ വിദേശികളും അവരുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്ന് വിട്ടുപോകണമെന്ന കല്പന പുറപ്പെടുവിച്ചപ്പോഴാണ് ജെസ്യൂട്ട് വൈദികർ വൈപ്പിക്കോട്ട (ചേന്ദമംഗലം) യിൽ നിന്ന് ഈ പ്രദേശത്തേക്കു വന്നത്. അരുളാനന്ദസ്വാമി എന്ന പേരു സ്വീകരിച്ച വിശുദ്ധ ജോൺ ബ്രിട്ടോ, വീരമാമുനി എന്നറിയപ്പെട്ട കോൺസ്റ്റന്റയിൻ ജോസഫ് ബസ്കി, അർണോസ് പാതിരി എന്ന പേരിൽ പ്രശസ്തനായ ജോൺ എർണേസ്തൂസ് ഹാൻസൽഡൻ എന്നിവർ സമ്പാളൂർ ആശ്രമത്തിൽ വസിച്ചിട്ടുള്ളവരാണ്. സമ്പാളൂരിലെ ആശ്രമവും ദൈവാലയവും സെമിനാരിയുമെല്ലാം 1790-ൽ ടിപ്പു സുൽത്താന്റെ ആക്രമണത്തിൽ പാടേ നശിച്ചു.

സി.എം.ഐ. സഭയിലെ ആദ്യപിതാക്കന്മാർ അമ്പഴക്കാട് പള്ളിയിൽ നടത്തിയ ധ്യാനം ഭൂവുടമയും ധനവാനും പരുക്കൻ സ്വഭാവക്കാരനുമായ കണിച്ചായി ഇട്ടൂപ്പിന്റെ മനസ്സിനെ ആർദ്രമാക്കി. അദ്ദേഹത്തെ ജീവിതത്തിന്റെ വേറിട്ട യാഥാർഥ്യങ്ങളിലേക്കു നയിച്ച മറ്റൊരു സംഭവവും ഉണ്ടായി. ധനശക്തിയും സ്വാധീനശേഷിയും കൂടുതലുള്ള ഒരു നമ്പൂതിരിയുമായുള്ള കേസിൽ ഇട്ടൂപ്പിന് ജയിൽ വാസം അനുഭവിക്കേണ്ടി വന്നു. അതോടെ ഇട്ടൂപ്പ് ദാനധർമങ്ങളിലേക്കു തിരിഞ്ഞു.

തന്റെ വക കോട്ടയ്ക്കലുള്ള വീടും പറമ്പും സി.എം.ഐ. സഭ

യ്ക്കു ദാനം ചെയ്യാൻ ഇട്ടൂപ്പ് ആഗ്രഹിച്ചു. ഇതിനായി ചാവറയച്ച നെയും ലിയോപോൾദച്ചനെയും അവരുടെ നിർദേശപ്രകാരം ബെർണർഡിൻ മെത്രാനെയും കണ്ടു. ഇട്ടൂപ്പിന്റെ ദാനം സ്വീകാര്യമായി മെത്രാനു തോന്നി. വേണ്ടതു ചെയ്യുവാൻ ചാവറയച്ചനെയും മറ്റും ചുമതലപ്പെടുത്തി. ഇട്ടൂപ്പ് ആഗ്രഹിക്കുന്നതുപോലെ വസ്തുവകകൾ ദാനം ചെയ്യുന്നതിൽ ബന്ധുക്കൾക്ക് എതിർപ്പുണ്ടോ എന്നന്വേഷിച്ചപ്പോൾ, ഇല്ലെന്നായിരുന്നു മറുപടി. തുടർന്ന് ചാവറയച്ചനും മറ്റുള്ളവരും ഇട്ടൂപ്പ് ദാനമായി നൽകാൻ ഉദ്ദേശിക്കുന്ന പറമ്പും പരിസരവും കണ്ടു. തിരിച്ചുവന്ന് വിവരങ്ങൾ മെത്രാനെ ധരിപ്പിച്ചു.

ഇട്ടൂപ്പ് ഉദ്ദേശിച്ചതുപോലെ സുഗമമായി ദാനം നടന്നില്ല. നാട്ടുപ്രഭുക്കന്മാരായ കോടശ്ശേരി കുടുംബം ഈ സ്ഥലത്തിനുമേൽ അവകാശം ഉന്നയിച്ചു. മാത്രമല്ല, ഇട്ടൂപ്പിന്റെ കുടുംബാംഗങ്ങളുടെ പക്ഷത്തു നിന്നും അവകാശതർക്കവും ഉടലെടുത്തു. എന്നാൽ കൊച്ചി ദിവാൻ ശങ്കുണ്ണി മേനോന്റെ സഹായത്തോടെ എല്ലാ പ്രശ്നങ്ങൾക്കും ലിയോപോൾദ് മിഷനറി പരിഹാരം കണ്ടെത്തി.

ഇതിനിടയിൽ സ്വന്തം തോക്കിൽ നിന്ന് അബദ്ധത്തിൽ വെടിയേറ്റ് ഇട്ടൂപ്പ് മരിച്ചു. ഒരു വിനോദയാത്രയ്ക്കു പോയ ഇട്ടൂപ്പിനു അഞ്ചുതെങ്ങിനു സമീപം വള്ളത്തിൽ വച്ച്, നിറച്ചുവച്ച സ്വന്തം തോക്കിൽ നിന്ന് അറിയാതെ വെടിയേൽക്കുകയായിരുന്നു. ഇട്ടൂപ്പിന്റെ മൃതദേഹം അഞ്ചുതെങ്ങ് പള്ളിയിൽ സംസ്കരിച്ചു. ഇട്ടൂപ്പിന്റെ ഭൗതികാവശിഷ്ടങ്ങൾ പിൽക്കാലത്ത് കോട്ടയ്ക്കൽ പള്ളിയിൽ കൊണ്ടുവന്നു കല്ലറയിൽ സ്ഥാപിച്ചു.

കോട്ടയ്ക്കൽ ആശ്രമം സ്ഥാപിതമാകുന്നതു കാണുവാനുള്ള ഭാഗ്യം ഇട്ടൂപ്പിനെന്നപോലെ ബെർണർഡിൻ മെത്രാനുമുണ്ടായില്ല. 1868 സെപ്റ്റംബർ അഞ്ചിനു അദ്ദേഹം കാലം ചെയ്തു. അടുത്തമാസം ഒക്ടോബർ 20-നു നിയുക്ത ബിഷപ്പ് ലെയോണാർഡ് ആശ്രമത്തിന്റെ ശിലാസ്ഥാപനം നടത്തി. ചാവറയച്ചനും ലെയോപോൾദ് അച്ചനും ഏതാനും ദിവസം കൂടി ഇവിടെ തങ്ങിയ ശേഷം പണികളുടെ മേൽനോട്ടത്തിനു പാന്തോടൻ ദേവസിയച്ചനെയും കണിയാന്തറ യാക്കോബ് സഹോദരനെയും ചുമതലപ്പെടുത്തി മടങ്ങിപ്പോയി. അവർക്കു പിന്നാലെ കാപ്പിൽ മത്തായിയച്ചൻ ചുമതലയേറ്റു. 1873-ൽ കളത്തിൽ സ്കറിയ അപ്രേം അച്ചൻ ആശ്രമ വികാരിയായി. പണികൾ ഒരുവിധം പൂർത്തിയാക്കി 1874-ൽ സന്ന്യാസികൾ ആശ്രമജീവിതം തുടങ്ങി.

മുത്തോലിയിൽ ആശ്രമം സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന സ്ഥലം കണ്ടപ്പോൾ ചാവറയച്ചനു വലിയ സന്തോഷം തോന്നി.

“ദൈവം അനുഗ്രഹത്തിന്റെ രഹസ്യാത്മക വഴികളിലൂടെ ഈ ‘മുത്തുമാല’ നമുക്കായി സൂക്ഷിച്ചു വച്ചു. നമ്മൾ ഈ മുത്തുകൾ ശേഖരിച്ച് ജനങ്ങൾക്കായി വിതരണം ചെയ്യണമെന്നാണ് അവിടുത്തെ ആഗ്രഹം” - അച്ചൻ രേഖപ്പെടുത്തി. ചാവറയച്ചൻ ആരംഭിച്ച ഏഴാമത്തെയും അവസാനത്തെയും ആശ്രമമാണ് മുത്തോലിയിൽ വിശുദ്ധ ജോൺ ഓഫ് ദ ക്രോസിന്റെ നാമധേയത്തിൽ 1870-ൽ സ്ഥാപിതമായ ആശ്രമം.

പുന്നത്തറയ്ക്കു കിഴക്കും ഭരണങ്ങാനത്തിനു പടിഞ്ഞാറുമായുള്ള സ്ഥലത്ത് ഒരു ആശ്രമമുണ്ടാകണമെന്ന ആ മേഖലയിലെ വിവിധ പള്ളികളിലെ വിശ്വാസികളുടെ ആഗ്രഹസാക്ഷാത്ക്കാരമാണ് മുത്തോലി ആശ്രമം. തങ്ങളുടെ ആഗ്രഹം വ്യക്തമാക്കി പള്ളിക്കാർ ലെയോണാർഡ് മെത്രാന് അപേക്ഷ സമർപ്പിച്ചു. മെത്രാന്റെ നിർദേശപ്രകാരം ചാവറയച്ചനും ഫാ. ലെയോപോൾദും മുത്തോലിക്കുന്നു കാണാനെത്തി. വികാരി അപ്പസ്തോലിക്കയായിരുന്ന ബെർണർഡിൻ ബച്ചിനെല്ലി മുമ്പ് ഈ ഭാഗത്ത് ഒരു ആശ്രമം സ്ഥാപിക്കാൻ ആഗ്രഹിച്ചതാണ്. അക്കാലത്ത് ഈ മേഖലയിലെ പള്ളികൾ ഭൂരിപക്ഷവും പദ്രുവാദോ ഭരണത്തിലായിരുന്നതിനാൽ മെത്രാന്റെ ആഗ്രഹം നടന്നില്ല[4].

മണ്ണൂർ കുടുംബക്കാരുടെ സ്ഥലം ദാനമായി 1869 നവംബർ 11-ന് പ്രിയോരായ ചാവറയച്ചന്റെ പേരിൽ ആധാരം ചെയ്തു. ഈ സ്ഥലത്തിന്റെ ചുമതല മാന്നാനം സെമിനാരി റെക്ടറായ ഫാ. കുര്യാക്കോസ് പോരൂക്കരയെ ഏല്പിച്ചു. അദ്ദേഹം വേറെയും സ്ഥലങ്ങൾ കൂട്ടിച്ചേർത്തു. 1870 ജനുവരിയിൽ പ്രോ വികാരി അപ്പസ്തോലിക്കയായ ഫാ. ഫിലിപ്പ് ഒ.സി.ഡി. ആശ്രമത്തിന്റെ ശിലാസ്ഥാപനം നടത്തി. 1875 മുതൽ ആശ്രമത്തിൽ സ്ഥിരതാമസം തുടങ്ങി. തളിയത്തു വർക്കിയച്ചനായിരുന്നു ആദ്യ അന്തേവാസി.

ചങ്ങനാശ്ശേരി ഭാഗത്ത് ഒരു ആശ്രമം സ്ഥാപിക്കുന്ന കാര്യം ചാവറയച്ചന്റെ ശിഷ്യനായ ഫാ. മത്തായി മറിയം പാലാക്കുന്നേലാണ് ആദ്യം മുന്നോട്ടു വച്ചത്. തന്റെ ജന്മസ്ഥലമായ കൂത്രപള്ളിയാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ദലിത് വിഭാഗത്തിൽപെട്ടവരുടെ ഇടയിൽ സുവിശേഷ പ്രചാരണത്തിനായി അദ്ദേഹം ഒരു പള്ളിയും വീടും ഇവിടെ പണിതിരുന്നു. പുനരൈക്യ പ്രവർത്തനങ്ങളിലും അദ്ദേഹം മുന്നിലായിരുന്നു. 1868-ൽ കൂനമ്മാവിൽ വന്ന മത്തായി മറിയം അച്ചൻ ഈ സ്ഥലവും വീടും ദാനമായി നൽകാമെന്നറിയിച്ചു. ഈ വിവരം ചെറിയാൻ ചക്കാലയിൽ അച്ചനെ കത്തിലൂടെ അറിയിച്ചപ്പോൾ ആശ്രമം ചങ്ങനാശ്ശേരിയിൽ സ്ഥാപിക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെട്ടു. ചക്കാലയിൽ

അച്ചന്റെ അഭിപ്രായം ചാവറയച്ചൻ മെത്രാനെ അറിയിച്ചപ്പോൾ ആശ്രമസ്ഥാപനവുമായി മുന്നോട്ടു പോകുവാൻ അനുവാദം ലഭിച്ചു. ഇക്കാര്യം ചാവറയച്ചൻ കത്തിലൂടെ ചെറിയാനച്ചനെ അറിയിച്ചു. അദ്ദേഹം കണ്ടെത്തിയ സ്ഥലം ചെത്തിപ്പുഴ ആയിരുന്നു. എന്നാൽ ആശ്രമസ്ഥാപനവുമായി മുന്നോട്ടു പോകുവാൻ സഭയ്ക്കു കഴിഞ്ഞില്ല. അമ്പഴക്കാട്ടെ ആശ്രമത്തിന്റെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടി വന്നതാണു കാരണം. പിന്നീട് ഒരു വ്യാഴവട്ടത്തിലേറെക്കാലം കഴിയേണ്ടിവന്നു ചെത്തിപ്പുഴ ആശ്രമത്തിന്റെ കാര്യത്തിൽ പുരോഗതി കൈവരിക്കാൻ. 1883-ലാണ് ചെത്തിപ്പുഴയിൽ ആശ്രമത്തിനു ശിലയിട്ടത്. ഈ ആശ്രമങ്ങളുടെയെല്ലാം ആവിർഭാവത്തിനു കാരണം വിശ്വാസികളും വിശാലഹൃദയരുമായ നല്ല മനുഷ്യർ ദാനസന്നദ്ധരായി മുന്നോട്ടു വന്നതും, മാന്നാനത്തെ സന്ന്യാസികളും വികാരി അപ്പസ്തോലിക്കമാരും അതിനനുകൂലമായി പ്രത്യുത്തരിച്ചതും, വിശ്വാസിവൃന്ദം പിന്തുണച്ചതുമാണ്. ഈ ആശ്രമങ്ങളിലെ സന്ന്യാസികൾ വിശ്വാസികളുടെ ജീവിതങ്ങളിൽ ആത്മീയോത്കർഷം സംജാതമാക്കി. ധ്യാനങ്ങളിലൂടെയും ഉദ്ബോധനങ്ങളിലൂടെയും വിവിധ കൂദാശകളിലൂടെയും മാതൃകാപരമായ ജീവിതങ്ങളിലൂടെയും വിശ്വാസികൾക്കു പുതിയ ഉൾക്കാഴ്ചകൾ നൽകി. അവരുടെ പലവിധ പ്രശ്നങ്ങളിൽ അത്താണിയും ആശ്വാസവുമായി. 1856 മുതൽ പള്ളികളിൽ വിശ്വാസികൾക്കായുള്ള ധ്യാനം തുടങ്ങിയിരുന്നു.

ഈ ധ്യാനങ്ങൾ വിശ്വാസികളുടെയിടയിൽ ആത്മീയവും സാമൂഹികവുമായ ഉണർവ് സംജാതമാക്കി. ഉന്നതമായ ഒരു ലക്ഷ്യത്തിനായി ജനങ്ങൾ കൂട്ടത്തോടെ സഹകരിക്കുന്ന അവസ്ഥയുണ്ടാകുന്നത് സാമൂഹിക നവോത്ഥാനത്തിന്റെ തെളിവാണ്. ആത്മീയമായി തങ്ങളെ പിന്തുണച്ച സന്ന്യാസികളെ കെട്ടുതെങ്ങ്, പിടിയരി തുടങ്ങിയ കാര്യങ്ങളിലൂടെ വിശ്വാസികൾ ഭൗതികമായി സഹായിച്ചു. എല്ലാ വീട്ടുകാരും തങ്ങളുടെ തെങ്ങുകളിൽ ഒന്നിന്റെ വരുമാനം ആശ്രമത്തിനു വേണ്ടി മാറ്റിവയ്ക്കുന്നതായിരുന്നു കെട്ടുതെങ്ങ് രീതി. വീടുകളിൽ ഭക്ഷണം പാചകം ചെയ്യാൻ അരിയെടുക്കുമ്പോൾ വീടിന്റെ ധനസ്ഥിതിക്കനുസരിച്ച് ഒറ്റക്കൈകൊണ്ട് കോരിയും വാരിപ്പിടിച്ചും മുന്നു വിരൽകൊണ്ട് നുള്ളിയും അരി മാറ്റിവയ്ക്കുന്നതായിരുന്നു പിടിയരി. "ഉണ്ണിമിശിഹായേ ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന സുകൃതജപത്തോടെയാണ് ഇങ്ങനെ അരി മാറ്റിവച്ചിരുന്നത്.[5] ഇന്നാലോചിക്കുമ്പോൾ ഈ സംഭാവനകൾ തീരെ ചെറുതെന്നു തോന്നാം. എന്നാൽ അന്ന് ആശ്രമങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഇവയിൽ നിന്നുള്ള വരുമാനം സഹാ

യമായിരുന്നു. 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന സമീപനം.

സുറിയാനി ക്രിസ്ത്യാനികൾ ജാതീയമായ കാരണങ്ങളാൽ തീരെ താൽപര്യം കാണിക്കാതിരുന്ന മേഖലയാണ് സുവിശേഷവത്ക്കരണം. ഈ രംഗത്ത് പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ഏറെ മുന്നേറിയിരുന്നു. 1866 മുതലാണ് കൂട്ടത്തോടെ ജ്ഞാനസ്നാനപ്പെടുത്തുന്ന രീതി മാന്നാനത്ത് ആരംഭിച്ചത്. പുളിങ്കുന്ന് കൊവേന്തയുടെ പണി നടക്കുന്നതിനിടയിൽ സുവിശേഷവത്ക്കരണവും നടന്നിരുന്നു. ദലിത്, പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് കത്തോലിക്കരായവർക്കു വേണ്ടി പുളിങ്കുന്ന് വേണാട്ടുകാട്ടിൽ പ്രത്യേകം കപ്പേള പണിത് ഞായറാഴ്ച തോറും അവർക്കായി കുർബാന ചൊല്ലിയിരുന്നു. സുറിയാനി കത്തോലിക്കരുടെ പള്ളിയിൽ അവരെ പ്രവേശിപ്പിച്ചിരുന്നില്ല. കേരളത്തിലെ സാമൂഹിക സാഹചര്യം സവർണ മനോഭാവക്കാരായ യാഥാസ്ഥിതികരെ പിന്തുണയ്ക്കുന്നതായിരുന്നു. 1936-ൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചിട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു അവർണ ജാതിക്കാരന് ആദ്യമായി കയറാനായത് 12 വർഷം കഴിഞ്ഞ് 1948 -ലാണ് എന്നോർക്കുക!

ചാവറയച്ചന്റെയും സി.എം.ഐ. സഭയിലെ ആദ്യകാല അംഗങ്ങളുടെയും സംരംഭങ്ങളുടെ ഫലമായ നവോത്ഥാനം ആദ്യം കേരള സഭയിൽ സംഭവിക്കുകയും അതുവഴി പൊതുസമൂഹത്തിൽ എത്തുകയും പൊതുസമൂഹം നാനാതരത്തിൽ വളർത്തിയെടുക്കുകയുമായിരുന്നു. ഇന്നു കാണുന്ന കേരളീയ പൊതുസമൂഹം രൂപപ്പെട്ടതങ്ങനെയാണ്. കേരള സഭയുടെ വളർച്ചയ്ക്കാവശ്യമായ സർഗാത്മകത പ്രദാനം ചെയ്യുകയായിരുന്നു സി.എം.ഐ. സന്ന്യാസിമാർ ചെയ്തത്. അവയുടെ ഫലങ്ങൾ സഭയിൽ മാത്രമായി ഒതുങ്ങി നിന്നില്ലെന്നത് സത്യം. പിന്തിരിഞ്ഞു നോക്കുമ്പോൾ ഇക്കാര്യം പകൽപോലെ വ്യക്തമാവുന്നുണ്ട്. "ദൈവജനത്തെ (സഭയെ) വളർത്തുക എന്ന ദൗത്യമാണു മൗലികമായ ശിഷ്യത്വവും (radical discipleship) ശ്ലൈഹികത്വവും (apostleship) സ്വീകരിച്ചിട്ടുള്ളവർ നിർവഹിക്കുന്നത്. അതാണ് അവരുടെ ചുമതല. ലോകം മുഴുവൻ ദൈവജനമായി രൂപാന്തരപ്പെടുകയും വളരുകയും ചെയ്യാ ൻ വേണ്ടിയാണ് ഈ ദ്വിവിധ ദൗത്യങ്ങൾ അവർ ഏറ്റുവാങ്ങുന്നത്. അതു ചാവറയച്ചനും കൂട്ടരും ഏറ്റവും ഫലപ്രദമായ രീതിയിൽ നിർവഹിച്ചു."[6]

വിവിധ മതങ്ങളിലെ ആചാരങ്ങളുടെ സ്ഥാനത്ത് മൂല്യബോധത്തെ പ്രതിഷ്ഠിക്കുകയാണ് നവോത്ഥാനം ചെയ്തത്. ക്രിസ്തു

മതം സ്നേഹമാണെന്നു പറയുമ്പോൾ ക്രിസ്തുമതം ഉദ്ഘോഷി ക്കുന്ന മൂല്യം സ്നേഹമാണെന്നു വ്യക്തമാക്കുകയാണ്. "ഒരാൾ ക്രിസ്തുവിനെ ആഗ്രഹിക്കുമ്പോൾ അരുതെന്നു പറയാൻ ഞാനാ രാണെ"ന്ന് ഫ്രാൻസിസ് മാർപാപ്പ ചോദിക്കുമ്പോൾ മുഴങ്ങുന്നത് ക്രിസ്തീയമായ സ്നേഹമാണ്. ധ്യാനങ്ങളിലൂടെ പരമ്പരാഗത വിശ്വാസികളെ ക്രിസ്തീയ വിശ്വാസത്തിന്റെ ഉദാത്ത തലങ്ങൾ പരിചയപ്പെടുത്തുകയും അവയിലേക്ക് ആനയിക്കുകയുമാണ് സി.എം.ഐ. സഭയിലെ ധ്യാനഗുരുക്കന്മാർ ചെയ്തത്.

ചാവറയച്ചൻ സഭാപരമായ ചുമതലകൾ നിർവഹിച്ചും, വിശു ദ്ധമായ ജീവിതം നയിച്ചും, ധ്യാനങ്ങൾ നടത്തിയും, വിശ്വാസി കൾക്കും ശിഷ്യഗണങ്ങൾക്കും സഹോദര സന്ന്യാസികൾക്കും മാതൃകയായതോടൊപ്പം കാവ്യങ്ങളും നാടകങ്ങളും രചിച്ച് എന്നെ ന്നും നിലനിൽക്കുന്ന പ്രചോദനമേകി. ചാവറയച്ചന്റെ കൃതിക ളെയും രചനാശേഷിയെയും മലയാള സാഹിത്യ വിമർശക പ്രതി ഭകൾ പ്രശംസിച്ചിട്ടുണ്ട്. മലയാള കവിതയിൽ എഴുത്തച്ഛൻ സര ണിയെന്നും ചെറുശേരി സരണിയെന്നും രണ്ട് സരണികളുണ്ടെന്നു വ്യക്തമാക്കിക്കൊണ്ട് അതിൽ എഴുത്തച്ഛൻ സരണിയിലാണ് സുകുമാർ അഴീക്കോട് ചാവറയച്ചന്റെ കൃതികളെ ഉൾക്കൊള്ളി ച്ചിട്ടുള്ളത്. "വെൺമണിമാരുടെ പച്ചമലയാളത്തിനും എ.ആർ. രാജ രാജവർമ തുടങ്ങിവച്ച ആധുനിക കാവ്യവിപ്ലവത്തിനും മുമ്പായി രുന്നു ചാവറയച്ചൻ തദ്ദേശീയമായൊരു കാവ്യഭാഷയുടെ നിർമാണ പ്രവർത്തനത്തിൽ മുഴുകിയത്"[7] എന്ന് പി. കെ. രാജ ശേഖരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

"സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ച് പ്രവർത്തിക്കാൻ വ്രതമെടുത്തവരാണ് സന്ന്യാസികൾ. അവർ ദൈവത്തിന്റെ കൈവിരലുകൾ ആകുന്നു. ആ അംഗുലികൾ കൊണ്ട് ദൈവം കുഷ്ഠരോഗികളെ തലോടുകയും വ്രണിതന്റെ മുറിവു കെട്ടുകയും ദുഃഖിതന്റെ കണ്ണീരൊപ്പുകയും ചെയ്യുന്നു. ആ വഴിയാണു ക്രിസ്തുദേവൻ ചവിട്ടിപ്പോയ വഴി. ലോകദൃഷ്ടി യിൽ അതു സുഖരഹിതവും വേദനാപൂർണവുമാണ്. അതാണ് കുരിശിന്റെ സന്ദേശം."[8] പ്രമുഖ പണ്ഡിതനും വിമർശകനുമായി രുന്ന ഡോ. സുകുമാർ അഴീക്കോടിന്റെ ധ്യാനാത്മക ഉദ്ബോധ നമാണിത്. കുരിശിന്റെ സന്ദേശം സ്വന്തം സാഹിത്യ സൃഷ്ടികളി ലൂടെ അവതരിപ്പിക്കുകയാണു ചാവറയച്ചൻ ചെയ്തത്. ആത്മാ നുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള പാന, മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമായ അനസ്താസിയായുടെ രക്തസാ ക്ഷ്യം, ഇടയനാടകങ്ങൾ, ധ്യാന സല്ലാപങ്ങൾ എന്നിവയാണ് വി.

ചാവറയച്ചന്റെ പ്രധാന സാഹിത്യ സൃഷ്ടികൾ. അദ്ദേഹം എഴുതിയ നാളാഗമങ്ങൾ ചരിത്രപ്രാധാന്യമുള്ളവയാണ്. ഗുരുവായ മല്പാൻ തോമസ് പാലയ്ക്കലിന്റെ ജീവചരിത്രം രചിക്കുകയുണ്ടായി. മലയാളിയെക്കുറിച്ച് മലയാളി എഴുതിയ ആദ്യ ജീവചരിത്രമെന്ന സ്ഥാനം ഇതിനുണ്ട്. കത്തുകൾ, തൂക്കാസ, ലിറ്റർജിക്കൽ കലണ്ടർ, മരിച്ചവർക്കുള്ള ഒപ്പീസ് എന്നിവയും അദ്ദേഹത്തിന്റെ രചനകളാണ്. തിരുക്കർമ്മ ആചാരാനുഷ്ഠാനങ്ങളാണ് തൂക്കാസയുടെ ഉള്ളടക്കം. ആരാധനാ ക്രമത്തിലെ കാലവ്യത്യാസങ്ങൾ വ്യക്തമാക്കുന്നതാണ് ലിറ്റർജിക്കൽ കലണ്ടർ. സെമിനാരികളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയതാണ് ഇടയ നാടകങ്ങൾ. ചാവറയച്ചൻ എക്കാലവും വിശുദ്ധനായ ഇടയനായി കേരളത്തിലെ സീറോ മലബാർ സമൂഹത്തെ നയിച്ചു. ഭാഷയും സാഹിത്യവും അതിന് അദ്ദേഹം അവലംബിച്ച ഉപാധികളായിരുന്നു. ഇടയന്റെ ഭാഷ മനസ്സിലാക്കുന്ന ആടുകളെപ്പോലെ വിശ്വാസി സമൂഹം അദ്ദേഹത്തെ പിന്തുടർന്നു.

**സൂചിത രേഖകൾ**


1. പി. ഗോവിന്ദപിള്ള, *ജാതിമത പ്രസ്ഥാനങ്ങൾ, നവോത്ഥാന സംസ്കാരം കേരളത്തിൽ,* പേജ് 45.
2. എൻ. സാം, *മിഷനറിമാരുടെ സ്വാധീനത– വെല്ലുവിളികളും പ്രതികരണങ്ങളും,* നവോത്ഥാന സംസ്കാരം കേരളത്തിൽ, പേജ് 83.
3. ബർണാർദ്, *സി.എം.ഐ. സഭ ആദ്യ ദശകങ്ങളിൽ,* പേജ് 94.
4. Herald of the New Age; History of the Growth and Activities of CMI Congregation.
5. ബർണാർദ്, *സി.എം.ഐ. സഭ ആദ്യ ദശകങ്ങളിൽ,* പേജ് 120.
6. ജോസ് കുറിയേടത്ത് *സി.എം.ഐ.,സി.എം.ഐ. കാരിസം: ഉത്ഭവവും വളർച്ചയും,* C.M.I. Constitution Retreat, പേജ് 56.
7. പി.കെ. രാജശേഖരൻ, *ചാവറയച്ചൻ; കേരള ആധുനികത്വത്തിന്റെ ശില്പി,* പേജ് 105.
8. സുകുമാർ അഴീക്കോട്, *സുകൃതംസ്മര* മൂന്നാം ഭാഗം, പേജ് 29.

10

# സുവർണകാലത്തിന്റെ വിരലടയാളങ്ങൾ

മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് സെമിനാരി ആരംഭിക്കണമെന്നത് പാലയ്ക്കൽ മല്പാൻ മുൻകൈയെടുത്ത് പോരൂക്കര മല്പാന്റെയും ചാവറയച്ചന്റെയും പിന്തുണയോടെ നടപ്പാക്കിയ തീരുമാനമാണെന്നു മുൻ അധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മാന്നാനത്തിന്റെ തുടർച്ചയായി ചാവറയച്ചൻ ജീവിച്ചിരിക്കുമ്പോൾ ആരംഭിച്ച ആറ് താപസ ഭവനങ്ങൾക്കും (ആശ്രമങ്ങൾ) അനുബന്ധമായി സെമിനാരികൾ പ്രവർത്തിച്ചിരുന്നു. ഈ സെമിനാരികളുടെയെല്ലാം പ്രവർത്തനം 1890-ൽ നിലച്ചു. 1887-ൽ കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികൾക്കു വേണ്ടി രൂപവത്കൃതമായ തൃശൂർ, കോട്ടയം വികാരിയാത്തുകളുടെ വികാരി അപ്പസ്തോലിക്കമാരായ മോൺ. അഡോൾഫ് മെഡ്‌ലിക്കോട്ട്, മോൺ. ചാൾസ് ലെവീഞ്ഞ് എന്നിവരുടെ അഭ്യർഥനയായിരുന്നു കാരണം. അവർ സെമിനാരികൾ ആരംഭിക്കാൻ തീരുമാനിച്ചു. അങ്ങനെ എൽത്തുരുത്ത്, കോട്ടയ്ക്കൽ, കൂനമ്മാവ്, മാന്നാനം, പുളിങ്കുന്ന്, വാഴക്കുളം, മുത്തോലി എന്നീ ആശ്രമങ്ങളിലെ സെമിനാരികൾ വേണ്ടെന്നു വച്ചു. രൂപതാ വൈദികർക്കു പരിശീലനം നൽകേണ്ട ചുമതല ഇല്ലാതായപ്പോൾ തങ്ങളുടെ സന്ന്യാസ വൈദിക വിദ്യാർഥികളെ പഠിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സി.എം.ഐ. അധികാരികൾ നിശ്ചയിച്ചു.

ചാവറയച്ചനുൾപ്പെടെയുള്ള ആദ്യ പിതാക്കന്മാർ സന്ന്യാസ വ്രതം സ്വീകരിച്ച 1855-നു ശേഷമുള്ള 15 വർഷത്തെ ജീവിതവും പ്രവർത്തനങ്ങളും വിലയിരുത്തി ഫാ. ലിയോപോൾദ് ബെക്കാറോ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്ന ഒരു പ്രധാന കാര്യത്തിലേക്കു ശ്രദ്ധ തിരിക്കട്ടെ. സഭയുടെ പ്രഥമ സാധ്യത സജീവ ശുശ്രൂഷാ ജീവിതത്തിലാണെന്നു വ്യക്തമാക്കിയ അദ്ദേഹം ധ്യാനാത്മക

ജീവിതത്തിനു രണ്ടാം സ്ഥാനമാണ് നൽകിയത്. പോരൂക്കര മല്പാൻ ഭയപ്പെട്ടതു സംഭവിച്ചുവെന്നു പറയാമെങ്കിലും സഭയ്ക്കു ഭൗതിക വളർച്ചയുണ്ടായത് ശുശ്രൂഷാ ജീവിതം മൂലമാണ്.

വരാപ്പുഴയിൽ ബെർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തയുടെ ഭരണകാലം സി.എം.ഐ. സഭയുടെ (റ്റി.ഒ.സി.ഡി.) സുവർണകാലമായിരുന്നു. ആദ്യം അമലോത്ഭവ മറിയത്തിന്റെ ദാസർ (Servants of Mary Immaculate- S.M.I.) എന്നും പിന്നീട് കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ (T.O.C.D.) എന്നും വിളിക്കപ്പെട്ട സഭ ഇപ്പോൾ അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തർ (C.M.I.) എന്നാണ് അറിയപ്പെടുന്നത്. മെത്രാപ്പോലീത്തയും ചാവറയച്ചനും തമ്മിൽ ഉറച്ച ധാരണയും ഐക്യവും ഉണ്ടായിരുന്നു. വളരെയടുത്ത ബന്ധമാണ് ചാവറയച്ചനും ഫാ. ലിയോപോൾദും തമ്മിലും ഉണ്ടായിരുന്നത്. 1861 ജൂൺ എട്ടിനു ചാവറയച്ചൻ വരാപ്പുഴയിലെ വികാരി ജനറാളായി നിയമിക്കപ്പെട്ടപ്പോൾ ദീർഘദൃഷ്ടിയോടെ അദ്ദേഹത്തിനു നിരവധി നടപടികൾ കൈക്കൊള്ളുവാൻ സാധിച്ചത് സുദൃഢമായ ഈ ബന്ധങ്ങൾ മൂലമാണ്.

ചാവറയച്ചനെ വികാരി ജനറാളായി നിയമിക്കുമ്പോൾ മെത്രാപ്പോലീത്തയുടെ പ്രധാനോദ്ദേശ്യം റോക്കോസ് ശീശ്മയെ പരാജയപ്പെടുത്തുക എന്നതായിരുന്നു. അക്കാര്യം സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചപ്പോൾ മെത്രാപ്പോലീത്തയ്ക്കു സന്തോഷമായി. സഭയ്ക്കും സമൂഹത്തിനും വേണ്ടി ചാവറയച്ചൻ ചെയ്ത സേവനങ്ങൾ അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ഫാ. മത്തിയാസ് മുണ്ടാടൻ അക്കമിട്ടു നിരത്തിയിട്ടുണ്ട്. 1. ധ്യാനങ്ങളിലൂടെ വിശ്വാസി സമൂഹത്തിൽ ഉണർവ് സംജാതമാക്കി. 2. വൈദിക പരിശീലന രംഗം മികവുറ്റതാക്കി. 3. വികാരിയാത്തിന്റെ ഭരണ നിർവഹണം കാര്യക്ഷമമാക്കി. 4. വികാരിയാത്തിനു സാമ്പത്തിക സുരക്ഷ പ്രദാനം ചെയ്തു. 5. വിശ്വാസ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് അവശ വിഭാഗക്കാരായ ജനങ്ങളെ ക്രിസ്ത്യാനികളാക്കി. 6. വിദ്യാഭ്യാസ രംഗത്തിനു ഉണർവേകി. 7. സാമൂഹിക സേവനത്തിനു പുതിയ മുഖം നൽകി. 8. ക്രിസ്തീയ കുടുംബങ്ങളെ നന്മയിൽ മുന്നേറാനുള്ള മാർഗങ്ങൾ പഠിപ്പിച്ചു. 9. ആരാധനാക്രമങ്ങൾ പരിഷ്കരിച്ചു. 10. നാല്പതുമണി ആരാധന നടപ്പിലാക്കി.[1] ഈ സേവനങ്ങളിൽ പലതും സി.എം.ഐ. സഭാംഗങ്ങൾ തുടർന്നു പോന്നു. പലതിനും പുതിയ രൂപഭാവങ്ങൾ നൽകി കാലിക പ്രസക്തി നഷ്ടപ്പെടാതെ സംരക്ഷിച്ചു.

ചാവറയച്ചനും ഒപ്പം സന്ന്യാസ വ്രതം ചെയ്ത മറ്റ് പത്തു പേരും ഒരു വർഷത്തോളം മാന്നാനം ആശ്രമത്തിൽ പ്രാർത്ഥന

യിലും ധ്യാനത്തിലും ചെലവഴിച്ചു. യേശുനാഥന്റെ ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് സമൂഹത്തിലേക്ക് ഇറങ്ങിയതിനോട് താരതമ്യപ്പെടുത്താം ഈ സന്ന്യാസിമാരുടെ പ്രബോധന ജീവിതാരംഭത്തെയും. അവരെല്ലാവരും തന്നെ മികച്ച ധ്യാന പ്രസംഗകരും പ്രഘോഷകരുമായി മാറി. അന്നുവരെ പ്രത്യേക കഴിവ് പ്രകടപ്പിക്കാത്തവരും ശ്രദ്ധേയരായി. വികാരി അപ്പസ്തോലിക്കയായ ലുഡ്വിക്കസ് മർട്ടീനി മാന്നാനത്തെ സന്ന്യാസികളെ സഭയുടെ ഔദ്യോഗിക പ്രബോധകരും ധ്യാനഗുരുക്കന്മാരുമായി 1849 ജനുവരി എട്ടിനു നിയമിച്ചു. ഇക്കാര്യത്തിൽ സുറിയാനി, ലത്തീൻ വേർതിരിവ് ഉണ്ടായിരുന്നില്ല. റോക്കോസ് ശീശ്മയ്ക്കു ശേഷം ഈ പിതാക്കന്മാരുടെ ശൈലിയിൽ അല്പം വ്യത്യാസം വന്നു. അതിനുശേഷം നാലും അഞ്ചും സന്ന്യാസ വൈദികർ ഉൾപ്പെട്ട സംഘമാണ് ഇടവകകളിൽ ധ്യാനിപ്പിക്കാൻ പോയിരുന്നത്. ഇങ്ങനെയുള്ള മുപ്പതു ധ്യാനങ്ങളെങ്കിലും ഓരോ വർഷവും നടത്തിയിരുന്നു. ധ്യാനത്തിനു ശേഷം മെത്രാൻ ആ പള്ളിയിൽ സന്ദർശനം നടത്തി വിശ്വാസി സമൂഹത്തിനുണ്ടായ ആത്മീയമായ മാറ്റം വിലയിരുത്തുമായിരുന്നു. ചാവറയച്ചൻ മാന്നാനത്ത് ഓരോ വർഷവും മെയ് മാസത്തിനൊടുവിൽ വൈദികർക്കായി വാർഷിക ധ്യാനം നടത്തിയിരുന്നു.

സുറിയാനി കത്തോലിക്കരുടെ വൈദിക പരിശീലന രംഗത്തിനു കൃത്യമായ ചട്ടക്കൂട് ആദ്യമായി പ്രദാനം ചെയ്തത് പള്ളിപ്പുറം, മാന്നാനം സെമിനാരികളാണ്. രണ്ടിടത്തും മല്പാൻ തോമസ് പാലയ്ക്കലായിരുന്നു പ്രധാന ചുമതലക്കാരൻ. മാന്നാനം ദീർഘകാലം സുറിയാനി സമൂഹത്തിന്റെ ഏക സെമിനാരിയായിരുന്നു. മറ്റ് സി.എം.ഐ. ആശ്രമങ്ങളിലെ സെമിനാരികളെ പുത്തൻപള്ളിയിൽ ആരംഭിച്ച പൊതു മേജർ സെമിനാരിയോട് അഫിലിയേറ്റ് ചെയ്തെങ്കിലും മാന്നാനത്തെ അഫിലിയേറ്റ് ചെയ്തത് 1894-ലാണ്.

ഭരണപരമായ കാര്യക്ഷമതയ്ക്കു വേണ്ടി വികാരി അപ്പസ്തോലിക്ക ബച്ചിനെല്ലി വരാപ്പുഴ വികാരിയത്തിനെ നാല് 'ജില്ല' കളായി തിരിച്ചു. ചാവറയന്റെ നിർദ്ദേശപ്രകാരമാവണം മെത്രാൻ ഈ വിഭജനം നടപ്പിലാക്കിയത്. കാരണം ഈ സംവിധാനത്തിൽ സഭാംഗങ്ങൾക്കു കാര്യമായ റോൾ വഹിക്കാനുണ്ടായിരുന്നു. ഈ 'ജില്ല'കളുടെ ഭരണ നേതൃത്വം മാന്നാനം സമൂഹത്തിലെ സന്ന്യാസികൾക്കായിരുന്നു. വികാരി അപ്പസ്തോലിക്കയുടെ ഡെപ്യൂട്ടിമാർ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. ഓരോ 'ജില്ല' യിലെയും വൈദികരുടെയും അല്മായരുടെയും മേൽനോട്ടം ഓരോ സന്ന്യാസിയുടെ ചുമതലയായിരുന്നു. സ്കൂളുകളുടെ നിർമാണ മേൽ

നോട്ടം അവർ വഹിച്ചു. വിശ്വാസ പരിശീലന കേന്ദ്രങ്ങൾ നടത്തി. വിശ്വാസികളുടെ ഇടയിലുള്ള തർക്കങ്ങളും വഴക്കുകളും പറഞ്ഞു തീർത്തു. മറ്റു പ്രധാന കാര്യങ്ങളിലും അവരുടെ ശ്രദ്ധ പതിഞ്ഞിരുന്നു.

വികാരിയാത്തിന്റെ സർവതോന്മുഖമായ വികസനത്തിനു ബെർണർഡിൻ മെത്രാപ്പോലീത്തയും ചാവറയച്ചനും കൈകോർത്തു നേതൃത്വം കൊടുത്തപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ വിഘാതമായി. ഇതു പരിഹരിക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ചാവറയച്ചൻ മാന്നാനം സമൂഹത്തിന്റെ അഭിപ്രായങ്ങൾ ആരാഞ്ഞു. ഓരോ പള്ളിയുടെയും വരുമാനത്തിന്റെ 10 ശതമാനം കൂരിയയിലേക്കു നൽകുവാൻ ആവശ്യപ്പെടണമെന്നാണ് അവർ നിർദേശിച്ചത്. നിർദേശം മെത്രാനു സ്വീകാര്യമായി; പക്ഷേ 10 ശതമാനമെന്നത് അഞ്ചു ശതമാനമാക്കി കുറച്ചു. ഇതു സംബന്ധിച്ച സർക്കുലർ എല്ലാ പള്ളികൾക്കും അയച്ചതോടൊപ്പം പള്ളിക്കാരോട് ചാവറയച്ചൻ നേരിട്ടു കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തതിനാൽ അഭിപ്രായ ഭിന്നത ഉണ്ടായില്ല. 1867 മുതൽ തെക്കുള്ള എല്ലാ കത്തോലിക്കാ സുറിയാനി പള്ളികളും വരുമാനത്തിന്റെ അഞ്ചു ശതമാനം കൂരിയയിലേക്കു നൽകാൻ തുടങ്ങി. ഇതിനുപുറമെ പിടിയരി, കെട്ടുതെങ്ങ് സമ്പ്രദായങ്ങൾ വികാരിയാത്തു മുഴുവൻ വ്യാപിപ്പിക്കാൻ ചാവറയച്ചന്റെ അഭിപ്രായപ്രകാരം മെത്രാൻ നിർദേശിച്ചു. മാന്നാനം സന്യാസിമാർ വിവിധ ആശ്രമങ്ങളിലൂടെ മുമ്പ് പരീക്ഷിച്ചു വിജയിച്ചിട്ടുള്ള വിഭവ സമാഹരണ രീതികളാണിവ.

1932-ലെ The Carmelite Congregation എന്ന സ്മരണികയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സഭയുടെ മിക്കവാറും എല്ലാ ആശ്രമങ്ങളും മാന്നാനം ആശ്രമത്തെ അനുകരിച്ച് വിശ്വാസ പരിശീലന കേന്ദ്രങ്ങൾ (catechumenates)ആരംഭിക്കുകയുണ്ടായി. ഇവയിൽ പ്രായപൂർത്തിയായ നിരവധിപേരും കുട്ടികളും താമസിച്ചു പഠിച്ച് ഓരോ വർഷവും ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നു. 1866-നും 1931-നും ഇടയിൽ 20,000 ആത്മാവുകളാണ് രക്ഷിക്കപ്പെട്ടത്. 1853-ൽ മാന്നാനത്താണ് ആദ്യത്തെ വിശ്വാസ പരിശീലന കേന്ദ്രം തുടങ്ങിയത്. ഇത്തരം കേന്ദ്രങ്ങളിലൂടെ നൂറുവർഷങ്ങൾക്കിടയിൽ 48,700 ലേറെ പേരെ തിരുസഭയിലേക്ക് സ്വീകരിക്കാൻ കഴിഞ്ഞുവെന്ന് മറ്റൊരു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.[2]

റോക്കോസ് ശീശ്മയ്ക്കെതിരെ സി. എം.ഐ. സന്ന്യാസിമാർ ധീരമായ കർമപരിപാടികളിലൂടെയാണ് മുന്നേറിയത്. അക്കാലത്ത്

മാന്നാനം സന്ന്യാസികൾ അഭിമുഖീകരിച്ച പ്രതിസന്ധികൾക്കും സാഹസിക നടപടികൾക്കും മികച്ച ഉദാഹരണമാണ് ബിഷപ്പ് റോക്കോസിനെതിരേ ബെർണർഡിൻ മെത്രാൻ പുറപ്പെടുവിച്ച മഹറോൻ കല്പന അദ്ദേഹത്തിന്റെ താമസസ്ഥലത്ത് എത്തിച്ച സംഭവം. ഫാ. മത്തായി കാപ്പിലാണ് ഇക്കാര്യത്തിനു നിയുക്തനായത്. അദ്ദേഹം ബിഷപ്പ് താമസിക്കുന്ന ഞാറയ്ക്കൽ പള്ളിയുടെ അൾത്താരയിൽ ഈ മഹറോൻ കല്പന വച്ചശേഷം ഏതാനും പേരുടെ സഹായത്തോടെ രക്ഷപ്പെടുകയായിരുന്നു. പുറത്ത് ക്ഷുഭിതരായ ജനസമൂഹം നിലയുറപ്പിച്ചിരുന്നതിനാൽ എന്തും സംഭവിക്കാമെന്ന അവസ്ഥയായിരുന്നു.

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ 1817 മുതൽ കേരളത്തിൽ ഇംഗ്ലിഷ് സ്കൂളുകളും കോളജുകളും സ്ഥാപിക്കാൻ തുടങ്ങി. അക്കാലത്ത് സ്കൂളും കോളജും ആരംഭിക്കുന്നതുപോയിട്ട് ഇംഗ്ലിഷ് ഭാഷ പഠിക്കാൻ പോലും കത്തോലിക്കർക്ക് അനുവാദം ഉണ്ടായിരുന്നില്ല. മാന്നാനത്ത് ചിട്ടവട്ടങ്ങളോടുകൂടിയ ഇംഗ്ലിഷ് സ്കൂൾ (Regular English School) ആരംഭിച്ചത് 1885 ലാണ്. അതായത് പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ആദ്യത്തെ ഇംഗ്ലിഷ് സ്കൂൾ ആരംഭിച്ചിട്ട് 68 വർഷങ്ങൾ കഴിഞ്ഞ്! 1880-ൽ കുട്ടികളെ സർക്കാർ വക ഇംഗ്ലിഷ് സ്കൂളുകളിൽ മാത്രം പഠിപ്പിക്കാനേ കത്തോലിക്കർക്ക് കർമ്മലീത്താ ഭരണനേതൃത്വം അനുവാദം നൽകിയുള്ളൂ. ഇതിനു കുറച്ചുമുമ്പ് മാന്നാനത്തെ സന്ന്യാസികളിൽ ചിലരെ ഇംഗ്ലിഷ് പഠിപ്പിക്കാനുള്ള അനുവാദം ലെയോണാർഡ് മെത്രാനിൽ നിന്ന് കുര്യാക്കോസ് പോരൂക്കരയച്ചൻ നേടുകയുണ്ടായി. ഫാ. ലൂയിസ് പഴയപറമ്പിൽ, ഫാ. ഹിലാരിയോൻ തറവട്ടത്തിൽ, ശെമ്മാശ്ശന്മാരായ സ്റ്റീഫൻ തയ്യിൽ, സ്റ്റീഫൻ കൊച്ചുപാലത്തിങ്കൽ, ജോസഫ് പീടിയേക്കൽ, അബ്രാഹം പൂവത്താനിയിൽ, ജോസഫ് മൂലകാരിയിൽ, ഫാ. ബർണാർഡ് എന്നിവരെ ഇംഗ്ലിഷ് പഠിപ്പിക്കാനുള്ള ഏർപ്പാടുകൾ സി.എം.ഐ. സഭ ചെയ്തു. അതിനു ശേഷം മാന്നാനം സെമിനാരിയിൽ ഇംഗ്ലിഷ് പഠിപ്പിക്കാൻ പ്രത്യേക അധ്യാപകരെ നിയമിച്ചു[3]. കർമ്മലീത്താ അധികാരികൾ വിദ്യാഭ്യാസ കാര്യത്തിൽ സീറോ മലബാർ സഭാംഗങ്ങളോടു കാണിച്ച അവഗണനയെപ്പറ്റി സ്പെഷൽ വിസിറ്റർ ഇഗ്നേഷ്യസ് പെർസിക്കോ മെത്രാൻ വിശ്വാസ തിരുസംഘത്തിനു 1884 ഒക്ടോബർ അഞ്ചാംതീയതി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നുണ്ട്. 55 രൂപതാ വൈദികരും 35 സന്ന്യാസ വൈദികരും ഒപ്പിട്ട് 1875 സെപ്റ്റംബർ ഒന്നിനു മാർപാപ്പയ്ക്കു നൽകിയ നിവേദനത്തെപ്പറ്റിയും ഇതിൽ സൂചിപ്പിക്കുന്നുണ്ട്. തങ്ങളെ പദ്രുവാദോ, വരാപ്പുഴ അധികാരികളിൽ നിന്നു

വേർതിരിച്ച് ഇംഗ്ലിഷുകാരോ ഐറിഷുകാരോ ആയ കർമ്മലീത്താക്കാരുടെ ഭരണത്തിൽ കീഴിലാക്കണമെന്ന് ഇതിൽ അപേക്ഷിക്കുന്നു. മികച്ച ഭരണത്തിനും ഇംഗ്ലിഷ് പഠനത്തിനും ഈ മാറ്റം വഴി തെളിക്കുമെന്ന് അവർ വിശ്വസിച്ചു.

ചാവറയച്ചൻ പള്ളിയോടൊപ്പം പള്ളിക്കൂടവും തുടങ്ങാൻ ആഹ്വാനം ചെയ്തശേഷം മാന്നാനത്തും മറ്റുള്ള സ്ഥലങ്ങളിലും ആരംഭിച്ച സ്കൂളുകൾ ഇംഗ്ലിഷ് സ്കൂളുകൾ ആയിരുന്നില്ല. അവയ്ക്ക് പഴയ ആശാൻ കളരിയേക്കാൾ ഉയർന്ന എലിമെന്ററി അഥവാ ഗ്രാമർ സ്കൂളുകളുടെ നിലവാരമേ ഉണ്ടായിരുന്നുള്ളൂ. സ്കൂളുകളുടെ പരിമിതികളും മാതാപിതാക്കളുടെ താത്പര്യമില്ലായ്മയും അക്കാലത്ത് കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികൾക്കു വിദ്യാഭ്യാസ രംഗത്ത് മുന്നേറാൻ തടസമായി. 1884 ഒക്ടോബർ  അഞ്ചിനു ഏതാനും കത്തോലിക്കർ പ്രൊപ്പഗാന്ത തിരുസംഘത്തിന് അയച്ച നിവേദനത്തിൽ ദയനീയമായ ഈ സാഹചര്യത്തിന്റെ പരിണിത ഫലം അവതരിപ്പിച്ചിട്ടുണ്ട്: "കോളജിൽ പഠിച്ച് ഡിഗ്രി സമ്പാദിച്ച ഒറ്റ സുറിയാനി കത്തോലിക്കനുമില്ല. ഡിഗ്രിയുള്ള യാക്കോബായക്കാർ നൂറിലേറെ വരും. നാട്ടിൽ അഭിഭാഷകരും ഡോക്ടർമാരും ജഡ്ജിമാരുമുണ്ട്. അവരെല്ലാം മറ്റു സമുദായക്കാരാണ്."

കത്തോലിക്കാ സമുദായത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എല്ലാം ഒന്നിൽ നിന്നു തുടങ്ങേണ്ടിയിരുന്നു. 1846-ൽ മാന്നാനത്ത് സംസ്കൃതം സ്കൂൾ ആരംഭിച്ചുവെന്നു ഫാ. വലേരിയൻ രേഖപ്പെടുത്തിയിട്ടുണ്ട്. വർഷം സൂചിപ്പിക്കാതെ പൊതുസമൂഹത്തിലെ കുട്ടികൾക്കു പ്രവേശനം നൽകിയ സംസ്കൃതം സ്കൂൾ ആരംഭിച്ച കാര്യം പാറപ്പുറത്തച്ചനും രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം സ്കൂളോ ഇംഗ്ലിഷ് സ്കൂളോ അന്നു സുറിയാനി കത്തോലിക്കർക്കില്ല. ഹൈന്ദവ സവർണരുടെ വേദഭാഷയാണ് സംസ്കൃതം. വേദം കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന് എഴുതിവച്ച നാടാണിത്. ആ അവസ്ഥയിൽ സംസ്കൃതം സ്കൂളിനെ വേറിട്ട പ്രതിഭാസമായി കാണണം. സെമിനാരിയോട് അനുബന്ധിച്ചും സംസ്കൃതം പഠിപ്പിച്ചിരുന്നു. വൈദിക വിദ്യാർഥികളും വൈദികരും അവിടെ പഠിച്ചിരുന്നു. തൃശൂരിൽ നിന്നുള്ള ഒരു വാരിയരായിരുന്നു അധ്യാപകൻ. സംസ്കൃത പണ്ഡിതനായ ഇദ്ദേഹമാണ് മാന്നാനത്തു നിന്നു പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിച്ചിരുന്നത്. അദ്ദേഹത്തിന്റെ പാണ്ഡിത്യം ബോധ്യപ്പെട്ട ചാവറയച്ചൻ അദ്ദേഹത്തിനു കീഴിൽ സംസ്കൃതം

പഠിക്കാൻ തുടങ്ങി.

'പള്ളിയോടൊപ്പം പള്ളിക്കൂടവും'സ്ഥാപിക്കാൻ നിർദേശിച്ചു കൊണ്ടുള്ള ചരിത്രപ്രസിദ്ധമായ കല്പന സംബന്ധിച്ച് ചരിത്രകാരന്മാരുടെയിടയിൽ ചെറിയ അഭിപ്രായ വ്യത്യാസമുണ്ട്. "ഇടവകകൾ തോറും പള്ളിയോടു ചേർന്നു പള്ളിക്കൂടങ്ങൾ നടത്തണമെന്നും അല്ലാത്തപക്ഷം പള്ളിമുടക്കു കൽപിക്കുമെന്നുമായിരുന്നു" പ്രസിദ്ധമായ പ്രസ്തുത സർക്കുലർ. അക്കാലത്ത് ചാവറയച്ചൻ വികാരി ജനറാളും ബർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തയും ആയിരുന്നു. ചാവറയച്ചൻ തയ്യാറാക്കിയ കല്പനയ്ക്ക് ബിഷപ്പ് അനുവാദമുദ്ര ചാർത്തി എന്നാണ് പൊതുവെയുള്ള വിശ്വാസം. കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളെ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാക്കാനുള്ള ആവേശം വിദേശികളായ കർമ്മലീത്തക്കാർക്ക് ഒരു കാലത്തും ഉണ്ടായിരുന്നില്ല. അതിനാൽ ചാവറയച്ചന്റെ ശ്രമഫലമായുണ്ടായ കല്പന എന്നതുതന്നെയാണ് യുക്തിപരമായി ചിന്തിച്ചാൽ ശരിയായ കാര്യം. മാന്നാനം ആശ്രമത്തിലെ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള സർക്കുലറിലെ കൈയക്ഷരം ചാവറയച്ചന്റേതാണ്.

ആധുനിക രീതിയിലുള്ള സാമൂഹിക സേവന ദർശനമോ അതിനു കൃത്യമായ പ്രവർത്തനപന്ഥാവോ അന്ന് ഉരുത്തിരിഞ്ഞു വന്നിരുന്നില്ല. എങ്കിലും ചാവറയച്ചൻ പാവപ്പെട്ടവരെയും ഭിന്നശേഷിക്കാരെയും സഹായിക്കാൻ ആരംഭിച്ച പല സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വേരുകൾ ഉറപ്പുള്ള ദർശനങ്ങളുടെ മണ്ണിലാണു ആഴ്ന്നിറങ്ങിയിരുന്നത്. യൂറോപ്യൻ നാടുകളിൽ രൂപപ്പെട്ട് പള്ളികളിലൂടെ പ്രാവർത്തികമാക്കിയ സാമൂഹിക നീതിയെക്കുറിച്ച് ചാവറയച്ചനു ധാരണയുണ്ടായിരുന്നു എന്നുവേണം കരുതാൻ. പ്രായമായവർക്കു വേണ്ടി ഉപവിശാല നടത്താൻ പ്രേരിപ്പിച്ചു. "... അതായത് 'നന്മരണ ഉണ്ടിയൽപെട്ടി' എന്നു പേരായി ഒരു പെട്ടിവച്ചു സൂക്ഷിച്ച് ലജ്ജകൂടാതെ മറ്റുള്ളവരോടു ധർമം ചോദിച്ചും, നിങ്ങളുടെ കുരിശു പള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബംഗ്ലാവുപോലെ; ഇരുവശവും രണ്ടു മുറിയും ഒരു വരാന്തയുമായി മുളകൊണ്ടെങ്കിലും ഒരു കൂടും വച്ച് ധർമ്മശാല, അഥവാ ഉപവിശാല എന്ന പേരും വച്ച്..." എന്നു നീളുന്നതായിരുന്നു ചാവറയച്ചന്റെ നിർദേശം. പണത്തിനു പിറകെ ആർത്തിയോടെ ഓടാതെ നീതിയോടെ പ്രവർത്തിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. തൊഴിലാളികൾക്ക് അർഹതപ്പെട്ട ന്യായമായ കൂലി നിഷേധിക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യരുത്. ദരിദ്രരെ അവഹേളിക്കരുത്. അവരുടെ കണ്ണീരിനു ദൈവസ

ന്നിധിയിൽ വലിയ വിലകൊടുക്കേണ്ടിവരും. അപരനു നന്മ ചെയ്യാത്ത ഒരു ദിവസം പോലും ജീവിതത്തിൽ ഉണ്ടാകരുതെന്ന ഉദ്ബോധനത്തിൽ ചാവറയച്ചന്റെ സകല നന്മകളും ദർശിക്കാം. അന്യനു നന്മ ചെയ്യുന്ന ദിവസം മാത്രമേ നിത്യജീവിതത്തിന്റെ കണക്കിൽ ഉണ്ടാകൂവെന്ന് അച്ചൻ ചൂണ്ടിക്കാട്ടുന്നു.

നല്ല ക്രിസ്തീയ കുടുംബത്തെ ഭൂമിയിലെ സ്വർഗമായാണ് ചാവറയച്ചൻ വിഭാവനം ചെയ്തത്. യേശുനാഥനും പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പിതാവും ഉൾപ്പെട്ട തിരുക്കുടുംബം എല്ലാ കുടുംബങ്ങൾക്കും മാതൃകയാവണമെന്നു അച്ചൻ നിഷ്കർഷിച്ചു. കുടുംബാംഗങ്ങൾ ഒത്തു ചേർന്നുള്ള സന്ധ്യാപ്രാർത്ഥനയും അതിനു ശേഷം കുട്ടികളും മുതിർന്നവരും നടത്തിയിരുന്ന 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്ന സ്തുതിയർപ്പണവും ചാവറയച്ചന്റെ ഉദ്ബോധനങ്ങളിലൂടെ കേരളസഭയുടെ ആത്മാവിൽ കടന്നിരുന്നതാണ്.

ഒരു നല്ല ക്രൈസ്തവ കുടുംബത്തിൽ പാലിക്കേണ്ട കാര്യങ്ങളുടെ മാർഗനിർദേശങ്ങൾ ചാവറയച്ചൻ നൽകി. അച്ചൻ 1868-ൽ രചിച്ച 'ഒരു നല്ല അപ്പന്റെ ചാവരുൾ' കുടുംബ ജീവിതം നയിക്കുന്നവർക്കുള്ള നാല്പതു നിർദേശങ്ങളാണ്. ഈ ചെറു ഗ്രന്ഥത്തിനു മലയാളത്തിൽ മുപ്പതിലേറെ പതിപ്പുകളും പതിനായിരക്കണക്കിനു കോപ്പികളുമുണ്ടായി. കോടതി വ്യവഹാരങ്ങൾ ഒഴിവാക്കുക, കടം വാങ്ങാതിരിക്കുക, അലസത വെടിയുക, മദ്യപാനത്തിൽ നിന്ന് ഓടിയകലുക എന്നിങ്ങനെയുള്ള സുഭാഷിതങ്ങൾ പ്രായോഗിക ജീവിതത്തിൽ സാധാരണക്കാർ അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങൾക്കും പരിഹാരം നിർദേശിക്കുന്നതാണ്. ലുബ്ധും ധാരാളിത്തവും ഒരുപോലെ തിന്മയാണ്. ലുബ്ധന്റെ വസ്തുക്കൾ പുഴുക്കൾ തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും. ദൈവഭയവും വിനയവും കാരുണ്യവുമാണ് യഥാർത്ഥ ക്രിസ്തീയ കുടുംബത്തിന്റെ സമ്പത്ത്.

ആരാധനാക്രമ സംബന്ധമായി ചാവറയച്ചൻ പത്തു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അവ നാലു വിഭാഗങ്ങളിൽ പെടുന്നു. 1. സർഗശേഷി വിനിയോഗിച്ച് ചാവറയച്ചൻ രചിച്ച് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, 2. നിലവിലുള്ള രചനകളെ ആധാരമാക്കി രചിച്ച പുസ്തകങ്ങൾ. 3. ലത്തീൻ പാരമ്പര്യത്തിൽ നിന്ന് സ്വീകരിച്ചവ. 4. ലത്തീൻ ആരാധനാക്രമത്തിൽ നിന്ന് സുറിയാനിയിലേക്ക് മൊഴിമാറ്റിയ പുസ്തകങ്ങൾ.

ആരാധനക്രമ സംബന്ധമായ കാര്യങ്ങളിൽ ചാവറയച്ചൻ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ടെങ്കിലും അർഹമായ രീതിയിൽ

ശ്രദ്ധിക്കപ്പെടാതെ പോയി. എന്നാൽ ലത്തീൻവത്ക്കരണത്തെ പ്രോത്സാഹിപ്പിച്ചു എന്ന ആരോപണം അദ്ദേഹത്തിനെതിരേ നില നിൽക്കുകയും ചെയ്തു. വികാരി ജനറാളായിരിക്കുമ്പോൾ ബിഷപ്പിന്റെ പിന്തുണയോടെ ആരാധനാക്രമ നവീകരണത്തിനും പുനർജീവനത്തിനും നടപടികൾ എടുക്കുകയുണ്ടായി. ഇതിനു പിന്നിലെ അദ്ദേഹത്തിന്റെ ദർശനം പൊതുവായ ആരാധന ഔചിത്യം നിറഞ്ഞതും ഭയഭക്തി പൂർണവുമായിരിക്കണം എന്നതായിരുന്നു. പാരമ്പര്യത്തിൽ നിന്ന് ലഭ്യമായവയെ അദ്ദേഹം സ്വീകരിച്ചു. ബാക്കി വേണ്ടത് ലത്തീൻ സ്രോതസിൽ നിന്ന് കടമെടുത്തു. സുറിയാനി പാരമ്പര്യങ്ങൾക്കനുസരിച്ച് സീറോ മലബാർ സഭയിലെ ആരാധനക്രമവും പ്രാർത്ഥനകളും ക്രോഡീകരിക്കുന്നതിനും അതിനു റോമിൽ നിന്ന് അനുവാദം വാങ്ങുന്നതിനും ചാവറയച്ചൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ ശ്രദ്ധേയങ്ങളാണ്. ആരാധനാക്രമങ്ങൾ, ആരാധനാവർഷ കലണ്ടർ, വൈദികരുടെ കാനോന നമസ്കാരം, മരിച്ചവരുടെ ഓർമ തുടങ്ങിയവയെല്ലാം ഇത്തരത്തിലുള്ളതാണ്.

ആരാധനാക്രമ സംബന്ധമായി ചാവറയച്ചൻ പ്രൊപ്പഗാന്ത തിരുസംഘത്തിന് എഴുതിയ കത്തിൽ നിന്ന് ഉദ്ധരിക്കട്ടെ: "... ഇതോടുകൂടി വലിയ ശനിയാഴ്ചത്തെ ക്രമം ലത്തീനിൽ നിന്നും തർജമ ചെയ്ത് അംഗീകരണത്തിനു വേണ്ടി അയയ്ക്കുകയാണ്. എന്തുകൊണ്ടെന്നാൽ വലിയ ശനിയാഴ്ച ദിവസം ഞങ്ങളുടെ സുറിയാനി ക്രമത്തിൽ ഇപ്പോൾ ദേവാലയത്തിൽ പ്രത്യേക ശുശ്രൂഷകളൊന്നുമില്ല. യഹൂദപള്ളികൾക്കു സമാനം ഞങ്ങളുടെ ദേവാലയങ്ങൾ ആ ദിവസം പൂട്ടിക്കിടക്കുകയാണ്. അതിനാൽ കഴിയുന്നതും വേഗം ഇതു ഞങ്ങൾക്കു അംഗീകരിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു."[4]

പൗരസ്ത്യ ആരാധനക്രമത്തിന്റെ സത്തയിൽ ഉൾച്ചേർന്നിട്ടില്ലാത്തത് എന്ന സങ്കല്പത്തിൽ 40 മണിക്കൂർ ദിവ്യകാരുണ്യാരാധനയ്ക്ക് സീറോ മലബാർ സഭയിൽ പ്രാധാന്യം സിദ്ധിച്ചിരുന്നില്ല. ചാവറയച്ചനാണ് ഈ ആരാധനയെ വിശ്വാസികൾക്കു പ്രിയങ്കരമാക്കിയത്. ആരാധനയുടെ അനുഷ്ഠാനങ്ങളും പ്രാർത്ഥനകളും ലത്തീനിൽ നിന്ന് പരിഭാഷപ്പെടുത്തിയത് അച്ചനാണ്. ആർച്ച്ബിഷപ്പ് ബച്ചിനെല്ലിയുടെ അനുവാദത്തോടെ അവ പള്ളികളിൽ തുടങ്ങുന്നതിന് അയച്ചുകൊടുത്തു. 1866-ൽ കൂനമ്മാവിലാണ് 40 മണിക്കൂർ ആരാധന ആദ്യം നടത്തിയത്. പിന്നീട് മാന്നാനം, വാഴക്കുളം, കൂനമ്മാവ് എന്നിവിടങ്ങളിൽ നടത്തി. തുടർന്ന് സീറോ മലബാർ സഭയിലെ എല്ലാ പള്ളികളിലേക്കും വ്യാപിച്ചു.

സീറോ മലബാർ സഭയിൽ വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം, കുർബാനയുടെ വാഴ്വ് തുടങ്ങിയവയ്ക്കു നിമിത്തമായതും ചാവറയച്ചനാണ്.

ചാവറയച്ചന്റെ കാലത്ത് കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ വിശുദ്ധ കുർബാന പല സ്ഥലങ്ങളിൽ വ്യത്യസ്ത രീതികളിലാണ് അർപ്പിച്ചു പോന്നിരുന്നത്. ഈ അവസ്ഥമാറി വൈദികർ ഒരേ രീതിയിൽ ഭക്തിസാന്ദ്രമായി ബലിയർപ്പിക്കുന്ന രീതി ഉണ്ടാകണമെന്ന് അച്ചൻ ആഗ്രഹിച്ചു. തുടർന്ന് ബെർണർഡിൻ മെത്രാപ്പോലീത്തയുടെ അനുവാദത്തോടെ തൂക്കാസ (പൂജാനുഷ്ഠാനക്രമം) എന്ന പുസ്തകം എഴുതി അച്ചടിച്ച് വൈദികർക്കു നൽകി. തൂക്കാസ എന്ന സുറിയാനി വാക്കിന്റെ അർത്ഥം ക്രമം എന്നാണ്. 1962-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പുനരുദ്ധരിക്കപ്പെട്ട സീറോ മലബാർ കുർബാന നടപ്പിലാകുന്നതുവരെ ചാവറയച്ചൻ എഴുതിയുണ്ടാക്കിയ പൂജാനുഷ്ഠാനക്രമമാണ് കേരളത്തിൽ എല്ലായിടത്തും ഉപയോഗിച്ചിരുന്നത്.[5]

മൂന്നു വൈദികർ ചേർന്നു ചൊല്ലുന്ന ആഘോഷമായ പാട്ടുകുർബാന (സ്തപസ് കുർബാന)യുടെ ക്രമം, തിരുനാളുകളുടെ തലേദിവസം നടത്തുന്ന ആഘോഷമായ റംശ നമസ്കാരത്തിന്റെ (വേസ്പര) ക്രമം, മരിച്ചവർക്കുവേണ്ടിയുള്ള സംസ്കാരക്രമം, അന്നീദ, ഒപ്പീസ് എന്നിവയെല്ലാം ചാവറയച്ചൻ വിപുലമായ വിജ്ഞാനവും ഗവേഷണ താത്പര്യവും പ്രയോജനപ്പെടുത്തി എഴുതി അച്ചടിച്ചവയാണ്.

കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികൾക്കു സ്വന്തമായി ഒരു ആരാധന കലണ്ടർ എന്ന ആശയവുമായി ആദ്യം മുന്നോട്ടുവന്നതും ചാവറയച്ചനാണ്. ഏറെ കഷ്ടപ്പെട്ട് രൂപം കൊടുത്ത ആ കലണ്ടർ 1866-ൽ മാന്നാനത്ത് അച്ചടിച്ചു. ഒരു ആരാധന കലണ്ടർ എന്നതിലുപരി ദൈവജനത്തിന്റെ ആധ്യാത്മിക വളർച്ച ലക്ഷ്യം വച്ചുകൊണ്ട് വിവിധ കാലങ്ങളും തിരുനാളുകളും ഉൾപ്പെടുത്തി സർഗാത്മകമായ ഒരു ആരാധന കലണ്ടറാണ് ചാവറയച്ചൻ രൂപപ്പെടുത്തിയത്.

ചാവറയച്ചന്റെ അനുഗ്രഹദായകമായ മറ്റൊരു കാൽവയ്പായിരുന്നു യാമപ്രാർത്ഥന പരിഷ്കരണം. വ്യത്യസ്തങ്ങളായ ഉറവിടങ്ങളിൽ നിന്ന് പ്രാർത്ഥനകൾ തേടിപ്പിടിച്ച് ഉദാത്തമായ രീതിയിൽ സമാഹരിച്ച് പുതുതായി ഒരു യാമപ്രാർത്ഥനയ്ക്കു രൂപം കൊടുത്തു. “പ്രാർഥനകൾ സംഗ്രഹിച്ച്, സങ്കീർത്തനങ്ങളുടെ എണ്ണം കുറച്ച്, വൈദികർക്കു സമൂഹമായും സാധ്യമല്ലെങ്കിൽ തനിച്ചും

പ്രാർഥിക്കുവാനുള്ള ഒരു യാമപ്രാർത്ഥന ക്രമീകരിച്ചു എന്നതിലാണ് ചാവറയച്ചന്റെ മഹത്വം."[6]

ചാവറയച്ചന്റെ ആരാധനക്രമ പരിഷ്കാരങ്ങൾ വിശകലനം ചെയ്യുമ്പോൾ മൂന്നു പ്രധാന ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നതായി മനസ്സിലാക്കാം. 1. സീറോ മലബാർ സഭാംഗങ്ങളുടെ ആത്മീയവളർച്ച സാധ്യമാക്കുക. 2. വൈദികരുടെ അജപാലന ഔത്സുക്യം തീക്ഷ്ണമാക്കുക.3. ഭൂമിയിൽ ദൈവ രാജ്യം സ്ഥാപിക്കാൻ പരമാവധി പ്രയത്നിക്കുക. വിശ്വ പ്രകൃതിയുടെ സ്നേഹഭാവം പോലെയാണ് ചാവറയച്ചന്റെ ജീവിത സംഭാവനകൾ. ഇളം വെയിലിന്റെ സുഖദസ്പർശവും മന്ദമാരുതന്റെ തലോടലും മഴയുടെ അനുകമ്പാർദ്രതയും അതിൽ അടങ്ങിയിരിക്കുന്നു.

### സൂചിത രേഖകൾ


1. *Herald of the New Age,* Page 141.
2. Thomas Panthaplackal C.M.I., *Chavara Darsan.*
3. *Herald of the New Age,* Page 145.
4. *ചാവറയച്ചന്റെ സമ്പൂർണ കൃതികൾ,* Vol IV, കത്തുകൾ, പേജുകൾ 19,20.

5,6. ഡോ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ C.M.I., *ആരാധനക്രമത്തിൽ നവോത്ഥാനം സൃഷ്ടിച്ച വിശുദ്ധ ചാവറ പിതാവ്,* സത്യദീപം, മെയ് 15, 2019.

11

# സഹനങ്ങളുടെ പെരുമഴക്കാലം

**വ**കലിനു ശേഷം രാത്രി എന്നതുപോലെയായിരുന്നു റ്റി.ഒ.സി.ഡി.(സി.എം.ഐ.) സഭയെ സംബന്ധിച്ചിടത്തോളം ബെർണർഡിൻ മെത്രാപ്പോലീത്തയെ പിന്തുടർന്നു വന്ന ലെയോണാർഡ് മെത്രാപ്പോലീത്തയുടെ ഭരണകാലം. 1869 മുതൽ 1887 വരെ 18 വർഷം അദ്ദേഹം കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയെ (റ്റി.ഒ.സി.ഡി.) ഭരിച്ചു.

ബെർണർഡിൻ മെത്രാപ്പോലീത്തയ്ക്കു ശേഷം മെത്രാപ്പോലീത്ത ആവേണ്ടിയിരുന്നത് ഫാ. ലിയോപോൾദ് ബെക്കാറോ ആണ്. ബെർണർഡിൻ മെത്രാപ്പോലീത്തയുടെ ഭരണത്തിന്റെ അവസാന കാലത്ത് അദ്ദേഹവും ലിയോപോൾദ് അച്ചനും തമ്മിൽ അഭിപ്രായഭിന്നത ഉടലെടുത്തു. വിശ്വസ്തരായ വ്യക്തികൾ തമ്മിൽ അഭിപ്രായഭിന്നത ഉടലെടുക്കുമ്പോൾ സംജാതമാകുന്ന എല്ലാ പ്രശ്നങ്ങളും ഇവരുടെ ബന്ധത്തിലുമുണ്ടായി. റോമിലെ ഒ.സി.ഡി. സഭയുടെ സുപ്പീരിയർ ജനറലിന് ഫാ. ലിയോപോൾദ് അയച്ച റിപ്പോർട്ടിൽ ബെർണർഡിൻ മെത്രാപ്പോലീത്തയെ വിമർശിക്കുന്ന പരാമർശങ്ങളുണ്ടായിരുന്നു. "എല്ലാവരിൽ നിന്നും ഉൾവലിയുന്ന സ്വഭാവമാണ് മെത്രാപ്പോലീത്തയുടേത്. പ്രാദേശിക വൈദികർക്കും അല്മായർക്കും തന്റെ അരികിൽ പ്രവേശനം അനുവദിക്കുന്നില്ല. അജപാലന സന്ദർശനങ്ങൾ ഹ്രസ്വവും അപൂർണവുമാണ്. അത്തരം സന്ദർഭങ്ങളിൽ എല്ലാവരിൽ നിന്നും ഒളിച്ചെന്നപോലെയാണ് അദ്ദേഹം സഞ്ചരിക്കുന്നത്."[1]

ഈ കാലമായപ്പോഴേക്കും മെത്രോപ്പോലീത്ത വൃദ്ധനും രോഗിയുമായിക്കഴിഞ്ഞിരുന്നു. വിദേശ മിഷനറിമാരും അദ്ദേഹവും തമ്മിൽ പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസങ്ങൾ സംജാതമായി. മെത്രാപ്പോലീത്ത പരസ്പര വിരുദ്ധമായ ഉത്തരവുകൾ

നൽകുന്നുവെന്ന പരാതി മിഷനറിമാരുടെയിടയിൽ വളർന്നു. സുപ്പീരിയർ ജനറലിനോടു പരാതിപ്പെട്ടെങ്കിലും മെത്രാപ്പോലീത്തയോട് ലിയോപോൾദ് അച്ചനു സഹാനുഭൂതി കലർന്ന സ്നേഹം ഉണ്ടായിരുന്നു. പ്രശ്നങ്ങൾക്കെല്ലാം കാരണം മെത്രാപ്പോലീത്തയുടെ അസുഖമാണെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു. അറിഞ്ഞോ അറിയാതെയോ ഫാ. ലിയോപോൾദ് വേദനിപ്പിച്ചതുകൊണ്ടാവാം, അച്ചൻ സുപ്പീരിയർ ജനറലിന് അയച്ച കത്തിലെ വിവരങ്ങൾ അറിഞ്ഞതുകൊണ്ടാവാം, മറ്റു കാരണങ്ങളാൽ അവിശ്വാസം സംജാതമായതുകൊണ്ടാവാം, എന്തായാലും ലിയോപോൾദച്ചന്റെ കഴിവുകളും സീനിയോറിറ്റിയും മറികടന്നു ഫാ. ലെയോണാർഡോയെ തന്റെ പിൻഗാമിയായ മെത്രാനായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് 1868 ജൂലൈ അഞ്ചിനു വത്തിക്കാനിൽ നിന്ന് ബെർണർഡിൻ  മെത്രാപ്പോലീത്ത നേടിയെടുത്തു. കൃത്യം രണ്ടു മാസം കഴിഞ്ഞ് സെപ്റ്റംബർ അഞ്ചിനു ബെർണർഡിൻ മെത്രാപ്പോലീത്ത അന്തരിച്ചു. തന്റെ മരണശേഷം ഫാ. ലിയോപോൾദ് വികാരി അപ്പസ്തോലിക്ക പദവിക്ക് അവകാശവാദം ഉന്നയിക്കരുതെന്നു മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടാവണം അദ്ദേഹം ഫാ. ലെയോണാർഡിന്റെ നിയമന ഉത്തരവ് നേരത്തെ സമ്പാദിച്ചത്.

ഫാ. ലിയോപോൾദ് ബെക്കാറോയെ സംബന്ധിച്ചിടത്തോളം അപ്രതീക്ഷിതമായ പ്രഹരമായിരുന്നു ഇത്. അതുവരെ ലിയോപോൾദ് അച്ചന്റെ അധികാര ശക്തിക്കും സ്വാധീന ശക്തിക്കും മുന്നിൽ ഫാ. ലെയോണാർഡ് നിഷ്പ്രഭനായിരുന്നു. ചാത്യാത്ത് പള്ളിയിലെ വികാരി എന്നതിനപ്പുറം പദവിയൊന്നും അദ്ദേഹത്തിന് ഇല്ലായിരുന്നു. ഫാ. ലിയോപോൾദ് ആകട്ടെ റ്റി.ഒ.സി.ഡി. സന്ന്യാസികളുടെ സുപ്പീരിയർ എന്ന സുപ്രധാന സ്ഥാനം വഹിച്ചിരുന്നു. കത്തോലിക്കരായ സുറിയാനിക്കാരോട് ലിയോപോൾദ് അച്ചനു പ്രത്യേക താൽപര്യം ഉണ്ടായിരുന്നതിനാൽ ലത്തീൻകാർക്ക് അദ്ദേഹത്തോട് അനിഷ്ടമായിരുന്നു. ഇതു മുതലാക്കി സ്വന്തം പിന്തുണക്കാരെ ഉണ്ടാക്കുവാൻ പുതിയ മെത്രാപ്പോലീത്ത ലത്തീൻ വിഭാഗക്കാരുടെ താൽപര്യ സംരക്ഷകനായി മാറി.

ലെയോണാർഡ് മെത്രാപ്പോലീത്തയും ലിയോപോൾദ് മിഷനറിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം  വർധിക്കുന്നതിനിടയിൽ ഇരുവരും ഒരുമിച്ച് റോമിൽ പോയി. മെത്രാപ്പോലീത്ത ചികിൽസയ്ക്കും ലിയോപോൾദ് അച്ചൻ ഒന്നാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുക്കാനും. 1870 ഡിസംബർ എട്ടിന് ഇരുവരും ഒരുമിച്ചാണ് തിരിച്ചുവന്നത്. അതിനു ശേഷം ലിയോപോൾദ്

അച്ചന്റെ യാത്രാചെലവ് ആരു വഹിക്കുമെന്ന കാര്യത്തിൽ വിവാദം ഉടലെടുത്തു. മെത്രാപ്പോലീത്തയുടെ സ്ഥാപിത താൽപര്യം ഈ വിവാദത്തിനു പിന്നിൽ ഉണ്ടായിരുന്നുവെന്നു സംശയിക്കണം.

ഇരുവരും റോമിലായിരുന്നപ്പോൾ സംഭവിച്ച ഒരു കാര്യമാണ് അഭിപ്രായ വ്യത്യാസം രൂക്ഷമാക്കിയത്. മലബാർ സഭയുടെ ഭരണം സംബന്ധിച്ച് ഇരുവരുടെയും അഭിപ്രായം രേഖപ്പെടുത്താൻ റോമിലെ അധികാരികൾ ആവശ്യപ്പെട്ടു. മെത്രാപ്പോലീത്തയുടെ അഭിപ്രായത്തെ പിന്തുണയ്ക്കാതെ തന്റെ അഭിപ്രായം അറിയിക്കുകയാണ് ഫാ. ലിയോപോൾദ് ചെയ്തത്. ഇതു മെത്രാപ്പോലീത്തയ്ക്ക് ഇഷ്ടമായില്ല. വരാപ്പുഴ വികാരിയാത്ത് വിഭജിച്ച് കത്തോലിക്കരായ സുറിയാനിക്കാർക്ക് പ്രത്യേകം ബിഷപ്പിനെ നിയോഗിക്കണമെന്ന അഭിപ്രായം ലിയോപോൾദ് അച്ചൻ അറിയിച്ചു. റ്റി.ഒ. സി.ഡി. സഭാംഗങ്ങൾക്കു പൊതുവിൽ ഈ അഭിപ്രായമായിരുന്നു. അന്നുമുതൽ മെത്രാപ്പോലീത്ത ലിയോപോൾദ് മിഷനറിയോടും റ്റി.ഒ.സി.ഡി. സന്യാസിമാരോടും ശത്രുതാ മനോഭാവത്തോടെ പെരുമാറാൻ തുടങ്ങി.

ഇതിനിടയിൽ സുറിയാനിക്കാർക്ക് പ്രത്യേക മെത്രാനെ ആവശ്യപ്പെട്ടുകൊണ്ട് വിശ്വാസ തിരുസംഘത്തിലേക്കു കത്തുകൾ പ്രവഹിക്കുന്നുണ്ടായിരുന്നു. റോമിലേക്കു കത്തെഴുതുന്നത് വലിയ പാപമായാണ് മെത്രാപ്പോലീത്ത കണ്ടത്. ഈ കത്തുകൾക്കു പിന്നിൽ ഫാ. ലിയോപോൾദിന്റെ സ്വാധീനമുണ്ടെന്നു അദ്ദേഹം സംശയിച്ചു. ഈ പരാതികൾ തന്റെ പേരു ചീത്തയാക്കാനും അധികാരം വെട്ടിക്കുറയ്ക്കാനുമുള്ള കളിയായാണ് അദ്ദേഹം കണ്ടത്. അതിനാൽ പരാതിക്കാർക്കെതിരേ ശക്തമായി നീങ്ങി.

ആദ്യം ലിയോപോൾദച്ചനെയാണ് മെത്രാപ്പോലീത്ത ലക്ഷ്യം വച്ചത്. ക.നി.മൂ.സ. സന്യാസിമാരുടെ സമൂഹത്തെ ഒരു സ്വതന്ത്രരൂപത പോലെയാണ് അച്ചൻ കൈകാര്യം ചെയ്യുന്നതെന്ന ആരോപണമായിരുന്നു ആദ്യത്തെ വെടി. വികാരി അപ്പസ്തോലിക്കയെയും മിഷനറിമാരെയും സന്യാസിമാരിൽ നിന്ന് ബോധപൂർവം അകറ്റി നിർത്തുന്നു എന്നതായിരുന്നു രണ്ടാമത്തെ ആരോപണം. ഈ ആരോപണങ്ങൾ നിലനിൽക്കെ ലിയോപോൾദച്ചനെക്കുറിച്ച് വിദേശ മിഷനറിമാരായ ജോസഫ്, മാർസലൈൻ ബെറാർഡി എന്നിവരോട് മെത്രാപ്പോലീത്ത അഭിപ്രായം ചോദിച്ചുവെന്നും അവർ അദ്ദേഹത്തെ ഇറ്റലിയിലേക്കു തിരിച്ചയയ്ക്കണമെന്ന് അഭിപ്രായപ്പെട്ടുവെന്നും ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്.[2]

തുടർന്ന് വികാരി അപ്പസ്തോലിക്കയുടെ ഡെലിഗേറ്റ് എന്ന

ചുമതല ലിയോപോൾദച്ചനിൽ നിന്ന് നീക്കി. പിന്നീട് നോവിസ് മാസ്റ്റർ എന്ന പദവിയിൽ നിന്നും ഒഴിവാക്കിയശേഷം കൂനമ്മാവ് ആശ്രമത്തിൽ ഫാ. സ്കറിയ തട്ടാശ്ശേരി റ്റി.ഒ.സി.ഡി. യുടെ നിരീക്ഷണത്തിൻ കീഴിലാക്കി. മെത്രാപ്പോലീത്തയുടെ പല വിവാദ പ്രവർത്തികളെയും പിന്തുണച്ചയാളാണ് ഫാ. സ്കറിയ തട്ടാശ്ശേരി. 1875 ഡിസംബറിൽ മഞ്ഞുമ്മലിൽ ഒരു തടവുകാരനെപ്പോലെയായിരുന്നു ലിയോപോൾദച്ചന്റെ ജീവിതം. അദ്ദേഹത്തോടൊപ്പം സഹോദരനായ ഫാ. ജെറാർഡ് ബെക്കാറോയും ഉണ്ടായിരുന്നു. 1876 ജനുവരി ഒന്നാംതീയതി ഈ രണ്ടു വൈദികർക്കും യൂറോപ്പിലേക്കു മടങ്ങേണ്ടി വന്നു. ലെയോണാർഡോ മെത്രാപ്പോലീത്തയുടെ താൽപര്യപ്രകാരം വിശ്വാസ തിരുസംഘം ഇതു സംബന്ധിച്ച ഉത്തരവ് നൽകുകയായിരുന്നു.

ബെക്കാറോ സഹോദരന്മാരെ നാട്ടിലേക്കു തിരിച്ചയച്ചിട്ടും മെത്രാപ്പോലീത്ത അവർക്കെതിരേ ആരോപണങ്ങൾ ഉന്നയിക്കുന്നത് അവസാനിപ്പിച്ചില്ല. കേരള സഭയിൽ നടക്കുന്ന കാര്യങ്ങളുടെ യഥാർഥ സ്ഥിതി അവർ റോമിൽ അറിയിച്ചാൽ തനിക്കു ദോഷമാവുമെന്ന ഭയമായിരുന്നു പലമുഴം നീട്ടി ആരോപണങ്ങൾ എറിയാൻ മെത്രാപ്പോലീത്തയെ പ്രേരിപ്പിച്ചത്. പല ആരോപണങ്ങളും ഇന്നു വായിക്കുമ്പോൾ ചിരി വരും. ഇറ്റലിയിലേക്കു പുറപ്പെടുന്നതിന്റെ തലേന്നു രാത്രി ഈ മിഷനറിമാർ അല്മായരോടൊപ്പം ചെലവഴിച്ചു. തദവസരത്തിൽ തനിക്കെതിരേ ഒട്ടനവധി ആരോപണങ്ങൾ ഉന്നയിച്ചു. കൂനമ്മാവിലെ നൊവിഷ്യേറ്റിൽ നിന്നും മഞ്ഞുമ്മലിൽ നിന്നും വിലപിടിപ്പുള്ള വസ്തുക്കൾ കടത്തിക്കൊണ്ടുപോയി. വിവിധ ഭാഷകളിലെ ഡിക്ഷണറികൾ, ലത്തീൻ, മലയാളം ഭാഷകളിലെ ഗ്രാമർ ബുക്കുകൾ, കയ്യെഴുത്തു പ്രതികൾ, പ്രിന്റ് ചെയ്ത പുസ്തകങ്ങൾ എന്നിവ ഇങ്ങനെ കടത്തിക്കൊണ്ടുപോയവയിൽ ഉൾപ്പെടുമത്രെ.

മലബാർ സഭയിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണം ബെക്കാറോ സഹോദരന്മാരാണെന്ന ആരോപണം ഉന്നയിക്കാൻ കിട്ടിയ അവസരങ്ങളെല്ലാം മെത്രാപ്പോലീത്ത ഉപയോഗിച്ചു. അവർ മദ്യക്കച്ചവടക്കാരുടെ ഏജന്റുമാരാണെന്നായിരുന്നു, മെത്രാപ്പോലീത്ത ഉന്നയിച്ച ഗുരുതരമായ ഒരു ആരോപണം. ഇതിനിടയായ ഒരു സംഭവമുണ്ടായി. ഒ.സി.ഡി. സഭയുടെ സുപ്പീരിയർ ജനറലിനു നൽകിയ വിശദീകരണത്തിൽ ഫാ. ലിയോപോൾദ് ഇതിലെ സത്യാവസ്ഥ വ്യക്തമാക്കിയിരുന്നു. ഇവരുടെ ഒരു ബന്ധു ബോംബെയിൽ വീഞ്ഞു വ്യാപാരിയായിരുന്നു. തന്റെ ഉത്പന്നത്തിനു കൊച്ചിയിൽ വിപണി കണ്ടെത്താൻ ഇയാൾ ആഗ്രഹിച്ചു.

അതിനായി 3000 കുപ്പി വൈനുമായി കൊച്ചിയിൽ വന്നെങ്കിലും മുഴുവനും വിറ്റു പോയില്ല. ബാക്കി വന്ന വൈൻ കൊച്ചിയിലെ ഒരു വൈൻ വ്യാപാരിയെ ഏല്പിച്ചു. വിൽക്കുന്ന മുറയ്ക്ക് അയാൾ പണം ലിയോപോൾദച്ചനെ ഏല്പിക്കും. അച്ചൻ അതു ബോംബെയിലുള്ള ബന്ധുവിന് അയച്ചു കൊടുക്കും. ഒരു മിഷനറി വൈദികൻ എന്ന നിലയിൽ ഈ ചുമതല ലിയോപോൾദച്ചൻ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ബന്ധുവിനോടു കാണിച്ച പരിഗണന എന്നതിനപ്പുറം മദ്യക്കച്ചവടക്കാരന്റെ ഏജന്റായി പ്രവർത്തിച്ചു എന്ന ആരോപണം അതിരുവിട്ടതായിരുന്നു.

ഇതിനിടയിൽ വികാരി അപ്പസ്തോലിക്ക റ്റി.ഒ.സി.ഡി. സഭയുടെ പ്രൊവിൻഷ്യൽ ഡെലിഗേറ്റിന്റെ ചുമതല കൂടി വഹിക്കുന്നതിനെ സഭാംഗങ്ങൾ എതിർത്തു. മെത്രാപ്പോലീത്തയുടെ പണ്ടേയുള്ള ആഗ്രഹമായിരുന്നു പ്രൊവിൻഷ്യൽ ഡെലിഗേറ്റിന്റെ ചുമതലകൂടി സ്വന്തമാക്കുക എന്നത്. തന്റെ താല്പര്യങ്ങൾക്കനുസൃതമായി റ്റി.ഒ.സി.ഡി. സഭയുടെ നിലവിലുള്ള ഭരണഘടന മെത്രാപ്പോലീത്ത മാറ്റിയെഴുതി. പല ഭേദഗതികൾ വരുത്തിയ ഭരണഘടന കാർക്കശ്യമേറിയതും കഠിനമായ നിയന്ത്രണങ്ങൾ നിറഞ്ഞതുമായി. മെത്രാപ്പോലീത്ത ഭരണഘടനയുടെ യഥാർഥ ടെക്സ്റ്റ് റോമിലേക്ക് അയച്ചിട്ടില്ലെന്ന് റ്റി.ഒ.സി.ഡി. സഭാംഗങ്ങൾ സംശയിച്ചു. അവർ ഭരണഘടന ലത്തീനിലേക്കു മൊഴിമാറ്റി പൗരസ്ത്യ തിരുസംഘത്തിന് അയച്ചു കൊടുത്തു.

1870-ൽ തിരുസംഘം റ്റി.ഒ.സി.ഡി.ക്കാർക്ക് സ്ഥിരമായ ഒരു സുപ്പീരിയറെ നിയമിക്കുന്ന കാര്യത്തിൽ മെത്രാപ്പോലീത്തയോട് അഭിപ്രായം ചോദിച്ചു. അദ്ദേഹം ആ നിർദേശത്തെ ശക്തിയായി എതിർത്തു. വരാപ്പുഴ വികാരി അപ്പസ്തോലിക്കയല്ലാതെ റ്റി.ഒ.സി.ഡി.ക്കാർക്ക് തൊട്ടുമുകളിൽ മറ്റൊരു സുപ്പീരിയർ ഉണ്ടാകുന്നതു അനാവശ്യമായ സങ്കീർണതകൾക്കു വഴിവയ്ക്കുമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഈ നിലപാട് ഒ.സി.ഡി. സഭയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെയും നിലപാടുകൾക്കു കടകവിരുദ്ധമായിരുന്നു. റ്റി.ഒ.സി.ഡി.ക്കാരുടെ മേൽ പരമാധികാരം ലഭിക്കാനുള്ള മെത്രാപ്പോലീത്തയുടെ ആർത്തി യുക്തിയുടെയും സാമാന്യബുദ്ധിയുടെയും ആത്മീയതയുടെയും എല്ലാ സീമകളെയും അതിലംഘിക്കുന്നതായി മാറിയിരുന്നു.

ലെയോണാർഡോ മെത്രാപ്പോലീത്ത വിശുദ്ധ ചാവറയച്ചന്റെ ജീവിതത്തിലെ അവസാന നാളുകൾ ശോകാകുലമാക്കി. മലബാർ സഭയെ ഗ്രസിച്ചിരുന്ന പ്രശ്നങ്ങളുടെ ആഴം റോമിലെ അധികാരികളെ ധരിപ്പിക്കുന്നതിനായി ചാവറയച്ചൻ രണ്ട് കത്തുകൾ തയ്യാ

റാക്കുകയുണ്ടായി. 1865-ൽ എഴുതിയ ആദ്യ കത്ത് റോമിലേക്ക് അയച്ചുവോ എന്ന കാര്യം വ്യക്തമല്ല. ലിയോപോൾദ് മിഷനറിയുമായി ആലോചിച്ചായിരിക്കും കത്ത് തയ്യാറാക്കിയിട്ടുണ്ടാവുക. സീറോ മലബാർ സഭാംഗങ്ങൾ കാൽദിയൻ പക്ഷക്കാരുടെയും അവരുടെ ബിഷപ്പുമാരുടെയും പ്രലോഭനങ്ങളിൽ വീണുപോകുന്നതിന്റെ കാരണങ്ങൾ വിശദമാക്കുന്ന ഈ കത്തിൽ അതിനുള്ള പരിഹാരങ്ങളും നിർദേശിക്കുന്നുണ്ട്. അപ്പോഴത്തെ മെത്രാപ്പോലീത്തയുടെ (ബെർണർഡിൻ ബച്ചിനെല്ലി) കാലശേഷം സുറിയാനി ഭാഷ പഠിച്ചിട്ടുള്ളവരോ, ആ ഭാഷ പഠിക്കാൻ താത്പര്യമുള്ളവരും സുറിയാനിയിൽ ആരാധന ക്രമങ്ങൾ അനുഷ്ഠിക്കാൻ കഴിയുന്നവരുമായ മിഷനറിമാരെ വേണം മലബാറിലേക്ക് അയയ്ക്കുവാൻ എന്നാണ് ചാവറയച്ചൻ വിനീതവിധേയനായി ചൂണ്ടിക്കാട്ടിയത്. അവരിൽ നിന്നു വേണം മെത്രാനെ തിരഞ്ഞെടുക്കാനെന്നും ചാവറയച്ചൻ കത്തിൽ വ്യക്തമാക്കിയിരുന്നു.

ഈ നിവേദനം വലിയ വിവാദങ്ങളൊന്നും സൃഷ്ടിച്ചില്ല. എഴുതി തയ്യാറാക്കിയതല്ലാതെ നിവേദനം റോമിലേക്ക് അയച്ചിട്ടുണ്ടാവില്ല. എന്നാൽ 1869-ൽ എഴുതിയ കത്ത് ചാവറയച്ചന്റെയും ലിയോപോൾദ് മിഷനറിയുടെയും ജീവിതം തന്നെ മാറ്റിമറിച്ചു. വിശ്വാസ തിരുസംഘത്തിന്റെ പ്രീഫെക്ടായ കർദിനാൾ അലക്സാണ്ടർ ബെർണബായ്ക്കുള്ള ഈ കത്ത് ഒന്നാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുക്കാൻ പോയ അവസരത്തിൽ ലിയോപോൾദ് മിഷനറി നേരിട്ടു റോമിൽ ഒ.സി.ഡി. സുപ്പീരിയർ ജനറലിനെ ഏല്പിച്ചു. അദ്ദേഹം മുഖേന കത്ത് കർദിനാൾ ബെർണബായ്ക്ക് കൈമാറാനാണ് ഉദ്ദേശിച്ചിരുന്നത്. നിർഭാഗ്യവശാൽ കൗൺസിൽ നടന്നുകൊണ്ടിരിക്കെ സുപ്പീരിയർ ജനറൽ അന്തരിച്ചു. അപ്പോൾ കത്ത് കൈമാറിയിരുന്നില്ല. പിന്നീട് ഒ.സി.ഡി. സഭയുടെ വികാരി ജനറൽ, അന്തരിച്ച സുപ്പീരിയർ ജനറലിന്റെ എഴുത്തുകളും മറ്റും പരിശോധിച്ച അവസരത്തിൽ ചാവറയച്ചൻ എഴുതിയ ഈ കത്ത് കണ്ടെത്തി. തദവസരത്തിൽ വികാരി അപ്പസ്തോലിക്കയായ ലെയോണാർഡും സന്നിഹിതനായിരുന്നു. വികാരി ജനറാൾ കത്ത് മെത്രാപ്പോലീത്തയെ ഏല്പിച്ചിരിക്കാനിടയുണ്ടെന്നാണ് പിൽക്കാലത്ത് 'ഏഴ് വ്യാകുലങ്ങൾ' റോമിലേക്ക് അയച്ച കത്തിലെ സൂചനയിൽ നിന്നു മനസിലാകുന്നത്. അഥവാ കത്ത് വായിക്കാൻ കഴിഞ്ഞില്ലെങ്കിലും അതു തനിക്കെതിരാണെന്നു ധരിച്ചുവശായ മെത്രാപ്പോലീത്ത ആ നിമിഷം മുതൽ ലിയോപോൾദ് മിഷനറിയോടൊപ്പം ചാവറയച്ചനെയും കടുത്ത ശത്രുതയോടെ വീക്ഷിക്കാൻ തുടങ്ങി.

സ്വദേശി മെത്രാനെ ലഭിക്കുവാൻ സീറോ മലബാർ സഭാംഗങ്ങൾക്കുള്ള അദമ്യമായ ആഗ്രഹവും അതിനുള്ള കാരണവും വ്യക്തമാക്കുന്ന കത്തിൽ സുറിയാനി വിഭാഗക്കാർക്കും ലത്തീൻ കാർക്കും വേറെ വേറെ മെത്രാന്മാരെ നൽകുന്നതു പ്രശ്നപരിഹാരത്തിനു വഴിതെളിക്കുമെന്നു ചൂണ്ടിക്കാട്ടിയിരുന്നു. കത്തു വായിച്ചിട്ടുണ്ടെങ്കിൽ മെത്രാപ്പോലീത്തയെ പ്രകോപിപ്പിച്ച പ്രധാന കാര്യം അതായിരിക്കും.

ചാവറയച്ചൻ 1864-ലാണ് കൂനമ്മാവ് ആശ്രമത്തിൽ സ്ഥിരതാമസം ആരംഭിച്ചത്. 33 വർഷം മാന്നാനത്തു താമസിച്ചതു കഴിച്ചാൽ അച്ചൻ കൂനമ്മാവിലാണ് ഏറ്റവും കൂടുതൽ കാലം ജീവിച്ചിട്ടുള്ളത്. 1871 ജനുവരി മൂന്നാംതീയതി രാവിലെ 7.30 നു 65-ാം വയസിൽ കർത്താവിൽ നിദ്ര പ്രാപിക്കുന്നതു വരെ ഏഴു വർഷം കൂനമ്മാവിൽ ജീവിച്ചു. രോഗത്തിന്റെ അസ്വസ്ഥതകളും പ്രായത്തിന്റെ ബലഹീനതകളും പലവിധ കാരണങ്ങൾ മൂലമുള്ള മാനസിക സഹനങ്ങളും നിറഞ്ഞ ജീവിതസായാഹ്നത്തിൽ അദ്ദേഹം ധ്യാനാത്മകമായ എഴുത്തുജീവിതത്തിലേക്കു കൂടുതലായി മുന്നേറി. അക്കാലത്താണ് 'ആത്മാനുതാപം', 'മരണവീട്ടിൽ പാടുവാനുള്ള പാന' എന്നിവ രചിച്ചത്. 1869-'70 കാലഘട്ടത്തിലാണ് 'ആത്മാനുതാപം' എഴുതിയതെന്നാണ് കരുതുന്നത്. ഈശോയുടെയും പരിശുദ്ധ അമ്മയുടെയും ജീവിതാനുഭവങ്ങളാണ് ഈ കാവ്യത്തിൽ പ്രതിപാദിക്കുന്നത്. കാവ്യവർണ്ണനകൾക്കിടയിൽ വിശുദ്ധനായ കവി സ്വന്തം ജീവിതത്തിലേക്കു ചുഴിഞ്ഞിറങ്ങി ചിന്തിക്കുന്നുണ്ട്. പ്രത്യേകമായി ബാല്യകാല ജീവിതത്തിലേക്ക്.

"മരണനേരമതിനു മുൻപിൽ
കരുണവച്ചു ദാസിയെ,
കരുതിക്കാത്തൂ രക്ഷ ചെയ്ക
കരുണയുള്ള നാഥയെ."

എന്ന അപേക്ഷയോടെയാണ് ആത്മാനുതാപം എന്ന കൃതി അവസാനിക്കുന്നത്.

1870-ൽ കൂനമ്മാവിലെ താമസക്കാലത്താണ് ചാവറയച്ചൻ 'മരണവീട്ടിൽ പാടുവാനുള്ള പാന' രചിച്ചതെന്നാണ് സെഡ് എം. മുഴൂർ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കൃതി ചരമപ്രസംഗത്തിന്റെ രീതിയിൽ എഴുതിയിട്ടുള്ളതാണ്. മരണമടഞ്ഞയാളെപ്പറ്റി പ്രശസ്തനായ ഒരു വ്യക്തി നടത്തുന്നതാണ് ചരമപ്രസംഗം. എന്നാൽ ഈ കൃതിയിൽ മരിച്ചുകിടക്കുന്ന മനുഷ്യനാണ് സംസാരിക്കുന്നത്. ശുദ്ധീകരണ സ്ഥലത്തെ അഗ്നിയുടെ തീക്ഷ്ണതയും കാഠിന്യവുമൊക്കെ കൊച്ചു കൊച്ചു സംഭവങ്ങളിലൂടെ വിവരിച്ചിട്ട്

ഓരോ ഖണ്ഡവും അവസാനിക്കുമ്പോൾ തനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു പരേതാത്മാവ് മൃതസംസ്കാരത്തിനു വന്ന വരോട് അഭ്യർത്ഥിക്കുന്നു. നിത്യപിതാവിന്റെ സന്നിധിയിലേക്കു മടങ്ങുവാൻ തയ്യാറെടുക്കുന്ന അച്ചന്റെ മനസ്സ് ഈ കൃതികളിൽ തെളിഞ്ഞുകാണാം.

ഏതാനും വർഷം കൂടി ചാവറയച്ചൻ ജീവിച്ചിരുന്നെങ്കിൽ സി. എം.ഐ. സഭയിൽ അരങ്ങേറിയ ഏറ്റവും വലിയ അനീതിക്ക് സാക്ഷിയാകേണ്ടി വന്നേനെ. കേരളസഭയിൽ തുടരെത്തുടരെയു ണ്ടായ അനൈക്യത്തിനും മാർഗഭ്രംശത്തിനും കാരണം സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരുടെ അഭാവമാണെന്നു തിരിച്ചറിഞ്ഞ സി.എം.ഐ. സഭാംഗങ്ങൾ അതിനു വേണ്ടി പോരാടാൻ തുടങ്ങി. ഇക്കാര്യത്തിൽ ചാവറയച്ചന്റെ നിലപാടുകൾ അവരെ സ്വാധീനി ച്ചിട്ടുണ്ട്. അവർ റോമിലേക്കും ഇന്ത്യയിലെ ഇതര വികാരിയാ ത്തുകളിലേക്കും നിവേദനങ്ങൾ അയച്ചു കൊണ്ടിരുന്നു. ഇങ്ങനെ നിവേദനങ്ങൾ അയച്ച ഏഴ് സന്ന്യാസ വൈദികരെ ലെയോ ണാർഡോ മെത്രാപ്പോലീത്ത റ്റി.ഒ.സി.ഡി. സഭയിൽ നിന്നു പുറ ത്താക്കി. ഇവർ ചരിത്രത്തിൽ ഏഴു വ്യാകുലങ്ങൾ എന്നറിയപ്പെ ട്ടു. മാർപാപ്പയ്ക്കു നിവേദനം അയച്ചു എന്ന പേരിലാണ് പഴേപ റമ്പിൽ ലൂയിസച്ചൻ (1847–1919), ചാവറ യൗസേപ്പച്ചൻ (1835–1886), മീനാട്ടൂർ മാണിയച്ചൻ (1847–1897), തറവട്ടത്തിൽ ഹില്ലാരിയോസ ച്ചൻ (1850–1900), ശങ്കൂരിക്കൽ പൗലോസച്ചൻ (1848–1901), ഇരി മ്പൻ വർഗീസച്ചൻ(1839–1917), മാതേയ്ക്കൽ മത്തായിയച്ചൻ (1845 –1921) എന്നിവരെ വരാപ്പുഴ മെത്രാപ്പോലീത്തയുടെ കല്പന പ്രകാ രം സി.എം.ഐ. സഭയിൽ നിന്നു ബഹിഷ്കരിച്ചത്.

നിവേദനം തയ്യാറാക്കിയത് ഫാ. ലൂയിസ് പഴേപറമ്പിലാണ്. അദ്ദേഹം മാന്നാനം ആശ്രമാംഗമായിരുന്നു. മാന്നാനം, പുളിങ്കുന്ന് ആശ്രമങ്ങളിലെ അന്തേവാസികളായ സന്യാസികളാണ് അദ്ദേഹ ത്തോട് സഹകരിച്ചവർ. മേലൂസ് ശീശ്മ കേരള സഭയെ ഇളക്കിമ റിച്ച സമയമായിരുന്നു അത്. അത്തരം ശീശ്മകൾ ഭാവിയിൽ ഉണ്ടാ കാതിരിക്കാനുള്ള ശ്രമമെന്ന നിലയിൽ ഇവരുടെ നീക്കം സ്വാഭാ വികം മാത്രമായിരുന്നു. ആരാധനാനുഷ്ഠാനങ്ങളിലുള്ള വ്യത്യാസം, മലയാളം അറിയാത്ത ബിഷപ്പുമാരും മിഷനറിമാരും യൂറോപ്യൻ ഭാഷ അറിയാത്ത അൽമായരും ചേരുമ്പോഴുണ്ടാ കുന്ന പ്രശ്നങ്ങൾ, സുറിയാനി (കൽദായ) റീത്തിലെ ബിഷപ്പു മാരെ ലഭിക്കാനുള്ള അഭിനിവേശം എന്നീ മൂന്നു കാര്യങ്ങളാണ് നിവേദനത്തിൽ എടുത്തു കാണിച്ചിരുന്നത്. നേരത്തെ ചാവറയ ച്ചൻ റോമിൽ എത്തിച്ച കത്തിൽ നിർദേശിച്ചിരുന്നതുപോലെ സുറി

യാനി, ലത്തീൻ വിഭാഗക്കാർക്കു പ്രത്യേകം പ്രത്യേകം ബിഷപ്പു മാരെ നിയമിക്കുന്നത് പ്രശ്നപരിഹാരത്തിനിടയാക്കുമെന്ന് ഈ നിവേദനത്തിലും ചൂണ്ടിക്കാണിച്ചിരുന്നു.

ഈ നിവേദനത്തിനുള്ള മറുപടി വരാപ്പുഴ വികാരി അപ്പസ്തോ ലിക്ക മുഖേന തരരുതെന്നു നിവേദനത്തിന്റെ ഒടുവിൽ പ്രത്യേകം രേഖപ്പെടുത്തിയിരുന്നു. 1870-ൽ ചാവറയച്ചൻ റോമിലേക്ക് അയച്ച കത്ത് വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ കൈകളിൽ എത്തിയ കാര്യം വ്യക്തമാക്കിക്കൊണ്ടാണ് ഇങ്ങനെ ആവശ്യപ്പെ ട്ടിരുന്നത്. അതിനാൽ റോമിൽ നിന്നുള്ള മറുപടി പുളിങ്കുന്ന് ആശ്ര മത്തിലെ സുപ്പീരിയറുടെ പേരിൽ അയച്ചാൽ മതിയെന്നാണ് സൂചി പ്പിച്ചിരുന്നത്. തങ്ങൾക്ക് വരാപ്പുഴ മെത്രാപ്പോലീത്തയെ ഭയമാ ണെന്നു തുറന്നെഴുതിയിരുന്നു. എന്തായാലും കത്തെഴുതിയവർ ഭയപ്പെട്ടതിനേക്കാൾ വലിയ ശിക്ഷയാണു ലഭിച്ചത്. അവർ ഏഴു പേരും റ്റി.ഒ.സി.ഡി. സഭയിൽ നിന്നു പുറത്തായി. ഈ വിവരം റോമിൽ അറിഞ്ഞപ്പോൾ കാര്യങ്ങൾ ഏറെ ഗൗരവമുള്ളതായി. നിവേദനങ്ങൾ മാർപാപ്പയുടെ കൈകളിൽ നേരിട്ടെത്തി. മല ബാർസഭയിലെ പ്രശ്നങ്ങൾ പഠിക്കാനായി ബോംബെ മെത്രാനാ യിരുന്ന ലെയോ മെവുറിനെ അപ്പസ്തോലിക് വിസിറ്ററായി 1876 മാർച്ച് 24-നു നിയമിച്ചു. അദ്ദേഹം 1876 മെയ് അഞ്ചിനു കേരള ത്തിലെത്തി.

മെവുറിൻ മെത്രാന്റെ നിർദേശപ്രകാരം സുറിയാനിക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ മാന്നാനത്തു വിളിച്ചു കൂട്ടിയ യോഗത്തിൽ നൂറുകണക്കിനു സഭാംഗങ്ങൾ പങ്കെടുത്തു. യോഗ നടപടികളും വസ്തുതകളും സത്യസന്ധമായി രേഖപ്പെടുത്തുവാൻ പന്ത്രണ്ട് വൈദികരാണു നിയോഗിക്കപ്പെട്ടത്.

മെവുറിൻ മെത്രാനാണ് 'ഏഴു വ്യാകുലങ്ങൾ' എന്ന് ആദ്യമായി പ്രയോഗിച്ചത്. തികഞ്ഞ സഹാനുഭൂതിയോടെയാണ് അദ്ദേഹം സുറിയാനി കത്തോലിക്കരുടെ പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ട് സമർപ്പിച്ചത്. 16 മാസം അദ്ദേഹം കേരളത്തിലുണ്ടായിരുന്നു. മെവു റിൻ മെത്രാൻ കേരളത്തിൽ ഉണ്ടായിരുന്ന അവസരത്തിൽ വരാ പ്പുഴ മെത്രാപ്പോലീത്തയ്ക്ക് എതിരായും അനുകൂലമായും റോമിൽ നിവേദനങ്ങൾ നിരന്തരം ചെന്നുകൊണ്ടിരുന്നു. ചിലർ മെവുറിൻ മെത്രാന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യാൻ തുനിഞ്ഞു. ഈ സാഹചര്യമാണ് ഇഗ്നേഷ്യസ് പെർസിക്കോ മെത്രാൻ കേരള ത്തിൽ രഹസ്യാന്വേഷകനായി വരാൻ കാരണം. മെവുറിൻ മെത്രാൻ കേരളത്തിൽ ഉണ്ടായിരുന്ന അവസരത്തിൽ തന്നെയാണ് പെർസിക്കോ മെത്രാൻ സന്ദർശനം നടത്തിയത്. പെർസിക്കോ

മെത്രാൻ ഒരു മാസത്തോളം കേരളത്തിലുണ്ടായിരുന്നു. രണ്ടു മെത്രാന്മാരുടേയും റിപ്പോർട്ടുകളുടെ ഒടുവിൽ സുറിയാനിക്കാർക്കു പ്രത്യേകമായി ഒരു ബിഷപ്പിനെ നിയമിക്കുവാൻ റോം തീരുമാനിച്ചു. വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ കോ-അഡ്ജൂട്ടറുടെ സ്ഥാനമാണ് ഈ പുതിയ ഭരണാധികാരിക്കു നിശ്ചയിച്ചിരുന്നത്. 1877-ൽ മാർസലൈൻ മിഷനറി കോ-അഡ്ജൂട്ടറായി നിയമിതനായി. ഇദ്ദേഹത്തിനു സുറിയാനി കത്തോലിക്കരുടെ മേൽ വ്യക്തമായ അധികാരാവകാശങ്ങൾ നൽകിയിരുന്നു. കേരളസഭയിൽ ഈ മാറ്റം സംഭവിക്കുവാൻ 'ഏഴ് വ്യാകുലങ്ങൾ' എന്നു വിളിക്കപ്പെട്ട ഏഴ് വൈദികർ അനുഭവിച്ച കഷ്ടനഷ്ടങ്ങളും മാനസിക സംഘർഷങ്ങളും വലുതായിരുന്നു.

റോമിലേക്കു കത്തെഴുതിയ സന്ന്യാസ വൈദികരെ കണ്ടെത്താൻ മെത്രാപ്പൊലീത്ത തുടക്കത്തിൽ താത്പര്യം കാണിച്ചില്ലെന്നും, 'ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ പ്രതികരണമെന്നും ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാൻഡിഡ് ഒ.സി.ഡി. മിഷനറിയും റ്റി.ഒ.സി.ഡി. സഭാംഗമായ ഫാ. സ്കറിയ തട്ടാശ്ശേരിലും കുറ്റക്കാർക്കെതിരേ അച്ചടക്ക നടപടിയെടുക്കണമെന്ന ശക്തമായ നിലപാട് കൈക്കൊണ്ടുവത്രെ. വിഷയം രഹസ്യമായി അന്വേഷിക്കാനും കുറ്റക്കാരെ കണ്ടെത്താനുമായി നാലംഗ കമ്മിറ്റി രൂപവത്ക്കരിച്ചു. ഫാ. തട്ടാശ്ശേരിൽ മുൻകൈയെടുത്ത് രൂപവത്ക്കരിച്ചതായി പറയപ്പെടുന്ന ഈ കമ്മിറ്റിയിൽ റ്റി.ഒ.സി.ഡി. സുപ്പീരിയർ ജനറൽ ഫാ. കുര്യാക്കോസ് പോരൂക്കര, കൂനമ്മാവ് ആശ്രമത്തിന്റെ സുപ്പീരിയർ ഫാ. സകറിയ തട്ടാശ്ശേരിൽ, വാഴക്കുളം ആശ്രമത്തിന്റെ സുപ്പീരിയർ ഫാ. ജേക്കബ് കാനാട്ട്, എൽത്തുരുത്ത് ആശ്രമത്തിന്റെ സുപ്പീരിയർ ഫാ. മത്തായി കാപ്പിൽ എന്നിവരെയാണ് അംഗങ്ങളാക്കിയിരുന്നത്. നിവേദനം നൽകിയവരെയും അവർക്കു ഒത്താശ ചെയ്തവരെയും കണ്ടെത്തുക, റ്റി.ഒ.സി.ഡി. സുപ്പീരിയർ ജനറലിന്റെയും വിവിധ ആശ്രമങ്ങളുടെ സുപ്പീരിയർമാരുടേയും ഒപ്പ് സഹിതം വരാപ്പുഴയിലെ ഭരണനേതൃത്വത്തെ പിന്തുണയ്ക്കുന്ന ബദൽ നിവേദനം റോമിലേക്ക് അയയ്ക്കുക എന്നിവയായിരുന്നു മെത്രാപ്പൊലീത്തയെ പിന്തുണയ്ക്കുന്നവരുടെ പദ്ധതി. സത്യാന്വേഷണത്തേക്കാൾ കുറ്റാന്വേഷണമായിരുന്നു ലക്ഷ്യം. ആശ്രമങ്ങൾ സന്ദർശിച്ചു വിവരങ്ങൾ ശേഖരിക്കാൻ ചുമതലപ്പെടുത്തിയത് മാർസലൈൻ മിഷനറിയെ ആയിരുന്നു. സുറിയാനി അറിയാവുന്ന രണ്ടു വൈദികവിദ്യാർഥികളോടൊപ്പമാണ് ഫാ. മാർസലൈൻ മാന്നാനത്തു വന്നത്. മിഷനറിക്ക് സുറിയാനി ഭാഷ അറിയില്ലായിരുന്നു.

മാന്നാനത്തു വന്നതിന്റെ മൂന്നാം ദിവസമാണ് ഫാ. മാർസലൈൻ സന്ദർശനോദ്ദേശ്യം സുപ്പീരിയർ ജനറൽ ഫാ. കുര്യാക്കോസ് പോരൂക്കരയോട് പറഞ്ഞത്. ഈ പദ്ധതിയെ സുപ്പീരിയർ ജനറൽ എതിർത്തു.

മാന്നാനത്തിനു പുറമെ പുളിങ്കുന്ന് ആശ്രമത്തിലും ഫാ. മാർസലൈൻ സന്ദർശനം നടത്തി. പോരൂക്കരയച്ചൻ ബദൽ നിവേദനത്തിൽ ഒപ്പ് ഇടുകയില്ലെന്ന നിലപാടിൽ ഉറച്ചുനിന്നതിനാൽ മറ്റാരോ അദ്ദേഹത്തിന്റെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തിയാണു ബദൽ നിവേദനം റോമിലേക്ക് അയച്ചത്. പിന്നീട് മെവുറിൻ മെത്രാൻ അപ്പസ്തോലിക്ക് വിസിറ്ററായി വന്നപ്പോൾ ഈ വ്യാജ ഒപ്പ് അന്വേഷണ വിഷയമായി. ബദൽ നിവേദനത്തിന്റെ സാംഗത്യം തന്നെ അതോടെ നഷ്ടമായി.

ഫാ. മാർസലൈനും ഫാ. തട്ടാശ്ശേരിലും തങ്ങളുടെ അന്വേഷണ റിപ്പോർട്ടുകൾ മെത്രാപ്പോലീത്തയ്ക്കു സമർപ്പിച്ചു. ശിക്ഷണ നടപടികൾ നടപ്പാക്കാനുള്ള ചുമതല ഏൽപ്പിച്ചത് ഫാ. സ്കറിയ തട്ടാശ്ശേരിലിനെയാണ്. പുളിങ്കുന്ന് ആശ്രമത്തിൽ നിന്നാണ് ശുദ്ധീകരണ പ്രക്രിയ ആരംഭിച്ചത്. അവിടത്തെ അന്തേവാസികളായ ഫാ. മത്തായി മാതേയ്ക്കൽ, ഫാ. മാണി മീനാട്ടൂർ, ഫാ. പൗലോസ് ശങ്കൂരിക്കൽ എന്നിവരെ സന്ന്യാസസഭയിൽ നിന്നു പുറത്താക്കി അവരവരുടെ ഇടവകകളിലേക്കു തിരിച്ചയച്ചു. പുളിങ്കുന്ന് ആശ്രമത്തിലെ മറ്റംഗങ്ങളെ വിവിധ ആശ്രമങ്ങളിലേക്കു സ്ഥലം മാറ്റി. ശിക്ഷണ നടപടികളുടെ മേൽനോട്ടം നിർവഹിച്ച ഫാ. സ്കറിയ തട്ടാശ്ശേരിൽ പുളിങ്കുന്ന് ഇടവകക്കാരനായിരുന്നു. കർമ്മലയിലെ സൗഗന്ധികങ്ങൾ എന്ന ഓർമപുസ്തകത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചിരിക്കുന്നത് ഇങ്ങനെയാണ്: “സഭയുടെ ആദ്യകാല പിതാക്കന്മാരിൽ കാര്യപ്രാപ്തനും നല്ല ധ്യാനപ്രസംഗകനുമായിരുന്നു ബ. സ്കറിയാച്ചൻ. വരാപ്പുഴ ഭരണാധികാരത്തോടു വിശ്വസ്തത പുലർത്തിയിരുന്ന ഇദ്ദേഹം കൂനമ്മാവിലും പുളിങ്കുന്നിലും ആശ്രമശ്രേഷ്ഠനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1825-ൽ ജനിച്ച അച്ചൻ 1883-ൽ 58-ാം വയസിൽ നിര്യാതനായി. പുളിങ്കുന്നിൽ സംസ്കരിക്കപ്പെട്ടു.”[4]

മാന്നാനം ആശ്രമാംഗങ്ങളായിരുന്ന ഫാ. ജോസഫ് ചാവറയും ഫാ. ഗീവർഗീസ് ഇരുമ്പനും റ്റി.ഒ.സി.ഡി. സഭയിൽ നിന്ന് പുറത്താക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു. ഫാ. ലൂയിസ് പഴേപറമ്പിൽ, ഫാ. ഹിലാരിയോൻ തറവട്ടം എന്നിവരാണ് ബഹിഷ്കരിക്കപ്പെട്ട മറ്റു രണ്ടുപേർ. അങ്ങനെ മൊത്തം ഏഴുപേർ, ‘ഏഴു വ്യാകുലങ്ങൾ’.

നീതികരിക്കാനാവാത്ത ശിക്ഷണ നടപടികൾ ഇങ്ങനെ മുന്നേ

റിയപ്പോൾ ഫാ. ലൂയിസ് പഴേപറമ്പിൽ മാർപാപ്പയ്ക്ക് ഒരു ടെലിഗ്രാം സന്ദേശം അയച്ചു: "ഒരു പ്രത്യേക ബിഷപ്പിനായി അഭ്യർത്ഥിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തെ സമീപിച്ചതിന്റെ പേരിൽ ഞങ്ങളെ സന്ന്യാസ സഭയിൽ നിന്നു പുറത്താക്കിയിരിക്കുകയാണ്. ഞങ്ങളുടെ പേരിൽ മറ്റു കുറ്റങ്ങളൊന്നുമില്ല. നാലുപേരെകൂടി താമസിയാതെ പുറത്താക്കുമെന്നു കേൾക്കുന്നു. ഒരു ആശ്രമം ഇപ്പോൾ ശൂന്യമാണ്. മറ്റൊന്ന് ശൂന്യമാവുന്നതിന്റെ വഴിയിലാണ്. സന്യാസ വൈദികരെ ആശ്രമങ്ങളിൽ നിന്നു പുറത്താക്കുന്നു. ഇത്തരം നടപടികൾ അവസാനിപ്പിക്കുന്ന സാഹചര്യമുണ്ടാകണമെന്നു പരിശുദ്ധ സിംഹാസത്തോട് സന്ന്യാസികളായ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ദയവായി ഒരു അപ്പസ്തോലിക്ക് കമ്മിസാറിയെ നിയമിച്ച് അന്വേഷണം നടത്തി ഞങ്ങൾ തെറ്റുകാരാണോ, അല്ലയോ എന്നു കണ്ടെത്താൻ ദയവുണ്ടാകണം."

ഫാ. ഗീവർഗീസ്(വർക്കി) പാറപ്പുറത്ത്, ഫാ. തോമസ് മൂഞ്ഞേലിൽ എന്നിവർക്ക് പുറത്താക്കൽ ഉത്തരവ് കൊടുത്തു കഴിഞ്ഞപ്പോഴേക്കും റോമിൽ നിന്ന് മെത്രാപ്പോലീത്തയ്ക്ക് ഒരു സന്ദേശമെത്തി."ഭാവിയിൽ ആരെയും പുറത്താക്കരുത്" എന്ന് അതിൽ വ്യക്തമാക്കിയിരുന്നു. നിലവിൽ പുറത്താക്കിയവരെ തിരിച്ചെടുക്കണമെന്നും നിർദേശിച്ചിരുന്നു. ഈ സന്ദേശം രഹസ്യമായി സൂക്ഷിച്ചു. പുറത്താക്കിയവരെ ആരെയും തിരിച്ചടുത്തില്ല. പുറത്താക്കാൻ ഉത്തരവ് കൊടുത്തിരുന്ന രണ്ടു പേരെ പശ്ചാത്തപിച്ചതിനാൽ ബഹിഷ്കരിക്കുന്നില്ലെന്നു പറഞ്ഞു സഭയിൽ നിലനിർത്തി.

ഏഴുപേരെ ഇങ്ങനെ സഭയിൽ നിന്നു ബഹിഷ്കരിക്കാൻ കാരണമായ നിവേദനം തയാറാക്കിയത് ഫാ. ലൂയീസ് പഴേപറമ്പിലായിരുന്നുവെന്നു മുൻപ് വ്യക്തമാക്കിയിട്ടുണ്ട്. 1890 ഡിസംബർ ഒന്നിനു ബിഷപ്പ് ലെയോ മെവുറിനു അയച്ച കത്തിൽ ഫാ. ലൂയിസ് തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ അദ്ദേഹം കോട്ടയം വികാരി അപ്പസ്തോലിക്കയായ ചാൾസ് ലെവീഞ്ഞിന്റെ സെക്രട്ടറിയായിരുന്നു. ബിഷപ്പ് ലെവീഞ്ഞിനോടൊപ്പം റോം സന്ദർശിച്ച അവസരത്തിൽ ലെയോ പതിമൂന്നാമൻ മാർപാപ്പയുമായും വിശ്വാസ തിരുസംഘത്തിന്റെ പ്രീഫെക്ടുമായും ദീർഘ സംഭാഷണം നടത്തുവാൻ ലൂയീസച്ചനു അവസരം കിട്ടി. 1896 -ൽ എറണാകുളം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി അദ്ദേഹം നിയമിതനായി. 1896 ഒക്ടോബർ 25-നു കാൻഡിയിൽ വച്ച് ഇന്ത്യയിലെ അപ്പസ്തോലിക് ഡെലിഗേറ്റ് ആർച്ച് ബിഷപ്പ് സലേസ്കി മാർ ലൂയിസ് പഴേപറമ്പിലിനെ മെത്രാനായി

അഭിഷേകം ചെയ്തു.

1905-ന് മാർ പഴേപറമ്പിൽ റോമിൽ രണ്ടാമതൊരു സന്ദർശനം നടത്തി. സെക്രട്ടറിയും പിന്നിട് ബിഷപ്പുമായ ഫാ. തോമസ് കുര്യാളശ്ശേരി ഒപ്പമുണ്ടായിരുന്നു. റോമിൽ പഠനം നടത്തുകയായിരുന്ന റ്റി.ഒ.സി.ഡി. വൈദികൻ അലക്സാണ്ടർ കട്ടക്കയ (ജൂനിയർ) വും റോമിൽ ബിഷപ്പിനെ അനുഗമിച്ചിരുന്നു. ബിഷപ്പ് റോമിൽ പത്താം പീയൂസ് മാർപാപ്പയെ സന്ദർശിച്ച് ലിറ്റർജിക്കൽ കലണ്ടറിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അനുവാദം വാങ്ങി.

ബിഷപ്പ് പഴേപറമ്പിലാണ് ഇപ്പോഴത്തെ സ്ഥലത്ത് എറണാകുളത്തെ മെത്രാസന മന്ദിരം പണിതത്. ആലുവയിൽ സെന്റ് മേരീസ് ഹൈസ്കൂളിനു തുടക്കം കുറിച്ചതും അദ്ദേഹമാണ്. എറണാകുളം വികാരിയാത്തിലെ ആദ്യ ഹൈസ്കൂളാണിത്.

ബിഷപ്പാകുന്നതിനു മുമ്പ് ഫാ. ലൂയിസിനെ കർമ്മലീത്താ സന്യാസിനികളുടെ ഡയറക്ടറായി ബിഷപ്പ് ചാൾസ് ലെവീഞ്ഞ് നിയമിച്ചിരുന്നു. ഈ കാലഘട്ടത്തിൽ മുത്തോലി, ആരക്കുഴ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ മഠങ്ങൾ ആരംഭിച്ചു. ബിഷപ്പായശേഷം എറണാകുളം, വൈക്കം, കാഞ്ഞൂർ, കറുകുറ്റി, ചെങ്ങൽ എന്നിവിടങ്ങളിൽ മഠങ്ങൾ തുടങ്ങി. രണ്ടാം തവണ റോം സന്ദർശിച്ച അവസരത്തിൽ ജനോവയിൽ പോയി ഫാ. ലിയോപോൾദിനെ സന്ദർശിക്കുകയുണ്ടായി.

റോമിലെ ആർക്കൈവ്സിൽ നിന്നുൾപ്പെടെ കിട്ടാവുന്ന രേഖകളെല്ലാം സംഘടിപ്പിച്ച് രണ്ടു പ്രധാന പുസ്തകങ്ങൾ ബിഷപ്പ് പഴേപറമ്പിൽ രചിച്ചു. 1919 ഡിസംബർ 9-നു 73-ാമത്തെ വയസിൽ അന്തരിച്ചു. അക്കാലംവരെ തന്റെ സ്വപ്നമായ സീറോ മലബാർ ഭരണസംവിധാനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുഴുകി. അദ്ദേഹത്തിന്റെ മരണശേഷം 1923-ൽ ആ സ്വപ്നം യാഥാർഥ്യമായി.

ഏഴ് വ്യാകുലങ്ങളിൽ ഏറ്റവും പ്രായം ചെന്നയാൾ വിശുദ്ധ ചാവറയച്ചന്റെ അടുത്ത ബന്ധുവായ ഫാ. ജോസഫ് ചാവറയായിരുന്നു. 1833-ൽ ജനിച്ച അദ്ദേഹം 1855-ൽ റ്റി.ഒ.സി.ഡി. സഭയിൽ ചേർന്നു. 1864-ൽ പുരോഹിതനായി. പട്ടമേറ്റശേഷം മാന്നാനത്തു തന്നെയാണു ജീവിതം നയിച്ചത്. മാന്നാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിച്ചിരുന്ന അദ്ദേഹത്തെ പുറത്തുപോയി സംഭാവനകൾ സ്വീകരിക്കുവാൻ ചാവറയച്ചൻ നിയോഗിച്ചിരുന്നു. സന്ന്യാസ സഭയിൽ നിന്നു പുറത്താക്കി കൊണ്ടുള്ള ഉത്തരവ് ജോസഫച്ചനു വലിയ ആഘാതമായി. താൻ മാന്നാനം വിട്ടുപോകയില്ലെന്നും അവിടെക്കിടന്നു മരിക്കാനാണ് ആഗ്രഹ

മെന്നും വികാരവിവശനായി പറഞ്ഞു. ഉത്തരവ് അനുസരിക്കുന്നില്ലെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടിവരുമെന്നു പ്രിയോർ കുര്യാക്കോസ് പോരൂക്കര അച്ചൻ മുന്നറിയിപ്പു നൽകി. അതനുസരിച്ച് ശിക്ഷണ നടപടി സ്വീകരിച്ചുകൊണ്ട് ജോസഫച്ചൻ മാന്നാനം ആശ്രമത്തിൽ തുടർന്നു. 1910 നവംബർ അഞ്ചിനു അന്തരിച്ചു.

പൂവത്തുശ്ശേരി ഇടവകാംഗമായ ഫാ. ഗീവർഗീസ് ഇരുമ്പൻ 1839 -നു ജനിച്ചു. 1857-ൽ സന്ന്യാസസഭയിൽ ചേർന്നു. 1864 ഡിസംബർ 24-നു വൈദികനായി. പുളിങ്കുന്ന് ആശ്രമത്തിൽ കഴിയുമ്പോൾ മഞ്ഞുമ്മലിൽ പോയി ബിഷപ്പിനെ കാണാൻ നിർദേശം കിട്ടി. ബിഷപ്പിൽ നിന്നു ശകാരം ഏറ്റുവാങ്ങിയശേഷം കൂനമ്മാവിൽ പോയി സുപ്പീരിയറിനെ കണ്ടു. 1876 ജനുവരി മൂന്നാംതീയതി സന്യാസ സഭയിൽ നിന്നുള്ള പുറത്താക്കൽ ഉത്തരവു കൈപ്പറ്റി. അദ്ദേഹം പിൽക്കാലത്ത് വിവിധ ഇടവകകളിൽ പ്രവർത്തിച്ചു. ആദ്യം കുത്തിയതോട് കിഴക്കേപള്ളിയിൽ. തുടർന്ന് മൂഴിക്കുളം, പരിയാരം, മലയാറ്റൂർ, കറുകുറ്റി, പൂവത്തുശ്ശേരി, പാലാ, മേലൂർ, ചേന്ദമംഗലം, കുണ്ടൂർ, പയ്യപ്പിള്ളി, കുറ്റാനം, അരണാട്ടുകര, കൊട്ടേക്കാട് തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 1909-ൽ ഇടവക സേവനത്തിൽ നിന്ന് റിട്ടയർ ചെയ്തു. 1917 ജനുവരി ഒന്നിന് അന്തരിച്ചു.

ഭരണങ്ങാനം ഇടവകാംഗം ഫാ. മാണി മീനാട്ടൂർ 1844-ൽ ജനിച്ചു. 1860-ൽ റ്റി.ഒ.സി.ഡി. സഭയിൽ ചേർന്നു. 1870-ൽ വൈദികനായി. സുറിയാനി, ലത്തീൻ ഭാഷകളിലും വിവിധ യൂറോപ്യൻ ഭാഷകളിലും പാണ്ഡിത്യം ഉണ്ടായിരുന്നു. പട്ടത്തിനു മുമ്പേ തന്നെ പുളിങ്കുന്ന് സെമിനാരിയിൽ സുറിയാനി, ലത്തീൻ ഭാഷകൾ പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരുന്നു. ഫാ. ലൂയീസ് പഴേപറമ്പിൽ അടുത്ത സുഹൃത്തായിരുന്നു. സന്ന്യാസ സഭയിൽ നിന്നു ബഹിഷ്കൃതനായ ശേഷം മലയാറ്റൂർ, കാഞ്ഞിരപ്പള്ളി, ആനക്കല്ല്, ആരക്കുഴ, ഇടപ്പള്ളി ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. 1921 ജൂൺ രണ്ടിനു രോഗബാധിതനായി അന്തരിച്ചു.

ഫാ. മത്തായി മാതേയ്ക്കൽ 1845-നു ആരക്കുഴയിൽ ജനിച്ചു. ഏക മകനായിരുന്നു. ഒരു സഹോദരി ഉണ്ടായിരുന്നു. കൂനമ്മാവിലെ പഠനശേഷം 1872-ൽ വൈദികനും. 1873-ൽ പുളിങ്കുന്ന് സെമിനാരിയിൽ പ്രൊഫസറുമായി. സഭയിൽ നിന്ന് ബഹിഷ്കൃതനായശേഷം മുട്ടുചിറ, ഭരണങ്ങാനം, രാമപുരം, ആരക്കുഴ, കോതമംഗലം, പെരിങ്ങുഴ, മാറിക എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. ദീർഘകാലം ബിഷപ്പ് മാർ ലൂയീസ് പഴേപറമ്പിലിന്റെ

ഉപദേശകനായിരുന്നു.

ഞാറയ്ക്കൽ ഇടവകക്കാരനായ ഫാ. പൗലോസ് ശങ്കൂരിക്കൽ 1848-ൽ ജനിച്ചു. കൂനമ്മാവിൽ വൈദികപഠനത്തിനു ശേഷം 1872-ൽ വൈദികനായി. പുളിങ്കുന്നു ആശ്രമത്തിൽ സെമിനാരി പ്രൊഫസറായി സേവനം അനുഷ്ഠിക്കുമ്പോഴാണ് സഭയിൽ നിന്നു ബഹിഷ്കൃതനായത്. തുടർന്ന് അദ്ദേഹം സ്വന്തം ഇടവകയായ ഞാറയ്ക്കലിൽ താമസിച്ചു. 1876-ൽ മെവുറിൻ ബിഷപ്പിനെ ആദ്യം സന്ദർശിച്ച സുറിയാനി വൈദികൻ ഫാ. ശങ്കൂരിക്കലാണ്. കോ-അഡ്ജൂട്ടർ മാർസലൈൻ ഫാ. ശങ്കൂരിക്കലിനെ എറണാകുളം ഇടവകയുടെ വികാരിയായി നിയമിച്ചു. ഒല്ലൂർ, അങ്കമാലി, കൊരട്ടി, ആമ്പല്ലൂർ, കാഞ്ഞൂർ ഇടവകകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1901-ൽ അന്തരിച്ചു.

മാന്നാനത്തു സെമിനാരി അധ്യാപകനായി സേവനം അനുഷ്ഠിക്കുമ്പോഴാണ് ഫാ. ഹിലാരിയോൻ തറവട്ടം 1875 ജനുവരി 15-നു സഭയിൽ നിന്നു ബഹിഷ്കൃതനായത്. വടക്കൻ പറവൂരിൽ ഇടവക വികാരിയായിരിക്കുമ്പോൾ കൂനമ്മാവിലെ റ്റി.ഒ.സി.ഡി. ആശ്രമത്തിലെ സന്ന്യാസികളെ വലിയ ജനകീയ പ്രതിഷേധത്തിൽ നിന്നു രക്ഷിച്ചു. കൂനമ്മാവിൽ നിന്ന് ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ ശേഖരിച്ചു കൊണ്ടുപോകാൻ ശ്രമിച്ച സന്ന്യാസ വൈദികർക്കെതിരേയാണ് നാട്ടുകാർ അണിനിരന്നത്. അധികാരികളുമായി അടുപ്പമുണ്ടായിരുന്ന ഹിലാരിയോനച്ചൻ അവരെ ഉപയോഗിച്ച് ജനങ്ങളെ നിയന്ത്രണവിധേയരാക്കി. 1890-ൽ അച്ചൻ അന്തരിച്ചു.

ബഹിഷ്കരിക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും അവരുമായി സഹകരിച്ചുവെന്ന പേരിൽ ഫാ. ജേക്കബ് മംഗലത്തിനോട് വരാപ്പുഴയിലെ അധികാരികൾ ക്രൂരമായാണു പെരുമാറിയത്. മാർപാപ്പയ്ക്കുള്ള നിവേദനത്തിൽ അതിനുള്ള മറുപടി അയയ്ക്കേണ്ട മേൽവിലാസമായി കാണിച്ചിരുന്നത് പുളിങ്കുന്ന് ആശ്രമത്തിലെ സുപ്പീരിയറുടേതായിരുന്നു. ഫാ. ജേക്കബ് മംഗലത്ത് ആയിരുന്നു അപ്പോൾ സുപ്പീരിയർ. ശിക്ഷണ നടപടികളുടെ ഭാഗമായി പുളിങ്കുന്നിലെ എല്ലാ സന്ന്യാസികളെയും സ്ഥലംമാറ്റി. ഫാ. ജേക്കബിനെ വാഴക്കുളം ആശ്രമത്തിലേക്കാണു നിയോഗിച്ചത്. 1876 ജനുവരിയിൽ സ്ഥലംമാറ്റ ഉത്തരവ് ലഭിക്കുമ്പോൾ ഫാ. മംഗലത്ത് കടുത്ത പ്രമേഹരോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. യാത്ര ചെയ്യാനുള്ള ബുദ്ധിമുട്ട് അച്ചൻ ആർച്ച്ബിഷപ്പിനെ എഴുതി അറിയിച്ചുവെങ്കിലും ഉത്തരവ് അനുസരിക്കുക എന്ന മറുപടിയാണു ലഭിച്ചത്. തുടർന്ന് ഫാ. തട്ടാശ്ശേരിൽ ഒരു വള്ളം ഏർപ്പാ

ടാക്കി. അതിലൊരു കിടക്ക ശരിയാക്കി മംഗലത്തച്ചനെ കിടത്തി സഹായികളായി രണ്ടുപേരെയും ഏർപ്പാടാക്കി. അങ്ങനെ വാഴക്കുളം ആശ്രമത്തിലേക്കു യാത്രയായി.

പിന്നീട് അപ്പസ്തോലിക് വിസിറ്റർ ലെയോ മെവുറിൻ മെത്രാൻ മംഗലത്തച്ചനോടു വരാപ്പുഴ വികാരി അപ്പസ്തോലിക്ക കാണിച്ച നടപടി ക്രൂരവും മനുഷ്യത്വരഹിതവുമാണെന്നു കണ്ടെത്തി. മെവുറിൻ മെത്രാൻ വരാപ്പുഴ അധികാരിയുടെ ഉത്തരവു റദ്ദാക്കി. ജേക്കബച്ചനെ ഉടൻ തന്നെ പുളിങ്കുന്ന് ആശ്രമത്തിൽ എത്തിക്കാൻ നിർദ്ദേശിച്ചു. പുളിങ്കുന്നിലേക്കുള്ള മടക്കയാത്രയിൽ അച്ചനു രോഗം വർധിച്ചു. പള്ളിപ്പുറത്തുവച്ച് 1876 ജൂലൈ 16-ന് അദ്ദേഹം അന്തരിച്ചു.സ്വാർത്ഥരും മനുഷ്യത്വരഹിതരുമായ വ്യക്തികൾ അധികാരികളായാൽ അവർ ഏകാധിപതികളെപ്പോലെ പെരുമാറുകയും മറ്റുള്ളവരുടെ ജീവിതം നരകമാക്കുകയും ചെയ്യും. എല്ലാ പീഡനങ്ങൾക്കും ഒടുവിൽ ദൈവീകമായ സൂര്യോദയമുണ്ടെന്നാണ് യേശുനാഥൻ പഠിപ്പിച്ചത്. മലയിലെ പ്രസംഗത്തിൽ അവിടന്നു പ്രഘോഷിച്ചു, “നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതതാണ്” (മത്തായി 5:10).

### സൂചിത രേഖകൾ


1. *Herald of the New Age,* Page 175.
2. *Herald of the New Age,* Page 176.
3. *Herald of the New Age,* Page 185.
4. *കർമ്മലയിലെ സൗഗന്ധികങ്ങൾ* 1831-2012, പേജ് 78.

12

# കൂട്ടായ്മയിൽ വിരിഞ്ഞ സന്ന്യാസിനി മലരുകൾ

**ഫാ.** ലിയോപോൾദ് ബെക്കാറോയും ചാവറയച്ചനും പരസ്പരം സ്നേഹത്തോടും ബഹുമാനത്തോടുമാണ് പ്രവർത്തിച്ചിരുന്നത്. അവർ തമ്മിൽ ഗുരുതരമായ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുണ്ടോയെന്നു സംശയിക്കാൻ തന്നെ പ്രയാസം. വ്യക്തിപരമായ കാര്യങ്ങൾക്കല്ലെങ്കിലും നിലപാടുകളെ മുൻനിർത്തി അഭിപ്രായ വ്യത്യാസങ്ങൾ സംഭവിച്ചിട്ടുണ്ടാവാം. അതു സ്വാഭാവികം മാത്രം. ഈ സന്ദർഭത്തിൽ ചാവറയച്ചന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു കൃതിയിൽ നിന്നുള്ള ചെറിയ ഭാഗം ഉദ്ധരിക്കട്ടെ:

"തന്റെ ഇളയപ്പൻ മരണാസന്നനായപ്പോൾ അദ്ദേഹത്തെ ചെന്നുകണ്ടു സമാശ്വസിപ്പിക്കാൻ കളത്തിൽ അപ്രേമച്ചൻ ആഗ്രഹിച്ചെങ്കിലും ലിയോപോൾദ് മിഷനറി സമ്മതിച്ചില്ല. അനുകൂലമായ എന്റെ (ചാവറയച്ചൻ) വാദമുഖങ്ങളൊന്നും ഗൗനിക്കാൻ തയ്യാറായതുമില്ല. സ്വന്തം അഭിപ്രായത്തിൽ ഉറച്ചു നിന്നുകൊണ്ട് കുറിയിട്ടു നിർണയിക്കണമെന്നു ശഠിച്ചു. കറുത്ത കുറി ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മിഷനറി പാത്രത്തിൽ നിക്ഷേപിച്ചത്. വെള്ളക്കുറി ഇടുന്നതിനെതിരേയുള്ള ഭീഷണിയായിരുന്നു അത്. അച്ചന്മാർ ധർമ്മസങ്കടത്തിലായി. അവർക്കു ധൈര്യം പകരാൻ എനിക്ക് ഒരു കടുത്ത കൈ പ്രയോഗിക്കേണ്ടി വന്നു. ഞാൻ (ചാവറയച്ചൻ) വെളുത്ത കുറി ഉയർത്തിപ്പിടിച്ചു കൊണ്ടാണ് വോട്ട് ചെയ്തത്. ഫലമോ ഒരെണ്ണമൊഴികെ മറ്റെല്ലാം വെള്ള. മൂപ്പച്ചന്റെ മുഖം ചുവന്നു. എന്നോട് അമർഷം തോന്നുക സ്വാഭാവികമാണല്ലോ. മുഖം കറുപ്പിച്ച് അദ്ദേഹം സ്ഥലം വിടുകയും ചെയ്തു.

അപ്പോൾ എനിക്കുണ്ടായ മനോവേദന വർണനാതീതമാണ്. ദൈവമേ, ഞാൻ മേലധികാരിയെ ധിക്കരിച്ചുവോ? അതോ സത്യത്തിനു വേണ്ടി വീരോചിതമായി നിലകൊള്ളുകയായിരുന്നുവോ?

തമ്പുരാനേ, പൊറുക്കണമേ. മൂപ്പച്ചന് എന്നോടുള്ള ബന്ധം തകർന്നാൽ സമൂഹം വലിയ വില കൊടുക്കേണ്ടി വരുമല്ലോ. കർത്താവേ, കനിയണമേ, കരുത്തേകണമേ.

അടുത്ത ദിവസങ്ങളിൽ ഞാൻ അദ്ദേഹത്തെ പല പ്രാവശ്യം സമീപിച്ചെങ്കിലും മുഖഭാവത്തിനു മാറ്റമൊന്നും കണ്ടില്ല. പ്രാർത്ഥനയെന്ന ആയുധവുമേന്തി ഞാൻ പരിശ്രമം തുടർന്നു. ഒടുവിൽ മിഷനറി എന്നോട് മിണ്ടിത്തുടങ്ങി. തിരുഹിതം അനുസരിച്ചാണ് പ്രവർത്തിച്ചതെന്നു അറിയാമായിരുന്നെങ്കിലും ഞാൻ പൊറുതിയപേക്ഷിക്കുകയാണു ചെയ്തത്. മൂപ്പച്ചൻ ഞങ്ങളെ വളരെയധികം സ്നേഹിക്കുന്നവനാണ്. അതിനു അവസാനം വലിയ വില കൊടുക്കേണ്ടിവന്നു. അന്ന് അദ്ദേഹം അപ്രകാരം വർത്തിച്ചത് കർമ്മലസഭയുടെ നിയമം നിഷ്കർഷമായി നടപ്പിലാക്കണമെന്ന നിഷ്ഠകൊണ്ടായിരിക്കണം. ദൈവസമക്ഷം തെറ്റുകാരനാകാനിടയില്ല."[1] ആഖ്യാന രൂപത്തിലല്ലെങ്കിലും ഈ സംഭവം ഫാ. വർക്കി പാറപ്പുറത്തും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനെ ആധാരമാക്കി ഫാ. മത്തിയാസ് മുണ്ടാടനും എഴുതിയിട്ടുണ്ട്.

ലിയോപോൾദ് മിഷനറി വളരെ കാർക്കശ്യത്തോടെ കർമ്മലസഭയുടെ നിയമങ്ങൾ റ്റി.ഒ.സി.ഡി. സഭാംഗങ്ങളെ പഠിപ്പിക്കാൻ ശ്രമിച്ചിരുന്നുവെന്നു വ്യക്തം. കരിക്കട്ട വജ്രമാകണമെങ്കിൽ കടുത്ത സമ്മർദത്തിനു വിധേയമാകണമല്ലോ. മിഷനറിക്കു സുറിയാനിക്കാരോടും സി.എം.ഐ. സന്ന്യാസിമാരോടും ഉണ്ടായിരുന്ന സ്നേഹം കണ്ണടച്ചുള്ളതായിരുന്നില്ല. അധികാരം പ്രയോഗിക്കാൻ അദ്ദേഹം മടിച്ചിരുന്നുമില്ല. ലെയോണാർഡോ മെത്രാപ്പോലീത്തയുടെ സ്ഥാനത്ത് ലിയോപോൾദ് ബെക്കാറോ അച്ചൻ മെത്രാപ്പോലീത്തയായിരുന്നെങ്കിൽ കേരളത്തിലെ സുറിയാനി കത്തോലിക്കരുടെയും ഈ സന്ന്യാസ സഭയുടെയും ചരിത്രം എന്താകുമായിരുന്നുവെന്ന ഭാവനാപരമായ ആലോചനയ്ക്കു വലിയ പ്രസക്തിയുണ്ട്.

ഇറ്റലിക്കാരനായ ലിയോപോൾദ് മിഷനറി 1859 ഡിസംബറിലാണ് കേരളത്തിലെത്തിയത്. സബ് ഡീക്കൺ ആയിരുന്ന അദ്ദേഹത്തിനു 22 വയസായിരുന്നു. കൂനമ്മാവ് ആശ്രമത്തിലാണ് ആദ്യമായി താമസിച്ചത്. വൈദികപഠനം പൂർത്തിയാക്കുക, മലയാളം പഠിക്കുക എന്നിവയായിരുന്നു പ്രധാന ഉദ്ദേശ്യങ്ങൾ. 16 വർഷം കഴിഞ്ഞ് കേരളത്തിൽ നിന്നു പോകുന്നതുവരെ അദ്ദേഹം കൂനമ്മാവിലായിരുന്നു താമസിച്ചത്. 1860 ഒക്ടോബർ എട്ടിനു ബിഷപ്പ് ബർണർഡിൻ ബച്ചിനെല്ലിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ബിഷപ്പ് അദ്ദേഹത്തെ കൂനമ്മാവിലെ റ്റി.ഒ.സി.ഡി. സമൂഹത്തിന്റെ

നൊവിസ് മാസ്റ്ററായി നിയമിച്ചു. ഇരുപത്തഞ്ചു വയസുള്ള നവ വൈദികനായ ഫാ. ലിയോപോൾദിനെ 55 വയസുണ്ടായിരുന്ന ചാവറയച്ചൻ തന്റെ കുമ്പസാരക്കാരനും ആത്മീയ ഗുരുവുമായി അംഗീകരിച്ചു. വികാരി അപ്പസ്തോലിക്കയായ ബെർണർഡിൻ ബച്ചിനെല്ലിക്ക് ഫാ. ലിയോപോൾദിനെ വലിയ മതിപ്പായിരുന്നു. അതിനാൽ 1863-ൽ അദ്ദേഹത്തെ റ്റി.ഒ.സി.ഡി. (സി.എം.ഐ.) സഭയിൽ തന്റെ ഡെലിഗേറ്റായും നിയമിച്ചു. നോവിസ് മാസ്റ്റർ എന്ന സ്ഥാനം നിലനിർത്തുകയും ചെയ്തു. അക്കാലമായപ്പോ ഴേക്കും ഫാ. ലിയോപോൾദ് മലയാളത്തിൽ നന്നായി സംസാരി ക്കാനുള്ള കഴിവുനേടി. മലയാളത്തിൽ കുമ്പസാരം കേൾക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. വിവിധ കഴിവുകളും സിദ്ധികളുമുള്ള അദ്ദേഹത്തിന്റെ ആരോഗ്യനില പക്ഷേ, തൃപ്തി കരമായിരുന്നില്ല. അപ്രതീക്ഷിതമായ ഭാവമാറ്റങ്ങളും പിടിവാശി കളും രോഗാവസ്ഥയുടെ പ്രതികൂല സംഭാവനയായിരുന്നു.

എലിസബത്ത് ക്ലർക്ക് എന്ന യൂറോപ്യൻ വനിത നൽകിയ പണംകൊണ്ട് 1869-ൽ ഫാ. ലിയോപോൾദ് കൂനമ്മാവിൽ ഒരു പ്രസ് തുടങ്ങി. വൈദിക വിദ്യാർഥികൾക്കും വൈദികർക്കും വേണ്ടി കൂനമ്മാവിൽ ഒരു ലൈബ്രറിയും ആരംഭിച്ചു. അദ്ദേഹം നിരവധി പുസ്തകങ്ങൾ മലയാളത്തിൽ രചിച്ചു. പത്തുദിവസത്തെ ധ്യാനത്തിനായുള്ള പുസ്തകം അതിലൊന്നാണ്.

ആവിലായിലെ വിശുദ്ധ തെരേസയുടെ ആഭ്യന്തരഹർമ്യം എന്ന പുസ്തകം മലയാളത്തിലേക്കു മൊഴിമാറ്റി. ചാവറയച്ചനു വളരെ ഇഷ്ടപ്പെട്ട പുസ്തകമായിരുന്നു അത്. വിശുദ്ധ അൽഫോൻസ് ലിഗോരി, വിശുദ്ധ ഇഗ്നേഷ്യസ് ലയോള എന്നിവ രിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപതാ വൈദികരുടെ ധ്യാന ത്തിനുതകുന്ന ഒരു പുസ്തകം ഫാ. ലിയോപോൾദ് രചിച്ചു. കൂന മ്മാവിനു പുറമെ, മാന്നാനം, എൽത്തുരുത്ത് എന്നീ ആശ്രമങ്ങ ളിലും രൂപതാ വൈദികർക്കായി ധ്യാനങ്ങൾ നടത്തിയിരുന്നു.

1868-ൽ ഫാ. ലിയോപോൾദിനെ മംഗലാപുരം വികാരി അപ്പ സ്തോലിക്കയുടെ കോ-അഡ്ജൂട്ടറായി നിയമിക്കാനുള്ള നിർദേശം ഉയർന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ ബെർണർഡിൻ ഈ നിർദേശത്തെ എതിർത്തു. റ്റി.ഒ.സി.ഡി. സന്ന്യാസ സമൂഹത്തിന്റെ ചുമതലയുള്ള ഫാ. ലിയോപോൾദിനെ മാറ്റുന്നത് സമർത്ഥനായ ഒരു മിഷനറിയുടെ നഷ്ടം വരാപ്പുഴയ്ക്കു സൃഷ്ടിക്കുമെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. തങ്ങൾക്കു താല്പര്യമുള്ള അച്ചനെ മാറ്റുന്നത് സുറിയാനി വിഭാഗക്കാർക്ക് ഇഷ്ടമാകില്ലെന്നും അദ്ദേഹം വിലയിരുത്തി. മംഗലാപുരത്തേ

ക്കുള്ള മാറ്റത്തിൽ ലിയോപോൾദച്ചനും താൽപര്യമുണ്ടായിരുന്നില്ല. ബെർണർഡിൻ ബച്ചിനെല്ലിയുടെ മരണശേഷം വികാരി അപ്പസ്തോലിക്കയായ ലെയോണാർഡോയുടെ കാലത്ത് ഒട്ടേറെ സംഘർഷങ്ങൾ ലിയോപോൾദച്ചൻ അഭിമുഖീകരിക്കേണ്ടിവന്നതും അദ്ദേഹത്തിനും സഹോദരനും വൈദികനുമായ ജെറാർഡ് ബെക്കറോയ്ക്കും വികാരി അപ്പസ്തോലിക്കയുടെ പ്രതികൂലമായ പ്രവർത്തികൾ ഏറ്റുവാങ്ങേണ്ടിവന്നതും മുൻ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

യൗവനകാല വൈദിക ജീവിതത്തിന്റെ സിംഹഭാഗവും ഫാ. ലിയോപോൾദ് കേരള മിഷനുവേണ്ടിയാണു ചെലവഴിച്ചത്. കേരളത്തിലേക്ക് ഒരു തിരിച്ചുവരവ് അദ്ദേഹം അഭിലഷിച്ചിരുന്നു. സി.എം.ഐ. സഭാംഗങ്ങൾ രണ്ടു തവണ ഇതിനുള്ള ശ്രമം നടത്തിയതാണ്. 1887-ൽ അപ്പസ്തോലിക് ഡെലിഗേറ്റായ മോൺ. അയൂത്തി സി.എം.ഐ. സഭയുടെ പ്രിയോർ ജനറാളായി നിയമിതനായി. സഭാംഗങ്ങളുടെ താത്പര്യപ്രകാരം സഭയിലെ തന്റെ ഡെലിഗേറ്റായി ഫാ. ലിയോപോൾദിനെ നിയമിച്ച് ഇന്ത്യയിലേക്ക് അയയ്ക്കണമെന്ന് മോൺ. ആയൂത്തി പ്രൊപ്പഗാന്ത ഫിദെയോട് അഭ്യർഥിച്ചു. കർമ്മലസഭയുടെ തലപ്പത്തു നിന്നോ പ്രൊപ്പഗാന്ത ഫിദെയിൽ നിന്നോ ഇതിനു മറുപടി ലഭിച്ചില്ല.

മോൺ. സലേസ്കി അപ്പസ്തോലിക്ക് ഡെലിഗേറ്റായ അവസരത്തിലും സി.എം.ഐ. സഭാംഗങ്ങൾ ഫാ. ലിയോപോൾദിനെ സുപ്പീരിയർ ജനറാളായി ലഭിക്കാൻ നീക്കം നടത്തി. ഇതും ഫലമണിഞ്ഞില്ല. സഭാംഗങ്ങൾക്കു ഫാ. ലിയോപോൾദിനോട് ഉണ്ടായിരുന്ന സ്നേഹവും ബഹുമാനവും ഒരിക്കലും അവസാനിച്ചിരുന്നില്ലെന്നു വ്യക്തമാക്കുന്നതാണ് ഈ സംഭവങ്ങൾ. ലിയോപോൾദച്ചൻ കേരളത്തിലേക്കു തിരിച്ചുവന്ന് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരെയും വൈദികരെയും തുണസഹോദരന്മാരെയും കന്യാസ്ത്രീകളെയും നേരിട്ടുകണ്ട് ഓർമകൾ പുതുക്കാൻ ആഗ്രഹിച്ചിരുന്നു. അച്ചൻ ഡയറിയിൽ ഇങ്ങനെ കുറിച്ചു: "ഇന്ന് ഓഗസ്റ്റ് 13. വൈകുന്നേരം ആത്മശോധനയ്ക്കും ജപമാലയ്ക്കും ശേഷം മട്ടുപ്പാവിലിരുന്നുകൊണ്ട് ഞാൻ തെളിഞ്ഞ ആകാശത്തെയും മനോഹരമായ ചന്ദ്രനെയും ദർശിച്ചു. ഇന്ത്യയ്ക്ക് അഭിമുഖമെന്നു സങ്കല്പിച്ചുകൊണ്ട് ഞാൻ കസേരയിലിരുന്നു. ഇന്ത്യയോട് എനിക്ക് സ്നേഹാർദ്രമായ വികാരങ്ങളാണുള്ളത്. അവരെ ഓരോരുത്തരെയായി ഞാൻ മനോമുകുരത്തിൽ കണ്ടു. അവരെ നേരിൽ കാണുന്നതായും ആലിംഗനം ചെയ്യുന്നതായും സങ്കല്പിച്ചു. അവരുടെ ചിന്തകളും എന്നോടുള്ള സ്നേഹ വികാരങ്ങളും എന്റെ

ആലോചനാ വിഷയമായി. അവർ എന്നെ കുറിച്ചാണു സംസാരിക്കുന്നത്. ഞാനവർക്കു ആയിരമായിരം അനുഗ്രഹാശംസകൾ കൊടുത്തു. തുടർന്നു കണ്ണീരോടെ മുറിയിലേക്കു മടങ്ങി. ദൈവേഷ്ടം നിറവേറട്ടെ."[2]

ജീവിത സായാഹ്നത്തിൽ ഇത്രത്തോളം വൈകാരികമായി സി.എം.ഐ. സഭാംഗങ്ങളെ ഓർമിച്ച സന്ന്യാസിയായ ഫാ. ലിയോപോൾദ്, വരാപ്പുഴ വികാരി ജനറാളായ ചാവറയച്ചനെ, വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ അധികാര നിയന്ത്രണത്തിൽ കീഴിലുള്ള ബിഷപ്പായി ഉയർത്തുന്നതിനെക്കുറിച്ച് വിശ്വാസതിരുസംഘം അഭിപ്രായം ചോദിച്ചപ്പോൾ പ്രതികൂലമായാണ് മറുപടി നൽകിയത്. മോറൽ തിയോളജിയിൽ അറിവു കുറവാണ്. ഭരണ പരിചയമില്ലാത്തതിനാൽ തെറ്റുകൾ സംഭവിക്കാൻ സാധ്യത കൂടുതലാണ്. ഒരു തെറ്റുമതി മുഴുവൻ മിഷനെയും വളരെ പ്രതികൂലമായി ബാധിക്കും എന്നിങ്ങനെയുള്ള അഭിപ്രായങ്ങളും നിഗമനങ്ങളുമാണ് എഴുതി അയച്ച മറുപടിയിൽ ഫാ. ലിയോപോൾദ് രേഖപ്പെടുത്തിയിരുന്നത്.[3] ഒരു സാധാരണ യൂറോപ്യന്റെ മുൻവിധികൾക്കു പുറത്തു കടക്കുവാൻ 1865 കാലഘട്ടത്തിലും ഫാ. ലിയോപോൾദിനു കഴിഞ്ഞിരുന്നില്ല. സഭാചരിത്രകാരനായ ഫാ. മത്തിയാസ് മുണ്ടാടൻ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, സുറിയാനി കത്തോലിക്കരുടെ ബിഷപ്പ് പദവി അദ്ദേഹം സ്വപ്നം കണ്ടിരുന്നുവോ?[4] പിന്നെ എപ്പോഴെങ്കിലും അദ്ദേഹത്തിന്റെ ചിന്തകളിൽ അടിസ്ഥാനപരമായ മാറ്റം സംഭവിച്ചിട്ടുണ്ടാവാം. സുറിയാനിക്കാരോടുണ്ടായിരുന്നത് ആശ്രിത വാത്സല്യം മാത്രമായിരുന്നിരിക്കില്ല. ഇപ്രകാരമുള്ള ചിന്തകൾ അപ്രസക്തങ്ങളല്ല. കാലക്രമത്തിൽ ലത്തീൻ തീവ്രവാദത്തിന്റെ പിടിയിൽ നിന്ന് പുറത്തുകടന്ന ഫാ. ലിയോപോൾദും പാലയ്ക്കൽ മല്പാന്റെ സ്വാധീനത്തിൽ സുറിയാനി തീവ്രവാദത്തെ പണ്ടേ കുടഞ്ഞുകളഞ്ഞ ചാവറയച്ചനും തമ്മിലുള്ള സൗഹൃദവും സ്നേഹവും പരസ്പര ബഹുമാനവും ആ കാലഘട്ടത്തിന്റെ യഥാർഥ ആവശ്യമായിരുന്നു. അവർ ഒരുമിച്ച് നടത്തിയ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും അതിനു തെളിവാണ്.

റോമിലെ സുപ്പീരിയർ ജനറലിനു അയച്ച ഒരു കത്തിൽ മലബാറിലെ റ്റി.ഒ.സി.ഡി.ക്കാരുടെ ബ്രഹ്മചര്യം, അനുസരണം എന്നിവയെക്കുറിച്ചെല്ലാം വളരെ നല്ല വാക്കുകൾ രേഖപ്പെടുത്തിയശേഷം ലിയോപോൾദച്ചൻ അതിനെ ബലപ്പെടുത്താൻ എഴുതിയത്, സുപ്പീരിയർ ജനറൽ റീത്തു മാറാൻ ആവശ്യപ്പെട്ടാൽ അവർ അതിനും തയ്യാറാകുമെന്നാണ്![5]ചാവറയച്ചൻ അന്തരിച്ച കൊല്ലംതന്നെ

ഫാ. ലിയോപോൾദ് ചാവറയച്ചന്റെ ആത്മാനുതാപം എന്ന കൃതിയുടെ ഏതാനും ഭാഗം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. ജീവചരിത്രത്തിന് അദ്ദേഹം നൽകിയ തലക്കെട്ട് ഇങ്ങനെയാണ്: "ഈ ഭക്തഗാനങ്ങൾ രചിച്ച പുണ്യാത്മാവിന്റെ സംക്ഷേപ ജീവചരിത്രം."

ചരിത്രസംബന്ധമായ കാര്യങ്ങളിൽ സ്ഥാപിത താൽപര്യങ്ങൾ കടന്നുവരുമ്പോൾ വിവാദമുണ്ടാവുക സ്വാഭാവികം മാത്രം. കേരളത്തിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസിനീ സമൂഹത്തിന്റെ തുടക്കം സംബന്ധിച്ചും വിവാദമുണ്ടായി. കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ വനിതാ വിഭാഗമെന്ന നിലയിൽ കൂനമ്മാവിൽ ആരംഭിച്ച ആദ്യത്തെ മഠത്തിന്റെ സ്ഥാപകൻ ലിയോപോൾദച്ചനാണെന്നും ചാവറയച്ചനാണെന്നും അതല്ല ഏലീശ്വാ വാകയിലാണു സ്ഥാപക എന്നുമുള്ള വിവിധ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. പൊതുവെ പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ളത് ചാവറയച്ചനും ലിയോപോൾദച്ചനും ചേർന്നു സ്ഥാപിച്ചു എന്ന അഭിപ്രായമാണ്.

വികാരി അപ്പസ്തോലിക്ക സ്തബിലിനി മാന്നാനത്തു ആശ്രമവും പള്ളിയും സ്ഥാപിക്കുന്നതിനു സ്ഥാപക പിതാക്കന്മാർക്കു കൊടുത്ത അനുവാദപത്രത്തിൽ (ധർമ്മക്കടലാസ്) സ്ത്രീകൾക്കായി മഠം സ്ഥാപിക്കുന്ന കാര്യവും പരോക്ഷമായി സൂചിപ്പിച്ചിട്ടുണ്ട്.[6] മാന്നാനത്തു ആശ്രമം ആരംഭിച്ചശേഷം മഠം ആരംഭിക്കുന്നതിനു പറ്റിയ സ്ഥലം വാങ്ങുന്നതു സംബന്ധിച്ച കത്ത് സുറിയാനി പള്ളികൾക്കു വികാരി അപ്പസ്തോലിക്ക അയയ്ക്കുകയുണ്ടായി. ഇതിനു പ്രേരണ നൽകിയത് സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരാണ്. ആലങ്ങാട്ടെ സുറിയാനി പള്ളിക്കാർ ആലങ്ങാട്ടു കുന്നേലുള്ള ഒരു സ്ഥലത്തിന്റെ കാര്യം സൂചിപ്പിച്ചെങ്കിലും അതു സ്വീകാര്യമായില്ല. കൂനമ്മാവ് ആശ്രമത്തിൽ നിന്നും ആലങ്ങാട്ടെ ഇടവകപ്പള്ളിയിൽ നിന്നും ഏറെ ദൂരെയാണ് ഈ സ്ഥലമെന്നതായിരുന്നു കാരണം.

1859 ഫെബ്രുവരി നാലിനു വരാപ്പുഴ പുത്തൻപള്ളിയിലെ സുറിയാനി ഇടവകക്കാർ ഒരു സ്ഥലം വികാരി അപ്പസ്തോലിക്കയ്ക്കു കൈമാറി. ഇടവകയിലെ രേഖകളിൽ ഇതു കൈമാറിയത് മഠം സ്ഥാപിക്കാനാണെന്നു കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. ആ സ്ഥലം കണ്ടെത്തി വികാരി അപ്പസ്തോലിക്കയെ അറിയിച്ചത് ചാവറയച്ചനായിരുന്നു. തുടർന്നു പുത്തൻപള്ളിക്കാരുടെ ആ സ്ഥലം വികാരി അപ്പസ്തോലിക്ക ആവശ്യപ്പെടുകയും അവർ നൽകുകയും ചെയ്തു. ആ സ്ഥലത്ത് ചുറ്റുമതിലും രണ്ടു നില കെട്ടി

ടവും പണിതത് ചാവറയച്ചന്റെ മേൽനോട്ടത്തിലായിരുന്നു. മതിലിനു 13 അടി ഉയരമുണ്ടായിരുന്നു! വികാരി അപ്പസ്തോലിക്ക പ്രത്യേകം നിഷ്കർഷിച്ച കാര്യമായിരുന്നു അത്രയും ഉയരം.

ആ സമയത്താണ് റോക്കോസ് ശീശ്മ പതുക്കെ എത്തി കൊടുങ്കാറ്റിന്റെ വേഗത ആർജിച്ചത്. തുടർന്ന് എല്ലാ ശ്രദ്ധയും ശീശ്മയെ നിയന്ത്രിക്കുന്നതിലായതിനാൽ കോൺവെന്റിന്റെ കാര്യം ശ്രദ്ധിക്കാൻ സമയമുണ്ടായില്ല. റോക്കോസ് ശീശ്മ സൃഷ്ടിച്ച ആത്മീയ പരിക്കുകൾ ഭേദമാക്കുവാൻ യോഗ്യരായ വൈദികരെ സൃഷ്ടിക്കുവാൻ ഒരു സെമിനാരിയാണു അത്യാവശ്യമെന്നു അധികാരികൾ ചിന്തിച്ചു. അങ്ങനെ കോൺവെന്റിനു വേണ്ടി പണിത കെട്ടിടത്തിൽ വികാരി അപ്പസ്തോലിക്കയുടെ നിർദേശപ്രകാരം വൈദിക പരിശീലനം ആരംഭിച്ചു. സുറിയാനി പള്ളിക്കാർ കോൺവെന്റ് സ്ഥാപിക്കാൻ തന്ന സ്ഥലത്ത് സുറിയാനിക്കാരുടെ ആത്മീയ ഉന്നതിക്കായുള്ള സെമിനാരി ആരംഭിക്കാൻ തീരുമാനിച്ചത് എതിർപ്പിന് ഇരയാവാതിരുന്നത് രണ്ടും സുറിയാനിക്കാരുടെ നന്മ ലക്ഷ്യമാക്കിയായിരുന്നു എന്നതുകൊണ്ടാണ്. 1866-ൽ ഇവിടെ ആരംഭിച്ച സെമിനാരി 1932-ൽ മംഗലപ്പുഴയിലേക്കു മാറ്റി.

ഫാ. ലിയോപോൾദ് കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഇടവകയുടെ വികാരിയായിരുന്നു. ഇടവകക്കാരിലെ വാകയിൽ കുടുംബത്തിൽ ഏലീശ്വാ (എലിസബത്ത്) എന്ന വിധവയും അന്നയെന്ന മകളും താമസിച്ചിരുന്നു. അപ്പന്റെ വിഹിതമായി മകൾക്കു ഭൂസ്വത്ത് ലഭിച്ചിരുന്നു. അന്നയ്ക്കു വിവാഹ ജീവിതത്തോടു താൽപര്യമില്ല. അമ്മയുടെയും മകളുടെയും കുമ്പസാരക്കാരനാണ് ഫാ. ലിയോപോൾദ്. അവർക്കു മരണംവരെ കർത്താവിനു പ്രിയപ്പെട്ടവരായി ജീവിക്കണം. അതിനെന്താണു മാർഗമെന്നന്വേഷിച്ച് അച്ചനെ സമീപിച്ചു. അവർക്കുവേണ്ടി എന്തു ചെയ്യാൻ കഴിയുമെന്നു ലിയോപോൾദച്ചൻ ചാവറയച്ചനോടു ചോദിച്ചു. ചാവറയച്ചൻ ഏറെനാളായി കന്യാസ്ത്രീമഠം സ്ഥാപിക്കണമെന്ന ആഗ്രഹം മനസ്സിൽ കൊണ്ടുനടക്കുന്നുണ്ടെന്നു ലിയോപോൾദച്ചന് അറിയാമായിരുന്നു. ലിയോപോൾദച്ചന്റെ ആശയവും കന്യാസ്ത്രീമഠം ആരംഭിക്കുക എന്നതാണ്. ഇതിനുള്ള അനുവാദത്തിനായി വികാരി അപ്പസ്തോലിക്കയെ സമീപിച്ചപ്പോൾ പ്രതീക്ഷിച്ചതുപോലെ തന്നെ അനുവാദം കിട്ടി. യൂറോപ്പിൽ നിന്ന് കന്യാസ്ത്രീകളെ വരുത്തി പാർപ്പിച്ചുകൊണ്ട് പ്രാദേശിക സ്ത്രീസമൂഹത്തിന്റെ ഉന്നമനത്തിനായുള്ള സേവനങ്ങൾ ചെയ്യിക്കാമെന്ന ആശയമായിരുന്നു വികാരി അപ്പസ്തോലിക്കയുടെ മനസ്സിലുണ്ടായിരുന്നത്.

മുപ്പത്തിനാലുകാരി ഏലീശ്വായുടെയും 14 വയസുള്ള അന്ന

യുടെയും വസ്തുവകകൾ നോക്കിനടത്തിയിരുന്നത് ഇളയപ്പനായ വറീത് തൊമ്മനായിരുന്നു. അയാളോട് ഏലീശ്വായുടെയും അന്ന യുടെയും ആഗ്രഹം അറിയിച്ചപ്പോൾ വസ്തുവിന്മേൽ ധാരാളം കടമുണ്ടെന്നായിരുന്നു മറുപടി. ആ കടം തീർക്കാനും കന്യാസ്ത്രീ മഠത്തിനു കെട്ടിടമുണ്ടാക്കാനുമായി ചാവറയച്ചൻ മുന്നിട്ടിറങ്ങി പണം പിരിച്ചു. 1866 ജനുവരിയിൽ മഠത്തിന്റെ പണി ആരംഭിച്ചു. ഫെബ്രുവരി 13 ആയപ്പോഴേക്കും മൂന്നു മുറികളും പ്രാർത്ഥനാമു റിയും ഊട്ടുമുറിയും പൂർത്തിയായി. തെങ്ങും പനമ്പും കൊണ്ടാണ് എല്ലാം പണിതത്. ആ പറമ്പിലെ കുടികിടപ്പുകാരനായിരുന്ന അവു രാക്ക് പണം കൊടുത്ത് അയാളുടെ ചെറിയ വീട് വാങ്ങിച്ച് അടു ക്കളയാക്കി മാറ്റി. പനമ്പുമഠത്തിനു പകരം ഉറപ്പുള്ള കെട്ടിടം പണിയാൻ സാമ്പത്തിക പരിമിതി മാത്രമായിരുന്നില്ല തടസം. ഏലീശ്വായുടെ കുടുംബാംഗങ്ങൾ തുടക്കത്തിൽ മഠമെന്ന ആശ യത്തെ അംഗീകരിച്ചിരുന്നില്ല. ഏലീശ്വാക്ക് അഞ്ച് സഹോദര ന്മാരും രണ്ട് സഹോദരിമാരുമുണ്ടായിരുന്നു.

ഫെബ്രുവരി 13-ന് ഏലീശ്വാ, മകൾ അന്ന, ഏലീശ്വായുടെ സഹോദരി ത്രേസ്യ എന്നിവർ ഭക്തിസംവർധകങ്ങളായ വിവിധ ചടങ്ങുകൾക്കു ശേഷം മഠത്തിൽ താമസം തുടങ്ങി. അവരോ ടൊപ്പം ഒരു ജോലിക്കാരിയും ഉണ്ടായിരുന്നു. ആദ്യമായി പള്ളിയി ൽ ചെന്ന് എല്ലാവരും കുർബാന കണ്ടു, ദിവ്യകാരുണ്യം സ്വീക രിച്ചു. പിന്നീട് ബന്ധുക്കളായ സ്ത്രീകളോടൊപ്പം പുത്തൻവഴി യിലൂടെ നടന്നു മഠത്തിൽ പ്രവേശിച്ചു. തുടർന്ന് അനുഷ്ഠാനപര മായ പ്രാർത്ഥനയും മറ്റും നടന്നു.

പനമ്പുകൊണ്ട് ഉണ്ടാക്കിയ കെട്ടിടത്തിൽ വേണ്ടത്ര സൗകര്യ ങ്ങൾ ഉണ്ടായിരുന്നില്ല. വിഷപ്പാമ്പുകളെയും മറ്റും കണ്ട് അന്തേ വാസികൾ ഭയപ്പെട്ടിരുന്നു. വൈകാതെ ഉറപ്പുള്ള നല്ല കെട്ടിടം പണിയുവാൻ ചാവറയച്ചനും ഫാ. ലിയോപോൾദും പണപ്പിരിവി നിറങ്ങി. ചാവറയച്ചനോടുള്ള സ്നേഹംമൂലം സുറിയാനിപ്പള്ളി കളിൽ നിന്നാണ് കൂടുതൽ സംഭാവന ലഭിച്ചത്. പണം കൊടുത്ത് വാങ്ങിയ മറ്റൊരു സ്ഥലത്ത് ഉറപ്പുള്ള കെട്ടിടങ്ങൾ നിർമിച്ച് മഠം, സ്കൂൾ, ബോർഡിംഗ് എന്നിവ മാറ്റി. 1867 മാർച്ച് 27-ന് ആണ് താമസം മാറ്റിയത്.

പനമ്പുമഠത്തിലെ നാലാമത്തെ അംഗമായി എത്തിയത് വൈ ക്കം ഇടവകയിലെ കൊച്ചു വർക്കി പുത്തനങ്ങാടി എന്ന വൈദ്യ ന്റെ മകളായ ഏലീശ്വാ എന്ന സുറിയാനിക്കാരിയായിരുന്നു. 24-ാം വയസിൽ വിധവയായ അവർക്കപ്പോൾ 37 വയസായിരുന്നു. തറവാട്ടിൽ വിശുദ്ധിയുള്ള ജീവിതമാണു നയിച്ചിരുന്നത്. ഈ

ഏലീശ്വാ പിൽക്കാലത്ത് ക്ലാര എന്നറിയപ്പെട്ടു. ഏലീശ്വായെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ചാവറയച്ചന് അറിയാമായിരുന്നു. ചാവറയച്ചന്റെ ക്ഷണപ്രകാരം എത്തിയ ക്ലാര 1866 ഫെബ്രുവരി 14-നു പുതിയ മഠത്തിലെ നാലാമത്തെ അംഗമായി. ആദ്യത്തെ മൂന്നു പേരും ലത്തീൻ റീത്തുകാരും ഒരു കുടുംബത്തിലെ അംഗങ്ങളുമായിരുന്നു. ആവിലായിലെ വിശുദ്ധ തെരേസയുടെ നാമമാണ് കർമ്മലീത്താ മൂന്നാം സഭയുടെ വനിതാ വിഭാഗമായി വിഭാവനം ചെയ്യപ്പെട്ട സന്ന്യാസിനി സമൂഹത്തിന്റെ ആദ്യ കോൺവെന്റിനു നൽകിയത്. ചാവറയച്ചന്റെ വളരെ വലിയ അഭിലാഷമാണ് മഠം സ്ഥാപിച്ചതിലൂടെ യാഥാർഥ്യമായത്. 1871-ൽ 21-ാം വയസിൽ സിസ്റ്റർ ഏലീശ്വായുടെ മകളായ സിസ്റ്റർ അന്ന മരിച്ചു. കന്യാസ്ത്രീകൾക്കായി 24 കത്തുകൾ ചാവറയച്ചൻ എഴുതി. "എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ"ന്നാണ് ഒരു കത്തിൽ വിശേഷിപ്പിച്ചത്."[7]

പരിശുദ്ധ കന്യാംബയെ സ്നേഹിക്കാൻ അച്ചൻ അവരെ പഠിപ്പിച്ചു. അതിനായി തന്റെ കയ്യിലുണ്ടായിരുന്ന വണക്കമാസപുസ്തകം അവർക്കു കൊടുത്തു. തമിഴിലുള്ള ആത്മീയ ഗ്രന്ഥങ്ങൾ മൊഴിമാറ്റി നൽകി. തിരുസഭയിലും കേരള സഭയിലും നടക്കുന്ന കാര്യങ്ങൾ അറിയിക്കുകയും പ്രാർത്ഥിക്കാൻ അപേക്ഷിക്കുകയം ചെയ്തിരുന്നു. അസുഖ വിവരങ്ങളും പങ്കുവച്ചു. ഒരിക്കൽ എഴുതി: "ഇന്നലെ ഞാൻ കർത്താവിനോട് അന്ത്യയാത്ര പറഞ്ഞു. നിങ്ങളോടും ഒരു വിധത്തിൽ അവസാന യാത്ര പറഞ്ഞു." അവസാന കത്തിൽ അവരെ ആശീർവദിച്ചു: "പ്രിയമക്കളേ, കർത്താവ് നിങ്ങളെ ആശീർവദിക്കട്ടെ. പ്രിയമക്കളേ, ക്ഷമയ്ക്കായി പ്രാർത്ഥിക്കുക."

1867 മേയ് മാസം സുറിയാനിക്കാരായ രണ്ടു വനിതകൾ കൂടി മഠത്തിൽ പ്രവേശിച്ചു. മറിയം ത്രേസ്യ പാലയ്ക്കപ്പള്ളിയും മറിയം അന്ന മാഞ്ഞൂരാനും. ഇതിൽനിന്നു വ്യക്തമാകുന്നത് ഈ മഠത്തിൽ റീത്തു പരിഗണനയില്ലായിരുന്നു എന്നാണ്. എന്നാൽ, 1887-ൽ വരാപ്പുഴ വികാരിയാത്ത് വിഭജിച്ച് സുറിയാനി കത്തോലിക്കർക്കു വേണ്ടി തൃശൂർ വികാരിയാത്തിനു രൂപം കൊടുത്ത ശേഷം വസ്തുവകകൾ വിഭജിക്കുന്നത് പ്രശ്നമായിമാറി.

1889-ൽ കൂനമ്മാവ് മഠത്തിനു കീഴിൽ ഒരു സ്കൂളും അനാഥശാലയും ഉണ്ടായിരുന്നു. സുറിയാനിക്കാരായ 20 കന്യാസ്ത്രീകളും ലത്തീൻകാരായ ഏഴ് കന്യാസ്ത്രീകളും അന്തേവാസികളായിരുന്നു. ഇവർക്കു ഒരു മേൽക്കൂരയ്ക്കു കീഴിൽ ഒരുമിച്ചു താമസിക്കാൻ പറ്റാത്ത രീതിയിൽ തൃശൂർ, വരാപ്പുഴ വികാരി അപ്പസ്തോ

ലിക്കമാരുടെ അവകാശവാദങ്ങൾ കൊഴുത്തു. വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലെയോണാർഡോ തന്റെ വികാരി ജനറാൾ മുഖേന തൃശൂർ വികാരിയത്തിനു കീഴിലുള്ള 12 സുറിയാനി പെൺകുട്ടികൾക്കു മഠത്തിൽ പ്രവേശനം നിഷേധിച്ചു. അതേസമയം, ഏതാനും ലത്തീൻ പെൺകുട്ടികൾക്കു പ്രവേശനം നൽകുകയും ചെയ്തു. ഇക്കാര്യം തൃശൂർ വികാരി അപ്പസ്തോലിക്ക അഡോൾഫ് മെഡ്ലിക്കോട്ട് അപ്പസ്തോലിക് ഡെലിഗേറ്റ് ആയൂത്തി മെത്രാപ്പോലീത്തയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. തുടർന്ന് വിവിധ വിഷയങ്ങളുടെ പേരിൽ തൃശൂർ, വരാപ്പുഴ വികാരി അപ്പസ്തോലിക്കമാർ അപ്പസ്തോലിക് ഡെലിഗേറ്റിനു നിരന്തരം കത്തുകളെഴുതാൻ തുടങ്ങി. വിശ്വാസ തിരുസംഘം പ്രശ്നങ്ങൾ തീർക്കാൻ അപ്പസ്തോലിക് ഡെലിഗേറ്റിനെ ചുമതലപ്പെടുത്തി. എന്നാൽ ഇക്കാര്യത്തിൽ താൻ നിസഹായനാണെന്നു അപ്പസ്തോലിക് ഡെലിഗേറ്റ് വിശ്വാസ തിരുസംഘത്തെ അറിയിച്ചു. ഒടുവിൽ 1890 മാർച്ച് 24-നു കോൺവെന്റ് തൃശൂർ വികാരി അപ്പസ്തോലിക്കയുടെ അധികാരത്തിൻ കീഴിലാണെന്നു വിശ്വാസ തിരുസംഘം അറിയിച്ചു.1890 ഏപ്രിൽ 14-നു മാർപാപ്പ ഈ തീരുമാനത്തിനു അംഗീകാരമുദ്ര ചാർത്തി.

തൃശൂരിലെ  മെഡ്ലിക്കോട്ട് റോമിന്റെ തീരുമാനം അംഗീകരിച്ചപ്പോൾ വരാപ്പുഴയിലെ ലെയോണാർഡോ അസംതൃപ്തനായി. കൂനമ്മാവ് കോൺവെന്റിലെ ലത്തീൻ വിഭാഗക്കാരായ കന്യാസ്ത്രീകൾ തങ്ങൾക്ക് അവിടെ തുടരാനുള്ള ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി വരാപ്പുഴ വികാരി ജനറാൾ ഫാ. ഫിലിപ്പിനെഴുതി. ഈ വിവരം എടുത്തുകാട്ടി വരാപ്പുഴ മെത്രാൻ അപ്പസ്തോലിക് ഡെലിഗേറ്റ് അയൂത്തി മെത്രാപ്പോലീത്തയ്ക്കു കത്തയച്ചു. ലത്തീൻ കന്യാസ്ത്രീകളെ കൂനമ്മാവ് മഠത്തിൽ നിന്നു മാറ്റുന്നതിനുള്ള അനുവാദം കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഈ വിവരം അറിയുമ്പോഴെങ്കിലും വിശ്വാസ തിരുസംഘം തീരുമാനം പുനഃപരിശോധിക്കു മെന്നു ലെയോണാർഡോ കരുതിയിരുന്നു. തീരുമാനം പുനഃപരിശോധിക്കാൻ വിശ്വാസ തിരുസംഘം തയ്യാറല്ലെന്ന വിവരം അറിയിച്ചതോടൊപ്പം അയൂത്തി മെത്രാപ്പോലീത്ത ലത്തീൻ കന്യാസ്ത്രീകളെ കൂനമ്മാവ് മഠത്തിൽ നിന്നു മാറ്റുന്നതിനുള്ള അനുവാദം കൊടുത്തു. വൈകാതെ തൃശൂർ, വരാപ്പുഴ അപ്പസ്തോലിക്കമാർ ലത്തീൻ കന്യാസ്ത്രീകളെ മാറ്റുന്നതു സംബന്ധിച്ച് ധാരണയിലെത്തി. 1890 സെപ്റ്റംബർ 16-ന് രാവിലെ തൃശൂർ മെത്രാൻ അഡോൾഫ് മെഡ്ലിക്കോട്ട് കൂനമ്മാവ് മഠത്തിലെ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പിറ്റേദിവസം ലത്തീൻ കന്യാസ്ത്രീ

കൾ വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ തീരുമാനപ്രകാരം എറണാകുളത്തേക്കു യാത്രയായി. രണ്ടുമാസത്തിനുശേഷം വരാപ്പുഴ ബിഷപ്പ്സ് ഹൗസ് നിലകൊള്ളുന്ന കോമ്പൗണ്ടിനുള്ളിലെ സെന്റ് ജോസഫ്സ് കോൺവെന്റിൽ താമസം തുടങ്ങി. കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ വനിതാ വിഭാഗത്തിൽ നിന്ന് ഉയിർക്കൊണ്ട ഈ ലത്തീൻ വിഭാഗം കന്യാസ്ത്രീകൾ ഇപ്പോൾ Congregation of Teresian Carmelites (C.T.C.) എന്നാണ് അറിയപ്പെടുന്നത്.

കേരളത്തിലേക്കു മടക്കയാത്ര ആഗ്രഹിച്ച ഫാ. ലിയോപോൾദിനു അതിനുള്ള അവസരം ലഭിക്കാതെ അന്ത്യയാത്ര നടത്തേണ്ടിവന്നു എന്ന സത്യം മുൻനിർത്തി ചിന്തിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധേയമാകുന്നുണ്ട്. അദ്ദേഹത്തെ ഇനി കേരളത്തിലേക്ക് അയയ്ക്കേണ്ടെന്നു കർമ്മലസഭയുടെ ഉയർന്ന അധികാരികൾ തീരുമാനിക്കാൻ കാരണമെന്താണ് എന്ന അന്വേഷണത്തിന്റെ തുടർച്ചയാണ് ഈ ചിന്ത.

നല്ല ആത്മീയ മനുഷ്യനായിരിക്കെ ചില സ്വഭാവ ദൗർബല്യങ്ങൾ ഫാ. ലിയോപോൾദിനുണ്ടായിരുന്നു. അദ്ദേഹത്തിനു 'സുപ്പീരിയോറിറ്റി കോംപ്ലക്സ്' ഉണ്ടായിരുന്നുവെന്നാണ് ഒരു ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. "He had a domineering personality which expressed itself in various ways. His was somewhat of a scheming disposition, one easily able to influence people in high positions and get things done according to his plan, to some degree aggressive in carrying out his plans and decisions."[8]

താൻ ഉദ്ദേശിക്കുന്ന കാര്യം എങ്ങനെയും നടത്തിയെടുക്കുന്ന ഫാ. ലെയോപോൾദിന്റെ സ്വഭാവം വ്യക്തമാക്കുന്ന ഒരു സംഭവം വിവരിക്കാം. ബർണർഡിൻ ബച്ചിനെല്ലിയെ പിന്തുടർന്ന് വികാരി അപ്പസ്തോലിക്കയായ ലെയോണാർഡോ വൈദികൻ മാത്രമായിരുന്ന കാലത്തു നടന്നത്. വ്യക്തിപരമായ നേട്ടത്തിനായി ചെയ്തതല്ലെങ്കിലും അനുവർത്തിച്ച രീതി അനുകരണീയമായിരുന്നില്ല. വികാരി അപ്പസ്തോലിക്ക ഇല്ലാത്ത ഒരു ദിവസം നോക്കി ഫാ. ലിയോപോൾദ് വരാപ്പുഴ ബിഷപ്പ്സ് ഹൗസിൽ ചെന്നു രാത്രി അവിടെ തങ്ങി. നന്നെ വെളുപ്പിന് ഫാ. ലെയോണാർഡ് കുർബാന ചൊല്ലാൻ പോയപ്പോൾ ലിയോപോൾദ് അച്ചനെയും വിളിച്ചു. അപ്പോൾ അദ്ദേഹം അസുഖം നടിച്ചു കിടന്നു. ഫാ. ലെയോണാർഡോ കുർബാന ചൊല്ലുന്ന സമയത്ത് ഫാ. ലിയോപോൾദ് തനിക്ക് ആവശ്യമുള്ളത്ര മരപ്പലകകൾ എടുത്ത് വള്ളത്തിൽ

കയറ്റി കൂനമ്മാവിലേക്കു പോന്നു. പാറപ്പുറത്തച്ചൻ ഇക്കാര്യം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയത് മത്തിയാസ് മുണ്ടാടനച്ചന്റെ കൃതിയിലും ആവർത്തിച്ചിട്ടുണ്ട്.[9]

ചിലപ്പോൾ പ്രവചനാതീതമായ രീതിയിലാണ് ലിയോപോൾദച്ചൻ പെരുമാറിയിരുന്നത്. പാറപ്പുറത്തച്ചൻ രേഖപ്പടുത്തിയിട്ടുള്ള ഒരു സംഭവമുണ്ട്. വികാരി അപ്പസ്തോലിക്ക ബെർണർഡിൻ ബച്ചിനെല്ലി എല്ലാ വ്യാഴാഴ്ചയും കൂനമ്മാവ് ആശ്രമത്തിൽ വരുമായിരുന്നു. വിശ്രമിക്കാനും മാതൃഭാഷയായ ഇറ്റാലിയനിൽ ഇറ്റലിക്കാരായ മിഷനറിമാരോട് സംസാരിക്കാനുമായിരുന്നു അത്. ഒപ്പം ആശ്രമത്തിന്റെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യും. അങ്ങനെ ഒരു ദിവസം ബെർണർഡിൻ ലിയോപോൾദച്ചന്റെ വാതിലിൽ മുട്ടി വിളിച്ചു. ബിഷപ്പുമായി നിസാരകാര്യങ്ങളെക്കുറിച്ച് സാസാരിച്ചു സമയം കളയേണ്ടെന്നു കരുതിയ ലിയോപോൾദച്ചൻ, സംസാരിക്കാൻ തനിക്കു സമയമില്ലെന്നു അകത്തുനിന്നു വിളിച്ചു പറഞ്ഞു. കളിതമാശയ്ക്കു സമയമില്ലെന്ന് അർത്ഥം വരുന്ന ഇറ്റാലിയൻ പ്രയോഗമാണ് ലിയോപോൾദച്ചൻ നടത്തിയത്. വികാരി അപ്പസ്തോലിക്കയുടെ മനസ്സിൽ വല്ലാതെ മുറിവേറ്റു. അന്നു മുതൽ ലിയോപോൾദച്ചന്റെ 'പതാക' താഴേക്കു വന്നുവെന്നതാണ് സത്യം.

'വെട്ടൊന്ന് മുറി രണ്ട്' എന്ന മട്ടിലുള്ള ലിയോപോൾദച്ചന്റെ പെരുമാറ്റം ചാവറയച്ചനെയും വിഷമിപ്പിച്ചിട്ടുണ്ട്. വൈക്കത്തുനിന്നുള്ള ഏലീശ്വായെ (ക്ലാര) മറ്റുള്ളവരോടൊപ്പം ഒരേ ദിവസം മഠത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരുന്നത് ലിയോപോൾദച്ചന്റെ പിടിവാശിയായിരുന്നു. ചാവറയച്ചനു എല്ലാ കാര്യങ്ങളും അറിയാമെന്നും ഏലീശ്വായുടെ ആത്മീയതയെ അദ്ദേഹം വിലയിരുത്തിയിട്ടുണ്ടെന്നും അറിഞ്ഞിട്ടും, ലിയോപോൾദച്ചൻ തനിക്കു നേരിട്ടു വിലയിരുത്തണമെന്നു ശഠിച്ചു. ഈ അനുഭവത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ ലിയോപോൾദച്ചനുമായി ഇടപെടുമ്പോൾ ചാവറയച്ചൻ വളരെ സൂക്ഷിച്ചിരുന്നു. അവർ തമ്മിലുള്ള ബന്ധം തകരാതെ നിലനിൽക്കാൻ കാരണം ചാവറയച്ചന്റെ ഈ സാത്വിക മനോഭാവമായിരുന്നു. പ്രതികൂലമായ ഇത്തരം അനുഭവങ്ങൾ ഉണ്ടെങ്കിലും ലിയോപോൾദച്ചൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്നെങ്കിൽ സി.എം.ഐ. സഭയുടെയും കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളുടെയും ചരിത്രത്തിൽ കൂടുതൽ നേട്ടങ്ങളുടെ ഒരു കാലഘട്ടം സംജാതമാകുമായിരുന്നു എന്നു സങ്കൽപിക്കുന്നതാണ് ന്യായമായ കാര്യം.

കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭയുടെ വനിതാ വിഭാഗ

ത്തിൽ നിന്നു രൂപം കൊണ്ട സുറിയാനി കന്യാസ്ത്രീകളുടെ വിഭാഗം ഇപ്പോൾ Congregation of Mother of Carmel (C.M.C.) എന്നാണ് അറിയപ്പെടുന്നത്. ഇവർ വലിയ വളർച്ച കൈവരിച്ചിട്ടുണ്ട്.

കൂനമ്മാവിൽ മഠം സ്ഥാപിച്ചുകൊണ്ട് സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലേക്കു കാലെടുത്തുവയ്ക്കുകയായിരുന്നു ചാവറയച്ചനും ലിയോപോൾദച്ചനുമെന്നു ചില ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്. അടുക്കളയിൽ ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെട്ടിരുന്ന കത്തോലിക്കരായ സ്ത്രീകളെ പുറംലോകത്തേക്കു കൊണ്ടുവരുവാൻ കഴിഞ്ഞു. അവർ കർത്താവിന്റെ മണവാട്ടികളായി തങ്ങളുടെ ആത്മീയ നന്മയ്ക്കൊപ്പം സമൂഹത്തിന്റെ നന്മയ്ക്കായും പ്രാർത്ഥിച്ചും പ്രവർത്തിച്ചുമുള്ള ജീവിതം നയിച്ചു.

സ്ത്രീകൾക്കു വിദ്യാഭ്യാസം ലഭിച്ചാൽ കുടുംബങ്ങളും സമൂഹവും വേഗത്തിൽ ഉന്നതി പ്രാപിക്കുമെന്നു ചാവറയച്ചന് അറിയാമായിരുന്നു. മഠങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച എഴുത്തുകളിൽ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നായി അച്ചൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത് പെൺകുട്ടികളുടെ വിദ്യാഭ്യാസമാണ്. കൂനമ്മാവിൽ മഠം പണിയുന്നതിനൊപ്പം സ്കൂളിന് അടിസ്ഥാനമിട്ടത് ആ ചിന്തയുടെ സാക്ഷാത്ക്കാരമായാണ്. 1868-ലാണ് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ബോർഡിംഗ് സ്കൂൾ കൂനമ്മാവിൽ ആരംഭിച്ചത്. ഇതു കേരള സമൂഹത്തിൽ ഈ രീതിയിലുള്ള ആദ്യ സ്ഥാപനമായിരുന്നു. ഉലക്ക പിടിക്കാനും കലം തേച്ചുമിനുക്കാനും മാത്രം വിധിക്കപ്പെട്ടിരുന്ന സ്ത്രീ ജന്മങ്ങൾ അക്ഷരങ്ങളുടെ അഗ്നികൊളുത്താൻ പ്രാപ്തരാകുന്നതിന്റെ എളിയ തുടക്കം. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് കടന്നുവരാൻ അവരെ ശക്തിപ്പെടുത്തിയ ആദ്യ നീക്കം. പിൽക്കാലത്തു മറക്കുടയ്ക്കുള്ളിലെ മഹാനരകത്തിൽ നിന്ന് നമ്പൂതിരി സ്ത്രീകളെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾക്കു നമ്പൂതിരി സമുദായം ചാവറയച്ചനിൽ നിന്ന് പ്രചോദനം കൊണ്ടിരിക്കും.

മഠങ്ങളോടു ചേർന്നു പെൺകുട്ടികൾക്കായുള്ള സ്കൂളുകൾ മാത്രമല്ല ബോർഡിംഗുകളും വേണമെന്നു ചാവറയച്ചൻ നിഷ്കർഷിച്ചിരുന്നതിനു കാരണമുണ്ട്. സ്കൂളിനു തൊട്ടടുത്തുള്ള പെൺകുട്ടികൾക്കു മാത്രമല്ല അകലെനിന്നുള്ള പെൺകുട്ടികൾക്കും സ്കൂൾ പ്രയോജനപ്പെടണം. കൂനമ്മാവ് മഠത്തോടു ചേർന്നു സ്കൂൾ ആരംഭിച്ച കാലത്ത് പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കാൻ നാട്ടുകാർക്കു മടിയായിരുന്നു. ചാവറയച്ചനും ലിയോപോൾദച്ചനും ഓരോ വീട്ടിലും കയറി ബോധവത്ക്കരിച്ചശേഷമാണ് കുട്ടികൾ സ്കൂളിൽ വരാൻ തുടങ്ങിയത്. ഭാഷ, കണക്ക്,

സംഗീതം, മതപരമായ കാര്യങ്ങൾ എന്നിവയ്ക്കു പുറമെ കൊന്ത കെട്ട്, തയ്യൽ എന്നിവയും പഠിപ്പിച്ചു. കൊന്തകെട്ടുന്നത് പിൽക്കാലത്ത് കൂനമ്മാവിലെ സ്ത്രീകളുടെ വരുമാനമാർഗമായി. ജപമാല ചൊല്ലിക്കൊണ്ടാണ് കത്തോലിക്കാ സ്ത്രീകൾ കൊന്തകെട്ടുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നത്. പ്രാർത്ഥന പ്രവൃത്തിയും പ്രവൃത്തി പ്രാർത്ഥനയുമാകുന്ന അദ്വൈതാവസ്ഥ. പാവപ്പെട്ട സ്ത്രീകൾ അങ്ങനെ ആത്മീയമായും ഭൗതികമായും ശക്തരായി. കൂനമ്മാവിലെ കൊന്തയ്ക്കും ഭക്തസാധനങ്ങൾക്കും ക്രമേണ കേരളമൊട്ടാകെ ഡിമാന്റ് വന്നു.

ആദ്യകാലങ്ങളിൽ മഠങ്ങൾ സ്ഥാപിക്കുമ്പോൾ അനുബന്ധമായി സ്കൂളുകളും ഉണ്ടായിരുന്നു. ഈ സ്കൂളുകളിലൂടെയും പള്ളികളോടനുബന്ധിച്ചു തുടങ്ങിയ പള്ളിക്കൂടങ്ങളിലൂടെയും പെൺകുട്ടികൾക്കു വിദ്യാഭ്യാസം നേടാനായി. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെയും സ്ത്രീശാക്തീകരണത്തിലെയും നിശബ്ദ വിപ്ലവമാണ് ഇങ്ങനെ അരങ്ങേറിയത്.

വയലാർ അവാർഡ് ഉൾപ്പെടെയുള്ള വലിയ അവാർഡുകൾ നേടിയിട്ടുള്ള പ്രശസ്ത ജീവചരിത്രകാരനും വിമർശകനുമായ പ്രൊഫ. എം.കെ. സാനു ചാവറയച്ചന്റെ വിദ്യാഭ്യാസ സേവനങ്ങളെ വിലയിരുത്തിയിട്ടുണ്ട്: “ എക്കാലത്തും വിജ്ഞാനദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിനു സമൂഹത്തിൽ വലിയ സ്ഥാനമുണ്ടാകണമെന്നു മനസ്സിലാക്കി. ജാതിവ്യവസ്ഥമൂലം പള്ളിക്കൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ്ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നു ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ മുൻകയ്യെടുത്തത്.”[10]

ജാതിവ്യവസ്ഥയിലെ കീഴാളരേക്കാൾ ദുർബലമായിരുന്നു പണ്ടത്തെ കേരളീയ സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം. സവർണ സ്ത്രീകളും ഈ ദുരവസ്ഥയിൽ നിന്നു മുക്തരായിരുന്നില്ല. അവരെ ആത്മീയതയുടെയും ഭൗതിക ഉന്നതിയുടെയും ഉന്നത പീഠങ്ങളിലേക്ക് ഉയർത്തുവാൻ ചാവറയച്ചൻ യാഥാർഥ്യമാക്കിയ വിദ്യാഭ്യാസ വിപ്ലവത്തിനായി. ഈ സത്യം മനസ്സിലാക്കിയാവണം, “അനശ്വരതയിലേക്കുള്ള പ്രയാണത്തിൽ ചാവറയച്ചൻ വിദ്യാഭ്യാസത്തിലൂടെ മോചനം എന്ന ആശയത്തെ പ്രായോഗികമാക്കി കാണിച്ചു” എന്നു സുകുമാർ അഴീക്കോട് നിരീക്ഷിച്ചത്.

പതിനേഴാം നൂറ്റാണ്ടിനു മുമ്പ് മാർത്തോമ്മാ ക്രിസ്ത്യാനി സമൂഹത്തിൽ സന്ന്യാസികൾ മാത്രമല്ല സന്ന്യാസിനികളും ഉണ്ടായിരുന്നുവെന്നാണ് സഭാചരിത്രകാരനായ എ.എം.മുണ്ടാടൻ സൂചി

പ്പിച്ചിട്ടുള്ളത്.[11] കൂനമ്മാവിൽ കേരളത്തിലെ ആദ്യത്തെ തദ്ദേശീയ കന്യാസ്ത്രീമഠത്തിനു ആരംഭം കുറിക്കുന്നതിനുമുമ്പുതന്നെ ഗോവയിൽ കന്യാമഠങ്ങൾ തുടങ്ങിയിരുന്നു. എന്നാൽ തദ്ദേശീയരായ പെൺകുട്ടികൾക്കു വളരെ ദുർലഭമായേ ഇവിടെ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. അനുമതി ലഭിച്ചവർക്ക് വിവേചനാപരമായ പെരുമാറ്റങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ പോണ്ടിച്ചേരി, തൃശ്ശിനാപ്പള്ളി എന്നിവിടങ്ങളിൽ തദ്ദേശീയരായ പെൺകുട്ടികൾക്കു വേണ്ടിയുള്ള മഠങ്ങൾ തുടങ്ങുകയുണ്ടായി.

ആവിലായിലെ വിശുദ്ധ തെരേസയോട് ഇന്ത്യയിൽ ഒരു മഠം സ്ഥാപിക്കുന്ന കാര്യം കത്തുവഴി ഇന്ത്യയിൽ നിന്ന് ആരോ സൂചിപ്പിച്ചതായി ലിയോപോൾദ് മിഷനറി വായിച്ച വിശുദ്ധ തെരേസയുടെ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നതായി ചാവറയച്ചൻ കുറിച്ചിട്ടുണ്ട്. ബെർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത ഇക്കാര്യം ശരിവയ്ക്കുന്നുണ്ട്. എന്നാൽ വിശുദ്ധ തെരേസയുടെ കൃതികൾ വായിച്ചിട്ടുള്ള പണ്ഡിതന്മാർ പറയുന്നത് ഇത്തരം ഒരു പരാമർശം തങ്ങൾ കണ്ടിട്ടില്ലെന്നാണ്. എന്തായാലും മഠം സ്ഥാപിച്ചത് ദൈവിക പദ്ധതിയുടെ സാക്ഷാത്കാരമാണെന്ന വിശ്വാസം ശക്തമാകാൻ ഈ സംഭവം വഴിതെളിച്ചു.

തദ്ദേശീയരായ സ്ത്രീകൾക്കു വേണ്ടിയുള്ള മഠം എന്നതായിരുന്നു ചാവറയച്ചന്റെ സങ്കല്പം. അതോടൊപ്പം യൂറോപ്യൻ കന്യാസ്ത്രീകളെ കൊണ്ടുവന്നു കൂനമ്മാവ് മഠത്തിൽ സേവനം അനുഷ്ഠിക്കാൻ വഴിയൊരുക്കണമെന്ന ആഗ്രഹം ലിയോപോൾദച്ചന് ഉണ്ടായിരുന്നു. തദ്ദേശീയരായ കന്യാസ്ത്രീകളെ സഹായിക്കാനുള്ള നീക്കമായിരുന്നു അത്. അതു പക്ഷേ യാഥാർഥ്യമായില്ല. യൂറോപ്യൻ കന്യാസ്ത്രീകളെ കൊണ്ടുവന്നു കൊച്ചിയിൽ സേവനം അനുഷ്ഠിക്കാൻ വഴിയൊരുക്കണമെന്ന ബെർണർഡിൻ മെത്രാപ്പോലീത്തയുടെ ആഗ്രഹം മറ്റൊരു തലത്തിലുള്ളതായിരുന്നു. ഇക്കാര്യം എ. എം. മുണ്ടാടൻ വ്യക്തമാക്കിയിട്ടുണ്ട്. "On 19 January 1864 he wrote to the definitor general of Discalced Carmelites: I beg you to send me a few nuns of St. Joseph for the good of the young women in Cochin, so that the money we spend goes for the christian and civil education of that town. I have already taken a house on rent and am paying the rent every month.''

വി. ചാവറയച്ചനും ലിയോപോൾദ് മിഷനറിയും ഒരുമിച്ചകണ്ട സ്വപ്നത്തിന്റെ സാക്ഷാത്കാരമായ മഠത്തിലെ അന്തേവാസികളെ ആത്മീയമായി വളർത്തുവാൻ അവർ ഏറെ ശ്രദ്ധിച്ചിരുന്നു. സമൂ

ഹത്തിൽ എങ്ങനെ പെരുമാറണം, ഭാഷ കൈകാര്യം ചെയ്യേണ്ട തെങ്ങനെ തുടങ്ങിയ കാര്യങ്ങൾ അവർ പഠിപ്പിച്ചിരുന്നു. ഞാൻ, എന്റെ, നിന്റെ തുടങ്ങിയ വാക്കുകൾ മഠത്തിൽ ഉപയോഗത്തിലി ല്ലായിരുന്നു. 'എന്റെ മുറി' എന്നല്ല, 'ഞാൻ ഉപയോഗിക്കുന്ന മുറി' എന്നാണ് അവർ പറഞ്ഞിരുന്നത്. 'അന്നയുടെ വസ്ത്രം' എന്ന ല്ല, 'സിസ്റ്റർ അന്ന ഉപയോഗിക്കുന്ന വസ്ത്രം' എന്നാണു പറഞ്ഞി രുന്നത്.

മഠത്തിലെ നാളാഗമത്തിൽ ആവർത്തിക്കുന്ന ചില വാചകങ്ങ ളുണ്ട്: "മൂപ്പച്ചനും പ്രിയോരച്ചനും ഒരുമിച്ച് ഞങ്ങളുടെ കോൺ വന്റിൽ വന്നു," "മൂപ്പച്ചനോടും പ്രിയോരച്ചനോടും ഞങ്ങൾ ഇതേ ക്കുറിച്ച് പറഞ്ഞു," "അവർ ഞങ്ങൾക്കു മരുന്നു കൊണ്ടുവന്നു," "അവർ ഞങ്ങളെ നിയമങ്ങൾ പഠിപ്പിച്ചു," "എന്താവശ്യമുണ്ടെങ്കി ലും ചോദിച്ചുകൊള്ളാൻ അവർ ഞങ്ങളോട് പറഞ്ഞു," "വിനയ വും അനുസരണയും പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് അവ ർ ഞങ്ങൾക്കു പ്രത്യേക ഉപദേശങ്ങൾ നൽകി" എന്നിങ്ങനെയുള്ള വാചകങ്ങൾ. ഈ സ്ഥാപക പിതാക്കന്മാർ എത്രമാത്രം ശ്രദ്ധചെ ലുത്തിയാണ് തങ്ങളുടെ മാനസപുത്രിമാരെ വളർത്തിക്കൊണ്ടു വന്നതെന്നതിനു വ്യക്തമായ ഉദാഹരണങ്ങളാണ് ഈ വാക്കുകൾ.

**സൂചിത രേഖകൾ**


1. പോൾ കല്ലുവീട്ടിൽ സി.എം.ഐ., *യാവനപാനം നീയേ–ആത്മകഥാപരമായ ആഖ്യായിക,* പേജ് 87, 88.
2. *Herald of the New Age,* Page 160.
3. *Herald of the New Age,* Page 161.
4. A. M. Mundadan, *Blessed Kuriakose Elias Chavara,* Page 323.
5. *Herald of the New Age,* Page 163.
6. *Herald of the New Age,* Page 167.
7. പോൾ കല്ലുവീട്ടിൽ *സി.എം.ഐ., യാവനപാനം നീയേ–* ആത്മകഥാപരമായ ആഖ്യായിക, പേജ് 98.
8. A. M. Mundadan, *Blessed Kuriakose Elias Chavara,* Page 319.

9. A. M. Mundadan,
*Blessed Kuriakose Elias Chavara,*
Page 320.

10. എം. കെ. സാനു, *സുകൃതംസ്മര,*
മൂന്നാം ഭാഗം, പേജ് 32.

11. A. M. Mundadan,
*Blessed Kuriakose Elias Chavara,*
Page 281.

13

# വൈദിക പരിശീലനം രാജ്യാന്തരങ്ങളിൽ

**എ.**ഡി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ബിഷപ്പുമാരെ പ്രീസ്റ്റ്സ് (ലത്തീൻ sacerdos) എന്നാണു വിളിച്ചിരുന്നത്. പൗരോഹിത്യ പദവി മുഖ്യമായും ബിഷപ്പിലാണ് നിക്ഷിപ്തമായിരുന്നതെങ്കിലും സമൂഹത്തിലെ മുതിർന്ന വ്യക്തിക്ക് (elder, presbyter) ബിഷപ്പിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ പ്രതിനിധിയായി ചില ചുമതലകൾ നിർവഹിക്കാനാകുമായിരുന്നു. ഇടവകപള്ളികൾ കൂടുതലായി സ്ഥാപിതമായതോടെ presbyter അഥവാ ഇടവക പുരോഹിതൻ (Parish Priest) ബിഷപ്പിന്റേതായ ചുമതലകൾ കൂടുതലായി കൈയാളാൻ തുടങ്ങി. ക്രമേണ അദ്ദേഹം ദിവ്യകാരുണ്യാഘോഷവേളയിലെ പ്രധാന കാർമികനായി. ഈ പദവി വഹിച്ചും, കുമ്പസാരം കേട്ടും, പാപമോചനം നൽകിയും പുരോഹിതൻ (presbyter) ക്രമേണ വിശ്വാസികളുടെ മുന്നിൽ സഭയുടെ നിയോഗപ്രകാരമുള്ള ദൈവത്തിന്റെ മുഖ്യ പ്രതിനിധിയായി. ഡീക്കൻ സ്ഥാനവും ഇതോടൊപ്പം രൂപം ആർജിച്ചുവന്നു. ആരാധനാവേളയിൽ ബിഷപ്പിനെ സഹായിക്കുക, ഇടവകയുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിലും പാവങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിലും ബിഷപ്പിന്റെ പ്രതിനിധിയായി വർത്തിക്കുക എന്നിവ ഡീക്കന്റെ പദവിയിൽ നിക്ഷിപ്തമായ ചുമതലകളായിരുന്നു.

കത്തോലിക്കാസഭയിൽ വൈദിക പരിശീലനത്തിന്റെ രീതികൾ ക്രമേണയാണു വികസിച്ചു വന്നത്. വിശുദ്ധ അഗസ്റ്റിൻ ആശ്രമ ജീവിതത്തിന്റേതായ അച്ചടക്കവും സാധാരണ ജീവിതവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പരിശീലന രീതിയാണ് അവലംബിച്ചത്. ആശ്രമ ജീവിതത്തിൽ പഠനത്തിനും സന്ന്യാസത്തിനും സമൂഹ ജീവിതത്തിനും സ്ഥാനമുണ്ട്. എ.ഡി. 396 -ൽ വിശുദ്ധ അഗസ്റ്റിൻ

ഹിപ്പോയിലെ ബിഷപ്പായപ്പോൾ അദ്ദേഹത്തിന്റെ ഭവനം നിരവധി ആശ്രമ സുപ്പീരിയർമാരുടെയും നിരവധി രൂപതാ ബിഷപ്പുമാരുടെയും പഠനകേന്ദ്രം പോലെയായി.

വിശുദ്ധ ബെനഡിക്ട് വൈദിക പരിശീലനത്തിനു കൂടുതൽ ആശ്രമപരിവേഷം നൽകി. ബെനഡിക്ടൈൻ ആശ്രമങ്ങളിൽ ആൺകുട്ടികളെ പ്രവേശിപ്പിച്ച് വൈദിക പരിശീലനം കൊടുക്കുന്ന രീതി രൂപപ്പെട്ടുവന്നു. അക്കാലത്ത് മണിക്കൂറുകൾ നീളുന്ന കായികാധ്വാനത്തിനു ശേഷം സന്ന്യാസികൾ നീണ്ട മണിക്കൂറുകൾ വിശുദ്ധ പുസ്തകങ്ങളുടെ വായനയ്ക്കായി ചെലവഴിച്ചിരുന്നു. ബൈബിൾ വായിക്കുകയും പകർത്തിയെഴുതുകയും ചെയ്തിരുന്നു. അവർ സഭാപിതാക്കന്മാരുടെ രചനകളും സന്ന്യാസ സംബന്ധമായ മറ്റു പുസ്തകങ്ങളും വായിച്ചിരുന്നു. മധ്യകാലഘട്ടത്തിന്റെ തുടക്കത്തിൽ ആശ്രമസ്കൂളുകൾ ക്രൈസ്തവ സമൂഹത്തിൽ വ്യാപകമായി. എട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ചാർലിമെയ്ൻ ചക്രവർത്തി വൈദികരുടെ നിലവാരം ഉയർത്തുന്നതിനായി നിരവധി ഡിക്രികൾ പാസാക്കി. വൈദികരെല്ലാം വായിക്കാനും എഴുതാനും കഴിയുന്നവരും തങ്ങളുടെ ചുമതലകൾ നിർവഹിക്കാൻ ശേഷിയുള്ളവരും ആയിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. അങ്ങനെയല്ലാത്തവർക്കു സസ്പെൻഷനും വൈദിക ജോലിയിൽ നിന്നുള്ള ബഹിഷ്കരണവുമായിരുന്നു നിർദേശിക്കപ്പെട്ടിരുന്ന ശിക്ഷകൾ.

ആശ്രമസ്കൂളുകളെപ്പോലെ കത്തീഡ്രൽ സ്കൂളുകളും വൈദിക പരിശീലന രംഗത്തു കാര്യമായ സംഭാവന നൽകി. ഈ രണ്ടിടങ്ങളിലും മുതിർന്ന പുരോഹിതൻ വൈദികാർത്ഥികൾക്കു പരിശീലനം നൽകുന്ന രീതിയായിരുന്നു. കേരളത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരുന്ന മല്പാനേറ്റ് സമ്പ്രദായത്തോടു സാമ്യമുള്ള രീതി തന്നെ. എ.ഡി. 633-ൽ വൈദിക വിദ്യാർത്ഥികൾ കത്തീഡ്രലിനടുത്തുള്ള ഒരു കെട്ടിടത്തിൽ സമൂഹമായി പാർക്കണമെന്ന നിയമം നടപ്പിലായി. പാഠ്യവിഷയങ്ങളിലും പരിശീലനങ്ങളിലും ഏകരൂപം കൈവരുന്നതിന് ഇതിടയാക്കി. തത്വശാസ്ത്ര പഠനത്തിലും ദൈവശാസ്ത്ര പഠനത്തിലും ഈ ഏകരൂപം ഗുണം ചെയ്തു. ഈ ഏകരൂപവും മികവും നമ്മുടെ മല്പാനേറ്റുകൾക്ക് ഇല്ലായിരുന്നു. യൂറോപ്പിൽ കത്തീഡ്രലിനു സമീപമാണ് താമസവും പരിശീലനവും എന്നതിനാൽ വൈദിക വിദ്യാർത്ഥികളിൽ അജപാലന മനസ്സ് രൂപപ്പെടുവാൻ അവസരം കിട്ടിയിരുന്നു. നമ്മുടെ നാട്ടിലെ മല്പാന്മാർ ഭൂരിപക്ഷവും ഇടവക വികാരിമാരായിരുന്നു. അവർ ഇടവകയോടു

ചേർന്നാണ് താമസിച്ചിരുന്നത്. ഏ.ഡി. അഞ്ചാം നൂറ്റാണ്ടുമുതൽ ഈസ്റ്റ് സിറിയൻ അഥവാ പേർഷ്യൻ സഭയുടെ സ്വാധീനം മലബാർ സഭയിൽ ഉണ്ടായിരുന്നു. അതിനാൽ കേരളത്തിലെ വൈദികപരിശീലനത്തിലും ആ സ്വാധീനം പ്രകടമായിരുന്നു.

ആശ്രമ സ്കൂളുകളിൽ നിന്നും കത്തീഡ്രൽ സ്കൂളുകളിൽ നിന്നുമാണ് പാശ്ചാത്യനാടുകളിലെ യൂണിവേഴ്സിറ്റികൾ രൂപപ്പെട്ടത്. മറ്റനുകൂല സാഹചര്യങ്ങളും ഇതിനു വഴി തെളിച്ചു. വിശുദ്ധ തോമസ് അക്വീനാസിന്റെ തത്വശാസ്ത്രവും ദൈവശാസ്ത്രവും സെമിനാരി പരിശീലനത്തിന്റെ അടിസ്ഥാനമായി നിർദേശിച്ച ട്രെന്റ് കൗൺസിൽ 1546 ജൂലൈ 15-നു പുറപ്പെടുവിച്ച ഡിക്രി പ്രകാരം വൈദിക പരിശീലനം ഒരു സ്ഥാപനത്തിന്റെ ഭാഗമായി നടത്തണമെന്നതു നിർബന്ധമായി. ഇതനുസരിച്ച് കേരളത്തിൽ (മലബാർ മിഷൻ) പ്രവർത്തിച്ചിരുന്ന ലത്തീൻ മിഷനറി സഭകൾ തങ്ങളുടേതായ സെമിനാരികൾ ആരംഭിച്ചു. ഫ്രാൻസിസ്കൻ സഭ 1541-ൽ കൊടുങ്ങല്ലൂരിൽ സെമിനാരി തുടങ്ങി. ജെസ്യൂട്ടുകൾ 1581-ൽ വൈപ്പിൻകോട്ടയിൽ തുടങ്ങിയ സെമിനാരി രാഷ്ട്രീയ കാരണങ്ങളാൽ 1664-ൽ കോട്ടയ്ക്കലേക്ക് (അമ്പഴക്കാട്) മാറ്റി. ഡൊമിനിക്കൻ സഭ 1624-ൽ കടുത്തുരുത്തിയിൽ സെമിനാരിക്കു തുടക്കം കുറിച്ചു. പരാജയപ്പെട്ട പല ശ്രമങ്ങൾക്കുശേഷം കർമ്മലീത്താക്കാർ 1762-ൽ വരാപ്പുഴയിൽ സെമിനാരി ആരംഭിച്ചു. ഈ സെമിനാരികൾ അധികകാലം പ്രവർത്തിച്ചില്ല. സുറിയാനി ക്രിസ്ത്യാനികൾ ഈ ലത്തീൻ സെമിനാരികളിൽ തങ്ങളുടെ മക്കളെ വിടുവാൻ താൽപര്യം കാണിച്ചില്ലെന്നു മാത്രമല്ല, അവിടെ പഠിച്ചു വൈദികരായവർക്ക് തങ്ങളുടെ പള്ളികളിൽ നിയമനം നൽകിയുമില്ല. സുറിയാനി ക്രിസ്ത്യാനികളുടെ വൈദിക പഠനം തുടർന്നും മല്പാന്മാരെയും മല്പാനേറ്റുകളെയും കേന്ദ്രീകരിച്ചാണ് മുന്നേറിയത്. അങ്കമാലി, കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ട (ചേന്ദമംഗലം), സമ്പാളൂർ (അമ്പഴക്കാട്), വരാപ്പുഴ, ആലങ്ങാട്, കടുത്തുരുത്തി എന്നിവ പൊതു സെമിനാരികളായിരുന്നു. കൽപ്പറമ്പ്, കാരക്കുന്നം, പുളിങ്കുന്ന്, മൈലക്കൊമ്പ് തുടങ്ങിയവ പ്രാദേശിക സെമിനാരികളും.

1866-ൽ വരാപ്പുഴ പുത്തൻപള്ളിയിൽ ആരംഭിച്ച സെമിനാരി സുറിയാനിക്കാർക്കും ലത്തീൻകാർക്കും വേണ്ടിയുള്ളതായിരുന്നു. വിശ്വാസ തിരുസംഘത്തിന്റെ പൂർണ നിയന്ത്രണത്തിലായിരുന്നു ഈ സെമിനാരി. രൂപതാ സെമിനാരി എന്ന നിലയിൽ നിന്ന് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലേക്കുള്ള ഇതിന്റെ വളർച്ച പ്രതിസന്ധികളിലൂടെയായിരുന്നു. 1887-ൽ സുറിയാനി

കത്തോലിക്കരെ വരാപ്പുഴയിൽ നിന്നു വേർപെടുത്തിയപ്പോൾ പുത്തൻപള്ളി സെമിനാരിയുടെ ഭരണം വലിയ തർക്കവിഷയമായി. എങ്കിലും അവയെല്ലാം ഒരുവിധം പരിഹരിക്കാൻ കഴിഞ്ഞു. സുറിയാനി, ലത്തീൻ രൂപതകളിൽ വൈദികരുടെ പരിശീലനത്തിനായി പൊതു സെമിനാരി നിലവിൽ വന്നതോടെ ഇതേ ആവശ്യത്തിനായി മാന്നാനം ആശ്രമത്തോടും മറ്റ് സി.എം.ഐ. ആശ്രമങ്ങളോടും അനുബന്ധിച്ചുണ്ടായിരുന്ന സെമിനാരികൾ 1890– ഓടെ നിർത്തലാക്കി. അതിനു ശേഷം സി.എം.ഐ. സഭ തങ്ങളുടെ സന്ന്യാസ വൈദിക വിദ്യാർഥികൾക്കു മാത്രമായി പരിശീലനം കൊടുക്കുന്ന സംവിധാനത്തെപ്പറ്റി ആലോചിക്കാൻ തുടങ്ങി. കർമ്മലീത്ത, പൗരസ്ത്യ പാരമ്പര്യങ്ങളിൽ അധിഷ്ഠിതമാവണം പരിശീലനമെന്നു ആദ്യമേ ഉറച്ചിരുന്നു.

വരാപ്പുഴയിലെ യൂറോപ്യൻ കർമ്മലീത്ത വൈദികർ സി.എം.ഐ. സഭാംഗങ്ങൾക്കു നൽകിയിരുന്ന വൈദിക പരിശീലനം സംബന്ധിച്ച് വിവിധകാലങ്ങളിൽ വിലയിരുത്തിയ വിദേശ വൈദിക മേലധ്യക്ഷന്മാർക്ക് നല്ല അഭിപ്രായമില്ലായിരുന്നു. അപ്പസ്തോലിക് ഡെലിഗേറ്റ് മോൺ. ആയൂത്തി 1889–ൽ റോമിനു സമർപ്പിച്ച റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ അമ്പരപ്പിക്കുന്നതാണ്[1]. "അക്കാര്യങ്ങൾ എന്നെ ബോധ്യപ്പെടുത്തിയ ഒരു സംഗതി ഈ ആളുകൾ (സുറിയാനി വൈദികരും വൈദിക വിദ്യാർത്ഥികളും) എത്രത്തോളം അജ്ഞതയിലാണു നിലനിൽക്കുന്നതെന്നതാണ്. ആ അവസ്ഥ ഇല്ലാതാക്കാൻ അവർക്ക് വലിയ സഹായം ആവശ്യമുണ്ട്. ആ വലിയ തിന്മയ്ക്കു പ്രഥമവും പ്രധാനവുമായ കാരണം കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭക്കാരായ ഈ വൈദിക വിദ്യാർഥികൾക്കു നിർദേശിക്കപ്പെട്ടിരുന്ന പഠന സമ്പ്രദായമാണ്. രണ്ടു വർഷം മുമ്പുവരെ ഇവരെ ഭരിച്ചിരുന്ന വികാരി അപ്പസ്തോലിക്കമാരാണ് ഈ അവസ്ഥയ്ക്കു കാരണക്കാർ". വരാപ്പുഴയിലെ അധികാരികളായ വിദേശ കർമ്മലീത്താ മിഷനറിമാരുടെ മനസ്സിലിരിപ്പും അപ്പസ്തോലിക് ഡെലിഗേറ്റ് വെളിപ്പെടുത്തുന്നുണ്ട്. നല്ല സ്വഭാവമഹിമയുള്ള വൈദികരും സന്ന്യാസികളുമാണവർ. എന്നിട്ടും സുറിയാനി കത്തോലിക്കരോടുള്ള അവരുടെ മനോഭാവം തീർത്തും പരിതാപകരമായിരുന്നു. അവരുടെ മനസ്സിലിരിപ്പ് ഇങ്ങനെയായിരുന്നു: "മലബാർ സഭാംഗങ്ങളായ വൈദികർക്ക് എങ്ങനെ പ്രാർത്ഥിക്കാം, എങ്ങനെ കുർബാന ചൊല്ലാം, എങ്ങനെ കുമ്പസാരിപ്പിക്കാം, പാപമോചനം നൽകാം എന്നീ അറിവുകൾ തന്നെ ധാരാളമാണ്. കൂടുതൽ അറിവ് അവരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമല്ല. നമ്മൾ അവരെ

കാര്യമായെന്തെങ്കിലും പഠിപ്പിച്ചാൽ, അതവരെ അഹങ്കാരികളും ദുരഭിമാനികളുമാക്കും. അവർ പിന്നെ നമ്മളെ ബഹുമാനിക്കാതാകും." സ്വന്തം നിലനിൽപിനു വേണ്ടി ഒരു സമൂഹത്തെ മുഴുവൻ അജ്ഞതയിൽ നിലനിർത്താൻ നടത്തിയ ഗൂഢാലോചനയും അതിന്റെ സമർത്ഥമായ ആവിഷ്കാരവുമാണ് ഈ വാക്കുകൾ വെളിപ്പെടുത്തുന്നത്. ലോകം മുഴുവൻ ഫ്യൂഡൽ പ്രഭുത്വം വിജയകരമായി കൈയാളിയ തന്ത്രമാണിത്. ഇന്ത്യയിൽ ജാതിശ്രേണിയുടെ മുകളിലുള്ള ബ്രാഹ്മണവർഗം ശൂദ്രന്മാർ മുതൽ താഴെയുള്ള വിഭാഗങ്ങളെ അക്ഷരം പഠിക്കുന്നതിൽ നിന്നു തടഞ്ഞത് തങ്ങളുടെ മേൽക്കോയ്മയും ചൂഷണത്തിനുള്ള അവസരങ്ങളും നഷ്ടമാകുമെന്ന ഭയം മൂലമാണ്.

കത്തോലിക്കർക്ക് ഇംഗ്ലിഷ് ഭാഷപഠിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. ഇംഗ്ലിഷ് പഠിച്ചാൽ സ്വതന്ത്ര ചിന്ത വളരുമെന്നു മിഷനറിമാർ ഭയന്നു. നാട്ടിൽ ആവശ്യത്തിനു സ്കൂളുകൾ ഉണ്ടായിരുന്നുമില്ല. ഈ അവസ്ഥയിൽ വൈദികപരിശീലനത്തിനു വരുന്നവരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർന്നതല്ലായിരുന്നു. വൈദികപരിശീലനം മലയാള ഭാഷയിലായിരുന്നുവെങ്കിലും മലയാള ഭാഷാസ്വാധീനവും ഉയർന്ന തരത്തിലായിരുന്നില്ല. സി.എം.ഐ.സഭയിലെ പൗരോഹിത്യ പരിശീലനത്തിന്റെ ചരിത്രത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ വസ്തുതകൾ പ്രധാനപ്പെട്ടതാണ്. എങ്കിലും ആദ്യപിതാക്കന്മാരും അംഗങ്ങളും തങ്ങളുടെ ബുദ്ധിശക്തികൊണ്ടും ധ്യാനനിരതകൊണ്ടും നിരീക്ഷണപാടവം കൊണ്ടും ഈശ്വരകൃപ കൊണ്ടും സഭയ്ക്കും സമൂഹത്തിനും വലിയ നന്മകൾ ചെയ്യുവാൻ പ്രാപ്തരായി. അവർ കഠിനമായി അധ്വാനിച്ചു.

സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാർ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമായി കണ്ടത് സഭയ്ക്കും സന്ന്യാസ സമൂഹത്തിനും പുണ്യവും പാണ്ഡിത്യവുമുള്ള വൈദികരെ പ്രദാനം ചെയ്യുക എന്നതായിരുന്നു. സ്വാഭാവികമായും വൈദിക പരിശീലനത്തിനു വളരെ പ്രാധാന്യം സിദ്ധിച്ചു. ഡൊമിനിക്കൽ സഭയുടെ രീതിയാണ് പാലയ്ക്കൽ മല്പാൻ പള്ളിപ്പുറത്തും മാന്നാനത്തും പിന്തുടർന്നിരുന്നത്. വിശുദ്ധഗ്രന്ഥം വായിച്ചും, ധ്യാനിച്ചും, അതേക്കുറിച്ച് പഠിച്ചും, പ്രാർത്ഥിച്ചും കൈവരുന്ന അറിവ് പഠിപ്പിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്യുന്ന രീതിയാണത്.

1857-വരെ മാന്നാനം ആശ്രമമായിരുന്നു സി.എം.ഐ. സഭയുടെ ഏക നൊവിഷ്യേറ്റും സ്റ്റഡിഹൗസും. 1857-ൽ കൂനമ്മാവിൽ പുതിയ ആശ്രമം സ്ഥാപിതമായി. 1858-ൽ ഇതിനെ നൊവിഷ്യേറ്റ്

ഹൗസായി മെത്രാൻ നിശ്ചയിച്ചു. നൊവിസ് മാസ്റ്ററായി ഫാ. ഫിലിപ്പ് ഒ.സി.ഡി. നിയമിതനായി. മാന്നാനത്തെ എല്ലാ നൊവിസുകളെയും ഇവിടേക്കു മാറ്റി.

സന്ന്യാസ സഭയുടെ പ്രത്യേക മിഷൻ അനുസരിച്ച് വൈദിക വിദ്യാർഥികൾക്കു പരിശീലനം നൽകുന്ന ആദ്യകാലഘട്ടത്തെയാണ് നൊവിഷ്യറ്റ് എന്നു വിളിക്കുന്നത്. 1855 മുതൽ 1886 വരെയുള്ള കാലഘട്ടത്തിൽ ഓർഡിനേഷൻ വരെയുള്ള സന്ന്യാസാർത്ഥികളെ മുഴുവൻ നൊവിസ് എന്നാണു വിളിച്ചിരുന്നത്. ഓർഡിനേഷനു ശേഷം അവരെ ഒരു വർഷത്തെ കാനോനിക്കൽ നൊവിഷ്യേറ്റിൽ പ്രവേശിപ്പിക്കും. അതിന്റെ ഒടുവിൽ നിത്യവ്രതങ്ങൾ (Perpetual Vows). 1886 മുതൽ നിത്യവ്രതവാഗ്ദാനത്തിനു മുമ്പ് അനിത്യവ്രതങ്ങൾ നടത്താൻ തുടങ്ങി. 1906 -ൽ സഭയുടെ ഭരണഘടനയ്ക്കു സ്ഥിരാംഗീകാരം ലഭിച്ചപ്പോൾ ഒരു വർഷത്തെ നൊവിഷ്യേറ്റും അനിത്യവ്രതങ്ങളും വൈദിക പരിശീലനത്തിന്റെ തുടക്കത്തിൽ തന്നെ നടത്താൻ തുടങ്ങി. വിവിധ കാലങ്ങളിൽ നടപ്പിൽ വന്ന ചെറിയ ചെറിയ വ്യത്യാസങ്ങളോടെ ഈ സംവിധാനമാണ് ഇപ്പോഴും സി.എം.ഐ. സഭയിൽ തുടരുന്നത്. വൈദിക പരിശീലനത്തിൽ വലിയ തുറവിയും ദീർഘവീക്ഷണവും സി. എം.ഐ സഭ പ്രദർശിപ്പിച്ചു. മംഗലാപുരത്തെ ജെസ്യൂട്ട് സെമിനാരിയിലേക്ക് വൈദിക വിദ്യാർത്ഥികളെ അയച്ചു. ഇങ്ങനെ അയയ്ക്കപ്പെട്ടവരിൽ നിന്ന് സെമിനാരി അധ്യാപകർ ഉദയം കൊണ്ടു. ഇവരിൽ പലരും റോമിൽ ഉപരിപഠനം നടത്തി. ഫാ. പ്ലാസിഡ് ജെ.പൊടിപാറ, ഫാ.കനീസിയൂസ് തെക്കേക്കര, ഫാ. ജോനാസ് തളിയത്ത്, ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ, ഫാ. ജനുവാരിയൂസ് പാലാത്തുരുത്തി, ഫാ. ജോൺ ബ്രിട്ടോ ചെത്തിമറ്റം തുടങ്ങിയവർ. 'ധർമ്മാരാമി'ൽ അധ്യാപകരായവരുടെ രണ്ടാം തലമുറ ലുവെയ്ൻ, ഓക്സ്ഫോഡ്, കേംബ്രിഡ്ജ്, അമേരിക്കൻ യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽനിന്ന് ഡോക്ടറേറ്റ് നേടിയിട്ടുള്ളവരാണ്. ഇരട്ട ഡോക്ടറേറ്റ് നേടിയിട്ടുള്ളവരുമുണ്ട്.

1953-ൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി വിഭജിക്കപ്പെട്ടു. സെന്റ് ജോസഫ്സ് പ്രോവിൻസ് കോട്ടയം, സേക്രഡ് ഹാർട്ട് പ്രോവിൻസ് കൊച്ചി, ദേവമാതാ പ്രോവിൻസ് തൃശൂർ എന്നിങ്ങനെ. ആ അവസരത്തിൽ റോം വ്യക്തമായ ഒരു നിർദേശം നൽകിയിരുന്നു. മൂന്നു പ്രവിശ്യകളുടെയും വൈദിക പരിശീലനം സഭയുടെ പൊതുവായ സെമിനാരിയിൽ ആയിരിക്കണമെന്ന്. പ്രവിശ്യകളുടെ അതിർത്തിക്കു പുറത്തുള്ള സ്ഥലമാണ് സെമിനാരി സ്ഥാപിക്കാനായി അന്വേഷിച്ചത്. ഇതിനായി നാലു പേരടങ്ങിയ

കമ്മിറ്റിക്കു രൂപം നൽകി. 1953 ഫെബ്രുവരിയിൽ നടന്ന ജനറൽ ചാപ്റ്ററിൽ രൂപവത്ക്കരിച്ച ഈ കമ്മിറ്റിയിലെ അംഗങ്ങൾ ഫാ. വില്യം നേരിയംപറമ്പിൽ, ഫാ. അത്തനാസിയൂസ് പയ്യപ്പിള്ളി, ഫാ. ഗെരയോൻ വിതയത്തിൽ, ഫാ. ജോനാസ് തളിയത്ത് എന്നിവരായിരുന്നു. കോട്ടഗിരിയിൽ ഒരു സ്ഥലവും വീടും സെമിനാരിക്ക് ഉതകുമെന്നു കരുതി വാങ്ങിയിരുന്നെങ്കിലും ഉപേക്ഷിച്ചു.

കമ്മിറ്റിയംഗങ്ങൾ ഏറ്റവും അനുയോജ്യമായ സ്ഥലമായി കണ്ടെത്തിയത് പൂന്തോട്ടങ്ങളുടെ നഗരിയായ ബാംഗ്ലൂരിനെയാണ്. ബെണ്ണാർഘട്ട സർക്കിളിലെ അടുഗോഡി ഗ്രാമത്തിൽപെട്ട 32 ഏക്കർ സ്ഥലം കമ്മിറ്റിക്ക് ഇഷ്ടമായി. 1955 മാർച്ച് 23-നു ഈ സ്ഥലം വാങ്ങി. സ്ഥലം വാങ്ങുന്നതിനുമുമ്പുതന്നെ സെമിനാരിയുടെ ശില പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടായ കർദിനാൾ ടിസറാങ്ങ് വെഞ്ചരിച്ചിരുന്നു. 1953 ഡിസംബർ എട്ടാംതീയതി എറണാകുളത്ത് പ്രിയോർ ജനറാളിന്റെ ഭവനത്തിൽ വച്ചായിരുന്നു ഈ കർമം നടന്നത്. 1955 ജൂലൈ 16-നു ബാംഗ്ലൂരിലെ സ്ഥലത്ത് ഈ ശില ബാംഗ്ലൂർ ആർച്ച്ബിഷപ്പ് ഡോ. തോമസ് പോത്തയ്ക്കാമുറി സ്ഥാപിച്ചു. പ്രിയോർ ജനറാൾ മാവുരൂസ് വലിയപറമ്പിൽ അച്ചന്റെയും പിൽക്കാലത്ത് രാജ്കോട്ട് ബിഷപ്പായിത്തീർന്ന ഫാ. ജോനാസ് തളിയത്തിന്റെയും നേതൃത്വത്തിൽ നിർമാണ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നേറി.

സെമിനാരിയുടെ പേരും ആദർശവാക്യവും നിർണയിച്ചതിൽ ഇന്ത്യൻ സംസ്കാരവും ആത്മീയതയും വലിയ സ്വാധീനം ചെലുത്തി. അങ്ങനെ നന്മയുടെ പൂന്തോട്ടം എന്നർത്ഥം വരുന്ന 'ധർമ്മാരാം' എന്ന പേരു നിശ്ചയിച്ചു. സെമിനാരിക്കു പിന്നിലെ ദർശനം 'ഈശഭക്തി: പരംജ്ഞാനം' എന്ന വാക്യത്തിലൂടെ പ്രകാശിതമായി. ഈശ്വരഭക്തിയാണ് പരമമായ ജ്ഞാനം എന്നാണതിന്റെ അർത്ഥം.

1957 മെയ് 27-നു ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് സ്റ്റഡിഹൗസിലെ വൈദിക വിദ്യാർഥികളെ 'ധർമ്മാരാമി'ലേക്കു മാറ്റി. ധർമ്മാരാമിലെ ആ ആദ്യബാച്ചിൽ 82 വിദ്യാർഥികളാണുണ്ടായിരുന്നത്. ഫാ. ക്രിസോസ്റ്റം പൊന്നുംപുരയിടമായിരുന്നു ആദ്യ റെക്ടർ. അധ്യാപകർ: ഫാ. ജനുവാരിയൂസ് പാലാത്തുരുത്തി (പിന്നീട് ചാന്ദാ ബിഷപ്പ്), ഫാ. കനീസിയൂസ് തെക്കേക്കര (പിന്നീട് സി.എം.ഐ. സഭാ പ്രിയോർ ജനറാൾ), ഫാ. പൗളിനൂസ് ജീരകത്ത് (പിന്നീട് ജഗദൽപൂർ ബിഷപ്പ്), ഫാ. ജോനാസ് തളിയത്ത് (പിന്നീട് രാജ്കോട്ട് ബിഷപ്പ്), ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ, ഫാ. ജോൺ ബ്രിട്ടോ ചെത്തിമറ്റം, ഫാ. യൂസ്റ്റസ് തോട്ടാൻ,

ഫാ. കോസ്മോസ് മഠത്തിൽ. ബ്രദർ ബഞ്ചമിൻ മുരിക്കനും ബ്രദർ മരിയൻ ആലുങ്കൽചിറയും ബ്രദർ ലൂയിസ് പുളിന്താനവും അവരോടൊപ്പമുണ്ടായിരുന്നു. 1957 ഫെബ്രുവരി രണ്ടിന് ഇന്റർന്യൂൺഷ്യോ ആർച്ച്ബിഷപ്പ് ജെ. ആർ. നോക്സ് 'ധർമ്മാരാം' ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. 'ധർമ്മാരാം' Vivat, Crescat, Floreat (ജീവിക്കട്ടെ, വളരട്ടെ, പുഷ്പിക്കട്ടെ) എന്ന ആശംസയോടെയാണ് ആർച്ച്ബിഷപ്പ് പ്രസംഗം അവസാനിപ്പിച്ചത്. ആ ആശംസ അക്ഷരംപ്രതി യാഥാർഥ്യമാക്കിക്കൊണ്ട് 'ധർമ്മാരാം' ജീവിക്കുന്നു, വളരുന്നു, പടരുന്നു. 63 വർഷമായി ഈ പ്രതിഭാസം തുടർക്കഥയാണ്. ഒരേ സമയം 300 വിദ്യാർഥികൾക്കു വരെ ഇവിടെ പഠിക്കാൻ സൗകര്യമുണ്ട്. 'ധർമ്മാരാം' സി.എം.ഐ. സഭയുടെ അഭിമാനമായ ദൈവിക സമ്മാനമായി ഉയർന്നു നിൽക്കുന്നു. സഹകരണത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വിളംബരമായി 'ധർമ്മാരാം' കാമ്പസിൽ 12 സന്ന്യാസ, വൈദിക സമൂഹങ്ങൾക്കു സ്ഥലം കൊടുക്കുകയുണ്ടായി. ഓരോ വിഭാഗവും തങ്ങളുടെ സ്റ്റഡി ഹൗസുകൾ ഇവിടെ പണിതിരിക്കുന്നു.

കത്തോലിക്കാ വിദ്യാഭ്യാസ തിരുസംഘം ധർമ്മാരാം സെമിനാരിക്ക് അത്തനേയം (Athanaeum, വിജ്ഞാനക്ഷേത്രം) എന്ന ഉയർന്ന സ്ഥാനമാണ് നൽകിയിട്ടുള്ളത്.

'ധർമ്മാരാ'മിനെ സാമ്പത്തികമായി പിന്തുണയ്ക്കാനായി കെങ്കേരിയിൽ 1962-ലും 1963-ലും രണ്ട് ഫാമുകൾ വാങ്ങി. 'ധർമ്മാരാ'മിന്റെ തുടക്കത്തിൽ കാമ്പസിൽ തന്നെ ഒരു ഡയറിഫാം നടത്തിയിരുന്നു. വിദേശത്തു നിന്ന് ഉയർന്ന ജനുസിലുള്ള പശുക്കളെ വിമാനം വഴിയാണ് കൊണ്ടുവന്നത്. 'ധർമ്മാരാ'മിനെ സാമ്പത്തികമായി പിന്തുണയ്ക്കുക, ചുറ്റുമുള്ള ജനങ്ങളെ പശുവളർത്തലിലേക്ക് ആകർഷിച്ച് സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾ ഡയറി ഫാം സ്ഥാപിക്കുന്നതിനു പിന്നിലുണ്ടായിരുന്നു.

റെക്ടറാണ് 'ധർമ്മാരാമി'ന്റെ കാനോനിക സുപ്പീരിയറും എല്ലാ സ്ഥാപനങ്ങളുടെയും തലവനും. 'ധർമ്മാരാമി'ലെ മുഴുവൻ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ ഭരണനിർവഹണത്തിൽ സഹായിക്കുന്നു. റെക്ടറെ നിയമിക്കുന്നതു പ്രിയോർ ജനറാളാണ്.

വൈദിക വിദ്യാർഥികളെ അവർ പഠിക്കുന്ന വർഷത്തിനനുസരിച്ച് ഓരോ വിഭാഗമാക്കി തിരിച്ച് ഓരോ മാസ്റ്ററുടെ കീഴിലാക്കിയിരിക്കുന്നു. തങ്ങളുടെ കീഴിലുള്ള വൈദിക വിദ്യാർഥികളുടെ ഫോർമേഷൻ (രൂപവത്ക്കരണം) കാര്യത്തിൽ നേരിട്ടുള്ള ഉത്തര

വാദിത്വം ഈ മാസ്റ്റർമാർക്കാണ്. 'ധർമ്മാരാ'മിൽ 250-നടുത്ത് വിദ്യാർഥികൾ എപ്പോഴുമുണ്ടാകും. ഓരോ വർഷവും അമ്പതോ അമ്പത്തഞ്ചോ വിദ്യാർഥികൾ പുതുതായി എത്തും. പഠനം പൂർത്തിയാക്കി അത്രയ്ക്കു വ്യക്തികൾ പുറത്തേക്കും പോകും. 'ധർമ്മാരാം' നടത്തുന്ന ബൗദ്ധിക ഇടപെടലുകളുടെ സാക്ഷ്യപത്രങ്ങളായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ ധർമ്മാരാം പബ്ലിക്കേഷൻസ് ശ്രദ്ധിക്കുന്നു.

'ധർമ്മാരാമി'ന്റെ ഇതുവരെയുള്ള പ്രവർത്തന കാലയളവിൽ സി.എം.ഐ. സഭയിലെ മുന്നൂറിലേറെ അംഗങ്ങൾ ഇവിടെ ജോലി ചെയ്തിട്ടുണ്ട്. അവരിൽ വലിയ പങ്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. എല്ലാവർഷവും നവംബർ ഏഴിനു ഇവരുടെയെല്ലാം ഓർമദിനമായി 'ധർമ്മാരാം' ആചരിക്കുന്നു. 'ധർമ്മാരാമി'ന്റെ പിന്നിലെ പ്രധാന ബുദ്ധികേന്ദ്രമായിരുന്ന ബിഷപ്പ് മാർ ജോനാസ് തളിയത്തിന്റെ ചരമദിനമാണന്ന്.

'ധർമ്മാരാമി'ന്റെ സ്ഥാപക പിതാക്കൻമാരുടെ മനസ്സിൽ ഒരു സങ്കല്പമുണ്ടായിരുന്നു. കൃഷിയിൽ നിന്നും ഡയറിഫാമിൽ നിന്നുമുള്ള വരുമാനം പ്രവർത്തനങ്ങൾക്കു തികയുമെന്ന്. കാലം മാറിയപ്പോൾ ആ കണക്കുകൂട്ടൽ തെറ്റി. തന്മൂലം കൃഷി നിലനിർത്തിക്കൊണ്ടുതന്നെ വിദ്യാഭ്യാസ സേവനത്തിനു ഊന്നൽ കൊടുത്തു. ഈ മാറ്റം കാലഘട്ടത്തിന്റെ ആവശ്യവുമായിരുന്നു. ഇന്നു 'ധർമ്മാരാം' ഇന്ത്യ മുഴുവനിലും വിദേശ രാജ്യങ്ങളിലും അറിയപ്പെടുന്നതിൽ 'ധർമ്മാരാമി'ലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിക്ക് വലിയ പങ്കുണ്ട്. ബാംഗ്ലൂർ നഗരം വളരുന്നതിനനുസരിച്ച് അന്തർദേശീയ നിലവാരത്തിലേക്ക് വളരാൻ 'ധർമ്മാരാ'മിനും ക്രൈസ്റ്റ് യൂണിവേഴ്സിറ്റിക്കും കഴിഞ്ഞു.

1965-ൽ ധർമ്മാരാം കോളജ് റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തു. പതിനൊന്നു വർഷം കഴിഞ്ഞ് 1976-ൽ തിയോളജി ഫാക്കൽട്ടിയെ തിയോളജിയിലും ഫിലോസഫിയിലും ഡിഗ്രി കൊടുക്കാൻ അവകാശമുള്ള സ്വതന്ത്ര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തി. പിന്നീട് തിയോളജി, ഫിലോസഫി ഫാക്കൽട്ടികൾ പി.ജി, ഡോക്ടറേറ്റ് ഡിഗ്രികൾ കൊടുക്കാൻ ശേഷിയുള്ളവയായി വളർന്നപ്പോൾ 'ധർമ്മാരാ'മിനെ ധർമ്മാരാം വിദ്യാക്ഷേത്രം എന്നു പുനർനാമകരണം ചെയ്തു. ഇതു സംബന്ധിച്ച പുതിയ നിയമാവലികൾ കത്തോലിക്കാ വിദ്യാഭ്യാസം സംബന്ധിച്ച തിരുസംഘം 1986 നവംബറിൽ അംഗീകരിച്ചു. ഈ തിരുസംഘം 1999 മാർച്ച് 29-നു ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ (ഡി.വി.കെ.) ഓറിയന്റൽ കാനൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിനു രൂപം

നൽകി. ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ ചാൻസലറായിരുന്ന മേജർ ആർച്ച്ബിഷപ്പ് മാർ വർക്കി വിതയത്തിൽ 1999 ജൂലൈ 14-നു ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്തു. പൗരസ്ത്യ കാനൻ നിയമത്തിൽ പ്രത്യേക പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിനാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്.

ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി 1975-ൽ ജേണൽ ഓഫ് ധർമ്മ എന്ന ത്രൈമാസികം ആരംഭിച്ചു. ഡി.വി.കെ. യിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെടുന്ന മറ്റൊരു ജേർണലാണ് ഏഷ്യൻ ഹൊറൈസൺസ്. മന:ശാസ്ത്ര, ആത്മീയ വിഷയങ്ങൾ അവതരിപ്പിക്കുന്ന ജേർണലാണ് 'വിനയസാധന'. കാനൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഒരു അർധവാർഷിക ജേർണൽ പ്രസിദ്ധീകരിക്കുന്നു. Herald of the East, Iustitia എന്നീ പ്രസിദ്ധീകരണങ്ങളുമുണ്ട്. വൈദിക പരിശീലനത്തിനു ഊന്നൽ കൊടുത്തുകൊണ്ട് സഭ മുന്നേറണമെന്ന സ്ഥാപക പിതാക്കന്മാരുടെ സ്വപ്നം 'ധർമ്മാരാം' യാഥാർഥ്യമാക്കിയിരിക്കുന്നു. ഇതിനു പിന്നിൽ സി.എം.ഐ. സഭാംഗങ്ങളായ അനേകം പണ്ഡിതന്മാരുടെ ആത്മാർഥമായ പരിശ്രമമുണ്ട്.

ബാംഗ്ലൂരിൽ ധർമ്മാരാം കോളജ് സ്ഥാപിക്കുന്നതിനു മുമ്പു തന്നെ സി.എം.ഐ. സഭാംഗങ്ങൾ കേരളത്തിനു വെളിയിൽ വൈദിക പഠനം നിർവഹിച്ചിട്ടുണ്ട്. കോട്ടയം വികാരി അപ്പസ്തോലിക്ക മോൺ. ചാൾസ് ലെവീഞ്ഞിന്റെ നിർദേശപ്രകാരമാണ് ആറ് സി.എം.ഐ. സഭാംഗങ്ങളെ ആദ്യമായി മംഗലാപുരത്തെ ജെസ്യൂട്ട് സെമിനാരിയിൽ പഠിക്കാൻ വിട്ടത്. അപ്പസ്തോലിക് ഡെലിഗേറ്റ് ആയൂത്തിയുടെ അനുവാദവും ലഭിച്ചു. 1914 വരെ ഇവർ മംഗലാപുരത്തെ ജെസ്യൂട്ട് ഹൗസിൽ താമസിച്ചു പഠിച്ചു. 1919 ഏപ്രിൽ 20-നു സ്വന്തമായ സ്റ്റഡി ഹൗസ് മംഗലാപുരം ബിഷപ്പ് ആശീർവദിച്ചു. 1951 ഡിസംബർ 25-നു ഇതിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.

പൂനയിലെ ജെസ്യൂട്ട് സെമിനാരിയിൽ പഠിച്ചിരുന്ന സി. എം.ഐ. വൈദിക വിദ്യാർഥികളുടെ സ്റ്റഡി ഹൗസായിരുന്നു സേക്രഡ് ഹാർട്ട് കാർമ്മൽ ഹൗസ്. ജെസ്യൂട്ട് സുപ്പീരിയർ ജനറൽ പൂനയിലെ പുതിയ സെമിനാരിയിലേക്ക് സി.എം.ഐ. സഭാംഗങ്ങളെ അയയ്ക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് പ്രിയോർ ജനറാളിനു കത്തയച്ചതിന്റെ ഫലമായി ആദ്യമായി അഞ്ച് വൈദിക വിദ്യാർഥികളെ 1943 ജൂണിൽ പൂനയിലേക്ക് അയച്ചു. ഭാവിയിൽ സ്റ്റഡി ഹൗസ് പണിയാനുള്ള ആവശ്യത്തിനായി സി.എം.ഐ. സഭ പൂനയിൽ 10 ഏക്കർ സ്ഥലം വാങ്ങിയിരുന്നു. അവിടെ പണി

തുടങ്ങുംമുമ്പ് പൂനയിലെ സെമിനാരി താൽക്കാലികമായി ശ്രീല ങ്കയിലെ കാൻഡിയിലേക്കു മാറ്റി. 1944 -ൽ സെമിനാരി കെട്ടിടം സൈനികാവശ്യത്തിനായി വിട്ടുകൊടുക്കേണ്ടിവന്നതാണു കാര ണം. അവിടെയുണ്ടായിരുന്ന അധ്യാപകരും വൈദിക വിദ്യാർഥി കളും കാൻഡിയിലേക്കു മാറി. പിന്നീട് 1948-ലാണ് പൂനയിൽ സെമിനാരി പ്രവർത്തിച്ചു തുടങ്ങിയത്. സി.എം.ഐ. സഭ ആദ്യം വാങ്ങിയ സ്ഥലം സെമിനാരിയിൽ നിന്ന് ഏറെ അകലെയായതി നാൽ ആ പത്തേക്കറിൽ അഞ്ച് ഏക്കർ ഏറ്റെടുത്തുകൊണ്ട് സെമി നാരി കാമ്പസിൽ അഞ്ചേക്കർ സ്ഥലം തരാൻ ജെസ്യൂട്ട് വൈദിക നേതൃത്വം തയ്യാറായി. അവിടെയാണ് സി.എം.ഐ. സഭ സേക്രഡ് ഹാർട്ട് കാർമൽ സ്റ്റഡി ഹൗസ് പണിതത്. 1952-ൽ ഇതു കാനോ നിക ഭവനമായി.

വൈദിക വിദ്യാർഥികൾക്കുള്ള കാലാനുസൃതമായ പരിശീലന പദ്ധതികൾ ആവിഷ്കരിക്കാനും അവരുടെ സമഗ്രമായ വളർച്ച യ്ക്കുതകുന്ന സംവിധാനങ്ങൾ സജ്ജീകരിക്കാനും സി.എം.ഐ. സഭാ നേതൃത്വം എന്നും ശ്രദ്ധിച്ചിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങൾ ഉൾക്കൊണ്ട് സാഹചര്യബ ദ്ധവും സമഗ്രവുമായ പരിശീലനം നൽകുന്നതിനും സഭ താൽപ ര്യമെടുത്തു. വാർദ്ധയിലെ ദർശന ഇൻസ്റ്റിറ്റ്യൂട്ടും ഭോപ്പാൽ, ജഗ ദൽപൂൽ, ഋഷികേശ് എന്നിവിടങ്ങളിലെ സമന്വയ ഇൻസ്റ്റിറ്റ്യൂട്ടു കളും ഇതിന്റെ തെളിവുകളാണ്. 'ദർശന'യിൽ ഫിലോസഫിയും 'സമന്വയ'യിൽ തിയോളജിയും പഠിപ്പിക്കുന്നു.

ദീർഘമായ പഠനങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തി ലാണ് മിഷൻ രൂപതയായ ചാന്ദായിലെ വാർദ്ധയിൽ തത്വശാസ്ത്ര പഠന കേന്ദ്രം സ്ഥാപിക്കാൻ സ്ഥലം വാങ്ങിയത്. ഈ സ്ഥലം തത്വശാസ്ത്രപഠനത്തിനും വൈദിക പരിശീലനത്തിനും അനു യോജ്യമായ സ്ഥലമായി അധികാരികൾ കണ്ടു. ഇവിടെ കെട്ടിടം നിർമിച്ച് 1981-ൽ ദർശന ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ തത്വശാസ്ത്ര പഠന കേന്ദ്രം സ്ഥാപിച്ചു. ദർശന ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് വൈദിക വിദ്യാർഥികളെ അയച്ചുകൊണ്ട് സി.എം.ഐ. സഭയിലെ എല്ലാ പ്രവിശ്യകളും സഹകരിച്ചു. അങ്ങനെ വടക്കേ ഇന്ത്യയിലെ സാഹ ചര്യങ്ങളോടും സാംസ്കാരിക പ്രത്യേകതകളോടും ഇഴുകി ചേർന്നുകൊണ്ട് വൈദിക പരിശീലനം നേടുവാൻ ശെമ്മാശ ന്മാർക്കു അവസരം ലഭിച്ചു.

വടക്കേ ഇന്ത്യയിൽ മിഷനുകൾക്കു വേണ്ടി ദൈവശാസ്ത്രപ ഠനം നടത്തുന്ന വൈദിക വിദ്യാർഥികളെ മുന്നിൽ കണ്ടാണ് 'സമ ന്വയ'യ്ക്കു രൂപം കൊടുത്തത്. 'സമന്വയ' വേഗത്തിൽ മുന്നേറി.

ആദ്യം ഭോപ്പാലിലും പിന്നീട് ബിജ്നോറിലെ ഋഷികേശിലും ജഗ ദൽപൂരിലെ Kolchoor-ലും 'സമന്വയ' തുടങ്ങി. ദൈവശാസ്ത്ര പരി ശീലനത്തിനെത്തുന്ന വൈദിക വിദ്യാർഥികൾ Kolchoor-ലും ഋഷി കേശിലും ഭോപ്പാലിലും ഓരോ വർഷം പഠിക്കുകയും 'ധർമ്മാ രാമി' ൽ ഒരു സെമസ്റ്റർ അധ്യയനം നടത്തുകയും ചെയ്യുന്നു[2]. ദർശന ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ടും സമന്വയ തിയോളജിക്കൽ കോളജുകളും ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ എക്സ്റ്റൻഷൻ സെന്ററുകളാണ്. അമേരിക്കയിൽ Sacramento യിലെ ചാവറ ഇന്റർനാഷണൽ സെന്ററും റോമിലെ ചാവറ ഇൻസ്റ്റിറ്റ്യൂട്ടും അതു പോലെയാണ്. ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ കീഴിൽ ഒൻപതു സെന്ററുകളുണ്ട്. 1. ആത്മോദയ, 2. സെന്റർ ഫോർ ബിബ്ളിക്കൽ ആൻഡ് തിയോളജിക്കൽ സ്റ്റഡീസ്, 3. സെന്റർ ഫോർ ദളിത് സോളിഡാരിറ്റി, 4. സെന്റർ ഫോർ ദ സ്റ്റഡി ഓഫ് വേൾഡ് റീലീ ജിയൺസ്, 5. സെന്റർ ഫോർ ഈസ്റ്റേൺ ആൻഡ് ഇന്ത്യൻ ക്രിസ്ത്യൻ സ്റ്റഡീസ്, 6. സെന്റർ ഫോർ വുമൺ സ്റ്റഡീസ്, 7. ധർമ്മാരാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്, 8. ധർമ്മാരാം അക്കാ ദമി ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ, 9. സെന്റർ ഫോർ എൻവ യൺമെന്റൽ സ്റ്റഡീസ്, 10. ജ്ഞാനോദയ അഫലിയേറ്റഡ് ഇൻസ്റ്റി റ്റ്യൂട്ടുകൾ: 1. വിദ്യാദീപ് കോളജ്, 2. കർമ്മലാരാം തിയോളജി കോളജ്, 3. ഡീ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയൻ ആന്റ് ഫിലോസഫി, 4. പുഷ്പാശ്രമം.

സാഹചര്യബദ്ധമായ മിഷനറി പരിശീലനം നവസന്ന്യാസി കൾക്കു നൽകാനായി സി.എം.ഐ. സഭയിലെ ആദ്യത്തെ മിഷൻ നൊവിഷ്യേറ്റ് ആന്ധ്രാപ്രദേശിലുള്ള മഞ്ചെരിയാലിലാണ് ആരം ഭിച്ചത്.

സി.എം.ഐ. സഭയിലെ തുണസഹോദരന്മാരുടെ ചരിത്രം ബ്ര. ജേക്കബ് കണിയാന്തറയിൽ നിന്ന് സഭയുടെ ആരംഭം മുതൽ ത ന്നെ തുടങ്ങുന്നു. കർമ്മലീത്താ ആത്മീയതയുടെ തുടക്കം മുതൽ വൈദികരല്ലാത്തവരുടെ സന്ന്യാസ ജീവിതം പ്രധാന പരിഗണനാ വിഷയമായിരുന്നു. അതിൽ ദൈവശാസ്ത്ര സമീപനം അന്തർഹി തമായിരുന്നു. വൈദികരായവർ യേശുവിന്റെ പരസ്യജീവിതകാ ലത്ത് അദ്ദേഹത്തെ പിന്തുടർന്നവർക്കു തുല്യം. സഹായ സഹോ ദരന്മാർ (ബ്രദേഴ്സ്) നസ്രത്തിലെ അജ്ഞാത ജീവിതകാലത്ത് യേശു ചെയ്ത എളിയ ജോലികൾ ചെയ്യുവാൻ സ്വയം സമർപ്പിച്ച വർ.

കർമ്മലീത്ത സന്ന്യാസ സഭയിൽ ബ്രദേഴ്സ് എന്ന വിഭാഗമു ണ്ട്. ആ മാതൃക റ്റി.ഒ.സി.ഡി. സഭയും പിന്തുടർന്നു. ബ്രദേഴ്സ്

ആകാൻ ആഗ്രഹിച്ച് സഭയിൽ എത്തുന്നവരെ സ്വീകരിക്കാൻ വേണ്ട ചട്ടങ്ങളും രൂപപ്പെടുത്തി. പ്രിയോർ ജനറാളിന്റെ അനുമതിയോടെ അവരെ ആശ്രമത്തിൽ പ്രവേശിപ്പിക്കും. ആശ്രമ കൗൺസിലിന്റെ അംഗീകാരവും വേണം. ഒരു വർഷത്തെ പ്രൊബേഷനു ശേഷം സഭാവസ്ത്രം കൊടുക്കും. അതോടൊപ്പം ഒരു വൈദികന്റെ കീഴിൽ ഒരു വർഷത്തെ കാനോനിക നൊവിഷ്യേറ്റ്. അതു വിജയകരമായി പൂർത്തിയാക്കിയാൽ വ്രതങ്ങൾ അനുഷ്ഠിക്കുന്നതിനു അനുവദിക്കും. 1926-ൽ നടന്ന ജനറൽ ചാപ്റ്ററിനു ശേഷം വിവിധ ആശ്രമങ്ങളിൽ പരിശീലനത്തിനിരിക്കുന്ന ബ്രദേഴ്സിനെ ഒരു പൊതു നൊവിഷ്യേറ്റിൽ, പൊതു നൊവിസ് മാസ്റ്ററുടെ കീഴിൽ പരിശീലിപ്പിക്കുന്ന രീതി നിലവിൽ വന്നു. എൽത്തുരുത്ത് ബ്രദേഴ്സിന്റെ പൊതു നൊവിഷ്യേറ്റ് ആയി. സഭ മൂന്ന് പ്രോവിൻസുകളായി വിഭജിക്കപ്പെട്ടപ്പോൾ മുത്തോലി പൊതു നൊവിഷ്യേറ്റായി. 1956-നു ശേഷം ഓരോ പ്രോവിൻസും അവയുടേതായ നൊവിഷ്യേറ്റ് ഹൗസ് ആരംഭിച്ചപ്പോൾ അതു ബ്രദേഴ്സിന്റെ നൊവിഷ്യേറ്റ് ഹൗസ് കൂടിയായി. നൊവിഷ്യേറ്റിനു ശേഷം ബ്രദേഴ്സിനെ പരിശീലിപ്പിക്കുവാൻ 1968 ജൂലൈയിൽ കൂനമ്മാവിൽ ബ്രദേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.

ജനറൽ സിനാക്സിസിന്റെ തീരുമാനമനുസരിച്ച് 1991 ഫെബ്രുവരി രണ്ടിനു ബ്രദേഴ്സിന്റെ പ്രത്യേക യൂണിറ്റ് നിരവിൽപ്പുഴയിലെ സെന്റ് ഏലിയാസ് ആശ്രമത്തിൽ പ്രിയോർ ജനറാൾ ഉദ്ഘാടനം ചെയ്തു. 22 ബ്രദേഴ്സ് അംഗങ്ങളായ ഈ യൂണിറ്റിനു പ്രത്യേകം സുപ്പീരിയറും കൗൺസിലേഴ്സും തെരഞ്ഞെടുക്കപ്പെട്ടു. ചാന്ദാ രൂപതയിലെ ബാബുപെട്ടിലും മറ്റൊരു ബ്രദേഴ്സ് യൂണിറ്റ് പരീക്ഷണാർത്ഥം തുടങ്ങി. അതു മിഷൻ മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. ആറു വർഷത്തെ പരീക്ഷണകാലം അവസാനിച്ചപ്പോൾ ആഭ്യന്തരമായ ബലഹീനതകൾ പരിഗണിച്ച് ബ്രദേഴ്സ് യൂണിറ്റ് നിർത്തലാക്കി.

സി.എം.ഐ. സഭയുടെയും സ്ഥാപനങ്ങളുടെയും സുസ്ഥിതിക്ക് സ്തുത്യർഹവും സുദീർഘവുമായ സംഭാവനകൾ നൽകിയിട്ടുള്ളവരാണു ബ്രദേഴ്സ്. കൃഷിയിലും വിഷ ചികിത്സയിലുമാണ് അവർ തിളങ്ങിയത്. വിഷ ചികിത്സയിൽ കഴിവ് തെളിയിച്ച വൈദികരുമുണ്ട്. പാമ്പുവിഷത്തിനുള്ള ചികിത്സ മാത്രമല്ല, നിരുപദ്രവികളെന്നു തോന്നുന്ന പല്ലികൾ പോലെയുള്ള ക്ഷുദ്രജീവികൾ ഉണ്ടാക്കുന്ന വലിയ പ്രശ്നങ്ങൾക്കുള്ള ചികിത്സ ഉൾപ്പെടെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ബുദ്ധിമുട്ടുകൾ ചികി

ത്സിച്ചു പരിഹരിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു. ഇന്നും കഴിയുന്നുണ്ട്. അലോപ്പതിയിൽ പാമ്പുവിഷത്തിന് എതിരായ ചികിത്സ ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും മറ്റു ക്ഷുദ്രജീവികളുടെ വിഷങ്ങൾക്ക് എതിരായ ചികിത്സ അലോപ്പതിക്കാർ ഏറെ ശ്രദ്ധിക്കുന്ന രംഗമല്ല.

സുറിയാനിസഭകളുടെ നേതൃത്വത്തിൽ ദലിത് സമുദായത്തിൽ പെട്ടവരെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തതു സംബന്ധിച്ച് തെറ്റായ രണ്ട് നിലപാടുകൾ ചിലർ പ്രചരിപ്പിക്കുന്നുണ്ട്. ഈ മതപരിവർത്തനങ്ങൾ അരി, തുണി, മറ്റ് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ തുടങ്ങിയവ ലക്ഷ്യംവച്ചായിരുന്നുവെന്നാണ് ഒരു ഭാഷ്യം. ദലിത് ചരിത്രകാരന്മാരുടെ ഭാഷ്യം മറ്റൊന്നാണ്. പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ മതപരിവർത്തന ശ്രമങ്ങളിലൂടെ തങ്ങളുടെ അടിമജനവിഭാഗക്കാർ നഷ്ടപ്പെട്ടു പോകാതിരിക്കാനും പുതിയ കുടിയേറ്റങ്ങൾക്കും ഭൂമികൈയേറ്റങ്ങൾക്കും സഹായികളാക്കി നിർത്താനുമാണ് സുറിയാനി സഭകൾ ദലിത് ജനങ്ങളെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യിച്ചതെന്നാണ് രണ്ടാമത്തെ ഭാഷ്യം. സി.എം.ഐ. സഭയുടെ ആശ്രമങ്ങളോട് അനുബന്ധിച്ചുണ്ടായിരുന്ന വേദപാഠശാലകളിൽ പഠിച്ച് കത്തോലിക്കരായവരെ ഇങ്ങനെയുള്ള ചൂഷണത്തിനു സി.എം.ഐ. സഭ ഒരുക്കി കൊടുക്കുകയായിരുന്നുവെന്ന് ആർക്കും പറയാനാവില്ല. കുടികിടപ്പുകാരും സഹായികളുമൊക്കെ ഉണ്ടായിരുന്ന സമ്പന്നവർഗമായിരുന്നില്ല മലബാറിലേക്കും ഹൈറേഞ്ചിലേക്കും കുടിയേറിയതെന്ന വസ്തുതപോലും അറിയാതെ ചരിത്രരചന നടത്തുന്നതിന്റെ പ്രശ്നമാണിത്.

സി.എം.ഐ. സഭയുടെ വൈദിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം കൊടുക്കുന്നത് സി.എം.ഐ. സഭാംഗങ്ങൾ തന്നെയാണ്. വൈദിക പരിശീലന രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച സമൂഹമാണ് സി.എം.ഐ. ഭോപ്പാൽ ആർച്ച്ബിഷപ്പ് ഡോ. Eugene D'Souza സി.എം.ഐ. സഭയോട് ആഷ്ടാ റീജണൽ തിയോളജി സെമിനാരി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടത് സി.എം.ഐ. സഭയുടെ പരിശീലന രീതിയിലുള്ള മതിപ്പുകൊണ്ടാണ്. മദ്ധ്യപ്രദേശിലെ 13 രൂപതകളിലെ വൈദിക വിദ്യാർഥികൾക്ക് പരിശീലനം നൽകുന്നതിനുള്ളതായിരുന്നു ആഷ്ടാ സെമിനാരി. സി.എം.ഐ. സഭയ്ക്കു ചാന്ദാ രൂപതാ നാഗ് പൂർ അതിരൂപതയിൽ നിന്നും വിഭജിച്ച് നൽകുവാൻ ഔദാര്യവും ഹൃദയവിശാലതയും കാണിച്ച വ്യക്തിയാണ് ആർച്ച്ബിഷപ്പ് ഡോ. Eugene D'Souza. 13 വർഷം സേവനം ചെയ്ത് ഈ സെമിനാരിക്ക്

പ്രശസ്തി നേടിക്കൊടുക്കുവാൻ സി.എം.ഐ. വൈദികർക്കു കഴിഞ്ഞു. അതിനു ശേഷം പള്ളോട്ടൈൻ സഭക്കാരെ ഏല്പിച്ച് സി.എം.ഐ. സഭ പിൻവാങ്ങി.[3] സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരായ മൂന്നുപേരും ഏറ്റവും പ്രധാനമായി കണ്ട സേവനമേഖലയാണ് വൈദിക പരിശീലനം. അവരുടെ സ്വപ്നത്തോട് നീതി പുലർത്തി പ്രവർത്തിക്കുവാൻ സി.എം.ഐ. സഭയുടെ പിൻതലമുറയ്ക്കു കഴിയുന്നു.

ആഗോള മിഷന് അനുരൂപമായ വിധത്തിൽ വൈദിക പരിശീലനത്തെ പുനഃസംവിധാനം ചെയ്യണമെന്നതാണ് ഈ രംഗത്ത് അഭിമുഖീകരിക്കുന്ന വെല്ലുവിളി. ഭാരതീയ സംസ്കാരത്തിന്റെ സത്ത ഉൾക്കൊണ്ട് ദേശീയോദ്ഗ്രഥനം യാഥാർഥ്യമാക്കി ഇന്ത്യയ്ക്കകത്തു മിഷൻ പ്രവർത്തനം നടത്താൻ സജ്ജമാക്കുന്ന രീതിയിലാണ് ഇപ്പോൾ മുഖ്യമായും വൈദിക പരിശീലനം നൽകുന്നത്. ആഗോള മിഷനിൽ അംഗമായി ഇന്ത്യയ്ക്കു പുറത്തുപോയി ആഫ്രിക്കൻ നാടുകളിലും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ഓസ്ട്രേലിയൻ ഭൂഖണ്ഡത്തിലുമെല്ലാം മിഷൻ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്ന രീതിയിൽ വൈദിക പരിശീലനത്തിൽ മാറ്റമുണ്ടാകണം. ഇംഗ്ലിഷിനു പുറമെ സ്പാനിഷ്, പോർച്ചുഗീസ് ഭാഷകൾ പഠിക്കണം.

ആഫ്രിക്കൻ രാജ്യമായ കെനിയയിൽ സി.എം.ഐ. സഭയ്ക്കു ഇപ്പോൾ വൈദിക പരിശീലന സംവിധാനമുണ്ട്. ആസ്പിരൻസ് ഹൗസ്, നൊവിഷ്യേറ്റ്, സ്റ്റഡി ഹൗസ് തുടങ്ങിയവ. കെനിയൻ സ്വദേശികളായ ഒൻപതുപേർ ഇന്നു സി.എം.ഐ. വൈദികരാണ്. കെനിയക്കാരായ പത്തുപേർ വൈദിക വിദ്യാർഥികളാണ്. സി.എം.ഐ. സഭാംഗങ്ങൾ ശക്തമായി പ്രവർത്തിക്കുന്ന രാജ്യങ്ങളിലെല്ലാം വൈദിക പരിശീലന സംവിധാനങ്ങളുണ്ടായാൽ അവിടെനിന്നെല്ലാം ദൈവവിളികൾ ഉണ്ടാവുമെന്നാണ് കെനിയൻ അനുഭവം വ്യക്തമാക്കുന്നത്. സഭയുടെ സ്ഥാപകപിതാക്കന്മാർ കൊച്ചു കേരളത്തിലിരുന്നു കണ്ട സ്വപ്നം അങ്ങനെ ആഗോളതലത്തിൽ യാഥാർഥ്യമാകും. നമീബിയയിൽ വൈദിക പരിശീലനരംഗത്ത് സി.എം.ഐ. വൈദികർ സ്തുത്യർഹമായ സേവനമാണു കാഴ്ചവയ്ക്കുന്നത്. നമീബിയയിൽ പുതുതായി ആരംഭിച്ച സെമിനാരിയിലേക്കു സി.എം.ഐ. വൈദികരുടെ സേവനം അവിടത്തെ ബിഷപ്സ് കോൺഫ്രൻസ് ആവശ്യപ്പെടുകയായിരുന്നു 1998 ഏപ്രിലിൽ ആരംഭിച്ച സേവനം ഇപ്പോഴും തുടരുന്നു, റെക്ടർ, ബർസാർ, ഡീൻ, ഡയറക്ടർ തുടങ്ങിയ ശുശ്രൂഷകളാണ് നിർവഹിക്കുന്നത്.

സഭയെയും സമൂഹത്തെയും നയിക്കാൻ പ്രാപ്തരായ വൈദികരെയാണ് പരിശീലനത്തിലൂടെ രൂപപ്പെടുത്തേണ്ടത്. സമഗ്രതയുള്ള വ്യക്തിത്വവും ഹോളിസ്റ്റിക് ദർശനവും ഉള്ളവരായിരിക്കണം അവർ. ഏതെങ്കിലും ജ്ഞാനമണ്ഡലത്തിൽ അറിവുള്ളവരായാൽ മാത്രം പോരാ. വ്യക്തിത്വത്തിലെ സമഗ്രത എന്നതിനു വളരെ ആഴത്തിലുള്ള അർത്ഥമുണ്ട്. ബൗദ്ധിക തലത്തിലും ആത്മീയ തലത്തിലും മനഃശാസ്ത്ര തലത്തിലും പ്രായോഗിക തലത്തിലും പക്വതയാർന്ന സമീപനം അവർക്കു സാധ്യമാകണം.

ബൗദ്ധിക തലത്തിലെ പക്വത അല്ലെങ്കിൽ ജ്ഞാനം എന്നത് എല്ലാ കാര്യങ്ങളിലുമുള്ള അറിവല്ല. എല്ലാ മാനുഷിക സാഹചര്യങ്ങളെയും യുക്ത്യധിഷ്ഠിതമായി വിശകലനം ചെയ്യാനുള്ള കഴിവാണ്. ഇങ്ങനെയുള്ളവർ അവരുടെ അറിവിന്റെ ചക്രവാളങ്ങൾ വികസ്വരമാക്കുവാൻ എപ്പോഴും ശ്രമിക്കും.

ആത്മീയമായ പക്വത ആർജിക്കുക അത്രയെളുപ്പമല്ല. അറിവും ആത്മീയതയും തമ്മിൽ സംഘർഷം സംഭവിക്കുന്നുണ്ട്. ആത്മീയതയിൽ കടന്നുകയറി ഇടപെടാൻ അറിവ് വെമ്പൽ കൊള്ളുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അറിവ് തലച്ചോറിലെ ദൈവത്തെയാണ് ആരാധിക്കുന്നത്. ഹൃദയത്തിലെ ദൈവത്തെ ജ്വലിപ്പിക്കാനുള്ള കഴിവ് അറിവിനില്ല. അതിന് ആത്മീയതയുടെ തീപ്പൊരി തന്നെ വേണം. ഒരുവന്റെ വിശ്വാസത്തിന് അടിസ്ഥാനമായ കാരണങ്ങൾ കണ്ടെത്തുവാൻ ബൗദ്ധികത സഹായിക്കുമെങ്കിലും ദൈവത്തിന്റെ തൃപ്പാദങ്ങളിൽ പൂർണമായി സമർപ്പിക്കുവാൻ പ്രേരിപ്പിക്കുന്നത് ആത്മീയമായ പക്വതയാണ്. യാഥാർത്ഥ്യത്തിന്റെ മൂന്നു രൂപങ്ങളായ ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാനുള്ള കഴിവ് നൽകുന്നതും ഈ പക്വതയാണ്.[4]

യേശുവിനു പൂർണമായി സമർപ്പിക്കുവാനുള്ള ശക്തി നൽകുന്നത് മനഃശാസ്ത്രപരമായ പക്വതയാണ്. ഈ പക്വത ആർജിക്കുന്ന വ്യക്തി സർഗശേഷിയും ആരെയും ഉൾക്കൊള്ളാനുള്ള കഴിവും ഏതു സാഹചര്യങ്ങളിലും ഭയമില്ലായ്മയും പ്രദർശിപ്പിക്കും. പുതിയ സാഹചര്യങ്ങളെ പുതിയ അവസരങ്ങളായികാണും. മാറ്റങ്ങളെ ഭയപ്പെടുകയില്ല. മാറ്റം ജീവിതത്തിന്റെ അവിഭാജ്യഘടകമാണെന്ന വസ്തുത ഉൾക്കൊണ്ടായിരിക്കും പ്രവർത്തിക്കുക. പുതിയ സാഹചര്യങ്ങളെ പുതിയ സാധ്യതകളായാണ് അവർ വീക്ഷിക്കുക.

ദൈവത്തോട് പൂർണവിധേയത്വവും പൂർണമായ സമർപ്പണവുമുള്ള വ്യക്തി പ്രവർത്തനപക്വത ആർജിക്കുന്നതിനു താമസ

മുണ്ടാകില്ല. ദൈവത്തിൽ പൂർണവിശ്വാസവും ആത്മവിശ്വാസവും പ്രവർത്തന മികവും ഈ വ്യക്തിക്കുണ്ടാവും. എപ്പോഴും ഊർജസ്വലതയോടെ പ്രവർത്തനനിരതനായിരിക്കും. വിശ്വാസമാണ് അയാളെ മുന്നോട്ടു നയിക്കുന്നത്. ഒരാളുടെ തൊഴിലിനും രാഷ്ട്രീയ ജീവിതത്തിനും സാമൂഹിക ജീവിതത്തിനും പുറത്ത് നിലകൊള്ളുന്ന വിശ്വാസം അപക്വമാണ്.

ഈ രീതിയിൽ വൈദിക വിദ്യാർത്ഥികളെ വളർത്തിയെടുക്കുക എന്നത് വലിയ വെല്ലുവിളിയാണ്. എല്ലാറ്റിനുമുപരി അവരുടെ ശക്തി പ്രാർത്ഥനയുടേതാകണം. ആ ശക്തി അവർ വളർത്തിയെടുക്കണം. നിരന്തരമായി സാധകം ചെയ്ത് ഒരു ഗായകൻ പാടാനുള്ള കഴിവ് വളർത്തിയെടുക്കുന്നതുപോലെയാവണം. സാധകം നിലച്ചാൽ പാടാനുള്ള കഴിവിനു ക്ലാവു പിടിക്കും. മറ്റു കഴിവുകളുടെ കാര്യവും ഇതുതന്നെയാണ്. നിരന്തരമായ പരിശീലനമില്ലെങ്കിൽ ഏതു സിദ്ധിയും കാലക്രമത്തിൽ ജീർണിക്കും. പ്രാർത്ഥന നിലച്ചാൽ ദൈവവുമായുള്ള ബന്ധം തടസപ്പെടും. നിരന്തരവും നൈസർഗികവുമായ പ്രാർത്ഥന ദൈവവുമായുള്ള ഐക്യത്തിന്റെ കാണാച്ചരടാണ്. ആത്മീയതയുടെ ഹരിതഭംഗി നിലനിർത്തി പൂവിരിയിക്കുവാൻ പ്രാർത്ഥന അനിവാര്യമാണ്.

**സൂചിത രേഖകൾ**


1. *Herald of the New Age,* Page 104.
2. സെബാസ്റ്റ്യൻ മുല്ലൂപ്പറമ്പിൽ സി.എം.ഐ., *സമഗ്ര സമർപ്പണത്തിലേക്കൊരു ആനന്ദയാത്ര, റവ.ഡോ. തോമസ് ഐക്കരയുടെ ജീവചരിത്രം.* പേജ് 155.
3. സെബാസ്റ്റ്യൻ മുല്ലൂപ്പറമ്പിൽ സി.എം.ഐ., *സമഗ്ര സമർപ്പണത്തിലേക്കൊരു ആനന്ദയാത്ര,* റവ.ഡോ.തോമസ് ഐക്കരയുടെ ജീവചരിത്രം. പേജ് 178.
4. Bishop Gregory karotemprel, *Training Future Church Leaders, Christian Leadership and Integration,* Page 13-16.

14

# ദേശീയോദ്ഗ്രഥനത്തിന്റെ മുന്നണിപ്പാട്ടുകാർ

**ചാ**വറയച്ചൻ ക്രൈസ്തവ സമൂഹത്തിൽ ബഹുമുഖമായ മാറ്റങ്ങൾക്കു തുടക്കം കുറിച്ചുവെന്നും ദേശീയോദ്ഗ്രഥനത്തെകുറിച്ച് ആരും ചിന്തിക്കാതിരുന്ന കാലത്താണ് അച്ചൻ ഇത്തരം നടപടികൾക്കു നേതൃത്വം നൽകിയതെന്നും പ്രമുഖ ചരിത്രകാരനായ പ്രൊഫ.എ.ശ്രീധരമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്.[1]

ദേശീയോദ്ഗ്രഥനത്തെ പ്രോത്സാഹിപ്പിക്കുക എന്നതിന്റെ അർത്ഥം രാഷ്ട്രത്തിലെ പൗരന്മാർക്ക് സമാധാനത്തിലും സമൃദ്ധിയിലും ഒരുമിച്ചു ജീവിക്കാനുള്ള അവസരം ഒരുക്കികൊടുക്കുക എന്നതാണ്. ജനങ്ങളുടെ മൗലികാവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള വഴി കാണിച്ചുകൊടുക്കുന്നതുമാണ്.

രാഷ്ട്രത്തിന്റെ വിഭിന്ന പ്രദേശങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചും അവയുടെ നേതൃത്വത്തിൽ സ്കൂളുകളും കോളജുകളും ആരംഭിച്ചും സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ നടത്തിയും ജനങ്ങളെ ആത്മീയമായും ധാർമികമായും നേർവഴിയിലേക്കു നയിച്ചും സി. എം.ഐ. സഭ ദേശീയോദ്ഗ്രഥനത്തിനു വലിയ സംഭാവനകളാണ് നൽകുന്നത്.

ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങളിലൂടെ ദേശസ്നേഹവും ജാതി, മത, വർണ, വർഗ വ്യത്യാസമില്ലാതെയുള്ള പരസ്പര സഹകരണവും വളരുന്നു. പരസ്പരം സഹായിക്കാനുള്ള മനസ്സ് സംജാതമാകുന്നു. നന്മയും കാരുണ്യവും ഒരുമയുടെ മനോഭാവവും സമൂഹത്തിൽ വളരുന്നു. ദേശീയൈക്യവും ഉദ്ഗ്രഥനവും ജനാധിപത്യത്തിന്റെ ഉറച്ചനിലനില്പിനും, സ്വാതന്ത്ര്യ സംരക്ഷണത്തിനും, സാമ്പത്തിക വികസനത്തിനും അനിവാര്യമാണ്.

1831 മെയ് 11 – നു മാന്നാനത്ത് ആരംഭിച്ച സി.എം.ഐ. സഭ 1950 ആയപ്പോൾ 400 അംഗങ്ങളും 37 ഹൗസുകളുമായി വളർന്നു.

സഭയുടെ ഭരണം പൊതുസംഘം തെരഞ്ഞെടുക്കുന്ന പ്രിയോ ർ ജനറാളിന്റെ നേതൃത്വത്തിലാണ് നടന്നിരുന്നത്. ഓരോ ഹൗസിനും സുപ്പീരിയർ ഉണ്ടായിരുന്നു. ഈ സ്ഥിതിയിൽ മുന്നേറുമ്പോൾ അംഗങ്ങളുടെ ഇടയിൽ ഒരു ആലോചന ഉയർന്നു, സഭയെ വിവിധ പ്രവിശ്യകളായി (പ്രോവിൻസ്) വിഭജിച്ചാൽ വളർച്ചയ്ക്കും കൂടുതൽ ഫലപ്രദമായ ഭരണസംവിധാനത്തിനും വഴിതെളിയുകയില്ലേയെന്ന്.

ഈ ആലോചന മാർപാപ്പയ്ക്കു മുമ്പാകെ സമർപ്പിച്ചപ്പോൾ ഇക്കാര്യം പഠിക്കുവാൻ വിജയപുരം മെത്രാനായ ബൊനവിന്തൂരെ അരാഞ്ഞയെ അപ്പസ്തോലിക്ക് വിസിറ്ററായി ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സി.എം.ഐ. സഭയെ പ്രോവിൻസുകളായി വിഭജിക്കാൻ റോം തീരുമാനിച്ചു. അപ്പസ്തോലിക്ക് വിസിറ്റർ 1953 മാർച്ച് രണ്ടിനു എറണാകുളത്തെ പ്രിയോർ ജനറാൾ ഹൗസിൽ വിളിച്ചുകൂട്ടിയ പൊതുസംഘത്തിൽ സി.എം.ഐ. സഭ സെന്റ് ജോസഫ് പ്രോവിൻസ് മാന്നാനം, സേക്രഡ് ഹാർട്ട് പ്രോവിൻസ് കളമശ്ശേരി, ദേവമാതാ പ്രോവിൻസ് തൃശൂർ എന്നിങ്ങനെ മൂന്നു പ്രവിശ്യകളായി വിഭജിതമായി. ഇക്കാര്യങ്ങൾ മുമ്പ് സൂചിപ്പിച്ചവ തന്നെയാണ്. ഇവിടെ ഏറ്റവും പ്രസക്തമായ കാര്യം സി.എ.ഐ. സഭയെ വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളല്ല, ദൈവ നിയോഗവും വളർച്ചയുടെ ആവശ്യകതയുമാണ് നയിച്ചത് എന്നതാണ്. 1831 മെയ് മാസത്തിൽ ആരംഭം കുറിച്ച സഭ 2019 മെയ് മാസത്തിൽ 188 വർഷം പിന്നിട്ടപ്പോൾ 13 പ്രോവിൻസുകളും രണ്ട് വൈസ് പ്രൊവിൻസുകളും രണ്ട് റീജിയണുകളും ആറ് സബ് റീജിയണുകളുമായി വളർന്നു പടർന്നിരിക്കുന്നു. രണ്ട് ഡെലഗേഷനുകളുമുണ്ട്. സഭാംഗങ്ങൾ മൊത്തം 34 രാജ്യങ്ങളിൽ സേവന ശുശ്രൂഷകൾ നിർവ്വഹിക്കുന്നു.

## പ്രോവിൻസ്

1. സെന്റ് ജോസഫ് പ്രോവിൻസ്, തിരുവനന്തപുരം.
2. സെന്റ് ജോസഫ് പ്രോവിൻസ്, കോട്ടയം.
3. സേക്രഡ് ഹാർട്ട് പ്രോവിൻസ്, കൊച്ചി (1953).
4. കാർമ്മൽ പ്രോവിൻസ്, മൂവാററുപുഴ (1992).
5. ദേവമാതാ പ്രോവിൻസ്, തൃശൂർ (1953).
6. സെന്റ് തോമസ് പ്രോവിൻസ്, കോഴിക്കോട് (1969).
7. മാർത്തോമ്മാ പ്രോവിൻസ്, ചാന്ദാ (1978).
8. സെന്റ് പോൾസ് പ്രോവിൻസ്, ഭോപ്പാൽ (1990).
9. സെന്റ് പോൾസ് പ്രോവിൻസ്, മൈസൂർ (1978).

10. നിർമ്മൽ പ്രോവിൻസ്, ജഗദൽപൂർ (1978).
11. പ്രേഷിത പ്രോവിൻസ്, കോയമ്പത്തൂർ (1978).
12. സെന്റ് ജോൺസ് പ്രോവിൻസ്, ബിജ്നോർ (1990).
13. സെന്റ് സേവ്യേഴ്സ് പ്രോവിൻസ്, രാജ്കോട്ട് (1994).
14. മേരിമാതാ വൈസ് പ്രോവിൻസ്, ഹൈദ്രാബാദ് (2008).
15. സെന്റ് ചാവറ വൈസ് പ്രോവിൻസ്, ഭവനഗർ(2011).

**II റീജിയൺ**

1. സെന്റ് തോമസ് റീജിയൺ, നെയ്റോബി, കെനിയ.
2. സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ റീജിയൺ, ധൂളെ.

**III സബ് റീജിയൺ**

1. ക്രിസ്തുരാജ സബ് റീജിയൺ, ജമ്മു - കാശ്മീർ
2. കന്യാകുമാരി സബ് റീജിയൺ.
3. കൊൽക്കത്ത സബ് റീജിയൺ.
4. സാൻ മത്തേയോ (San Mateo) സബ് റീജിയൺ, പെറു.
5. St. Therese De Lisieux, സബ് റീജിയൺ, മഡഗാസ്കർ.
6. സെന്റ് തെരേസാസ് സബ് റീജിയൺ, മൗണ്ട് കെനിയ

**IV ഡെലഗേഷൻ**

1. നോർത്ത് അമേരിക്ക (യു.എസ്.എ., കാനഡ)
2. ജർമ്മനി

വ്യത്യസ്ത ഭാഷകളും സാംസ്കാരിക പ്രത്യേകതകളും ജീവിതരീതികളും കാഴ്ചപ്പാടുകളും വിശ്വാസങ്ങളുമുള്ള ജനവിഭാഗങ്ങളുടെ ഇടയിലാണു പ്രോവിൻസുകൾ നിലകൊള്ളുന്നത്. അവിടത്തെ ജനപഥങ്ങളെല്ലാം സി.എം.ഐ. വൈദികരെ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്തുവെന്നതിനു തെളിവുകളാണ് പ്രവിശ്യകളെല്ലാം വളർന്നു പന്തലിച്ചതിന്റെ ഗതിവേഗം. ചാന്ദായിലെ സംസ്കാരമല്ല ഭോപ്പാലിലേത്. മൈസൂർ പ്രോവിൻസ് പ്രദേശത്തെ ഭാഷ കന്നഡയാണെങ്കിൽ കോയമ്പത്തൂർ പ്രോവിൻസ് പ്രദേശത്തെ പ്രധാന ഭാഷ തമിഴാണ്. ജഗദൽപൂരിലെയും ബിജ്നോറിലെയും ജനങ്ങളുടെ ഭാഷ വേറെ. രാജ്കോട്ടിലെ പ്രധാന ഭാഷ ഗുജറാത്തി. ഹൈദ്രാബാദ് ആസ്ഥാനമായ പ്രോവിൻസ് പ്രദേശത്തെ ഔദ്യോഗിക ഭാഷ തെലുഗുവാണ്. ധൂളെയിലെ പട്ടണവാസികൾ മറാത്തി സംസാരിക്കുമ്പോൾ ഗ്രാമീണ ജനങ്ങൾ മറാത്തിയുടെ വകഭേദമായ അഹിരാണി പറയുന്നു.

ജമ്മു-കാശ്മീർ സബ് റീജിയണിലെ ഭാഷ ഉറുദുവാണ്.

കന്യാകുമാരിയിലേത് തമിഴും, കൊൽക്കത്തെയിലേത് ബംഗാളിയും. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവത്ക്കരിക്കപ്പെട്ട ഇന്ത്യയിൽ ഓരോ ഭാഷയും വിഭിന്നങ്ങളായ സംസ്കാരങ്ങളുടെ പതാകകൾ വഹിക്കുന്നു. വ്യത്യസ്തങ്ങളായ സാംസ്കാരിക പ്ര ത്യേകതകൾ ഉൾക്കൊണ്ട്, കഷ്ടപ്പെട്ടു ഭാഷ പഠിച്ച്, സാംസ്കാരിക അനുരൂപണം സാധ്യമാക്കി മുന്നേറുന്ന സി.എം. ഐ. സന്ന്യാ സ വൈദികരെ ദേശീയോദ്ഗ്രഥനത്തിന്റെ പൂവാടികയിലെ ചിത്രശലഭങ്ങളായി സങ്കല്പിക്കാം. ഒരോ ഭാഷയെയും സംസ്കാരത്തെയും ഒരോ പുഷ്പമായി കരുതുക. അവയിൽ തേൻകുടിച്ച് പിന്നീട് മറ്റൊരു ഭാഷയിലും സംസ്കാരത്തിലും സേവനം ചെയ്യുമ്പോൾ അവർ ആദ്യപുഷ്പത്തിന്റെ സൗരഭ്യം അവിടെ പരിചയപ്പെടുത്തും. സി.എം.ഐ. സഭാംഗങ്ങൾ ദേശീയോദ്ഗ്രഥന പൂമ്പാറ്റകളാണ്.

സി.എം.ഐ. സഭയുടെ പ്രവർത്തനങ്ങൾ ഓരോ സ്ഥലത്തും വ്യാപിക്കുന്നതിനു തനതായ രീതികളുണ്ട്. സഭാംഗങ്ങൾ ഒരു സ്ഥലത്തു പ്രവർത്തനം ആരംഭിക്കുമ്പോൾ ഒരു താമസസ്ഥലം രൂപപ്പെടും. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനനുസരിച്ച് ഇതിന്റെ സ്റ്റാറ്റസ് വ്യത്യാസപ്പെടും. 1. സെന്റർ 2. റെസിഡൻസ് 3. ഹൗസ് 4. കോവേന്ത എന്നിങ്ങനെയാണ് അവയുടെ ആരോഹണക്രമം.

ചില പ്രത്യേക സേവനങ്ങൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് സഭാംഗങ്ങൾ താമസിക്കുന്ന സ്ഥലമാണ് സെന്റർ. ലക്ഷ്യം സാധിച്ചുകഴിയുമ്പോൾ സെന്റർ അവസാനിപ്പിക്കാം, അവസാനിപ്പിക്കാതിരിക്കാം. സെന്ററിന്റെ അധികാരിയെ ഡയറക്ടർ എന്നാണു വിളിക്കുന്നത്. തങ്ങളിൽ നിക്ഷിപ്തമായ അപ്പസ്തോല പ്രവർത്തനങ്ങൾ നടത്തുന്നതിനായി അംഗങ്ങൾ താമസിക്കുന്ന സ്ഥലമാണ് റെസിഡൻസ്. റെസിഡൻസിന്റെ അധികാരിയെ പ്രീഫെക്ട് എന്നാണു വിളിക്കുന്നത്. ഒരു റെസിഡൻസ് സന്ന്യാസ ജീവിതത്തിന്റെ കാര്യത്തിലും അപ്പസ്തോല പ്രവർത്തനങ്ങളുടെ കാര്യത്തിലും സ്വയംപര്യാപ്തമാണെങ്കിൽ അതിന്റെ തലവനെ സുപ്പീരിയർ എന്നാണു വിശേഷിപ്പിക്കുക. മിനിമം നാലംഗങ്ങൾ ഉണ്ടാവുകയും, സന്ന്യാസ ജീവിതം അതിന്റെ എല്ലാ ക്രമത്തിലും പിന്തുടരുകയും, അപ്പസ്തോല പ്രവർത്തനങ്ങൾക്കു സ്ഥിരംസ്വഭാവം ഉണ്ടായിരിക്കുകയുമാണെങ്കിൽ ആ ഹൗസിനു ആശ്രമം എന്ന സ്ഥാനം ലഭിക്കും. കാനൻ നിയമം അനുശാസിക്കുന്ന അധികാരങ്ങളുള്ള ആശ്രമത്തിന്റെ തലവൻ പ്രിയോർ എന്നാണറിയപ്പെടുന്നത്.

സി.എം.ഐ. സമൂഹത്തിന്റെ സേവനം ഒരു പ്രദേശത്തേക്ക് വ്യാപിക്കുമ്പോൾ അതിനെ സബ് റീജിയൺ എന്നാണു വിളിക്കുക. ഒരു പ്രോവിൻസിന്റെ അതിർത്തിക്കുള്ളിൽ സേവന സാധ്യതയും വികസനസാധ്യതയും റീജിയണായി വളരാനുള്ള സാധ്യതയും പരിഗണിക്കപ്പെടും. സബ് റീജിയൺ വേണ്ടത്ര വികസനം ആർജിച്ചുവെന്നു കാണുമ്പോൾ അതിനെ റീജിയൺ ആക്കും. ഒരുപരിധിവരെ ആഭ്യന്തര ഭരണസ്വാതന്ത്ര്യം ഉണ്ടാവുമെങ്കിലും നിലനില്പ് പ്രോവിൻസിനെ ആശ്രയിച്ചുതന്നെയാകും. അടുത്ത ഘട്ടം വൈസ് പ്രോവിൻസും പ്രോവിൻസുമാണ്. ആ സ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെടാനുള്ള നേട്ടങ്ങൾ ആർജിച്ചിരിക്കണം.ഇന്ത്യയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന പ്രോവിൻസുകളും വൈസ് പ്രോവിൻസും റീജിയണുകളും സബ് റീജിയണുകളും ദേശീയോദ്ഗ്രഥനത്തിനു നൽകുന്ന സംഭാവനകൾ വളരെ വലുതാണ്.

സി.എം.ഐ. സഭയുടെ പ്രോവിൻസുകളിൽ ആറെണ്ണം കേരളത്തിലും ഒൻപതെണ്ണം മറ്റു സംസ്ഥാനങ്ങളിലുമാണ്. മറ്റു സംസ്ഥാനങ്ങളിലെ എണ്ണത്തിൽ കൂടിയ സാന്നിധ്യം തന്നെ ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുന്നു. സന്ന്യാസസഭാ സ്ഥാപനങ്ങളിലൂടെയും അജപാലന സ്ഥാപനങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും സാമൂഹിക സേവന സ്ഥാപനങ്ങളിലൂടെയും സാംസ്കാരികവും മാധ്യമസംബന്ധവുമായ സ്ഥാപനങ്ങളിലൂടെയും വളരെ ഫലപ്രദമായ ദേശീയോദ്ഗ്രഥന കർമങ്ങൾ നിർവഹിക്കാൻ കഴിയുന്നു.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിലൂടെയും മതാന്തര സംവാദങ്ങളിലൂടെയും പ്രോവിൻസുകളിലെല്ലാം ദേശീയോദ്ഗ്രഥനം യാഥാർഥ്യമായി മാറുന്നു. മതാന്തര സംവാദങ്ങൾക്കുള്ള സെന്ററുകളിലൂടെ ദേശീയോദ്ഗ്രഥന സന്ദേശത്തിന്റെ ഉന്നതതലത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളിൽ സാംസ്കാരിക വിനിമയം യാഥാർഥ്യമാക്കുന്നുണ്ട്. സാഗർ പ്രവിശ്യയുടെ പ്രവർത്തനങ്ങൾ ഉദാഹരണമായെടുക്കാം. ഈ പ്രവിശ്യ വളരെ കൃത്യമായി ഭാരത സംസ്കാരത്തിന്റെ പ്രത്യേകതകളെ ആശ്രയിച്ചുകൊണ്ടാണ് സുവിശേഷവത്ക്കരണ ശ്രമങ്ങൾ നടത്തുന്നത്. "Department of evangelization has adopted effective ways of presenting the word of God in the multi-religious context through inter-religious dialogue, ashram life style, use of classical and folk art forms and Indian Spirituality. [2] ദേശീയോദ്ഗ്രഥനത്തിന്റെ

വ്യക്തമായ പന്ഥാവാണ് മുന്നിൽ തെളിയുന്നത്. സാഗർ പ്രോവിൻസിലെ സച്ചിദാനന്ദ ആശ്രമം നിരവധി മതാന്തര സംവാദ രീതികൾ പരീക്ഷിക്കുകയുണ്ടായി. പ്രാദേശിക ജനസമൂഹത്തെ ക്രിസ്തീയ മൂല്യങ്ങളിലും സുവിശേഷത്തിന്റെ സന്ദേശങ്ങളിലും ആകൃഷ്ടരാക്കാനായിരുന്നു ഈ പരിശ്രമങ്ങൾ. സി.എം.ഐ. സഭാംഗങ്ങൾ പ്രാദേശിക ഭാഷയിൽ പാട്ടുകളും ഭജനുകളും രചിച്ച് സംഗീതം പകർന്ന് ജനങ്ങളെ പഠിപ്പിച്ച് ആരാധനയ്ക്ക് ഉപയുക്തമാക്കി. ബൈബിൾ ഭാഗങ്ങൾ നാടകരൂപത്തിലാക്കിയും വീഡിയോ ചിത്രീകരിച്ചും അവർ ജനശ്രദ്ധ ക്ഷണിച്ചു. യോഗ പഠിച്ച സഭാംഗങ്ങൾ യോഗ ക്ലാസുകൾ സംഘടിപ്പിച്ച് ഭാരതീയ സംസ്കാരവും ക്രിസ്തീയ സംസ്കാരവും തമ്മിൽ അലിഞ്ഞു ചേരുന്ന അനുഭവം പ്രദാനം ചെയ്തു.

ജഗദൽപൂർ പ്രോവിൻസ് നിലകൊള്ളുന്ന പ്രദേശത്തെ 70 ശതമാനം ജനങ്ങളും പട്ടികവർഗക്കാരാണ്. 15 മുതൽ 20 ശതമാനം വരെ സാക്ഷരതാനിലവാരമേ അവർക്കുള്ളൂ. വിദ്യാഭ്യാസത്തിലൂടെ അവരെ സ്വയംപര്യാപ്തരാക്കുകയാണ് പ്രവിശ്യ ചെയ്യുന്നത്. ഇതിനായി ആറ് ഹൈസ്കൂളുകളും ഒരു യൂണിവേഴ്സിറ്റി കോളജും ഒരു ബി.എഡ്.കോളജും ഒരു ഐ.റ്റി.സി.യും പ്രവിശ്യ നടത്തുന്നു. ഇവിടെ വിദ്യാദാനം തന്നെ ദേശീയോദ്ഗ്രഥന പ്രവർത്തനമായി മാറുകയാണ്.

പ്രേഷിത പ്രോവിൻസിന്റെ കീഴിൽ കോയമ്പത്തൂരിൽ ദിവ്യോദയ ഇന്റർ റിലീജിയസ് സെന്റർ വിവിധ ജനവിഭാഗങ്ങൾ തമ്മിൽ പരസ്പര ധാരണയും ഐശ്വര്യവും സംജാതമാക്കാനുള്ള സർഗാത്മക പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. ഇതോടനുബന്ധിച്ച് ഒരു ആർട്ട് ഗാലറിയും പ്രവർത്തിക്കുന്നു. 1983 ജനുവരി 16-നു പൊങ്കൽ ഉത്സവനാളിലാണ് 'ദിവ്യോദയ' ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. തുടക്കം മുതൽ മത സൗഹാർദം നിലനിർത്തുന്നതിനായി 'ദിവ്യോദയ' നിരവധി തലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്, പ്രവർത്തിക്കുന്നു. കോയമ്പത്തൂർ കത്ത്രീഡ്രലിനോടു ചേർന്നുള്ള ജീവജ്യോതി ആശ്രമത്തിൽ നടന്ന ഇന്റർ ഫെയ്ത്ത് ലിവ്-ടുഗദർ പരിപാടിയിൽ തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വ്യത്യസ്തക്കാരായ 300 പേർ പങ്കെടുത്തു. പ്രമുഖനായ പേരൂർ സ്വാമികൾ പങ്കെടുത്തതോടെ ഈ പരിപാടി വൻ വിജയമായി. പൊതുജനങ്ങൾ സർവാത്മനാ സഹകരിക്കുന്നുണ്ട്. 'ദിവ്യോദയ' യുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗവേഷണ പ്രബന്ധങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. 1994-ൽ ടി. വേത്രി ശെൽവിയുടെ പ്രബന്ധം ഭാരതിയാർ യൂണിവേഴ്സിറ്റിക്കും 2001-ൽ ആർ. ശകുന്തളയുടെ പ്രബന്ധം

അണ്ണാമലൈ യൂണിവേഴ്സിറ്റിക്കും സമർപ്പിക്കപ്പെട്ടു.[3]

'ദിവ്യോദയ' യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണമായും ദേശീയോദ്ഗ്രഥനത്തെ സാക്ഷാത്കരിക്കാൻ പര്യാപ്തമാണ്. "The aims and objectives of Divyodaya are:promote universal brotherhood through inter-religious celebrations, meetings and programmes in collaboration with other like-minded organisations,[3] develop leadership qualities in youth through training programme, youth activities and counselling, promote cultural and social values among the public by providing a common platform for sharing ideas; help the spiritual awakening of the people through meditation, yoga, inter-religious bhajans, prayers and spiritual guidance and promote study and research on the socio-cultural and spiritual traditions of the country.[4]

ബിജ്നോർ പ്രോവിൻസിലെ ജീവൻധാര ആശ്രമവും രാജ്കോട്ട് പ്രോവിൻസിലെ സമഭാവന ബോർഡിംഗ് ഹൗസും ശ്രദ്ധേയങ്ങളാണ്. എല്ലാവരോടും തുല്യപരിഗണന എന്നർത്ഥമുള്ള സമഭാവന എന്ന പേര് ഈ ബോർഡിംഗ് ഹൗസിനു കൊടുത്തതിനു കാരണമുണ്ട്. ഗുജറാത്തിൽ ജാതി തിരിച്ചാണ് ബോർഡിംഗ് ഹൗസുകൾ നടത്തുന്നത്. ബോർഡിംഗ് നടത്തുന്നവരുടെ ജാതിക്കാർക്കു മാത്രമേ ആ ബോർഡിംഗിൽ പ്രവേശനം കൊടുക്കുകയുള്ളൂ. തന്മൂലം താഴ്ന്ന ജാതിക്കാരായി പരിഗണിക്കപ്പെടുന്നവർക്കും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കും ഉപരിപഠനത്തിനുള്ള സൗകര്യം നിഷേധിക്കപ്പെടുന്നു. എന്നാൽ സി.എം.ഐ.സഭ നടത്തുന്ന സമഭാവന ബോർഡിംഗ് ഹൗസിൽ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുന്നു. അങ്ങനെ അവർക്ക് ദേശീയോദ്ഗ്രഥനത്തിന്റെ പുതിയ ആകാശത്തിലൂടെ ഭാരതത്തെ കാണാൻ കഴിയുന്നു. ചാവറയച്ചൻ സംസ്കൃത സ്കൂളിൽ പിന്നാക്കക്കാരും ദളിതു വിഭാഗക്കാരുമായ കുട്ടികൾക്കു പ്രവേശനം നൽകിയതിന്റെ ഓർമ ഇവിടെ ഉണരുന്നുണ്ട്.

മഹാരാഷ്ട്രയിലെ ധൂളെ, ജൽഗാവ്, നന്തൂർബാർ ജില്ലകളിലായി വ്യാപിച്ചിരിക്കുന്ന ചാവറ റീജിയണും ദേശീയോദ്ഗ്രഥനത്തിനു വലിയ സംഭാവനകൾ നൽകുന്നുണ്ട്. മിഷൻ ആരംഭിക്കുമ്പോൾ ആദിവാസി ജനതയുടെ ഇടയിൽ സേവനം ചെയ്ത് അവരെ ക്രിസ്തുവിലേക്ക് അടുപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. പ്രാദേശിക ജനതയുമായുള്ള ചിന്താപരമായ അന്തരം, ഭാഷയുടെ ബുദ്ധിമുട്ട്, സാംസ്കാരിക വൈരുധ്യങ്ങൾ, തീക്ഷ്ണമായ മതബോധം, രാഷ്ട്രീയക്കാർ അധികാരം ലക്ഷ്യംവച്ച് സൃഷ്ടിക്കുന്ന

പ്രശ്നങ്ങൾ എന്നിവയെല്ലാം മിഷനറിമാർക്ക് പ്രതിബന്ധങ്ങളായി. പിന്നീട് ചാവറ മിഷൻ വിദ്യാഭ്യാസ രംഗത്ത് മുന്നേറിയപ്പോൾ എതിർപ്പുകൾ കുറഞ്ഞു. ഇപ്പോൾ ആശ്രമശാലകളിലൂടെയും സത്പുഡ പ്രോജക്ടിന്റെ ഭാഗമായ ഏകാധ്യാപക വിദ്യാലയങ്ങളിലൂടെയും ആദിവാസി ക്ഷേമരംഗത്തും വിദ്യാഭ്യാസ രംഗത്തും മിഷന്റെ പ്രവർത്തനം സജീവമാണ്.[5]

കേരളത്തിൽ പ്രിയോർ ജനറാളിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ചാവറ കൾച്ചറൾ സെന്റർ ദേശീയോദ്ഗ്രഥനത്തിനും സാംസ്കാരിക അനുരൂപണത്തിനും നൽകുന്ന സംഭാവനകൾ വലുതാണ്.

ഈ നിരയിൽ രേഖപ്പെടുത്തേണ്ട ഒരു പ്രധാന സ്ഥാപനമാണ് Centre for the study of World Religions (CSWR). 1971-ൽ ബാംഗ്ലൂർ 'ധർമ്മാരാമി'ലാണ് സെന്ററിന്റെ ആരംഭം. ഹിന്ദു, ഇസ്ലാം, ക്രിസ്ത്യൻ, സിക്ക്, പാർസി, ജെയ്ൻ തുടങ്ങിയ മതങ്ങളുടെ സംഗമഭൂമിയായ ഇന്ത്യയിൽ മതങ്ങളുടെ പഠനത്തിനു പ്രസക്തിയുണ്ടെന്ന കണ്ടെത്തലാണ് 'ധർമ്മാരാമി'ലെ പണ്ഡിതന്മാർ ഇപ്രകാരമൊരു സെന്ററിനു രൂപം കൊടുക്കാൻ കാരണം. ഈ സെന്ററിന്റെ പ്രവർത്തനങ്ങളിലൂടെ രണ്ടു സുപ്രധാനകാര്യങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുന്നു. ഭാരതത്തിൽ സജീവമായി നിലനില്ക്കുന്ന ഇതര മതങ്ങളെ കുറിച്ച് സമഗ്രമായ അറിവുനേടാനും അതുവഴി ആ മതങ്ങളിൽ നിലവിലിരിക്കുന്ന സത്യത്തിന്റെയും നന്മയുടെയും അംശങ്ങൾ കൂടുതലായി ഗ്രഹിക്കാനും കഴിയുന്നു. ക്രിസ്തുമതത്തെ കുറിച്ച് കൂടുതൽ അറിവു പകരുക വഴി സത്യത്തിന്റെ പ്രകാശം അതിന്റെ തികവിൽ ലഭിച്ചിട്ടില്ലാത്ത ഇതരമതസ്ഥരെ അക്കാര്യം ബോധ്യപ്പെടുത്താനും ക്രിസ്തുമതത്തിൽ ആഭിമുഖ്യമുള്ളവരാക്കാനും സാധിക്കുന്നു.

1829-ൽ സ്തബിലിനി മെത്രാൻ അവതരിപ്പിച്ചതും സ്ഥാപക പിതാക്കന്മാർ പിന്തുടർന്നതുമായ ധർമ്മക്കടലാസിൽ (ഉത്തരവ്) സൂചിപ്പിച്ചിരുന്ന നിർദേശങ്ങളിൽ ഉൾപ്പെട്ടിരുന്ന "രാജ്യത്തിന്റെയും ലോകം മുഴുവന്റെയും ഉന്നതിക്കായുള്ള സേവനങ്ങൾ" നടത്തുകയെന്ന നിർദേശത്തിന്റെ സാക്ഷാത്ക്കാരമാണ് ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങളിലൂടെ അരങ്ങേറുന്നത്.

മതങ്ങൾ തമ്മിൽ സമത്വത്തിൽ അധിഷ്ഠിതമായ സഹകരണം രാഷ്ട്രപുരോഗതിക്ക് അത്യാവശ്യമാണ്. ഇതരമതസ്ഥരുടെ വികാരങ്ങൾ വ്രണപ്പെടുത്താതിരിക്കുവാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. പ്രഥമ ആശ്രമം സ്ഥാപിക്കുന്നതിനു ആദ്യം കണ്ടെത്തിയ സ്ഥലം ചാവറയച്ചൻ ഉപേക്ഷിക്കുവാൻ കാരണം ഹൈന്ദവ

സഹോദരുടെ വികാരം വ്രണപ്പെടരുതെന്നു കരുതിയാണ്. ഇതു പോലുള്ള പ്രതിസന്ധികൾ ഉയർന്നു വരുന്നതായി കണ്ടപ്പോ ഴെല്ലാം സി.എം.ഐ. സഭാംഗങ്ങൾ പിന്തുടർന്നിട്ടുള്ളത് ചാവറ യച്ചന്റെ നിലപാടാണ്. എന്നാൽ സമൂഹത്തിൽ താഴെക്കിടക്കാ രാക്കി മാറ്റിനിർത്തപ്പെട്ടിരുന്നവർക്കു നന്മ ചെയ്യുന്ന കാര്യത്തിൽ ജാതി, മത സമ്മർദങ്ങളും ജന്മിതാത്പര്യങ്ങളും ചാവറയച്ചൻ പരി ഗണിച്ചിട്ടില്ല. ദേശീയോദ്ഗ്രഥനവും സാമൂഹികോദ്ഗ്രഥനവും ഒരു പോലെ വേണമെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികൾ അത് പിന്തുടർന്നു നടപ്പാക്കുന്നു.

ദൈവദാസൻ ഫാ. കനീസിയൂസ് തെക്കേക്കര പ്രിയോർ ജന റാളായിരുന്നപ്പോൾ വി.ചാവറയച്ചന്റെ സ്മരണയ്ക്കായി 1971-ൽ കൊച്ചിയിലെ ചാവറ കൾചറൽ സെന്റർ സ്ഥാപിച്ചു, ഇതിന്റെ ചുവടു പിടിച്ച് കോട്ടയത്ത് 'ദർശന', കോഴിക്കോട്ട് ചാവറ കൾച റൽ സെന്റർ, തൊടുപുഴയിൽ 'ഉപാസന', കോയമ്പത്തൂരിൽ 'ദിവ്യോദയ', സുരമംഗലത്ത് 'അരുൾചോലൈ' ചങ്ങനാശ്ശേരിയിൽ 'സർഗക്ഷേത്ര' പാലക്കാട്ട് 'സമഗ്ര', ആലുവയിൽ 'ജീവാസ്' എന്നിവ സ്ഥാപിതമായി. കാരിക്കാമുറി ആസ്ഥാനമായാണ് കൊച്ചി യിലെ ചാവറ കൾചറൽ സെന്റർ പ്രവർത്തിക്കുന്നത്. 2019 സെപ്റ്റം ബറിൽ ഈ സെന്ററിനു ഐക്യരാഷ്ട്ര സംഘടനയുടെ സ്പെ ഷൽ കൺസൾട്ടേറ്റീവ് പദവി ലഭിച്ചു. എക്കോസോക്ക് സാമ്പ ത്തിക സാമൂഹിക കൗൺസിലിന്റെ ഈ പദവി സാംസ്കാരിക രംഗത്തും മതാന്തര സൗഹൃദ രംഗത്തും നടത്തിയ മികച്ച സേവ നങ്ങൾ പരിഗണിച്ചാണ് നൽകിയത്.

ഇന്നത്തെ ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ മതാന്തര സംവാദങ്ങൾക്കും സർവമത സമ്മേളനങ്ങൾക്കും വലിയ പ്രസ ക്തിയുണ്ട്. 1971 ഓഗസ്റ്റ് എട്ടാംതീയതി ജ്ഞാനപീഠം ജേതാവായ മഹാകവി ജി.ശങ്കരക്കുറുപ്പാണ് സെന്റർ ഉദ്ഘാടനം ചെയ്തത്. സാമൂഹികവും മതപരവും സാംസ്കാരികവുമായ വികസനത്തിനു തുറന്ന വേദിയാവുക എന്നത് സെന്ററിന്റെ നിയമാവലിയിൽ എടു ത്തുപറഞ്ഞിട്ടുണ്ട്. ജസ്റ്റീസ് വർക്കി വിതയത്തിലാണ് നിയമാവ ലിക്കു പൂർണരൂപം നൽകിയത്. അതിനെ ആധാരമാക്കിയുള്ള പ്രവർത്തനങ്ങൾ ഇന്നും തുടരുന്നു. 1983-ൽ കേരളത്തിലെ മൂന്നാ മത്തെ മതാന്തര കോൺഫ്രൻസ് കൊച്ചി ചാവറ കൾചറൽ സെന്റ റിൽ നടന്നതു ശ്രദ്ധേയമായിരുന്നു. World Fellowship of Inter Religious Councils (WFIRC) രൂപവത്കരിക്കുന്നതിനു മുൻകൈ യെടുത്തതും ചാവറ കൾചറൽ സെന്ററാണ്. കല, സാഹിത്യം, സിനിമ, നാടകം, സംഗീതം, ഡോക്യുമെന്ററി തുടങ്ങിയവയുമായി

ബന്ധപ്പെട്ട ഉയർന്ന നിലവാരത്തിലുള്ള പരിപാടികൾക്കു ഈ സെന്റർ വേദിയാകുന്നു. ഈ പരിപാടികളിൽ പങ്കെടുത്ത പ്രമുഖ വ്യക്തികൾ അനേകമാണ്. ചാവറ ഇടയനാടക നാഷണൽ അവാർഡ്, സിനിമാരംഗത്ത് ചാവറ ഗുരുവന്ദൻ പുരസ്കാരം, ചാവറ യുവപ്രതിഭ പുരസ്കാരം എന്നീ അവാർഡുകളിലൂടെ അർഹരായവരെ ആദരിക്കുന്നു. മികച്ച പബ്ലിക് ലൈബ്രറിയിലൂടെ വായനാ ലോകത്തിലേക്കുള്ള വാതായനങ്ങൾ തുറന്നിടുന്നു. കല, സാഹിത്യം, സംസ്കാരം എന്നിവയ്ക്ക് ഊന്നൽ കൊടുക്കുന്ന സി.എം.ഐ. സഭയുടെ പൊതുമാസികയായ 'മൂല്യശ്രുതി' ചാവറ കൾചറൽ സെന്ററിൽ നിന്നാണ് പ്രസിദ്ധീകരിക്കുന്നത്.

കൊച്ചി സെന്ററിന്റെ പ്രവർത്തനങ്ങളോടു കിടപിടിക്കുന്നതാണ് മറ്റു സ്ഥലങ്ങളിലുള്ള സി.എം.ഐ. കൾചറൽ സെന്ററുകളും അവയുടെ പ്രവർത്തനങ്ങളും. കോട്ടയം ദർശന സാംസ്കാരിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നു പതിറ്റാണ്ടായി വിജയകരമായി നടക്കുന്നു.

തൊടുപുഴ 'ഉപാസന' യുടെ ഉദ്ഘാടനം 1985 ജനുവരി 26-നു കേരള ഗവർണർ പി. രാമചന്ദ്രൻ നിർവഹിച്ചു. 2017 മുതൽ നടന്നുവരുന്ന അഖിലകേരള ചാവറ ക്വിസ് മത്സരം ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. 'ഉപാസന' യുടെ പ്രവർത്തനങ്ങളുടെ നിര നീണ്ടതാണ്. കല, സാംസ്കാരം, സാഹിത്യം തുടങ്ങിയ രംഗങ്ങളിലും മതാന്തരസംവാദ മേഖലയിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു.

കോഴിക്കോട്ടെ ചാവറ കൾചറൽ സെന്റർ ഉദ്ഘാടനം ചെയ്തത് 1997 ജനുവരി മൂന്നിനു ചാവറയച്ചന്റെ ജന്മദിനത്തിലാണ്. പിൽക്കാലത്ത് കേന്ദ്രമന്ത്രിയായ അൽഫോൻസ് കണ്ണന്താനം ഐ.എ.എസ്. ആയിരുന്നു ഉദ്ഘാടകൻ. ചാവറ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, ചാവറ വിമൻസ് കൾചറൽ ഫോറം, അമല ഫാമിലി വെൽഫെയർ സെന്റർ തുടങ്ങിയവ പ്രവർത്തിക്കുന്നു. മതാന്തര സംവാദം, സാംസ്കാരിക വിനിമയ പരിപാടികൾ, ബോധവത്ക്കരണ സെമിനാറുകൾ, പുസ്തകപ്രകാശനം തുടങ്ങിയവ നടത്തുന്നു. യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വിവിധ പരിപാടികളിലും സ്ത്രീശാക്തീകരണത്തിലും ശ്രദ്ധിക്കുന്നു. വിവിധ കർമമേഖലകളിൽ പ്രതിഭകളായവരെ അവാർഡ് നൽകി ആദരിക്കുന്നു. പെർഫോമിംഗ് ആർട്ടിനെ പ്രോത്സാഹിപ്പിക്കുകയെന്നത് പ്രധാനലക്ഷ്യങ്ങളിൽ ഒന്നായതിനാൽ വിവിധ കലാവിരുന്നുകൾക്ക് വേദിയൊരുക്കുന്നു.

ചാവറയച്ചൻ 'നല്ല അപ്പന്റെ ചാവരുളിൽ' കുടുംബങ്ങളെ തിരു

കുടുംബങ്ങളാക്കി മാറ്റുന്നതിനുള്ള ഉദ്ബോധനങ്ങളാണു നൽകി യത്. ആ മാതൃക പിന്തുടർന്നു നല്ല കുടുംബങ്ങളെ സൃഷ്ടിക്കു വാനുള്ള ശ്രമങ്ങളുടെ ഒരു ഭാഗമാണ് കോഴിക്കോട്ടെ ചാവറ ഫാമിലി വെൽഫെയർ സെന്റർ, കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്റർ ചാവറ മാട്രിമോണിയൽ ഡോട്ട് കോം നടത്തുന്നു.

മതമൈത്രി താത്വിക തലത്തിൽ കൈകാര്യം ചെയ്യുന്നതിന പ്പുറം ലഹളബാധിത പ്രദേശങ്ങളിൽ ശാന്തിദൂതന്മാരായി രംഗ ത്തിറങ്ങുവാൻ സി.എം.ഐ. വൈദികർക്കു കഴിഞ്ഞിട്ടുണ്ട്. കോയ മ്പത്തൂരിൽ അത് വിവിധ സന്ദർഭങ്ങളിൽ ആവർത്തിക്കപ്പെട്ട അനു ഭവമായി. 1984-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടതിനെ തുടർന്നു ഡൽഹിയിൽ സിക്കുകാർ ആക്രമിക്കപ്പെട്ടതുപോലെ കോയമ്പത്തൂരും സിക്കുകാർക്കെതിരേ അതിക്രമങ്ങൾ ഉണ്ടായി. അന്ന് 'ദിവ്യോദയ' യുടെ ആഭിമുഖ്യത്തിൽ സി.എം.ഐ. വൈദി കർ ഗുരുദ്വാര സന്ദർശിച്ച് സിക്ക് സമൂഹത്തെ ആശ്വസിപ്പിച്ചു.

1992-ൽ ബാബ്റി മസ്ജിദ് തകർക്കപ്പെട്ട അവസരത്തിലും കോയമ്പത്തൂർ അശാന്തമായി. അന്നും ശാന്തിദൂതുമായി 'ദിവ്യോ ദയ' രംഗത്തെത്തി. 1989-ൽ ഹിന്ദുമുന്നണി പ്രവർത്തകൻ വീരഗ ണേശൻ കൊല്ലപ്പെട്ടപ്പോഴും കോയമ്പത്തൂർ നടുങ്ങി. ആഴ്ചക ളോളം കോയമ്പത്തൂരും സമീപപ്രദേശങ്ങളും സംഘർഷാവസ്ഥ യിലായിരുന്നു. വീരഗണേശനും സുഹൃത്തുക്കളും 'ദിവ്യോദയ' യുടെ അഭ്യുദയകാംക്ഷികളായിരുന്നു. കൊലപാതകം നടന്ന് അധികം വൈകാതെ 'ദിവ്യോദയ' സമാധാന സന്ദേശ പ്രവർത്ത നങ്ങളുമായി രംഗത്തിറങ്ങി. വീരഗണേശന്റെ വീട് സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്താനായതുപോലും നാലാംദിവസമാ യിരുന്നു. അത്രമാത്രം അപകടകരമായ അവസ്ഥയിലൂടെയായി രുന്നു കോയമ്പത്തൂർ കടന്നുപോയത്.

സംഘർഷാവസ്ഥ ഒതുങ്ങിയെങ്കിലും കോയമ്പത്തൂരിൽ വർഗീയ അസ്വസ്ഥതകൾ നിലനിന്നു. അത് അവസാനിപ്പിക്കുവാൻ 'ദിവ്യോദയ' മുൻകൈയെടുത്ത് 'സർവോദയ മണ്ഡലം', 'നെഹ്റു യുവക് കേന്ദ്ര' എന്നിവയുമായി ചേർന്നു നഗരത്തിൽ സമാധാന റാലി സംഘടിപ്പിച്ചു. എല്ലാ മതവിഭാഗക്കാരും മതാചാര്യന്മാരും സാംസ്കാരിക നായകന്മാരും പിന്തുണച്ചു.

കളക്ടർ രൂപവത്കരിച്ച സമാധാന കമ്മിറ്റിയിൽ 'ദിവ്യോ ദയ'യ്ക്ക് പ്രധാനറോൾ ഉണ്ടായിരുന്നു. കളക്ടർ എൻ.എച്ച്. റോഡ് പള്ളി പരിസരത്തു സംഘടിപ്പിച്ച സംയുക്ത ദീപാവലി ആഘോ ഷത്തിൽ മതമൈത്രിയുടെ മധുരമായി 'ദിവ്യോദയ' 7000 പായ്ക്കറ്റ് മധുരപലഹാരങ്ങൾ വിതരണം ചെയ്തു. പായ്ക്കറ്റിനു പുറത്ത്

'ദിവ്യോദയ' യുടെ ആപ്തവാക്യം പ്രിന്റ് ചെയ്തിരുന്നു: The bonds that unite us are stronger than the barriers that seperate us (നമ്മളെ വേർതിരിക്കുന്ന മതിലുകളേക്കാൾ ശക്തമാണ് നമ്മെ ഒന്നാക്കുന്ന ബന്ധത്തിന്റെ കണ്ണികൾ). ഈ സന്ദേശമാണ് സി. എം.ഐ. സഭ ദേശീയോദ്ഗ്രഥനത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഇതു യാഥാർഥ്യമാക്കുന്നതാണ് യഥാർഥ ദേശീയോദ്ഗ്രഥനം. "രാജ്യത്തിന്റെയും ലോകം മുഴുവന്റെയും ഉന്നതിക്കായുള്ള സേവനങ്ങൾ നടത്തുക" എന്നതിലൂടെ സ്ഥാപക പിതാക്കന്മാർ ലക്ഷ്യമിട്ടത് ഈ രീതിയിലുള്ള പ്രവർത്തനങ്ങളാണ്.

**സൂചിത രേഖകൾ**


1. എ. ശ്രീധരമേനോൻ, *സുകൃതംസ്മര,* പേജ് 40.
2. *C.M.I. 175 years 1831-2006,* page 192.
3. *C.M.I. 175 years 1831-2006,* page 219.
4. *C.M.I. 175 years 1831-2006,* page 219.
5. ജറോം ചെറുശ്ശേരി., മാണി പയസ്, *ആദ്യകിരണങ്ങൾ,* പേജ് 10.

## 15

# പുതിയ ആകാശങ്ങളും പുതിയ ഭൂമികളും

**ഫാ.** കെറുബിൻ സി.എം.ഐ. 1948 മുതൽ 1952 വരെ മലബാറിലെ കുടിയേറ്റ പ്രദേശമായ തരിയോട് ഇടവക വികാരിയായിരുന്നു. അടച്ചുറപ്പുള്ള ഒരു മുറിപോലുമില്ലാത്ത ഇടവകയായിരുന്നു അത്. ഉറങ്ങാനാവാത്ത രീതിയിലുള്ള കൊടും തണുപ്പും, കാട്ടുമൃഗങ്ങളുടെ ശല്യവും, ഭക്ഷണ ദൗർലഭ്യവും അദ്ദേഹത്തെ കഷ്ടപ്പെടുത്തി. മലമ്പനിരോഗം ഡെമോക്ലിസിന്റെ വാൾപോലെ ഭീതി പരത്തി നിലകൊണ്ടു. ഭക്ഷണം പ്രധാനമായും കപ്പയും കട്ടൻ കാപ്പിയും. ഉച്ചയ്ക്ക് അല്പം ചോറ് ലഭിച്ചെങ്കിലായി. കറി മിക്കവാറും വെറും മുളകായിരിക്കും. മുളക് ഉപ്പിൽ മുക്കി ചോറിന്റെ കൂടെ കഴിക്കും. അയൽവാസികൾ ചിലർ ചിലപ്പോൾ ഭക്ഷണം എത്തിച്ചിരുന്നു. പിന്നീട് ഈ ഔദാര്യം അദ്ദേഹം നിരസിച്ചു. പാവപ്പെട്ട മനുഷ്യരുടെ ഭക്ഷണപാത്രത്തിൽ നിന്ന് എത്രനാൾ ഉണ്ണും.

വിശ്വാസികളെ തേടിയുള്ള അച്ചന്റെ യാത്ര ഏറെ ദുർഘടങ്ങളിലൂടെയായിരുന്നു. ഒരിക്കൽ നടന്നുവരുമ്പോൾ അദ്ദേഹം ഒരു ചെളിക്കുണ്ടിൽ മറിഞ്ഞുവീണു. ചതുപ്പുനിലത്തിലൂടെയുള്ള നടപ്പാതയായിരുന്നു. ചെളിയിൽ നിന്നു പുറത്തുവരാൻ ശ്രമിക്കുന്തോറും കൂടുതലായി ചെളിയിൽ പുതഞ്ഞുകൊണ്ടിരുന്നു. കറുത്ത ളോഹയിൽ ചെളി പുരളുമ്പോൾ കനംകൂടിയതിനാൽ രക്ഷപ്പെടാനാവാതെ മണിക്കൂറുകൾ ആ ചെളിയിൽ പുതഞ്ഞുകിടക്കേണ്ടിവന്നു. പൊഴുതനയിൽ നിന്നും തരിയോടിനു വന്ന യാത്രക്കാരുടെ ഒരു സംഘമാണ് അച്ചനെ കണ്ടെത്തിയത്. അവർ ചെളിയിൽ നിന്നു വലിച്ചു കരയ്ക്കു കയറ്റി. അപ്പോഴും നർമം നിറഞ്ഞ ചിരിയോടെ മുഖത്തെയും വായിലെയും ചെളി വടിച്ചുമാറ്റുകയാണ് അദ്ദേഹം ചെയ്തത്. ചെളി നിറഞ്ഞ ളോഹ മാറ്റി ആരോ നൽകിയ കൈലിയും ബനിയനും ധരിച്ചു. ചെളിയിൽ ഏറെ നേരം കിടന്ന

തിനാൽ അദ്ദേഹം വിറയ്ക്കുന്നുണ്ടായിരുന്നു. തോർത്തുകൊണ്ട് പുതച്ചിട്ടൊന്നും വിറ മാറിയില്ല. അവരോടൊപ്പം ഒരുവിധം പള്ളിയിലെത്തി. മണിക്കൂറുകളോളം ചെളിയിൽ പുതഞ്ഞുകിടന്നതിനാൽ അദ്ദേഹം രോഗിയായി. ആ രോഗം മരണംവരെ വിട്ടുപോയില്ല.[1]

വയനാട്ടിൽ മാനന്തവാടിക്കടുത്തുള്ള ഒരു സ്ഥലമാണ് കെല്ലൂർ. 1963 – ൽ ഇവിടുത്തെ ഇടവക വികാരിയായിരുന്നു ഫാ. സർഗീസ് സി.എം.ഐ. കുടിയേറ്റക്കാരുടെ വീടുകൾ സന്ദർശിച്ച് ആത്മീയോപദേശങ്ങൾ  നൽകുക അച്ചന്റെ പതിവായിരുന്നു. ഒരു ദിവസം കണിയാമ്പാറയ്ക്കടുത്തുള്ള അരിഞ്ചേർ മലകളിൽ താമസിക്കുന്ന കുടിയേറ്റക്കാരെ കാണാൻ പോയി. നടക്കുന്നതിനിടയിൽ നട്ടുച്ചയായപ്പോൾ വഴിയിരികിലെ ഒരു ചോലമരത്തണലിൽ വിശ്രമിച്ചു. ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയി. ആ സമയം ആ മരത്തിലുണ്ടായിരുന്ന വേട്ടാളൻ കൂട്ടം അദ്ദേഹത്തെ ആക്രമിച്ചു. പ്രാണരക്ഷാർത്ഥം അച്ചൻ ഓടി. വേട്ടാളക്കൂട്ടം പിന്നാലെ പറന്നുകുത്തി. ഓടിയും കുത്തേറ്റും തളർന്ന അദ്ദേഹം ബോധമറ്റു വഴിയിൽ വീണു. അതുകണ്ട ഒരാൾ മറ്റാളുകളെ വിളിച്ചുകൂട്ടി അച്ചനെ രക്ഷിച്ചു. തുടർന്ന് പനമരത്തെ ഒരു ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. രണ്ടരമണിക്കൂർ കഴിഞ്ഞാണ് അച്ചനു ബോധം വീണത്.[2] മലബാറിൽ സി.എം.ഐ. വൈദികർ നടത്തിയ അജപാലന സേവനത്തിനിടയിൽ അനുഭവിച്ച കഷ്ടപ്പാടുകൾ ഇതുപോലെ അനവധിയാണ്.

മലബാറിനു മുമ്പ് തെക്കൻ തിരുവിതാംകൂറിലെ നാടാർ സമുദായത്തിനിടയിൽ സുവിശേഷപ്രവർത്തനം നടത്തിയ അനുഭവ പാരമ്പര്യം സി.എം.ഐ. സഭയ്ക്കുണ്ട്. കത്തോലിക്കാസഭയിൽ നിന്ന് വിഭജിച്ചു പോയ യാക്കോബായക്കാരെയും മറ്റും പുനരൈക്യപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ട പാരമ്പര്യവുമുണ്ട്. “കർമ്മലീത്താ വൈദികരുടെയും ചങ്ങനാശ്ശേരി അതിരൂപതയുടെയും തെക്കൻ മിഷൻ പ്രവർത്തനത്തെ” പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ സഭയുടെ ഔദ്യോഗിക ചരിത്രഗ്രന്ഥത്തിൽ സ്മരിക്കുന്നുണ്ട് (ജോൺ പെല്ലിശ്ശേരി, മലങ്കര കത്തോലിക്കാസഭ, പേജ് 94). സി.എം.ഐ. സഭാംഗമായ ഫാ. മത്തായി മറിയംപാ ലാക്കുന്നേൽ സഹ വൈദികരോടൊപ്പം കൊല്ലം, കോട്ടാർ, പന്തളം, കൊട്ടാരക്കര, ചെങ്ങന്നൂർ, അടൂർ, പുതുപ്പള്ളി എന്നിവിടങ്ങളിൽ പുനരൈക്യത്തിനായി പ്രവർത്തിച്ചു. ചെത്തിപ്പുഴ സെമിനാരി കേന്ദ്രീകരിച്ച് ഫാ. സ്റ്റീഫൻ തയ്യിൽ, ഫാ. ഹയാസിന്ത് കുന്നുങ്കൽ, ഫാ. ഗ്രിഗറി നീരാക്കൽ, ഫാ. ഇഗ്നേഷ്യസ് പുത്തൻപുരയ്ക്കൽ എന്നിവർ പ്രവർത്തിച്ചു. മാർ ഇവാനിയോസ്, മാർ

തെയോഫിലോസ് എന്നിവരുടെ പുനരൈക്യത്തിനും സീറോ മലങ്കര സഭയുടെ ഉദയത്തിനും സി.എം.ഐ. സഭാംഗമായ ഫാ. പ്ലാസിഡ് ജെ. പൊടിപാറ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. മലബാറിൽ കുടിയേറ്റക്കാരായ സുറിയാനി ക്രിസ്ത്യാനികളുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി സി.എം.ഐ. സഭാംഗങ്ങൾ നടത്തിയ അത്യധ്വാനം തികച്ചും വ്യത്യസ്തമായ അനുഭവങ്ങളാണ് ചരിത്രത്തിൽ എഴുതിച്ചേർത്തത്.

സി.എം.ഐ. സഭാംഗങ്ങൾ കന്യാകുമാരി മേഖലയിലും മിഷൻ പ്രവർത്തനം നടത്തുകയുണ്ടായി. 1955 ഏപ്രിൽ 29-നു പന്ത്രണ്ടാം പീയുസ് മാർപാപ്പ ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കന്യാകുമാരിയിലേക്കു നീട്ടിയതിനെ തുടർന്നാണ് ഈ അവസരം കൈവന്നത്. അവരുടെ പ്രവർത്തനങ്ങൾ തക്കല രൂപതയ്ക്ക് അടിത്തറ പാകുന്നതിൽ പ്രധാനപങ്കു വഹിച്ചു. കത്തോലിക്കാ സഭയിൽ സന്ന്യാസ സമൂഹങ്ങൾക്കുണ്ടാവുന്ന വളർച്ചയെക്കുറിച്ച് മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രഗ്രന്ഥത്തിൽ ആരാധനാഭാവത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. “കത്തോലിക്കാസഭയിൽ മാത്രമല്ല, ചില അകത്തോലിക്കാസഭകളിലും ഏതാദൃശമായ സന്ന്യാസ സമൂഹങ്ങൾ ഉണ്ടെങ്കിലും അവയുടെ സംഖ്യ വിരളവും, പ്രവർത്തനം പരിമിതവും, അഭിവൃദ്ധി നിസാരവുമത്രെ. സന്ന്യാസവൃക്ഷം തഴച്ചുവളരുന്നതിനു ഉപയുക്തമായ ‘വളക്കൂറുള്ള മണ്ണ്’ കത്തോലിക്കാ സഭയെപോലെ ഇതര സഭകളിൽ ഇല്ലെന്നുള്ളതത്രെ അതിനുള്ള പ്രധാന കാരണം” (പേജ് 242).

ജോൺപോൾ രണ്ടാമൻ മാർപാപ്പ 1990-ൽ പ്രകാശിപ്പിച്ച ‘രക്ഷകന്റെ മിഷൻ’ എന്ന ചാക്രിക ലേഖനത്തിൽ സഭയുടെ സുവിശേഷവത്ക്കരണം ലക്ഷ്യം വയ്ക്കേണ്ട മൂന്നു വിഭാഗങ്ങളെ കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഒന്നാമത്തേത്, യേശുവിനെ അറിയാത്ത ജനപഥങ്ങൾക്കിടയിൽ നടത്തുന്ന സുവിശേഷ പ്രഘോഷണം. രണ്ടാമത്തേത്, യേശുവിനെ നാഥനും രക്ഷകനുമായി സ്വീകരിച്ചിട്ടുള്ള വിശ്വാസികളുടെ ഇടയിൽ നടത്തുന്ന അജപാലനം. മൂന്നാമത്തേത്, ക്രൈസ്തവ വിശ്വാസം ക്ഷയിച്ചവരോ നഷ്ടപ്പെട്ടവരോ ആയ ആളുകളെ വിശ്വാസത്തിലേക്കും ധാർമ്മിക ജീവിതപന്ഥാവിലേക്കും തിരിച്ചുകൊണ്ടുവരുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ. ഇതിനെ നവസുവിശേഷവത്ക്കരണം എന്നാണ് വിളിക്കുന്നത്.[3] ഈ സമീപനമനുസരിച്ചു നോക്കിയാൽ സി.എം.ഐ. സഭാംഗങ്ങൾ മലബാറിലെ കുടിയേറ്റക്കാരുടെ ഇടയിൽ നടത്തിയത് അജപാലനമാണ്. എന്നാൽ അത് ക്രിസ്തുവിനെ അറിയാത്ത ജനപഥങ്ങളുടെയിടയിൽ, തീർത്തും അപരിചിതമായ സ്ഥലത്തു നട

ത്തുന്ന മിഷനറി പ്രവർത്തനംപോലെ അപകടകരമായിരുന്നു.

മലബാറിലെ കുടിയേറ്റ മേഖലയിലെ പ്രവർത്തനങ്ങൾ പൂർണ മായ അർത്ഥത്തിലുള്ള മിഷൻ പ്രവർത്തനമായാണ് സി.എം.ഐ. സഭ കണ്ടത്. 1934 ഓഗസ്റ്റ് എട്ടാംതീയതി തേവര തിരുഹൃദയാശ്ര മത്തിൽ ചേർന്ന പൊതുസംഘത്തിന്റെ നിശ്ചയങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: "സന്ന്യാസമുറ വിട്ട് മിഷ്യൻ വേല കൾക്കായി അന്യസ്ഥലങ്ങളിലുള്ള താമസം ന. സഹോദരർക്ക് ഒരു പുതിയ പ്രസ്ഥാനമാകയാലും, സന്യാസാവൃതികൊണ്ടും, കൂട്ട ജീവിതംകൊണ്ടും ശ്രേഷ്ഠന്റെ അന്വേഷണവും ആശ്രമങ്ങളിൽ പുണ്യജീവിതത്തിനു ലഭിക്കാവുന്ന സൗകര്യങ്ങളും സഹായ ങ്ങളും മിഷ്യൻ സ്ഥലങ്ങളിൽ കുറവാകയാലും കർമ്മജീവിത ത്തിന്റെ പ്രവൃത്തികൾ നിമിത്തം പുണ്യാരൂപി കുറഞ്ഞുപോകു ന്നതിനു എളുപ്പമുള്ളതിനാലും ന. സഹോദരന്മാരെ പുതിയ ജീവി തത്തിനു അയയ്ക്കുന്ന ഈ അവസരത്തിൽ പ്രസ്തുത ദോഷ ങ്ങൾക്കു പ്രതിവിധികൾ നിശ്ചയിക്കേണ്ടത് ആവശ്യമാകുന്നു. ആകയാൽ ന. ആശ്രമങ്ങളുടെ ആവൃതിക്കു പുറമെ മിഷ്യൻ മന്ദി രങ്ങളിൽ താമസിക്കുന്ന ന. സഹോദരന്മാർ രണ്ടുനേരത്തെ ധ്യാ നം, രണ്ടു നേരത്തെ ആത്മശോധന, കാനോന നമസ്കാരം, അര മണിക്കൂർ നേരത്തെ ജ്ഞാനവായന, വി.കുർബാനയുടെ വിസീ ത്ത, കൊന്തനമസ്കാരം എന്നീ ആറു സംഗതികൾ ക്രമമായി ചെയ്യുന്നുണ്ടോയെന്നു മാസന്തോറും മിഷൻ ശ്രേഷ്ഠന്മാരും ഉപ ശ്രേഷ്ഠന്മാരും ന. പെ. ബ. പ്രിയോർ ജനറാളച്ചനു റിപ്പോർട്ട് ചെ യ്യേണ്ടതാണ്."[4]

മിഷനറിമാരുടെ ജീവിതവിശുദ്ധിയെ കുറിച്ചുള്ള പരിഗണന യാണു ഇവിടെ പ്രകടമാവുന്നത്. എന്നാൽ ആയുസ് തന്നെ അപ കടത്തിലാവുന്ന സാഹചര്യങ്ങളാണ് മലബാറിലെ വിഭിന്നങ്ങളായ മിഷൻ മേഖലകളിൽ അവരെ കാത്തിരുന്നത്. ഭക്ഷണദൗർലഭ്യം, താമസിക്കാൻ അടച്ചുറപ്പുള്ള സ്ഥലമില്ലായ്മ, മലമ്പനിപോലുള്ള രോഗങ്ങൾ, വന്യമൃഗങ്ങളുടെ ഭീഷണി, ദുർഘടം പിടിച്ച വഴികൾ, ചികിത്സാ സൗകര്യങ്ങളുടെ അഭാവം എന്നിവ നിസാരമായി തള്ളാ വുന്ന കാര്യങ്ങളായിരുന്നില്ല. പരിഷ്കൃത സമൂഹത്തിലെ മനു ഷ്യനു മിനിമം ആവശ്യമായ ജീവിതസാഹചര്യങ്ങൾ ഒന്നുമില്ലാത്ത ദുരവസ്ഥ. ഇവ മറികടന്നുവേണം അജപാലനശുശ്രൂഷ നിർവഹി ക്കാൻ.

കൂടരഞ്ഞി പ്രദേശത്ത് 1952 ജൂണിൽ ഒരു വലിയ കൊടുങ്കാറ്റ് ഉണ്ടായി. വികാരിയച്ചൻ പള്ളിക്കകത്തേക്ക് ഓടി വിശുദ്ധ കുർബാന സൂക്ഷിച്ചിരുന്ന സക്രാരിയുമെടുത്ത് പുറത്തേക്ക്

പാഞ്ഞതിനു പിന്നാലെ പള്ളി നിലംപതിച്ചു. കാറ്റും മഴയും പേടിച്ച് പള്ളിയിൽ അഭയം തേടിയിരുന്ന ഒരു പെൺകുട്ടി തത്ക്ഷണം മരിച്ചു. ഇതുപോലുള്ള അപകടങ്ങൾ എപ്പോഴും സംഭവിക്കാമെന്ന സ്ഥിതിയായിരുന്നു.

കുടിയേറ്റ മേഖലയിൽ അനുഭവപ്പെട്ടിരുന്ന അതികഠിനമായ ദാരിദ്ര്യത്തിന്റെ ഒരു മുഖം ഇതാ: "മിക്കവരും ഇഞ്ചിക്കൃഷിയാണു ചെയ്തത്. വിളവെടുത്തപ്പോൾ മുടക്കുമുതലിന്റെ നാലിലൊന്നുപോലും ലഭിച്ചില്ല. മറ്റുകൃഷികൾ കാട്ടുമൃഗങ്ങളും നശിപ്പിച്ചു. ആഹാരത്തിനു ഒന്നുമില്ലാതായപ്പോൾ ഇല്ലിയുടെ ചുവട്ടിൽ പുതുതായി പൊട്ടിവരുന്ന മുള പറിച്ചെടുത്ത് വേവിച്ചുതിന്നവരുണ്ട്."[5]

സ്വപ്നങ്ങൾ പാടേ തകർന്നു ജീവിതം അസ്തമിച്ചുപോയ മനുഷ്യർ അനേകമായിരുന്നു. അവരിൽ ഒരു ഹതഭാഗ്യന്റെ അനുഭവം: "കൂടത്തായ് പുഴയുടെ തീരത്തു താമസമാക്കിയിരുന്ന കരുണാശ്ശേരിൽ തോമസിനും ഷെയറുകാർക്കും പനി തുടങ്ങിയപ്പോൾ തോമസും രണ്ടു ഷെയറുകാരും നാട്ടിലേക്കു പോയി. നാലാമൻ പോയില്ല. അയാൾക്കു നാട്ടിൽ യാതൊന്നും അവശേഷിച്ചിട്ടില്ലാതിരുന്നതുകൊണ്ട് പോയിട്ട് കാര്യമില്ലായിരുന്നു. കഠിനമായ മലമ്പനി ആ കുടുംബത്തെ ബാധിച്ചു. മരുന്നു വാങ്ങാൻ പണമില്ല, അടുത്തെങ്ങും ആൾതാമസവുമില്ല. ഒന്നുമിണ്ടാൻപോലും ആളില്ലായിരുന്നു. അയാളുടെ ഭാര്യയും മൂന്നുമക്കളും പനിമൂലം മരിച്ചു. അവരെ പുഴവക്കത്തുതന്നെ അയാൾ സംസ്കരിച്ചു. ശേഷിച്ച ഏക മകന്റെ കൈയിൽ പിടിച്ചുകൊണ്ട് നടന്നു തോട്ടത്തിലെത്തി പള്ളിത്താഴെ ചാണ്ടിയെ കണ്ടു. മകന്റെ മുഖത്തു നോക്കികൊണ്ട് അയാൾ ചാണ്ടിയോട് പറഞ്ഞു, 'ഇതൂടെ ഒന്നു ചത്തുകിട്ടിയിരുന്നെങ്കിൽ കയ്യും വീശി എനിക്ക് എങ്ങോട്ടെങ്കിലും പോകാമായിരുന്നു. ഇനി ഇവിടെ നിന്നിട്ട് കാര്യമില്ല. എന്റെ സ്ഥലം വാങ്ങണം.' സഹതാപം തോന്നിയ ചാണ്ടി അയാൾക്കുണ്ടായിരുന്ന 13.5 ഏക്കർ സ്ഥലം വാങ്ങി. അതോടെ അയാളും മകനും എങ്ങോട്ടോ പോകുകയും ചെയ്തു."[6]

മംഗലാപുരത്ത് ആശുപത്രി നടത്തിയിരുന്ന ഡോ. മാത്യു 1923 -ൽ മലബാറിലെ കോളയാടെന്ന സ്ഥലത്ത് ഒരു റബർതോട്ടം വാങ്ങി. തോട്ടത്തിലെ ജോലിക്കായി മംഗലാപുരത്തു നിന്നു ഏതാനും കത്തോലിക്കരെ കൊണ്ടുവന്നു പാർപ്പിച്ചു. ഇവരുടെ ആത്മീയ കാര്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി മംഗലാപുരം സ്വദേശിയായ ഫാ. പോൾ ഫെർണാണ്ടസ് മിഷൻ പ്രവർത്തനം ആരംഭിച്ചു. അദ്ദേഹം 30 കുറിച്യ ആദിവാസി കുടുംബങ്ങളെ ക്രിസ്തുമതത്തിലേക്ക് പരിവർത്തിപ്പിച്ചു. ഇവരുടെ കുട്ടികൾക്കു

വിദ്യാഭ്യാസം കൊടുക്കുവാൻ ഒരു കുടിപ്പള്ളിക്കൂടവും തുടങ്ങി. ഇതിനു പിന്നാലെ 1927 മുതൽ കുറ്റ്യാടി, പേരാമ്പ്ര, കോളയാട്, പേരാവൂർ, താമരശ്ശേരി, തിരുവമ്പാടി എന്നിവിടങ്ങളിൽ കുടിയേറ്റം തുടങ്ങി. ആളുകൾ ഒറ്റയ്ക്കും ചെറിയ കൂട്ടമായും മലബാറിലേക്കു കുടിയേറി. 1935 മുതൽ കുടിയേറ്റം ശക്തിപ്രാപിച്ചു. 1948 കാലമായപ്പോഴേക്കും 17 കേന്ദ്രങ്ങളിൽ ധ്യാനം നടത്താൻ പറ്റുന്ന രീതിയിൽ മലബാറിലെ കുടിയേറ്റക്കാരായ സുറിയാനി കത്തോലിക്കരുടെ സംഖ്യ വർധിച്ചു.

ഫാ.ബർണർദിനോസ് സി.എം.ഐ. 1948 ഫെബ്രുവരിയിൽ കോളയാട്, കണ്ണൂർ, തലശ്ശേരി, മാനന്തവാടി, ചാലിൽ, വൈത്തിരി, ബത്തേരി, ഒറ്റപ്പാലം, ഷൊർണൂർ, കോഴിക്കോട്, കല്ലായി തുടങ്ങിയ 17 കേന്ദ്രങ്ങളിലാണു ധ്യാനം നടത്തിയത്. താമസിയാതെ ഈ സുറിയാനി കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കാൻ 16 വൈദികരെ വിട്ടുതരണമെന്നു കോഴിക്കോട് മെത്രാൻ പത്രോണി സി.എം.ഐ. സഭയുടെ പ്രിയോർ ജനറാളിനോട് അഭ്യർത്ഥിച്ചു. കടലുണ്ടി ആശ്രമത്തിനു കീഴിൽ മലബാറിൽ അന്നു സേവനം ചെയ്തിരുന്ന സി.എം.ഐ. വൈദികർക്കു പുറമെ അഞ്ചു പേരെ പുതുതായി നിയോഗിച്ചു. അങ്ങനെ റെയ്മണ്ടച്ചൻ, പീറ്ററച്ചൻ, ബർണർഡിനച്ചൻ, ഫാബിയൂസച്ചൻ, അത്തനേഷ്യസച്ചൻ എന്നിവർ മലബാറിലെത്തി. അത്തനേഷ്യസച്ചൻ തിരുവമ്പാടിയിലും റെയ്മണ്ടച്ചൻ കൂടത്തായിയിലും പീറ്ററച്ചൻ കണ്ണോത്തും ബർണർഡിനച്ചൻ കൂടരഞ്ഞിയിലും ഫാബിയൂസച്ചൻ കോടഞ്ചേരിയിലും 1949 ഓഗസ്റ്റ് 15-നു ചാർജെടുത്തതോടെ സി.എം.ഐ. സഭയുടെ മലബാർ മിഷൻ പ്രവർത്തനങ്ങളിൽ പുതിയ അധ്യായത്തിനു തുടക്കമായി.

ഈ പ്രദേശങ്ങളിലെല്ലാം തന്നെ നാലുവശവും തുറന്നുകിടന്നിരുന്ന ഷെഡുകളാണ് പള്ളികളായിട്ട് ഉണ്ടായിരുന്നത്. തിരുവമ്പാടിയിലും കൂടത്തായിയിലും മാത്രമാണ് വൈദികർക്കു താമസത്തിനായി ഓടിട്ട ചെറിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നത്. വിദ്യാഭ്യാസ സ്ഥാപനം എന്ന പറയാൻ തിരുവമ്പാടിയിൽ മാത്രം ഒരു എൽ.പി.സ്കൂൾ ഉണ്ടായിരുന്നു. ഇല്ലായ്മയുടെ ഈ അഗാധഗർത്തത്തിൽ നിന്നാണ് നാല്പതോളം സി.എം.ഐ. വൈദികർ മലബാർ പ്രദേശത്തെ കുടിയേറ്റ സമൂഹത്തെയും കത്തോലിക്കാസഭയെയും വളർത്തിയെടുത്തത്. അനേകായിരം കുടിയേറ്റ കർഷകർ അധ്വാനവും പണവും വിശ്വാസചൈതന്യവും പകർന്ന് ഇവരോട് അണിചേർന്നു. മലബാറിലും മറ്റു സമുദായങ്ങളിൽ പെട്ടവർക്ക് ക്രിസ്തുവിനെ പകർന്നു കൊടുക്കാനുള്ള ശ്രമങ്ങൾ നട

ന്നിരുന്നു.[8]

മലബാറിലെ കുടിയേറ്റക്കാരെ പിൻചെന്നു ആത്മീയവും ഭൗതികവുമായ സേവനം നൽകിയതുപോലെ സി.എം.ഐ. സന്ന്യാസ വൈദികർ കേരളത്തിലെ ഹൈറേഞ്ചുകളിൽ കുടിയേറിയ സുറിയാനി കത്തോലിക്കർക്കും പിന്തുണയും ആത്മീയ ശുശ്രൂഷയും നേതൃത്വവും നൽകി. മലനാട് കുടിയേറ്റം എന്നറിയപ്പെടുന്ന ഈ കുടിയേറ്റത്തിനു സർക്കാർ പിന്തുണയുണ്ടായിരുന്നു. 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം ഭക്ഷ്യവസ്തുക്കൾക്കുള്ള ദൗർലഭ്യം പരിഹരിക്കുക, തമിഴ്വംശജരുടെ കുടിയേറ്റത്തിലൂടെ ഹൈറേഞ്ച് പ്രദേശങ്ങൾ തമിഴ്ഭൂരിപക്ഷ മേഖലയാകുന്നതിനു തടയിടുക എന്നീ ലക്ഷ്യങ്ങളായിരുന്നു സർക്കാരിനുണ്ടായിരുന്നത്. ദേവികുളം, പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിലേക്കാണ് സുറിയാനി കത്തോലിക്കർ കുടിയേറിയത്. കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചെങ്കിലും റോഡ്, സ്കൂൾ, യാത്രാ സൗകര്യങ്ങൾ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സർക്കാർ ശ്രദ്ധിച്ചില്ല. അതിനാൽ മലനാട്ടിലെ കുടിയേറ്റക്കാരുടെ ജീവിതം ദുരിതപൂർണമായിരുന്നു. ഈ ദുരിതങ്ങളിൽ പങ്കുപറ്റി യേശുവിനെ പ്രദാനം ചെയ്യാനാണ് സി.എം.ഐ. വൈദികർ അവിടേക്കു കടന്നു ചെന്നത്. അവരുടെ സേവനത്തിന്റെ ബാക്കി പത്രമായാണ് കാഞ്ഞിരപ്പള്ളി, ഇടുക്കി രൂപതകൾ രൂപം കൊണ്ടത്.

മലനാടിന്റെ മിഷനറി എന്നറിയപ്പെട്ടിരുന്ന ഫാ. സേവ്യർ പുൽപ്പറമ്പിൽ സി.എം.ഐ. യെപ്പറ്റി ബിഷപ്പ് മാർ മാത്യു കാവുകാട്ട് പറഞ്ഞ, "സേവ്യറച്ചൻ കയറാത്ത ഒരു കുന്നുമില്ല, അദ്ദേഹം വീഴാത്ത ഒരു കുഴിയുമില്ല" എന്ന വാചകം മലനാട്ടിൽ സേവനം ചെയ്ത മുഴുവൻ സി.എം.ഐ. വൈദികർക്കുമുള്ള അഭിനന്ദനവചനമാണ്. വൈദിക മേലധ്യക്ഷന്മാരുടെ അനുഗ്രഹാശിസുകളോടെയാണ് അദ്ദേഹം മലയോര മേഖലയിൽ സേവനത്തിനു ഇറങ്ങിത്തിരിച്ചത്. പ്രശസ്ത ധ്യാനഗുരുവും ഗ്രന്ഥകാരനുമായിരുന്ന അദ്ദേഹം അക്ഷരങ്ങളിലെ അനുഭവങ്ങളിൽ നിന്ന് മണ്ണിലെ അനുഭവങ്ങളിലേക്ക് തന്നെ പറിച്ചുനടുകയായിരുന്നു. മലനാടിനു പുറമെ കോയമ്പത്തൂരിലും സി.എം.ഐ. സഭ മിഷനറി പ്രവർത്തനം നടത്തിയിട്ടുണ്ട്. ഈ മിഷൻ പ്രവർത്തന പരിചയങ്ങളുടെ പിൻബലത്തിലാണ് ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മിഷനുകൾ ആരംഭിക്കാനും വളർത്തിയെടുക്കാനും സി.എം.ഐ. സഭയ്ക്കു സാധിച്ചത്. ശ്രദ്ധേയമായ കാര്യം 1938-ൽ രണ്ടു സി.എം.ഐ. സഭാംഗങ്ങളെ മിഷണറിമാരായി പേർഷ്യയിലേക്ക് അയയ്ക്കാൻ തീരുമാനിച്ചു എന്നതാണ്. 1938 ഒക്ടോബർ 21-ാം തീയതി തേവര

തിരുഹൃദയ ആശ്രമത്തിൽ ചേർന്ന അസാധാരണ പൊതുശ്രേഷ്ഠ സംഘമാണ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടത്.

"3-ാം യോ.ല. 5 പേർഷ്യായിൽ തല്ക്കാലം അംബാഡൻ എന്ന പട്ടണം ആസ്ഥാനമാക്കികൊണ്ട് പേർഷ്യൻ ഉൾക്കടലിന്റെ ഇരു പാർശ്വങ്ങൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന വിശ്വാസികളുടെ ആത്മീയപരിപാലനം നടത്തുകയും, സാഹചര്യാനുസരണം അവിടെ മിഷ്യൻവേലകൾ ചെയ്യുവാൻ നമ്മുടെ സഭാംഗങ്ങളായ രണ്ട് അച്ചന്മാരെ അയച്ചുകൊടുക്കണമെന്നു കിഴക്കൻ റീത്തുകളുടെ തിരുസംഘം ആഗ്രഹിക്കുന്നതായും മറ്റും ഇൻഡ്യായുടെ അ.ഉ.ദലഗാദപ്പസ്തോലിക്കായുടെ 1938 സെപ്റ്റംബർ 30 -ലെ 9982-ാം നമ്പറും 1938 ഒക്ടോബർ 10-ലെ 10012-ാം നമ്പറും എഴുത്തുകൾ വഴിയായി അറിയിച്ചതിനെപ്പറ്റി ആലോചിച്ചതിൽ തിരുസംഘത്തിന്റെ ആഗ്രഹമനുസരിച്ച് പ്രസ്തുത ജോലികൾ നിർവഹിപ്പാൻ നമ്മുടെ രണ്ടച്ചന്മാരെ അയയ്ക്കണമെന്ന് നിശ്ചയിച്ചു."[9] മലബാറിലെ കുടിയേറ്റ മേഖലയിൽ മിഷൻ പ്രവർത്തനം നടത്താൻ സി.എം.ഐ. വൈദികരെ നിയോഗിക്കുന്നതിനു വർഷങ്ങൾക്കുമുമ്പ് സഭ വിദേശ മിഷൻ പ്രവർത്തനത്തെപ്പറ്റി ചിന്തിച്ചു എന്നാണു ഇതു വ്യക്തമാക്കുന്നത്!

ഉത്തരേന്ത്യയിലെ മിഷൻ പ്രവർത്തനങ്ങളുടെ ആദ്യാനുഭവം സി.എം.ഐ. സഭാംഗങ്ങൾക്കു ലഭിച്ചത് റെയ്ഗർ-അംബികപൂർ രൂപത കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിൽ നിന്നാണ്. അവിടുത്തെ ബിഷപ്പ് ആയിരുന്ന ബെൽജിയം സ്വദേശിയായ ഓസ്കാർ സെവറിൻ എസ്.ജെ പ്രത്യേകം ക്ഷണിക്കുകയായിരുന്നു. 1953-ൽ കേരളം സന്ദർശിച്ച അവസരത്തിൽ പ്രിയോർ ജനറാൾ മാവുരൂസച്ചനെ സന്ദർശിച്ച് സി.എം.ഐ. വൈദികരെ സേവനത്തിനായി അയച്ചുതരണമെന്ന് ആവശ്യപ്പെടുകയായിരുന്നു. അങ്ങനെ 1955-ൽ മൂന്നു സി.എം.ഐ. വൈദികർ റെയ്ഗർ-അംബികപൂരിലെത്തി. ആ ആദിവാസി മേഖല തീർത്തും അവികസിതമായിരുന്നു. ഏറെ ത്യാഗങ്ങൾ സഹിച്ചാണ് സഭാംഗങ്ങൾ അവിടെ സേവനം അനുഷ്ഠിച്ചത്. എന്നാൽ പിന്നീട് പുതിയ ബിഷപ്പ് സ്ഥാനമേറ്റപ്പോൾ സി.എം.ഐ. സഭയ്ക്ക് സേവനം അവസാനിപ്പിക്കേണ്ടി വന്നു. കുറച്ചുകാലത്തേക്കേ ഉണ്ടായിരുന്നുള്ളുവെങ്കിലും സി.എം.ഐ. സന്ന്യാസികളുടെ സേവനത്തിൽ സഭാധികാരികൾ സന്തുഷ്ടരായിരുന്നു. അതുകൊണ്ടാണ് 1962-ൽ ഛാന്ദാ മിഷൻ സഭയെ ഏല്പിച്ചത്. നാഗ്പൂർ അതിരൂപതയിൽ നിന്ന് ചാന്ദാരൂപത വിഭജിച്ചു നൽകിയത് ബിഷപ്പ് യൂജിൻ ഡിസൂസയാണ്. അദ്ദേഹം പിന്നീട് ഭോപ്പാൽ ആർച്ച് ബിഷപ്പായപ്പോൾ

മുൻകൈയെടുത്തതിന്റെ ഫലമായി 1968-ൽ സാഗാർ, സാറ്റ്ന, ഉജ്ജെയ്ൻ എക്സാർക്കേറ്റുകൾ രൂപീകൃതമായി. 1955-ൽ റെയ്ഗർ-അംബികപ്പൂരിൽ എത്തിയ ആദ്യ സി.എം.ഐ. മിഷനറിമാരാണ് ഫാ. ദിയേഗോ കോടങ്കണ്ടത്ത്, ഫാ. കാസിയൂസ് ചാമക്കാല, ഫാ. ജോൺ വിയാനി എന്നിവർ. ഫാ. ദിയേഗോയും ഫാ. കാസിയൂസും പിൽക്കാലത്ത് സാഗാർ എക്സാർക്കേറ്റിൽ സേവനം ചെയ്യാൻ നിയോഗിക്കപ്പെട്ടു.

1968-ൽ സാഗാർ എക്സാർക്കേറ്റ് രൂപവത്കൃതമായി. ഫാ. ക്ലമൻസ് തോട്ടുങ്കൽ എക്സാർക്കായി നിയമിക്കപ്പെട്ടു. ഈ എക്സാർക്കേറ്റ് പിന്നീട് രൂപതയായി. ഫാ. ക്ലെമൻസ് തോട്ടുങ്കൽ ആദ്യ ബിഷപ്പുമായി. സാഗാർ ഇന്നു രൂപതയും ഭോപ്പാൽ ആസ്ഥാനമായ സെന്റ് പോൾ പ്രോവിൻസുമാണ്.

1972-ലാണ് ബിജ്നോർ മിഷൻ രൂപം കൊണ്ടത്. സി.എം.ഐ. വൈദികരുടെ നിസ്തുല സേവനങ്ങളുടെ ഫലമായി ഈ ഹൈന്ദവ ശക്തികേന്ദ്രത്തിൽ ഇപ്പോൾ ധാരാളം മിഷൻ സെന്ററുകളുണ്ട്. ഹിമവാന്റെ മടിത്തട്ടിലെ ഈ രൂപതയുടെ ഭൂപരിധിയിൽ ഹരിദ്വാർ, കേദാർനാഥ്, ഋഷികേശ്, ബദരീനാഥ് എന്നീ പ്രമുഖ ഹൈന്ദവ തീർത്ഥാടന കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു. ബിജ്നോർ ഇന്നു രൂപതയും സെന്റ് ജോൺസ് പ്രോവിൻസുമാണ്.

ബിജ്നോറിൽ സേവനം ചെയ്യാനെത്തിയ ആദ്യകാല മിഷനറിമാർ അഭിമുഖീകരിച്ച പ്രശ്നങ്ങൾ അനേകമാണ്. ആളുകളെ അറിയില്ല, ഭാഷ അറിയില്ല. ആരംഭത്തിൽ ജനങ്ങൾക്കിടയിൽ സംശയങ്ങളും എതിർപ്പുകളുമുണ്ടായിരുന്നു. അതിനെയെല്ലാം അഭിമുഖീകരിച്ച് മിഷൻ വളർത്തിയെടുക്കുക ശ്രമകരമായിരുന്നു. 1972 മുതൽ 37 വർഷം ഇവിടെ സേവനം അനുഷ്ഠിച്ച ബിഷപ്പ് മാർ ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ. യുടെ നേതൃത്വത്തിൽ സി.എം.ഐ. വൈദികർ കഠിനമായി അധ്വാനിച്ചു. പ്രധാനപ്പെട്ട മേഖലകളിലെല്ലാം സ്വന്തമായി സ്ഥലം വാങ്ങാനും പള്ളികളും സ്ഥാപനങ്ങളും തുടങ്ങാനും സാധിച്ചു.

1972 മാർച്ചിൽ ജഗദൽപ്പൂർ എക്സാർക്കേറ്റ് ആരംഭിച്ചപ്പോൾ എക്സാർക്ക് ആയി നിയമിതനായത് ഫാ. പൗളിനോസ് ജീരകത്ത് സി.എം.ഐ. ആയിരുന്നു. അദ്ദേഹത്തോടൊപ്പം സി.എം.ഐ. വൈദികരായ ഫാ.സൈമൺ സ്റ്റോക്ക് പാലാത്തറ, ഫാ. പപ്പിയാസ്, ഫാ.തോമസ് വാടപറമ്പിൽ, ഫാ. അബ്രഹാം തുരുത്തിമാലിൽ, ഫാ. കുര്യൻ മച്ചേരിൽ, ഫാ.മൈക്കിൾ മുണ്ടത്താനത്ത് എന്നിവർ സേവനത്തിനായി നിയോഗിക്കപ്പെട്ടു. 1977-ൽ ജഗദൽപൂർ എക്സാർക്കേറ്റ് രൂപതയായി. ഫാ. പൗളിനോസ് ആദ്യ ബിഷപ്പുമായി.

ജഗദൽപുർ ഇന്നു രൂപതയും നിർമ്മൽ പ്രോവിൻസുമാണ്.

1972 ൽ ജൂലൈയിൽ രാജ്കോട്ട് മിഷനിലേക്ക് ആറ് സി.എം.ഐ. വൈദികരെ പ്രിയോർ ജനറാൾ നിയോഗിച്ചു. ഗുജറാത്തിലെ ജെസ്യൂട്ട് പ്രവിശ്യയും അഹമ്മദാബാദ് രൂപതയും ക്ഷണിച്ചതനുസരിച്ചായിരുന്നു ഇത്. ഒരു വർഷത്തെ ഭാഷാപഠനത്തിനുശേഷം ഈ സി.എം.ഐ. മിഷനറിമാർ സൗരാഷ്ട്രയിലെ ജെസ്യൂട്ട് മിഷൻ സ്റ്റേഷനുകളിൽ സേവനം ചെയ്യാൻ തുടങ്ങി. 1973 ജൂലൈ 16– നു സി.എം.ഐ. സഭ ജാംനഗർ, കച്ച്, ജുനഗഡ്, സുരേന്ദ്രനഗർ ജില്ലകളിലെ മിഷൻ പ്രവർത്തനം ജെസ്യൂട്ട് വൈദികരിൽ നിന്ന് ഏറ്റെടുത്തു. 1977–ൽ ഫാ.ജോനാസ് തളിയത്ത് സി.എം.ഐ.യെ രാജ്കോട്ട് രൂപതയുടെ ബിഷപ്പായി മാർപാപ്പ നിയമിച്ചു. രാജ്കോട്ട് ഇന്നു രൂപതയും സെന്റ് സേവ്യേഴ്സ് പ്രോവിൻസുമാണ്.

ഉത്തരേന്ത്യയിൽ സി.എം.ഐ. സഭയുടെ ആദ്യത്തേതായ ഛാന്ദാ മിഷൻ പിന്നീട് രൂപതയായപ്പോൾ ഫാ.ജാനുവാരിയൂസ് പാലാത്തുരുത്തി സി.എം.ഐ. ബിഷപ്പായി നിയമിതനായി. ഛാന്ദാ ഇന്നു രൂപതയും മാർത്തോമ്മാ പ്രോവിൻസുമാണ്. “ഗ്രാമങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഒരു പുതിയ മിഷൻ പ്രവർത്തനശൈലി വളർത്തിയെടുക്കാൻ ആദ്യകാല മിഷണറിമാർ, വിശേഷിച്ചും അവർക്കു നേതൃത്വം നൽകിയ ബിഷപ്പ് ജാനുവാരിയൂസ് പാലാത്തുരുത്തി പരിശ്രമിക്കുകയുണ്ടായി. അതിനുള്ള അംഗീകാരമെന്നോണം 1968–ൽ മധ്യപ്രദേശിലുള്ള സാഗാർ മിഷനും, 1972–ൽ ഉത്തർപ്രദേശിലെ ബിജ്നോർ മിഷനും, ഛത്തീസ്ഗഡിലെ ബസ്തർ കേന്ദ്രമാക്കിയുള്ള ജഗദൽപൂർ മിഷനും, 1974–ൽ ഗുജറാത്തിലെ രാജ്കോട്ട് മിഷനും സി.എം.ഐ. സന്ന്യാസ സമൂഹത്തെ ഏല്പിച്ചു. ഇന്നു സ്വന്തം വൈദികരും മെത്രാന്മാരുമുള്ള ഏഴു രൂപതകളായി വളർന്ന ഈ മിഷൻ പ്രദേശങ്ങളിൽ ഇപ്പോഴും സി.എം.ഐ. വൈദികർ മിഷൻ പ്രവർത്തനങ്ങൾ നടത്തുകയും രൂപതകളെ സഹായിക്കുകയും ചെയ്യുന്നു. 500 ഓളം സി.എം.ഐ. വൈദികർ ഇന്ന് ഉത്തരേന്ത്യൻ മിഷനുകളിൽ പ്രവർത്തനനിരതരാണ്.”[10]

മാർ ജാനുവാരിയൂസും സഹപ്രവർത്തകരും 1962–ൽ ഛാന്ദാ മിഷൻ ഏറ്റെടുക്കുമ്പോൾ കേരളത്തിന്റെ ഒന്നേകാൽ ഇരട്ടി വലിപ്പമുള്ള പ്രദേശത്ത് അഞ്ഞൂറിൽപരം കത്തോലിക്കരേ ഉണ്ടായിരുന്നുള്ളൂ. രണ്ടു പുരോഹിതന്മാരുണ്ട്, വാർദ്ധായിലും കാഗസ് നഗറിലും. ഹോളിക്രോസ് സഭാംഗങ്ങളായ രണ്ടു കന്യാസ്ത്രീകൾ കാഗസ് നഗറിലെ ഫാത്തിമ നഴ്സിംഗ് ഹോമിൽ സേവനം അനുഷ്ഠിക്കുന്നു. റെയിൽവേയിലും സർക്കാർ ഓഫീസുകളിലും

ജോലി ചെയ്യുന്നവരും ഫാക്ടറികളിലെയും ഖനികളിലെയും തൊഴിലാളികളുമാണ് കത്തോലിക്കർ. പ്രാദേശിക സമൂഹത്തിൽ നിന്ന് കത്തോലിക്കരായി ആരുമില്ല!

തുടക്കത്തിൽ തന്നെ ഫാ. ജാനുവാരിയൂസ് (അന്നദ്ദേഹം ബിഷപ്പ് ആയിട്ടില്ല) തന്റെ മിഷൻ സമീപനം വ്യക്തമാക്കി. സ്ഥാപനങ്ങളും സെന്ററുകളും വേണം, എന്നാൽ ലക്ഷ്യം അവ സ്ഥാപിക്കുകയല്ല, യേശുവിനെ ദൈവമായി സ്വീകരിക്കാൻ തയ്യാറുള്ള ഒരു സമൂഹത്തെ സജ്ജമാക്കുകയാണ്. 'അതിരുകളിൽ നിന്ന് കേന്ദ്രത്തിലേക്ക്' എന്നാണ് തന്റെ പ്രവർത്തന രീതിയെ അദ്ദേഹം അവതരിപ്പിച്ചത്.

ദൈവശക്തിയിൽ ഉറച്ചു വിശ്വസിച്ചു പ്രവർത്തിക്കുന്നതോടൊപ്പം ബുദ്ധിപരമായ സമീപനവും മാർ ജാനുവാരിയൂസ് അവലംബിച്ചുവെന്ന് റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷൻ സെക്രട്ടറിക്ക് 1963 മാർച്ച് 20-നു അയച്ച കത്തിലെ പരാമർശങ്ങൾ വെളിപ്പെടുത്തുന്നു. "Another item that demands our immediate attention is the acquisition of land in different places... owing to the strong prejudices that prevail against Christain Missionaries, once we make our appearance thay refuse to sell their land to us... I have selected 15 such places where we can start the nuclei of our Mission Centre where our fathers and sisiters can silently settle down in simple prayerful life, doing only personal services to the neighbours (small scale social work) and can prepare themselves through a slow process of acclimatization to the social enviornment" (Fr. Thomas Chirapurath CMI, *Mar Janarius Palathuruthy CMI, Visionary of the Church in the Peripheries,* CMission July - September 2017).

തുടക്കത്തിൽ ഓരോ സെന്ററിനോട് അനുബന്ധിച്ചും ഡിസ്പെൻസറി പ്രവർത്തിച്ചിരുന്നു. നല്ല ഹോസ്പിറ്റലിന്റെ പിന്തുണ ഉള്ളതായിരുന്നു ഓരോ ഡിസ്പെൻസറിയും. ഗ്രാമീണ ജനതയ്ക്കു ഇതു വലിയ സഹായമായിരുന്നു. ഗ്രാമീണരുടെ മക്കൾക്കു വിദ്യാഭ്യാസത്തിനു വേണ്ട പ്രാഥമിക സൗകര്യങ്ങളും തുടക്കം മുതൽ ഒരുക്കിയിരുന്നു. ഈ സെന്ററുകളിൽ മിഷനറിമാർ കൃഷി ചെയ്തിരുന്നു. കർഷക പശ്ചാത്തലത്തിൽ നിന്നു വന്ന മിഷനറിമാർക്ക് കൃഷി സ്വാഭാവികമായ കർമമായിരുന്നു. കൃഷിക്കാരായ മിഷനറിമാർക്കു കർഷകരായ ഗ്രാമീണരുമായി വേഗത്തിൽ സൗഹൃദത്തിലാകുവാൻ കഴിഞ്ഞു. ഗ്രാമീണരും ചങ്ങാത്തം ആഗ്രഹിച്ചു. ക്രമേണ ഒരു സ്വാഭാവിക കർമമായി സുവിശേ

ഷവത്ക്കരണം സംഭവിക്കുകയായിരുന്നു. ദൈവവചനം പകരുന്നതോടൊപ്പം ദാരിദ്ര്യത്തോടും രോഗങ്ങളോടും അജ്ഞതയോടും പടവെട്ടി വിജയിക്കുവാൻ മിഷനറിമാർ ഗ്രാമീണരെ സഹായിച്ചു. ആത്മാവിന്റെ വിശപ്പ് മാറ്റിയതോടൊപ്പം ശരീരത്തിന്റെ വിശപ്പു മാറ്റാനും സഹായിച്ചു.

സമൂഹത്തിന്റെ അതിരുകളിൽ കഴിയാൻ വിധിക്കപ്പെട്ട പാവപ്പെട്ടവരെയും ഗോത്രവർഗക്കാരെയും ദലിതരെയും സ്ത്രീകളെയും സ്വതന്ത്രരാക്കുകയായിരുന്നു മിഷനറിമാർ. ക്രിസ്തുകേന്ദ്രീകൃതമായ ഒരു പുതിയ സമൂഹത്തിന്റെ ഭാഗമായി അവരെ ഉയർത്തി. ആ സമൂഹം സ്നേഹവും സ്വാതന്ത്ര്യവും സമത്വവും നീതിയും ഉള്ളതായിരുന്നു.

ഛാന്ദാമിഷൻ സി.എം.ഐ. സഭയെ ഏല്പിക്കുമ്പോൾ സഭാധികാരികൾ ഒരു പരീക്ഷണമായാണു കണ്ടത്. എന്നാൽ സി.എം.ഐ. സഭ അർഹിക്കുന്ന ഗൗരവത്തോടെയാണ് സമീപിച്ചത്. ഛാന്ദാ വിജയിച്ചപ്പോൾ കൂടുതൽ മിഷനുകൾ സി.എം.ഐ. സഭയെ ഏല്പിച്ചു. ഛാന്ദാ രൂപത കാൽ നൂറ്റാണ്ടു പൂർത്തിയാക്കിയപ്പോൾ പ്രാദേശിക ജനവിഭാഗത്തിൽ നിന്ന് 20,500 പേർ കത്തോലിക്കരായി മാറിയിരുന്നു (Fr. Joseph Koikara CMI, *25 Years of Chanda Mission : Silver Jubilee Souvenir, Balharshah, 1988).*

1972 –ൽ ആരംഭിച്ച മധ്യപ്രദേശിലെ ജഗദൽപൂർ മിഷനു ഗോത്രജനമേഖലയിൽ വിജയം വരിച്ച കഥയാണു പറയാനുള്ളത്. കേരളത്തേക്കാൾ വലുതായ ബസ്തർ ജില്ലയാണു പ്രവർത്തനമേഖലയായത്. ഛത്തീസ്ഗഢിലെ ഗോത്രജനസംഖ്യയുടെ 26.76 ശതമാനം ബസ്തറിലാണ്. ബസ്തറിന്റെ ജനസംഖ്യയുടെ 70 ശതമാനം വരും അവർ. ഇന്നും കൊടുംവനത്തിനുള്ളിൽ കഴിയുന്നവർ ഏറെയുണ്ട്. ഈ ജനസമൂഹത്തിൽ വിവിധ സെന്ററുകളിലൂടെ മിഷനറി സാന്നിധ്യം അറിയിക്കുവാൻ ക്ഷമയോടെ കാത്തിരുന്നു പ്രവർത്തിക്കേണ്ടിവന്നു.

മിഷനറിമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കള്ളക്കഥകൾ പരത്തിയവരുണ്ട്. ഗോതമ്പും വസ്ത്രങ്ങളും കൊടുത്ത് ഗോത്രവർഗക്കാരെ മതപരിവർത്തനം ചെയ്യിക്കുവാൻ ഒരു കൂട്ടം മിഷനറിമാർ എത്തിയിരിക്കുന്നുവെന്ന് പ്രാദേശിക പത്രങ്ങൾ എഴുതി. ഇതൊരു കണക്കിനു നന്നായി എന്നാണു മാർ പൗളിനൂസ് പ്രതികരിച്ചത്. മിഷനറിമാരുടെ സാന്നിധ്യത്തെപ്പറ്റി മധ്യേന്ത്യ മുഴുവൻ അറിയാൻ ഇടവന്നു. പ്രതികൂല സാഹചര്യങ്ങളെയും അനുകൂലമാക്കി മാറ്റാൻ മിഷനറിമാർക്കു കഴിഞ്ഞിരുന്നു. സി.എം.ഐ.സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ ചരിത്രം അതാണ്.

ഉത്തരേന്ത്യയിൽ പുതിയ മിഷനുകൾ ഏറ്റെടുത്തതിനൊപ്പം തമിഴ്നാട്ടിലും കർണാടകയിലുമുള്ള മിഷനുകളിൽ പുതിയ കേന്ദ്ര ങ്ങൾ തുടങ്ങി പ്രവർത്തനം ശക്തമാക്കി. 1990-ൽ മഹാരാഷ്ട്ര യിൽ ധൂളെ, ജൽഗാവ്, നന്തൂർബാർ ജില്ലകളെ കേന്ദ്രീകരിച്ച് ആരം ഭിച്ച ചാവറ മിഷൻ വിദ്യാഭ്യാസരംഗത്ത് ശക്തമായ മുന്നേറ്റമാണ് നടത്തിയിട്ടുള്ളത്. നേരിട്ടുള്ള മതപരിവർത്തന ശ്രമങ്ങൾ ഈ പ്രദേശങ്ങളിൽ അസാധ്യമായതിനാൽ മേന്മയേറിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ക്രൈസ്തവമൂല്യങ്ങൾ പ്രത്യക്ഷീകരിച്ച്, കുട്ടികളെയും മാതാപിതാക്കളെയും യേശുവിലേക്ക് ആകർഷി ക്കുകയാണ് ലക്ഷ്യം. ഇവ കൂടാതെ അരുണാചൽ, അസം, ജമ്മു -കാശ്മീർ എന്നിവിടങ്ങളിലും സി.എം.ഐ.മിഷനറിമാർ ശ്രദ്ധേ യമായ സേവന പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. 2016-ൽ അരുണാചൽ പ്രദേശിൽ മിഷൻ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. ദരിദ്രരായ ഗിരിവർഗക്കാരാണ് ഇവിടെയുള്ളത്. ആത്മീയ ശുശ്രൂഷയോടൊപ്പം ഇവർക്കു വിദ്യാഭ്യാസവും ലഭ്യമാക്കണം.

കൂടുതൽ മിഷനുകൾ ഏറ്റെടുക്കുകയും സമൂഹത്തിന്റെ താഴെ ത്തട്ടിലേക്ക് ഇറങ്ങിച്ചെന്നു നിസ്വാർത്ഥമായ സേവനപ്രവർത്തന ങ്ങൾ നടത്തുകയും ചെയ്തതു വഴിയായി കൂടുതൽ ദൈവവിളി കൾ ലഭിച്ചു. ഏറ്റെടുത്ത മിഷനുകൾ കൂടുതൽ ശക്തിപ്പെടുത്താൻ അവ ഉപകരിച്ചു. 1970-കളിലും '80-കളിലും കേരളത്തിൽ നിന്ന് മിഷൻ ലക്ഷ്യമാക്കിയുള്ള ഏറെ ദൈവവിളികൾ സ്വീകരിക്കുവാൻ കഴിഞ്ഞു. അവയോട് ക്രിയാത്മകമായി പ്രതികരിച്ച് മിഷനുകൾ ശക്തിപ്പെടുത്താനായി. മിഷൻ പ്രവർത്തനങ്ങളിൽ പുതിയ മാന ങ്ങൾ കൈവരിക്കുവാൻ ഇതുമൂലം കഴിഞ്ഞു.[1]സി.എം.ഐ. സഭ യുടെ ധീരോദാത്തമായ സേവനം ഇങ്ങനെ മുന്നേറുമ്പോൾ തന്നെ, സീറോ മലബാർസഭ മിഷൻ പ്രവർത്തനങ്ങളോട് കൂടുതൽ ആഭി മുഖ്യം കാണിക്കണമെന്നാണ് മിഷൻ രൂപതകളിലെ ബിഷപ്പു മാർക്കും വൈദികർക്കും പൊതുവായുള്ള അഭിപ്രായം.

1960-ൽ ഇറാക്കിൽ മിഷൻ പ്രവർത്തനത്തിനു ക്ഷണം കിട്ടി. മൂന്നു വൈദീകർ ഇറാക്കിലേക്കു പോയി സേവനം ആരംഭിച്ചെ ങ്കിലും 1965-ൽ മിഷൻ അവസാനിപ്പിച്ചു.

ഇതിനിടയിൽ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും മിഷൻ പ്രവർത്തനം ശക്തമാക്കാൻ അവസരം കിട്ടി. നവസുവി ശേഷവത്ക്കരണം എന്ന വിഭാഗത്തിലുള്ള അജപാലന പ്രവർത്ത നങ്ങളാണ് ഈ രാജ്യങ്ങളിൽ നടത്തുന്നത്. വളരെ മുമ്പുതന്നെ റോമിലും അമേരിക്കയിലും മറ്റും ഉപരിപഠനാർത്ഥം പോയിരുന്ന സി.എം.ഐ.വൈദികരെ കേന്ദ്രീകരിച്ച് അജപാലന പ്രവർത്തന

ത്തിനു എളിയരീതിയിൽ തുടക്കം കുറിച്ചിരുന്നു. ഇപ്പോൾ ഇന്ത്യയ്ക്കു പുറത്ത് നാല്പതിലേറെ രാജ്യങ്ങളിൽ സി.എം.ഐ.വൈദികർ സുവിശേഷവത്ക്കരണത്തിലും നവസുവിശേഷവത്ക്കരണത്തിലും ഏർപ്പെട്ടിരിക്കുന്നു. ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർ ലൻഡ്, ബെൽജിയം, ഇറ്റലി എന്നിവയാണ് സി.എം.ഐ.വൈദികർ കൂടുതലായി പ്രവർത്തിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ.

അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും എന്നപോലെ സി.എം.ഐ. സാന്നിധ്യം ശക്തമായിക്കൊണ്ടിരിക്കുന്ന രാജ്യമാണ് ഓസ്ട്രേലിയ. ഇവിടത്തെ 10 രൂപതകളിലായി സി.എം.ഐ. വൈദികർ സേവനം അനുഷ്ഠിക്കുന്നു. ന്യൂസിലൻഡിലും സി.എം.ഐ. വൈദികരുടെ സേവനസാന്നിധ്യമുണ്ട്.

1978 ഒടുവിലാണ് ഭൂഖണ്ഡാന്തര സുവിശേഷവത്ക്കരണ (Global Mission) പ്രവർത്തനങ്ങൾക്കായി കെനിയയിലേക്കു പോകുവാൻ ദേവമാതാ പ്രവിശ്യയ്ക്കും പെറുവിലേക്ക് പോകുവാൻ സെന്റ് ജോസഫ് പ്രവിശ്യയ്ക്കും ഘാനയിലേക്കു പോകുവാൻ കോഴിക്കോട് സെന്റ് തോമസ് പ്രവിശ്യയ്ക്കും ജനറൽ കൗൺസിൽ ഔപചാരികമായ അംഗീകാരം നൽകിയത്. അങ്ങനെ ആഫ്രിക്കയിലും ലാറ്റിൻ അമേരിക്കയിലും സി.എം.ഐ. സഭയുടെ രംഗപ്രവേശനം നടന്നു.[12]

നാല് ദശാബ്ദങ്ങൾ പിന്നിട്ട പെറുവിലെ മിഷൻ താരതമ്യേന വികസിതമാണ്. ഇടവകകളിലും മിഷൻ സ്റ്റേഷനുകളിലുമാണ് സി.എം.ഐ. വൈദികർ സേവനം ചെയ്യുന്നത്. ചോസിക്ക (Chosica) എന്ന സ്ഥലത്ത് ഒരു സബ് റീജിയണൽ ഹൗസ് പൂർത്തിയാക്കിയിട്ടുണ്ട്. തദ്ദേശീയരിൽ നിന്നുള്ള ദൈവവിളി സ്വീകരിക്കാനും വളർത്താനുമുള്ള എല്ലാ സംവിധാനങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ആദ്യകാല സി.എം.ഐ. മിഷനറിയായ ഫാ. മാത്യു അൽഫോൻസ് ചക്കാംകുന്നേലിനെ സംസ്കരിച്ചിരിക്കുന്നത് സാൻ മത്തേവുവിലാണ്.

2004-ൽ ആണ് അർജന്റീനയിൽ മിഷൻ പ്രവർത്തനം ആരംഭിച്ചത്. വൈദികരുടെ കുറവുകൊണ്ട് പല പള്ളികളും അടച്ചിട്ടിരിക്കുകയാണ്. കെൻസെപ്സ്യോൻ (Concepcion) എന്ന വലിയ രൂപതയിൽ ആകെ 20 വൈദികരാണുള്ളത്! വിശ്വാസികൾക്കു ദിവ്യകാരുണ്യം സ്വീകരിക്കാൻ അവസരം ലഭിക്കുന്നത് മാസത്തിൽ രണ്ടുതവണമാത്രം. അവിടത്തെ ബിഷപ്പ് സി.എം.ഐ. സഭയോട് കൂടുതൽ വൈദികരെ അയച്ചുതരുവാൻ ആവശ്യപ്പെടുന്നുണ്ട്. മറ്റു രൂപതകളുടെ സ്ഥിതിയും ഒട്ടും ഭേദമല്ല. Oran, ലോമാസ് ഡി സമോര (Lomas de Zamora), അസുൽ (Azul) രൂപതകളിലാണ്

സി.എം.ഐ വൈദികർ സേവനം ചെയ്യുന്നത്. ആത്മീയ ശുശ്രൂഷകൾക്കു പുറമെ ദരിദ്രജനങ്ങളെ സഹായിക്കുന്നതും മറ്റും അവരെ സ്വീകാര്യരാക്കിയിരിക്കുന്നു. ഒരു ഇടവക എന്നത് പ്രധാന പള്ളിയും നിരവധി സെന്ററുകളും അടങ്ങിയതാണു. 50,000 അംഗങ്ങൾ വരെ ഉണ്ടാവും. ഇവരുടെ 3 ശതമാനം മാത്രമേ പള്ളിക്കാര്യങ്ങളിൽ സജീവമായി സഹകരിക്കുന്നുള്ളൂ. നാലുശതമാനം ആളുകൾ വർഷത്തിൽ ഒന്നോ രണ്ടോ തവണ പള്ളിയിൽ വരുന്നവരാണ്. ഇവരുടെ സംഖ്യകൂട്ടുക എന്നതാണ് വെല്ലുവിളി. സി.എം.ഐ. വൈദികരുടെ ഇടവകകളിൽ വിശ്വാസികളുടെ സംഖ്യ വർധിക്കുന്നുണ്ട്. നിത്യേനയുള്ള കുർബാനയർപ്പണം, രോഗീസന്ദർശനം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള പ്രത്യേക ഉപദേശം തുടങ്ങിയവയിലൂടെ അവർ ജനങ്ങളുടെ മനസ്സിനെ സ്പർശിക്കുന്നുണ്ട്.

എക്വദോർ മിഷനിലും സി.എം.ഐ. വൈദികർ സേവനം ചെയ്യുന്നു. San Jacinto de Yaguachi, സാൻ ഹസീന്തോ (San Jacinto), Portoviego രൂപതകളിലാണ് ഇടവകകൾ. കേരളത്തിന്റെ തനി ഭൂപ്രകൃതിയാണ് ഈ നാടിന്. ആമസോണിന്റെ തീരത്തെ ജലസമൃദ്ധമായ രാജ്യം. കൃഷിയാണു പ്രധാന വരുമാനം. വൻകിട പ്ലാന്റേഷനുകൾ അമേരിക്കക്കാരുടേതാണ്. ജനങ്ങൾ ഭൂരിപക്ഷവും പാവപ്പെട്ടവരാണ്. തദ്ദേശീയരായ വൈദികർ കുറവാണ്. ദൈവവിളി അപൂർവവും. ഈ സാഹചര്യം സി.എം.ഐ. മിഷന്റെ പ്രസക്തി വർധിപ്പിക്കുന്നു.

ജനങ്ങൾ ദരിദ്രരാണ്. സേവനവീഥി വളരെ ദുർഘടം പിടിച്ചതും. ഒരു മിഷൻ സ്റ്റേഷനിൽ നിന്ന് മറ്റൊരു സ്റ്റേഷനിൽ എത്താൻ കുറഞ്ഞതു 15 കിലോമീറ്റർ യാത്ര ചെയ്യണം. ചെളിമൂടിയ കാട്ടുവഴികളിലൂടെയും ജലമാർഗേണയുമുള്ള യാത്ര. ഞണ്ടുപിടുത്തം മാത്രം ജീവനോപാധിയായി കഴിയുന്ന ജനങ്ങൾ താമസിക്കുന്ന കൊച്ചുദ്വീപിലും സേവനശുഷ്കാന്തിയോടെ സി.എം.ഐ. വൈദികർ എത്തുന്നു. അജപാലനത്തോടൊപ്പം സാമൂഹിക സേവനത്തിലും ശ്രദ്ധപതിപ്പിക്കുന്നു.

2013 മുതലാണ് സി.എം.ഐ. മിഷനറിമാർ ചിലിയിൽ സേവനം ചെയ്യാൻ തുടങ്ങിയത്. അവർ സാന്തിയോഗോ രൂപതയിൽ പ്രവർത്തിക്കുന്നു.

ബ്രസീലിന്റെ വിസ്തൃതിയും ഭൂപ്രകൃതിയും മിഷൻ പ്രവർത്തനം കാഠിന്യമേറിയതാക്കുന്നു. രാജ്യത്തിന്റെ വിസ്തൃതി പോലെ തന്നെ രൂപതകളും വിസ്തൃതമാണ്. സി.എം.ഐ. സഭാംഗങ്ങൾ സേവനം ചെയ്യുന്ന സൻതാരെം രൂപതയുടെ വിസ്തൃതി 171906

ചതുരശ്ര കിലോമീറ്ററാണ്! രൂപതയിൽ ആകെയുള്ളത് സി.എം. ഐ.സഭ ഉൾപ്പെടെയുള്ള വിവിധ സന്ന്യാസ സഭാംഗങ്ങളടക്കം 67 വൈദികരാണ്! 2017 ജനുവരിയിലാണ് സഭാംഗങ്ങൾ ബ്രസീലിൽ സേവനം ചെയ്യാൻ തുടങ്ങിയത്. ഇപ്പോൾ എട്ടുപേരുണ്ട്. ആമസോൺ നദീതീരത്തെ പാവപ്പെട്ട ഇടവകകളിലാണ് ഇവർ പ്രവർത്തിക്കുന്നത്.

ഏഴ് പ്രവിശ്യകളിൽ നിന്നുള്ള എട്ടുവൈദികരാണ് ഇപ്പോൾ സേവനം ചെയ്യുന്നത്. ഇവർ പോർച്ചുഗീസ് ഭാഷയിൽ പ്രായോഗിക പരിജ്ഞാനം നേടിയിട്ടുണ്ട്. "ഈ എട്ട് വൈദികർ ഏറ്റെടുത്തിരിക്കുന്ന ഓരോ ഇടവകയിലും 15 മുതൽ 65 വരെ ദിവ്യകാരുണ്യ സമൂഹങ്ങളുണ്ട്. ഓരോ മാസവും ഏതാണ്ട് രണ്ടാഴ്ച ഒരു യന്ത്രവത്കൃത ബോട്ടിൽ താമസിച്ചുകൊണ്ടാണ് അമ്പതോളം വരുന്ന സമൂഹങ്ങളിൽ ദിവ്യബലി അർപ്പിക്കുന്നതിനു വൈദികൻ എത്തിച്ചേരുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ നദീതടത്തിലുള്ള വിശ്വാസി സമൂഹങ്ങളെ സന്ദർശിച്ച്, വിശ്വാസ ജീവിതത്തിൽ കുടുംബങ്ങളെ ശാക്തീകരിച്ച്, സന്ധ്യയാകുമ്പോൾ ബോട്ടിലെത്തി ഉറങ്ങുന്നതാണ് മിഷനറിയുടെ ജീവിതചര്യ."[13] വിക്രമാദിത്യൻ കഥകളിലെ 'കാടാറുമാസം, നാടാറുമാസം' പോലുള്ള ജീവിതമാണ് ഈ മിഷനറിമാരുടേത്. ഓരോ മിഷനറിയും ഇതുപോലെ കഠിനാധ്വാനം ചെയ്താണ് വിശ്വാസികൾക്കു സുവിശേഷ ചൈതന്യം പകർന്നുകൊടുക്കുന്നത്. പ്രായിഞ്ഞ (Prainha) എന്ന സ്ഥലത്തെ മിഷൻ സ്റ്റേഷനിലെത്താൻ സ്പീഡ് ബോട്ടിൽ 18 മണിക്കൂർ സഞ്ചരിക്കണം. സൻതാരെം രൂപതയിലെ തന്നെ Monte Dourado യിലെ Para ഇടവക വനത്തിലെ ടൗൺഷിപ്പിലാണ്.

പരാഗ്വേയിലും സി.എം.ഐ. വൈദികർ സേവനം അനുഷ്ഠിക്കുന്നുണ്ട്. 1960 വരെ ഉൾക്കാടുകളിൽ ജീവിച്ചിരുന്ന അശ്ശേ (Ache) എന്ന ഗോത്രസമൂഹം പരാഗ്വേയുടെ പ്രത്യേകതയാണ്. ഗോത്രസംഘത്തിലെ ഒരു പ്രധാന വ്യക്തി മരിച്ചാൽ ഒരു പെൺകുട്ടിയെ കൊന്ന് അയാളോടൊപ്പം മറവു ചെയ്യുന്ന ഭീകര സംസ്കാരമുള്ളവരായിരുന്നു ഇവർ. മിഷനറിമാർ ഇവരുടെയിടയിൽ നടത്തിയ പ്രവർത്തനങ്ങൾ വലിയ മാറ്റം വരുത്തി.

ലാറ്റിനമേരിക്കൻ നാടുകളിൽ സേവനം അനുഷ്ഠിക്കുന്ന സി. എം.ഐ. വൈദികർ വിശ്വാസികളെത്തേടി ഉൾക്കാടുകളിലേക്കും ആമസോൺ തീരങ്ങളിലേക്കും പോകുമ്പോൾ അമേരിക്കയിൽ സേവനം ചെയ്യുന്ന സി.എം.ഐ. സഭാംഗങ്ങൾ വിശ്വാസികളെ ത്തേടി അത്യാധുനികങ്ങളായ മാളുകളിലേക്കു പോകുന്നു. അവികസിത ലോകത്തിന്റെയും വികസിത ലോകത്തിന്റെയും രണ്ട് മുഖ

ങ്ങളാണ് ഇതിൽ പ്രതിഫലിക്കുന്നത്.

മാളുകളിൽ പോയി വൈദികർ അജപാലന ശുശ്രൂഷ ചെയ്യുന്നതിനു മാൾ മിഷൻ എന്നാണു പേരിട്ടിരിക്കുന്നത്. "യു.എസിലെ നോർത്ത് ഷെയർ മാൾ കേന്ദ്രീകൃതമായ അജപാലന ശുശ്രൂഷകളുടെ ഭാഗമായി ദിവസവും രണ്ടു ദിവ്യബലിക്കു പുറമെ സി.എം.ഐ. വൈദികർ എല്ലാ ശനിയാഴ്ചയും രോഗികൾക്കു വേണ്ടിയും ദിവ്യബലി അർപ്പിക്കുന്നു. വിശ്വാസികളുടെ അവശ്യമനുസരിച്ച് മാൾ ചാപ്പലിൽ ആരാധന, കുമ്പസാരം, രോഗീലേപന ശുശ്രൂഷകൾ എന്നിവയും നിർവഹിക്കുന്നു."[14] റെയിൽവേ സ്റ്റേഷനുകളിൽ കുമ്പസാര ശുശ്രൂഷയും പാർക്കുകളിൽ ആത്മീയ സംഗീത ശുശ്രൂഷയും നിർവഹിക്കുന്നുണ്ട്. ഭാവനാപൂർണമായ സമീപനത്തോടെ ആത്മീയശുശ്രൂഷാ മേഖലകളിൽ പുതിയ ഇടങ്ങൾ കണ്ടെത്തുകയാണ് സി.എം.ഐ. സന്ന്യാസികൾ. പരിശുദ്ധാത്മാവിന്റെ പ്രചോദനമാണ് അവരെ നയിക്കുന്നത്.

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ സി.എം.ഐ. സഭയുടെ മിഷൻ പ്രവർത്തനം വളരെ ശക്തമാണ്. കെനിയ, മഡഗാസ്കർ, ഘാന, നമീബിയ, ദക്ഷിണാഫ്രിക്ക, ബോട്സ്വാന, ഉഗാണ്ട എന്നീ രാജ്യങ്ങളിൽ വൈദികരും വൈദിക വിദ്യാർഥികളുമായ നൂറോളം സി.എം.ഐ.ക്കാർ സേവനം ചെയ്യുന്നു. സുവിശേഷ പ്രഘോഷണം, വിദ്യാഭ്യാസം, സാമൂഹികസേവനം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഏറ്റവും ശ്രദ്ധേയമായത് വൈദിക പരിശീലന രംഗത്തെ നേട്ടമാണ്. കെനിയയിൽ തദ്ദേശീയരായ ഒമ്പതുപേർ സി.എം.ഐ. വൈദികരായി. പത്തോളം കെനിയൻ യുവാക്കൾ വൈദികപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

അജപാലന രംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്നതോടൊപ്പം സാമൂഹിക സേവനരംഗത്തും സി.എം.ഐ. വൈദികർ പ്രവർത്തിക്കുന്നതിനാൽ നാട്ടുകാരുടെയിടയിൽ വലിയ ബഹുമാനവും സ്വാധീനവുമാണ്. ക്രിസ്തുവിനെ വേണ്ടവിധത്തിൽ അറിഞ്ഞിട്ടില്ലാത്തവരുടെയിടയിൽ നടത്തുന്ന സുവിശേഷവത്കരണത്തിന്റെ ഫലമായി കെനിയയിൽ ഒരു വർഷം ശരാശരി ആയിരംപേർ വീതം സി.എം.ഐ. വൈദികരിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ച് കത്തോലിക്കരാകുന്നു. ആദ്യകാലം മുതൽ കെനിയയിൽ സേവനത്തിനു വന്ന വൈദികർക്കു പതിനായിരക്കണക്കിനാളുകളെ ജ്ഞാനസ്നാനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നാണ് കണക്ക്. കെനിയൻ പള്ളികളിലെ രേഖകൾ ആധാരമാക്കിയുള്ള കണക്കാണിത്.

കെനിയയിൽ ആദ്യമെത്തിയ സി.എം.ഐ. മിഷനറിമാർക്കു ഭയം തോന്നിയിരുന്നു. നോക്കെത്താ ദൂരത്തോളം ആരുമില്ലാത്ത വിജനത. കറന്റില്ല. രാത്രിയിൽ പലവിധ അപരിചിത ശബ്ദങ്ങളുടെ സിംഫണി. വ്യാപകമായ കുറ്റിക്കാടുകളും മഹാവനങ്ങളും നിറഞ്ഞതാണു കെനിയ. എന്നാൽ ജനങ്ങളുടെ സ്നേഹവും കാലാവസ്ഥയും മികച്ചതായതിനാൽ ഈ നാടിനെ ഇഷ്ടപ്പെടാതിരിക്കാൻ കഴിയുമായിരുന്നില്ല. മിനിമം ചൂടും തണുപ്പുമുള്ളതാണു കാലാവസ്ഥ. രണ്ടു സീസണിൽ മഴകിട്ടും.

ആത്മീയ സേവനത്തോടൊപ്പം വികസന സേവനവും സി.എം.ഐ. മിഷനറിമാർ പ്രദാനം ചെയ്യുന്നു. സ്കൂളുകൾ മാത്രമല്ല, റോഡുകളും പാലങ്ങളും നിർമിക്കാനും മുന്നിട്ടു നില്ക്കുന്നു. വ്യക്തികൾക്കും സമൂഹത്തിനും സഹായം ചെയ്യാൻ കിട്ടുന്ന ഒരവസരവും കളയുന്നില്ല.

കക്കൂസ് ശുചിത്വത്തിന്റെ കാര്യത്തിൽ കെനിയക്കാർ ഇന്ത്യക്കാരേക്കാൾ വളരെ മുന്നിലാണ്. പറമ്പിനെ കക്കൂസാക്കുന്ന പരിപാടിയും വഴിവക്കിൽ മൂത്രം ഒഴിക്കലും അവിടെയില്ല. ടൗണിൽ കടയുടെയോ മറ്റോ ഭിത്തി വൃത്തിഹീനമായി കണ്ടാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ വന്നു പറയും, ഇത്ര ദിവസത്തിനുള്ളിൽ പെയിന്റ് ചെയ്തു വൃത്തിയാക്കണം, ഇല്ലെങ്കിൽ കട അടയ്ക്കണം. ഗ്രാമങ്ങളിൽ ഓരോ വീട്ടുകാരനും വിശാലമായ പറമ്പുകൾ ഉള്ളതിനാൽ മാലിന്യസംസ്കരണം പ്രശ്നമല്ല. നഗരങ്ങളിൽ പ്രത്യേക സംവിധാനങ്ങളുണ്ട്.

ഒരാൾക്കു രണ്ടു ഭാര്യമാർ പുതുമയായിരുന്നില്ല. ധാരാളം പറമ്പ് ഉള്ളതിനാൽ ഭാര്യമാർക്കും മക്കൾക്കും ഭക്ഷണം കൊടുക്കാൻ അതിലെ ആദായം ധാരാളം മതി. മിഷനറിമാർ കത്തോലിക്കാവിശ്വാസം രൂഢമൂലമാക്കിയതോടെ ഈ നില മാറിയിട്ടുണ്ട്.

ലത്തീൻ റീത്തിലുള്ള വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽ കെനിയയുടെ സാംസ്കാരിക മുദ്രകളുണ്ട്. നൃത്തച്ചുവടുകൾ അതിന്റെ ഭാഗമാണ്. മാമ്മോദീസ രണ്ടുരീതിയിൽ നടക്കാറുണ്ട്, കുട്ടികളുടെ മാമ്മോദീസയും മുതിർന്നവരുടെ മാമ്മോദീസയും. ഒരാൾക്കായി മാമ്മോദീസ കൊടുക്കുന്ന പതിവില്ല. എന്നാൽ, മരണാസന്നനായ വ്യക്തിക്കു കൊടുക്കും. തനതു സംസ്കാരത്തിൽ അടിയുറച്ചു മുന്നേറുന്ന ഈ മിഷന്റെ വിശേഷങ്ങൾ ഇങ്ങനെ ഏറെയാണ്.

ഘാന, ദക്ഷിണാഫ്രിക്ക, ബോട്സ്വാന, ടാൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽ സി.എം.ഐ. വൈദികരുടെ എണ്ണം കുറവാണെങ്കിലും സേവനങ്ങൾ ശ്രദ്ധേയങ്ങളാണ്. നമീബിയയിൽ ബിഷപ്പ്സ്

കോൺഫ്രൻസിനു കീഴിലുള്ള മേജർ സെമിനാരിയുടെ നടത്തിപ്പ് 20 വർഷമായി സി.എം.ഐ. വൈദികരാണു നിർവഹിക്കുന്നത്.

2019-ൽ ഉഗാണ്ട, എത്യോപ്യ എന്നീ ആഫ്രിക്കൻ രാജ്യങ്ങളിൽ പുതുതായി മിഷൻ പ്രവർത്തനം ആരംഭിച്ചു. വളരെ പിന്നാക്കമായ ഈ രാജ്യങ്ങളിലെ മിഷൻ പ്രവർത്തനം ദുർഘടങ്ങൾ നിറഞ്ഞതായിരിക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് വെല്ലുവിളിയായി ഏറ്റെടുത്തിരിക്കുന്നത്.

ഭാരത മിഷനു കോട്ടം തട്ടാതെ ആഗോള മിഷനിലെ വെല്ലുവിളികൾ ഏറ്റെടുക്കണമെന്നു സി.എം.ഐ. സഭയുടെ പരമോന്നത വേദിയായ പൊതുസംഘം 2008-ലും 2014-ലും നിർദേശിക്കുകയുണ്ടായി. അതിന്റെ ഫലമായുള്ള പ്രവർത്തനങ്ങൾമൂലം ധാരാളം സി.എം.ഐ. അംഗങ്ങൾ വിദേശ മിഷനുകളിൽ പ്രവർത്തിക്കാൻ തയാറായി. രണ്ടായിരം വൈദികരുള്ള സി.എം.ഐ. സമൂഹത്തിലെ അഞ്ഞൂറോളം അംഗങ്ങൾ ഇപ്പോൾ വിദേശ മിഷനുകളിലാണ് പ്രവർത്തിക്കുന്നത്!

ആഗോള മിഷനെ വളരെ ഗൗരവത്തോടെയാണ് സി.എം.ഐ. സഭ സമീപിച്ചിട്ടുള്ളത്. 37-ാം ജനറൽ സിനാക്സിസിന്റെ 2014 മാർച്ച് 31 മുതൽ ഏപ്രിൽ 6 വരെ നടന്ന ആദ്യ സെഷനും 2014 ഓഗസ്റ്റ് 11 മുതൽ 16 വരെ നടന്ന രണ്ടാം സെഷനും ഇതിനു തെളിവാണ്. ഇതിലെ നടപടികൾ (Acts) പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. അതിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "By being global, on the one hand, our charism has its world-wide reach and, on the other, the varied dimensions of the Church's mission are to be addressed and taken care of by the CMI Congregation. Certainly, our charism is of global nature, as not only our founding fathers but also the present generation of CMI are prepared to do all possible service to the people."[15]

സി.എം.ഐ. സഭയുടെ നേതൃത്വത്തിലുള്ള ധ്യാനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നവ സുവിശേഷവത്ക്കരണത്തിന്റെ വിശാലതയിൽ ഉൾച്ചേർക്കാം. വിശ്വാസ ശാക്തീകരണമാണ് ഈ കേന്ദ്രങ്ങളിൽ മുഖ്യമായും നടക്കുന്നത്. തൃശൂരിലെ ജെറുസലേം ധ്യാനകേന്ദ്രം, തളിപ്പറമ്പിലെ 'ദർശന', ചെങ്കരയിലെ 'നിർമ്മൽ ഗ്രാം', ആലുവയിലെ 'ജീവസ്', പരപ്പിലെ 'റിട്രീറ്റ് സെന്റർ' എന്നിവ പ്രശസ്തങ്ങളാണ്. തമിഴ്നാട്ടിലെ ധർമ്മപുരിയിലുള്ള കാർമ്മൽ റിട്രീറ്റ് സെന്ററും കർണാടകത്തിലെ കക്കിഞ്ചയിലുള്ള സെന്ററും പ്രധാനപ്പെട്ടവയാണ്. കെനിയയിലും ധ്യാനകേന്ദ്രങ്ങൾ ഉണ്ട്.

**സൂചിത രേഖകൾ**

1. ബർണർഡിൻ സി.എം.ഐ., *കുടിയേറ്റക്കാരും സി.എം.ഐ. സഭയും,* പേജ് 39.
2. ബർണർഡിൻ സി.എം.ഐ., *കുടിയേറ്റക്കാരും സി.എം.ഐ.സഭയും.*
3. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ., *ഭൂമിയുടെ അതിർത്തികൾ വരെ നിങ്ങൾ സാക്ഷികളാകുവിൻ,* പേജ് 19.
4. Sebastian Poonoly CMI, *Documents of CMI Malabar Mission,* page 145.
5. Sebastian Poonoly CMI, *Documents of CMI Malabar Mission,* page 173.
6. Sebastian Poonoly CMI, *Documents of CMI Malabar Mission,* page 273.
7. വിശുദ്ധ ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ,* പേജ് 106.
8. Herald of the New Age: *History of the Growth and Activities of CMI Congregation,* page 358.
9. Sebastian Poonoly CMI, *Documents of CMI Malabar Mission,* page 150.
10. സാജു ചക്കാലയ്ക്കൽ സി.എം.ഐ., *ലോകത്തിന്റെ അതിരുകളിലേക്കു സുവിശേഷവുമായി കേരളം,* സത്യദീപം ജൂൺ 26, 2019.
12. തോമസ് ഐക്കര സി.എം.ഐ., *ഞാൻ കണ്ട സി.എം.ഐ. സഭ,* പേജ് 177.
13. സാജു ചക്കാലയ്ക്കൽ സി.എം.ഐ., *ലോകത്തിന്റെ അതിരുകളിലേക്കു സുവിശേഷവുമായി കേരളം,* സത്യദീപം ജൂൺ 26, 2019.
14. ജെയിംസ്, *അതിർവരമ്പുകൾ കടന്ന് പിന്നെയും, ബേസ്റൗമ,* ഏപ്രിൽ 2019.
15. *CMI Charism and the Prophetic Call for Global Mission,* page 42.

16

# മലയും കടലും കടന്ന് വിദ്യാദാന ശുശ്രൂഷ

മലബാർ കുടിയേറ്റത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ശ്രദ്ധയാകർഷിക്കുന്ന ഒരു പ്രധാന കാര്യം സി.എം.ഐ. വൈദികർ അനുഷ്ഠിച്ച ത്യാഗപൂർണങ്ങളായ സേവനങ്ങളാണ്. അവർ മലബാറിലുടനീളം പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. ചാവറയച്ചനിൽ നിന്നു പകർന്നു കിട്ടിയ ദർശനം പിൻതലമുറ അക്ഷരംപ്രതി നടപ്പിലാക്കുകയായിരുന്നു. ആത്മാവിന്റെ രക്ഷയ്ക്കു വിശ്വാസം വേണം. ആ വിശ്വാസം നിലനില്ക്കാനും നന്മ നിറഞ്ഞ മനുഷ്യരായി വളരാനും അറിവുവേണം. കുടിയേറ്റക്കാരുടെ പിൻതലമുറയുടെ ജീവിതവിജയം ഉറപ്പാക്കിയത് അവർ സ്വന്തമാക്കിയ മണ്ണുമാത്രമല്ല ഈ സ്കൂളുകളിൽ നിന്നു ലഭിച്ച അറിവും കൂടിയാണ്.

ഫാ. കെറൂബിൻ സി.എം.ഐ.യുടെ സേവനങ്ങൾ വിവരിക്കുമ്പോൾ ഫാ. ബർണർഡിൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: "പള്ളിമുറിയും അടുക്കളയും കെറൂബിനച്ചൻ പണിതീർത്തു. തരിയോട് ഉണ്ടായിരുന്ന എൽ.പി. സ്കൂളിനു അന്നു ഗവൺമെന്റ് അനുവാദം ഇല്ലായിരുന്നു. അംഗീകാരം വാങ്ങാനുള്ള ശ്രമത്തിലായിരുന്നു പിന്നീട് അച്ചൻ. അതു വാങ്ങി; തുടർന്ന് യു.പി. സ്കൂളാക്കി ഉയർത്തി അംഗീകാരം നേടുകയും ചെയ്തു."[1] തിരുവമ്പാടിയിൽ പുൽഷെഡായിരുന്ന പള്ളി ഓടിട്ടതിനൊപ്പം ചെയ്തത് എൽ.പി. സ്കൂൾ സ്ഥാപിക്കുകയും അതിനു ഷെഡ് പണിത് ഓടിടുകയുമാണ്. അത്തനേഷ്യസ് സി.എം.ഐ. പുല്ലൂരാംപാറയിൽ സ്ഥലം വാങ്ങിയശേഷം പള്ളിക്കായി ഷെഡ് പണിതതിനൊപ്പം സ്കൂളും സ്ഥാപിച്ചു. ഫാ. ഫ്രഡറിക് സി.എം.ഐ. കുപ്പായത്തോട് എന്ന സ്ഥലത്ത് എൽ.പി. സ്കൂൾ ആരംഭിച്ചശേഷമാണ് കുരിശടി പണിതീർത്തത്.

ഫാ. ദൊസിത്തേവൂസ് സി.എം.ഐ. കോടഞ്ചേരിയിലെ യൂ.പി.സ്കൂളിനു സ്ഥിരാംഗീകാരം നേടാനും പിന്നീട് ഒരു ഹൈസ്കൂളിന് അനുവാദം കിട്ടാനും മദ്രാസിലേക്ക് പല തവണ യാത്ര ചെയ്തു. അക്കാലത്ത് മദ്രാസിലേക്കുള്ള യാത്ര അത്ര എളുപ്പമായിരുന്നില്ല. ഇതുപോലെ സി.എം.ഐ. വൈദികർ മലബാർ മേഖലയിൽ വിദ്യാഭ്യാസം സാർവത്രികമാക്കാൻ ചെയ്ത സേവനങ്ങൾ എണ്ണിയെണ്ണി എഴുതാനാകും. നമ്മുടെ വിഷയം മലബാറിലെ വിദ്യാഭ്യാസത്തിന്റെ വളർച്ച എന്നതല്ലാത്തതിനാൽ ഇക്കാര്യം ദീർഘിപ്പിക്കുന്നില്ല. പ്രസക്തമായ വസ്തുതയിതാണ്; സി.എം.ഐ വൈദികർ എവിടെ സേവനം ചെയ്താലും അവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വളരെ പ്രസക്തമായ സംഭാവനകൾ നൽകുവാൻ മനസ്സിരുത്തുന്നു. ചാവറയച്ചനിൽ നിന്ന് അവരിലേക്കു ഒഴുകിയിറങ്ങുന്ന വിശുദ്ധമായ നീർച്ചോലയാണത്. വിദേശരാജ്യങ്ങളിലെ സുവിശേഷവത്ക്കരണ മേഖലകളിലും ഈ നീർച്ചോല ഒഴുകി പരക്കുന്നു. കെനിയയാണ് ഏറ്റവും മികച്ച ഉദാഹരണം.

ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പുതുതലമുറയെയും മൂല്യബോധമുള്ള പൊതുസമൂഹത്തെയും വാർത്തെടുക്കാൻ കഴിയുന്നു.അധികം ശ്രദ്ധിക്കപ്പെടാതെ പോവുന്ന ഒരു കാര്യം കൂടി സംഭവിക്കുന്നുണ്ട്. സി.എം.ഐ.സ്കൂളുകളിൽ സേവനം അനുഷ്ഠിക്കുന്ന സി.എം.ഐ. വൈദികർക്കു തങ്ങളുടെ മാതൃകാപരമായ ജീവിതങ്ങളിലൂടെയും 'മെന്ററിംഗ്' എന്ന് വിശേഷിപ്പിക്കാവുന്ന സവിശേഷ ശ്രദ്ധാകർമങ്ങളിലൂടെയും സി.എം.ഐ. സഭയിലേക്ക് മികച്ച പുതുതലമുറയെ ആകർഷിക്കാൻ കഴിയുന്നു. "എന്റെ ദൈവവിളിയിൽ മുത്തോലി കൊവേന്തയ്ക്ക് ഉള്ളതു പോലെ മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിനും വലിയ പങ്കുണ്ട്. അതിനു ഒരു കാരണം കൊവേന്തയിലെ അച്ചൻമാർ പലരും ഈ സ്കൂളിലെ അധ്യാപകരായിരുന്നു എന്നതാണ്. അച്ചൻമാർ മാത്രമല്ല സ്കൂളിലെ അല്മായരായ അധ്യാപകരും എന്റെ ദൈവവിളിയെ സ്വാധീനിച്ചിട്ടുണ്ട്. ഒരു ഗുരുകുലത്തിന്റെയും ആശ്രമത്തിന്റെയും ആധ്യാത്മികമായ ചൈതന്യം ഞങ്ങളുടെ സ്കൂളിനെ ചൂഴ്ന്നു നിന്നിരുന്നു. ഞാൻ പത്താംക്ലാസ് പരീക്ഷയെഴുതിയ ബാച്ചിലെ നാല്പതിലേറെ കുട്ടികളിൽ 25 ഓളം പേരാണ് വൈദികരാകാൻ പോയത്. ഇന്ന് ഒരുപക്ഷേ അത്ഭുതം ജനിപ്പിക്കുന്ന വസ്തുത."[2] സഭയിലെ ഒരു ശ്രേഷ്ഠ വൈദികൻ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നതാണിത്. അധ്യാപകരുടെ മഹനീയ സ്വാധീനം വിദ്യാർത്ഥിയെ കണക്കിലും ഊർജതന്ത്രത്തിലും ഇംഗ്ലിഷിലും മറ്റു വിഷയങ്ങളിലും ഉപരിപഠനത്തിനു

തത്പരനാക്കുന്നതുപോലെ വൈദികരായ അധ്യാപകർ വിദ്യാർഥികളെ വൈദിക പഠനത്തിനു പ്രചോദിപ്പിക്കുന്നു. ഇന്നു ദൈവവിളി പ്രോത്സാഹനത്തിനു പ്രത്യേക വിഭാഗവും, അവർ അവലംബിക്കുന്ന രീതികളും കൂടിയുണ്ട്.

കേരളത്തിലെ സുറിയാനി കത്തോലിക്കർ ഇംഗ്ലിഷ് ഭാഷയും സെക്കുലർ വിഷയങ്ങളും പഠിക്കാൻ തുടങ്ങുന്നത് വളരെ വൈകിയാണ്. കർമ്മലീത്താക്കാരായ വിദേശമിഷനറിമാരുടെ എതിർപ്പായിരുന്നു കാരണം. ഇംഗ്ലിഷ് പഠിച്ചാൽ കത്തോലിക്കർ പ്രോട്ടസ്റ്റന്റ് ആശയങ്ങളിലേക്കു വഴുതിവീഴുമെന്ന് അവർ ഭയപ്പെട്ടു. ഇംഗ്ലിഷ് പഠിച്ച് മറ്റ് വിഭാഗക്കാരായ സുറിയാനി ക്രിസ്ത്യാനികൾ പുരോഗമിക്കുന്നതു കണ്ടപ്പോൾ ഇംഗ്ലിഷ് പഠിക്കാൻ അനുവദിക്കാതെ വയ്യെന്ന നിലവന്നു. ഇംഗ്ലിഷിനെ കുറിച്ചുള്ള ഭയം നിലനില്ക്കെത്തന്നെ പിൽക്കാലത്ത് പള്ളിയോടൊപ്പം പള്ളിക്കൂടവും സ്ഥാപിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ച ചാവറയച്ചൻ വൈദികർ അതു നടപ്പാക്കുന്നുണ്ടോയെന്നു അന്വേഷിച്ചിരുന്നു. ഇക്കാര്യത്തിൽ മെത്രാപ്പോലീത്തയുടെ ശ്രദ്ധ ഉണ്ടാകുവാൻ ചാവറയച്ചൻ നിമിത്തമായി. വാഴക്കുളം കർമ്മല ആശ്രമത്തിലെ സുപ്പീരിയർ ജേക്കബ് കാനാട്ടച്ചന് അയച്ച കത്തിൽ മെത്രാപ്പോലീത്ത ഇപ്രകാരം നിർദേശിച്ചിരുന്നു: 'താങ്കൾ സമർപ്പിച്ചിരുന്ന വിചാരണകളൊക്കെയും നാം വായിച്ചു കേട്ടു; വസ്തുതകൾ മനസ്സിലാക്കി. എന്നാൽ സ്കൂൾ നടത്തുന്നതിനെ കുറിച്ച്, ഇതിനുമുമ്പ് രണ്ടുമാസത്തെ അവധിവച്ച് എന്നു തോന്നുന്നു, താങ്കൾക്ക് കത്ത് നൽകിയിട്ടുള്ളതാണല്ലോ. ആ കൽപ്പനപ്രകാരം ഉള്ള അവധി കഴിഞ്ഞാലുടൻ തന്നെ അതിൽ പറയും പ്രകാരം വികാരിമാർ അവരുടെ ഉത്തരവാദിത്വം നിർവഹിക്കാതിരുന്നാൽ അങ്ങനെയുള്ളവരെ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ നിന്ന് മുടക്ക് കല്പിക്കുകയും എതിരുനില്ക്കുന്ന നാട്ടുപ്രമാണികളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുകയും ചെയ്തുകൊള്ളണം."

1818-ൽ ഇംഗ്ലണ്ടിൽ നിന്ന് ഹെൻറി ബേക്കർ വന്നത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യം വച്ചാണ്. ചർച്ച് മിഷനറി സൊസൈറ്റിക്കാരും യാക്കോബായ സുറിയാനി ക്രിസ്ത്യാനികളും ചേർന്നെടുത്ത തീരുമാനം ബേക്കർ പടിപടിയായി സാക്ഷാത്കരിച്ചു. 1819-ൽ 10 സ്കൂളുകൾ തുടങ്ങി. രണ്ടുവർഷം കൊണ്ട് ഇവയുടെ എണ്ണം 35 ഉം അടുത്ത വർഷം 50 ഉം ആയി. 1818-ൽ ബോർഡിംഗ് സൗകര്യങ്ങളോടെ ഇംഗ്ലിഷ് മീഡിയം ഗ്രാമർ സ്കൂൾ തുടങ്ങി. 1842-ൽ കോട്ടയം മിഷൻ മേഖലയിൽ എട്ട് വില്ലേജ് സ്കൂളുകൾ തുടങ്ങി. സഹ

വിദ്യാഭ്യാസം അനുവദിച്ചിരുന്ന ഈ സ്കൂളുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 8:1 എന്ന അനുപാതത്തിൽ പ്രവേശനം നൽകി. നായർ നേതാക്കന്മാരുടെ അഭ്യർഥനപ്രകാരം അവർക്കായി രണ്ട് സ്കൂളുകളും ബേക്കർ ആരംഭിച്ചു. ഈ പ്രവർത്തനങ്ങളും വളർച്ചയും സുറിയാനി കത്തോലിക്കരുടെ കണ്ണുകൾക്കു മുന്നിലാണ് അരങ്ങേറിയിരുന്നത്. അതവരെ ചിന്തിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്തു. ബിഷപ്പ് ചാൾസ് ലെവീഞ്ഞ് 1891 ഫെബ്രുവരി മൂന്നിനു ചങ്ങനാശ്ശേരിയിൽ വിശുദ്ധ ബെർക്കുമാൻസിന്റെ പേരിൽ ഒരു ഹൈസ്കൂൾ ആരംഭിച്ചു. പിൽക്കാലത്ത് ഇത് സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ കോളജായി വളർന്നു. ഔദ്യോഗിക ചിട്ടവട്ടങ്ങളോടെയുള്ള സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ സ്കൂൾ 1885-ൽ മാന്നാനത്ത് തുടക്കം കുറിച്ച സെന്റ് എഫ്രേംസ് സ്കൂളാണ്. ചാവറയച്ചൻ അന്തരിച്ച് 14 വർഷം കഴിഞ്ഞായിരുന്നു തുടക്കം. സെന്റ് എഫ്രേംസ് സ്കൂൾ 1890-ൽ ഇംഗ്ലിഷ് മീഡിൽസ്കൂളാക്കി. 1902-ൽ ഹൈസ്കൂളാക്കി ഉയർത്തി.

അരണാട്ടുകര ആശ്രമത്തോടു ചേർന്നുണ്ടായിരുന്ന സെമിനാരി നിർത്തലാക്കിയപ്പോൾ മിഡിൽ സ്കൂളാക്കി. ഈ രീതി പിന്തുടർന്ന് എല്ലാ ആശ്രമങ്ങളോട് അനുബന്ധിച്ചും സ്കൂളുകൾ തുടങ്ങി. 1920-ൽ സി.എം.സി. സഭ പെൺകുട്ടികൾക്കായി ആദ്യത്തെ അനൗദ്യോഗിക സ്കൂൾ ആരംഭിച്ചു. കേരളത്തിലെ ഔദ്യോഗിക വിദ്യാഭ്യാസത്തിന്റെ പത്തൊൻപതാം നൂറ്റാണ്ടിലെ ചരിത്രം പരിശോധിക്കുമ്പോൾ ക്രിസ്ത്യൻ സഭകളുടെയും തിരുവിതാംകൂർ, കൊച്ചി സർക്കാരുകളുടെയും റോൾ വ്യക്തമായി കാണാനാകും. വിദേശ പ്രൊട്ടസ്റ്റന്റ് മിഷനറിമാരാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സർക്കാരുകളെ ആദ്യമായി ബോധ്യപ്പെടുത്തിയത്. ഔദ്യോഗികവും ചിട്ടവട്ടങ്ങളോടുകൂടിയതുമായ ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയതോടൊപ്പം, ഇംഗ്ലിഷ് വിദ്യാഭ്യാസത്തിലൂടെ വളർച്ചയുടെ ആഗോളതലത്തിലുള്ള സാധ്യതകളുടെ വാതിൽ തുറന്നിടുകയും ചെയ്തു. ദുർബലവിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ഇതുകൊണ്ട് വലിയ നേട്ടമുണ്ടായി. തിരുവിതാംകൂർ, കൊച്ചി സർക്കാരുകൾ വിദ്യാഭ്യാസത്തിനു നൽകിയ പ്രോത്സാഹനം വലുതായിരുന്നു. വിദ്യാഭ്യാസത്തിൽ മുന്നേറിയ ഈ ആദ്യഘട്ടത്തിൽ കത്തോലിക്കാസഭയുടെ പങ്ക് ഗണനീയമായിരുന്നില്ല. പോർച്ചുഗീസ് ബിഷപ്പുമാർ ഇംഗ്ലിഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാതിരുന്നതും തങ്ങളുടെ കീഴിലുള്ള വിശ്വാസികൾക്കു വിദ്യാഭ്യാസ കാര്യങ്ങളിൽ വളർച്ച ഉണ്ടാകണ

മെന്ന് ആഗ്രഹിക്കാതിരുന്നതും ഈ പിന്നാക്കാവസ്ഥയ്ക്കു കാരണമായി.

എന്നാൽ ഇരുപതാം നൂറ്റാണ്ടിൽ എത്തിയപ്പോൾ ചിത്രം മാറി. 1880 ആയപ്പോഴേക്കും കത്തോലിക്കർ സ്കൂളുകൾ സ്ഥാപിക്കാൻ തുടങ്ങിയിരുന്നു. അവർ രംഗത്തുവന്നശേഷം വളർച്ച അതിവേഗമായിരുന്നു. 1882 മുതൽ 1887 വരെയുള്ള അഞ്ചുവർഷം കൊണ്ട് സ്കൂളുകളുടെ എണ്ണം പത്തിൽ നിന്ന് നൂറായി! നാട്ടുകാരായവർ സഭയുടെ ഉന്നതപീഠങ്ങളിൽ പ്രതിഷ്ഠിതമാകാൻ തുടങ്ങിയതിന്റെ സ്വാധീനമായിരുന്നു ഈ വളർച്ചയുടെ പിന്നിൽ. 1908-ൽ ക്രിസ്ത്യൻ മാനേജുമെന്റുകൾ നടത്തിയിരുന്ന 2208 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 778 എണ്ണം സുറിയാനി കത്തോലിക്കരുടേതും 369 എണ്ണം ലത്തീൻ കത്തോലിക്കരുടേതുമായിരുന്നു. 1947-ൽ സ്വാതന്ത്ര്യം കിട്ടിയപ്പോൾ മൊത്തം വിദ്യാർത്ഥികളുടെ 11.3% സുറിയാനി കത്തോലിക്കരും 6.1% ലത്തീൻ കത്തോലിക്കരുമായിരുന്നു. ഇരുസമുദായങ്ങളുടെയും ജനസംഖ്യയ്ക്ക് ആനുപാതികമായിരുന്നു ഈ ശതമാനക്കണക്ക്. മുസ്ലിം വിദ്യാർത്ഥികൾ 5% ആയിരുന്നു. മുസ്ലിം സമുദായത്തിന്റെ ജനസംഖ്യയോട് താരതമ്യം ചെയ്യുമ്പോൾ ഈ ശതമാനം കുറവായിരുന്നു.

പിന്നീട് സർക്കാർ ഇംഗ്ലിഷ് മീഡിയം സ്കൂളുകൾക്ക് അനുവാദം കൊടുത്തപ്പോൾ സുറിയാനി കത്തോലിക്കർ നിരവധി സ്കൂളുകൾ ആരംഭിച്ചു. ഗവൺമെന്റിന്റെ സഹായം ഇല്ലാത്തവയായിരുന്നു ഈ സ്കൂളുകൾ. ഇവയുടെ എണ്ണം വളരെ വേഗം വർധിച്ചതോടെ ഇംഗ്ലിഷ് മീഡിയം വിദ്യാഭ്യാസ സംസ്കാരത്തിന്റെ നേതൃത്വം കത്തോലിക്കാസമുദായത്തിനു കൈവന്നു. സി.എം.ഐ. സഭ ഇക്കാര്യത്തിൽ ഗണ്യമായ പങ്കുവഹിച്ചു.

കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ഉയർന്ന സാക്ഷരതയ്ക്കും കാരണമായ ഘടകങ്ങൾ പലതാണ്. വിദേശ മിഷനറിമാർ ക്രിസ്തുമതം പ്രചരിപ്പിക്കാൻ ശ്രമിച്ചപ്പോൾ ജനങ്ങൾക്കു പ്രത്യേകിച്ച്, അവർ ലക്ഷ്യം വെച്ച താഴ്ന്ന സമുദായങ്ങളിലെ അംഗങ്ങൾക്കു പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്തതു പ്രശ്നമായി. പ്രൊട്ടസ്റ്റന്റ് സഭകൾ മുഖ്യമായും ബൈബിളിനെ ആധാരമാക്കിയാണു മതകാര്യങ്ങൾ പഠിപ്പിച്ചിരുന്നത്. അതിനാൽ മതപരിവർത്തനം ചെയ്യിക്കേണ്ടവരെ വായിക്കാനും എഴുതാനും പഠിപ്പിക്കേണ്ടത് അത്യാവശ്യമായി. ഇതിനാവശ്യമായ സ്കൂളുകൾ അവർ ആരംഭിച്ചു.

വിദേശ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനങ്ങൾ തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളെ

പ്രചോദിപ്പിച്ചുവെന്നും അവർ സ്കൂളുകൾ ആരംഭിച്ചുവെന്നും മുൻപ് രേഖപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത ഈ സർക്കാരുകൾ സ്കൂളുകൾ സ്ഥാപിക്കുക മാത്രമല്ല അതിനായി മുന്നോട്ടുവന്ന സ്വകാര്യ സംരംഭകരെ സാമ്പത്തിക സഹായം ഉൾപ്പടെ നൽകി പിന്തുണയ്ക്കുകയും ചെയ്തു. അങ്ങനെ ഈ നാട്ടുരാജ്യങ്ങളിലെ ഭരണകർത്താക്കൾ പത്തൊൻപതാം നൂറ്റാണ്ടിലെ മികവുറ്റ ഭരണാധികാരികളായി ഖ്യാതി നേടി.

ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ രണ്ടുകാര്യങ്ങൾ സംഭവിച്ചു. സമൂഹത്തിന്റെ സകലമണ്ഡലങ്ങളിലും സ്വാധീനമുള്ള ബ്യൂറോക്രസിയുടെ ഉദയമായിരുന്നു ഒന്നാമത്തെ കാര്യം. സർക്കാർ ജോലിയിൽ കയറിപ്പറ്റുകയെന്നത് അഭിമാനകരമായ കാര്യമായി. ഇതിനു വിദ്യാഭ്യാസം വേണം. സ്വാഭാവികമായും വിദ്യാഭ്യാസത്തിനു ഡിമാൻഡ് കൂടി. സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾക്കു കൈവന്ന സാമ്പത്തിക പുരോഗതിയായിരുന്നു രണ്ടാമത്തെ കാര്യം. ഈ രണ്ടുകാര്യങ്ങളിലും ക്രിസ്ത്യൻ സമുദായത്തിനു വ്യക്തമായ റോൾ ഉണ്ടായിരുന്നു.

വിദ്യാഭ്യാസത്തിലും സമ്പത്തിലും മുന്നേറാൻ തുടങ്ങിയപ്പോൾ തങ്ങളുടെ പരാതികൾക്കു പരിഹാരം കാണുന്നതിനു സംഘടിക്കാൻ ക്രിസ്ത്യാനികൾ തീരുമാനിച്ചു. 1886-ൽ മാന്നാനത്ത് നസ്രാണി ജാത്യൈക സംഘം രൂപം കൊണ്ടതിന്റെ പശ്ചാത്തലമിതാണ്. വിദ്യാഭ്യാസത്തിൽ കൂടുതൽ മുന്നേറാനും സർക്കാർ ജോലികളിൽ ന്യായമായ വിഹിതം നേടിയെടുക്കാനുമാണ് ജാത്യൈക സംഘം ലക്ഷ്യമിട്ടത്. നീധീരിക്കൽ മാണിക്കത്തനാരായിരുന്നു ഇതിനു നേതൃത്വം നൽകിയത്. 1918-ൽ ചങ്ങനാശ്ശേരിയിൽ രൂപംകൊണ്ട കേരള കത്തോലിക്ക മഹാജനസഭ മാന്നാനത്ത് ആരംഭിച്ച ചലനങ്ങളെ ശക്തമാക്കി. 1930-ൽ മഹാജനസഭയുടെ പേര് അഖില കേരള കത്തോലിക്കാ കോൺഗ്രസ് (എ.കെ.സി.സി.) എന്നാക്കി. ചേർത്തലയിൽ വച്ചായിരുന്നു ഈ പേരുമാറ്റം.

തിരുവിതാംകൂറിൽ പത്തൊൻപതാം നൂറ്റാണ്ടിൽ സംഭവിച്ച ഭൂപരിഷ്കരണ നിയമങ്ങൾ സുറിയാനി ക്രിസ്ത്യാനികൾക്കു വലിയ തോതിൽ ഗുണം ചെയ്തു. ചരിത്രകാരനായ ജോസ് കുറിയേടത്ത് ഈ മാറ്റത്തിന്റെ പരിണിതഫലം രേഖപ്പെടുത്തിയിട്ടുണ്ട്. "We find that by the second half of the nineteenth century it was the Syrian Christians who dominated in the cultivation of commercial crops. Travancore in general also witnessed expansion of trade

in spices and hill produces along with the appearance of plantation companies. Apart from the fact that new communities became landowners using the proprietory rights granted to them, and operating in the land market, there arose a number of job opportunities especially in computing and recording in the government and in private trade and plantation companies, attracting young people. The Syrian Christains also took up banking, public works contracts and commercial agriculture earlier than other communities. This not only increased the demand for literacy and basic education in the fast changing political and commercial society, but also sufficient money in the community to invest in educational institutions" (The Role of the Christians in Education, Power of Positive Presence, page 311).

കേരള കത്തോലിക്കാസഭയിൽ പോർച്ചുഗീസുകാരുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ കേന്ദ്രീകൃത ഭരണസംവിധാനം വിദ്യാഭ്യാസ മണ്ഡലത്തിലെ വളർച്ചയ്ക്കു വലിയ പങ്ക് വഹിച്ചു. കേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ ഫലമായി അധികാരമെല്ലാം ബിഷപ്പിൽ നിക്ഷിപ്തമായി. ഇടവക വികാരി ബിഷപ്പിന്റെ പ്രതിനിധിയായി. അതുവരെ ഇടവക യോഗങ്ങൾക്കുണ്ടായിരുന്ന അധികാരാവകാശങ്ങൾ നഷ്ടമായി. ഇതു കൂടുതൽ ധനസമാഹരണത്തിനും ആവശ്യമുള്ള ഇടങ്ങളിൽ കൃത്യമായി വിനിയോഗിക്കുന്നതിനും വഴിതെളിച്ചു. സ്കൂളുകളും മറ്റു സ്ഥാപനങ്ങളും കൂടുതലായി ഉയർന്നുവന്നത് ഈ പശ്ചാത്തലത്തിലാണ്.

കേരളത്തിൽ ഈ കാലഘട്ടത്തിൽ വളർന്നുവന്ന സി.എം.ഐ. സന്ന്യാസ സഭയുടെയും സി.എം.സി. സന്ന്യാസിനി സഭയുടെയും ഭരണ സംവിധാനങ്ങൾ കേന്ദ്രീകൃതവും സ്വയംഭരണാധികാരം ഉള്ളതുമായിരുന്നു. അത് വിദ്യാഭ്യാസ രംഗത്തു ഫലപ്രദമായി ഇടപെടുവാൻ ഈ വിഭാഗങ്ങളെ തുണച്ചു. സി.എം.ഐ. സഭ ഭൂസ്വത്തുക്കളുടെ കാര്യത്തിൽ സമ്പന്നമാണ്. ഭക്തജനങ്ങൾ ദാനമായി നൽകിയതും ദീർഘദൃഷ്ടിയുള്ള മുൻതലമുറ കഷ്ടപ്പെട്ടു വാങ്ങിയതുമായ സ്ഥലങ്ങൾ സഭയ്ക്കും സമൂഹത്തിനും ഉപകാരപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും സുഗമമായി തുടങ്ങുന്നതിനു വഴിതെളിച്ചു. ഈ വളർച്ച ചുറ്റുമുള്ള സമൂഹത്തിലെ കുട്ടികൾക്ക് എന്നപോലെ സഭാംഗങ്ങൾക്കും പ്രയോജനപ്പെട്ടു. യോഗാർത്ഥികളായ കുട്ടികൾക്കു ആദ്യം മുതൽ തന്നെ മികച്ച വിദ്യാഭ്യാസം കൊടുക്കാൻ ശ്രദ്ധിച്ചിരുന്നു. സമൂഹത്തിൽ വരുന്ന മാറ്റങ്ങളും ആഭിമുഖ്യങ്ങളും വളർച്ചയും സി.എം.ഐ. സഭ

യെയും സ്വാധീനിക്കുകയും വളർത്തുകയും ചെയ്തു. ആ വളർച്ച യാണ് പുതിയ പുതിയ പ്രവിശ്യകളുടെ ഉത്ഭവത്തിനു വഴിതെളി ച്ചത്.

1953-ൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി വിഭജിക്ക പ്പെട്ട അവസരത്തിൽ വിദ്യാഭ്യാസ ശുശ്രൂഷയുമായി ബന്ധപ്പെട്ട 16 സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. 1. സേക്രഡ് ഹാർട്ട് കോളജ്, തേവര (1944) 2. സെന്റ് എഫ്രേംസ് ഇംഗ്ലിഷ് സ്കൂൾ, മാന്നാനം (1885) 3. സെന്റ് ജോസഫ് ഇംഗ്ലിഷ് സ്കൂൾ, പുളിങ്കുന്ന് 4. ഇൻഡ സ്ട്രിയൽ ട്രെയിനിംഗ് സെന്റർ, മുട്ടാർ (1942) 5. സെന്റ് ആന്റ ണീസ് സ്കൂൾ, പൂഞ്ഞാർ (1927), 7. മണിമല സി.സി.എം. സ്കൂൾ (1948), 8. ഇൻഫന്റ് ജീസസ് സ്കൂൾ, വാഴക്കുളം (1891), 9. സെന്റ് മേരീസ് യു.പി. സ്കൂൾ, തേവര (1883/1924), 10. സെന്റ് തോമസ് യു.പി. സ്കൂൾ, കറുകുറ്റി (1953), 11. സെന്റ് തെരേസാസ് ഹൈസ്കൂൾ, മണപ്പുറം (1935), 12. പ്രൈമറി സ്കൂളും പ്രിന്റിംഗ് പ്രസും, എൽത്തുരുത്ത് (1889/1894), 13. സെന്റ്ജോസഫ് സ്കൂൾ, പാവറട്ടി (1905), 14. സെന്റ് തെരേസാസ് എൽ.പി. സ്കൂൾ, തലോർ (1952), 15. പ്രൈമറി സ്കൂൾ, കടലുണ്ടി (1945), 16. ഐ.റ്റി.സി. കുന്നംകുളം (1948).

ഇന്ന് (2020) സി.എം.ഐ. സഭയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ ഈ രംഗത്ത് അത്ഭു തകരമായ വളർച്ച കൈവന്നിട്ടുള്ളതായി കാണാം. സഭാംഗങ്ങൾ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നതും ഭൗതികധനം ചെലവു ചെയ്തിട്ടുള്ളതും വിദ്യാഭ്യാസ മേഖലയിലാണ്.

2019-ലെ കണക്കുപ്രകാരം ഹൈസ്കൂളുകൾ 136-ൽ നിന്ന് 150 ആയി വളർന്നിട്ടുണ്ട്. ഹയർ സെക്കൻഡറി സ്കൂളുകൾ 77-ൽ നിന്ന് 100 ആയി. എൻജിനിയറിംഗ് കോളജുകൾ നാലായി. കെനിയ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലും ദുബായ്, ദോഹ എന്നീ അറബ് രാജ്യങ്ങളിലും സഭയുടെ സ്കൂളുകളുണ്ട്. വിദ്യാഭ്യാസ രംഗത്തെ വളർച്ച അനസ്യൂതമായ പ്രവർത്തനശൈലിയായി മാറി യിരിക്കുന്നു.[6]

അറിവിന്റെ വിസ്ഫോടനമാണ് ലോകത്ത് ഇപ്പോൾ സംഭവി ക്കുന്നത്. ആ അറിവുകൾ വ്യക്തികൾക്കു അതേ വേഗതയിൽ ലഭിക്കാനുള്ള സൗകര്യം സാങ്കേതികവിദ്യ പ്രദാനം ചെയ്യുന്നു. അതിനാൽ വിദ്യാഭ്യാസരംഗം വലിയ മാറ്റത്തിനു വിധേയമായിരി ക്കുന്നു. ദേശീയ വിദ്യാഭ്യാസം എന്ന സങ്കല്പം ആഗോള വിദ്യാ ഭ്യാസം എന്ന ആശയത്തിനു വഴിമാറി. വിദ്യാഭ്യാസ വിദഗ്ധ ന്മാർ പുതുതലമുറയെ ഡിജിറ്റൽ പൗരന്മാർ എന്ന നിലയിലാണു

കാണുന്നത്.

ഇന്നത്തെ ലോകത്തിന്റെ ശാസ്ത്ര-സാങ്കേതിക വികാസത്തിനു ഗുണവും ദോഷവുമുണ്ട്. അറിവുകൾ അതിവേഗത്തിൽ കയ്യെത്തിപ്പിടിക്കാനാകും എന്നതു പ്രധാന ഗുണമാണ്. സമൂഹം അതിവേഗത്തിൽ വികസിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ ഗുണമേന്മ വർധിക്കുന്നു. മികച്ച അന്തർദേശീയ ബന്ധം സ്ഥാപിക്കാൻ കഴിയുന്നു. ഇവ പോസിറ്റീവ് കാര്യങ്ങളാണ്.

നെഗറ്റീവ് കാര്യങ്ങളും കുറവല്ല. പരിസ്ഥിതി നാശം, ധാർമികതയില്ലാത്ത പണസമ്പാദനം, മൂല്യചിന്തകളിൽ വന്നിട്ടുള്ള ഇടിവ് തുടങ്ങിയവ പേടിപ്പിക്കുന്നതാണ്. 'അറിവുണ്ട്, വിവേകമില്ല' എന്ന അവസ്ഥ സംജാതമായിട്ടുണ്ട്. തെറ്റും ശരിയും സംബന്ധിച്ചുള്ള ആകുലത മനുഷ്യനു കുറഞ്ഞിരിക്കുന്നു. ഇവ വിദ്യാർത്ഥികളെ സ്വാധീനിക്കാതെ നോക്കുക എന്നതാണ് വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്നവരുടെ പ്രധാന ചുമതല. സി.എം.ഐ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ഏറെ ശ്രദ്ധിക്കുന്നുണ്ട്. സി.എം.ഐ. സഭയുടെ കീഴിലുള്ള പ്രധാന കലാലയങ്ങളായ തേവര എസ്.എച്ച്. കോളജ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ്, കോഴിക്കോട് ദേവഗിരി കോളജ്, രാജഗിരി സോഷ്യൽ സയൻസ് കോളജ് എന്നീ പഴക്കവും പാരമ്പര്യവുമുള്ള കോളജുകൾ മഹത്തായ പ്രവർത്തനങ്ങൾ ഇന്നും തുടരുന്നു. മറ്റു സ്ഥാപനങ്ങളും ഇവയുടെ പാതയിലാണു മുന്നേറുന്നത്. സി.എം.ഐ. സഭയുടെ ആദ്യ കോളജാണു തേവരയിലേത്.

രാജഗിരി സോഷ്യൽ സയൻസ് കോളജ് പുതിയ തുടക്കമായിരുന്നു. സോഷ്യൽവർക്ക് ഒരു പ്രൊഫഷൻ ആയി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചിരുന്നവർ തിരിച്ചറിയാതിരുന്ന കാലഘട്ടത്തിലാണ് രാജഗിരി സോഷ്യൽ സയൻസ് കോളജ് തുടങ്ങിയത്. അതിന് ദീർഘ ദർശന സ്വാഭാവമുണ്ടായിരുന്നു.

വർത്തമാനകാലത്തിന്റെ ആവശ്യങ്ങൾക്കുള്ള പ്രത്യുത്തരമായി എൻജിനിയറിംഗ് കോളജുകൾ ആരംഭിച്ചതുപോലെ നിരവധി ദശാബ്ദങ്ങൾക്കു മുമ്പ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൊടുക്കാൻ സി.എം.ഐ. വൈദികർ ശ്രദ്ധിച്ചിരുന്നു. ഇൻഡസ്ട്രിയൽ സ്കൂൾ, ഐ.റ്റി.സി.കൾ തുടങ്ങിയവ ഉദാഹരണം. ആധുനിക കാലത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങളോടുള്ള സമഗ്രമായ പ്രതികരണമായി എടുത്തു കാണിക്കാവുന്ന സി.എം.ഐ. മാതൃകയാണു കാക്കനാട് രാജഗിരി വാലിയിലെ രാജഗിരി വിദ്യാപീഠം. രാജഗിരി സ്കൂൾ ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി, രാജഗിരി

സ്കൂൾ ഓഫ് മാനേജ്മെന്റ്, രാജഗിരി സെന്റർ ഫോർ ബിസിനസ് സ്റ്റഡീസ്, രാജഗിരി കോളജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസ്, രാജഗിരി ക്രിസ്തുജയന്തി പബ്ലിക് സ്കൂൾ, ക്രിസ്തുജയന്തി കിന്റർഗാർട്ടൺ എന്നിവ വിദ്യാപീഠത്തിന്റെ ഭാഗമായി ഒരു കാമ്പസിൽ നിലകൊള്ളുന്നു.

സി.എം.ഐ. സമൂഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ജന്മം കൊള്ളുന്നതും പടർന്നു പന്തലിക്കുന്നതും കൃത്യമായ ചട്ടക്കൂടുകൾക്കുള്ളിലാണ്. വ്യക്തമായ ദർശനബോധ്യങ്ങളാണ് അവയെ നയിക്കുന്നത്. "The CMI vision of education is to create a just human society by forming psychologically integrated, intellectually competent, morally upright and socially committed persons through a holistic process of education. We shall spare no means at moulding our students into wholesome individuals and be trailblazers in the field of science and technology."[7]

വിദ്യാഭ്യാസത്തിലൂടെ മനുഷ്യനെ അവന്റെ സാധ്യതകളുടെ പരിപൂർണതയിലേക്ക് ഉയർത്തുകയാണു പ്രഖ്യാപിത ലക്ഷ്യം. ആ വഴിത്താരയിൽ നിന്നു വഴുതിപ്പോകുന്നുണ്ടോയെന്നു വിലയിരുത്താൻ ഓരോ പ്രോവിൻസിലും മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. മുപ്പത്തിയാറാം പൊതുസംഘമാണ് (General Synaxis) ഓരോ പ്രോവിൻസിലും ഇത്തരം കമ്മിറ്റികൾ ഉണ്ടാകണമെന്ന തീരുമാനം കൈക്കൊണ്ടത്. അവയുടെ ഘടന എങ്ങനെയായിരിക്കണമെന്നും നിശ്ചയിക്കപ്പെട്ടു.

സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം കൊടുക്കുകയെന്നത് സി.എം.ഐ.വിദ്യാഭ്യാസ നയത്തിന്റെ പ്രധാന ഊന്നലാണ്. ഇതിനായി നിരവധി സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു. ഫീസ് സൗജന്യങ്ങളും ഇളവുകളും വേറെ.

ചാവറ സബ് റീജിയന്റെ കീഴിലുള്ള ആശ്രമശാലകൾ ദുർബലവിഭാഗത്തിലെ പെൺകുട്ടികളോടുള്ള കരുതലിനുള്ള ഒരു തെളിവാണ്. ആശ്രമശാല എന്നു വിളിക്കപ്പെടുന്ന ധൂളെയിലെ ഗേൾസ് ഹോസ്റ്റലിൽ ആദിവാസി പെൺകുട്ടികൾക്കു പ്രവേശനം നൽകി സ്കൂൾ പഠനത്തിനു സൗകര്യം ചെയ്തുകൊടുക്കുന്നു. 2009 ജൂലൈയിൽ ആരംഭിച്ച ഹോസ്റ്റൽ ഓരോ വർഷവും കൂടുതൽ കുട്ടികൾക്കു പ്രവേശനം നൽകി വളർന്നു. ഇതിന്റെ വിജയം ശാദയിലും അമൽനേറിലും ആൺകുട്ടികൾക്കുവേണ്ടി ആശ്രമശാലകൾ (ഹോസ്റ്റലുകൾ) ആരംഭിക്കാൻ പ്രചോദനമായി. വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ നിന്ന് വളരെ വിദൂരത്തിൽ സ്ഥിതി ചെയ്യുന്ന ആദിവാസി കുട്ടികൾക്ക് അക്ഷരവെളിച്ചം പകരാൻ ചാവറ സബ് റീജിയന്റെ കീഴിൽ ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നകാര്യം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്.

മഹാരാഷ്ട്ര സംസ്ഥാനത്തിലെ ആദിവാസി ഭൂരിപക്ഷ ജില്ലയായ നന്തൂർബാറിലെ വിദൂരമായ കുന്നിൽ പ്രവർത്തിക്കുന്ന ഏകാധ്യാപക വിദ്യാലയവും ബാംഗ്ലൂർ നഗരമധ്യത്തിലെ ക്രൈസ്റ്റ് ഡീംഡ് ടു ബി യൂണിവേഴ്സിറ്റി എന്ന രാജ്യാന്തര പ്രശസ്തിയുള്ള വിദ്യാഭ്യാസ സ്ഥാപനവും സി.എം.ഐ. സഭയുടെ കീഴിൽ പ്രവർത്തിക്കുന്നു എന്ന വസ്തുത സഭ നൽകുന്ന സേവനങ്ങളുടെ വൈപുല്യവും സാമൂഹിക പ്രതിബദ്ധതയും ദർശന പരിപൂർണതയും വെളിപ്പെടുത്തുന്നു. ഒന്നു സൂക്ഷമ പ്രപഞ്ചത്തെയും മറ്റേത് വിസ്തൃത പ്രപഞ്ചത്തെയും അഭിസംബോധനം ചെയ്യുന്നു. നഴ്സറി തലത്തിൽ പ്രവേശനം നേടുന്ന ഒരു കുട്ടിക്ക് ഏറ്റവും ഉയർന്ന അക്കാദമിക് പഠനം വരെ പൂർത്തിയാക്കി, ഡോക്ടറേറ്റും സ്വന്തമാക്കി പുറത്തിറങ്ങാവുന്ന സംവിധാനം സി.എം.ഐ.സഭ നടപ്പാക്കിയിട്ടുണ്ട്.

കാലഘട്ടത്തിന്റെ ആവശ്യങ്ങളോടും സാധ്യതകളോടും സത്വരമായും സർഗാത്മകമായും പ്രതികരിച്ചുകൊണ്ടാണ് സി.എം.ഐ. സഭ വിദ്യാഭ്യാസരംഗത്തു വളർന്നത്. 1953 -ൽ മൂന്നു പ്രവിശ്യകളായി തിരിഞ്ഞശേഷം മികച്ച ഇംഗ്ലിഷ് മീഡിയം സ്കൂളുകളുടെ നിരതന്നെ മൂന്നു പ്രവിശ്യകളിലുമുണ്ടായി. ഈ പ്രവിശ്യകളിൽ നിന്ന് പുതുനാമ്പുകളായി ഉയിർക്കൊണ്ട മറ്റു പ്രവിശ്യകളും മികച്ച ഇംഗ്ലിഷ് മീഡിയം സ്കൂളുകളിലൂടെ ഖ്യാതി നേടി. വിദ്യാർത്ഥികളിലൂടെ ജനഹൃദയങ്ങളിലേക്ക് എളുപ്പത്തിൽ കടക്കാമെന്ന ഗുണം ഈ സ്കൂളുകൾ വഴിയുണ്ടായി. അങ്ങനെ സി.എം.ഐ.സഭ സമൂഹത്തിൽ സ്വാധീനശക്തിയായി വളർന്നു. പിൽക്കാലത്ത് സ്വാശ്രയ കോളജുകൾക്ക് സർക്കാർ അനുവാദം നൽകിയപ്പോൾ ആ അവസരം പ്രയോജനപ്പെടുത്താനും സഭ മടിച്ചില്ല. ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്തുകൊണ്ട് സഭയുടെ സ്ഥാപനങ്ങൾ പെട്ടെന്നുതന്നെ ശ്രദ്ധയാകർഷിച്ചു.

ബാംഗ്ലൂർ ക്രൈസ്റ്റ് ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയുടെ സ്വപ്നതുല്യമായ വളർച്ച ഗുണമേന്മ കൊണ്ടുണ്ടായതാണ്. ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയുടെ ആദ്യരൂപമായ ക്രൈസ്റ്റ് കോളജ് 1969-ലാണ് ആരംഭിച്ചത്. ഇന്ന് 21000 യുവജനങ്ങൾ പഠിക്കുന്ന വലിയ യൂണിവേഴ്സിറ്റിയായിരിക്കുന്നു. കേരളത്തിൽ മാത്രം അഞ്ച് ലക്ഷത്തോളം വിദ്യാർഥികൾ സി.എം.ഐ. സഭയുടെ വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ നാല് ലക്ഷത്തോളം വിദ്യാർത്ഥികളും. ഈ സ്ഥാപനങ്ങളിലായി നാല്പതിനായിരത്തിലേറെ അധ്യാപകരും ഇരുപതിനായിരത്തിലേറെ അനധ്യാപകരും ജോലിചെയ്യുന്നു.

വിദ്യാദാനത്തിലൂടെ ജനഹൃദയങ്ങളിൽ കടന്നുചെല്ലാനും പ്രതിഷ്ഠ നേടാനും സി.എം.ഐ. സഭാംഗങ്ങൾക്കു കെനിയയിലും കഴിഞ്ഞു. പൊതുജനസഹകരണം സ്നേഹോഷ്മളമാണ്. സി.എം.ഐ.വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആദ്യമായി രൂപം കൊണ്ട ബിയൂണിയിൽ കാര്യങ്ങൾ ഒട്ടും എളുപ്പമായിരുന്നില്ല. സാമ്പത്തിക പ്രതിസന്ധി എപ്പോഴും തുറിച്ചുനോക്കി. ആദ്യത്തെ സ്കൂളിന്റെ നിർമാണം പണമില്ലാതെ മുടങ്ങിപ്പോകുമെന്ന അവസ്ഥ വന്നപ്പോൾ 'അക്കാമ്പ ടിമ്പർ' ഉടമയായ ഗുജറാത്തി കച്ചവടക്കാരൻ തടിയും സിമന്റും മറ്റും കടമായി നൽകി സഹായിച്ചു. സ്കൂൾ ബസുകൾ വാങ്ങേണ്ടി വന്നപ്പോൾ ഒരു മലയാളി 20 ലക്ഷം ഷില്ലിംഗ് കടം നൽകി സഹായിച്ചു. ബസ് കമ്പനിയിൽ 15 ലക്ഷം ഷില്ലിംഗ് മുൻകൂറായി അടയ്ക്കണമായിരുന്നു. പ്രത്യേകം രേഖപ്പെടുത്താനാവുന്ന ഇത്തരം സഹായങ്ങൾ വേറെയുമുണ്ട്.

ബിയൂണിയിലെ സെന്റ് ജോസഫ്സ് ബോർഡിംഗ് പ്രൈമറി സ്കൂളിലും കാർമ്മൽ ഗേൾസ് സെക്കൻഡറി സ്കൂളിലും പഠിക്കാൻ ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കേ കഴിയൂ. അതിനാൽ സാധാരണക്കാരുടെ മക്കൾക്കു പഠിക്കുന്നതിനാണ് ക്രൈസ്റ്റ് സെക്കൻഡറി സ്കൂൾ സ്ഥാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം പാവപ്പെട്ട കുട്ടികൾക്കും ലഭ്യമാക്കുകയെന്ന ദർശനം ഈ സ്കൂളിലൂടെ നടപ്പിലാക്കുന്നു.

കെനിയയിൽ സി.എം.ഐ.സഭയുടെ വളർച്ചയ്ക്കു ഈ സ്കൂളുകൾ പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. ബിയൂണിയിലെ സി.എം.ഐ. സ്കൂളുകളിലേക്കു കെനിയയുടെ വിദൂരപ്രദേശങ്ങളിൽ നിന്നുപോലും കുട്ടികൾ എത്തി. മികച്ച അക്കാദമിക് കഴിവുകളും ധാർമിക നിലവാരവും മക്കൾക്കു കരഗതമാകണമെന്ന് ആഗ്രഹിച്ച മാതാപിതാക്കൾ ദൂരം പരിഗണിക്കാതെ കുട്ടികളെ സി.എം.ഐ. സഭയുടെ ബോർഡിംഗ് സ്കൂളുകളിൽ ചേർത്തു. ഇത് വിദൂരപ്രദേശങ്ങളിലും സി.എം.ഐ.മിഷന്റെ ഖ്യാതി പരത്തി. കെനിയയിലെ ഭരണനേതൃത്വവുമായി അടുത്തബന്ധം സ്ഥാപിക്കാൻ അവസരം കിട്ടിയതും സ്കൂളുകളുടെയും മിഷന്റെയും വളർച്ചയ്ക്കു വഴിതെളിച്ചു.

ബിയൂണി കാർമ്മൽ സ്കൂളിലെ ബാൻഡ് സെറ്റ് പ്രശസ്തമായിരുന്നു. ഏഴ് കിലോമീറ്റർ അകലെ കബയിലെ ഹൈസ്കൂളിൽ

കെനിയൻ പ്രസിഡന്റ് ആരപ് മോയി വന്നപ്പോൾ സ്വീകരണം കൊഴുപ്പിക്കാൻ കാർമ്മൽ സ്കൂളിലെ ബാൻഡ് ടീമിനെ കൊണ്ടുപോയി. ടീമിന്റെ പ്രകടനം പ്രസിഡന്റിനെ ഏറെ ആകർഷിച്ചു. അദ്ദേഹം ഫാ.ജോസ് കല്ലേലിയെ വേദിയിലേക്കു ക്ഷണിച്ച് അഞ്ചു ലക്ഷം ഷില്ലിംഗിന്റെ ചെക്ക് നൽകി. സ്കൂളിന്റെ വികസനത്തിനുള്ള സഹായമായിരുന്നു. 'പുതിയ സ്കൂളാണ്, സഹായിച്ചാൽ കൊള്ളാ'മെന്ന് അടുപ്പമുള്ള ആരെങ്കിലും പ്രസിഡന്റിനോട് പറഞ്ഞിട്ടുണ്ടാവും. കെനിയൻ വൈസ് പ്രസിഡന്റ് കലോൽസോമിസിയോക്ക, സി.എം.ഐ.സ്പെഷൽ സ്കൂൾ സന്ദർശിച്ച അവസരത്തിൽ പത്തുലക്ഷം ഷില്ലിംഗ് സംഭാവന ചെയ്തു. അദ്ദേഹത്തിന്റെ പത്നി പിന്നീട് നാലുലക്ഷം ഷില്ലിംഗ് കൂടി സംഭാവന ചെയ്തു.

കെനിയയിലെ ഈ പ്രവർത്തന വിജയങ്ങളുടെ പ്രത്യേകതകൾ പഠിച്ചാൽ മൂന്നാം ലോകരാജ്യങ്ങളായ ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും അനുവർത്തിക്കാവുന്ന സവിശേഷമായ മിഷൻ പ്രവർത്തനശൈലി രൂപപ്പെടുത്താനാകും. സിദ്ധാന്തങ്ങളല്ല, ചെയ്തു വിജയിച്ച അനുഗ്രഹദായകങ്ങളായ കാര്യങ്ങളാണവ.

മാന്നാനത്ത് ആദ്യം ആരംഭിച്ചത് വൈദിക പഠനകേന്ദ്രമായ സെമിനാരിയാണ്. അതായത് ആത്മീയമായ വിദ്യാദാന ശുശ്രൂഷ. മാന്നാനത്തും പിന്നീട് മറ്റ് ആശ്രമങ്ങളിലും ആരംഭിച്ച കാറ്റക്കുമനേറ്റുകൾ (Catechumenates) അനൗപചാരിക സ്കൂളുകളുടെ ധർമ്മവും നിർവഹിച്ചിട്ടുണ്ട്. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യാൻ ആഗ്രഹിക്കുന്നവരെ ഒരുമിച്ചുകൂട്ടി ആവശ്യമായ പരിശീലനം നൽകുന്ന ഇടമാണ് കാറ്റക്കുമനേറ്റ്. വേദപാഠശാലയെന്നു മലയാളീകരിക്കാം. ക്രൈസ്തവ വിശ്വാസം സംബന്ധിച്ച് വേണ്ട അറിവും അതിനോടു താത്പര്യവും വളർത്തിയെടുക്കാൻ ഉതകുന്ന രീതിയിലുള്ള വിശ്വാസ പരിശീലനമാണ് ഇവിടെ നൽകിയിരുന്നത്. പൊതുവിജ്ഞാനവും സാക്ഷരത, ഗണിതജ്ഞാനം, അടിസ്ഥാന ജീവിതവിജ്ഞാനം മുതലായവയും അതിൽ ഉൾപ്പെട്ടിരുന്നു.[11] സി.എം.ഐ. സഭയുടെ തുടക്കം മുതൽ വിശ്വാസ പരിശീലനം തുടങ്ങിയെങ്കിലും 1866 മുതലാണ് കൂട്ടമായി മാമോദീസ കൊടു ക്കാൻ തുടങ്ങിയത്. ഇവർക്കുവേണ്ടി 1893 മുതൽ മാന്നാനത്ത് ഒരു സ്കൂൾ സ്ഥാപിച്ചു. പുളിങ്കുന്ന്, ചെത്തിപ്പുഴ, വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട് ആശ്രമങ്ങളോട് അനുബന്ധിച്ചും കാറ്റക്കുമനേറ്റുകൾ സജീവമായിരുന്നു. ഇവ അനൗപചാരിക വിദ്യാദാനത്തിന്റെ ഗുണഫലങ്ങളും പ്രദാനം ചെയ്തു.[12]

ക്രൈസ്തവ വിശ്വാസ സംബന്ധമായ പാഠങ്ങൾ പകർന്നു കൊടുത്തതോടൊപ്പം അതിൽ ഉറച്ചുനില്ക്കുവാൻ ആവശ്യമായ പൊതുവിജ്ഞാനവും നൽകി എന്നതു ഉദാത്തമായ സമീപനമായിരുന്നു. അതുപോലെ സെക്കുലർ വിദ്യാഭ്യാസം പകർന്നു കൊടുക്കുന്നതോടൊപ്പം ക്രൈസ്തവ വിശ്വാസ സംബന്ധമായ കാര്യങ്ങൾ പരിചയപ്പെടുത്താനും സാധിക്കണം. സാമ്പ്രദായികമായ രീതിയിൽ ക്ലാസ്മുറിക്കുള്ളിൽ അതു സാധ്യമാക്കുവാൻ നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ സാമൂഹികാവസ്ഥയിൽ കഴിയില്ല. പൊതുവായ അന്തരീക്ഷം, അധ്യാപകരുടെ ജീവിതമാതൃകകൾ, സ്കൂളുകളിലെ കലാ, സാംസ്കാരിക പ്രവർത്തനങ്ങൾ, വിവിധ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ ക്രൈസ്തവ മൂല്യങ്ങൾ സർഗാത്മകമായി പകർന്നുകൊടുക്കാനാകും. സി.എം.ഐ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. ഇവിടെ നിന്നു പഠിച്ചിറങ്ങുന്ന കുട്ടികൾ മാർക്കിൽ മാത്രമല്ല ധാർമികതയിലും മൗലികതയിലും മുന്നിട്ടു നിൽക്കുന്നതിനാവശ്യമായ പരിശീലനവും നൽകുന്നുണ്ട്. 2018-ൽ കേരളം പ്രളയകെടുതിയിൽ അമർന്നപ്പോൾ സി.എം.ഐ. സഭ നടത്തുന്ന കോളജുകളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ നടത്തിയ സേവനങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. ഓരോ കോളജിനോടനുബന്ധിച്ചും പ്രമുഖ സ്കൂളുകളോടനുബന്ധിച്ചും സാമൂഹിക സേവന സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ വിവിധ പ്രവർത്തനങ്ങൾക്കു വിവിധ വകുപ്പുകൾ നേതൃത്വം നൽകുന്നു. ബാംഗ്ലൂർ ക്രൈസ്റ്റ് ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയിൽ സാമൂഹിക സേവന പ്രവർത്തനങ്ങൾക്കായി സെന്റർ ഫോർ സോഷ്യൽ ആക്ഷൻ (C.S.A.) എന്ന വിഭാഗം തന്നെയുണ്ട്.

സി.എം.ഐ. സഭ വിദ്യാഭ്യാസ രംഗത്തു നൽകിയ സേവനങ്ങളെയും നേട്ടങ്ങളെയും ഒരു ചരിത്രകാരൻ വിലയിരുത്തിയിരിക്കുന്നത് ഇങ്ങനെയാണ്. "സി.എം.ഐ. സ്ഥാപക പിതാക്കന്മാർ, പ്രത്യേകിച്ച് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നേതൃത്വത്തിൽ, ആരംഭിച്ച വിദ്യാഭ്യാസ മുന്നേറ്റം സ്വന്തം പൈതൃകത്തിലെ ഏറ്റവും പ്രധാന ഘടകമായി പരിഗണിക്കുകയും ഗണനീയമായ വിധത്തിൽ വളർത്തുകയും ചെയ്തിട്ടുണ്ട്. സി.എം.ഐ. സഭയുടെ ഏറ്റവും കൂടുതൽ സാമൂഹ്യ ദൃശ്യതയുള്ള പ്രേഷിത ശുശ്രൂഷ വിദ്യാഭ്യാസമാണ്. 30 ശതമാനത്തിലേറെ അംഗങ്ങൾ പ്രസ്തുത ശുശ്രൂഷയിൽ നേരിട്ടു വ്യാപൃതരാണ്. ഭാരതത്തിലെ പ്രവിശ്യകളിലും വിദേശത്തുമായി 500-ൽ പരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളരെ വലിയൊരു ശൃംഖല സഭ വളർത്തിയെടുത്തിട്ടുണ്ട്.

അവയിൽ എല്ലാത്തരത്തിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും പെടുന്നു" (ജോസ് കുറിയേടത്ത്, ചാവറയുടെ കരിസ്മയും സി. എം.ഐ. കാരിസവും, പേജ് 88).

ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവയിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിനാളുകളെയും അവരുടെ കുടുംബങ്ങളെയും മാത്രമല്ല രക്ഷപ്പെടുത്തിയത്. ഇവിടെ ജാതിമതഭേദമെന്യേ പഠിച്ച് ജീവിതവിജയം നേടിയ ലക്ഷക്കണക്കിനു വിദ്യാർത്ഥികളിലൂടെ ദശലക്ഷക്കണക്കിനു കുടുംബാംഗങ്ങളും ഭൗതികസുരക്ഷ ആർജി ച്ചു.

### സൂചിത രേഖകൾ


1. ബർണർഡിൻ സി.എം.ഐ., മലബാർ കുടിയേറ്റവും സി.എം.ഐ. സഭയും, പേജ് 41.
2. തോമസ് ഐക്കര സി.എം.ഐ. *ഞാൻ കണ്ട സി.എം.ഐ. സഭ,* പേജ് 57.
4. *ചാവറയച്ചന്റെ കത്തുകൾ,* പേജ് 197, 198.
5. *Herald of the New Age,* Page 383.
6. ജിതിൻ ജെ.ജി., *വിദ്യാഭ്യാസ വളർച്ചയിലെ നാഴികക്കല്ലുകൾ,* *ബേസ് റൗമ* - ഏപ്രിൽ 2019, പേജ് 94.
7. *Herald of the New Age,* Page 395.
8. *Herald of the New Age,* Page 396.
9. ജറോം ചെറുശ്ശേരി സി.എം.ഐ., മാണി പയസ്, *ആദ്യകിരണങ്ങൾ,* പേജ് 92, 93.
10. കെനിയയിലെ സീനിയർ മിഷനറിയായ ഫാ. ജോസ് കല്ലേലി സി.എം.ഐ.യുമായുള്ള സംഭാഷണങ്ങളിൽ നിന്ന് കിട്ടിയ വിവരങ്ങൾ.
11. ജോസ് കുറിയേടത്ത് സി.എം.ഐ., സി.എം.ഐ. കാരിസം; ഉത്ഭവവും വളർച്ചയും, *C.M.I. Constitution Retreat,* Page 61.
12. ബർണാർദ് റ്റി.ഒ.സി.ഡി., *സി.എം.ഐ. ആദ്യദശക ങ്ങളിൽ,* പേജ് 287, 288, 289.

17

# സാമൂഹിക സേവനം സമഗ്രതയിൽ

വിശുദ്ധ ചാവറയച്ചനു വളരെ ഇഷ്ടപ്പെട്ട ഒരു സുവിശേഷ വചനമാണ് മത്തായി 25:40. "എന്റെ ഏറ്റവും എളിയ സഹോദര ന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനി ക്കു തന്നെയാണ് ചെയ്തത്" എന്ന യേശുവചനം. ക്രിസ്ത്യാനി കളുടെ സാമൂഹിക സേവനത്തിന്റെ അടിസ്ഥാന വചനശിലകളിൽ ഒന്നാണിത്. ഈ വചനത്തിന്റെ ആൾരൂപമായ വിശുദ്ധ ഫ്രാൻ സിസ് അസ്സീസിയുടെ ജീവിതത്തിൽ നിന്നുള്ള ഒരു സന്ദർഭം കൈനകരി ഇടവകക്കാർക്ക് 1869 ഒക്ടോബർ 15-ന് അയച്ച കത്തി ൽ ചാവറയച്ചൻ ആവിഷ്കരിച്ചിട്ടുണ്ട്. "പഞ്ചക്ഷതധാരിയായ വിശുദ്ധ ഫ്രാൻസിസ് ഒരു ദിവസം കുതിരപ്പുറത്ത് യാത്ര ചെയ്യു കയായിരുന്നു. വഴിയിൽ വെച്ച് ഒരു രോഗിയെ കണ്ടുമുട്ടി. അയാ ളുടെ മുറിവെല്ലാം ചീഞ്ഞു ചലം ഒഴുകിയിരുന്നു. അയാൾ വിശു ദ്ധനോട് സഹായം അപേക്ഷിച്ചപ്പോൾ വിശുദ്ധൻ പണം എടു ത്തുനീട്ടി. എന്നാൽ രോഗി പറഞ്ഞു, എനിക്കു പണം വേണ്ട. വലിയ നൊമ്പരമുള്ള എന്റെ ഈ മുറിവിൽ നിന്റെ നാവുകൊണ്ട് നക്കിയാൽ എനിക്കു കുറെ ആശ്വാസം ലഭിക്കും. എനിക്കതു ചെയ്തു തരുമോ? ഇതുകേട്ടപ്പോൾ വിശുദ്ധ ഫ്രാൻസിസിന് ആദ്യം മടി തോന്നിയെങ്കിലും ധൈര്യപ്പെട്ട് കുതിരപ്പുറത്തു നിന്നി റങ്ങി, നാക്ക് നീട്ടി നക്കുവാൻ തുടങ്ങിയപ്പോൾ രോഗിയെ കണ്ടി ല്ല. ഈ സംഭവമാണ് (അതിനുശേഷം വീട്ടിൽ ചെന്ന്) സമസ്തവും ഉപേക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഇത്ര വലിയ വിശു ദ്ധനാക്കിയതും."[1]

പുതുക്രൈസ്തവർ, അനാഥർ, മാർഗം കൂടുവാൻ ആഗ്രഹി ക്കുന്നവർ, വഴിയിൽ അലഞ്ഞു നടക്കുന്ന യാചകർ, രോഗികൾ എന്നിങ്ങനെയുള്ളവരെ താമസിപ്പിച്ച് ശുശ്രൂഷിച്ച് സംരക്ഷിക്കുന്ന

ഉപവിശാല (ധർമ്മശാല)യെപ്പറ്റി ഈ കത്തിൽ വിശദമായിത്തന്നെ ചാവറയച്ചൻ എഴുതിയിട്ടുണ്ട്. "എന്റെ വചനം കേട്ട് നിങ്ങൾ കർത്താവിനെ പ്രതി നാണമില്ലാത്തവരാകുവിൻ" എന്ന് ഉദ്ബോധിപ്പിച്ചിട്ടുമുണ്ട്. ചാവറയച്ചന്റെ ഉദ്ബോധനം അനുസരിച്ച് ഭാരതത്തിലെ ആദ്യ ഉപവിശാല 1869-ൽ കൈനകരി ഇടവകയിൽ സ്ഥാപിതമായി. ഉപവിശാലയെക്കുറിച്ച് എഴുതിയ കത്തിൽ നന്മരണ സഭയെക്കുറിച്ചും ചാവറയച്ചൻ സൂചിപ്പിക്കുന്നുണ്ട്. സി.എം.ഐ. സഭയുടെ കാരുണ്യപ്രവർത്തനങ്ങൾ ചാവറയച്ചനിൽ നിന്നാണ് ആരംഭിച്ചത്.

1906-ലാണ് സി.എം.ഐ. സഭയുടെ ഭരണഘടനയ്ക്ക് ആദ്യമായി റോമിന്റെ സ്ഥിരമായ അംഗീകാരം ലഭിച്ചത്. പ്രധാനമായും ധ്യാനാത്മക ജീവിതത്തിന് ഉതകുന്ന നിയമങ്ങളാണ് ഇതിൽ ഉള്ളടങ്ങിയിരുന്നത്. കൂദാശകളുടെ ശുശ്രൂഷ, ധ്യാനപ്രസംഗം എന്നിവ സംബന്ധിച്ചല്ലാതെ മറ്റ് അപ്പസ്തോലിക ശുശ്രൂഷകളെപ്പറ്റി അതിൽ സൂചിപ്പിച്ചിരുന്നില്ല. അതേസമയം, അംഗങ്ങൾ നിരവധി അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ്, പ്രസിന്റെയും കാറ്റക്കുമനേറ്റിന്റേയും പ്രവർത്തനം തുടങ്ങിയവ. ആശ്രമത്തിനുള്ളിലെ ധ്യാനാത്മക ജീവിതവും ആശ്രമത്തിനു പുറത്തുള്ള ലോകത്തിലെ സകർമ്മക ജീവിതവും കൂട്ടിയോജിപ്പിച്ചു കൊണ്ടുപോകുവാൻ സഭാംഗങ്ങൾക്കു കഴിഞ്ഞിരുന്നു. അതിനാൽ 1953-ൽ സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞശേഷം ഭരണഘടന പരിഷ്കരിക്കേണ്ട ആവശ്യം തിരിച്ചറിയുകയും അതിനായുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

പുതിയ ഭരണഘടനയ്ക്ക് 1958 ഡിസംബർ എട്ടിനു റോമിന്റെ അംഗീകാരം സിദ്ധിച്ചു. ഇതിലും സാമൂഹിക സേവന ശുശ്രൂഷയെപ്പറ്റി (Social Apostolate) വളരെ അവ്യക്തമായേ രേഖപ്പെടുത്തിയിരുന്നുള്ളൂ. "The local superiors shall generously co-operate and support all the activities, apostolic and humanitarian, enjoined legally to the ashram and encourage those who are involved in these activities" (Part III, section 6, article 456). സുപ്പീരിയർമാർ അപ്പസ്തോലികവും മാനുഷികവുമായ കർമങ്ങളോടു സഹകരിക്കുകയും പിന്തുണയ്ക്കുകയും അങ്ങനെ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുകയും വേണം. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം സി.എം.ഐ. സഭയുടെ ഭരണഘടന വീണ്ടും ഭേദഗതി ചെയ്ത് അംഗീകാരത്തിനു റോമിൽ സമർപ്പിച്ചു. 1967 ജൂൺ 29-നു റോമിന്റെ അംഗീകാരം ലഭിച്ചു. ഇതിൽ

സാമൂഹികസേവന ശുശ്രൂഷയുമായി ബന്ധപ്പെട്ട അഞ്ച് ഭാഗങ്ങൾ (articles) ഉൾപ്പെട്ടിരുന്നു. ഭാവിയിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ചിന്തകൾക്കുള്ള ഇടം ഇതിൽ ഉണ്ടായിരുന്നു.

പിൽക്കാലത്ത് കൂടുതൽ ചിന്തകളും കൂട്ടായ ചർച്ചകളും ഭേദ ഗതികളും ഉണ്ടായി. അവയുടെ പരിണിതഫലമെന്നോണം ഇന്നു സി.എം.ഐ. സമൂഹം ആത്മീയതയുടെ പ്രകാശന രീതിയായാണ് സാമൂഹിക സേവന ശുശ്രൂഷകളെ കാണുന്നത്. യേശുവിന്റെ ശുശ്രൂഷയുടെ തുടർച്ചയാണത്. പാവങ്ങൾക്കും രോഗികൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും വേണ്ടി അത്ഭുതങ്ങൾ പ്രവർ ത്തിച്ച യേശുവിന്റെ ശുശ്രൂഷ. ദൈവരാജ്യം സമീപിച്ചിരിക്കുന്ന തിന്റെ അടയാളങ്ങളായിരുന്നു അവിടുന്നു അദ്ഭുതങ്ങളി ലൂടെ ആവിഷ്കരിച്ചത്.

മനുഷ്യരെ ശുശ്രൂഷിക്കുന്നതിലൂടെ ദൈവത്തെ അനുഭവിക്കാൻ കഴിയുന്നുവെന്നതാണ് സാമൂഹിക സേവനത്തിൽ ഏറ്റവും പ്രധാ നം. സാമൂഹിക സേവന പരിശ്രമങ്ങൾ അംഗങ്ങളുടെ ശാന്തവും പ്രാർത്ഥനാഭരിതവും ധ്യാനാത്മകവുമായ ജീവിതത്തിനു ചിലപ്പോ ഴെങ്കിലും തടസം സൃഷ്ടിച്ചേക്കാമെങ്കിലും അതിലെ ഉന്നതമായ ആത്മീയത തിരിച്ചറിയപ്പെടുന്നുണ്ട്. സി.എം.ഐ. ഭരണഘടന യിൽ ദരിദ്രർ മുൻഗണനാ വിഷയമാണ്. ദരിദ്രരോട് എത്രത്തോളം അടുത്തുനില്ക്കുന്നുവോ ദൈവത്തോടും അത്രത്തോളം അടുത്താ യിരിക്കുമെന്ന ബോധ്യം ശക്തമാണ്.

സാമൂഹികസേവന ശുശ്രൂഷ ഓരോ സി.എം.ഐ.വൈദിക ന്റെയും വ്യക്തിപരമായ ചുമലയാണെന്നാണ്, Beyond Boundaries എന്ന തലക്കെട്ടിലുള്ള സി.എം.ഐ. സോഷ്യൽ അപ്പസ്തോ ലേറ്റ് സംബന്ധിച്ച കൈപ്പുസ്തകം (Handbook) വ്യക്തമാക്കുന്ന ത്. "Social involvement and action is a personal obligation of every individual member and it cannot be delegated to the social apstolate in order to be relieved from personal obligation. Only when we are convinced that serving the needy neighbour is also a powerful and highly esteemed way of spirituality, the strong motivations to enter into social apsotolate will take root in our communities."[2]

സി.എം.ഐ. സഭയുടെ സാമൂഹിക സേവന മേഖല അതിവി ശാലമാണ്. അതിനു പല തലങ്ങളുണ്ട്. പ്രിയോർ ജനറാളിന്റെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ, പ്രോവിൻസുകളുടെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ, ആശ്രമങ്ങളുടെ കീഴിൽ നടത്തുന്ന

പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളുടെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെ. സി.എം.ഐ. സഭയുടെ സോഷ്യൽ അപ്പസ്തോലേറ്റിനു കീഴിൽ 1987-ൽ രൂപം കൊണ്ട 'സേവ' (CEVA - Cyriac Elias Voluntary Association) എന്ന സംഘടനയാണ് സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നതും ഏകോപിപ്പിക്കുന്നതും. 'സേവ'യ്ക്കു കൊച്ചിയിൽ കേന്ദ്ര ഓഫീസും ഡൽഹിയിൽ പ്രാദേശിക ഓഫീസുമുണ്ട്.

1986-ൽ 'സേവ' രൂപവത്കൃതമായതിന്റെ ചരിത്രം 'കെസി'ന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സന്ന്യാസ വൈദികരും അല്മായരും ചേർന്നുള്ള സാമൂഹികക്ഷേമ പ്രവർത്തനമെന്ന ആശയത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു തൃശൂർ ദേവമാതാ പ്രവിശ്യയുടെ കീഴിൽ രൂപവത്കൃതമായ 'കെസ്' (കുര്യാക്കോസ് ഏലിയാസ് സർവീസ് സൊസൈറ്റി). 1974 മെയ് മാസത്തിലാണ് 'കെസ്' രജിസ്റ്റർ ചെയ്തത്.

'കെസി'ന്റെ പ്രവർത്തനങ്ങൾക്കു ഗണ്യമായ ഫണ്ട് നൽകിയിരുന്ന ഏജൻസിയാണ് ജർമനിയിൽ കാൾ ക്യൂബൽ ഫൗണ്ടേഷൻ. ഇതിന്റെ സ്ഥാപകനായ കാൾ ക്യുബൽ കേരളത്തിൽ വന്ന് കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ക്യൂബൽ ഫൗണ്ടേഷന്റെ ധനസഹായം കൊണ്ട് 'കെസി'ന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു. സംതൃപ്തനായ അദ്ദേഹം സി. എം.ഐ. സഭയുടെ മറ്റു പ്രവിശ്യകളുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കും ഫണ്ട് അനുവദിക്കാൻ തയ്യാറായി. അങ്ങനെ വിവിധ ഫണ്ടിംഗ് ഏജൻസികളുടെ സഹായവും പ്രവർത്തനങ്ങളും വർധിച്ചപ്പോൾ സി.എം.ഐ. സഭയുടെ സാമൂഹിക പ്രവർത്തനങ്ങൾ പ്രിയോർ ജനറാളിന്റെ കീഴിൽ ഏകോപിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് 'സേവ' രൂപം കൊണ്ടത്.

പിന്നീട് ക്യൂബൽ ഫൗണ്ടേഷൻ വിവിധ രൂപതകളുടെ പ്രവർത്തനങ്ങളെയും സഹായിക്കാൻ തുടങ്ങി. വിവിധ കന്യാസ്ത്രീ സമൂഹങ്ങൾക്കും ക്യൂബലിന്റെ സഹായം കിട്ടി. ഇവയെ ഏകോപിക്കേണ്ട ചുമതലയും 'സേവ'യിലാണു നിക്ഷിപ്തമായത്. കാലക്രമത്തിൽ 'സേവ'യുടെ പ്രവർത്തനങ്ങൾ കൂടുതൽ വിശാലമായി. വിവിധ അന്തർദേശീയ ഫണ്ടിംഗ് ഏജൻസികൾ സഹകരിക്കാൻ തയ്യാറായി മുന്നോട്ടു വന്നു.

ഇന്ത്യയുടെ പല ഭാഗത്തും സാമൂഹിക സേവനത്തിനു സന്നദ്ധരായ യുവാക്കളെ ചേർത്ത് 'സേവ' സന്നദ്ധ സംഘടനകൾക്കു

രൂപം നൽകി. അവരിൽ ക്രിസ്ത്യാനികൾ മാത്രമല്ല ഹിന്ദുക്കളും മുസ്ലിംകളും ഉൾപ്പെടുന്നു. പല സ്ഥലങ്ങളിലും നിലവിലുള്ള സന്നദ്ധ സംഘടനകളെ ശാക്തീകരിച്ചു. അങ്ങനെ ഇതുവരെ (2019) ആയിരത്തോളം പ്രൊജക്ടുകൾ 'സേവ'യിലൂടെ യാഥാർഥ്യ മായിട്ടുണ്ട്. 'സേവ'യിലൂടെ സന്നദ്ധ സംഘടനകൾ വളർന്നു. 35,000 രൂപയുടെ പ്രവർത്തനങ്ങളുമായി ആരംഭിച്ച സംഘടനകൾ ഇന്നു നാലുകോടി രൂപയുടെ വരെ പ്രൊജക്ടുകൾ ചെയ്യുന്നു.

ഗ്രാമവികസനം, സ്ത്രീശാക്തീകരണം, കുട്ടികളുടെ അവകാശ സംരക്ഷണം, ട്രൈബൽ വികസനം, ആരോഗ്യം, പാർപ്പിടം, ജല വിനിയോഗം, പ്രകൃതിക്ഷോഭം, എച്ച്.ഐ.വി./എയ്ഡ്സ്, കാർഷി ക വികസനം തുടങ്ങിയ മേഖലകളിലാണ് 'സേവ' പ്രൊജക്ടു കൾ ഏറ്റെടുത്തു യാഥാർഥ്യമാക്കിയത്. 1986 മുതൽ 25 വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി 5,59,750 പേർ നേരിട്ടുള്ള ഗുഭോ ക്താക്കളായി. 13,51,000 പേർക്ക് പരോക്ഷമായ ഗുണം കിട്ടി. മൊത്തം 57,13,250 പേർ (SEVA 25 Years of Services to Humanity, page 19). ഈ കാലഘട്ടത്തിൽ ചെറുതും വലുതമായ പ്രൊജ ക്ടുകൾക്കായി മൊത്തം ചെലവഴിച്ചത് 481,30,73,010 കോടി രൂപ യാണ് (SEVA 25 Years of Services to Humanity, page 21).

കാൾ ക്യൂബൽ ഫൗണ്ടേഷനു പുറമെ Indienhilfe, K.I.D.S., UPS Corporate Responsibility, TCI Foundation, Elton John AIDS Foundation UK തുടങ്ങിയ അന്തർദേശിയ ഏജൻസികളാണ് 'സേവ'യുമായി സഹകരിച്ച് ഫണ്ട് അനുവദിച്ചത്. 'സേവ' യാഥാർഥ്യമാക്കിയ പ്രധാന പ്രൊജക്ടുകൾ: 1. Gyan Jyoti Literacy Programme, 2. Kerala Social Volunteers Corps (KSVC Project), 3. Relief and Rehabilitation Programmes of CEVA, 4. ASWAS (Association of Single Women for Action and Self Help), 5. National Child Labour Project (NCLP), 6. Kavach TCI HIV Project. 7. Strengthening of Rural Poor through Formation of Self-Help Group and Literacy, 8. NGO Enhancement and Empowerment Project, 9. SANTHWANAM - An initiative for the HIV/AIDS infected and affected children, 10. Child Protection Programme of CEVA.

സേവ ഇന്ത്യയിലെമ്പാടുമായുള്ള 450 ഓളം എൻ.ജി.ഒ.കളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്നു. പ്രൊജക്ടുകളുടെ വിലയിരുത്തലും പരിശീലനവും കൺസൾട്ടൻസിയും പബ്ലിക്കേഷനും മറ്റും 'സേവ'യുടെ പ്രവർത്ത നങ്ങളിൽ ഉൾപ്പെടുന്നുണ്ട്.

പ്രവിശ്യാതലത്തിലുള്ള സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്കായി തൃശൂർ ദേവമാതാ പ്രവിശ്യയ്ക്ക് 'കെസ്' എന്നതുപോലെ ഓരോ പ്രവിശ്യയ്ക്കും തനതായ സംവിധാനങ്ങളുണ്ട്. ഓരോ പ്രവിശ്യയും ഊന്നൽ കൊടുക്കുന്ന പ്രവർത്തന മേഖലകൾ വ്യത്യസ്തങ്ങളാണ്. കഴിഞ്ഞ 16 വർഷമായി എച്ച്.ഐ.വി./എയ്ഡ്സ് മേഖലയിലാണു 'കെസ്' ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി അയ്യായിരത്തോളം എച്ച്.ഐ.വി. ബാധിതരെ സഹായിക്കുന്നു. ധനസഹായം, കൗൺസിലിംഗ്, വിദ്യാഭ്യാസ സഹായം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ എച്ച്.ഐ.വി. സാക്ഷരതാ ജില്ലയായി പാലക്കാട് അംഗീകരിക്കപ്പെട്ടതിനു പിന്നിൽ 'കെസി'ന്റെ പ്രവർത്തനങ്ങൾക്കു വലിയ പങ്കുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ എച്ച്.ഐ.വി. ബാധിതരുള്ള ജില്ലയാണ് പാലക്കാട്. എച്ച്.ഐ.വി. സാക്ഷരത എന്നതിൽ എച്ച്.ഐ.വി.യെ പറ്റിയുള്ള എല്ലാ വിവരങ്ങളും അറിയാമെന്നതു മാത്രമല്ല എച്ച്.ഐ.വി. ബാധിതരോട് മാനുഷിക പരിഗണനയോടെ പെരുമാറാൻ കഴിയുന്നതും പരിഗണിക്കപ്പെടുന്നു. സമൂഹം മുഖ്യധാരയിൽ നിന്ന് അവരെ മാറ്റി നിർത്തുന്നില്ല. ഈ രംഗത്ത് 300 ഓളം സന്നദ്ധ പ്രവർത്തകരെ രൂപപ്പെടുത്താൻ കഴിഞ്ഞിരിക്കുന്നു. അവരിൽ ഡോക്ടർമാരും കോളജ് അധ്യാപകരും ബിസിനസുകാരുമുണ്ട്. വ്യക്തികൾ സ്വന്തം നിലയ്ക്കു പ്രവർത്തിക്കുന്നതിനു 'കെസ്' പ്രചോദനമായിട്ടുണ്ട്. തൃശൂരിലെ ഒരു വ്യവസായി മാസംതോറും 100 എച്ച്.ഐ.വി. ബാധിതർക്ക് ആയിരം രൂപ വീതവും അവശ്യ സാധനങ്ങളുടെ കിറ്റും കൊടുക്കുന്നു. എച്ച്.ഐ.വി. ബാധിതരുടെ കുട്ടികളിൽ എം.ബി.ബി.എസി.നു പഠിക്കുന്നവരും ഡോക്ടറേറ്റ് ചെയ്യുന്നവരുമുണ്ട്.

സി.എം.ഐ. സഭ നേരിട്ടു സ്ഥാപനങ്ങളിലൂടെ നടത്തുന്ന സേവനപ്രവർത്തനങ്ങളും വളരെ വലുതാണ്. ഭിന്നശേഷിയുള്ളവർക്കായി 17 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കേരളത്തിനു പുറമെ ജമ്മു-കാശ്മീർ, തമിഴ്നാട്, ഗുജറാത്ത്, കർണാടക സംസ്ഥാനങ്ങളിലും വിദേശ രാജ്യമായ കെനിയയിലും ഇത്തരം സ്ഥാപനങ്ങളുണ്ട്.

ശാരീരികമായി ഭിന്നശേഷിയുള്ളവർക്കായി നാല് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അവയിലൊന്നു കെനിയയിലാണ്. ബധിരരും മൂകരുമായവർക്കുവേണ്ടിയും കാഴ്ചശക്തി ഇല്ലാത്തവർക്കുമായി ഓരോ സ്ഥാപനങ്ങൾ നടത്തുന്നു. ആരോരുമില്ലാത്ത വൃദ്ധ

ജനങ്ങളെ സംരക്ഷിക്കുന്ന 16 സ്ഥാപനങ്ങളാണുള്ളത്. തമിഴ്നാട്, കർണാടകം, മദ്ധ്യപ്രദേശ്, ഗുജറാത്ത് സംസ്ഥാനങ്ങളിലും കേരളത്തിലുമാണ് ഇവ സ്ഥിതിചെയ്യുന്നത്. അനാഥക്കുട്ടികൾക്കും മറ്റുമായി 21 സ്ഥാപനങ്ങളുണ്ട്. കേരളം, ആന്ധ്രപ്രദേശ്, മധ്യപ്രദേശ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്.

എട്ട് ആശുപത്രികളും 15 ഡിസ്പെൻസറികളുമുണ്ട്. ആൾട്ടർനേറ്റീവ് മെഡിസിൻ സെന്ററുകൾ പത്തെണ്ണമുണ്ട്. രണ്ട് ഡി അഡിക്ഷൻ സെന്ററുകളും 3 എച്ച്.ഐ.വി/എയ്ഡ്സ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കൗൺസിലിംഗ് സെന്ററുകൾ 15 എണ്ണമാണ്.

ജയിൽ മിനിസ്ട്രി ആറെണ്ണമുണ്ട്. ഭക്ഷ്യവിതരണം ഏഴ് യൂണിറ്റുകളിലായി നടക്കുന്നു, ക്രഷുകൾ 107-ഉം, സാക്ഷരതാ / ട്യൂഷൻ സെന്ററുകൾ 260 എണ്ണവും, വൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ 87-ഉം ആണുള്ളത്.

വിവിധ സമൂഹങ്ങളെ കേന്ദ്രീകരിച്ചുള്ള (Community based organisations) സംഘടനകളുടെ പ്രവർത്തനങ്ങളും ശ്രദ്ധേയങ്ങളാണ്. രജിസ്റ്റർ ചെയ്ത സംഘടനകൾ - 117. സ്വയംസഹായ സംഘങ്ങൾ - 5332. കർഷക ഫോറം - 121. സീനിയർ സിറ്റിസൺസ് സംഘടനകൾ - 25. യൂത്ത് ക്ലബുകൾ - 111. ചിൽഡ്രൻസ് ക്ലബ് - 286.

ഗ്രാമീണ വികസന രംഗങ്ങളിലും സി.എം.ഐ. സഭയുടെ സാന്നിധ്യം ശ്രദ്ധേയമാണ്. ഗ്രാമീണ കുടിൽ വ്യവസായ യൂണിറ്റുകൾ 36 എണ്ണമുണ്ട്. സാമൂഹിക വികസന പ്രോജക്ടുകൾ - 106. സി.എം.ഐ. ചാരിറ്റബിൾ ഓർഗനൈസേഷൻസ് - 84.

'സേവ' യ്ക്കു രൂപം കൊടുത്തപ്പോൾ കൃത്യമായ ലക്ഷ്യങ്ങളുണ്ടായിരുന്നു. സോഷ്യൽ അപ്പസ്തോലേറ്റ് ഇന്ത്യയ്ക്കകത്തും വിദേശ രാജ്യങ്ങളിലും നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. വിവിധ പ്രോവിൻസുകളിലുള്ള സന്നദ്ധ സംഘടനകളെ പരിപോഷിപ്പിക്കുക. സാമൂഹിക സേവന രംഗത്ത് സംഘടിതമായ ഇടപെടലുകൾ നടത്തുക. രാജ്യത്തിനകത്തുനിന്നും വിദേശരാജ്യങ്ങളിൽ നിന്നും വിഭവസമാഹരണം നടത്തുക. പ്രവർത്തനങ്ങളുടെ ഗുണഫലം ഉപയോക്താക്കളിലേക്ക് കാര്യക്ഷമമായി എത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുക. പൊതുവായ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക. ഇവയെല്ലാം യാഥാർഥ്യമാക്കാൻ കഴിഞ്ഞിരിക്കുന്നു.

സാമൂഹിക സേവനം ജീവൻരക്ഷാ കർമമായി മാറുന്നയിടങ്ങ

ളാണ് വിവിധ പ്രവിശ്യകളുടെ കീഴിലുള്ള വിഷചികിത്സാകേന്ദ്ര ങ്ങൾ. ദേവമാതാ പ്രവിശ്യയുടെ കീഴിലുള്ള പുല്ലൂർ ആശ്രമത്തോട് അനുബന്ധിച്ചും, കോട്ടയം സെന്റ് ജോസഫ്സ് പ്രവിശ്യയുടെ കീഴിൽ പുതുപ്പള്ളി ആശ്രമത്തിനു അനുബന്ധമായും, മൂവാറ്റു പുഴ കാർമ്മൽ പ്രോവിൻസിനു കീഴിലും, സേക്രഡ് ഹാർട്ട് പ്രവി ശ്യയിലും, കോഴിക്കോട് സെന്റ് തോമസ് പ്രവിശ്യയിലും സഭാം ഗങ്ങളും ഈ ചികിത്സാകർമ്മങ്ങളിൽ വ്യാപൃതരാണ്. പരമാവധി സൗജന്യ ചികിത്സയാണ് ഇവിടെ നൽകുന്നത്.

സാമൂഹിക സേവനരംഗത്തു തലയെടുപ്പോടെ നില്ക്കുന്ന സി. എം.ഐ. പ്രസ്ഥാനങ്ങൾ: 1. കെസ്സ്, തൃശൂർ, 2. സഹൃദയ, കൊച്ചി, 3. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മെന്റൽ റിട്ടാർഡേഷൻ, 4. അട്ട പ്പാടി സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, അട്ടപ്പാടി, 5. നവ ദർശനഗ്രാം, കോട്ടയം, 6. കച്ച് വികാസ് കച്ച്, ഗുജറാത്ത്, 7. VOSARD (Voluntary Organisation for Social Action and Rural Development) കോട്ടയം, 8. ബസ്തർ ധർമ്മക്ഷേത്ര സമിതി, ധർമ്മ പുര, ജഗദൽപുർ, 9. ശാന്തിഗിരി റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂ ട്ട്, വഴിത്തല, 10. രാജഗിരി ഔട്ട് റീച്ച്, കളമശ്ശേരി, 11. മിത്രധാം റിന്യൂവൽ എനർജി സെന്റർ, ചുണങ്ങംവേലി, ആലുവ, 12. ഫിലിപ്പ് എയ്ഡ് സെന്റർ, അൻജാർ, ഗുജറാത്ത്, 13. സ്നേഹഗിരി സൊസൈറ്റി, അമ്പഴക്കാട്, 14. ആർ.ഡി.എസ്.എസ്, (Rural Development Service Society), സാഗാർ, 15. എസ്.വി.എസ്.എസ്. എസ് (സമഗ്ര വികാസ് സോഷ്യൽ സർവീസ് സൊസൈറ്റി), തിരു വനന്തപുരം, 16. ആകാശപ്പറവകൾക്കായുള്ള (യാചകസമൂഹം) ഭവനങ്ങൾ.

യാചകരെ സംരക്ഷിക്കുന്ന കാര്യത്തിൽ സി.എം.ഐ. സന്ന്യാ സികൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പാലക്കാട് കരിമ്പയിലുള്ള 'ത്രിത്വാശ്രമം', പെരിന്തൽമണ്ണ വെട്ടത്തൂരിലെ 'അൽഫോൻസാഭ വൻ', തൃശൂർ അന്നല്ലൂരിലെ 'സേവനഗിരി സേവനാലയ', കോഴി ക്കോട് ചേളന്നൂരിലെ 'സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ', കോയമ്പത്തൂർ കവുണ്ടംപാളയത്തെ 'കരുണൈ ഇല്ലം', ചാന്ദാ പ്രവിശ്യയിലെ 'Kshitij', മധ്യപ്രദേശ് സിൽവാനിയയിലെ 'മഹാത്മാഗാന്ധി ഓൾഡ് ഏജ് ഹോം', ഗുജറാത്ത് അമ്റേലിയിലെ 'വിസാമോ', ബാംഗ്ലൂർ ധർമ്മാരാമിനു കീഴിലുള്ള 'കൃപാലയ' തുട ങ്ങിയവ ഈ രംഗത്തു പ്രവർത്തിക്കുന്നു.

ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിലും സഭ മുന്നിലാണ്. കോട്ടയത്തെ വികാസ വിദ്യാലയം, ആലുവ ചുണങ്ങം വേലിയിലെ കൃപാഭവൻ, ബാംഗ്ളൂർ ക്രൈസ്റ്റ് സ്പെഷ്യൽ സ്കൂൾ

തുടങ്ങിയവ ഏറെ ശ്രദ്ധേയങ്ങളാണ്.

ബഹുമാനപ്പെട്ട ഒരു സി.എം.ഐ. സഭാംഗം സി.എം.ഐ. സഭയുടെ സാമൂഹിക ലക്ഷ്യങ്ങളും സഭയിലെ അംഗങ്ങളുടെ മനോഭാവവും മൂല്യങ്ങളും എന്ന വിഷയത്തിൽ ശ്രദ്ധേയമായ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.[4] അതിലെ പ്രധാന കണ്ടെത്തലുകൾ ശ്രദ്ധേയങ്ങളാണ്. സഭാംഗങ്ങൾ സാമൂഹിക പ്രതിബദ്ധത സംബന്ധിച്ച ലക്ഷ്യങ്ങളിൽ കരുതലുള്ളവരാണ്. നീതിയുക്തമായ സമൂഹം നിർമിക്കാനുള്ള പരിശ്രമങ്ങൾ, അടിച്ചമർത്തപ്പെട്ടവർക്കു വിമോചനം കൊണ്ടുവരുന്നതിനുള്ള പ്രസ്ഥാനങ്ങൾ, ജനങ്ങളെ അവരുടെ അവകാശങ്ങൾ സംബന്ധിച്ച് ബോധവത്ക്കരിക്കാൻ മറ്റു സംഘടനകളോടു യോജിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവയൊക്കെ പ്രധാനപ്പെട്ടവയായി കരുതുന്നു. പുതുതലമുറയും മധ്യതലമുറയും സാമൂഹിക പ്രവർത്തനത്തെ പ്രവാചകദൗത്യത്തോട് ചേർന്നു കാണുന്നവരാണ്. വല്യച്ചൻമാർ അജപാലനം, ധ്യാനപ്രസംഗം, ധ്യാനാത്മകമായ ലളിത ജീവിതം എന്നിവയുടെ പ്രാധാന്യത്തിൽ ഊന്നുന്നവരാണ്. സന്ന്യാസിയുടെ ആത്മീയ ജീവിതവും സാമൂഹിക ജീവിതവും ഒന്നിനൊന്നു പകരം വയ്ക്കാൻ പറ്റുന്നതല്ല. ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെ സന്ന്യാസ ജീവിതത്തിൽ തുല്യപ്രധാന്യമുള്ള ഘടകങ്ങളാണവ.

ദരിദ്രജനതയുടെ നിലവിളി കേൾക്കാനും കണ്ണുനീർ കാണാനും ബാധ്യസ്ഥനാണ് സി.എം.ഐ. സന്ന്യാസി. ഏതെങ്കിലും തരത്തിലുള്ള അനീതി കണ്ടില്ലെന്നു നടിക്കാൻ സി.എം.ഐ. സന്ന്യാസിക്കു കഴിയില്ല. യേശുവിന്റെ പാതയാണു താൻ പിന്തുടരുന്നത്. അതിനാൽ സാമൂഹിക സേവന ശുശ്രൂഷ സന്ന്യാസിയുടെ പരിഗണനാ ലിസ്റ്റിന്റെ ആദ്യം തന്നെ ഉണ്ടാവണം.സമൂഹമായി ജീവിക്കുന്നതിനാൽ സഹായം ചെയ്യുവാൻ സി.എം.ഐ. സന്ന്യാസിക്കു കഴിയും. അതിനുള്ള നിരവധി സംവിധാനങ്ങൾ സമൂഹത്തിനുണ്ട്. അത് ഉപയോഗപ്പെടുത്തണം. "In co-operating with public service system, with our transparent operation and faithfulness to the duty of witnessing to love, we can give a Christian quality to all civil agencies."[5]

സി.എം.ഐ. സഭ ഇനി ഊന്നൽ കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സാമൂഹിക സേവനമേഖലകൾ നാലാണ്. പരിസ്ഥിതി സംരക്ഷണം, കുട്ടികളുടെ സംരക്ഷണം, കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ, അവയവദാനം എന്നിവ.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ വിഭിന്ന ഊർജ സ്രോതസുകളുടെ പ്രചാരണം, മാലിന്യത്തിന്റെ

സുരക്ഷിതമായ നീക്കം ചെയ്യൽ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ, ഭൂമിയെ പച്ചപ്പ് അണിയിക്കൽ എന്നിവ ഉൾപ്പെടുന്നു.

കുട്ടികളുടെ സംരക്ഷണം എന്നതിനു വളരെ വിശാലമായ അർത്ഥമാണ് 'യൂണിസെഫ്' നൽകിയിട്ടുള്ളത്. കുട്ടികൾക്കെതിരായ അക്രമങ്ങൾ തടയുകയും പ്രതികരിക്കുകയും ചെയ്യണം. കുട്ടികളെ ചൂഷണം ചെയ്യുന്നതും ദുരുപയോഗിക്കുന്നതും തടയണം. ലൈംഗിക ദുരുപയോഗവും കുട്ടികളെ കടത്തിക്കൊണ്ടുപോകലും അനുവദിക്കരുത്. കുട്ടികളെക്കൊണ്ട് ജോലിയെടുപ്പിക്കുന്നതും അനാരോഗ്യകരങ്ങളായ പരമ്പരാഗത രീതികൾക്കു വിധേയമാക്കുന്നതും ഇല്ലാതാക്കണം. ശൈശവ വിവാഹം പോലുള്ളവ നിരുത്സാഹപ്പെടുത്തണം.

1989-ൽ നടന്ന കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച കൺവൻഷൻ കുട്ടികളുടെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്ന കാര്യങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. സി.എം.ഐ. സഭയുടെ സ്കൂളുകളിലും ബോർഡിംഗുകളിലും മറ്റുമായി ഇവയുടെ ബോധവത്ക്കണവും പ്രത്യക്ഷവത്ക്കരണവും നടക്കുന്നുണ്ട്. ഈ സേവന ശുശ്രൂഷയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം നൽകുന്നുമുണ്ട്. സാമൂഹിക സേവന രംഗത്ത് സോഷ്യൽ മീഡിയയെ എങ്ങനെ കൂടുതൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്താം എന്ന കാര്യം സി.എം.ഐ.സഭ ഗൗരവത്തോടെ പരിഗണിച്ചിട്ടുണ്ടെന്ന് സോഷ്യൽ അപ്പസ്തോലേറ്റിന്റെ 2019 ഡിസംബറിലെ ന്യൂസ് ലെറ്റർ വ്യക്തമാക്കുന്നു.

മികച്ച ജീവിത സാഹചര്യങ്ങൾ തേടി ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കു നീങ്ങുക എന്നത് ജീവജാലങ്ങൾ അനുവർത്തിക്കുന്ന രീതിയാണ്. മനുഷ്യരും അതിൽ നിന്നു വ്യത്യസ്തരല്ല. മനുഷ്യരുടെ കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. കേരളീയർ വലിയ പ്രവാസി സമൂഹമാണ്. ജോലി തേടി കേരളത്തിലേക്കു വരുന്ന അന്യസംസ്ഥാനക്കാരായ പ്രവാസികളും ദശലക്ഷക്കണക്കിനാണ്. ഇവരിലൂടെ പരിസ്ഥിതി നാശം, യാചകവാസന, മയക്കുമരുന്നിന്റെ ഉപയോഗം, വേശ്യാവൃത്തി തുടങ്ങിയ വളരുന്നതിനെതിരേ പ്രവർത്തിക്കാനാണ് സി.എം.ഐ. സമൂഹം ഉദ്ദേശിക്കുന്നത്. അവയവദാനം ഇന്നിന്റെ ആവശ്യമായി വളർന്നിരിക്കുന്നു. ഇതിനോട് എങ്ങനെ ക്രിയാത്മകമായി പ്രതികരിക്കാം, അവയവദാന സന്ദേശം സമൂഹത്തിൽ എങ്ങനെ വ്യാപിപ്പിക്കാം തുടങ്ങിയ കാര്യങ്ങളിൽ കൃത്യമായ ധാരണകളും പ്രവർത്തനരീതികളും ഉരുത്തിരിഞ്ഞു വരുന്നുണ്ട്.

## സൂചിത രേഖകൾ

1. വി. ചാവറയച്ചൻ, *ചാവറയച്ചന്റെ കത്തുകൾ,* പേജ് 235.
2. *Beyond Boundaries,* pages 23, 24.
3. അരുണിമ ജോസ്, *ഉപവിശാലയിലെ സ്നേഹഗാഥ, ബേസ് റൗമ,* 2019 ഏപ്രിൽ, പേജ് 60.
4. ഫാ.ചെറിയാൻ കൊച്ചുപുരയ്ക്കൽ സി.എം.ഐ.
5. *Beyond Boundaries,* pages 25, 26.

18

# ദീപികയും വിവിധ മാധ്യമ സേവനങ്ങളും

എഴുത്തിന്റെ മാധ്യമത്തിൽ സവ്യസാചിയാണ് ചാവറയച്ചൻ. അദ്ദേഹം മനോഹരങ്ങളായ ഖണ്ഡകാവ്യങ്ങൾ രചിച്ച കവിയാണ്. അവതരണക്ഷമങ്ങളായ നാടകങ്ങൾ (ഇടയനാടകങ്ങൾ) രചിച്ച നാടകകൃത്താണ്. ജീവചരിത്ര രചയിതാവാണ്. അദ്ദേഹത്തിന്റെ ധ്യാനസല്ലാപങ്ങളും കത്തുകളും നാളാഗമങ്ങളും അന്നു നിലവിലുണ്ടായിരുന്ന മലയാളഭാഷയുടെ മികച്ച രൂപങ്ങളാണ്. സാഹിത്യകാരനായ അദ്ദേഹം മികച്ച പത്രപ്രവർത്തകനുമാണെന്നു തെളിയിക്കുന്നതായിരുന്നു അവയുടെ അവതരണവും ഭാഷയും. സാഹിത്യവും പത്രപ്രവർത്തനവും തമ്മിൽ വലിയ അകലമില്ല. പലപ്പോഴും അവ പരസ്പര പൂരകങ്ങളാവാറുണ്ട്. അതിനാൽ ചാവറയച്ചൻ രൂപം കൊടുത്ത മാന്നാനത്തെ പ്രസിൽ നിന്ന് മലയാളത്തിലെ പ്രഥമ ദിനപത്രമായ ദീപിക പ്രകാശിതമായതിൽ അത്ഭുതമില്ല.

1887 ഏപ്രിൽ 15- നാണ് മാന്നാനം കുന്നിലെ സെന്റ് ജോസഫ് പ്രസിൽ നിന്ന് നസ്രാണി ദീപിക പ്രകാശിതമായത്. അന്നു വിഷു ദിനമായിരുന്നു. അക്കാലത്തെ രീതിയിൽ ആദ്യം ലേഖനങ്ങൾ, പിന്നെ മുഖപ്രസംഗം, തുടർന്ന് വാർത്തകൾ എന്ന ക്രമമാണ് നാലുപേജുള്ള നസ്രാണി ദീപികയും സ്വീകരിച്ചത്. വൃത്താന്ത പത്രം എന്ന നിലയിൽ മതേതരമായ സമീപനമായിരുന്നു പത്രത്തിന്റേതെന്നത് ഇന്നാലോചിക്കുമ്പോൾ അത്ഭുതം തോന്നുന്ന കാര്യമാണ്. വത്തിക്കാനിൽ നിന്നുള്ളതടക്കം ക്രൈസ്തവ സഭാ സംബന്ധമായ വാർത്തകൾ പോലും മറ്റു പത്രികകളിൽ ഉള്ളതിൽ കൂടുതലായി ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല, പത്രമെന്ന നിലയിൽ ഉദ്ദേശിച്ചിരുന്നത് മതനിരപക്ഷേമായി പൊതുജന സങ്കടങ്ങൾ ഉണർത്തിക്കാനും ജനപീഡകൾക്കു പരിഹാരം ഉണ്ടാക്കാനുമാ

ണെന്നു വ്യക്തമാക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ ഇന്ന ത്തേതുപോലെ തന്നെ ഒരു പൊതുവൃത്താന്ത പത്രമായിരുന്നു നസ്രാണി ദീപിക ഒന്നാംലക്കം മുതൽ.[1] 52 വർഷം 'നസ്രാണി ദീപിക' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പത്രം 1939 ഓഗസ്റ്റ് ഒന്നിനു ദീപിക എന്നു പേരുമാറ്റി. കോട്ടയത്തേക്കു ഓഫീസ് മാറ്റിയതും ആ വർഷം തന്നെയായിരുന്നു.

പുനരൈക്യവും സമുദായ ഉന്നമനവും ലക്ഷ്യമിട്ട് നിധീരിക്കൽ മാണിക്കത്തനാരും പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തയും നേതൃത്വം കൊടുത്ത നസ്രാണി ജാതൈക്യ സംഘം 1882-ലാണ് രൂപം കൊണ്ടത്. നസ്രാണി ജാത്യൈക സംഘത്തിന് ഒരു പത്രം തുടങ്ങാൻ ആലോചനയുണ്ടായിരുന്നു. ഇതിനായി വാങ്ങിയ സ്ഥലത്തുനിന്നും പത്രം പുറത്തിറങ്ങുന്നതു കത്തോലിക്കാ സമുദായ താത്പര്യത്തിനു ഗുണകരമാവില്ല എന്ന ബോധ്യമാണ് മാണിക്കത്തനാർ അടക്കമുള്ളവരെ മാന്നാനത്തെ തദ്ദേശീയ കർമ്മലീത്താ സന്ന്യാസിമാരുടെ വക സെന്റ് ജോസഫ്സ് പ്രസിലേക്കു നയിച്ചത്. അതായത് പത്രം തുടങ്ങിയത് ജാതൈക്യസംഘത്തിന്റേതായല്ല, എന്നാൽ അതിനെ തള്ളിപ്പറയുന്നുമില്ല. ജാതൈക്യസംഘമല്ല, ആ സംഘത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെടുകയും അതിൽ ആവേശഭരിതരാവുകയും ചെയ്ത സുറിയാനി കത്തോലിക്കരാണു പത്രം ആരംഭിക്കുന്നതിനായി മാണിക്കത്തനാരോടൊപ്പം മർസലിനോസ് മെത്രാന് അപേക്ഷ സമർപ്പിച്ചത്.

"മാന്നാനം കൊവേന്തയും മാന്നാനത്തെ വിശുദ്ധ യൗസേപ്പിതാവിന്റെ അച്ചുകൂടവും 'നസ്രാണി ദീപിക' പുറത്തിറങ്ങുന്നതിലെ ഏറ്റവും നിർണായക ഘടകങ്ങളായിരുന്നു. ഉടമസ്ഥനില്ലാത്ത നിലയിൽ എന്നു പറയുന്നവിധം തങ്ങളുടെ ചുമലിൽ വന്നുചേർന്ന 'നസ്രാണി ദീപിക'യെ മാന്നാനം കൊവേന്തയും അച്ചുകൂടവും 52 വർഷം പരിപാലിച്ചു. കോട്ടയത്തേക്ക് ഓഫീസ് മാറ്റി പുതിയ പ്രസ് സ്ഥാപിച്ചശേഷം 50 വർഷം കൂടി സി.എം.ഐ. സമൂഹം പത്രത്തെ നയിച്ചു. മൊത്തം 102 വർഷം. 1989 സെപ്റ്റംബറിൽ രാഷ്ട്ര ദീപിക ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിക്കു കൈ മാറും വരെ സി.എം.ഐ.സമൂഹം 'ദീപിക'യെ സംരക്ഷിച്ചു."[2] ഇപ്പോൾ 'ദീപിക' സീറോ മലബാർ മെത്രാൻ സമൂഹത്തിന്റെ നിയന്ത്രണത്തിലുള്ള പ്രസിദ്ധീകരണമാണ്. 'ദീപിക'യെ ആസ്തിബാധ്യതകളോടെ വാങ്ങാൻ തയാറായി ഒരു സ്വകാര്യ വ്യക്തി വന്നെങ്കിലും ആ പ്രലോഭനത്തിൽ വീഴാതെ പത്രത്തെ സമുദായത്തിന്റെ മൊത്തം സ്ഥാപനമായി കണ്ടുകൊണ്ട് രാഷ്ട്രദീപിക എന്ന കമ്പനി

രൂപവത്കരിച്ച് അതിനു കൈമാറാൻ സി.എം.ഐ. സഭ കൈക്കൊണ്ട തീരുമാനം ചരിത്രപരമായി വളരെ പ്രധാനപ്പെട്ടതാണ്. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ ഒരുപക്ഷെ ദീപിക ഇന്ന് ഉണ്ടാകുമായിരുന്നില്ല.

നസ്രാണി സമുദായത്തിനു മാർഗദർശനം നൽകുന്നതോടൊപ്പം സാമൂഹിക പരിഷ്കരണങ്ങൾക്കു വേണ്ടിയും ദീപിക ശബ്ദമുയർത്തി. ജാതിവ്യവസ്ഥയ്ക്കെതിരേയും കീഴ്ജാതിക്കാർക്കു നേരേ നടക്കുന്ന അതിക്രമങ്ങൾക്കെതിരേയും തീണ്ടലിനും തൊടീലിനുമെതിരേയും പത്രം ശബ്ദിച്ചു. ചരിത്രപ്രസിദ്ധമായ വൈക്കം സത്യഗ്രഹത്തെ ആദ്യന്തം അനുകൂലിച്ച ചുരുക്കം ചില പത്രങ്ങളിൽ ഒന്നാണു ദീപിക. സ്ത്രീവിദ്യാഭ്യാസം പോലുള്ള കാര്യങ്ങളിൽ വളരെ പുരോഗമനപരമായ നിലപാടാണ് പത്രം കൈക്കൊണ്ടിരുന്നത്. സാമൂഹിക സമത്വത്തിനുവേണ്ടി ശക്തമായ പോരാട്ടമാണു കാഴ്ചവച്ചത്. നിവർത്തനപ്രക്ഷോഭം, ഉത്തരവാദിത്വഭരണ പ്രക്ഷോഭം എന്നിവയിൽ ദീപികയുടെ പങ്ക് നേതൃത്വത്തോളം എത്തുന്നതായിരുന്നു. രാഷ്ട്രീയ നീതിക്കായി ഈഴവരും മുസ്ലിംകളും ക്രൈസ്തവരും കൈകോർത്തുപിടിച്ചതാണ് നിവർത്തന പ്രക്ഷോഭം. ഉത്തരവാദഭരണത്തിനായി ജനാഭിപ്രായം ഉയർത്താനും നേതാക്കളെ ആ വഴിയിലൂടെ നയിക്കാനും പരിശ്രമിച്ചിരുന്ന ദീപിക 1938 മുതൽ ഉത്തരവാദഭരണ പ്രാപ്തിക്കായി നടന്ന പ്രസ്ഥാനങ്ങൾക്കെല്ലാം ഊറ്റമായ പിന്തുണയേകി.

രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ മാത്രമല്ല സാഹിത്യരംഗത്തും ദീപിക ശക്തമായ സാന്നിധ്യമായിരുന്നു. അന്നത്തെ പ്രശസ്ത സാഹിത്യകാരന്മാരെല്ലാം ദീപികയിൽ എഴുതിയിരുന്നു. മഹാകവി വള്ളത്തോൾ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, മഹാകവി ഉള്ളൂർ, മള്ളൂർ ഗോവിന്ദപ്പിള്ള, കണ്ടത്തിൽ വർഗീസ് മാപ്പിള, കെ.രാമകൃഷ്ണപിള്ള, കെ.സി.കേശവപിള്ള, പി.സി.മാനവിക്രമ ഏട്ടൻ തമ്പുരാൻ, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, പന്തളം കൃഷ്ണവാര്യർ, നിധീരിക്കൽ മാണിക്കത്തനാർ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിങ്ങനെ അവരുടെ നിര നീളുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജന്മമെടുത്ത് ഒന്നരവർഷത്തിനുശേഷം പ്രസിദ്ധീകരണമാരംഭിച്ച ദീപിക കോൺഗ്രസിന്റെ വാർഷിക സമ്മേളന റിപ്പോർട്ടുകളും ദേശീയ നേതാക്കളുടെ പ്രസ്താവനകളും അർഹിക്കുന്ന പ്രാധാന്യത്തോടെ ജനങ്ങളെ അറിയിക്കാൻ തുടക്കം മുതലേ ശ്രദ്ധിച്ചിരുന്നു.

സ്വാതന്ത്ര്യസമര വാർത്തകൾ മുടങ്ങാതെ ജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നതോടൊപ്പം ദേശീയ നേതാക്കളെ ജനങ്ങൾക്കു പരിചയപ്പെടുത്തിക്കൊടുക്കുക എന്ന കടമയും സമർത്ഥമായി നിർവഹിച്ചു. ദേശീയ നേതാക്കളുടെയും കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ജീവചരിത്രങ്ങൾ ദീപിക പ്രസിദ്ധീകരിച്ചു. 1921 ഏപ്രിൽ 19, മെയ് 3 ലക്കങ്ങളിൽ മഹാത്മാഗാന്ധിയുടെ ജീവചരിത്രം ദീപികയിൽ പ്രത്യക്ഷപ്പെട്ടു. ഹരിജൻ, യംഗ് ഇന്ത്യ എന്നീ മാസികകളിൽ വന്നിരുന്ന ഗാന്ധിജി എഴുതിയ പ്രധാനപ്പെട്ട ലേഖനങ്ങൾ ദീപിക അപ്പപ്പോൾ പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ദീപിക എക്കാലവും കർഷകരോടൊപ്പം നിന്നതും നില്ക്കുന്നതുമായ പത്രമാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങൾ കർഷകരെ കണ്ണീരുകുടിപ്പിച്ച സന്ദർഭങ്ങളിലെല്ലാം ദീപിക കർഷകർക്കു വേണ്ടി ശബ്ദമുയർത്തി. കേരളത്തിലെ കർഷകരുടെ ഏകജിഹ്വയാണു ദീപികയെന്ന അവകാശവാദം നൂറുശതമാനവും സത്യമാണ്. ഹൈറേഞ്ച് മേഖലയിലെയും മലബാറിലെയും കർഷകർക്കു പട്ടയം നേടിക്കൊടുക്കാൻ ദീപിക നടത്തിയ പോരാട്ടങ്ങൾ ചരിത്രപ്രാധാന്യമുള്ളവയാണ്.

ദീപികയിൽ നിന്ന് 1947 ഡിസംബർ 21-നു ദീപിക ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിക്കാൻ തുടങ്ങി. 1958 ജനുവരി ഒന്നിനാണ് മലയാളത്തിലെ ആദ്യബാലമാസികയായ കുട്ടികളുടെ ദീപിക പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്.

ദീപികയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വഴിത്തിരിവ് സംഭവിച്ചത് 1989-ലാണ്. അതുവരെ സി.എം.ഐ.സന്ന്യാസ സമൂഹത്തിന്റെ ഉടമസ്ഥതയിലായിരുന്ന ദീപികയുടെയും ദീപിക ആഴ്ചപ്പതിപ്പിന്റെയും കുട്ടികളുടെ ദീപികയുടെയും പ്രസാധനാവകാശം രാഷ്ട്രദീപിക ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിക്കു കൈമാറിയത് ആ വർഷമാണ്. ആധുനിക പത്രവ്യവസായത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മുതൽമുടക്കി ദീപിക നടത്തിക്കൊണ്ടുപോകുന്നതു ദുഷ്കരമായി മാറിയ അവസ്ഥയിലാണ് ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിക്കു പത്രം കൈമാറുന്നതിനു തീരുമാനിച്ചത്. ഇപ്പോൾ ബേസ്റൗമ എന്ന ത്രൈമാസികത്തിലൂടെയും മുല്യശ്രുതിയെന്ന മാസികയിലൂടെയും പ്രിന്റ് മീഡിയയിലേക്ക് തിരിച്ചുവന്നിരിക്കുന്നു.

സാഹിത്യവും പത്രപ്രവർത്തനവും പോലെ ചിത്രം, സംഗീതം, നൃത്തം, സിനിമ, നാടകം, ലേഖനം, കവിത, ഗാനരചന, പ്രസംഗം തുടങ്ങിയവയെല്ലാം ആത്മാവിഷ്കാരം സാധ്യമാക്കുന്ന മാധ്യമ

ങ്ങളാണ്. ഈ രംഗത്തെല്ലാം വ്യക്തിപരമായ മികവ് പ്രകടിപ്പിക്കുന്ന സഭാംഗങ്ങൾ സി.എം.ഐ. സഭയുടെ ആരംഭം മുതൽ തന്നെ ഉണ്ടായിട്ടുണ്ട്, ഇപ്പോഴുമുണ്ട്. അവരിൽ പലരും മാധ്യമ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുകയും സമൂഹത്തിൽ അംഗീകാരം നേടുകയും നിരവധി പ്രതിഭകളെ കലാലോകത്തിനു സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും ആദ്യം രേഖപ്പെടുത്തേണ്ട പേരാണ് ഫാ.ആബേൽ സി.എം.ഐ.യുടേത്. ആബേലച്ചന്റെ ക്രിസ്തീയ ഭക്തിഗാനങ്ങളും അദ്ദേഹം കെട്ടിപ്പടുത്ത കലാഭവൻ എന്ന സ്ഥാപനം ഇപ്പോഴുമുണ്ട്. പിൽക്കാലത്ത് സഭാംഗങ്ങളായ ഫാ.പോൾ പൂവ്വത്തിങ്കലും ഫാ. ജോസഫ് പാലയ്ക്കലും സംഗീതത്തിൽ ഡോക്ടറേറ്റ് നേടി. ഫാ. പോൾ പൂവ്വത്തിങ്കൽ കർണാടക സംഗീത കച്ചേരികളിലൂടെ ശ്രദ്ധേയനായി. ഫാ.ജോയ് ഇളങ്കുന്നപ്പുഴ ചിത്രകലാരംഗത്ത് മികച്ച സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

സി.എം.ഐ. സഭ ദൃശ്യമാധ്യമ രംഗത്തും സാന്നിധ്യം അറിയിച്ചിട്ടുണ്ട്. വളരെ വർഷങ്ങൾക്കു മുമ്പ് കലാഭവനു കീഴിൽ ഒരു ഫിലിം ഡിവിഷൻ തുടങ്ങി. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ മുന്നേറിയില്ലെങ്കിലും തൃശൂരിൽ ചേതന സ്ഥാപനങ്ങൾ രൂപപ്പെടുന്നതിനു അതു നിമിത്തമായി. 2019-ൽ ചേതന 25-ാം വാർഷികം ആഘോഷിച്ചു. ചേതന സംഗീത് നാട്യ അക്കാദമി, ചേതന മ്യൂസിക്ക് അക്കാദമി, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, ചേതന സൗണ്ട് സ്റ്റുഡിയോസ് ആൻഡ് ഇൻസ്ട്രക്ഷൻ എന്നിവ ചേതന ഗ്രൂപ്പിൽ ഉൾപ്പെടുന്നു. അവ വളരെ ശ്രദ്ധേയങ്ങളായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.

ശുദ്ധകലകളുടെ പരിശീലനത്തിനായുള്ള വിഭാഗവും വോക്കോളജി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടും സംഗീത കോളജും അടങ്ങിയതാണ് ചേതന സംഗീത് നാട്യ അക്കാദമി. ഇതിനോടനുബന്ധിച്ച് ഗാനാശ്രമം എന്ന സങ്കല്പം അണിയറയിൽ രൂപപ്പെട്ടു വരുന്നുണ്ട്. ചേതന മ്യൂസിക്ക് അക്കാദമിക്ക് ലണ്ടനിലെ ട്രിനിറ്റി കോളജിന്റെ അംഗീകാരമുണ്ട്. ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമാ നിർമാണത്തിന്റെ വിവിധ വശങ്ങൾ പഠിപ്പിക്കുന്നു. ഷൂട്ടിംഗ് സ്റ്റുഡിയോ ഫ്ളോർ ഉൾപ്പെടെയുള്ള മികച്ച സംവിധാനങ്ങളുണ്ട്. ചേതന സ്റ്റുഡിയോസ് ആൻഡ് ഇൻസ്ട്രക്ഷനു അത്യാധുനിക സൗകര്യങ്ങളുള്ള മികച്ച റിക്കാർഡിംഗ് സ്റ്റുഡിയോ ഉണ്ട്. ഉന്നതരായ കലാകാരന്മാർ ഈ സ്റ്റുഡിയോയുമായി സഹകരിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നു പഠിച്ചിറങ്ങിയവർ സംഗീതം, സിനിമ എന്നീ മേഖലകളിൽ പ്രസിദ്ധരാണ്.

അടുത്ത കാലംവരെ സിനിമ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ ബഹുജന മാധ്യമങ്ങളായിരുന്നു സമ്പർക്ക മാധ്യമ രംഗത്തു മുൻനിരയിൽ. ഇപ്പോൾ ആ സ്ഥാനത്തേക്ക് സോഷ്യൽ മീഡിയ മത്സരിച്ചു മുന്നേറുകയാണ്. വലിയ പരസ്യദാതാക്കൾ സോഷ്യൽ മീഡിയയ്ക്കാണു കൂടുതൽ ഊന്നൽ കൊടുത്തു തുടങ്ങിയിരിക്കുന്നതെന്ന വസ്തുത അതാണു തെളിയിക്കുന്നത്. സോഷ്യൽ മീഡിയയുടെ രംഗത്തും സി.എം.ഐ. സന്ന്യാസ വൈദികർ ചുവടുവച്ചു തുടങ്ങിയിട്ടുണ്ട്.

ധർമ്മാരാം കോളജ് ലൈബ്രറിയിൽ സി.എം.ഐ. സഭാംഗങ്ങൾ എഴുതിയ ആയിരക്കണക്കിനു പുസ്തകങ്ങൾ ശേഖരിച്ചിട്ടുണ്ട്. മലയാളത്തിൽ രണ്ടു ഡസനിലേറെ പുസ്തകങ്ങൾ രചിച്ച നിരവധി സഭാംഗങ്ങൾ ഉണ്ട്. ചില അംഗങ്ങൾ ഇംഗ്ലിഷിലും മലയാളത്തിലും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.[3]

പുസ്തകപ്രസിദ്ധീകരണ രംഗത്തും സി.എം.ഐ. സഭ ശ്രദ്ധേയങ്ങളായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായത് ബാംഗ്ലൂർ ധർമ്മാരാം പബ്ലിക്കേഷൻസാണ്. ഒരു കാലത്ത് ശ്രദ്ധേയങ്ങളായ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് ജനതാ ബുക്ക് സ്റ്റാൾ ഖ്യാതി നേടി. തൃശൂർ ദേവമാത പ്രവിശ്യ ജ്യോതി ബുക്സ്, അനുരാധ പബ്ലിക്കേഷൻസ് എന്നിവയിലൂടെ പുസ്തകപ്രസിദ്ധീകരണ രംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്. ജ്യോതി ബുക്ക് സെന്റർ എന്ന സ്ഥാപനത്തിന് മൂന്നു ശാഖകളുണ്ടായിരുന്നു. 1895-ൽ എൽത്തുരുത്തിൽ ആരംഭിച്ച സെന്റ് ജോസഫ്സ് ഇൻഡസ്ട്രിയൽ സ്കൂൾ (ഐ.എസ്.) പ്രസിനു സുവർണകാല കഥകൾ സ്വന്തമാണ്. സാങ്കേതിക കാരണങ്ങളാൽ 1999-ൽ ഇതിന്റെ പ്രവർത്തനം നിലച്ചു. ഡോക്ടറേറ്റുള്ള പണ്ഡിതന്മാരായ വൈദികർ സഭയിൽ ഏറെയുണ്ട്. അവർ പണ്ഡിതോചിതങ്ങളായ പുസ്തകങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ചിന്താമേഖലകളെ വികസ്വരമാക്കുന്നു.

ചരിത്രം കൃത്യമായി രേഖപ്പെടുത്താനും നിലവിലുള്ള ചരിത്രവസ്തുതകളും വസ്തുക്കളും കൃത്യമായി സംരക്ഷിക്കാനും രൂപപ്പെടുത്തിയതാണ് ചാവറഹിൽസിലെ Department of Research and Documentation. ശാസ്ത്രീയമായ ഈ സംവിധാനം അംഗങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. പുതിയ ഗവേഷണ പ്രബന്ധങ്ങളും പുസ്തകങ്ങളും സാധ്യമാക്കുന്നതിൽ ഈ ഡോക്യുമെന്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങൾക്കു വലിയ പങ്കുണ്ട്.

2007 ജനുവരി മൂന്നിനു കാക്കനാട്ടെ ചാവറ ഹിൽസിൽ സി.എം.ഐ. ജനറലേറ്റ് ഔപചാരികമായി ഉദ്ഘാടനം ചെയ്തുകൊണ്ട് കർദിനാൾ മാർ വർക്കി വിതയത്തിൽ നടത്തിയ പ്രസം

ഗം സി.എം.ഐ. സഭയ്ക്ക് എന്നെന്നും അഭിമാനിക്കാവുന്നതാണ്. “നമ്മൾ വത്തിക്കാനിൽ പോവുമ്പോൾ വെളുത്ത വസ്ത്രം ധരിച്ച ഒരു മുക്കുവനെ കാണാനാകും, മാർപാപ്പയെ. ഒരു കുന്നിൻമുക ളിലാണ് പാപ്പയുടെ ശ്ലൈഹിക താമസസ്ഥലം. ഇതിനു അധികം അകലെയല്ലാതെ ജെസ്യൂട്ട് ജനറാൾ താമസിക്കുന്ന ജനറലേറ്റ് നിലകൊള്ളുന്നു. കറുത്ത പോപ്പ് എന്നാണ് ജെസ്യൂട്ട് ജനറാൾമാർ വിളിക്കപ്പെടുന്നത്. ജെസ്യൂട്ട് സന്ന്യാസ സമൂഹം കത്തോലിക്കാ സഭയുടെ ഉറച്ച തൂണായതിനാലാണ് അതിന്റെ ജനറാളെ കറുത്ത പോപ്പ് എന്നു വിശേഷിപ്പിക്കുന്നത്. അതുപോലെ സീറോ മല ബാർ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിനടു ത്താണ് സി.എം.ഐ. സഭയുടെ ജനറാളിന്റെ ആസ്ഥാനമായ ചാവറ ഹിൽസ്. സി.എം.ഐ. സഭ ചെയ്ത സേവനങ്ങൾ രേഖ പ്പെടുത്താൻ നിരവധി പുസ്തകങ്ങൾ എഴുതേണ്ടി വരും. സഭ യുടെ ആശ്രമങ്ങളിൽ നിന്ന് പടർന്നു വ്യാപിച്ച ആത്മീയതയെ യും, ജനങ്ങളെ കുളിർപ്പിച്ച ആത്മീയതയെയും, പ്രാർത്ഥനയുടെ അരൂപിയെയും വിശുദ്ധിയെയുമൊക്കെ വിശദീകരിക്കുക ക്ഷിപ്ര സാധ്യമല്ല. കത്തോലിക്കാ സഭയെ നവീകരിക്കാനും വിശുദ്ധീക രിക്കാനുമാണ് പരിശുദ്ധാത്മാവ് ഈ സന്ന്യാസ സമൂഹത്തിനു ജന്മം കൊടുത്തതെന്നത് സംശയാതീതമായ കാര്യമാണ്. സീറോ മലബാർ സഭയ്ക്കും മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും മാത്ര മല്ല അവരുടെ സേവനം ലഭിച്ചിട്ടുള്ളത്. സാമൂഹികം, വിദ്യാഭ്യാ സം, സെമിനാരി, മാധ്യമം തുടങ്ങിയ രംഗങ്ങളിലെല്ലാം അവരുടെ കൈമുദ്രകൾ പതിഞ്ഞുകിടപ്പുണ്ട്. വിശുദ്ധ ചാവറയച്ചന്റെ അതേ ആത്മീയ ഉണർവിലാണ് അദ്ദേഹത്തിന്റെ പിൻഗാമികളും ശുശ്രൂ ഷകൾ അനുഷ്ഠിച്ചിട്ടുള്ളത്.”[4] മാർ വർക്കി വിതയത്തിലിന്റെ ഈ വാക്കുകൾ എത്രയോ സത്യമാണെന്നു വെളിപ്പെടുത്തുന്നതാണ് സി.എം.ഐ. സഭയുടെ മുൻ പ്രിയോർ ജനറാളും മാണ്ഡ്യ രൂപ താധ്യക്ഷനുമായ മാർ ആന്റണി കരിയിലിനെ എറണാകുളം-അ ങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായി (മേജർ ആർക്കിഎപ്പിസ്കോപ്പൽ വികാർ) സീറോ മലബാർ സഭാ സിനഡ് വത്തിക്കാന്റെ അംഗീകാരത്തോടെ 2019 ഓഗസ്റ്റ് 30-നു തെരഞ്ഞെ ടുത്തത്. സീറോ മലബാർ സഭ സങ്കീർണമായ ഒരു പ്രശ്നത്തിൽ ആടിയുലഞ്ഞപ്പോഴാണ് പരിശുദ്ധാത്മാവിന്റെ വെളിപാടുപോലെ ഈ തീരുമാനമുണ്ടായത്. സി.എം.ഐ. സഭയുടെ ദൈവീക ദൗത്യ ങ്ങളുടെ തുടർച്ചയായി കൂടി ഈ സംഭവത്തെ കാണാം. സീറോ മലബാർ സഭയ്ക്കു മറ്റൊരു മഹത്തായ സംഭാവനകൂടി സി.എ. ഐ. സഭ നൽകിയിരിക്കുന്നു.

ഇത്ര മഹത്തായ സന്ന്യാസസഭയുടെ പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി നിയന്ത്രിക്കുന്ന സ്ഥലമാണ് പ്രിയോർ ജനറാളിന്റെയും ടീമംഗങ്ങളുടെയും ആസ്ഥാനമായ കാക്കനാട് ചാവറ ഹിൽസിലെ ജനറലേറ്റ്.

## സി.എം.ഐ. സഭയിൽ ഇതുവരെ ഭരണം നിർവഹിച്ച പ്രിയോർ ജനറാൾമാർ

1. വിശുദ്ധ ചാവറയച്ചൻ (1855 -1871).
2. ഫാ. കുര്യാക്കോസ് പോരൂക്കര (1871-1885).
3. ബിഷപ്പ് മാർസലിൻ ബെറാർദി (1885-1887).
4. അപ്പസ്തോലിക്ക് ദെലഗാദ് ആന്ദ്രെ അയൂത്തി (1887-1891).
5. കർദിനാൾ സിമിയോണി (1891-1893).
6. ആർച്ച്ബിഷപ്പ് സലേസ്കി (1893).
7. മോൺ.ബെർണാർഡ് ഒ.സി.ഡി. (1893-1902).
8. ഫാ. അലക്സാണ്ടർ കട്ടക്കയം സീനിയർ (1902-1908).
9. ഫാ. ബേസിൽ തളിയത്ത് (1906-1914).
10. ഫാ. അലക്സാണ്ടർ കട്ടക്കയം ജൂനിയർ (1914-1917, 1920-1923).
11. ഫാ. ഗബ്രിയേൽ പുളിക്കൽ (1917-1920).
12. ഫാ. ലൂയിസ് നേര്യംപറമ്പിൽ (1923-1926).
13. ഫാ. ജോൺ ബെർക്കുമാൻസ് കോയിത്തറ (1926-1933, 1941-1947).
14. ഫാ. സിൽവെസ്റ്റർ തട്ടിൽ (1933-1936).
15. ഫാ. ബെർത്തലോമ്യോ പെരുമാലിൽ (1936-1941).
16. ഫാ. വിൻസന്റ് ആലപ്പാട്ട് (1947-1952).
17. ഫാ. മാവുരൂസ് വലിയപറമ്പിൽ (1953-1966).
18. ഫാ. കനീസിയൂസ് തെക്കേക്കര (1966-1972).
19. ഫാ. തെയോബാൾഡ് പോത്താനിക്കാട് (1972-1978).
20. ഫാ. തോമസ് ഐക്കര (1978-1984).
21. ഫാ. വിജയാനന്ദ് നെടുമ്പുറം (1984-1990).
22. ഫാ. തോമസ് മാമ്പ്ര (1990-1996).
23. ഫാ. അലക്സ് ഊക്കൻ (1996-2002).
24. ഫാ. ആന്റണി കരിയിൽ (2002-2008).
25. ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ (2008-2014).

26. ഫാ. പോൾ ആച്ചാണ്ടി (2014–).

**സൂചിത രേഖകൾ**


1. തോമസ് ഐക്കര സി.എം.ഐ., റ്റി. സി. മാത്യു, *ദീപിക:ചരിത്രത്തിന്റെ ദീപശിഖ,* പേജ് 69.
2. തോമസ് ഐക്കര സി.എം.ഐ., റ്റി. സി. മാത്യു, *ദീപിക:ചരിത്രത്തിന്റെ ദീപശിഖ,* പേജ് 48.
3. *Herald of the New Age,* page 412.
4. *Herald of the New Age,* page 344.


## 19

# പ്രമാണരേഖയും നവീകരണവും

കത്തോലിക്കാസഭയിലെ ഒരു സന്ന്യാസസഭയെ സംബന്ധിച്ചിടത്തോളം അതിന്റെ ആഭ്യന്തര അധികാര കേന്ദ്രമെന്നത് പൊതുസംഘമാണ് (General Chapter/General Synaxis). ആറ് വർഷത്തിലൊരിക്കൽ ചേരുന്ന പൊതുസംഘമാണ് സഭാപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഇത് പ്രമാണരേഖയിൽ (ന്യായപ്രമാണം, ഭരണഘടന) പറയുന്ന പ്രകാരമുള്ള സംവിധാനമാണ്. 1902 മുതൽ പ്രമാണരേഖയനുസരിച്ച് സഭയ്ക്ക് തദ്ദേശീയ പ്രിയോർ ജനറാളും അദ്ദേഹത്തിന്റെ കൗൺസിലും ഉണ്ടായി.

തുടക്കത്തിൽ സഭയുടെ പൊതുനയം രൂപവത്ക്കരിക്കുകയും ഭരണം നിർവഹിക്കുകയും ചെയ്തിരുന്നത് പൊതു ആലോചനാസംഘമാണ് (General Consultative Body). ഇതു പിന്നീട് General Chapter എന്നറിയപ്പെട്ടു. തുടക്കത്തിൽ ജനറൽ ചാപ്റ്റർ എന്നാൽ എന്താണെന്നതു സംബന്ധിച്ച് കൃത്യമായ ധാരണ അംഗങ്ങൾക്ക് ഇല്ലായിരുന്നു. കാലക്രമത്തിൽ ആ നില മാറി. 1864 ഏപ്രിൽ 24-ന് കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമത്തിൽ ആദ്യത്തെ ജനറൽ ചാപ്റ്റർ നടന്നു. പ്രൊവിൻഷ്യൽ ഡെലിഗേറ്റ് ഫാ. ലിയോപോൾദ് ബെക്കാറോ മാർഗനിർദേശങ്ങൾ നൽകി. ചാവറയച്ചൻ, ഫാ. കുര്യാക്കോസ് പോരൂക്കര (പ്രിയോർ, മാന്നാനം ആശ്രമം), ഫാ. ജോസഫ് യോഹന്നാൻ (പ്രിയോർ, കൂനമ്മാവ് ആശ്രമം), ഫാ. ജേക്കബ് മറിയം (പ്രിയോർ, വാഴക്കുളം ആശ്രമം), ഫാ. ചാണ്ടി ഔസേഫ് (എൽത്തുരുത്ത് ആശ്രമത്തിന്റെ പ്രിയോറായ ഫാ. മത്തായി മറിയത്തിനു പകരം) എന്നിവർ ഈ ജനറൽ ചാപ്റ്ററിൽ സംബന്ധിച്ചു. ഈ ചാപ്റ്ററിൽ ഏതാനും പ്രമേയങ്ങൾ പാസായി. രണ്ടാമത്തെ ജനറൽ ചാപ്റ്ററും 1867 മെയ് 15 -ന് കുനമ്മാവ് ആശ്രമത്തിലാണു നടന്നത്. മൂന്നാം ജനറൽ ചാപ്റ്റർ 1870 മെയ് 13-ന് ആയിരുന്നു. ചാവറയച്ചൻ പങ്കെടുത്ത

അവസാനത്തെ ജനറൽ ചാപ്റ്ററായിരുന്നു ഇത്. ചാവറയച്ചനു പുറമെ മാന്നാനം ആശ്രമ വികാരി ഫാ.എഫ്രേം, കൂനമ്മാവ് ആശ്രമ വികാരി ഫാ. ജോസഫ് യോഹന്നാൻ, വാഴക്കുളം ആശ്രമവികാരി ഫാ. ജേക്കബ് മറിയം, എൽത്തുരുത്ത് ആശ്രമവികാരി ഫാ. ജേക്കബ് യൗസേപ്പ് എന്നിവരാണ് മൂന്നാം ജനറൽ ചാപ്റ്ററിൽ പങ്കെടുത്തത്.

ജനറൽ ചാപ്റ്ററും വാർഷിക യോഗങ്ങളും മൂന്നേറുമ്പോഴും സഭയുടെ പ്രമാണരേഖയിലെ ചില വ്യവസ്ഥകൾ സംബന്ധിച്ച് സഭാംഗങ്ങളും യൂറോപ്യൻ അധികാരികളും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ രൂപപ്പെടുന്നുണ്ടായിരുന്നു. ഇടയ്ക്കു റോമിൽ നിന്ന് മാർപാപ്പയുടെ ഉത്തരവ് വന്നു, സഭാംഗങ്ങൾ പിന്തുടരുന്ന നിയമാവലികൾ ക്രോഡീകരിച്ച് അതിന്റെ ഒരു കോപ്പി റോമിലേക്ക് അയയ്ക്കണമെന്ന്. എട്ട് അംഗങ്ങളോ കുറഞ്ഞത് നാല് മുതിർന്ന അംഗങ്ങളോ അതിൽ ഒപ്പിട്ടിരിക്കണമെന്നു നിർദേശിച്ചിരുന്നു. ഭരണഘടന ലത്തീൻ ഭാഷയിലേക്കു മൊഴിമാറ്റുവാൻ നാല് അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി രൂപവത്ക്കരിച്ചു. അവരുടെ ഭാഷാന്തരം ബിഷപ്പ് മാർസെലീന് സ്വീകാര്യമായില്ല. മലയാളവും ലത്തീനും അറിയാവുന്ന ചിലരുടെ സഹായത്തോടെ ബിഷപ്പ് തന്നെ മൊഴിമാറ്റം നടത്തിയ ടെക്സ്റ്റ് റോമിലേക്ക് അയച്ചു. ബിഷപ്പ് റോമിലേക്ക് അയയ്ക്കാൻ നിശ്ചയിച്ച പ്രമാണരേഖയിലെ ചില വ്യവസ്ഥകൾ സഭാംഗങ്ങളിൽ പലർക്കും സ്വീകാര്യമായിരുന്നില്ല. അവർ റോമിൽ വിശ്വാസ തിരുസംഘത്തെ തങ്ങളുടെ വിയോജിപ്പ് അറിയിച്ചു. 1885 ജനുവരി ഒന്നിനു റോം ആറുവർഷത്തെ താത്ക്കാലിക അംഗീകാരം നൽകിയ പ്രമാണരേഖയിൽ സഭാംഗങ്ങളിൽ നിന്ന് പൊതുപ്രിയോറെ തെരഞ്ഞെടുക്കണമെന്ന വ്യവസ്ഥ നീക്കം ചെയ്തിരുന്നു. ഇത് അംഗങ്ങളുടെയിടയിൽ വലിയ മനസ്താപത്തിനു കാരണമായി. ഇതിൽ പ്രതിഷേധിച്ച് 1885-ൽ ബിഷപ്പ് മാർസെലീൻ വിളിച്ചുചേർത്ത സുപ്പീരിയർമാരുടെ വാർഷികയോഗത്തിൽ ഭൂരിപക്ഷം സുപ്പീരിയർമാരും പങ്കെടുത്തില്ല.

പ്രശ്നപരിഹാരത്തിനായി റോം ഇടപെട്ടു. വിശ്വാസ തിരുസംഘത്തിന്റെ അധ്യക്ഷനായ കർദിനാൾ സിമെയോണി പ്രത്യേക ജനറൽ സിനാക്സിസ് വിളിച്ചുകൂട്ടി പ്രമാണരേഖയിലെ പുതിയ വ്യവസ്ഥകളെ പറ്റി ചർച്ച നടത്തുവാൻ നിർദേശിച്ചു. അതനുസരിച്ച് 1885 ഒക്ടോബർ 26-നു ജനറൽ സിനാക്സിസ് വിളിച്ചുകൂട്ടി. ഇതിൽ സഭാംഗങ്ങൾ എല്ലാവരും തന്നെ ഒപ്പുവച്ച കൂട്ട ഹർജി സമർപ്പിക്കപ്പെട്ടു. പുതിയ ഭരണഘടനയ്ക്കെതിരേ ആയിരുന്നു ഹർജി.

റോമിന്റെ അംഗീകാരത്തിനായി 1890-ൽ കൊടുത്തയച്ച പ്രമാണരേഖയ്ക്കു ആറുവർഷത്തേക്ക് അംഗീകാരം കിട്ടി. 1893 ജൂണിലാണ് ഇത് അംഗീകരിച്ച് ഉറപ്പിച്ചത്. അതിൽ ചില ഭേദഗതികൾ വരുത്തിയിരിക്കുന്നു. ഒരു പൊതു ശ്രേഷ്ഠൻ സഭയിൽ നിന്നു തന്നെ ഉണ്ടാകണം. ഇദ്ദേഹത്തെ സഹായിക്കാൻ നാലു പൊതുശ്രേഷ്ഠ ആലോചനക്കാർ വേണം. ഇവരെയെല്ലാം സഭാംഗങ്ങൾ യോഗം ചേർന്നു തെരഞ്ഞെടുക്കണം. മൂന്നുവർഷമായിരിക്കണം കാലാവധി എന്നിവയായിരുന്നു പ്രധാന ഭേദഗതികൾ (ഫാ. ബർണാർദ് റ്റി.ഒ.സി.ഡി., *സി.എം.ഐ.സഭ ആദ്യദശകങ്ങളിൽ,* പേജ് 211).

1902 ഡിസംബർ 11-നു സഭയുടെ ആദ്യത്തെ തദ്ദേശീയ പ്രയോർ ജനറാളായി കട്ടക്കയത്തു വലിയ ചാണ്ടിയച്ചനെ തെരഞ്ഞെടുത്തു. 1905 ഡിസംബറിൽ അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 1906 മാർച്ച് 12-നു പൗരസ്ത്യ തിരുസംഘം സഭയുടെ പ്രമാണരേഖ സ്ഥിരമായി ഉറപ്പിക്കണമെന്നു തീരുമാനിച്ചു. മാർപാപ്പ അതിന് അംഗീകാരം നൽകി.

സി.എം.ഐ.സന്ന്യാസ സഭയുടെ തുടക്കം മുതൽ തന്നെ അംഗങ്ങൾക്കു പ്രമാണരേഖ സംബന്ധിച്ച് പരാതി ഉണ്ടായിരുന്നു. ഓരോ തവണ ഭേദഗതി ചെയ്യുമ്പോഴും തങ്ങൾ ആഗ്രഹിച്ച രീതിയിലുള്ള പ്രമാണരേഖയല്ല ഇതെന്ന പരാതി ഉയർന്നിരുന്നു. സഭയ്ക്കു തുടക്കം കുറിച്ച പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും ചാവറയച്ചനും നാട്ടുപട്ടക്കാരായിരുന്നു. അവർ അജപാലന ശുശ്രൂഷയിൽ മുഴുകി കഴിയുന്നവരായിരുന്നു. ആ അപ്പസ്തോലിക ശുശ്രൂഷയിൽ നിന്നു വിട്ടുനിൽക്കാൻ അവർ ആഗ്രഹിച്ചിരുന്നില്ല. അവർ ആഗ്രഹിച്ചത് പ്രതിബദ്ധത നിറഞ്ഞ തിരുസഭാജീവിതവും സന്ന്യാസ സഭയുടെ സുപ്പീരിയർമാരുടെ സംരക്ഷണവും മാർഗനിർദേശവും ഉള്ള ആത്മീയ ജീവിതവുമായിരുന്നു. സുപ്പീരിയർമാരാകട്ടെ അംഗങ്ങളിൽ നിന്നു അംഗങ്ങൾ തന്നെ തെരഞ്ഞെടുക്കുന്നവരാകണം. എന്നാൽ ഓരോ കാലത്തും ലഭിച്ചത് പ്രധാനമായും പ്രാർത്ഥനയിലും ധ്യാനത്തിലും നിമഗ്നരായിട്ടുള്ള സന്ന്യാസ സമൂഹങ്ങളുടെ നിയമാവലികളാണ്. ഈ ഒരു സംഘർഷം സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ കാണാം.[1] ഒരു നൂറ്റാണ്ടിലേറെക്കാലം ഈ പ്രശ്നം നിലനിന്നിരുന്നു. വിവിധ കാലങ്ങളിൽ മറ്റു പ്രശ്നങ്ങൾ കടന്നുവരികയും ചെയ്തു.

1953 ഫെബ്രുവരി 22 മുതൽ 25 വരെ നടന്ന 26-ാം ജനറൽ സിനാക്സിസ് സഭയുടെ വളർച്ചയുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു. സഭയെ മൂന്നു പ്രവിശ്യകളായി തിരിക്കാനുള്ള

പരിശുദ്ധ സിംഹാസനത്തിന്റെ തീരുമാനം നടപ്പാക്കുന്നതിനുള്ള ജനറൽ കൗൺസിലിനെ തെരഞ്ഞെടുത്തത് ഈ സിനാക്സിസി ലാണ്.

1887-ൽ കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികൾക്കായി പ്രത്യേകം വികാരിയാത്തുകൾ രൂപവത്കരിക്കുന്നതുവരെ റ്റി.ഒ. സി.ഡി. സമൂഹം വരാപ്പുഴ വികാരിയാത്തിനു കീഴിലായിരുന്നു. സുറിയാനി വികാരിയാത്തുകൾ രൂപവത്കൃതമായശേഷം സന്ന്യാ സസഭ റോമിന്റെ നേരിട്ടുള്ള കീഴിൽ പൊന്തിഫിക്കൽ അവകാശ ങ്ങൾ ഉള്ളതായി. അന്നു മുതൽ ആഭ്യന്തര സ്വയംഭരണമുള്ള ഒരു പ്രമാണരേഖ രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമം തുടങ്ങി. പിൽക്കാലത്തു നടന്ന ജനറൽ സിനാക്സുകളുടെയെല്ലാം ഊന്ന ലുകളിൽ പ്രധാനം മുഖ്യപ്രമാണരേഖയുടെ പരിഷ്കരണമായി രുന്നു.

ആരംഭത്തിൽ സഭയുടെ പേര് അമലോത്ഭവ മറിയത്തിന്റെ ദാസസംഘം (Servants of Mary Immaculate) എന്നായിരുന്നു. സീറോ മലബാർ സഭയെ നയിച്ചിരുന്ന ഒ.സി.ഡി.സഭയുടെ മെത്രാ ൻ 1860-ൽ സന്ന്യാസ സമൂഹത്തെ കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയാക്കി (Third Order of Discalced Carmelites, TOCD). 1890-ൽ അപ്പസ്തോലിക്ക് ഡെലിഗേറ്റ് മോൺ. അയൂത്തിയുടെ സമ്മതത്തോടെ റോമിലേക്ക് അനുവാദത്തിനായി അയച്ച നിയ മാവലികളിൽ മാതാവിന്റെ അമലോത്ഭവം കൂട്ടിച്ചേർത്തു. 1893-ൽ ഈ നിർദേശം അംഗീകരിച്ചുകൊണ്ട് പ്രമാണരേഖയ്ക്കു സ്ഥിരാം ഗീകാരം ലഭിച്ചപ്പോൾ സന്ന്യാസ സമൂഹത്തിന്റെ പേര് വളരെ നീണ്ടതായി - Society of the Brothers of Discalced Third Order of Blessed Virgin Mary Immaculate of Mount Carmel in Malabar. 1967 ജൂലൈ 29-നു അംഗീകരിക്കപ്പെട്ട ഭരണഘടന പ്രകാരം സന്ന്യാസ സമൂഹത്തിന്റെ പേര് Carmel ites of Mary Immaculate എന്നായി.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം അനുസരി ച്ചുള്ള നവീകരണ സംരംഭങ്ങൾക്കു സി.എം.ഐ. സഭയും ഒരു ങ്ങി. അതിന്റെ ഭാഗമായി രണ്ടു ദശകങ്ങളായി (1967 മുതൽ) പരീ ക്ഷണാർത്ഥം ജീവിക്കുന്ന പ്രമാണരേഖയ്ക്ക് അന്തിമരൂപം കൊടു ക്കേണ്ടിയിരുന്നു. ഈ ഉദ്ദേശ്യത്തോടെ നിരവധി സമ്മേളനങ്ങളും പഠനങ്ങളും പ്രബന്ധാവതരണങ്ങളും സംഘടിപ്പിച്ചു. അവയുടെ ഒടുവിൽ 1981 മുതൽ പ്രധാനമായും പ്രമാണരേഖയുടെ രൂപവ ത്ക്കരണത്തിനു മാത്രമായി സി..എം.ഐ. സഭയുടെ അസാധാ രണ പൊതുസംഘം ചേർന്നു. 1981 ബാംഗ്ലൂർ ധർമ്മാരാം കോള

ജിലാണ് ഈ അസാധാരണ പൊതുസംഘം സമ്മേളിച്ചത്.

കറുകുറ്റി ആശ്രമത്തിൽ നടന്ന സുപ്രധാന സെഷനിലാണ് സി.എം.ഐ. സഭയുടെ പേര് Carmelites of Mary Immaculate (C.M.I.) എന്നാണെന്നു അസന്നിഗ്ധമായി പ്രഖ്യാപിക്കപ്പെട്ടത്. സി.എം.ഐ. സഭ അടിസ്ഥാനപരമായി 'കർമ്മലീത്തരോ', 'അമലോത്ഭവ മാതാവിന്റെ ദാസസംഘമോ' എന്ന വിഭിന്നാഭിപ്രായങ്ങളിൽ തീരുമാനമുണ്ടായത് കറുകുറ്റിയിലെ സെഷനിലാണ്. തുടർന്ന് സഭ Carmelites of Mary Immaculate (C.M.I.) എന്നറിയപ്പെട്ടു. സഭാനാമം സംബന്ധിച്ച വിവാദങ്ങളും തർക്കങ്ങളും അതോടെ അവസാനിച്ചു.

1981–ൽ ആരംഭിച്ച പുതിയ പ്രമാണരേഖയ്ക്കായുള്ള അതികഠിനമായ പരിശ്രമങ്ങളിൽ പൊതുസംഘത്തിനു നാല് റിന്യൂവൽ ചാപ്റ്ററുകളും 19 സെഷനുകളും 519 സിറ്റിംഗുകളും കടന്നുപോകേണ്ടി വന്നു. രാത്രി 11 മണിവരെ ദീർഘിച്ച സിറ്റിംഗുകളായിരുന്നു എല്ലാം തന്നെ. സഭാംഗങ്ങളുടെ മുഴുവൻ അഭിപ്രായങ്ങൾ അറിഞ്ഞ് ഉൾക്കൊള്ളിക്കുന്നതിനായി ചർച്ചയ്ക്കായുള്ള ഡ്രാഫ്റ്റുകൾ യഥാസമയം സഭാംഗങ്ങൾക്ക് അയച്ചുകൊടുത്തിരുന്നു. ആ പ്രതികരണങ്ങളുടെ കൂടി വെളിച്ചത്തിലായിരുന്നു സംഘചർച്ചകൾ പുരോഗമിച്ചത്. ചുരുക്കത്തിൽ 1981–ലെ നവീകരിക്കപ്പെട്ട പ്രമാണരേഖ സി.എം.ഐ. സഭയിലെ ഓരോ അംഗത്തിന്റെയും ദീർഘവും വിശുദ്ധവുമായ അന്വേഷണത്തിന്റെയും കൂട്ടായ അധ്വാനത്തിന്റെയും തീക്ഷ്ണമായ പ്രാർത്ഥനയുടെയും ഉത്കൃഷ്ടഫലമാണ്. ഈ പ്രമാണരേഖയുടെ ആദ്യവാചകം വളരെ പ്രചോദനാത്മകമായ ഒന്നാണ്: "God in his loving providence called us, Carmelites of Mary Immaculate to a Community of Love."[2]

സി.എം.ഐ. സഭയെ പ്രവിശ്യകളായി വിഭജിക്കുന്ന പ്രശ്നം കൊടുങ്കാറ്റുപോലെ വന്ന് ഇളംകാറ്റുപോലെയായി എന്ന അവസ്ഥ കൈവന്നത് പരിശുദ്ധാത്മാവിന്റെ കൃപ കൊണ്ടാണ്. 1920–കളുടെ ഒടുവിലായപ്പോഴേക്കും സഭയെ പ്രവിശ്യകളായി വിഭജിക്കണമെന്ന താത്പര്യം അംഗങ്ങളുടെയിടയിൽ ഉടലെടുത്തു. ഇതുമായി ബന്ധപ്പെട്ട് നിരവധി കത്തുകൾ റോമിലേക്കു പോയി. വിഭജനത്തിനു പാകമായിട്ടില്ല എന്ന അഭിപ്രായമായിരുന്നു റോമിന്. ഇതു സംബന്ധിച്ച് പൗരസ്ത്യ തിരുസംഘം 1928–ൽ അയച്ച കത്ത് (നം.803/28) 1929 ജനുവരി 13 മുതൽ 22 വരെ തേവരയിൽ നടന്ന ജനറൽ കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു. ലത്തീനിൽ എഴുതിയിരുന്ന കത്തിന്റെ ഇംഗ്ലീഷ് മൊഴിമാറ്റം സഹിതമാണ് പ്രിയോർ ജനറാളിനു റോമിൽ നിന്ന് അയച്ചുകിട്ടിയത്. വിഭജനത്തിനു അനു

കൂലമായ സമയം ആയിട്ടില്ലെന്നും ഭാവിയിൽ അതേക്കുറിച്ച് ആലോചിക്കാമെന്നുമാണ് പൗരസ്ത്യ തിരുസംഘം വ്യക്തമാക്കിയത്. അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകാതിരിക്കാൻ പ്രിയോർ ജനറാളിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ അംഗങ്ങൾ യോഗങ്ങളും ചർച്ചകളും നടത്തുന്നത് തടയണമെന്നു തിരുസംഘം നിർദേശിച്ചിരുന്നു.

1936-ൽ നടന്ന ജനറൽ സിനാക്സിസ് ചരിത്രപരമായി വളരെ പ്രാധാന്യമുള്ള തീരുമാനം കൈകൊള്ളുകയുണ്ടായി. ചാവറയച്ചനെ വിശുദ്ധപദവിയിലേക്കു ഉയർത്തുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിക്കണമെന്ന ഫാ.വലേരിയൻ പ്ലാത്തോട്ടത്തിന്റെ അഭ്യർത്ഥന സിനാക്സിസിൽ പരിഗണിക്കപ്പെട്ടു. ചാവറയച്ചന്റെ വിശുദ്ധ ദ പ്രാപ്തിക്കായി അംഗങ്ങളും സ്ഥാപനങ്ങളിലും നിത്യേന ഒരു പ്രാർത്ഥന ചൊല്ലണമെന്നു നിർദേശിക്കപ്പെട്ടു. ഇതിനായുള്ള പ്രാർത്ഥന തയാറാക്കുകയും ചെയ്തു.

പരസ്യചർച്ചകൾ നിരോധിക്കപ്പെട്ടിരുന്നെങ്കിലും സഭയെ പ്രവിശ്യകളായി വിഭജിക്കണമെന്ന ആഗ്രഹം അംഗങ്ങളുടെയിടയിൽ അവസാനിച്ചിരുന്നില്ല. മാത്രമല്ല, 1950 കളുടെ ആദ്യമായപ്പോൾ വിഭജനത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉരുത്തിരിഞ്ഞു വരുന്നതായി വ്യക്തമാകുകയും ചെയ്തു. ആ ആത്മവിശ്വാസം 1953 ജനുവരിയിൽ പുറത്തിറങ്ങിയ ഡയറക്ടറിയുടെ ആമുഖത്തിൽ പ്രത്യക്ഷമായി. “With the growth of the Congregation in its members and in its houses and with the development of its apostolic activities, the opinion has been gradually taking shape that the time is ripe for the division of the Congregation into Provinces. The Holy See is the final judge on this important point, and will no doubt, do the needful when the time for it duly arrives.”

1952 ഡിസംബർ 11-നു പൗരസ്ത്യ തിരുസംഘം വിജയപുരം മെത്രാൻ ബൊനവെന്തുരെ അരാഞ്ഞെയെ സഭയുടെ വിഭജനം സംബന്ധിച്ച കാര്യങ്ങൾ നടപ്പിലാക്കുവാൻ അപ്പസ്തോലിക്ക് വിസിറ്ററായി ചുമതലപ്പെടുത്തികൊണ്ട് ഉത്തരവു പുറപ്പെടുവിച്ചു. അതിനു മുമ്പ് സി.എം.ഐ. സഭയുടെ പൊതുവായ അവസ്ഥയും കാര്യങ്ങളും പ്രശ്നങ്ങളും സംബന്ധിച്ചു പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ റോം ബിഷപ്പ് അരാഞ്ഞെയെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ഇരുപത്തിയാറാം ജനറൽ സിനാക്സിസ് വിഭജനത്തിനു മുമ്പു നടന്ന അവസാനത്തെ ജനറൽ സിനാക്സിസ് ആയിരുന്നു. ഫാ.

വിൻസന്റ് ആലപ്പാട്ട്- പ്രിയോർ ജനറാൾ, ഫാ. അർസേനിയൂസ്, ഫാ. ക്രിസോസ്റ്റം, ഫാ.ഫെലിക്സ്, ഫാ. മൗറേലിയസ് - കൗൺസിലർമാർ എന്നിവർ എക്സ് - ഒഫിഷ്യോ അംഗങ്ങളായിരുന്നു. 34 വൈദികർ ജനറൽ സിനാക്സിസിലേക്കു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി. ചരിത്രപ്രാധാന്യമുള്ള ഈ ജനറൽ സിനാക്സിസ് 1953 ഫെബ്രുവരി 23-നാണ് വിളിച്ചുചേർത്തത്. പുതിയ പ്രിയോർ ജനറാളായി ഫാ. മാവുരൂസ് വലിയപറമ്പിൽ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ജനറൽ സിനാക്സിസിൽ അംഗമായിരുന്നില്ല. ജനറാളുടെ ടീമംഗങ്ങളായി ഫാ. ഗെരയോൻ വിതയത്തിൽ, ഫാ.അത്തനാസിയൂസ്, ഫാ. കൊർണേലിയസ്, ഫാ. ദൊരോത്തേവൂസ്, ഫാ. മൗറേലിയസ് (പ്രൊക്യുറേറ്റർ ജനറൽ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

മാന്നാനം സെന്റ് ജോസഫ്സ് ആശ്രമത്തിൽ 1953 മാർച്ച് രണ്ടിനു നടന്ന ജനറൽ കൗൺസിൽ യോഗത്തിൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി വിഭജിക്കപ്പെട്ടു. കൗൺസിൽ യോഗത്തിൽ അപ്പസ്തോലിക്ക് വിസിറ്റർ ബിഷപ്പ് അരാഞ്ഞെ ആധ്യക്ഷം വഹിച്ചു.

വിഭജനത്തിന്റെ ഭാഗമായി പുതിയ പ്രവിശ്യകളും അതിർത്തികളും നിശ്ചയിക്കപ്പെട്ടു.

തെക്കൻ പ്രവിശ്യ സെന്റ് ജോസഫ് പ്രവിശ്യ എന്നറിയപ്പെട്ടു. തിരുവല്ല, പത്തനംതിട്ട, ആലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം, പീരുമേട്, മീനച്ചിൽ, വൈക്കം എന്നിവയാണ് ഈ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്ന താലൂക്കുകൾ. മാന്നാനം, പുളിങ്കുന്ന്, മുത്തോലി, ചെത്തിപ്പുഴ, കുര്യനാട്, ചമ്പക്കുളം, പൂഞ്ഞാർ, മുട്ടാർ, മണിമല ആശ്രമങ്ങളും തിരുവനന്തപുരം, അയിരൂർ, പുതുപ്പള്ളി, ആലപ്പുഴ, കോട്ടയം, പാലാ സബ് സ്റ്റേഷനുകളും ഈ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്നു.

മധ്യപ്രവിശ്യ സേക്രഡ് ഹാർട്ട് പ്രവിശ്യ എന്നറിയപ്പെട്ടു. ചേർത്തല, തൊടുപുഴ, മുവാറ്റുപുഴ, ദേവികുളം, കൊച്ചി, കണയന്നൂർ, പറവൂർ, കുന്നത്തുനാട്, താലൂക്കുകൾ ഈ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്നു, വാഴക്കുളം, പള്ളിപ്പുറം, തേവര, കുനമ്മാവ്, ആലുവ, കറുകുറ്റി ആശ്രമങ്ങളും കാളിയാർ സബ് സ്റ്റേഷനും ഈ പ്രവിശ്യയുടെ ഭാഗമായി.

വടക്കൻ പ്രവിശ്യ ദേവമാത പ്രവിശ്യ എന്നറിയപ്പെട്ടു. മുകുന്ദപുരം, കൊടുങ്ങല്ലൂർ, തൃശൂർ, ചിറ്റൂർ, തലപ്പിള്ളി, പൊന്നാനി, വള്ളുവനാട്, ഏറനാട് താലൂക്കുകൾ ഈ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്നു. എൽത്തുരുത്ത്, അമ്പഴക്കാട്, പാവറട്ടി, തലോർ, കട

ലുണ്ടി, കുന്നംകുളം ആശ്രമങ്ങളും വരന്തരപ്പിള്ളി, പുല്ലൂർ സബ്സ്റ്റേഷനുകളും പുതിയ പ്രവിശ്യയുടെ ഭാഗമായി. ഏതു വിഭജനത്തിലും പതിവുള്ളതുപോലെ ചില അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തെങ്കിലും അതൊന്നും സഭയുടെ കെട്ടുറപ്പിനെ ബാധിച്ചില്ല. മാത്രമല്ല, പ്രവിശ്യകളായി വിഭജിക്കപ്പെട്ടശേഷം സി.എം.ഐ. സഭയുടെ വളർച്ച അഭൂതപൂർവമായ വേഗത്തിലായി.

ഇങ്ങനെ വളർച്ചയ്ക്ക് ആക്കം കൂട്ടിയ ഭരണപരമായ വലിയ കാര്യമായിരുന്നു സി.എം.ഐ. സമൂഹത്തിനു മാർപാപ്പയിൽ നിന്നു ലഭിച്ച Exempt Order. സി.എം.ഐ. സമൂഹത്തിനു Exempt Status ലഭിച്ച കാര്യം പ്രിയോർ ജനറാൾ ഫാ. കനിസീയൂസ് തെക്കേക്കര 1967 നവംബർ 24-നു ഒരു സർക്കുലറിലൂടെ (നം.13/67) സഭാസമൂഹത്തെ അറിയിച്ചു. Exempt Status ന്റെ വിശദീകരണം ഇങ്ങനെയാണ്: “In order to provide for the good of institutes and the needs of the apostolate, the Roman Pontiff, by reason of his primacy in the entire church and with a view to common advantage, can exempt institutes of consecrated life from the governance of the eparchial bishop and subject them to himself alone or to another ecclesiastical authority.”[4]

മാർപാപ്പ സന്ന്യാസ സഭകൾക്കു പൊന്തിഫിക്കൽ അവകാശം കൊടുക്കുന്നത് ആഗോള സഭയെ സേവിക്കുന്നതിനുള്ള അവസരം നൽകുന്നതിനാണ്. ഈ അവകാശമുള്ള സന്ന്യാസ സഭാംഗങ്ങൾക്കു ലോകത്തെവിടെയും പോയി സേവനം അനുഷ്ഠിക്കാം. അങ്ങനെ ചെല്ലുന്ന സ്ഥലത്തെ മെത്രാന്റെ അനുവാദം മാത്രമേ ആവശ്യമുള്ളൂ. പൊന്തിഫിക്കൽ അംഗീകാരമുള്ള സന്ന്യാസ സഭാംഗങ്ങൾ സേവനം ചെയ്യുന്നത് മാർപാപ്പയുടെ കീഴിലാണ്. സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ പൗരസ്ത്യ തിരുസംഘം വഴി മാർപാപ്പയോടാണ് റിപ്പോർട്ട് ചെയ്യേണ്ടത്.

സന്ന്യാസ സഭകളാണ് ലോകമെമ്പാടും കത്തോലിക്കാസഭയെ വളർത്തിയത്. മലബാർ സഭ (കേരളസഭ) യ്ക്കു ജെസ്യൂട്ട്, കർമ്മലീത്താ വിദേശ മിഷനറിമാർ ചെയ്ത സേവനങ്ങൾ വിസ്മരിക്കാനാവില്ല. പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും ചാവറയച്ചനും ഈ ബോധ്യം ഉണ്ടായിരുന്നു. അതുകൊണ്ടാണ് ചാവറയച്ചൻ വിദേശ മിഷനറിമാരോട് സഹകരണത്തിന്റെ മാർഗം അവലംബിച്ചത്. സംഘർഷം കൊണ്ട് ഒന്നും നേടാനാവുകയില്ലെന്ന തികഞ്ഞ ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

ഇന്ത്യയിലെ തദ്ദേശ സന്ന്യാസ സഭകളിൽ മിഷനറി പ്രവർത്തനങ്ങളിൽ ഏറെ മുന്നിൽ നില്ക്കുന്നത് സി.എം.ഐ. സഭയാണ്.

34 രാഷ്ട്രങ്ങളിൽ സഭാംഗങ്ങൾ സേവനം ചെയ്യുന്നുണ്ട്. കേരളത്തിൽ വന്ന് വിദേശ മിഷനറിമാർ മിഷൻ പ്രവർത്തനങ്ങൾ നടത്തിയതുപോലെ വിദൂരങ്ങളിലുള്ള ആഫ്രിക്കൻ നാടുകളിലും ലാറ്റിനമേരിക്കൻ ഗ്രാമങ്ങളിലും ആമസോൺ വനാന്തരങ്ങളിലെ ഗോത്രസമൂഹങ്ങൾക്കിടയിലും സി.എം.ഐ. സഭാംഗങ്ങൾ മിഷൻ പ്രവർത്തനം നടത്തുന്നു.

ആഗോളസഭയ്ക്കു വളരെ വിശാലമായ കാൻവാസിൽ സേവനശുശ്രൂഷ ചെയ്യുന്നതിനുള്ള പരിശീലനമാണ് സെമിനാരിയിൽ സി.എം.ഐ.സഭാംഗങ്ങൾക്കു കൊടുക്കുന്നത്. നവസുവിശേഷവത്ക്കരണത്തെ കുറിച്ചും എക്യുമെനിസത്തെ കുറിച്ചും മതാന്തര സംവാദത്തെപ്പറ്റിയും അവർക്കറിയാം. മനുഷ്യനെ സമഗ്രതയിൽ ദർശിക്കാനുള്ള പരിശീലനം അവർക്കു ലഭിക്കുന്നുണ്ട്. വിദ്യാഭ്യാസ മണ്ഡലത്തിലും സാംസ്കാരിക രംഗത്തും മാധ്യമരംഗത്തും പ്രവർത്തിക്കാനുള്ള പരിശീലനം വൈദിക പഠനകാലത്തു തന്നെ ലഭിക്കുന്നു. ആ വിഷയങ്ങളിൽ ഉയർന്ന പഠനം നടത്താൻ ആഗ്രഹിക്കുന്നവർക്ക് അതിനവസരം കിട്ടും.

ജീവിതത്തെ വിഭിന്നതയിലും സമഗ്രതയിലും ദർശിക്കാനുള്ള അവസരങ്ങൾ അവർക്കായി ഒരുക്കുന്നു. പല വിഷയങ്ങൾ, പല വ്യക്തികൾ, പല മതങ്ങൾ, പല സംസ്കാരങ്ങൾ എന്നിവയൊക്കെ അവർക്കു പരിചിതമാകുന്നു. മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ ഫിലോസഫി പഠനം വാർദ്ധയിലാണ്. ഗാന്ധി ആശ്രമവും വിനോബ ആശ്രമവുമൊക്കെ അവർ സന്ദർശിക്കുന്നു. ഗ്രാമീണജനങ്ങളുടെ ജീവിതം കണ്ടറിയുന്നു. തിയോളജി പഠനം ജഗദൽപൂരിലും ഋഷികേശിലും ഭോപ്പാലിലും ബാംഗ്ലൂരിലുമാണ്. ജഗദൽപൂർ ഗ്രാമീണതയും നക്സലൈറ്റ് സ്വാധീനവുമുള്ള സ്ഥലമാണ്. ഋഷികേശ് ഹിന്ദുമതത്തിന്റെ വലിയ കേന്ദ്രമാണ്. ഭോപ്പാലും ബാംഗ്ലൂരുമൊക്കെ അവയുടേതായ പ്രത്യേകതകളാൽ സമ്പന്നമാണ്. അങ്ങനെ വൈദിക പഠനത്തോടൊപ്പം ഇന്ത്യ യഥാർത്ഥത്തിൽ എന്താണെന്നു വൈദിക വിദ്യാർത്ഥികൾ മനസ്സിലാക്കുന്നു.

വ്യത്യസ്തങ്ങളായ ദർശനങ്ങൾ സംഗമിക്കുന്ന ഉന്നതപീഠമാവണം സി.എം.ഐ. സഭയെന്ന കാഴ്ചപ്പാട് സ്ഥാപക പിതാക്കന്മാർക്ക് ആദ്യം മുതലേ ഉണ്ടായിരുന്നു. മാന്നാനത്തെ കൊവേന്തയെ (ആശ്രമത്തെ) വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പല പേരുകൾ അതിനു തെളിവാണ്. ബേസ് റൗമ എന്ന സുറിയാനി നാമം ക്രൈസ്തവജീവിതം മലയിൽ പണിയപ്പെട്ട വീടാകണമെന്ന സുവിശേഷ പഠനത്തെയാണ് അനുസ്മരിപ്പിക്കുന്നത്. ദർശനവീട്

എന്ന പേര് സന്ന്യാസിമാരും അവരുടെ ആത്മീയദർശനവുമായി ബന്ധപ്പെട്ടതാണ്. പുണ്യസങ്കേതമെന്ന പേര് മലയാളഭാഷയും കേരളീയ സംസ്കാരവുമായി ചേർന്നു നില്ക്കുന്നതാണ്. ആകാശമോക്ഷത്തിന്റെ പതിപ്പ് എന്ന വിശേഷണം ബൈബിളിന്റെയും ക്രിസ്തീയതയുടെയും പശ്ചാത്തലങ്ങളിൽ നിന്ന് രൂപം കൊണ്ടതാണ്. തപസുഭവനം ഭാരതീയ താപസരുടെ (ഋഷിമാരുടെ) ദർശനവും ജീവിതരീതികളും ഓർമയിൽ കൊണ്ടുവരുന്നതാണ്. ഏതു കാര്യവും അതിന്റെ അപാരതയിലും സമഗ്രതയിലും ദർശിക്കാൻ കഴിഞ്ഞിരുന്ന ചാവറയച്ചന്റെ സവിശേഷ സമീപനങ്ങൾ ഈ പേരുകളിൽ തിളങ്ങിനില്ക്കുന്നുണ്ട്.

സി.എം.ഐ. സഭയുടെ ഏറ്റവും വലിയ ശക്തി എന്താണെന്നറിയാൻ സഭാംഗങ്ങളുടെ ഇടയിൽ നടത്തിയ അന്വേഷണത്തിൽ വ്യക്തമായത്, അംഗങ്ങളുടെ കൂട്ടായ്മ എന്നായിരുന്നു. സമൂഹമാണു സി.എം.ഐ.സഭയുടെ ബലം. വിശുദ്ധ ചാവറയച്ചൻ കുടുംബത്തിലെ കൂട്ടായ്മയുടെ അനുഭവം സന്ന്യാസ സഭയിൽ ഉണ്ടാകണമെന്നു നിഷ്കർഷിച്ചിരുന്നു. തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാ ആയിരുന്നു അദ്ദേഹം. സഭാംഗങ്ങൾക്കുള്ള സർക്കുലറുകളിൽ കൂടപ്പിറപ്പുകളേ എന്ന സംബോധന കാണാം. "സ്നേഹിക്കപ്പെട്ട കുടപ്പിറപ്പുകളേ, എത്രയും പ്രിയമുള്ള മക്കളേ" എന്നിങ്ങനെ നീളുന്ന സംബോധനകൾ. സഭാംഗങ്ങളെല്ലാം ഏകോദര സഹോദരങ്ങളെപ്പോലെയാകണം എന്നായിരുന്നു ചാവറയച്ചന്റെ ആഗ്രഹം. ആ ആഗ്രഹം യാഥാർഥ്യമായി എന്നതാണു സി.എം.ഐ.സഭയുടെ ചരിത്രവിജയം.

ചരിത്രപരമായി പ്രധാനപ്പെട്ട മറ്റൊരു കാര്യം സന്ന്യാസ സഭ സ്ഥാപിക്കുന്നതിന് അനുവാദം കൊടുത്ത സ്തബലിനി മെത്രാൻ 1829-ൽ അതിവിശാലമായ പ്രവർത്തനാകാശമാണ് സ്ഥാപക പിതാക്കന്മാർക്കു മുന്നിൽ അവതരിപ്പിച്ചത് എന്നതാണ്.

അറിവില്ലാത്തവർക്ക് കാര്യങ്ങൾ കണ്ടുപഠിക്കാനുള്ള അവസരങ്ങൾ കൊടുക്കുക, മാനസാന്തരം വന്നവരെ ജ്ഞാനസ്നാനപ്പെടുത്തി സഭയിൽ ചേർക്കുക, സഭയുടെ ഐക്യം സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക, സഭയുടെ നവീകരണം സാധ്യമാക്കുക, രാജ്യത്തിന്റെയും ലോകം മുഴുവന്റെയും ഉന്നതിക്കായുള്ള സേവനങ്ങൾ നടത്തുക, കണ്ണുകാട്ടപ്പെട്ട നന്മകൾ (സാധ്യമാകുന്ന നന്മകളെല്ലാം) ഈ നാട്ടിൽ കൊണ്ടുവരുന്നതിനു ഉത്സാഹിക്കുക എന്നിങ്ങനെയാണ് ബിഷപ്പ് ഉത്തരവിൽ നിർദേശിച്ചത്.[5]

പാശ്ചാത്യനാടുകളിൽ ആശ്രമജീവിതം ആരംഭിച്ചശേഷം ഏറെ നന്മകൾ ഉണ്ടായിട്ടുണ്ട്. അതറിയാവുന്ന മെത്രാന് ഈ പുതിയ

സന്ന്യാസസഭ വഴി അത്തരം നന്മകൾ കേരളത്തിലും ഉണ്ടാകണമെന്ന വലിയ ആഗ്രഹം ഉദിച്ചു. ഈ നാട്ടിൽ അതുവരെ മറ്റൊരു സന്ന്യാസ സഭ ഉദയംകൊണ്ടിരുന്നില്ല. വലിയ സാധ്യതകളാണ് ഈ സന്ന്യാസസഭയിൽ ദീർഘദൃഷ്ടിയുള്ള സ്തബലിനി മെത്രാൻ കണ്ടത്. ബഹുമുഖമായ വളർച്ചയിലൂടെ സി.എം.ഐ. സഭ മെത്രാനും സ്ഥാപക പിതാക്കന്മാരും കണ്ട സ്വപ്നങ്ങളെല്ലാം യാഥാർഥ്യമാക്കി. ഇപ്പോൾ കൂടുതൽ വിശാലമായ പ്രവർത്തന പന്ഥാവുകളിലൂടെ മുന്നേറുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് ഓരോ കാലത്തും സാർവത്രിക സഭയ്ക്ക് ആവശ്യമായ നന്മകൾ ചെയ്യുവാൻ ഈ സന്ന്യാസ സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്, കഴിയുന്നുമുണ്ട്.

ഇതിനാവശ്യമായ രീതിയിൽ പ്രമാണരേഖയെ കുറിച്ച് ചിന്തിക്കുവാനും ആവശ്യമെങ്കിൽ പരിഷ്കരിക്കുവാനും സഭാധികാരികൾ എന്നും ശ്രദ്ധിക്കുന്നു. ഏറ്റവും ഒടുവിൽ 2019-2020 ൽ സഭയിൽ ആകമാനം പല ബാച്ചുകളായി നടന്ന CMI Constitutions Retreat ഉദാഹരണമാണ്. പ്രമാണരേഖയുടെ ഈ ധ്യാനാത്മക സമീപനത്തിനു പിന്നിലെ ചേതോവികാരം വിശദീകരിച്ചിട്ടുള്ളത് ഇങ്ങനെയാണ്: "...a Constitutions Retreat at this juncture is a clear call to all of us CMIs to take a prophetic step of re-founding our Congregation in the present context and the prevalent style of life in the light of our Constitutions.''[6]

1869 ജൂലൈ ഒന്നിനു സഭാംഗങ്ങൾക്കയച്ച കത്തിൽ വി. ചാവറയച്ചൻ ഇങ്ങനെ എഴുതി: "... കൊവേന്തകളുടെ ഉറപ്പ് അതിന്റെ ചുവരുകളുടെ കനമല്ല. അതിൽ ജീവിക്കുന്നവരുടെ തീക്ഷണതയുള്ള സുകൃതജീവിതമാകുന്നു. ഏതെല്ലാം ദേശങ്ങളിൽ ഇതിനേക്കാൾ വലിയ കൊവേന്തകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, എങ്ങനെ സംഭവിച്ചു എന്നറിയില്ല, ഇന്ന് അവയെല്ലാം കാടായി മാറിയിരിക്കുന്നു. ദുഷ്ടമൃഗങ്ങളുടെ ആവാസസ്ഥാനവുമായിരിക്കുന്നു. നമ്മൾ ഈ ആശ്രമങ്ങളുടെ തുടക്കക്കാരാണ്. അതിന്റെ മൂലക്കല്ലുകളും. നമ്മുടെ പിൻഗാമികളായി കടന്നുവരുന്ന കൂടെപ്പിറപ്പുകൾ അൻപതുവർഷങ്ങൾക്കു ശേഷം നമ്മുടെ പേരും പ്രവൃത്തികളും നമ്മുടെ സാക്ഷ്യങ്ങളായി പരിഗണിച്ച് നമ്മെ അനുകരിക്കും. അവരുടെ ജീവിതരീതിയും ശുശ്രൂഷകളും നമ്മുടേതിനേക്കാൾ നിലവാരം കുറഞ്ഞുപോകാനാണല്ലോ സാധ്യത."[7]

ഇങ്ങനെ സംഭവിക്കാതിരിക്കാനുള്ള സഭാനേതൃത്വത്തിന്റെ ബോധപൂർവമായ ശ്രമങ്ങളുടെ ഭാഗമാണ് പ്രമാണരേഖയുടെ ധ്യാനാത്മക വിചിന്തനങ്ങളും പ്രായോഗിക കർമപരിപാടികളും.

ഓരോ സന്ന്യാസിയും ദീപമായി പ്രകാശിക്കണം. അതിനു ദൈവാനുഗ്രഹത്തിന്റെ വൈദ്യുതി പ്രവഹിക്കണം. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കനുസരിച്ച് സ്വയം മാറാനും കഴിയണം. നിരന്തരമായി സ്വയം കണ്ടെത്തുന്നില്ലെങ്കിൽ കത്താത്ത തെരുവു വിളക്കുകൾ പോലെയാകും.

നവീകരണ പാതയിലൂടെ മുന്നേറാനാകാതെ യൂറോപ്പിൽ സന്ന്യാസ സഭകൾ നിന്നുപോയിട്ടുണ്ട്. യൂറോപ്പിൽ പഴയകാലത്തെ വലിയ സഭകൾ ഇപ്പോൾ അംഗസംഖ്യ കുറഞ്ഞതിനാൽ ഒരുമിച്ചുചേർന്ന് ഒന്നാകുന്നുണ്ട്. നിലനിൽപിനു വേണ്ടിയുള്ള ശ്രമങ്ങൾ.

വാർധക്യത്തിന്റെ കടന്നാക്രമണത്തെ ചെറുക്കാൻ വ്യക്തികൾ പരിശ്രമിക്കാറുണ്ട്. വ്യായാമം, ഭക്ഷണ നിയന്ത്രണം, ആത്മീയ ചിന്ത, പ്രാർത്ഥന, സൗഹൃദക്കൂട്ടായ്മ, വായന, യാത്ര, നർമസംഭാഷണം, വിനോദം തുടങ്ങിയവ അതിനായി പ്രയോജനപ്പെടുത്തുന്നു. സന്ന്യാസ ജീവിതത്തിന്റെ യൗവനം നിലനിർത്താനും കഠിനപരിശ്രമം ആവശ്യമാണ്.

ഇരുന്നൂറാം വർഷത്തിൽ എത്തുന്ന 2031-നെ സ്വപ്നം കണ്ടാണ് സി.എം.ഐ. സഭയിൽ ഇപ്പോൾ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. രണ്ടുതലങ്ങളിലാണ് നവീകരണ മുന്നേറ്റം. സന്ന്യാസ വൈദിക ജീവിതത്തിന്റെ നവീകരണവും ശുശ്രൂഷാതലത്തിലുള്ള നവീകരണവും. ജീവിത നവീകരണം വ്യക്തിതലത്തിലും സമൂഹതലത്തിലും നടക്കുന്നു. ശുശ്രൂഷാതലത്തിലുള്ള നവീകരണം മുഖ്യമായും സംഘാതമായിട്ടുള്ളതാണ്.

അനുദിന പ്രാർത്ഥനകൾ, ധ്യാനം, ജ്ഞാനവായന, കൂദാശകൾ തുടങ്ങിയവ വ്യക്തിതലങ്ങളിൽ അനുഷ്ഠിച്ച് സ്വയം നവീകരിക്കാൻ പറ്റും. മാസംതോറും വർഷംതോറും നടക്കുന്ന നവീകരണങ്ങൾ സംഘാതമായി ചെയ്യാനാവുന്ന കാര്യമാണ്. മൂന്നു വർഷത്തിലൊരിക്കൽ എല്ലാ സന്ന്യാസിമാരും നവീകരണ പ്രക്രിയകളിലൂടെ കടന്നുപോകേണ്ടതുണ്ട്. ജനറൽ ചാപ്റ്ററിന്റെ പശ്ചാത്തലത്തിൽ ഊന്നൽ കൊടുക്കുന്ന കാര്യങ്ങളാണ് ഈ പ്രക്രിയകളുടെ കേന്ദ്രബിന്ദുക്കൾ ആവുന്നത്. ഇതിന് അനുബന്ധമായി പ്രവിശ്യാതലങ്ങളിലും അതിനു താഴെയുള്ള തലങ്ങളിലും നവീകരണ പ്രക്രിയകൾ നടക്കും. പട്ടം കിട്ടിയ ശേഷമുള്ള ആദ്യ അഞ്ചുവർഷം എല്ലാ വൈദികരും വർഷംതോറുമുള്ള നവീകരണ പരിപാടികളിലൂടെ കടന്നുപോകേണ്ടതുണ്ട്. ധ്യാനങ്ങളും ചാവറ പിതാവിനെ പറ്റിയുള്ള പഠനങ്ങളും സഭയുടെ സിദ്ധി മനസ്സിലാക്കാനുള്ള അവസരങ്ങളുമാണ് ഒരുക്കുന്നത്.

2031-ൽ സഭയുടെ മുഖം എന്തായിരിക്കണമെന്ന അന്വേഷണമാണു ശുശ്രൂഷാതലത്തിലുള്ള നവീകരണത്തിന്റെ കാതൽ. സി.എം.ഐ. സൈക്കോളജിക്കൽ അസോസിയേഷൻ, സി.എം.ഐ. ഫിലോസഫേഴ്സ് ആൻഡ് തിയോളജിയൻസ് ഫോറം തുടങ്ങിയവ ശുശ്രൂഷാതലത്തിലുള്ള അന്വേഷണത്തിന്റെ പുതിയ കൂട്ടായ്മകളാണ്. സി.എം.ഐ. സഭയ്ക്കു പുതിയ ശുശ്രൂഷാമേഖലകളും സേവനത്തിനുള്ള ഇടങ്ങളും കണ്ടെത്താൻ ഈ അന്വേഷണങ്ങൾ സഹായിക്കുന്നു. അങ്ങനെയാണു യൂറോപ്പിൽ സന്ന്യാസ സഭകൾ തളരുമ്പോൾ സി.എം.ഐ. സഭ വളരുന്നത്.

സന്ന്യാസ സഭകൾക്കു മാത്രമല്ല കത്തോലിക്കാസഭയ്ക്കും ഇതു വെല്ലുവിളികളുടെ കാലമാണ്. മൗലികമായ അന്വേഷണങ്ങൾ അനിവാര്യമാണ്. വൈദികരെയും സന്ന്യസ്തരെയും മാത്രമല്ല അല്മായരെയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

എല്ലാം കാണുന്ന സർവേശ്വരനെപ്പറ്റി വിശുദ്ധ ചാവറയച്ചൻ 'അവിശ്വാസികളുടെ എക്ലോഗിൽ' ഇങ്ങനെ എഴുതി:

"പക്ഷി പോലെ പറന്നാകാശെ
പോകിലും
ചക്ഷുസ്സ് നിന്റെ അവിടെയും കാണുന്നു
കാണുന്ന വൻമരമേറിയൊളിക്കിലൊ
കാട്ടിൻ മലയ്ക്കുള്ളിൽ ഓടിയടുക്കിലൊ
പാതാള ഗുഹ്യത്തിലങ്ങു മറകിലോ
ഒക്കെയും കണ്ടീടുന്നുണ്ട് നിൻ
കണ്ണുകൾ."[8]

ഈ കണ്ണുകൾക്കു മുന്നിൽ ആത്മീയസാക്ഷാത്കാരം ലക്ഷ്യം വച്ച് പുതിയ പുതിയ മേഖലകളിൽ മാനവസേവയിലൂടെ യേശുവിനെ വെളിപ്പെടുത്തുന്നവരായി വളരുകയാണ് സി.എം.ഐ. സഭാംഗങ്ങൾ.

സഭയുടെ ഭരണഘടനയെ കുറിച്ചുള്ള പഠനവും അതു നവീകരിക്കാനുള്ള ശ്രമവും തുടർപ്രക്രിയയാണ്. സ്വയംവിമർശനത്തിനുള്ള ഇടവും നവീകരണത്തിനുള്ള ഒരുക്കവും ഇല്ലാത്ത സന്ന്യാസസഭ രോഗാതുരമായി മാറുമെന്നു വിവിധ സന്ന്യാസസഭകളുടെ ചരിത്രം പഠിപ്പിക്കുന്നു. ആറുവർഷത്തിലൊരിക്കൽ ചേരുന്ന പൊതു സംഘമാണ് സി.എം.ഐ. സഭയുടെ ഭരണഘടനാപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. ആവശ്യമായ മാറ്റങ്ങൾ സംബന്ധിച്ച് തീരുമാനം ഉണ്ടായാൽ അക്കാര്യം വ്യക്തമാക്കി റോമിലേക്ക് എഴുതും. അത് നടപ്പിൽ വരുത്തുന്നതിനു റോമിൽ നിന്ന് അംഗീകാരം കിട്ടേണ്ടതുണ്ട്. ഇങ്ങനെ സാധ്യമാകുന്ന നിരന്തരമായ നവീ

കരണമാണ് പുതിയ കാലത്തിനനുസരിച്ചും കാലഹരണപ്പെട്ട വയെ മറികടന്നും പോകാനുള്ള ഊർജം സി.എം.ഐ. സഭയ്ക്ക് പ്രദാനം ചെയ്യുന്നത്.

**സൂചിത രേഖകൾ**


1. *Herald of the New Age,* page 234, 235.
2. തോമസ് ഐക്കര, *ഞാൻ കണ്ട സി.എം.ഐ. സഭ,* പേജ് 189,190.
3. *Herald of the New Age,* page 248.
4. *Herald of the New Age,* page 261.
5. വലേരിയൻ സി.ഡി., *മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം,* പേജ് 51.
6. Thomas Aykara C.M.I., *C.M.I. Constitution Retreat,* page 6.
7. *ചാവറയച്ചന്റെ കത്തുകൾ,* പേജ് 133.
8. *വിശുദ്ധ ചാവറയച്ചന്റെ ഇടയ നാടകങ്ങൾ,* പേജ് 68.

## 20

# പാഥേയം

തങ്ങളുടെ ആത്മരക്ഷയെ കുറിച്ചുള്ള തീക്ഷ്ണമായ ചിന്തകളാണു മല്പാന്മാരായ തോമസ് പാലയ്ക്കൽ, തോമസ് പോരൂക്കര, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നിവരിൽ സന്ന്യാസ ജീവിതത്തെ കുറിച്ചുള്ള അഭിനിവേശം ഉണർത്തിയത്. തുടർന്ന് തങ്ങളുടെ ആത്മരക്ഷയോടൊപ്പം മറ്റുള്ളവരുടെ ആത്മരക്ഷയും സാധ്യമാകണമെന്ന ലക്ഷ്യം അവരെ സി.എം.ഐ. സന്ന്യാസസഭയുടെ സ്ഥാപനത്തിലേക്കു നയിച്ചു. "അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരനു സുഖത്തിനായ് വരേണ" മെന്നു ശ്രീനാരായണഗുരു പിൽക്കാലത്തു എഴുതിയത് ഈ ആശയത്തിന്റെ ആവിഷ്ക്കാരമാണ്.

മുകളിൽ സൂചിപ്പിച്ച മൂവരുടെയും ആത്മസുഖമെന്നത് അവരുടെ ആത്മാവിന്റെ രക്ഷയാണ്. തങ്ങളോടൊപ്പം മറ്റുള്ളവരുടെ ആത്മാക്കളും രക്ഷപ്പെടണമെന്ന ചിന്ത അവരെ കൂട്ടായ ജീവിതത്തിലേക്കു നയിച്ചു. വ്യക്തിക്കു ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ സമൂഹത്തിനു കഴിയും. അതിനാൽ അവർ ഒരുമിച്ചു ജീവിക്കുകയും തങ്ങളുടെ കൂട്ടായ്മയിലേക്കു പുതിയ അംഗങ്ങൾക്കു പ്രവേശനം നൽകുകയും ചെയ്തു. കൂടുതൽ പേരെ പ്രവേശിപ്പിക്കുവാൻ വൈദികപരിശീലനമാണ് അവർ കണ്ട വഴി. തങ്ങൾ സ്ഥാപിച്ച സന്ന്യാസ സഭയിൽ അംഗങ്ങളാകാൻ വന്നവർക്കും രൂപതാ വൈദികർ ആകുന്നവർക്കും അവർ പരിശീലനം നൽകി. സന്ന്യാസസഭയുടെ അംഗസംഖ്യ വർധിപ്പിക്കുകയായിരുന്നില്ല വിശ്വാസി സമൂഹത്തിന്റെ ആത്മരക്ഷ സാധ്യമാക്കുകയായിരുന്നു ലക്ഷ്യം. നല്ല വൈദികർ ഉണ്ടാവുമ്പോൾ നല്ല വിശ്വാസികളും അവരിലൂടെ നല്ല കുടുംബങ്ങളും ഉണ്ടാകും. നല്ല കുടുംബങ്ങളിൽ നിന്ന് നല്ല വൈദികരുണ്ടാകും. പ്രകൃതിയുടെ ചാക്രിക

സ്വഭാവം പോലെയാണതും.

വൈദിക പരിശീലനത്തോടൊപ്പം വിശ്വാസികൾക്കു മനസ്സലിവും പശ്ചാത്താപവും ദൈവാഭിമുഖമായി ചരിക്കാനുള്ള താത്പര്യവും ഉണർത്താൻ അവർ ഇടവകകൾ തോറും ധ്യാനങ്ങൾ നടത്തി. ആരാധനക്രമങ്ങൾ പരിഷ്കരിച്ച് ലളിതവും ഏവർക്കും ഗ്രാഹ്യവുമാക്കി. ഞായറാഴ്ചകളിൽ ദിവ്യബലിയുടെ ഭാഗമായി വചനപ്രഘോഷണം നടത്തി. കുമ്പസാരം അനുഭവസാന്ദ്രമാക്കാനുള്ള ഉദ്ബോധനങ്ങൾ നൽകി. സുവിശേഷങ്ങൾക്കും യേശുവിനും തങ്ങളുടെ ജീവിതംകൊണ്ട് സാക്ഷ്യം നൽകി.

വിശ്വാസികളെ ആത്മീയജ്ഞാനത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനു ഭൗതികമായ അറിവും വേണം. അതിനു വിദ്യാലയങ്ങൾ ഉണ്ടാവണം. ആ വിദ്യാലയങ്ങളിൽ പ്രവേശനം കൊടുക്കുന്നത് സ്വന്തം സമുദായക്കാർക്കു മാത്രമാവരുതെന്ന ചിന്ത പുരോഗമനപരമായിരുന്നു. കേരളത്തിൽ അറിവും അവകാശബോധവുമുള്ള പൊതു സമൂഹം രൂപപ്പെട്ടത് അങ്ങനെയാണ്. രാജ്യത്ത് ശാന്തിയും സമാധാനവും സമത്വവും അഭിവൃദ്ധിയും സാധ്യമാക്കുവാൻ അതേ മാർഗമുള്ളൂ. പള്ളിയിൽ എല്ലാവരെയും കൊണ്ടുവരുവാൻ പറ്റില്ല. എന്നാൽ പള്ളിക്കൂടത്തിൽ പറ്റും. തുടക്കത്തിൽ വാര്യരെപോലുള്ള സവർണർ അധ്യാപകരായി. പിന്നീട് വിവിധ ജാതി, മത വിഭാഗങ്ങളിൽ നിന്നുള്ളവർ അധ്യാപകരായി. സവർണനും അവർണനും ദലിതനും വിദ്യാർത്ഥികളായി. അവർ ഒരേമേൽക്കൂരയ്ക്കു കീഴിൽ ഒരുമിച്ചിരുന്നു പഠിച്ചപ്പോൾ രക്തം ചൊരിയാതെ ഒരു സാമൂഹികമാറ്റം സംഭവിച്ചു. അധഃകൃതർക്കു സ്കൂളിൽ വരാൻ വസ്ത്രമില്ല, അതുകൊടുത്തു. കഴിക്കാൻ ഭക്ഷണമില്ല, ഉച്ചക്കഞ്ഞി കൊടുത്തു. ബലം പ്രയോഗിച്ചുള്ള സാമൂഹികമാറ്റം ആയിരുന്നില്ല. ബലം പ്രയോഗിക്കുമ്പോൾ എതിർപ്പുണ്ടാകും. തുല്യവും എതിർദിശയിലുള്ളതുമായ ബലം സംഭവിക്കും. വിശുദ്ധന്മാർ കലഹത്തിനു വഴിയുണ്ടാക്കുന്നവരല്ല.

ഈ സന്ന്യാസിമാർ സമൂഹത്തിൽ പ്രവർത്തിക്കുന്നതോടൊപ്പം തങ്ങളുടെ സന്ന്യാസ സമൂഹത്തോട് ചേർന്നുള്ള ജീവിതത്തിൽ വളരെയേറെ ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥന, ധ്യാനം, ജ്ഞാനവായന, വിശുദ്ധകുർബാന, ഏകാന്തതയിൽ ദൈവത്തോട് ബന്ധം സ്ഥാപിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ തുടങ്ങിയവ അവരുടെ ആത്മീയ ജീവിതത്തിന്റെ ഭാഗമായിരുന്നു. അവർ നിരന്തരം സ്വയം വിലയിരുത്തിയിരുന്നു. പിൻതലമുറകളും ഈ മാതൃകയാണു പിന്തുടരുന്നത്.

ഈ സന്ന്യാസിമാർ അനുദിന ജീവിതത്തിൽ രണ്ടുതരത്തി

ലുള്ള മുഖാഭിമുഖങ്ങളിലൂടെ കടന്നുപോകുന്നു. ഒന്നാമത് ദൈവത്തോടുള്ള മുഖാഭിമുഖം. ദൈവം ആത്മാവിലാണ് സന്നിഹിതനായിരിക്കുന്നത്. ഏകാന്തതയിലേ അവിടത്തോടു ഫലപ്രദമായി സംവദിക്കാനാവൂ. രണ്ടാമത്തേത് സഹസന്ന്യാസിമാരുമായുള്ള മുഖാഭിമുഖം. ഈ ദ്വിതലങ്ങളിൽ ഒന്നിനു ശക്തി കുറഞ്ഞാൽ മതി പുറമേക്ക് പ്രകടമാകും. രണ്ടുതലങ്ങളും ഒരുപോലെ സജീവമായിട്ടുള്ള സന്ന്യാസി ആത്മീയതയെയും അതിനെ ചോദ്യം ചെയ്യാത്ത ഭൗതികതയെയും ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഒരുപോലെ ശക്തനാകും. "സന്ന്യാസ ജീവിതമെന്നതു ദൈവവുമായുള്ള സജീവമായ മുഖാമുഖം" ആണെന്നു ഫ്രാൻസിസ് മാർപാപ്പ രേഖപ്പെടുത്തിയിട്ടുണ്ട്.

വ്യക്തിപരമായ നവീകരണത്തിനു വേണ്ടുവോളം ഇടം ഉണ്ടായിരിക്കെത്തന്നെ സഭ അംഗങ്ങളുടെ പൊതുവായുള്ള നവീകരണത്തിലും ദത്തശ്രദ്ധമാണ്. അതിനുള്ള ഒരവസരവും നഷ്ടമാക്കുന്നില്ല. 2020 ജനുവരി 3 വിശുദ്ധ ചാവറയച്ചന്റെ 150-ാം ചരമവാർഷികദിനമായിരുന്നു. ഈ അവസരം ദൈവം കനിഞ്ഞു നൽകിയതായി കണ്ട് അംഗങ്ങളുടെ വ്യക്തിപരവും സഭയ്ക്കു പൊതുവിലുമുള്ള നവീകരണം ലക്ഷ്യമിട്ട് പ്രവർത്തിച്ചു. 2031-നു സഭ 200 വർഷം പൂർത്തിയാക്കുന്ന മഹനീയ അവസരം ലക്ഷ്യമിട്ടുള്ള ഒരുക്കങ്ങളും ആരംഭിച്ചിട്ടുണ്ട്.

ആദ്യകർമമെന്നോണം പ്രിയോർ ജനറാൾ റവ. ഫാ. പോൾ ആച്ചാണ്ടിയുടെ നേതൃത്വത്തിൽ ഒരു *Lineamenta* പ്രകാശിപ്പിച്ചിട്ടുണ്ട്. 2020-ലെ ജനറൽ സിനാക്സിസിനെ ലക്ഷ്യംവച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള ഈ രേഖ സൂക്ഷ്മവും വിശാലവുമായ ചർച്ചയ്ക്കു ലക്ഷ്യമിട്ടുള്ള നിരവധി വിഷയങ്ങൾ അടങ്ങിയതാണ്. പ്രിയോർ ജനറാൾ letter of promulgation-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "The *lineamenta* presented in the following document is an initial contribution leading to the instrumentum laboris (working paper) that will be presented for the consideration of GS 38. The purpose of the document is to help the General Synaxis (GS) to give direction to the Congregation by answering faithfully the question: what is the Lord asking of us today? Hence, every member of the Congregation has a shared responsibility to make effective contributions to the General Synaxis with their unique insights and proposals to re-found the Congregation especially when we are preparing for 200th jubilee year of our Congregation's foundation.

The study and discussion of *lineamenta* at various levels shall be made with the goal of contributing further content and proposition for inclusion in the instrumentum laboris. The Provincials shall see that every member of the Congregation, from novices to all professed confreres, will study, reflect, and discuss the content of the *lineamenta.* Each community (local and zonal) will gather the members for further discussion and, then, propose to the drafting committee further development of the content of this *lineamenta* and specific propositions or proposals which can influence the life and mission of our Congregation."[1]

തികഞ്ഞ ജനാധിപത്യസ്വഭാവമുള്ള ഒരു സന്ന്യാസസഭയാണു ഈ വാക്കുകളിൽ ആവിഷ്കൃതമാകുന്നത്. അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടായിരുന്ന മേഖലകളിൽ പാലം പണിതയാളാണ് വി. ചാവറയച്ചൻ. അദ്ദേഹത്തിന്റെ പിൻഗാമികളും അഭിപ്രായ സമന്വയത്തിന്റെ പാതയാണു പിന്തുടരുന്നത്. സന്ന്യാസികളുടെ ജീവിതം ഒരു കൂട്ടായ്മയായി മുന്നോട്ടുപോകണമെങ്കിൽ അഭിപ്രായ സമന്വയം അനിവാര്യമാണ്. പുറംലോകത്ത് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിലും സമന്വയം സംജാതമാകണം. അതേക്കുറിച്ച് *lineamenta* യിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: "അനുകമ്പയും കൂട്ടായ്മയുമുള്ള മിഷനറിമാരാകുവാൻ തടസം സൃഷ്ടിക്കുന്ന പാരമ്പര്യങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സങ്കുചിത അതിർത്തികൾ ഭേദിച്ചുകടക്കുവാൻ നമ്മൾ പരിശ്രമിക്കണം. വ്യക്തികേന്ദ്രീകൃത ചിന്തയുടെയും അനൈക്യത്തിന്റെയും ആക്രമണങ്ങൾ വർധിച്ചുവരുന്ന ലോകത്ത് ഇത് അത്യാവശ്യമാണ്."[2] സി.എം.ഐ. മിഷനറിമാരുടെ സമൂഹജീവിതം കൂട്ടായ്മയുടെ വിളംബരമാണ്. കൂട്ടായ്മ കൂട്ടായ്മയ്ക്കു ജന്മം കൊടുക്കുന്നു. കൂട്ടായ്മ മിഷൻ ആയി മാറുന്നു.

സി.എം.ഐ. സമൂഹത്തിലെ ഓരോ അംഗവും ഓരോ സി.എം.ഐ. കൂട്ടായ്മയും ഓരോ സി.എം.ഐ. സ്ഥാപനവും 'മിഷൻ മോഡി'ൽ നിലനിൽക്കണമെന്നാണ് *lineamenta* ആഹ്വാനം ചെയ്യുന്നത്. ആത്മീയവും അപ്പസ്തോലികവുമായ എല്ലാ പ്രവർത്തനങ്ങളും മിഷനറി മനോഭാവത്തിൽ അധിഷ്ഠിതമാവണം. Mode എന്ന ആധുനിക സാങ്കേതികപദം ഉപയോഗിച്ചുകൊണ്ട് പ്രത്യേക നടപടിക്രമത്തെയും മിഷൻ പ്രവർത്തനത്തിന്റെ ആധുനികവത്ക്കരണത്തെയും സൂചിപ്പിച്ചിരിക്കുന്നു.

"ആടുകളുടെ മണമുള്ളവരാകണം ഇടയന്മാർ" എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തയുടെ ചുവടുപിടിച്ചാണ്

*lineamenta* സാമൂഹികനീതിയെ സമീപിക്കുന്നത്. അതിനായി സന്ന്യാസ വൈദികർ തങ്ങളുടെ സുഖകരമായ ഇടങ്ങളിൽ നിന്ന് ചന്തകളിലേക്കും ചേരികളിലേക്കും തെരുവുകളിലേക്കും കടന്നു ചെല്ലണം. യാഥാർഥ്യങ്ങളെ നേരിട്ടുകാണാനും ജനങ്ങളുടെ അനുഭവങ്ങൾ മനസ്സിലാക്കാനുമുള്ള മാർഗം അതാണ്. ദാരിദ്ര്യവ്രതം ചെയ്ത സന്ന്യാസികൾ എന്ന നിലയിൽ ജനങ്ങളെ സേവിക്കാൻ സ്ഥാപനങ്ങൾ നൽകുന്ന സുരക്ഷയിൽ നിന്നും സൗകര്യങ്ങളിൽനിന്നും അംഗങ്ങൾ സ്വയം വിമോചിതരാകണമെന്നു *lineamenta* ആഹ്വാനം ചെയ്യുന്നു. വൈദിക പരിശീലന കാലത്ത് ദാരിദ്ര്യത്തിൽ ജീവിക്കാനും ദരിദ്രർക്കുവേണ്ടി ജീവിക്കാനും പഠിപ്പിക്കണമെന്നു നിർദേശിക്കുന്നു. ഹൃദയത്തിൽ ദാരിദ്ര്യം ഉള്ള ഒരാൾക്കേ ദരിദ്രനായ യേശുവിനെ പിന്തുടരാൻ കഴിയൂ.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ സമ്മേളിച്ച ആമസോൺ സിനഡ് പരിസ്ഥിതി സംബന്ധവും പരിവർത്തനോന്മുഖവുമായ ഒട്ടേറെ നിർദേശങ്ങളാൽ ശ്രദ്ധ നേടി. സിനഡ് പാരിസ്ഥിതിക പാപത്തെ നിർവചിച്ചുകൊണ്ട് ആഗോള പരിസ്ഥിതി പ്രശ്നങ്ങളിലുള്ള ഉത്കണ്ഠ വെളിപ്പെടുത്തി. പ്രപഞ്ചത്തിന്റെ ഐക്യത്തെ നശിപ്പിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യുന്ന ഏതു പ്രവർത്തിയും പാരിസ്ഥിതിക പാപമാണെന്നു സിനഡ് നിർവചിച്ചു. ഭൂമി എന്ന നമ്മുടെ പൊതുവായ വീടിനെക്കുറിച്ച് *lineamenta*-യിൽ ചിന്തിക്കുന്നുണ്ട്. ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്ത സമഗ്ര പരിസ്ഥിതിയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ ചിന്തകളെ നയിക്കുന്നു.

ചാവറയച്ചൻ സഹസന്ന്യാസികളെ അഭിസംബോധന ചെയ്തിരുന്ന 'കൂടപ്പിറപ്പുകൾ' എന്ന വാക്ക് അതിവിശാലമായ പാരിസ്ഥിതിക പരിപ്രേഷ്യത്തിൽ *lineamenta* (page 73) യിൽ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. "For, the ideal of becoming koodapirappukal, fondly employed by Saint Chavara should find a wider and more integral dimension in our enlightened consciousness that enables us to embrace the whole nature and its elements as part of our consecrated confraternity (as God has created everything).''

നവമാധ്യമങ്ങളിലൂടെ സുവിശേഷ പ്രഘോഷണം നടത്തുന്നതിനെക്കുറിച്ചു വിവരിക്കുന്ന ഭാഗത്ത് നവമാധ്യമങ്ങളെ ദൈവാലയത്തിലെ പ്രസംഗപീഠത്തോടാണ് ഉപമിച്ചിരിക്കുന്നത്. പ്രസംഗപീഠത്തിനല്ല കുഴപ്പം, എന്നപോലെ നവമാധ്യമങ്ങൾക്കല്ല കുഴപ്പം, അവയെ വ്യക്തികൾ ഉപയോഗിക്കുന്നതിലാണ്, അഥവാ

ദുരുപയോഗം ചെയ്യുന്നതിലാണ്. അർത്ഥപൂർണമായ ഉള്ളടക്കം രസകരവും പ്രസക്തവുമായ രീതിയിൽ ഉപയോഗിച്ചാൽ ജനങ്ങളുടെ ജീവിതങ്ങളിൽ യേശുവിനെ അവതരിപ്പിക്കാൻ കഴിയും. സാമൂഹ്യ മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാൻ കഴിയും എന്ന കാര്യത്തിൽ ഭവനാപൂർണങ്ങളായ നിർദേശങ്ങൾ *lineamenta* മുന്നോട്ടു വയ്ക്കുന്നുണ്ട്.

വി. ചാവറയച്ചന്റെ ദർശനങ്ങളിലും പ്രേഷിത പ്രവർത്തനങ്ങളിലും കുടുംബത്തിനു വലിയ സ്ഥാനമുണ്ടായിരുന്നു. ത്രിത്വകുടുംബത്തെയും (ത്രിത്വൈക ദൈവം) തിരുക്കുടുംബത്തെയും വിശുദ്ധൻ ഇഹലോകത്തിലെ കുടുംബങ്ങൾക്കുള്ള മാതൃകകളായാണു കണ്ടത്. ഈ പശ്ചാത്തലത്തിലാണ് 'ഉടമ്പടിക്കുടുംബ'ത്തെക്കുറിച്ച് (covenantal family) വിശുദ്ധൻ ചിന്തിച്ചത്. സ്വാഭാവിക കുടുംബത്തിലും സന്ന്യസ്ത സമൂഹങ്ങളിലും ഉടമ്പടിക്കുടുംബം രൂപപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഈ ആഗ്രഹത്തെ ആധാരമാക്കിയാണ് *lineamenta*-യിൽ കുടുംബത്തെയും കുട്ടികളെയും യുവാക്കളെയും കുറിച്ച് ചിന്തിക്കുന്നത്. മാനവികതയുടെ പാഠശാലയാണു കുടുംബം. കുടുംബം ഗാർഹിക സഭയാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചയ്ക്ക് വർത്തമാനകാലത്ത് കൂടുതൽ പ്രാധാന്യം കൈവന്നിട്ടുണ്ട്. വിശുദ്ധ ചാവറയച്ചന്റെ 'നല്ല അപ്പന്റെ ചാവരുകൾ' ഏറെ പ്രസക്തമായിരിക്കുന്നു. വർധിച്ചുവരുന്ന വിവാഹമോചനങ്ങളെക്കുറിച്ചും വൃദ്ധജനങ്ങളുടെ ഒറ്റപ്പെടലിനെക്കുറിച്ചുമെല്ലാം *lineam enta* വിശകലനംചെയ്യുന്നു. സ്വാതന്ത്ര്യത്തെ ഏറെ വിലമതിക്കുന്ന യുവത്വത്തെക്കുറിച്ചും ശരിയായ കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളാനുള്ള അവരുടെ മനസ്സിനെക്കുറിച്ചും *lineamenta* സൂചിപ്പിക്കുന്നു. കൃത്യമായ ദിശയിൽ അവരെ നയിക്കാൻ കഴിയണം.

2031-നെ ലക്ഷ്യംവച്ച് വളരെ വിശാലമായ പ്രവർത്തന പന്ഥാവാണ് *lineamenta* മുന്നോട്ടുവയ്ക്കുന്നത്. *Lineamenta* യിലൂടെ കടന്നുപോയപ്പോൾ സി.എം.ഐ. സഭയുടെ ദർശന വിശാലതയാണ് തെളിഞ്ഞു വന്നത്. ആകാശവും ആഴിയും കാനനവുമെല്ലാം വിശാലതകൊണ്ട് അമ്പരിപ്പിക്കുന്നു. അവയെ നോക്കിനില്ക്കുമ്പോൾ നമ്മുടെ മനസ്സും വിശാലമാകുന്ന അനുഭവമുണ്ടാകുന്നു. സി.എം.ഐ. സഭയുടെ വിശാലമായ ചരിത്രത്തിലൂടെ കടന്നുപോകുന്നവർക്കും വിശാലതയുടെ ദർശനം അനുഭവിക്കാൻ കഴിയും.

ഭാരതീയ തത്ത്വചിന്തകനായ ജി. കൃഷ്ണമൂർത്തി കൂട്ടായ്മയെ (communion) വളരെ വിശാലമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. മനുഷ്യനു എന്തിനോടെങ്കിലുമൊക്കെ കൂട്ടായ്മയില്ലെങ്കിൽ മരിച്ചതിനു

തുല്യമാകുമെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.[3] മിസ്റ്റിക് അനുഭവമാകുന്ന കൂട്ടായ്മയെകുറിച്ചാണ് കൃഷ്ണമൂർത്തി പറഞ്ഞത്. കാൾ റാനർ വ്യക്തമാക്കിയത് ഭാവിയിലെ ക്രിസ്ത്യാനി മിസ്റ്റിക് ആവണമെന്നും ഇല്ലെങ്കിൽ ക്രിസ്ത്യാനിയായി നിലനില്ക്കാൻ കഴിയില്ലെന്നുമാണ്. അത്ഭുതം വഴിയുന്ന കണ്ണുകളോടെ ചുറ്റിലും അവനവന്റെ ഉള്ളിലും നോക്കാൻ കഴിയണം. ചിരപരിചിതമായവയിൽ പോലും അപരിചിതത്വത്തിന്റെ അതിശയവും സൂക്ഷ്മത്തിൽ സ്ഥൂലവും സ്ഥൂലത്തിൽ സൂക്ഷ്മവും ദർശിക്കാൻ കഴിയണം. ചുറ്റിലും സർവചരാചരങ്ങളിലും വിശുദ്ധ പരിവേഷം (aura) കാണാൻ കഴിയുമ്പോഴേ ക്രിസ്ത്യാനിക്ക് യഥാർഥ ക്രിസ്ത്യാനിയായി നിലനില്ക്കാനാവൂ എന്നാണ് കാൾ റാനർ നിരീക്ഷിക്കുന്നത്.

*Lineamenta* യ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗത്തിനു സി.എം.ഐ. വിളി എന്നാണു പേര്. രണ്ടാം ഭാഗത്തിനു സി.എം.ഐ. മിഷൻ എന്നും. സി.എം.ഐ. സഭയിലേക്കുള്ള വിളി ആ സമൂഹത്തിൽ അംഗമാകാനും അതിൽ നിലനില്ക്കാനും ഉള്ളതാണ്. മുഖ്യമായും ആ വിഷയമാണ് ഒന്നാം ഭാഗത്തിലെ രണ്ട് അധ്യായങ്ങളിൽ കൈകാര്യം ചെയ്തിരിക്കുന്നത്. അംഗങ്ങൾക്കു ചർച്ചയ്ക്കായുള്ള മാർഗനിർദേശങ്ങൾ രണ്ട് അധ്യായങ്ങളുടെയും ഒടുവിൽ കൊടുത്തിട്ടുണ്ട്.

രണ്ടാം ഭാഗം അഞ്ച് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ആഗോളമിഷൻ, സാമൂഹികനീതി, പരിസ്ഥിതി സംരക്ഷണം, നവമാധ്യമം, കുടുംബം, യുവാക്കൾ, കുട്ടികൾ എന്നിങ്ങനെയാണ് വിഷയവിഭജനം. ഈ അധ്യായങ്ങളുടെ ഒടുവിലും അംഗങ്ങൾക്കു ചർച്ച ചെയ്യാനുള്ള വിഷയങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. സി.എം.ഐ. സഭ ഇനി ശ്രദ്ധ കേന്ദ്രീകരിക്കാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളാണ് ഈ സൂചിപ്പിച്ചവ. മൂന്നാം നൂറ്റാണ്ടിലേക്കു കടക്കുമ്പോൾ അവയിലൂടെയാണു ലോകത്തിനു കൂടുതൽ വെളിച്ചമേകുകയെന്നു ചുരുക്കും. "ലോകാ: സമസ്താ: സുഖിനോ ഭവന്തു." സർവ ചരാചരങ്ങൾക്കും സുഖവും സ്വാതന്ത്ര്യവും ഉണ്ടാകട്ടെ. സി.എം.ഐ. സന്ന്യാസികളുടെ ചിന്തകളും പ്രവർത്തികളും ഈ പ്രാർത്ഥന ഉൾക്കൊള്ളുന്നതാണ്.

ജീവിതത്തെ സേവനത്തിന്റെ സങ്കീർത്തനമാക്കിക്കൊണ്ട് ദൈവത്തിനു പ്രിയപ്പെട്ടവനും സഹജീവികൾക്കു സ്നേഹിതനുമാകാൻ വിളിക്കപ്പെട്ടവനാണു സന്ന്യാസി. പ്രപഞ്ചത്തിലെ എല്ലാ ജീവികളും അവനു സഹോദരജീവികളാണ്. വിശാലമായ പാരിസ്ഥിതിക ദർശനം പകരുന്ന ബോധ്യമാണത്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് ജീവിതംകൊണ്ട് പഠിപ്പിച്ചത്.

സങ്കീർത്തകൻ പാടി:

“ദൈവമേ! അങ്ങയുടെ കാരുണ്യം
എത്ര അമൂല്യം!
മനുഷ്യമക്കൾ അങ്ങയുടെ
ചിറകുകളുടെ തണലിൽ
അഭയം തേടുന്നു.
അവർ അങ്ങയുടെ ഭവനത്തിലെ
സമൃദ്ധിയിൽനിന്നു
വിരുന്നുണ്ട് തൃപ്തിയടയുന്നു;
അവിടുത്തെ ആനന്ദധാരയിൽ നിന്ന്
അവർ പാനം ചെയ്യുന്നു.”

*–സങ്കീർത്തനങ്ങൾ 36:7–8.*

തങ്ങൾ ഈ പ്രപഞ്ചത്തിലെ വിരുന്നുകാർ മാത്രമാണെന്ന സത്യം മനുഷ്യർ പൊതുവെ മറന്നു പോകുന്നു. എന്നാൽ വിശുദ്ധ ചാവറയച്ചന്റെ പിൻഗാമികളായ സന്ന്യാസികൾക്ക് ആ ബോധ്യമുണ്ട്. അതുകൊണ്ടാണ് പ്രപഞ്ചത്തിലെ സർവചരാചരങ്ങൾക്കും സുഖവും സ്വാതന്ത്ര്യവും ഉണ്ടാകട്ടേയെന്ന പ്രാർത്ഥനയോടെ ‘കണ്ണുകാട്ടപ്പെട്ട’ നന്മപ്രവർത്തികളിൽ ഏർപ്പെടുന്നത്. അങ്ങനെയാണ് അവർ ദൈവത്തിനും മനുഷ്യർക്കും സ്വന്തക്കാരും പ്രിയപ്പെട്ടവരും ആകുന്നത്.

## സൂചിതരേഖകൾ


1. *Lineamenta,* പേജുകൾ 5,6.
2. *Lineamenta,* പേജുകൾ 49,50.
3. ജെ. കൃഷ്ണമൂർത്തി, *On Nature and Enviornment.*